# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

### 2016 ഒക്ടോബർ 5, ബുധൻ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 163 - നമ്പർ 8

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

2016 ഒക്ടോബർ 5, ബുധൻ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി-ഇൻ-ചാർജ്

**ശ്രീമതി പി. ജയലക്ഷ്മി**

ചീഫ് എഡിറ്റർ

**ശ്രീ. ബി. മഹേന്ദ്ര കുമാർ**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

1056/2017

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി | : | ശ്രീ. ഇ. പി. ജയരാജൻ |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| I | **ചോദ്യോത്തരങ്ങൾ** | |
| | 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ | ...1 |
| | 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ | ... |
| | (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ | ... |
| | (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ | ... |
| II | **പ്രമേയം** | ..2 |
| III | **മുഖ്യമന്ത്രിയുടെ പ്രസ്താവന** | ..3 |
| IV | **മേശപ്പുറത്തുവച്ച കടലാസ്സുകൾ** | ..7 |
| V | **റിപ്പോർട്ട് സമർപ്പണം** | ..7 |
| VI | **ധനകാര്യം** | ...8 |
| | **അനുബന്ധം I&II** | ..12 |

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

*2016 ഒക്ടോബർ 5, ബുധൻ*

| വാല്യം 163] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 8 |
|---|---|---|

നിയമസഭ 2016 ഒക്ടോബർ മാസം 5-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### 1 വാങ്മൂലം നൽകിയ ഉത്തരങ്ങൾ.

മി. സ്പീക്കർ: ഓർഡർ......... ഓർഡർ........ ചോദ്യം നമ്പർ *211

(ചോദ്യോത്തരവേള ആരംഭിച്ചപ്പോൾത്തന്നെ പ്രതിപക്ഷാംഗങ്ങൾ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ഫീസ് വർദ്ധന പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബാനറുകളും പ്ലക്കാർഡുകളുമായി ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിനുസമീപം വന്ന് മുദ്രാവാക്യങ്ങൾ വിളിക്കുകയും ചോദ്യോത്തരവേള തടസ്സപ്പെടുത്തുകയും ചെയ്തുകൊണ്ടിരുന്നു.)

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ വളരെ നിർഭാഗ്യകരമായ നിലപാടുകളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ദയവ് ചെയ്ത് സീറ്റുകളിലേയ്ക്ക് തിരിച്ചു പോകണം.... (ബഹളം).... ഒരു പ്രശ്നത്തെ മാത്രം കേന്ദ്രീകരിച്ചുകൊണ്ട് നിരന്തരം സഭയിൽ ഇത്തരം നടപടികൾ സ്വീകരിക്കുന്നത് ശരിയല്ല. .... (ബഹളം)... ദയവായി സീറ്റുകളിലേക്ക് തിരിച്ചുപോകണം. പ്ലീസ്.... നയപരമായ കാര്യങ്ങളിൽ അഭിപ്രായവ്യത്യാസം ഉണ്ടാകുമെന്ന് കഴിഞ്ഞ ദിവസവും ചെയർ പറയുകയുണ്ടായി. അഭിപ്രായവ്യത്യാസം പ്രകടിപ്പിക്കാനുള്ള വേദിയാണ് സഭ. സഭയിൽ അത് ശക്തമായി ഉന്നയിക്കാം. സമരം പുറത്തു തുടരുകയും ചെയ്യാം. സഭ നടത്തിക്കൊണ്ടുപോകാൻ അനുവദിക്കാത്ത വിധത്തിലുള്ള നിലപാടുകൾ സ്വീകരിക്കുന്നത് ശരിയല്ല. … (ബഹളം) ദയവായി സഹകരിക്കണം..... ഒരു പ്രശ്നംതന്നെ ഉന്നയിച്ചുകൊണ്ട് നിരന്തരം സഭ

തടസ്സപ്പെടുത്തുന്നത് ശരിയാണോയെന്ന് ആലോചിക്കണം. (ബഹളം)... സീറ്റിലേക്ക് തിരിച്ചുപോകണം. ........(ബഹളം)....... നിരവധി ധനാഭ്യർത്ഥന ചർച്ചകൾ ഇവിടെ നടക്കുകയുണ്ടായി. ആ ചർച്ചകളോടുള്ള പ്രതിപക്ഷത്തിന്റെ നിസ്സഹകരണം ലോകം മുഴുവൻ കാണുന്നുണ്ടെന്നുള്ള കാര്യം ബഹുമാനപ്പെട്ട അംഗങ്ങൾ മനസ്സിലാക്കണം. ... (ബഹളം)..... ചെയറിന്റെ നടപടിക്രമങ്ങളിൽ അഭിപ്രായവ്യത്യാസമുണ്ടെങ്കിൽ പറയാം. ധനാഭ്യർത്ഥന ചർച്ചകളിൽ നിസ്സഹകരിച്ചുകൊണ്ടുള്ള പ്രതിപക്ഷ സമീപനം ശരിയല്ല. ചർച്ചയിൽ സജീവമായി ഇടപെട്ടുകൊണ്ട് പ്രസംഗിക്കാൻ പ്രതിപക്ഷത്തിന് അവസരമുണ്ട്. സഹകരിക്കണം. ദയവായി സീറ്റുകളിലേക്ക് തിരിച്ചുപോകണം. സഭ നടത്തിക്കൊണ്ടുപോകാൻ അനുവദിക്കാതിരിക്കുന്നതും സഭാ നടപടികൾ തുടർച്ചയായി തടസ്സപ്പെടുത്തുന്നതും ശരിയല്ലെന്ന് ചെയർ വീണ്ടും അറിയിക്കുന്നു. ചോദ്യോത്തരവേള നിർത്തിവച്ചിരിക്കുന്നു.

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് രാവിലെ 8.33-ന് നിർത്തി വച്ച സഭ 9.30-ന് പുനരാരംഭിച്ചു.)

## II പ്രമേയം

### ഒക്ടോബർ 6-ാം തീയതിയിലെ ധനാഭ്യർത്ഥനകൾ പരിഗണനയ്ക്കെടുക്കുന്നതു സംബന്ധിച്ച്

മി. സ്പീക്കർ : ഓർഡർ...ഓർഡർ ... (ബഹളം)..........

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, .......(ബഹളം)......"സഭാ നടപടികൾ സുഗമമായി നടത്തിക്കൊണ്ടുപോകാൻ കഴിയാത്ത സാഹചര്യത്തിൽ ഇന്ന് പരിഗണിക്കാനിരുന്ന ധനാഭ്യർത്ഥനകളോടൊപ്പം 2016 ഒക്ടോബർ 6-ാം തീയതിയിൽ സഭ പരിഗണിക്കാനിരുന്ന ധനാഭ്യർത്ഥനകൾകൂടി ഇന്ന് പരിഗണിക്കുവാനും ഒക്ടോബർ 6-ാം തീയതിയിലെ സഭാസമ്മേളനം ഒഴിവാക്കുവാനും ഈ സഭ തീരുമാനിക്കുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

# III മുഖ്യമന്ത്രിയുടെ പ്രസ്താവന

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സഭ സമ്മേളിച്ച ദിവസംതന്നെ ഈ പ്രശ്നം അടിയന്തരപ്രമേയമായി അവതരിപ്പിച്ചതാണ്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി കാര്യങ്ങൾ അന്ന് വിശദീകരിച്ചതുമാണ്. അങ്ങയുടെ സാന്നിധ്യത്തിൽ ഈ പ്രശ്നങ്ങൾ ചർച്ച ചെയ്തതുമാണ്. അന്ന് പുറത്തായിരുന്നു ചർച്ച നടന്നത്. അന്ന് പറഞ്ഞത് സർക്കാർ ചർച്ചയ്ക്ക് തയ്യാറാകണമെന്നാണ്. അന്നുതന്നെ ചർച്ച നടത്താൻ സർക്കാർ തയ്യാറായി. സഭയിൽ അത് വ്യക്തമാക്കുകയും ചെയ്തു. സമരം നടത്തുന്നവരുമായി ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ചർച്ച നടത്തി. ആ ചർച്ചയുടെ ഭാഗമായി അന്നു തന്നെ സമരം അവസാനിപ്പിക്കേണ്ടതായിരുന്നു. ചർച്ചയിൽ തീരുമാനമായില്ലെന്ന് പറഞ്ഞുകൊണ്ടാണ് സഭയിൽ എം.എൽ.എ.-മാർ സമരം പ്രഖ്യാപിച്ചത്. സഭാനടപടികൾ അലങ്കോലപ്പെടുത്തുന്ന നടപടികളാണ് പ്രതിപക്ഷം സ്വീകരിച്ചുവരുന്നത്. ദിവസങ്ങളായി അത് തുടർന്നുവരികയാണ്. ആ ഘട്ടത്തിലാണ് അങ്ങ് എല്ലാ കക്ഷി നേതാക്കളെയും വിളിച്ച് ചർച്ചചെയ്യാൻ തീരുമാനിച്ചത്. ആ ചർച്ചയിൽ കാര്യങ്ങൾ വിശദമായി പറഞ്ഞതാണ്. സഭയിൽ ചില കാര്യങ്ങൾ നേരത്തെ പ്രഖ്യാപിച്ചിരുന്നു. കഴിഞ്ഞ കാലങ്ങളിൽ ഇഷ്ടംപോലെ ക്യാപിറ്റേഷൻ ഫീസ് വാങ്ങാൻ സ്വാശ്രയ മാനേജുമെന്റുകൾക്ക് കഴിയുമായിരുന്നുവെങ്കിൽ ഇത്തവണ അതിനുള്ള അവസരം നിഷേധിക്കപ്പെട്ടി രിക്കുന്നുവെന്നതാണ് മറ്റൊരു പ്രത്യേകത. പ്രഖ്യാപിച്ച ഫീസ് എത്രയാണോ ആ തുക മാത്രമേ വാങ്ങാൻ കഴിയൂവെന്ന അവസ്ഥ സ്വാശ്രയ മാനേജുമെന്റുകൾക്ക് വിഷമമുണ്ടാക്കിയിട്ടുണ്ടെന്നുള്ളത് ശരിയാണ്. ഇക്കാര്യത്തിൽ വഴിവിട്ട നടപടി ആരെങ്കിലും സ്വീകരിച്ചാൽ അവർക്കെതിരെ വിജിലൻസ് അന്വേഷണം നടത്തുമെന്ന് ഈ സഭയിൽ ഞാൻ പ്രഖ്യാപിച്ചതാണ്. ഇതു സംബന്ധിച്ച് ക്രൈം ബ്രാഞ്ച് അന്വേഷണം നടത്തുന്നത് നല്ലതായിരിക്കുമെന്ന് പ്രതിപക്ഷനേതാവ് പറഞ്ഞത് അങ്ങ് ഓർക്കുന്നുണ്ടാകും. അക്കാര്യം അപ്പോൾതന്നെ സമ്മതിക്കുകയുംചെയ്തു. മാധ്യമ വാർത്തയുടെ നിജസ്ഥിതിയെക്കുറിച്ചും എം.എൽ.എം.-മാർ പരാതി തന്നാൽ അതിനെക്കുറിച്ചും അന്വേഷിക്കുമെന്ന് വ്യക്തമാക്കിയതാണ്.

ആ ഘട്ടത്തിൽ ഉയർന്നുവന്ന മറ്റൊരു പ്രശ്നം, പരിയാരം മെഡിക്കൽ കോളേജിലെ

ഫീസിന്റെ കാര്യത്തിൽ എന്തെങ്കിലും കുറവ് വരുത്തണമെന്നതായിരുന്നു. പരിയാരം മെഡിക്കൽ കോളേജിലെ ഫീസിൽ ഇളവ് വരുത്തുന്ന കാര്യത്തിലുള്ള പ്രയാസം സർക്കാരിന്റെ ഭാഗത്തുനിന്നും വിശദീകരിക്കുകയും ചെയ്തു. പരിയാരം മെഡിക്കൽ കോളേജിൽ 100 കുട്ടികളാണ് പഠിക്കുന്നത്. ....(ബഹളം)........

മി. സ്പീക്കർ: പ്രതിഷേധം അതിരുകടക്കരുത്. ചെയറിനോടല്ല നിങ്ങൾ പ്രതിഷേധം കാണിക്കേണ്ടത്? പ്രതിപക്ഷനേതാവ് ഇത് കാണുന്നുണ്ടോ? പ്രതിഷേധം പ്രകടിപ്പിക്കുന്നതിന് പരിമിതിയുണ്ടെന്ന് ഓർമ്മിക്കുന്നത് നല്ലതാണ്. ചെയറിന് സഭാംഗങ്ങളെ കാണാൻ തടസ്സം വരുന്ന രീതിയിൽ നിൽക്കരുത്.

ശ്രീ. പിണറായി വിജയൻ: ഒരു കോഴ്സിന് 100 കുട്ടികളുണ്ടെങ്കിൽ 30-ൽ താഴെ കുട്ടികൾ മാത്രമാണ് 2,50,000 രൂപ ഫീസിന് പഠിക്കേണ്ടിവരുന്നത്. വെറും 30-ൽ താഴെയുള്ള കുട്ടികൾക്കുവേണ്ടി സഭാനടപടികളാകെ അലങ്കോലപ്പെടുത്തുന്ന അവസ്ഥ തുടരേണ്ടതുണ്ടോയെന്ന് ഞങ്ങൾ പ്രതിപക്ഷനേതാക്കന്മാരോട് ചോദിക്കുകയും ചെയ്തു. പരിയാരം മെഡിക്കൽ കോളേജ് കഴിഞ്ഞ ഗവൺമെന്റ് തന്നെ ഏറ്റെടുക്കാനുള്ള നടപടികൾ സ്വീകരിച്ചതാണ്. അതു വളരെ വേഗത്തിൽ പൂർത്തീകരിക്കുമെന്നും ഞങ്ങൾ പറയുകയുണ്ടായി. കുട്ടികൾക്ക് ഏതെങ്കിലും തരത്തിൽ അധിക ബാധ്യത വരുന്നുണ്ടെങ്കിൽ അതു പരിഹരിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമെന്ന ഉറപ്പും ആ ഘട്ടത്തിൽ നൽകി. ഉന്നയിച്ച എല്ലാ പ്രശ്നങ്ങളിലും സമവായത്തിലെത്തുകയാണ് ഉണ്ടായത്. സമരം അവസാനിപ്പിക്കുന്നതിനെ കുറിച്ചാണ് പിന്നീട് നാം ചർച്ച ചെയ്തത്. സമരം എപ്പോൾ അവസാനിപ്പിക്കാം എന്നതിനെക്കുറിച്ചും ചർച്ചകൾ നടന്നു. 11 മണിക്ക് യു.ഡി.എഫ്. യോഗമുണ്ട്, അതിൽ ഞങ്ങൾ ചർച്ച ചെയ്ത് തീരുമാനമെടുക്കുമെന്ന് പ്രതിപക്ഷ നേതാവടക്കമുള്ളവർ വ്യക്തമാക്കുകയുണ്ടായി. സമരം അവസാനിപ്പിക്കാൻ പോകുന്നുവെന്നാണ് ഞങ്ങൾ മനസ്സിലാക്കിയത്. എന്നാൽ സമരം അവസാനിപ്പിക്കാതെ അത് തുടർന്ന് നടത്താൻ തീരുമാനിക്കുകയാണ് ചെയ്തത്. ഇക്കാര്യത്തിൽ സർക്കാരിന് ഒരു തരത്തിലുള്ള പിടിവാശിയുമില്ല.

സമരം തുടരാൻ തീരുമാനിച്ചതിനുശേഷം മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയും, പ്രതിപക്ഷ നേതാവും ഡോ. എം. കെ. മുനീറും എന്നെ വന്നു കാണുകയുണ്ടായി. 2,50,000 രൂപയ്ക്ക് പഠിക്കുന്ന കുട്ടികളുടെ കാര്യത്തിൽ സ്വാശ്രയ

മാനേജ്മെന്റ് ഒരു നിർദ്ദേശം മുന്നോട്ടുവയ്ക്കാൻ തയ്യാറാകുന്നുണ്ട് എന്നാണ് അവർ പറഞ്ഞത്. അവർ നിർദ്ദേശം വയ്ക്കുമോ എന്നാണ് ഞാൻ അപ്പോൾ ചോദിച്ചത്. അവർ നിർദ്ദേശം വയ്ക്കാൻ തയ്യാറാണെന്നും മുഖ്യമന്ത്രി ഒരു യോഗം വിളിച്ചാൽ മതിയെന്നുമായിരുന്നു എന്നെ കാണാൻ വന്നവരുടെ മറുപടി. ഞാൻ അപ്പോൾതന്നെ പറഞ്ഞു, 'എനിക്ക് യോഗം വിളിക്കുന്നതിന് ഒരു തടസ്സവുമില്ല, ഞാൻ യോഗം വിളിക്കാം, പക്ഷേ സർക്കാർ ഒരു നിർദ്ദേശവും അങ്ങോട്ടുവയ്ക്കില്ല എന്ന് മനസ്സിലാക്കണം. അവരുടെ നിർദ്ദേശമെന്താണെന്ന് കേൾക്കാൻ ഞാൻ തയ്യാറാണ്. അങ്ങനെ അവർ നിർദ്ദേശം മുന്നോട്ടുവയ്ക്കാൻ തയ്യാറായാൽ അത് സ്വീകരിക്കുന്നതിന് ഞങ്ങൾക്ക് യാതൊരു പ്രയാസവുമില്ല.' ഇത് ഞാൻ അവരോടുതന്നെ വ്യക്തമാക്കിയതാണ്. അതിന്റെ അടിസ്ഥാനത്തിൽ അടുത്ത ദിവസം (4-10-2016) രാവിലെ 8.30-നുതന്നെ അവരെ വിളിക്കാൻ ഞാൻ സന്നദ്ധനായി. 8.30-ന് നിയമസഭയിലുള്ള ഓഫീസിൽ യോഗം വിളിക്കാനാണ് അറിയിപ്പ് പോയത്, ആരോഗ്യ വകുപ്പുമന്ത്രിതന്നെയാണ് അവരെ ഇക്കാര്യം അറിയിക്കുന്നതും. പക്ഷേ അവർ ഇന്നലെ രാവിലെ അറിയിച്ചത് 'ഞങ്ങൾക്ക് രാവിലെ എത്തിച്ചേരാൻ പ്രയാസമുണ്ട്. 11.30-നും 12.00-നും ഇടയിലുള്ള സമയത്ത് ഞങ്ങൾ വരാം' എന്നാണ്. സഭാനടപടികൾ നടക്കുന്ന സമയത്ത്, 12 മണിവരെ ഞാൻ അവരേയും കാത്ത് അവിടെ ഇരുന്നു. 12 മണിവരേയും അവർ എത്താതിരുന്നതിനാൽ ഞാൻ സഭയിൽ വന്നു. വൈകുന്നേരം 3 മണിക്ക് ചർച്ച ചെയ്യാമെന്ന് പറഞ്ഞു. മൂന്ന് മണിയായപ്പോൾ അവർ എത്തി കാര്യങ്ങൾ ചർച്ച ചെയ്യാൻ തയ്യാറായി. സ്വാശ്രയ മാനേജ്മെന്റുകളുടെ അസോസിയേഷന്റെ യോഗത്തിൽ പങ്കെടുത്തതിനുശേഷമാണ് ചർച്ചയിൽ പങ്കെടുക്കാൻ അവർ വന്നത്. സ്വാശ്രയ മാനേജ്മെന്റുകൾക്കുവേണ്ടി അവിടെ വ്യക്തമാക്കിയ ഒരു കാര്യം - 'ഞങ്ങൾ യോഗം ചേർന്നാണ് വരുന്നത്. ആ യോഗത്തിൽ നേരത്തെ ഉണ്ടാക്കിയ എഗ്രിമെന്റിൽനിന്നും ഒരു വ്യത്യാസവും വരുത്താൻ ഞങ്ങൾ തയ്യാറല്ല' എന്നാണ്. എനിക്ക് എന്ത് നടപടി എടുക്കാൻ കഴിയും? ഞാൻ എല്ലാ കാര്യങ്ങളും സൂചിപ്പിച്ചു. ഇവർ എന്നോട് സംസാരിച്ച കാര്യവും സൂചിപ്പിച്ചു, 'നിങ്ങൾ ചില ഉറപ്പുകൾ നൽകിയെന്ന് കേൾക്കുന്നുണ്ടല്ലോ; നിങ്ങൾ ഉറപ്പുനൽകിയ കാര്യം സംബന്ധിച്ച് ഇവർ എന്റെ അടുത്തുവന്ന് സംസാരിച്ചു, അതുമായി ബന്ധപ്പെട്ട് നിങ്ങൾക്കെന്തെങ്കിലും പറയാനുണ്ടോ?' ഞങ്ങൾക്കൊന്നും പറയാനില്ല എന്നായിരുന്നു അവരുടെ മറുപടി. അത്തരമൊരു ഘട്ടത്തിൽ ചർച്ച അനന്തമായി നടത്തിക്കൊണ്ടു പോയിട്ട് കാര്യമില്ല.

ആരോഗ്യ വകുപ്പുമന്ത്രിയും ആരോഗ്യ വകുപ്പ് സെക്രട്ടറിയും ഉൾപ്പെടെ ഞങ്ങളെല്ലാവരും ആ യോഗത്തിൽ പങ്കെടുത്തിരുന്നു. ഞാൻ രണ്ട് ചോദ്യങ്ങൾ ചോദിച്ചു. 2,50,000 രൂപയുടേതാണ് പ്രശ്നം, ആ ഫീസ് നിരക്കിൽ എന്തെങ്കിലും ഇളവുവരുത്താൻ നിങ്ങൾ തയ്യാറാണോ? 'ഞങ്ങൾക്കത് കഴിയില്ല, ഞങ്ങൾ ഒരു ഇളവും വരുത്താൻ തയ്യാറല്ല' എന്ന് അവർ പറഞ്ഞു. അതിനുശേഷം ഞാൻ രണ്ടാമത്തെ ചോദ്യം ചോദിച്ചു, 'ഇന്നത്തെ സാഹചര്യത്തിൽ നിങ്ങൾക്ക് എന്തെങ്കിലും പുതിയ നിർദ്ദേശം മുന്നോട്ടുവയ്ക്കാനുണ്ടോ?' അവർ പറഞ്ഞു, ഞങ്ങൾക്ക് ഒരു നിർദ്ദേശവും മുന്നോട്ടുവയ്ക്കാനില്ല എന്ന്. ഞാൻ പറഞ്ഞു, ഗവൺമെന്റ് എന്തെങ്കിലും നിർദ്ദേശം നിങ്ങളുടെ അടുത്ത് വയ്ക്കാനല്ല ഈ യോഗം വിളിച്ചത്, നിങ്ങൾക്ക് നിർദ്ദേശമുണ്ടെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് യോഗം വിളിച്ചത്. നിങ്ങൾക്ക് എന്തെങ്കിലും നിർദ്ദേശമുണ്ടെങ്കിൽ പറയാമെന്ന് വീണ്ടും ഞാൻ പറഞ്ഞു. ഒന്നുമില്ല എന്ന് അവർ മറുപടിയും പറഞ്ഞു. പിന്നെ എങ്ങനെയാണ് ആ യോഗം തുടർന്നുപോകുന്നത്. ഇങ്ങനെയാണ് ആ യോഗം അവസാനിച്ചത്. ഞാൻ ഏതെങ്കിലും തരത്തിലുള്ള പിടിവാശി കാണിച്ചതുകൊണ്ടല്ല, ഞാൻ എന്താണോ ഇവരോട് പറഞ്ഞിരുന്നത് ആ പറഞ്ഞ നിലപാടു തന്നെയാണ് അവിടെ സ്വീകരിച്ചത്. ഞാൻ പറഞ്ഞിരുന്നു ഗവൺമെന്റിന്റേതായി ഒരു നിർദ്ദേശവും അങ്ങോട്ടുവയ്ക്കില്ല എന്ന്. അവർ നിർദ്ദേശം മുന്നോട്ടുവയ്ക്കുകയാണെങ്കിൽ അത് സ്വീകരിക്കാൻ തയ്യാറാകും. ഇതാണ് സർക്കാർ സ്വീകരിച്ചത്. സർക്കാരിനുവേണ്ടി ഞാൻ പറഞ്ഞ വാക്കിൽ അണുവിട മാറ്റമുണ്ടായിട്ടില്ല. അതിൽതന്നെ ഉറച്ചുനിൽക്കുകയാണ് ചെയ്തിട്ടുള്ളത്. ഇതിനപ്പുറം എന്തുചെയ്യാൻ കഴിയും. എന്നെ ആക്ഷേപിച്ചതുകൊണ്ട് തീരുന്നതാണോ ഈ സമരം. ഞാൻ പിടിവാശി കാണിച്ചതുകൊണ്ടാണോ ഇങ്ങനെയൊക്കെ ഉണ്ടായത്? എന്തെല്ലാം കെട്ടുകഥകളാണ് പുറത്തുവരുന്നത്. ഞാൻ ആരോഗ്യ വകുപ്പുമന്ത്രിയെ ഭള്ള് പറഞ്ഞുവെന്നും ആരോഗ്യ വകുപ്പുസെക്രട്ടറിയെ തെറിവിളിച്ചുവെന്നുമൊക്കെ പറഞ്ഞു കേൾക്കുന്നു. ഇതൊന്നും അവിടെ നടക്കാത്ത കാര്യമാണ്. നടക്കാത്ത കാര്യങ്ങൾ കെട്ടുകഥകളായി അവതരിപ്പിക്കുകയാണ്. ഞങ്ങൾ ഒരു മുന്നണിയുടെ സർക്കാരാണ്. സർക്കാരായാലും മുന്നണിയായാലും എല്ലാവരും ഒറ്റക്കെട്ടായി തന്നെയാണ് നിൽക്കുന്നത്. ഇതിൽ അഭിപ്രായ വ്യത്യാസമുണ്ടാകേണ്ട ഒരു കാര്യവുമില്ല. നമ്മുടെ നാടിന്റെയും രക്ഷകർത്താക്കളുടെയും കുട്ടികളുടെയുമൊക്കെ ഭാവിയെ കണക്കിലെടുത്തുകൊണ്ടുള്ള ഒരു നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചത്. ഒരു പരിധിയോളം ഗവൺമെന്റിന് സ്വാശ്രയ

മാനേജ്മെന്റുകളെ നിയന്ത്രിക്കാൻ കഴിഞ്ഞിരിക്കുന്നു. അക്കാര്യത്തിൽ നമുക്കെല്ലാവർക്കും ഒന്നിച്ചു നിൽക്കാൻ കഴിയണം. പിടിവാശിയും ദുർവാശിയുമൊക്കെ എനിക്കല്ല ഉള്ളത്, അതു നിങ്ങൾ സ്വീകരിക്കുന്ന നിലപാടുകളിലാണ്. ഇത് തിരുത്താൻ കഴിയണം. നാടിന്റെ ഭാവിയെ മുന്നിൽ കണ്ടുകൊണ്ട് ഈ നടപടികളിൽ നിന്നും പ്രതിപക്ഷം പിൻതിരിയുകയാണ് വേണ്ടത്. ഇതാണ് എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ: സഭ അംഗീകരിച്ച പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ ചെയർ തുടർന്നുള്ള നടപടികളിലേക്ക് കടക്കുകയാണ്. ഇന്നത്തെ ശ്രദ്ധക്ഷണിക്കലും സബ്മിഷനും ഒഴിവാക്കിയിരിക്കുന്നു. മറുപടി അംഗങ്ങൾക്ക് ലഭ്യമാക്കുന്നതാണ്.

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രദ്ധക്ഷണിക്കലും സബ്മിഷനും റദ്ദ് ചെയ്തതായി പ്രഖ്യാപിക്കുകയും കാര്യവിവരപ്പട്ടികയിലെ അടുത്ത ഇനങ്ങളിലേയ്ക്ക് കടക്കുകയും ചെയ്തു.)

## IV മേശപ്പുറത്തുവച്ച കടലാസുകൾ

ചട്ടം 47(2) അനുസരിച്ചുള്ള ലിസ്റ്റ് പ്രകാരം

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിലെ 2781-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

## V റിപ്പോർട്ട് സമർപ്പണം

1. 2016-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ റിപ്പോർട്ട്

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, റവന്യൂവും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ ചെയർമാനായ ഞാൻ 2016-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ സംബന്ധിച്ച സമിതിയുടെ റിപ്പോർട്ടും അതിനോടനുബന്ധമായി ചേർത്തിട്ടുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

2. വിദ്യാഭ്യാസം സംബന്ധിച്ച VI- നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ 2016 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ ചെയർമാനായ ഞാൻ സമിതിയുടെ 2016 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

## VI ധനകാര്യം

2016-17 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

(പ്രതിപക്ഷാംഗങ്ങൾ ഡയസിനുമുമ്പിൽ വന്നുനിന്ന് ബഹളം വച്ചുകൊണ്ടിരുന്നു.)

മി. സ്പീക്കർ: നിങ്ങൾക്ക് പ്രതിഷേധം പ്രകടിപ്പിക്കാം. സഭയിൽ കാണിക്കുന്ന പ്രതിഷേധത്തിന് ഒരു പരിധിയില്ലേ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) : സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുക 2016-17 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെയും സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 9-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2016-17 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

# ബഡ്ജറ്റ് എസ്റ്റിമേറ്റ് 2016-17

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥന യുടെ പേര് | 24-02-2016-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക | | 14-7-2016-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്നധനാഭ്യർത്ഥ നയുടെ തുക | | ആകെ (രൂപ) |
|---|---|---|---|---|---|---|---|---|
| | | റവന്യൂ (രൂപ) | മൂലധനം (രൂപ | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) |
| XVII | വിദ്യാഭ്യാസം, കായിക വിനോദം,കല, സംസ്കാരം | 5571,23,69,000 | 121,42,00,000 | 4280,86,11,000 | 91,06,51,000 | 7134,81,49,000 | 51,77,53,000 | 7286,59,02,000 |
| XVIII | വൈദ്യസഹായ രംഗവും പൊതുജനാരോ ഗ്യവും | 1645,13,96,000 | 120,64,58,000 | 1233,58,47,000 | 90,48,44,000 | 2056,42,47,000 | 150,80,73,000 | 2207,23,20,000 |
| XIX | കുടുംബക്ഷേമം | 132,80,88,000 | ... | 99,60,66,000 | ... | 166,01,10,000 | …. | 166,01,10,000 |
| XLVI | സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും | 1144,65,73,000 | 19,70,77,000 | 96,26,11,000 | 14,78,08,000 | 2144,12,60,000 | 24,63,45,000 | 2168,76,05,000 |

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയെയും വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയെയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയെയും സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റി ശിപാർശകളിന്മേൽ ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

(ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുക 2016-17 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ........

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...........

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുക 2016-17 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ........

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.........

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുക 2016-17 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ........

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.........

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുക 2016-17 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ........

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.........

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ......ഓർഡർ......, സഭ ഇപ്പോൾ പിരിയുന്നതും 2016 ഒക്ടോബർ മാസം 17-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2016 ഒക്ടോബർ മാസം 17-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ രാവിലെ 9.52-ന് പിരിഞ്ഞു.)

## അനുബന്ധം -I

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് സഭയിൽ മറുപടി പറയാൻ സാധിക്കാത്തതിനാൽ ബന്ധപ്പെട്ട വിവിധ വകുപ്പുമന്ത്രിമാർ നിയമസഭാ നടപടികളിൽ ഉൾപ്പെടുത്തു ന്നതിനുവേണ്ടി സമർപ്പിച്ച ധനാഭ്യർത്ഥന ചർച്ചയുടെ മറുപടികൾ)

1. വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) : കേരളത്തിന്റെ അനന്യമായ വിദ്യാഭ്യാസ സംസ്കാരത്തെ പുനരുജ്ജീവിപ്പിക്കുവാനുള്ള ശ്രമത്തിലാണ് സംസ്ഥാന സർക്കാർ. 1957-ലെ ഇ.എം.എസ്. സർക്കാരിലെ പ്രൊഫ. ജോസഫ് മുണ്ടശ്ശേരി മാസ്റ്ററുടെ വിദ്യാഭ്യാസ കാഴ്ചപ്പാടിലൂടെയാണ് കേരളത്തിന്റെ തനതായ പൊതുവിദ്യാഭ്യാസ സങ്കല്പം വികസിച്ചത്. അതിന്റെ പരിണിത ഫലമാണ് മതനിരപേക്ഷ ജനാധിപത്യ സംസ്കാരം. ഈ ഭൂമികയിലാണ് കേരളം കേരളമായത്. അതുകൊണ്ടുതന്നെ ആ ഭൂമികയെ പുനഃസൃഷ്ടിക്കുക എന്നതാണ് സംസ്ഥാന സർക്കാർ വിദ്യാഭ്യാസ വകുപ്പിലൂടെ ചെയ്യുവാൻ ഉദ്ദേശിക്കുന്നത്.

ഈ ദാർശനികമായ വിദ്യാഭ്യാസ നിലപാട് രണ്ട് നിർവ്വചനങ്ങളെ ആശ്രയിച്ച് മുന്നോട്ടുപോകും.

1. മനുഷ്യനെ മനുഷ്യനാക്കി മാറ്റുന്ന പ്രകിയയാണ് വിദ്യാഭ്യാസം.

2. പാർശ്വവൽക്കരണമില്ലാത്ത ജനതയുടെ സൃഷ്ടിയാണ് വികസനത്തിന്റെ അടിത്തറ.

ഈ ലക്ഷ്യത്തിലാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്ന സർവ്വതലസ്പർശിയായ വിദ്യാഭ്യാസ പരിപാടി സർക്കാർ ആരംഭിക്കുന്നത്. വിദ്യാഭ്യാസത്തിന്റെ ജനാധിപത്യവൽക്കരണത്തെ അർത്ഥപൂർണ്ണമാക്കുവാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. ഓരോ സ്കൂളിനും മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും കേരളത്തിലെ പൊതുവിദ്യാഭ്യാസ സംരക്ഷണത്തിനുതന്നെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും ചെയ്യുക എന്നതാണ് പരിപാടിയുടെ തുടക്കം. ഈ മാസ്റ്റർ പ്ലാൻ രൂപീകരിക്കുന്നതിനും വികസിപ്പിക്കുന്നതിനുംവേണ്ടി ഓരോ സ്കൂളിലും മൂന്ന് ജനകീയ സമിതികൾ ഉണ്ടാക്കണം. 1. PTA/SMC 2. OSA 3. വിദ്യാലയ വികസന സമിതി. ഇതോടെ ഒരു സ്കൂളിന്റെ വികസന പ്രക്രിയ ഏറ്റവും ജനകീയമായി മാറും. ഈ ജനാധിപത്യ വികസന പ്രക്രിയയിൽ പരമാവധി

സഹായം നൽകുക എന്നതായിരിക്കും സർക്കാർ സമീപനം. വിദ്യാഭ്യാസത്തിന്റെ അന്താരാഷ്ട്രീയവൽക്കരണത്തേയും കച്ചവടവൽക്കരണത്തേയും വർഗ്ഗീയവൽക്കരണത്തേയും ഇല്ലാതാക്കുവാനുള്ള വഴിയാണ് ജനാധിപത്യവൽക്കരണം എന്ന് സർക്കാർ വിശ്വസിക്കുന്നു. ഇതാണ് വിദ്യാഭ്യാസരംഗത്തെ സർക്കാരിന്റെ സർഗ്ഗാത്മക പരിപ്രേക്ഷ്യം.

ഇത് നടപ്പിലാക്കുമ്പോൾ പ്രാഥമികതലത്തിൽ സാർവ്വത്രികവും സൗജന്യവുമായ ആധുനിക വിദ്യാഭ്യാസം നൽകണം. ഈ ലക്ഷ്യത്തിലാണ് കഴിഞ്ഞ നാല് മാസക്കാലം വിദ്യാഭ്യാസ വകുപ്പ് പ്രവർത്തിച്ചത്.

1. 1 മുതൽ 8 വരെ സൗജന്യ പാഠപുസ്തകം
2. 1 മുതൽ 8 വരെ സൗജന്യ യൂണിഫോം
3. 1 മുതൽ 8 വരെ സൗജന്യ ഉച്ചഭക്ഷണം - പുതിയ രീതി
4. 1 മുതൽ 10 വരെ സൗജന്യ ഇൻഷ്വറൻസ്, സൗജന്യ ചികിത്സ
5. 1 മുതൽ 8 വരെ എല്ലാ അദ്ധ്യാപകർക്കും ഇംഗ്ലീഷ് ഭാഷാ പരിശീലനം
6. എല്ലാ സ്കൂളുകളിലും അദ്ധ്യാപകരുണ്ടാകുവാൻ, daily wages-ൽ നിയമിക്കുവാൻ ഓർഡറായി.

ആധുനികവൽക്കരണത്തിന്റെ ഭാഗമായി ഒന്നു മുതൽ പി.ജി. വരെ എല്ലാ ക്ലാസ്സുകളും ചതുർമാന പഠനത്തിനുതകുംവിധം ഹൈടെക്കാക്കി മാറ്റും. ഇതിന്റെ മാസ്റ്റർപ്ലാൻ തയ്യാറായിക്കൊണ്ടിരിക്കുകയാണ്. 40,000 സ്കൂൾ ക്ലാസ്സുകളും 1500 കോളേജ് ക്ലാസ്സുകളും 2016-2020 വർഷത്തിൽ ഹൈടെക്കാക്കും. തുടർന്ന് യു.പി., എൽ.പി. സ്കൂളുകളും ഡിജിറ്റൽ ലാബ് ഉള്ള സ്കൂളാക്കി മാറ്റും. ഇതോടെ ഇന്ത്യയിലെ ആദ്യത്തെ ഡിജിറ്റൽ വിദ്യാഭ്യാസത്തിന്റെ സംസ്ഥാനമായി കേരളം മാറും. ചതുർമാന പഠനത്തിന് തയ്യാറാകുവാൻവേണ്ടി കേരളത്തിലെ ഒന്നരലക്ഷം അദ്ധ്യാപകർക്കും കമ്പ്യൂട്ടറും നെറ്റും ഉപയോഗിച്ച് വിഷയങ്ങൾ പഠിപ്പിക്കുന്നതിന് പരിശീലനം നൽകും.

വിദ്യാഭ്യാസ രംഗത്ത് മുന്നേറുംതോറും കാർഷിക മേഖലയിൽ നാം പിറകോട്ടുപോകുന്നു എന്നത് ദുഃഖ സത്യമാണ്. മാത്രമല്ല, വിദ്യാഭ്യാസ രംഗത്ത് മുന്നേറ്റം നടക്കുമ്പോൾ രോഗാതുരതയും ജീവിതശൈലീരോഗങ്ങളും മാരക രോഗങ്ങളും വർദ്ധിക്കുന്നു.

കാർഷിക സംസ്കാരവും പ്രകൃതിക്കിണങ്ങിയ ജീവിതശൈലിയും പാഠ്യ

പദ്ധതിയിൽ ഉൾപ്പെടുത്തുമ്പോൾ പുതിയ തലമുറ ജീവിക്കുന്ന ക്യാമ്പസുതന്നെ അതിനുദാഹരണമാകണം. അതാണ് ജൈവ വൈവിധ്യ ക്യാമ്പസുകൾ. ലോകത്തിന് മാതൃകയായി ഇത് മാറണം. ഓരോ ക്യാമ്പസുകളും ലഹരിമുക്ത, പ്ലാസ്റ്റിക്മുക്ത, കീടനാശിനിമുക്തമാകണം. അതുകൊണ്ടുതന്നെയാണ് അനൗപചാരിക വിദ്യാഭ്യാസത്തിലും സാക്ഷരതാ പ്രസ്ഥാനത്തിന്റെ തുടർച്ചയായി പരിസ്ഥിതി സാക്ഷരതായജ്ഞം ആരംഭിച്ചിരിക്കുന്നത്.

അത്യന്താധുനിക വിദ്യാഭ്യാസം കരസ്ഥമാക്കുന്ന മണ്ണിന്റെ മക്കളായി കേരളത്തിലെ തലമുറകൾ വളരണമെന്ന ലക്ഷ്യത്തിലാണ് കേരളത്തിന്റെ വിദ്യാഭ്യാസമേഖല മുന്നോട്ടുപോകുന്നത്. 700 ലാബുകൾ ആധുനികവൽക്കരിക്കും. സർവ്വകലാശാലകൾ ഗവേഷണകേന്ദ്രങ്ങളാണ് എന്നത് സാർത്ഥകമാക്കും.

ആധുനികവൽക്കരണത്തോടൊപ്പം ചില മേഖലകളിലും ശ്രദ്ധിക്കാം.

സർഗ്ഗാത്മകതയുടെ പരിപോഷണം :

കേവല വിഷയ പഠനമല്ല വിദ്യാഭ്യാസം എന്നതിനാൽ കല, കായിക, സാംസ്കാരിക മേഖലകളിൽ ഊന്നൽ നൽകും. SSA-യുടെ ആഭിമുഖ്യത്തിൽ 2500 കലാദ്ധ്യാപകരെ നിയമിക്കുവാൻ നടപടിയായി. ഓരോ മണ്ഡലത്തിലും ഒരു കലാ-കായിക സാംസ്കാരിക പാർക്ക് രൂപീകരിക്കും. അട്ടക്കുളങ്ങരയിൽനിന്ന് തുടങ്ങും.

18 വയസ്സായാൽ വോട്ടവകാശമുണ്ട്. പക്ഷേ തൊഴിലെടുക്കുവാൻ കഴിയില്ല എന്നത് മാറ്റി വോട്ടവകാശം നേടുമ്പോഴേക്കും തൊഴിലെടുക്കുവാനുള്ള കഴിവും വികസിക്കണം. ഓരോ സ്കൂളിലും സ്കിൽ ലാബ് എന്നതടക്കം സ്കിൽ ഡെവലപ്മെന്റ് പരിപാടികളായിരിക്കും ഇതിന് വഴിയൊരുക്കുക.

വിഷയപഠനം, സർഗ്ഗാത്മകതയുടെ നൈസർഗ്ഗിക വികസനം, തൊഴിലെടുക്കുവാനുള്ള കഴിവ് എന്നിങ്ങനെ പൊതുവിദ്യാലയത്തിൽ പഠിക്കുന്നവർ സമഗ്ര വളർച്ചയുള്ളവരും സാമൂഹിക പ്രതിബദ്ധതയുള്ളവരുമാകും. ഒപ്പം, എല്ലാ ക്യാമ്പസുകളും ജൈവവൈവിധ്യ ഉദ്യാനങ്ങളാകും. മണ്ണിലേക്ക് വേരിറക്കി ക്കൊണ്ടേ ആകാശത്തിലേക്ക് ഉയരുവാൻ കഴിയൂ എന്ന സങ്കല്പം യാഥാർത്ഥ്യമാക്കുവാനാണ് ഈ പരിപാടി.

(2) വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): യുവജനകാര്യ വികസനത്തിനുവേണ്ടി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന് 18.65 കോടി രൂപയും യുവജന കമ്മീഷനുവേണ്ടി ഒരു കോടി രൂപയും

2016-17 വാർഷിക പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്.

കേരള സംസ്ഥാന യുവജനക്ഷേമബോർഡ് :

സംസ്ഥാനത്ത് യുവജനശാക്തീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും സമന്വയിപ്പിക്കുന്നതിനുമുള്ള ഉന്നതതല സമിതിയായി യുവജന ക്ഷേമബോർഡ് പ്രവർത്തിക്കുന്നു. തൊഴിൽരഹിതരായ യുവജനങ്ങൾക്ക് തൊഴിൽ കണ്ടെത്തുന്നതിനും പരിശീലനം നൽകുന്നതിനുമുള്ള യൂത്ത്ക്ലബ്ബുകൾ, സംഘടനകൾ എന്നിവയ്ക്ക് ബോർഡ് സഹായം നൽകുന്നു. 2016-17-ൽ നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ:

I കേരളോത്സവം :

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങളിൽ ഏറ്റവും ജനശ്രദ്ധയാകർഷിക്കുന്ന പരിപാടിയാണ് കേരളോത്സവം. നഗരവാസികൾക്കൊപ്പംതന്നെ ഗ്രാമീണ മേഖലയിലെ യുവജനങ്ങൾക്കും തങ്ങളുടെ കലാകായിക കഴിവുകൾ പ്രകടിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും അവസരമൊരുക്കുക എന്ന മഹത്തായ ലക്ഷ്യമാണ് ഇതിനുള്ളത്. കേരളോത്സവം പ്രാഥമിക മത്സരങ്ങൾ ഗ്രാമ/മുനിസിപ്പൽ/കോർപ്പറേഷൻ തലത്തിലും രണ്ടാംഘട്ടം ബ്ലോക്ക് തലത്തിലും മൂന്നാംഘട്ടം ജില്ലാതലത്തിലും സംഘടിപ്പിക്കുന്നു. ജില്ലാതല മത്സരങ്ങളിൽ വിജയിച്ചവർ സംസ്ഥാനതല കേരളോത്സവത്തിൽ പങ്കെടുക്കുന്നു. സംസ്ഥാനതല മത്സരങ്ങളിൽ 5000-ത്തോളം കലാ-കായിക പ്രതിഭകൾ തങ്ങളുടെ കഴിവുകൾ മാറ്റുരയ്ക്കുന്നു. ഈ വർഷം കേരളോത്സവത്തിന്റെ അടങ്കൽ 4.2 കോടി രൂപയിൽ നിന്നും 8 കോടി രൂപയായി ഉയർത്തി.

ദേശീയ യുവജനോത്സവം 2017 കേരളത്തിൽ നടത്താൻ സംസ്ഥാന ഗവൺമെന്റ് തീരുമാനിച്ച് കേന്ദ്രഗവൺമെന്റിന്റെ അംഗീകാരം നേടി.

II യുവ വികാസ് :

യുവവികാസ് പദ്ധതി പ്രകാരം നടപ്പാക്കുന്ന വിവിധ പരിപാടികൾ ചുവടെ ചേർക്കുന്നു.

1. സ്വയം തൊഴിൽ, സംരംഭകത്വ വികസനം, നേതൃത്വപാടവ വികസനം എന്നിവയിൽ പരിശീലനം നൽകൽ
2. യുവസാഹിത്യ ക്യാമ്പ്
3. യൂത്ത് അവാർഡ്, ജോബ് ഫെസ്റ്റ്
4. മാലിന്യ മുക്തകേരള പദ്ധതി, ജൈവകൃഷി പ്രോത്സാഹന പദ്ധതിയിലും

യുവജന പങ്കാളിത്തം.

5. കായികരംഗത്ത് യുവജന പങ്കാളിത്തം വർദ്ധിപ്പിക്കുവാനുള്ള പ്രവർത്തനം
6. ജീവിതശൈലീ രോഗങ്ങളിൽനിന്ന് സമൂഹത്തെ മുക്തമാക്കുവാൻ
7. സാന്ത്വന പരിചരണ പ്രവർത്തനങ്ങളിൽ യുവാക്കളെ സന്നദ്ധമാക്കുന്നു.

III യുവശക്തി

യുവശക്തി പദ്ധതിപ്രകാരം നടപ്പാക്കുന്ന വിവിധ പരിപാടികൾ ചുവടെ ചേർക്കുന്നു.

1. യുവാക്കൾക്ക് നാടൻകലകളിൽ പരിശീലനവും ഫോക്ക് ഫെസ്റ്റും
2. യുവ മാധ്യമ പ്രവർത്തകർക്കുള്ള ക്യാമ്പ്
3. സിനിമയുമായി ബന്ധപ്പെട്ട പരിപാടികൾ
4. സാംസ്കാരിക പരിപാടികൾ
5. സ്ത്രീശാക്തീകരണ പരിപാടികൾ
6. വനിതകൾക്കായുള്ള ക്ലബ്ബുകൾ സംഘടിപ്പിക്കും.

IV മറ്റ് പരിപാടികൾ :

1. സാഹസിക പരിപാടികൾ (അഡ്വഞ്ചർ കാർണിവൽ, അഡ്വഞ്ചർ അക്കാഡമികളുടെ പ്രവർത്തനം etc.)
2. ഗവേഷണകേന്ദ്രം - ഗവേഷണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പഠനങ്ങൾ
3. ദേശീയോദ്ഗ്രഥന പരിപാടികൾ
4. കരുതലും ക്ഷേമവും (സമഗ്ര രക്തദാന പരിപാടി, വ്യക്തിത്വ വികസന പരിശീലന ക്യാമ്പ്, അവയവദാന പരിപാടി, അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരെ etc.)
5. പൊതുജന ബന്ധങ്ങളും ആശയവിനിമയവും
6. ശാസ്ത്രബോധം
7. കലാ-കായിക രംഗങ്ങളിൽ യുവാക്കൾക്ക് പരിശീലനം
8. ഏറ്റവും മെച്ചപ്പെട്ട ജീവകാരുണ്യ പ്രവർത്തനം നടത്തുന്ന യുവജനക്ലബ്ബിനും

യുവാവിനും ഒരു ലക്ഷം രൂപയുടെ അവാർഡ് നൽകും.

**കേരള സംസ്ഥാന യുവജന കമ്മീഷൻ**

യുവജനങ്ങളുടെ ക്ഷേമം മുൻനിർത്തിക്കൊണ്ട് അവരെ വിദ്യാസമ്പന്നരാക്കുന്നതിനും ശാക്തീകരിക്കുന്നതിനുംവേണ്ടി പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും യുവജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുകയും ചെയ്യുകയാണ് സംസ്ഥാന യുവജന കമ്മീഷന്റെ ലക്ഷ്യം.

<u>സംസ്ഥാന യുവജനകമ്മീഷന്റെ പ്രവർത്തനങ്ങൾ</u> :

1. മദ്യം-മയക്കുമരുന്ന് ദുരുപയോഗം, റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ എന്നിവക്കെതിരെയും റോഡ് സുരക്ഷ, മാനസികാരോഗ്യം എന്നിവ സംബന്ധിച്ചും സംസ്ഥാനത്തെ യുവാക്കൾക്കിടയിലും കോളേജുകളിലും ബോധവൽക്കരണം നടത്തുന്നു.
2. പട്ടികജാതി/പട്ടികവർഗ്ഗ മറ്റു പിന്നാക്കമേഖലകളിലും യുവജനങ്ങൾക്കായി നടത്തുന്ന ബോധവൽക്കരണം.
3. യുവജനങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ സംബന്ധിച്ച് കമ്മീഷന് ലഭിക്കുന്ന പരാതികളും നിർദ്ദേശങ്ങളും പരിഗണിക്കുന്നതിനായി ജില്ലാതലത്തിൽ അദാലത്തുകൾ നടത്തുന്നു.
4. തൊഴിലവസരങ്ങൾ സംബന്ധിച്ച സമഗ്രവിവരം നൽകുന്നതിനും തൊഴിലന്വേഷകർക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിനുംവേണ്ടി ജോബ് പോർട്ടൽ പദ്ധതി നടപ്പിലാക്കുന്നു.
5. യുവജനങ്ങളുടെ അവകാശങ്ങളെ സംബന്ധിച്ച് ലിംഗസമത്വം തുടങ്ങിയ വിഷയങ്ങളിൽ യുവജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി വിവിധ തലങ്ങളിൽ സെമിനാർ, സിംപോസിയം, ശിൽപ്പശാലകൾ എന്നിവ നടത്തുന്നു.
6. കല/സംസ്കാരം, സാഹിത്യം, കായികം, കൃഷി, സാമൂഹ്യസേവനം, വ്യവസായം/സാങ്കേതികവിദ്യ തുടങ്ങിയ മേഖലകളിൽ ഉന്നതമായ നേട്ടങ്ങൾ കൈവരിച്ച യുവാക്കളെ 'യൂത്ത് ഐക്കൺ' എന്ന ബഹുമതി നൽകി ആദരിക്കുന്നു.

<u>സ്പോർട്സ്</u> :

1. എല്ലാ ജില്ലകളിലും മൾട്ടിപർപ്പസ് ഇൻഡോർ സ്റ്റേഡിയം consultant-നെ നിയമിക്കുവാൻ നടപടി ആരംഭിച്ചു. സ്ഥലനിർണ്ണയം നടന്നുവരുന്നു. തുടർന്ന്

DPR തയ്യാറാക്കി KIIFB-ക്ക് സമർപ്പിക്കും. ഡിസംബർ 31-നകം നടപടികൾ പൂർത്തീകരിക്കും.

2. ഇവയുടെ നിർമ്മാണത്തിനായി 500 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽനിന്നും നീക്കി വച്ചിട്ടുണ്ട്.

3. 'എല്ലാ പഞ്ചായത്തുകളിലും ഒരു കളിക്കളം' എന്ന പദ്ധതി നടപ്പിലാക്കും.

4. ഈ സാമ്പത്തിക വർഷം 31 മിനിസ്റ്റേഡിയങ്ങൾ നിർമ്മിക്കും. സംസ്ഥാനത്താകെ ഏകീകൃതരൂപത്തിൽ സ്റ്റേഡിയം നിർമ്മിക്കുവാനാണുദ്ദേശിക്കുന്നത്.

5. ഓരോ മിനിസ്റ്റേഡിയത്തിനും 5 കോടി രൂപ വീതം പ്രത്യേക നിക്ഷേപ പദ്ധതിയിൽനിന്ന് കണ്ടെത്തും.

6. സമഗ്ര കായിക വികസനത്തിനായി (സൈ്മൽ) പദ്ധതി Sports Minister's Infrastructural Leap towards Excellence നിലവിലുണ്ട്.

7. സൈ്മൽ പദ്ധതിയിൽ ഉൾപ്പെടുത്തി ഷട്ടിൽ കോർട്ട്, നീന്തൽക്കുളം തുടങ്ങിയവ നിർമ്മിച്ച് നൽകുന്നു.

8. കളിസ്ഥലങ്ങൾ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും വികസിപ്പിക്കുന്നതിനുമായി സംസ്ഥാനതലത്തിൽ കേരള പ്ലേ ഫീൽഡ് അസോസിയേഷൻ രൂപീകരിച്ചിട്ടുണ്ട്.

9. ഇത് ഒരു സൊസൈറ്റിയായി രജിസ്റ്റർ ചെയ്ത് പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

10. 35-ാം നാഷണൽ ഗെയിംസിൽ കേരളത്തിനുവേണ്ടി വ്യക്തിഗത ഇനങ്ങളിൽ ഒന്നും രണ്ടും മൂന്നും സ്ഥാനം നേടിയവർക്കും ടീമിനത്തിൽ ഒന്നാം സ്ഥാനം നേടിയവർക്കും സർക്കാർതലത്തിൽ രണ്ടും മൂന്നും സ്ഥാനം നേടിയവർക്കും വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

11. 2010 മുതൽ 2014 വരെയുള്ള കാലയളവിലെ 249 ഒഴിവുകളിലേക്ക് നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു.

12. 2020, 2024 ഒളിമ്പിക്സിൽ മെഡൽ നേടുന്നതിന് കായികതാരങ്ങളെ പ്രാപ്തരാക്കുന്നതിനായി എലൈറ്റ് ട്രെയിനിംഗ് പദ്ധതി ആരംഭിച്ചിട്ടുണ്ട്.

13. മെഡൽ സാധ്യതയുള്ള അത്‌ലറ്റിക്സ്, ബോക്സിംഗ്, അമ്പെയ്ത്ത്, സൈക്കിളിംഗ്, ഫെൻസിംഗ്, നീന്തൽ, കനോയിംങ് & കയാക്കിംങ്,

ഷൂട്ടിംഗ്, തുഴച്ചിൽ, ഗുസ്തി, ഷട്ടിൽ ബാഡ്മിന്റൺ എന്നീ 11 കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് പദ്ധതി ആരംഭിച്ചു.

14. എലൈറ്റ് ട്രെയിനിംഗ് പദ്ധതി പ്രകാരം അന്തർദ്ദേശീയ നിലവാരത്തിലുള്ള കായിക സൗകര്യങ്ങളും പരിശീലനവും താമസവും ഭക്ഷണവും മറ്റ് ഉന്നത നിലവാരത്തിലുള്ള അനുബന്ധസൗകര്യങ്ങളും കായികതാരങ്ങൾക്ക് ലഭ്യമാക്കി വരുന്നു.

15. കായിക യുവജനകാര്യാലയം, സംസ്ഥാന സ്പോർട്സ് കൗൺസിൽ, വിവിധ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന സ്പോർട്സുമായി ബന്ധപ്പെട്ട മറ്റ് ഓഫീസുകൾ എന്നിവ ഏകീകരിച്ച് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് 'കായിക ഭവൻ' ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

16. 2017-ൽ കൊച്ചിയിൽ നടക്കുന്ന ഫിഫ വേൾഡ് കപ്പ് ഫുട്ബോൾ (17 വയസ്സിനുതാഴെ) നടത്തുന്നതിനുവേണ്ടി 36 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിനാവശ്യമായ നടപടികൾ പുരോഗമിക്കുന്നു.

17. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ് (ISPARK) സ്പോർട്സ് വികസനത്തിന് ആസ്ട്രേലിയൻ ഗവൺമെന്റുമായി ചേർന്നുള്ള പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്.

18. കേരളോത്സവത്തിൽ ഏറ്റവും നല്ല കായികതാരങ്ങളെ വാർത്തെടുക്കുന്ന സ്പോർട്സ് ക്ലബ്ബുകൾക്ക് സ്പോർട്സ് മിനിസ്ട്രേഴ്സ് ട്രോഫിയും ഒരു ലക്ഷം, അമ്പതിനായിരം, ഇരുപത്തി അയ്യായിരം രൂപ ക്യാഷ് അവാർഡും നൽകും.

19. എല്ലാ വർഷവും 50 പേർക്ക് സ്പോർട്സ് ക്വാട്ടയിൽ നിയമനം നൽകും.

20. സമർത്ഥരായ കായികതാരങ്ങൾക്ക് എം.ബി.ബി.എസ്. പ്രവേശനത്തിന് എല്ലാ മെഡിക്കൽ കോളേജുകളിലും ഒരു സീറ്റ് ഉറപ്പാക്കാൻ നടപടി സ്വീകരിക്കും.

21. അവശത അനുഭവിക്കുന്ന കായികതാരങ്ങൾക്ക് ഇപ്പോൾ ലഭിക്കുന്ന പെൻഷൻ 2000 രൂപയായി വർദ്ധിപ്പിച്ച് ഏകീകരിക്കും.

22. സംസ്ഥാനതലത്തിൽ സ്കൂളുകളിൽ കുട്ടികൾക്ക് യോഗ പരിശീലനം നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചു.

23. പ്രൈമറി സ്കൂൾതലം മുതൽ കുട്ടികളെ കായികവിനോദങ്ങളിൽ

ഏർപ്പെടുത്തുവാനും കായികക്ഷമത വർദ്ധിപ്പിക്കുന്നതിനുമുള്ള 'പ്ലേ ഫോർ ഹെൽത്ത്' പദ്ധതി നടപ്പിലാക്കിവരുന്നു.

24. ഈ സർക്കാർ കായികമേഖലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പരിഷ്കാരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള കായികനയം ഉടൻ പ്രഖ്യാപിക്കും.

25. റിയോവിൽ നടന്ന 31-ാമത് ഒളിമ്പിക്സിൽ പങ്കെടുത്ത 11 മലയാളി കായിക താരങ്ങൾക്ക് പ്രോത്സാഹനമായി 3 ലക്ഷം രൂപ വീതം ക്യാഷ് അവാർഡ് നൽകി.

26. അസ്ത്ര (Attitude, simulated training for athletes) കായികതാരങ്ങളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിന് മൂന്നാർ പോലുള്ള ഹൈ ആൾട്ടിറ്റ്യൂഡ് പ്രദേശങ്ങളിൽ ഉള്ളതുപോലെ കുറഞ്ഞ ഓക്സിജൻ ലഭ്യമാക്കുന്ന തരത്തിലുള്ള കൃത്രിമ അന്തരീക്ഷം സൃഷ്ടിച്ച് പരിശീലനം നൽകുന്നു.

27. സ്പോർട്സ് ഹോസ്റ്റലുകളിൽ മികച്ച ഭക്ഷണം, താമസസൗകര്യം, യാത്രാസൗകര്യം എന്നിവ ഉറപ്പാക്കും.

28. സ്പോർട്സ് മേഖലയിൽ കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും വിദഗ്ദ്ധ പരിശീലന പദ്ധതികൾക്കുമായി ഒരു കായിക വികസനനിധി രൂപീകരിച്ചിട്ടുണ്ട്. (Kerala Sports Development Fund) 15 കോടി രൂപ ഇതിനായി നീക്കിവച്ചിട്ടുണ്ട്. ലാഭകരമായി പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ CSR ഫണ്ട് കായിക വികസന നിധിയിലേക്ക് സ്വരൂപിക്കുന്നതാണ്.

3. ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): കേരളത്തിന്റെ ആരോഗ്യ മേഖലയിൽ സമഗ്രമായ മാറ്റങ്ങൾ ഉണ്ടാക്കുന്നതിനുള്ള പദ്ധതികളാണ് കഴിഞ്ഞ നാല് മാസങ്ങൾക്കുള്ളിൽ ആരംഭിച്ചിട്ടുള്ളത്. പൊതു ആരോഗ്യ മേഖല ജനകീയമാക്കുക, സാധാരണക്കാർക്ക് ആധുനിക നിലവാരത്തിലുള്ള ചികിൽസ ഉറപ്പാക്കുക, രോഗപ്രതിരോധത്തിന് ഊന്നൽ നൽകാൻ കഴിയുംവിധം പ്രാഥമിക ആരോഗ്യമേഖലയെ ശക്തമാക്കുക, ചികിത്സാച്ചെലവ് ഗണ്യമായി കുറച്ചുകൊണ്ടുവരിക, പഠന ഗവേഷണ പ്രവർത്തനങ്ങൾ മികവുറ്റതാക്കുക തുടങ്ങിയ കാര്യങ്ങൾക്കാണ് ഊന്നൽ നൽകുന്നത്. ഇതിനാവശ്യമായ ജനകീയ ആരോഗ്യനയം തയ്യാറാക്കുന്നതിന്

ഡോ. ബി. ഇക്ബാൽ അദ്ധ്യക്ഷനായി ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. സമിതിയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

സംസ്ഥാനത്തിന്റെ ആരോഗ്യരംഗത്ത് ആരോഗ്യപരിപാലന സ്ഥാപനങ്ങളിൽ വലിയൊരു ശതമാനം സ്വകാര്യമേഖലയിൽ ഉണ്ടായിട്ടുണ്ട്. പലയിടത്തും കടുത്ത ചൂഷണമാണ് നടക്കുന്നത്. സ്വകാര്യമേഖലയിലെ ചികിത്സാച്ചെലവുകൾ വ്യത്യസ്തമായ രീതിയിലാണ് എന്ന് മനസ്സിലായതിനാൽ ഇതുസംബന്ധിച്ച് ഒരു പഠനം നടത്തുന്നതിന് ഒരു വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സമഗ്രമായ ഒരു ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ തയ്യാറാക്കുന്നതിനും ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്.

പൊതുജനാരോഗ്യമേഖലയിൽ ഇന്ന് നിലനിൽക്കുന്ന പ്രധാനപ്പെട്ട പ്രശ്നം പശ്ചാത്തല സൗകര്യങ്ങളുടെയും സ്റ്റാഫിന്റെയും അഭാവമാണ്. പല ആശുപത്രികളും ഉന്നത ആശുപത്രികളായി ഉയർത്തിയെങ്കിലും അവയിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടില്ല. ഓരോ ആശുപത്രിക്കും നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കാൻ അവർക്ക് കഴിയുന്നുമില്ല. ആവശ്യമായത്ര ഡോക്ടർമാരുടെയും പാരാമെഡിക്കൽ വിഭാഗത്തിന്റെയും തസ്തികകൾ സൃഷ്ടിച്ചു കൊണ്ടുമാത്രമേ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയുകയുള്ളൂ. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യമേഖലയിൽ മാത്രമായി 826 തസ്തികകൾ സൃഷ്ടിച്ചുകഴിഞ്ഞു. കഴിഞ്ഞ 3 വർഷമായി നിയമനം മുടങ്ങിക്കിടന്നിരുന്ന അസിസ്റ്റന്റ് സർജൻമാരുടെ പി.എസ്.സി. ലിസ്റ്റിൽനിന്ന് ദ്രുതഗതിയിൽ നിയമനം നടത്തിയതിന്റെ ഭാഗമായി 370 ഡോക്ടർമാരെ നിയമിക്കുന്നതിന് കഴിഞ്ഞു. ഇതുവഴി ഡോക്ടർമാരുടെ അഭാവംമൂലം പ്രവർത്തനം തീരെ മുടങ്ങിക്കിടന്നിരുന്ന ആശുപത്രികളെ 4 മാസത്തിനുള്ളിൽ പ്രവർത്തന സജ്ജമാക്കാൻ സാധിച്ചിട്ടുണ്ട്. ഒരു വർഷത്തിനുള്ളിൽ ഇപ്പോൾ നിലവിലുള്ള തസ്തികകളിലെ മുഴുവൻ ഒഴിവുകളും നികത്തുന്നതിനുള്ള നീക്കമാണ് സർക്കാർ നടത്തുന്നത്. ഇതോടൊപ്പം ഓരോ മേഖലയിലും ആവശ്യമായത്ര തസ്തികകൾ പുതുതായി സൃഷ്ടിക്കേണ്ടതുണ്ട്.

ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിലും എൽ.ഡി.എഫ്.-ന്റെ തെരഞ്ഞെടുപ്പ് പ്രകടന പത്രികയിലും ചൂണ്ടിക്കാണിച്ചിട്ടുള്ള ലക്ഷ്യങ്ങൾ സാധൂകരിക്കുന്ന നിരവധി പുതിയ പദ്ധതികൾക്കാണ് 4 മാസത്തിനുള്ളിൽ തുടക്കം കുറിച്ചിട്ടുള്ളത്. ഈ പദ്ധതികളുടെ നടത്തിപ്പിനായി 2016-17-ലെ ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുകയോടൊപ്പം ഈ വർഷം ആവശ്യമായിവരുന്ന അധിക തുക

കൂടിയാണ് ധനാഭ്യർത്ഥനയിൽ ആവശ്യപ്പെടുന്നത്. ഓരോ പ്രവൃത്തിക്കും ആവശ്യമായ പ്രൊപ്പോസലുകൾ തയ്യാറാക്കി സമർപ്പിച്ചുവരികയാണ്.

ആർദ്രം പദ്ധതി, സമ്പൂർണ്ണ പ്രാഥമികാരോഗ്യ ദൗത്യം, ഇ-ഹെൽത്ത് രജിസ്റ്റർ, സമഗ്ര ഇൻഷ്വറൻസ് പദ്ധതി, SDG-യുടെ ഭാഗമായുള്ള ലക്ഷ്യപ്രഖ്യാപനങ്ങൾ, ആധുനിക ട്രോമാകെയർ പദ്ധതി, പാർശ്വവൽക്കരിക്കപ്പെട്ടവർക്കായുള്ള പ്രത്യേക പദ്ധതികൾ തുടങ്ങി നിരവധി പദ്ധതികൾക്ക് തുടക്കം കുറിച്ചുകഴിഞ്ഞു.

ആർദ്രം പദ്ധതിയുടെ ഭാഗമായി മെഡിക്കൽ കോളേജുകളുടെ ഒ.പി.വിഭാഗത്തിൽ ആധുനിക സജ്ജീകരണങ്ങളൊരുക്കി ജനസൗഹൃദ ആശുപത്രികളാക്കി മാറ്റുകയാണ് ഉദ്ദേശ്യം. സമ്പൂർണ്ണ പ്രാഥമികാരോഗ്യ പദ്ധതിയിലൂടെ ജില്ലാ ആശുപത്രികളെയും താലൂക്ക് ആശുപത്രികളെയും സ്പെഷ്യാലിറ്റി ഹോസ്പിറ്റലാക്കി മാറ്റുന്നതിനുള്ള രൂപരേഖ തയ്യാറാക്കിയിരിക്കുകയാണ്. തനതുവർഷം ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമെ ആവശ്യമായി വരുന്ന തുക ഡിമാന്റിൽ ആവശ്യപ്പെടുന്നുണ്ട്. എട്ട് ജില്ലാ ആശുപത്രികളിലും രണ്ട് മെഡിക്കൽ കോളജുകളിലും കാത്ത് ലാബും, CCU-വും അനുവദിച്ചു. മുഴുവൻ താലൂക്ക് ആശുപത്രികളിലും ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി ഈ വർഷം 44 ആശുപത്രികളിൽ യൂണിറ്റ് ആരംഭിക്കുന്നതാണ്. ജില്ലാ ആശുപത്രികളെ സൂപ്പർ സ്പെഷ്യാലിറ്റി ആക്കി മാറ്റുന്നതിനുള്ള മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിവരുന്നു. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും സി.എച്ച്.സി.കളെയും നവീകരിക്കാനുള്ള പ്രവർത്തനങ്ങൾക്കും തുടക്കംകുറിച്ചിരിക്കുകയാണ്. ഒരു നിയോജകമണ്ഡലത്തിൽ ഒരു പി.എച്ച്.സി.യെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഈ വർഷം പ്രവർത്തനം ആരംഭിക്കുന്നതാണ്.

സംസ്ഥാനത്തെ മുഴുവൻ ജനങ്ങളുടെയും ആരോഗ്യ വിവരങ്ങൾ വ്യക്തിപരമായി തയ്യാറാക്കി മുഴുവൻ ആശുപത്രികളിലും E-Health രജിസ്റ്റർ സൂക്ഷിക്കുന്നതിനുള്ള പദ്ധതികളും തുടങ്ങിയിട്ടുണ്ട്.

കൂടുതൽ ജനങ്ങൾക്ക് സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നതിനും വൻതുക ആവശ്യമായി വരുന്ന രോഗചികിത്സയ്ക്ക് സഹായകമാകുന്നതിനും കഴിയുംവിധം സമഗ്ര ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഐക്യരാഷ്ട്ര സഭയുടെ സുസ്ഥിരവികസന ലക്ഷ്യങ്ങളുമായി ബന്ധപ്പെട്ട് ശില്പശാല സംഘടിപ്പിക്കുകയും വിവിധ മേഖലകളുടെ പ്രവർത്തനത്തിനുവേണ്ടി 19 വിദഗ്ദ്ധ ഗ്രൂപ്പുകൾക്ക്

രൂപംകൊടുക്കുകയും ചെയ്തു. മാതൃമരണ നിരക്ക്, ശിശുമരണ നിരക്ക് എന്നിവ കുറയ്ക്കുക, പകർച്ചവ്യാധി നിയന്ത്രണം, ജീവിതശൈലീ രോഗ നിയന്ത്രണം, മാനസികാരോഗ്യം, ട്രോമാകെയർ തുടങ്ങി ഓരോ മേഖലകളെയും ശ്രദ്ധിക്കുന്നതിനുള്ള വിദഗ്ധ സമിതികളാണ് രൂപപ്പെട്ടിട്ടുള്ളത്. 2020-ലേക്ക് നേടിയെടുക്കാനുള്ള സുസ്ഥിരവികസന ലക്ഷ്യങ്ങൾ പ്രഖ്യാപിക്കുകയും അതിനായുള്ള പ്രാഥമിക പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തു. SHSRC-യിൽ ഇതുസംബന്ധിച്ച നിരവധി പഠനക്യാമ്പുകളും ശില്പശാലകളും നടന്നു. ഗ്രാമപഞ്ചായത്തുകൾക്കാവശ്യമായ മാർഗ്ഗരേഖ തയ്യാറാക്കി നൽകി.

പകർച്ചവ്യാധി പ്രതിരോധ നടപടികളുടെ ഭാഗമായി ചിട്ടയായ പ്രവർത്തനങ്ങളാണ് കഴിഞ്ഞ നാല് മാസക്കാലം നടന്നത്. രോഗനിയന്ത്രണ പ്രവർത്തനങ്ങളുടെ ഫലമായി പകർച്ചവ്യാധിമൂലമുള്ള മരണത്തിൽ കുറവ് വരുത്താൻ കഴിഞ്ഞിട്ടുണ്ട്. അടുത്തവർഷത്തേക്ക് കൂടുതൽ തുക പകർച്ചവ്യാധി നിയന്ത്രണത്തിനായി ചെലവഴിക്കേണ്ടതായിവരും. ഡിഫ്തീരിയ പോലുള്ള പകർച്ചവ്യാധികളെ നിയന്ത്രിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ശക്തമാക്കേണ്ടതുണ്ട്.

റോഡപകടങ്ങൾ മൂലമുള്ള മരണനിരക്ക് കുറയ്ക്കുന്നതിന് സമ്പൂർണ്ണ ട്രോമാ കെയർ സംവിധാനം കൊണ്ടുവരുന്നതിനുള്ള പദ്ധതിയും തയ്യാറാക്കി ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിന് കാത്തിരിക്കുകയാണ്. കോഴിക്കോട് മാനസിക ആരോഗ്യാശുപത്രിക്ക് 100 കോടിരൂപയും തലശ്ശേരി വിമൺ ആന്റ് ചിൽഡ്രൻ ആശുപത്രിക്ക് 50 കോടിരൂപയും അനുവദിച്ചതിൽനിന്നും കുട്ടികളുടെയും സ്ത്രീകളുടെയും സാധാരണക്കാരുടെയും കാര്യത്തിൽ ഈ സർക്കാരിനുള്ള ഉത്തരവാദിത്വം വ്യക്തമാക്കുന്നു. ഇംഹാൻസ്, ഐക്കോൺ തുടങ്ങിയ സ്ഥാപനങ്ങളെ മികച്ച കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള ആലോചനയും നടക്കുന്നുണ്ട്.

ആയുഷ് മേഖലയിലും സമഗ്രമായ മാറ്റങ്ങൾക്ക് തുടക്കം കുറിച്ചു. കേരളത്തെ സമ്പൂർണ്ണ ആയുഷ് ഗ്രാമ സംസ്ഥാനമായി പ്രഖ്യാപിക്കുകയും ആയുർവ്വേദ ഡിസ്പെൻസറികളില്ലാത്ത പഞ്ചായത്തുകളിൽകൂടി ഡിസ്പെൻസറികൾ അനുവദിക്കുകയും ചെയ്തു. 49 ഹോമിയോ ഡിസ്പെൻസറികൾകൂടി അനുവദിച്ചു കൊണ്ട് സമ്പൂർണ്ണ ഹോമിയോ ഗ്രാമ സംസ്ഥാനമാക്കുന്നതിനും ആലോചനയുണ്ട്. ഘട്ടംഘട്ടമായി ഈ പ്രവർത്തനം നിർവ്വഹിക്കും. യുനാനി, സിദ്ധ തുടങ്ങിയ ചികിൽസാ സൗകര്യങ്ങളും അത്യാവശ്യമുള്ള ഇടങ്ങളിൽ സജ്ജമാക്കും. ഒരു സമഗ്ര ആയുർവ്വേദ പഠന ഗവേഷണ കേന്ദ്രം സ്ഥാപിക്കാനുള്ള പദ്ധതി റിപ്പോർട്ട്

തയ്യാറാക്കിവരികയാണ്. ഔഷധ കൃഷി വ്യാപിപ്പിക്കുന്നതിനും ഔഷധ നിർമ്മാണം ഫലപ്രദമാക്കുന്നതിനും പദ്ധതികൾ തയ്യാറാക്കുന്നുണ്ട്.

കുടുംബക്ഷേമ പദ്ധതികളുടെ ഭാഗമായി സാമൂഹ്യക്ഷേമ പെൻഷനുകൾ കൃത്യമായി വിതരണം ചെയ്യുകയുണ്ടായി. അംഗൻവാടി ജീവനക്കാരുടെയും ആശാവർക്കർമാരുടെയും ഓണറേറിയം വർദ്ധിപ്പിച്ചു. 2000 പുതിയ അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കാനുള്ള പ്രൊപ്പോസലുകൾ തയ്യാറാക്കി വരുന്നു. KSSM മുഖേന അംഗവൈകല്യമുള്ളവർക്കും പിന്നുള്ളപ്പെട്ട ജനവിഭാഗത്തിനും സഹായ പദ്ധതികൾ നടപ്പിലാക്കിവരുന്നു. താല്ക്കാലിക ജിവനക്കാരായ 86 അംഗപരിമിതർക്ക് സ്ഥിരനിയമനം നൽകി. എൻഡോ സൾഫാൻ ദുരിത ബാധിതർക്ക് ഓണത്തിന് 1000 രൂപ വീതം പ്രത്യേക അലവൻസ് നൽകി. അംഗപരിമിതർക്കായുള്ള ഉപകരണങ്ങളും വാഹനങ്ങളും വിതരണം ചെയ്യുന്നതിന് ക്യാമ്പുകൾ സംഘടിപ്പിച്ചു.

രോഗപ്രതിരോധത്തിനും മികച്ച ആരോഗ്യ സംരക്ഷണത്തിനും ആവശ്യമായ അധിക തുകകളാണ് ധനാഭ്യർത്ഥനയിൽ ഉള്ളത്. 5 വർഷംകൊണ്ട് കേരളത്തിന്റെ ആരോഗ്യ മേഖലയെ ആധുനികവും ജനകീയവുമായി മാറ്റാനുള്ള ഈ ധനാഭ്യർത്ഥന ധനകാര്യ വകുപ്പ് പരിഗണിക്കണം.

4. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ബാലൻ</u>): നവോത്ഥാന നായകരും പുരോഗമന ആശയക്കാരും തുടങ്ങിവച്ച കേരള നവോത്ഥാനപ്രസ്ഥാനം ലോകത്തിനാകെ മാതൃകയാണ്. ജാതീയമായ ഉച്ചനീചത്വങ്ങളും ജന്മിത്വവ്യവസ്ഥ അടിച്ചേൽപിച്ച അടിമത്വവും അയിത്താചരണം പോലുള്ള അപരിഷ്കൃത രീതികളും തകർത്തെറിയുന്നതിന് തുടക്കംകുറിച്ചത് കേരളത്തിലെ നവോത്ഥാന പ്രസ്ഥാനമാണ്. എന്നാൽ അതിന്റെ തുടർച്ച യെന്നോണം പുരോഗമന വീക്ഷണമുള്ള രാഷ്ട്രീയ പ്രസ്ഥാനങ്ങൾ രൂപപ്പെടുകയും കരുത്താർജ്ജിക്കുകയും ഭരണനേതൃത്വത്തിൽ എത്തുകയും ചെയ്തതിനെത്തുടർന്ന് കേരളത്തിൽ ഈ ഉച്ചനീചത്വങ്ങൾ അവസാനിപ്പിക്കുന്നതിന് നമുക്ക് കഴിഞ്ഞിട്ടുണ്ട്.

സ്വാതന്ത്ര്യാനന്തരം മറ്റേത് ഇന്ത്യൻ സംസ്ഥാനങ്ങളും ആർജ്ജിച്ചതിനേക്കാൾ സാമൂഹിക പുരോഗതി കൈവരിക്കാൻ കേരള സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. ഈ പരിഷ്കാരങ്ങളുടെ നിരന്തരമായ ഇടപെടലുകൾമൂലമാണ് ഈ നേട്ടം കൈവരിക്കാനായത്. മറ്റിതര സംസ്ഥാനങ്ങളിൽ ദളിതന് വഴിനടക്കാനും അമ്പലത്തിൽ പോകാനും ഇഷ്ടമുള്ള തൊഴിലിൽ ഏർപ്പെടുന്നതിനും ഇന്നും വിലക്കുകളുണ്ട്. പ്രാകൃതമായ രീതിയിൽ ആക്രമിക്കപ്പെടുന്ന സ്ഥിതിയുമുണ്ട്. പക്ഷെ,

കേരളം ഇതിന് ഒരു അപവാദമായും, മറ്റ് സംസ്ഥാനങ്ങൾക്ക് അനുകരിക്കാവുന്ന മാതൃകയായും നിലകൊള്ളുകയാണ്.

രാജ്യത്ത് സമീപകാലത്തായി കരുത്താർജ്ജിച്ച വർഗ്ഗീയശക്തികളുടെ ബോധപൂർവ്വമായ ഇടപെടലുകൾ നമ്മുടെ സമൂഹത്തിലും കണ്ടുവരുന്നുണ്ട്. ഗാന്ധിജിയുടെ ഘാതകനെ ആദരിക്കുന്ന മൂല്യച്യുതിയിലേക്കും അധഃപതനത്തിലേയ്ക്കുമാണ് അവർ സമൂഹത്തെ എത്തിക്കാൻ ശ്രമിക്കുന്നത്. കേരളത്തിലെ മതേതര സമൂഹം ഇത്തരം ശക്തികൾക്ക് കരുത്താർജ്ജിക്കുന്നതിനുള്ള വിലങ്ങുതടിയായി നിലകൊള്ളുകയാണ്. അതിനോടൊപ്പം തന്നെ ഇത്തരം വർഗ്ഗീയശക്തികളെ നേരിടുന്നതിന് എതിർവർഗ്ഗീയത പ്രചരിപ്പിക്കുന്ന ഒരു ചെറിയ വിഭാഗവും നമ്മുടെ സമൂഹത്തിലുണ്ട്. ഈ രണ്ട് ശക്തികളും ചേർന്ന് മതേതരത്വ പാരമ്പര്യത്തെ ദുർബലപ്പെടുത്താനും കടന്നാക്രമിക്കാനുമാണ് ലക്ഷ്യമിടുന്നത്.

മതസൗഹാർദ്ദം അനുവർത്തിച്ചുപോരുന്ന നമ്മുടെ സമൂഹത്തിൽ അതിന്റെ അർത്ഥവ്യാപ്തി മുഴുവൻ ഉൾക്കൊള്ളുന്ന രീതിയിൽ ഈ വെല്ലുവിളികളെ നേരിടാൻ പ്രാപ്തമാക്കുന്നതിന് നമ്മുടെ സാംസ്കാരികരംഗം സജ്ജമാകേണ്ടതുണ്ട്. സർക്കാർ തലത്തിലുള്ള സാംസ്കാരിക സ്ഥാപനങ്ങൾ മാത്രമല്ല പൊതുസമൂഹത്തിൽ നിത്യേന ഇടപെടുന്ന വ്യത്യസ്തമായ സാംസ്കാരിക കൂട്ടായ്മകളും ഈ വെല്ലുവിളി ഏറ്റെടുക്കണം. ജനാധിപത്യ വ്യവസ്ഥയുടെ നിലനിൽപിന് അനിവാര്യമായ സാമൂഹിക ഐക്യം പരിപോഷിപ്പിക്കുന്നതിനും മാനവികതയ്ക്കും നവോത്ഥാന മൂല്യങ്ങൾക്കുമെതിരായ കടന്നാക്രമണങ്ങളെ പ്രതിരോധിക്കാനും നമ്മുടെ സാഹിത്യ സാംസ്കാരിക സ്ഥാപനങ്ങളെ സജ്ജമാക്കുകയെന്ന ലക്ഷ്യമാണ് സർക്കാർ സാംസ്കാരിക രംഗത്ത് വിഭാവന ചെയ്യുന്നത്. അതിനായി ഒട്ടനവധി കർമ്മ പരിപാടികൾ ആവിഷ്കരിക്കുന്നതാണ്.

ഈ ലക്ഷ്യങ്ങൾ മുൻനിർത്തിക്കൊണ്ട് ശ്രീനാരായണ ഗുരുവിന്റെ നമുക്ക് ജാതിയില്ലാ വിളംബരത്തിന്റെ നൂറാം വാർഷികം വിപുലമായ രീതിയിൽ സംഘടിപ്പിക്കുന്നതിനുള്ള കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. നമുക്ക് ജാതിയില്ലാ വിളംബരത്തിന്റെ നൂറാം വാർഷിക സംസ്ഥാനതല ഉദ്ഘാടനം വിപുലമായ പരിപാടികളോടെ നടത്തുകയുണ്ടായി. ഇതിന്റെ ജില്ലാതല പരിപാടികൾ അടുത്ത ഒരു മാസത്തിനുള്ളിൽ പൂർത്തീകരിക്കുന്നതാണ്. സംസ്ഥാനത്തെ ആറായിരത്തോളം ലൈബ്രറികൾ കേന്ദ്രീകരിച്ച് നമുക്ക് ജാതിയില്ലാ വിളംബരത്തിന്റെ സന്ദേശം പ്രചരിപ്പിക്കുന്ന പരിപാടികൾ നടത്തും.

ഈ സർക്കാർ അധികാരമേറ്റയുടൻ പ്രഖ്യാപിച്ച ബഡ്ജറ്റിൽത്തന്നെ സാംസ്കാരിക വകുപ്പിന് ഒരു കാലത്തുമില്ലാത്ത പരിഗണനയാണ് ലഭിച്ചത്. 40 കോടി രൂപ ചെലവിൽ ഓരോ ജില്ലാ കേന്ദ്രങ്ങളിലും നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കും. നാടകശാല, സിനിമാ തിയേറ്റർ, സംഗീതശാല, ഗ്യാലറി, പുസ്തകക്കടകൾ, സെമിനാർ ഹാളുകൾ, ശിൽപികൾക്കും കരകൗശല വിദ്യക്കാർക്കുമുള്ള പണിശാലകൾ, നാടക റിഹേഴ്സൽ സൗകര്യങ്ങൾ, കലാകാരന്മാർക്കും സാഹിത്യകാരന്മാർക്കും ഹ്രസ്വകാലത്തേക്ക് താമസസൗകര്യം ഇവയെല്ലാം അടങ്ങുന്നതാണ് ഈ കേന്ദ്രങ്ങൾ.

ഇന്നത്തെ കേരളത്തെ രൂപപ്പെടുത്തുന്നതിൽ വലിയ പങ്ക് വഹിച്ച നമ്മുടെ നവോത്ഥാന നായകരുടെ പേരിലാണ് ഓരോ ജില്ലയിലെയും സമുച്ചയങ്ങൾ നിർമ്മിക്കുക.

- തിരുവനന്തപുരം - അയ്യങ്കാളി
- കൊല്ലം - ശ്രീനാരായണ ഗുരു
- ആലപ്പുഴ - പി. കൃഷ്ണപിള്ള
- പത്തനംതിട്ട - ചട്ടമ്പി സ്വാമി
- ഇടുക്കി - അക്കാമ്മ ചെറിയാൻ
- കോട്ടയം - ലളിതാംബിക അന്തർജനം
- എറണാകുളം - സഹോദരൻ അയ്യപ്പൻ
- തൃശ്ശൂർ - വള്ളത്തോൾ നാരായണമേനോൻ
- പാലക്കാട് - വി. ടി. ഭട്ടതിരിപ്പാട്
- മലപ്പുറം - അബ്ദുറഹ്മാൻ സാഹിബ്
- കോഴിക്കോട് - വൈക്കം മുഹമ്മദ് ബഷീർ
- കണ്ണൂർ - വാഗ്ഭടാനന്ദൻ
- വയനാട് - എടച്ചേന കുങ്കൻ
- കാസർഗോഡ് - സുബ്രഹ്മണ്യൻ തിരുമുമ്പ്

ഇതിൽ മൂന്ന് ജില്ലകളിലെ സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഈ വർഷം ആരംഭിക്കാനാണ് ലക്ഷ്യമിടുന്നത്. ഈ

സമുച്ചയങ്ങളെല്ലാംതന്നെ ഈ സർക്കാരിന്റെ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുന്നതാണ്.

സാംസ്കാരിക വകുപ്പിന്റെ കീഴിൽ 38 സാംസ്കാരിക സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ കേരള സാഹിത്യ അക്കാദമി, സംഗീത നാടക അക്കാദമി, ലളിതകലാ അക്കാദമി, ഫോക്‌ലോർ അക്കാദമി എന്നിവയുടെ ബഡ്ജറ്റ് വിഹിതം 18 കോടി രൂപയിൽനിന്നും 50 ശതമാനം വീതം വർദ്ധിപ്പിച്ച് 27 കോടി രൂപയായി ഉയർത്തി.

ഇതിനുപുറമെ സംസ്ഥാനത്തെ 37 സാംസ്കാരിക സ്ഥാപനങ്ങൾക്ക് അനാവർത്തന ഗ്രാന്റായി 11 കോടി രൂപ അധികം അനുവദിച്ചു.

ശിവഗിരി ജാതിയില്ലാ വിളംബരം ശതാബ്ദി മ്യൂസിയത്തിന് 5 കോടി രൂപയും ശിവഗിരി കൺവെൻഷൻ നിർമ്മാണ പൂർത്തീകരണത്തിന് 2 കോടി രൂപയും അനുവദിച്ചു.

ലാറി ബേക്കർ സെന്റർ സ്ഥാപിക്കുന്നതിന് 2 കോടി രൂപയും കെ.പി.പി. നമ്പ്യാർ സ്മാരക മ്യൂസിയം സ്ഥാപിക്കുന്നതിന് ഒരു കോടി രൂപയും അനുവദിച്ചു.

സാംസ്കാരിക വകുപ്പിന് കീഴിലെ വിവിധ സ്ഥാപനങ്ങൾ അടുത്ത ഒരു വർഷം നടപ്പാക്കുന്ന പദ്ധതികൾ.

1. <u>സാഹിത്യ അക്കാദമി</u> :

- ഒക്ടോബർ 15-ന് സാഹിത്യ അക്കാദമിയുടെ 60-ാം വാർഷികം വിപുലമായ പരിപാടികളോടെ ആഘോഷിക്കും.
- നവംബർ 1-ന് കേരളപ്പിറവി ദിനത്തിൽ മലയാളദിനാഘോഷം സംഘടിപ്പിക്കും.
- സംസ്ഥാനതല ചെറുകഥാ ശിൽപശാല, കവിതാ ശിൽപശാല എന്നിവ സംഘടിപ്പിക്കും.
- ദേശീയപുസ്തകോൽസവം, സാംസ്കാരികോൽസവം എന്നിവ സംഘടിപ്പിക്കും.
- ജില്ലാതല പുസ്തക പ്രദർശന മേളകൾ സംഘടിപ്പിക്കും.
- കേന്ദ്രസാഹിത്യ അക്കാദമിയുമായി സഹകരിച്ച് ദേശീയ അടിസ്ഥാനത്തിൽ പ്രാദേശിക സെമിനാറുകൾ സംഘടിപ്പിക്കും. തിക്കൊടിയൻ, പ്രൊഫ. എൻ.

കൃഷ്ണപിള്ള, കമലാ സുരയ്യ, രാമവർമ്മ അപ്പൻ തമ്പുരാൻ തുടങ്ങിയ സാഹിത്യ നായകന്മാരുടെ ദിനാചരണങ്ങളോടനുബന്ധിച്ച് വിപുലമായ സെമിനാറുകളും ശിൽപ്പശാലകളും സംഘടിപ്പിക്കും.

2. സംഗീത നാടക അക്കാദമി :

- എം. എസ്. സുബ്ബലക്ഷ്മി ശതാബ്ദി കർണ്ണാടക സംഗീതോൽസവം സംഘടിപ്പിച്ചു.
- കർണ്ണാടക നാടക അക്കാദമിയുമായി സഹകരിച്ച് കന്നടനാടകോൽസവം ഒക്ടോബർ 23, 24 തീയ്യതികളിൽ തൃശ്ശൂരിൽ വച്ച് സംഘടിപ്പിക്കും.
- കഥകളി മഹോൽസവം ഒക്ടോബർ 30 മുതൽ നവംബർ 4 വരെ പാലക്കാട് വച്ച് സംഘടിപ്പിക്കും.
- ഷഡ്കാല ഗോവിന്ദമാരാർ സംഗീതോത്സവം നവംബർ 4, 5, 6 തീയതികളിൽ എറണാകുളം ജില്ലയിലെ രാമമംഗലത്ത് സംഘടിപ്പിക്കും.
- നവംബർ അവസാനം ദേശീയ ഉപകരണ സംഗീതോൽസവം സംഘടിപ്പിക്കും.
- അമച്വർ നാടക മൽസരം ഡിസംബർ, ജനുവരി മാസങ്ങളിൽ സംഘടിപ്പിക്കും.
- അന്താരാഷ്ട്ര നാടകോൽസവം 2017 ഫെബ്രുവരിയിൽ തൃശ്ശൂരിൽവച്ച് സംഘടിപ്പിക്കും.
- പ്രൊഫഷണൽ നാടക മൽസരം 2017 മാർച്ച്-ഏപ്രിൽ മാസങ്ങളിൽ സംഘടിപ്പിക്കും.
- കഥാപ്രസംഗ മഹോൽസവവും കുച്ചിപ്പുഡി, ഒഡീസി വർക് ഷോപ്പുകളും 2017 മാർച്ച് മാസത്തിൽ സംഘടിപ്പിക്കും.

3. ലളിതകലാ അക്കാദമി :

- കുട്ടികളിൽ ദൃശ്യബോധം വളർത്തുക എന്ന ലക്ഷ്യത്തോടെ കുട്ടികൾക്കായുള്ള കളരികളും മുതിർന്നവർക്കുള്ള ചിത്രപ്രദർശനവും ഉൾക്കൊള്ളിച്ച് ഇരുന്നൂറോളം ക്യാമ്പുകൾ നടത്തും.
- ആദിവാസി ഗോത്ര ജീവിതരീതികളും കലകളും സംരക്ഷിക്കുന്നതിന് അവയുടെ ആവിഷ്കാരത്തിനുള്ള വേദികൾ സൃഷ്ടിക്കുന്നതിനും പദ്ധതികൾ സൃഷ്ടിക്കും.

- ഫോട്ടോഗ്രാഫി, വീഡിയോ ഇൻസ്റ്റലേഷൻ, ഡിജിറ്റൽ ആർട്ട്, പ്രതിഷ്ഠാപനകല,പാരമ്പര്യ കലാരീതികൾ എന്നിവപരിചയപ്പെടുത്തുന്നതിന് പ്രത്യേക ശിൽപ്പശാലകൾ ഗ്രാമതലങ്ങളിൽ സംഘടിപ്പിക്കും.
- കലാമ്യൂസിയങ്ങളും ഗ്രാമങ്ങളിൽ ആർട്ട് ഗാലറിയും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കും.
- വിവിധകലാശാഖകളെ അടിസ്ഥാനപ്പെടുത്തി കമ്മ്യൂണിറ്റി സ്റ്റുഡിയോകൾ സ്ഥാപിക്കും.
- സംസ്ഥാനത്തെ പൊതുഇടങ്ങളിലും വിദ്യാലയങ്ങളിലും ഗ്രാമപ്രദേശങ്ങളിലും ദൃശ്യകലകളെ അടിസ്ഥാനപ്പെടുത്തി ചലച്ചിത്ര പ്രദർശനങ്ങൾ സംഘടിപ്പിക്കും.

4. <u>ഫോക്‌ലോർ അക്കാദമി</u> :

- കോട്ടയം ജില്ലയിലെ മണിമലയിൽ സതേൺ ഫോക്‌ലോർ റിസർച്ച് സെന്ററിന്റെ ഒന്നാംഘട്ടം നിർമ്മാണ പ്രവർത്തനം ഈ വർഷം പൂർത്തീകരിക്കും.
- കണ്ണൂർ കണ്ണപുരം കലാഗ്രാമം നിർമ്മാണപ്രവൃത്തി പൂർത്തീകരിക്കും.
- കണ്യാർകളി, പൊറോട്ട് നാടകം സെമിനാറും ഉൽസവവും പാലക്കാട് വച്ച് സംഘടിപ്പിക്കും.
- തെയ്യം, തിറ മഹോത്സവം കോഴിക്കോട് വച്ച് സംഘടിപ്പിക്കും.
- കോൽകളി മഹോത്സവം കണ്ണൂർ പയ്യന്നൂരിൽ വച്ച് നടത്തും.
- അഖിലേന്ത്യാ ഫോക്‌ലോർ ഫെസ്റ്റിവെൽ കണ്ണൂരിൽ നടത്തും.
- ഗദ്ദിക ഇന്നലെ ഇന്ന് നാളെ എന്ന പേരിൽ പി. കെ. കാളൻ അനുസ്മരണവും ഫോക്‌ലോർ ഫെസ്റ്റും വയനാട്ടിൽ സംഘടിപ്പിക്കും.
- കുട്ടികളുടെ ഫോക്‌ലോർ ക്യാമ്പ് കൊയിലാണ്ടി പൂക്കാട് കലാ ഗ്രാമത്തിൽ സംഘടിപ്പിക്കും.
- ചവിട്ട് നാടകം സെമിനാറും അവതരണവും എറണാകുളത്തുവച്ച് സംഘടിപ്പിക്കും.

അവശ കലാകാരന്മാർക്കുള്ള പെൻഷൻ ഡയറക്ടറേറ്റ് തലത്തിൽ വിതരണം

ചെയ്യുന്നത് നിലവിൽ 750 രൂപയാണ്. ഇത് 1500 രൂപയായി വർദ്ധിപ്പിക്കുന്നതാണ്. മേള പ്രമാണിമാർ, തെയ്യം, പടയണി എന്നീ മേഖലകളിലെ കലാകാരന്മാർക്കുകൂടി പെൻഷൻ പുതുതായി ഏർപ്പെടുത്തുന്നുണ്ട്.

സിനിമാരംഗം :

മലയാള സിനിമാരംഗം നേരിടുന്ന വിവിധങ്ങളായ പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് സർക്കാർ അധികാരത്തിൽ വന്നയുടൻതന്നെ സിനിമാരംഗത്തെ എല്ലാ വിഭാഗം സംഘടനകളുമായും വ്യക്തികളുമായും ചർച്ച നടത്തുകയുണ്ടായി.

ആയിരത്തിലധികം തിയേറ്ററുകളുണ്ടായിരുന്ന കേരളത്തിൽ ഇപ്പോൾ അതിന്റെ പകുതിപോലും പ്രവർത്തിക്കുന്നില്ല. നമ്മുടെ ഗ്രാമങ്ങളിൽ സിനിമ കാണുന്നതിനുള്ള അവസരം ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. റിലീസിംഗ് രംഗത്തെ പ്രശ്നങ്ങളും തിയേറ്ററുകൾ പൂട്ടിപ്പോകുന്നതിന് കാരണമായിട്ടുണ്ട്. ഈ സാഹചര്യത്തിൽ നമ്മുടെ സിനിമാരംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ എടുക്കുന്ന തീരുമാനങ്ങൾക്ക് നൂറ് ശതമാനം പിന്തുണ സിനിമാമേഖലയിലെ ബന്ധപ്പെട്ടവർ വാഗ്ദാനം ചെയ്തിട്ടുണ്ട്.

സർക്കാർ കാലാവധിക്കുള്ളിൽ സംസ്ഥാനമൊട്ടാകെ 200 പുതിയ തിയേറ്ററുകൾ പ്രവർത്തനക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കും. ഇതിൽ നല്ലൊരു പങ്ക് കെ.എസ്.എഫ്.ഡി.സി., ത്രിതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ മുഖാന്തരം നടപ്പിലാക്കും. സ്വകാര്യ സംരംഭകരെയും പുതിയ തിയേറ്ററുകൾ സ്ഥാപിക്കുന്നതിന് പ്രോത്സാഹിപ്പിക്കും.

സിനിമാ തിയേറ്ററുകളിൽ ഇ-ടിക്കറ്റിംഗ് ഏർപ്പെടുത്തും. കൂടാതെ സിനിമയുടെ വൈഡ് റിലീസിംഗ് തെക്കേ ഇന്ത്യൻ സംസ്ഥാനങ്ങളുടെ മാതൃകയിൽ കേരളത്തിലും നടപ്പാക്കും. സിനിമാ വ്യവസായം നേരിടുന്ന വലിയൊരു പ്രതിസന്ധി വ്യാജ വീഡിയോ പൈറസിയാണ്. ഇത് തടയുന്നതിനായുള്ള കർക്കശമായ നിലപാടുകൾ സർക്കാർ കൈക്കൊള്ളും.

ചലച്ചിത്ര അക്കാദമി :

കഴിഞ്ഞ 20 വർഷമായി അന്താരാഷ്ട്ര ഫിലിം ഫെസ്റ്റിവെൽ അടക്കമുള്ള വിവിധ പ്രവർത്തനങ്ങൾ ചലച്ചിത്ര അക്കാദമി വഴിയാണ് നടത്തുന്നത്. എന്നാൽ ചലച്ചിത്ര അക്കാദമിക്ക് സ്വന്തമായ ഓഫീസോ ഫിലിം ഫെസ്റ്റിവെലിനുള്ള സ്ഥിരം സംവിധാനമോ നിലവിലില്ല. ഈ സർക്കാർ അധികാരത്തിൽ വന്നശേഷമുള്ള

ആദ്യത്തെ ബഡ്ജറ്റിൽ സ്ഥിരം ഫിലിം ഫെസ്റ്റിവെൽ ഡയറക്ടറേറ്റ് അടക്കമുള്ള അക്കാദമിയുടെ ആസ്ഥാനമന്ദിരം നിർമ്മിക്കുന്നതിന് 50 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

ചിത്രാഞ്ജലി സ്റ്റുഡിയോ വളപ്പിലെ 10 ഏക്കർ സ്ഥലത്തായിരിക്കും ഫെസ്റ്റിവെൽ കോംപ്ലക്സ് സ്ഥാപിക്കുക. 2500 പേർക്ക് ഇരിക്കാവുന്ന തിയേറ്റർ സൗകര്യം അടക്കമുള്ള വലിയ കൺവെൻഷൻ സെന്റർ, നാല് തിയേറ്ററുകൾ, അന്താരാഷ്ട്ര നിലവാരമുള്ള ഫെസ്റ്റിവെൽ ഡയറക്ടറേറ്റ് എന്നിവയെല്ലാം ഈ സർക്കാരിന്റെ കാലത്ത് നിർമ്മാണപ്രവർത്തനം പൂർത്തീകരിക്കും.

<u>കെ.എസ്.എഫ്.ഡി.സി.</u> :

അടുത്ത അഞ്ചുവർഷത്തിനുള്ളിൽ ചലച്ചിത്രമേഖലയിൽ പുതിയ സാങ്കേതിക വിദ്യയും നവീന ആശയങ്ങളും സംയോജിപ്പിച്ച് വലിയ വികസന കുതിപ്പിനാണ് കെ.എസ്.എഫ്.ഡി.സി. ലക്ഷ്യമിടുന്നത്.

സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നൂറ് തിയേറ്ററുകളുടെ ശൃംഖല കെ.എസ്.എഫ്.ഡി.സി. മുഖേന സ്ഥാപിക്കും. നൂറ് മുതൽ 200 വരെ സീറ്റുകളുള്ള ചെറുതിയേറ്ററുകളായിരിക്കും ഗ്രാമീണ മേഖലയിൽ നിർമ്മിക്കുക.

ചിത്രാഞ്ജലി സ്റ്റുഡിയോ കോംപ്ലക്സ് ആധുനിക രീതിയിൽ നവീകരിക്കും. ആധുനിക ചിത്രീകരണ സ്ഥാപനങ്ങളും ഷൂട്ടിംഗ് ഫ്ലോറുകളും അടങ്ങുന്ന ഫിലിംസിറ്റി 25 കോടി രൂപ ചെലവിൽ സ്ഥാപിക്കും. അതിനുള്ള തുക ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ട്.

ഇതിനുപുറമെ കുട്ടികൾക്കായുള്ള അഡ്വഞ്ചർ സോൺ, ഫൈവ് ഡി തിയേറ്റർ, കേരളത്തിന്റെ നവോത്ഥാന ചരിത്രവും നവോത്ഥാന നായകന്മാരെയും മലയാള സിനിമ ചരിത്രവും എല്ലാം ഏകോപിപ്പിച്ചുകൊണ്ട് സ്ഥിരം ലൈറ്റ് ആന്റ് സൗണ്ട് ഷോ, 40 ഇക്കോ ഫ്രണ്ട്‌ലി കോട്ടേജുകൾ, മ്യൂസിയം, ഫുഡ് കോർട്ട് എന്നിവയും ചിത്രാഞ്ജലി കോംപ്ലക്സിൽ ഒരുക്കും.

ലോകവ്യാപകമായി മലയാള സിനിമ കാണാൻ കഴിയുന്ന രീതിയിൽ ഓൺലൈൻ ചലച്ചിത്രപ്രദർശന സംവിധാനം ആരംഭിക്കും. വിദേശ മലയാളികൾക്കടക്കം ഉപകാരപ്രദമാംവിധം മിതമായ നിരക്കിൽ സിനിമകൾ കാണാനുള്ള സ്ഥിരം സംവിധാനമായിരിക്കുമിത്.

തിയേറ്ററുകളിൽ സിനിമ പ്രദർശിപ്പിക്കുന്നതിന് പുതിയ കേന്ദ്രീകൃത ചലച്ചിത്ര പ്രൊജക്ഷൻ സംവിധാനം കെ.എസ്.എഫ്.ഡി.സി. ആവിഷ്കരിക്കും. നിലവിൽ

ക്യൂബ്/യു.എഫ്.ഒ. പോലുള്ള അന്താരാഷ്ട്ര കുത്തകകൾ കയ്യടക്കി വച്ചിരിക്കുന്ന ഈ രംഗത്ത് വലിയ സാമ്പത്തിക ചൂഷണം നടക്കുന്നുണ്ട്. ഇത് മറികടക്കാൻ തദ്ദേശീയമായി പ്രൊജക്ഷൻ സംവിധാനം നടപ്പാക്കാനാണ് കെ.എസ്.എഫ്.ഡി.സി ഉദ്ദേശിക്കുന്നത്.

<u>സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്</u> :

i. ക്ഷേമനിധി അംഗങ്ങളുടെ പെൻഷൻ ആയിരത്തിൽനിന്നും രണ്ടായിരമായി വർദ്ധിപ്പിക്കും. നിലവിൽ 1900 പേർക്ക് പെൻഷൻ നൽകിവരുന്നു.

ii. ചികിത്സാധനസഹായം 75,000-ത്തിൽ നിന്ന് ഒന്നര ലക്ഷമായി വർദ്ധിപ്പിക്കും.

iii. ക്ഷേമനിധി അംഗങ്ങൾക്ക് വിലകൂടിയമരുന്നുകൾ കുറഞ്ഞവിലയ്ക്ക് ലഭ്യമാക്കും.

iv. കുറഞ്ഞ ചെലവിൽ ചികിത്സ ലഭ്യമാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കും.

v. സ്വന്തമായി ആംബുലൻസ് സൗകര്യം ഏർപ്പെടുത്തും.

സിനിമാരംഗത്തുള്ള താഴെപ്പറയുന്നവരുടെ സ്മരണയ്ക്കും സർക്കാർ പ്രത്യേക പരിഗണന നൽകി.

- പ്രേം നസീർ സ്മാരകം, ചിറയിൻകീഴ് - 25 ലക്ഷം രൂപ
- കലാഭവൻമണി സ്മാരകം, ചാലക്കുടി - 50 ലക്ഷം രൂപ
- ഭരത് മുരളി ഡ്രാമ അക്കാദമി, കുടവട്ടൂർ - 50 ലക്ഷം രൂപ
- ഫെഡറേഷൻ ഓഫ് ഫിലിം സൊസൈറ്റീസ് ഓഫ് ഇന്ത്യ - 50 ലക്ഷം രൂപ
- ഒടുവിൽ ഉണ്ണികൃഷ്ണൻ മെമ്മോറിയൽ, കേരളശ്ശേരി - 25 ലക്ഷം രൂപ
- എ. നരേന്ദ്രപ്രസാദ് മെമ്മോറിയൽ, മാവേലിക്കര - 25 ലക്ഷം രൂപ
- സംഗീതജ്ഞൻ എം.ഡി. രാമനാഥന് കണ്ണമ്പ്രയിൽ സ്മാരകം നിർമ്മിക്കാൻ 50 ലക്ഷം രൂപ

- പത്മശ്രീ രാഘവൻ മാസ്റ്ററുടെ പ്രതിമ തലശ്ശേരിയിൽ സ്ഥാപിക്കുന്നതിന് 10 ലക്ഷം രൂപ.

# അനുബന്ധം -II

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കുടിവെള്ള പദ്ധതികൾ

1 (*211) ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. റോജി എം. ജോൺ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(സി) ഏതെല്ലാം പദ്ധതികൾ പ്രയോജനപ്പെടുത്തിയാണ് ഇത് പൂർത്തീകരിച്ചതെന്ന് വിശദമാക്കുമോ;

(ഡി) സംസ്ഥാനത്ത് എത്ര ലക്ഷം ജനങ്ങൾക്കാണ് ഇതുവഴി കുടിവെള്ളം ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഇ) പൂർത്തിയാക്കാത്ത കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ) കുടിവെള്ള പദ്ധതികളുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചതിനുശേഷം പദ്ധതികളുടെ വിവിധ ഘടകങ്ങൾ ഒരേ സമയം ടെൻഡർ വിളിക്കുകയും കരാർ നൽകുകയും ചെയ്യുന്നതുമൂലം പ്രോജക്ട് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധഘടകങ്ങൾ ഒരേസമയം പൂർത്തിയാക്കാൻ കഴിയുന്നു. പദ്ധതികളുടെ നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കാൻ വിവിധ തലത്തിലുള്ള അവലോകനയോഗങ്ങൾ ചേരുകയും മറ്റ് ഡിപ്പാർട്ട്മെന്റിന്റെ അനുമതികൾ സമയബന്ധിതമായി ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. പദ്ധതികളുടെ പുരോഗതി സമയാസമയം വിലയിരുത്തി ആവശ്യമായ തിരുത്തൽ നടപടികൾ സ്വീകരിക്കുന്നതിനായി ജലഅതോറിറ്റി മാനേജിംഗ്

ഡയറക്ടറുടെ ഓഫീസിൽ പ്രത്യേക മോണിറ്ററിംഗ് യൂണിറ്റും പ്രവർത്തിക്കുന്നുണ്ട്. പദ്ധതി പ്രവർത്തനത്തിൽ പ്രാദേശികമായി ഉണ്ടാകുന്ന തടസ്സങ്ങൾ നീക്കാൻ പ്രാദേശികതലത്തിൽ ജനപ്രതിനിധികളുടെ സഹായസഹകരണത്തോടെ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ജലനിധി കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് കെ.ആർ.ഡബ്ല്യൂ.എസ്.എ. ജനപ്രതി നിധികൾ, സഹായ സംഘടനയിലെ ഉദ്യോഗസ്ഥർ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് പദ്ധതി അവലോകന യോഗങ്ങൾ സംഘടിപ്പിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. കൂടാതെ പദ്ധതിയുടെ ആസൂത്രണ ഘട്ടം മുതൽ പദ്ധതി പൂർത്തീകരണം വരെയുള്ള എല്ലാ പ്രവർത്തനങ്ങൾക്കും കെ.ആർ.ഡബ്ല്യൂ.എസ്.എ.-യും അവർ നിയോഗിച്ച സഹായ സംഘടനയിലെ ഉദ്യോഗസ്ഥരും ഗ്രാമപഞ്ചായത്തിനെയും ഗുണഭോക്തൃ സംഘങ്ങളേയും സഹായിക്കുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം സർക്കിളിനു കീഴിൽ കല്ലിയൂർ, വെങ്ങാനൂർ പഞ്ചായത്തുകൾക്കും വിഴിഞ്ഞം കോർപ്പറേഷൻ ഏരിയയ്ക്കും കോവളം ടൂറിസ്റ്റ് ഏരിയയ്ക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി ഭാഗികമായി പൂർത്തീകരിച്ചു.

കോട്ടയം സർക്കിളിനു കീഴിൽ മണിമല ശുദ്ധജല പദ്ധതി ഭാഗികമായി പൂർത്തീകരിച്ചു.

പത്തനംതിട്ട സർക്കിളിനു കീഴിൽ പന്തളം ശുദ്ധജല വിതരണ പദ്ധതിയും പൂർത്തീകരിച്ചിട്ടുണ്ട്. ജലനിധി രണ്ടാംഘട്ട പദ്ധതി പ്രകാരം 28-9-2016 വരെ 74 കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) തിരുവനന്തപുരം സർക്കിളിനു കീഴിലെ കല്ലിയൂർ, വെങ്ങാനൂർ പദ്ധതി നബാർഡ് പദ്ധതി തുകയായി 2222 ലക്ഷം രൂപയും ടൂറിസം ഡിപ്പാർട്ട്മെന്റിന്റെ ഡെപ്പോസിറ്റ് തുകയായി 1400 ലക്ഷം രൂപയും തിരുവനന്തപുരം കോർപ്പറേഷന്റെ ഡെപ്പോസിറ്റ് തുകയായി 100 ലക്ഷം രൂപയും ചേർത്ത് അടങ്കൽ തുക 3722 ലക്ഷം രൂപയുള്ള പദ്ധതി ഭാഗികമായി പൂർത്തീകരിച്ചു.

കോട്ടയം സർക്കിളിനു കീഴിലെ മണിമല ശുദ്ധജല പദ്ധതി 2138.81 ലക്ഷം രൂപ കേന്ദ്ര ഗവൺമെന്റ് സഹായത്താലും 14 ലക്ഷം രൂപ വരൾച്ചാ ദുരിതാശ്വാസ പദ്ധതിയുടെ ഫണ്ട് ഉപയോഗിച്ചും ഭാഗികമായി പൂർത്തീകരിച്ചു.

പത്തനംതിട്ട സർക്കിളിനു കീഴിലെ പന്തളം ശുദ്ധജല വിതരണ പദ്ധതി, ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പൂർത്തീകരിച്ചത്.

(ഡി) തിരുവനന്തപുരം സർക്കിളിനു കീഴിലെ കല്ലിയൂർ, വെങ്ങാനൂർ പദ്ധതിയിൽനിന്നും 50,000 ജനങ്ങൾക്കും കോട്ടയം സർക്കിളിനു കീഴിലെ മണിമല ശുദ്ധജല പദ്ധതിമൂലം 1000 പേർക്കും പത്തനംതിട്ട സർക്കിളിനു കീഴിലെ പന്തളം ശുദ്ധജലവിതരണ പദ്ധതി വഴി 36,000 പേർക്കും കുടിവെള്ളം ലഭിക്കുന്നതാണ്. ജലനിധി പദ്ധതിവഴി 6511 കുടുംബങ്ങളുടെ 0.29 ലക്ഷം ജനങ്ങൾക്ക് പൂർത്തിയായ 74 പദ്ധതികളിലൂടെ കുടിവെള്ളം ലഭ്യമാക്കുന്നു.

(ഇ) പൂർത്തിയാവാനുള്ള കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

**നഗരമാലിന്യങ്ങൾ വനപ്രദേശങ്ങളിൽ നിക്ഷേപിക്കുന്നതിനെതിരെ നടപടി**

2(*212) ശ്രീ. അബ്ദുൽ ഹമീദ് പി. :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരമാലിന്യങ്ങൾ വനപ്രദേശങ്ങളിൽ നിക്ഷേപിക്കപ്പെടുന്നതു മൂലമുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) നഗരമാലിന്യങ്ങൾ നഗരപ്രദേശങ്ങളിൽ ഉപേക്ഷിക്കുന്നതിന് നിയന്ത്രണങ്ങൾ നിലവിൽ വന്നപ്പോൾ, അവ വനപ്രദേശങ്ങളിൽ ഉപേക്ഷിക്കുന്ന പ്രവണത വർദ്ധിച്ചു എന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ അടിയന്തര ശ്രദ്ധ പതിപ്പിക്കുകയും ആവശ്യമായ നിയന്ത്രണ നടപടി സ്വീകരിക്കുകയും ചെയ്യുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) നഗരമാലിന്യങ്ങൾ വനപ്രദേശങ്ങളിൽ നിക്ഷേപിക്കപ്പെടുന്നതുമൂലം ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് വസ്തുക്കൾ ഉൾപ്പെടെയുള്ള ഖരമാലിന്യങ്ങൾ വനപ്രദേശത്ത് നിക്ഷേപിക്കുന്നതുമൂലം ആ പ്രദേശത്തെ മണ്ണിന്റെ സ്വാഭാവിക ഘടനയെയും ജലസ്രോതസ്സുകളെയും പ്രതികൂലമായി ബാധിക്കും. ഇത് ടി പ്രദേശങ്ങളിലെ സസ്യജാലങ്ങളുടെ സ്വാഭാവിക

വളർച്ച തടസ്സപ്പെടുത്തുകയും വന്യജീവികളുടെ സ്വാഭാവിക ആവാസ വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കുകയും ചെയ്യും. ഇത്തരത്തിൽ ഉപേക്ഷിക്കുന്ന പ്ലാസ്റ്റിക് വസ്തുക്കൾ വന്യമൃഗങ്ങൾ ഭക്ഷിക്കുന്നതായും മരണം സംഭവിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്രകാരം മാലിന്യം ഭക്ഷിക്കുന്നതിനായി വന്യമൃഗങ്ങൾ വനാതിർത്തിയിലേക്ക് നീങ്ങുന്നത് മനുഷ്യ-വന്യജീവി സംഘർഷങ്ങൾ വർദ്ധിക്കുന്നതിന് കാരണമാകും. അറവുശാലകളിൽ നിന്നുൾപ്പെടെയുള്ള മാലിന്യങ്ങൾ വനത്തിൽ സ്ഥിരമായി നിക്ഷേപിക്കുന്നത് മൃഗങ്ങളുടെ ജീവിതരീതിയിലും ഭക്ഷണ ശീലങ്ങളിലും അഭികാമ്യമല്ലാത്ത വ്യതിയാനങ്ങൾ ഉണ്ടാക്കും.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വയനാട്, തൃശ്ശൂർ, ഇടുക്കി, കൊല്ലം എന്നീ ജില്ലകളിലെ വനമേഖലയിലെ ചില പ്രദേശങ്ങളിൽ നഗരമാലിന്യങ്ങൾ നിക്ഷേപിക്കുന്നതായി കണ്ടെത്തുകയും വേണ്ട നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ആവശ്യമായ നിയന്ത്രണ നടപടികൾ സ്വീകരിക്കും. വനപ്രദേശങ്ങളിൽ നഗരമാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിനായി പൊതുജനങ്ങൾക്ക് ബോധവൽക്കരണം, സ്ഥിരമായ പട്രോളിംഗ്, മുന്നറിയിപ്പ് ബോർഡ് സ്ഥാപിക്കൽ മുതലായവ ചെയ്തുവരുന്നുണ്ട്.

വനപ്രദേശങ്ങളിൽ നഗരമാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിനായി സംരക്ഷണ വിഭാഗം ജീവനക്കാർ രാത്രികാലങ്ങളിൽ നടത്തിവരുന്ന പട്രോളിംഗ് കൂടുതൽ ശക്തമാക്കുകയും പോലീസ്, തദ്ദേശസ്വയംഭരണ വകുപ്പ് തുടങ്ങി മറ്റിതര വകുപ്പുകളുമായും ബന്ധപ്പെട്ട് ആവശ്യമായ നടപടി സ്വീകരിക്കും.

**മദ്യവർജ്ജന നയം**

3(*213) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> :
<u>ശ്രീ. എൻ. ഷംസുദ്ദീൻ</u> :
<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> :
<u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യലഭ്യതയിൽ ഓണക്കാലത്ത് വർദ്ധനവ് വരുത്താൻ മദ്യസംഭരണ വിതരണ ഏജൻസി ഏതെങ്കിലും നടപടി സ്വീകരിച്ചിരുന്നോ;

(ബി) വിലകുറഞ്ഞ മദ്യം ഓണക്കാലത്ത് കൂടുതൽ ലഭ്യമാക്കാൻ മദ്യക്കമ്പനികൾക്ക് ബിവറേജസ് കോർപ്പറേഷൻ നിർദ്ദേശം നൽകിയിട്ടുണ്ടായിരുന്നോ;

(സി) ഉണ്ടെങ്കിൽ മദ്യലഭ്യത വർദ്ധിപ്പിച്ചുകൊണ്ടുള്ള മദ്യവർജ്ജന നയം മദ്യ ഉപഭോഗത്തിലും അതിൽ നിന്നുണ്ടാകുന്ന കുറ്റകൃത്യങ്ങളിലും നാശനഷ്ടങ്ങളിലും എങ്ങനെ നിയന്ത്രണം വരുത്തുമെന്നാണ് കരുതുന്നത്; വിശദമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) സ്വീകരിച്ചിരുന്നു. ഓണം, ക്രിസ്തുമസ്, പുതുവത്സരം തുടങ്ങിയ ഉത്സവവേളകളിൽ വ്യാജമദ്യ ദുരന്തങ്ങൾ സംഭവിക്കാതിരിക്കുവാൻ കഴിഞ്ഞ 20-ലേറെ വർഷങ്ങളായി ബിവറേജസ് കോർപ്പറേഷൻ പതിവായി കൂടുതൽ മദ്യം സംഭരിക്കാറുണ്ട്. വിപണിയിൽ മദ്യത്തിന്റെ ദൗർലഭ്യം ഒരു കാരണവശാലും അനുഭവപ്പെടരുത് എന്ന് ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായാണ് ഉത്സവവേളകളിൽ കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ സംഭരിച്ച് വയ്ക്കുന്ന മദ്യത്തിന്റെ അളവ് വർദ്ധിപ്പിക്കുന്നത്.

(ബി) വിപണിയിൽ വില കുറഞ്ഞ ഇനം മദ്യത്തിന്റെ ദൗർലഭ്യത്താൽ ഉപഭോക്താക്കൾ വ്യാജമദ്യം ഉപയോഗിക്കപ്പെട്ടാൽ ഉണ്ടായേക്കാവുന്ന മദ്യദുരന്തം ഒഴിവാക്കുക എന്ന ലക്ഷ്യത്തോടെ കഴിഞ്ഞ കുറെ വർഷങ്ങളായി പൊതുമേഖല സ്ഥാപനമായ തിരുവല്ല, ട്രാവൻകൂർ ഷുഗേഴ്സ് & കെമിക്കൽസ് ലിമിറ്റഡിൽ നിർമ്മിക്കപ്പെടുന്ന ജവാൻ റം ഉൾപ്പെടെയുള്ള വില കുറഞ്ഞ മദ്യങ്ങൾക്ക് ബിവറേജസ് കോർപ്പറേഷൻ പരിധിയില്ലാതെയാണ് ഓർഡറുകൾ നൽകിവരുന്നത്. ഇതിലുപരി, ഓണക്കാലത്ത് വിലകുറഞ്ഞ ഇനം മദ്യങ്ങൾ വേണ്ടത്ര ലഭ്യമാക്കുന്നതിനുവേണ്ടി എല്ലാ മദ്യകമ്പനികൾക്കും നോട്ടീസ് നൽകിയിരുന്നു.

(സി) ഉത്സവവേളകളിൽ ആവശ്യാനുസരണം മദ്യം സംഭരിക്കുന്നതിന് ബിവറേജസ് കോർപ്പറേഷൻ നടപടി സ്വീകരിക്കാറുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ എല്ലാ മദ്യവിതരണ കമ്പനികൾക്കും 'പർച്ചേസ് ഓർഡറുകൾ' വർദ്ധിപ്പിച്ച് നൽകാറുമുണ്ട്. ഈ പ്രക്രിയ വർഷങ്ങളായി തുടർന്നുവരുന്നതാണ്. ഈ കാലയളവിൽ പ്രത്യേക ശ്രദ്ധ നൽകി എക്സൈസ് വകുപ്പ് വളരെ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തുകയും കുറ്റകൃത്യങ്ങൾ തടയുകയും ചെയ്തിട്ടുണ്ട്.

മദ്യപാനശീലത്തെ പ്രോത്സാഹിപ്പിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. ലഹരി വസ്തുക്കൾക്കെതിരായ ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് മദ്യവർജ്ജനത്തിന് ഊന്നൽ നൽകുന്ന ഒരു മദ്യനയമാണ് സർക്കാർ ലക്ഷ്യമിടുന്നത്. മദ്യപാനത്തെ ഉദാത്തവൽക്കരിക്കുന്ന സാമൂഹ്യശീലങ്ങളിൽനിന്നും മുഴുവൻ ജനങ്ങളെയും ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ വിമുക്തമാക്കുകയാണ് ഈ സർക്കാരിന്റെ ലക്ഷ്യം.

**മദ്യ ഉപഭോഗം**

4(*214) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. എം. സ്വരാജ് :
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ മദ്യനയം കൊണ്ട് സംസ്ഥാനത്തെ മദ്യ ഉപഭോഗം കാര്യമായി കുറഞ്ഞിട്ടില്ലാത്തതിനാൽ മദ്യ ഉപഭോഗം കുറയ്ക്കാനുതകുന്ന ഫലപ്രദമായ മദ്യനയം രൂപീകരിക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) മദ്യം ഉൾപ്പെടെയുള്ള ലഹരി വസ്തുക്കളുടെ ഉപഭോഗത്തിനെതിരായ വ്യാപകമായ പ്രചരണത്തിലൂടെ മദ്യ ഉപഭോഗം കുറയ്ക്കാനായി സർക്കാരിന്റെ ഭാഗത്തുനിന്ന് ശ്രമമുണ്ടാകുമോ;

(സി) വ്യാജമദ്യ ലഭ്യത ഇല്ലാതാക്കാനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി വ്യക്തമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) കേരളത്തിൽ വർദ്ധിച്ചുവരുന്ന മദ്യ ഉപഭോഗവും അതിൽനിന്നും ഉടലെടുക്കുന്ന ആരോഗ്യ സാമൂഹിക പ്രശ്നങ്ങളും സർക്കാർ വളരെ ഗൗരവത്തോടെയാണ് വീക്ഷിക്കുന്നത്. മദ്യപാനശീലത്തെ നിരുൽസാഹപ്പെടുത്തുന്നതിനും മദ്യ-ലഹരി വസ്തുക്കൾക്കെതിരെ ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് മദ്യവർജ്ജനത്തിന് ഊന്നൽ നൽകുന്ന മദ്യനയമാണ് സർക്കാർ ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നത്. മദ്യപാനത്തെ ഉദാത്തവൽക്കരിക്കുന്ന സാമൂഹ്യശീലങ്ങളിൽനിന്നും മുഴുവൻ ജനങ്ങളെയും ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ വിമുക്തമാക്കുകയാണ് ഈ സർക്കാരിന്റെ ലക്ഷ്യം.

(ബി) മദ്യം ഉൾപ്പെടെയുള്ള ലഹരിവസ്തുക്കളുടെ ഉപഭോഗത്തിനെതിരായ ബോധവൽക്കരണപ്രവർത്തനം ഒരു ജനകീയ പ്രസ്ഥാനമായി വളർത്തിയെടുക്കുവാനായി ഒരു ബോധവൽക്കരണ മിഷനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ബോധവൽക്കരണ പ്രവർത്തനങ്ങളുടെ പ്രചരണാർത്ഥം ലഹരിവിരുദ്ധ സെമിനാർ, ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസ്സ്, ലഹരിവിരുദ്ധ ബോധവൽക്കരണ സ്റ്റാളുകൾ തുടങ്ങിയവ എക്സൈസ് വകുപ്പ് ഏറ്റെടുത്ത് നടത്തുന്നുണ്ട്. ഒരു ബോധവൽക്കരണ മിഷൻ രൂപീകരിച്ച് അതിലൂടെ കുടുംബശ്രീ, റസിഡൻസ് അസോസിയേഷനുകൾ, നാഷണൽ സർവ്വീസ് സ്കീം, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതി എന്നിവയുമായി ചേർന്നും വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ, വിവിധ എൻ.ജി.ഒ.-കൾ എന്നിവരുടെ കൂട്ടായ്മയോടെയും വ്യാപകമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. നിലവിൽ സ്കൂൾ, കോളേജ് തലങ്ങളിൽ പ്രവർത്തിക്കുന്ന 1993 ലഹരിവിരുദ്ധ ക്ലബ്ബുകളെ ശക്തിപ്പെടുത്തുവാനും കൂടുതൽ വിദ്യാലയങ്ങളിലേക്ക് വ്യാപിപ്പിക്കുവാനും ഈ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. വിവിധ മാധ്യമങ്ങളിലൂടെ മദ്യലഹരി വിരുദ്ധ ബോധവൽക്കരണ സന്ദേശങ്ങൾ പ്രസിദ്ധീകരിക്കുന്നതിനും ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് അനധികൃത മദ്യത്തിന്റെയും ലഹരി പദാർത്ഥങ്ങളുടെയും ലഭ്യത തടയുന്നതിന് എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. മയക്കുമരുന്നുകളുടെയും മദ്യത്തിന്റെയും ഉപഭോഗംമൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളെ സംബന്ധിച്ച് പൊതുജനങ്ങളിൽ, പ്രത്യേകിച്ച് യുവജനങ്ങൾക്കിടയിൽ അവബോധം ഉണ്ടാക്കുന്നതിന് ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങളാണ് സംസ്ഥാനതലത്തിൽ എക്സൈസ് വകുപ്പ് നടപ്പിലാക്കിവരുന്നത്. കൂടാതെ നിലവിൽ മദ്യ-മയക്കുമരുന്ന് വ്യാപനം തടയുന്നതിനായി എക്സൈസ് ഷാഡോ സംവിധാനം ഉൾപ്പെടെയുള്ള പ്രവർത്തന ങ്ങളിലൂടെ എൻഫോഴ്സ്മെന്റ് ശക്തമാക്കിയിട്ടുണ്ട്. എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള സ്ക്വാഡും പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ അന്യ സംസ്ഥാനങ്ങളിൽ നിന്നും അനധികൃത മദ്യവും ലഹരി പദാർത്ഥങ്ങളും സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിനായി എക്സൈസ് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനവും അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകളുടെ പ്രവർത്തനവും ശക്തിപ്പെടുത്തിയിട്ടുണ്ട്. ട്രെയിൻ മുഖാന്തരമുള്ള മദ്യത്തിന്റെയും ലഹരിവസ്തുക്കളുടെയും കടത്ത് തടയുന്നതിന് പോലീസ്,

റെയിൽവേ, ആർ.പി.എഫ്. വിഭാഗങ്ങളുമായി സഹകരിച്ച് കർശനമായ പരിശോധനകൾ നടത്തുന്നുണ്ട്. ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ച് എക്സൈസ് കമ്മീഷണർക്ക് ലഭിക്കുന്ന രഹസ്യ വിവരങ്ങളും പരാതികളും 24 മണിക്കൂറിനകം പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

## പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുള്ള ചികിത്സാ സൗകര്യങ്ങൾ

5(*215) ശ്രീ. കെ. ബാബു :
ശ്രീ. പി. വി. അൻവർ :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിയിലും പട്ടികഗോത്രവർഗ്ഗത്തിലുംപെട്ട നിരവധി പേർക്ക് സാമ്പത്തികപ്രതിസന്ധി കാരണം മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ ഉപയോഗപ്പെടുത്താൻ കഴിയുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവർക്ക് വിദഗ്ധ ചികിത്സക്കായി പ്രത്യേക ഇൻഷ്വറൻസ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ;

(സി) വിദൂര ആവാസ കേന്ദ്രങ്ങളിൽ വസിക്കുന്ന പട്ടികഗോത്ര വർഗ്ഗക്കാർക്കായി സഞ്ചരിക്കുന്ന ക്ലിനിക്കുകൾ ആരംഭിക്കുമോ?

പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പട്ടികജാതിയിൽപ്പെട്ടവർക്ക് വിദഗ്ധ ചികിത്സയ്ക്കായി പ്രത്യേക ഇൻഷ്വറൻസ് പദ്ധതി ആവിഷ്കരിച്ചിട്ടില്ല. പൊതുവായി ആവിഷ്കരിച്ചിട്ടുള്ള ചികിത്സാ പദ്ധതിയായ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഭൂരിഭാഗം പട്ടികജാതി കുടുംബങ്ങളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗക്കാരുടെ സൗജന്യ ചികിത്സയ്ക്കായി സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി, ജനനിരക്ഷാ പദ്ധതി, അരിവാൾ രോഗങ്ങൾക്ക് സമാശ്വാസ ധനസഹായം നൽകുന്ന പദ്ധതി എന്നിവ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കൂടാതെ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ

നിധിയിൽനിന്നും ഗുരുതരമായ രോഗം ബാധിച്ചവർക്ക് 50,000 രൂപ മുതൽ 1,00,000 രൂപ വരെയും അല്ലാത്തവർക്ക് രോഗത്തിന്റെ തീവ്രതയനുസരിച്ചും ചികിത്സാ ധനസഹായം അനുവദിക്കുന്നുണ്ട്.

(സി) വിദൂര ആവാസ കേന്ദ്രങ്ങളിൽ വസിക്കുന്ന പട്ടികഗോത്ര വർഗ്ഗക്കാർക്കായി 6 മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

**നാട്ടാന പരിപാലനം**

6(*216) ശ്രീ.പി. കെ. ബഷീർ:
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. അബ്ദുൽ ഹമീദ് പി. :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടാനകളുടെ രജിസ്ട്രേഷനിലും പരിപാലനത്തിലും കാലോചിത മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) നാട്ടാനകളോടുള്ള പാപ്പാന്മാരുടെ ക്രൂരത നിയന്ത്രിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) വൈൽഡ് ലൈഫ് എസ്.ഒ.എസ്. എന്ന സന്നദ്ധ സംഘടനയുടെ സഹായം ഇക്കാര്യത്തിൽ ഉപയോഗപ്പെടുത്തുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) നാട്ടാനകളെ രജിസ്റ്റർ ചെയ്യാൻ വന്യജീവി സംരക്ഷണ നിയമം അനുശാസിക്കുന്നില്ലെങ്കിലും 5-12-2008-ൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച സർക്കുലർ പ്രകാരം നാട്ടാനകൾക്ക് മൈക്രോചിപ്പ് ഘടിപ്പിച്ച് രജിസ്റ്റർ ചെയ്തിരുന്നു. കൂടാതെ ബഹു. സുപ്രീം കോടതിയിൽ വിചാരണയിലിരിക്കുന്ന WP(C)743/2014 കേസ്സിലെ 18-8-2015-ലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ അമ്പലങ്ങളും ദേവസ്വങ്ങളും 2012-ലെ നാട്ടാന പരിപാലന ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള ജില്ലാതല കമ്മിറ്റി മുമ്പാകെ രജിസ്റ്റർ ചെയ്യണമെന്ന് നിർദ്ദേശിച്ചിരുന്നു.

ഇന്ത്യയിലാദ്യമായി നാട്ടാനകളുടെ സംരക്ഷണത്തിനും ആരോഗ്യ പരിപാലനത്തിനുമായി ചട്ടങ്ങൾ രൂപീകരിച്ചിട്ടുള്ളത് കേരള സംസ്ഥാനത്തിലാണ്.

1972-ലെ വന്യജീവി സംരക്ഷണ നിയമത്തിലെ സെക്ഷൻ 64(2) പ്രകാരം സംസ്ഥാന സർക്കാരിനുള്ള പ്രത്യേക അവകാശമുപയോഗിച്ചാണ് 2003-ൽ കേരള നാട്ടാന പരിപാലന ചട്ടം (Kerala Captive Elephants Management and Maintenance Rules, 2003) പ്രാബല്യത്തിൽ കൊണ്ടുവന്നത്. ഈ ചട്ടങ്ങളിൽ ഭേദഗതികൾ വരുത്തി, വീണ്ടും 2012-ൽ Kerala Captive Elephants Management and Maintenance Rules, 2012 നിലവിൽ വന്നു. കാലോചിതമായ മാറ്റങ്ങൾ വരുത്തിയാണ് 2012 ഡിസംബർ 18-ന് സർക്കാർ ടി ചട്ടം വിജ്ഞാപനം ചെയ്തിട്ടുള്ളത്. 8-1-2008-ൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച സർക്കുലറിലെ നിർദ്ദേശങ്ങളും കൂടി പരിഗണിച്ചാണ് 2012-ലെ ചട്ടങ്ങൾ രൂപീകരിച്ചത്. ആയതിൽ മാറ്റങ്ങൾ വരുത്തുന്നതിനായുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

(ബി) നാട്ടാനകളോട് പാപ്പാന്മാർ ക്രൂരത കാട്ടുന്നത് തടയുന്നതിനായുള്ള നിബന്ധനകൾ 2012-ലെ കേരള നാട്ടാന പരിപാലന ചട്ടത്തിൽ തന്നെ നിഷ്കർഷിച്ചിട്ടുണ്ട്. നാട്ടാനകളെ ഉപദ്രവിക്കുന്നത് തടയുന്നതിനായി, നാട്ടാനകളെ നിയന്ത്രിക്കുന്നതിന് ഇരുമ്പ് കൊണ്ടുള്ള തോട്ടി നിരോധിച്ചുകൊണ്ട് 2015-ൽ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനുപുറമെ ആനപരിപാലനത്തിൽ പാപ്പാന്മാർക്ക് പരിശീലനം നൽകുന്നുമുണ്ട്.

(സി) നാട്ടാനകൾക്ക് ശരിയായ പരിപാലനം നൽകുന്ന വിഷയത്തിൽ വൈൽഡ് ലൈഫ് എസ്.ഒ.എസ്. എന്ന സംഘടനയുടെ സഹായം സ്വീകരിക്കേണ്ടതുണ്ടോ എന്ന് സർക്കാർ തീരുമാനമെടുത്തിട്ടില്ല.

**മദ്യവർജ്ജന നയം**

7(*217) <u>ശ്രീ. പി. ടി. തോമസ്</u> :

<u>ശ്രീ. അടൂർ പ്രകാശ്</u> :

<u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഘട്ടംഘട്ടമായി മദ്യനിരോധനം നടപ്പിലാക്കാനുള്ള മുൻ സർക്കാരിന്റെ നയം മാററുന്നതിന് ആലോചിക്കുന്നുണ്ടോ;

(ബി) ഓരോ വർഷവും ഒക്ടോബർ 2-ന് ബിവറേജസ് കോർപ്പറേഷന്റെ 10 ശതമാനം വില്പന കേന്ദ്രങ്ങൾ പൂട്ടുവാനുള്ള മുൻസർക്കാരിന്റെ ഉത്തരവ് മാറ്റുന്നതിന് ഉദ്ദേശ്യമുണ്ടോ; ഉണ്ടെങ്കിൽ ഇതിനുള്ള സാഹചര്യം വ്യക്തമാക്കാമോ;

(സി) ഇക്കഴിഞ്ഞ ഓണക്കാലത്ത് ബിവറേജസ് കോർപ്പറേഷൻ ഔട്ട്ലെറ്റു വഴി എത്ര കോടി രൂപയുടെ മദ്യം വില്പന നടത്തുകയുണ്ടായി;

(ഡി) മുൻവർഷത്തെ അപേക്ഷിച്ച് മദ്യവില്പനയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ;

(ഇ) 2014, 2015 എന്നീ വർഷങ്ങളിൽ ഓണക്കാലത്ത് വില്പനയിൽ മുൻ വർഷത്തെ അപേക്ഷിച്ച് കുറവ് വന്നപ്പോൾ, ഈ വർഷം വർദ്ധനവ് രേഖപ്പെടുത്തുവാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ;

(എഫ്) മദ്യവർജ്ജനമെന്ന നയം നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടി വിശദീകരിക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) മദ്യനിരോധനം ഈ സർക്കാരിന്റെ നയമല്ല. മദ്യവർജ്ജനത്തിന് ഊന്നൽ നൽകുന്ന മദ്യനയമാണ് ഉദ്ദേശിക്കുന്നത്.

(ബി) ഉണ്ട്. 1-10-2016-ലെ സർക്കാർ ഉത്തരവ് (എം എസ്.) 92/2016/നി.വ. പ്രകാരം നിലവിലെ FL-1 ഷോപ്പുകൾ തുടരുവാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. FL-1 ഷോപ്പുകൾ നിർത്തലാക്കിയിട്ടുള്ള സ്ഥലങ്ങളിൽ മദ്യലഭ്യത കുറഞ്ഞതുമൂലം അനധികൃത മദ്യത്തിന്റെ ഉല്പാദനവും വിപണനവും കൂടിയതായി 2014, 2015 വർഷങ്ങളിൽ എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുള്ള അബ്കാരി/NDPS കേസുകൾ വ്യക്തമാക്കുന്നു. കൂടാതെ എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി ലഹരിവസ്തുക്കളുടെ ലഭ്യതയും വിപണനവും കർശനമായി നിയന്ത്രിച്ചു വരുന്നുണ്ടെങ്കിലും പലയിടങ്ങളിലും മദ്യലഭ്യത കുറഞ്ഞതോടെ മയക്കുമരുന്ന്/കഞ്ചാവ്/മറ്റ് ലഹരിപദാർത്ഥങ്ങൾ എന്നിവയുടെ കള്ളക്കടത്ത്, വില്പന, ഉപഭോഗം എന്നിവ വർദ്ധിച്ചു വരുന്നതായും എക്സൈസ് കമ്മീഷണർ ചൂണ്ടിക്കാട്ടിയിരുന്നു.

(സി) 2016-ലെ ഓണക്കാലത്ത് കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ (6-9-2016 മുതൽ 15-9-2016 വരെ) 494.12 കോടി രൂപയുടെ മദ്യം വില്പന നടത്തുകയുണ്ടായി.

(ഡി) 2016-17 സാമ്പത്തിക വർഷത്തെ (ഏപ്രിൽ മുതൽ ആഗസ്റ്റ് വരെ) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ വിദേശമദ്യ വില്പനയിൽ 2015-16 സാമ്പത്തിക വർഷത്തെ വില്പനയെക്കാൾ (ഏപ്രിൽ മുതൽ ആഗസ്റ്റ് വരെ) 3.29 ലക്ഷം കെയ്സുകളുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.(4% വർദ്ധനവ്).ടി കാലയളവിലെ ബിയർ വില്പനയിൽ 1.02 ലക്ഷം കെയ്സുകളുടെ വർദ്ധനവും ഉണ്ടായിട്ടുണ്ട് (2% വർദ്ധനവ്). കൂടാതെ ഈ കാലയളവിൽ വില്പനമൂല്യത്തിൽ 173 കോടി രൂപയുടെ വർദ്ധനവും (4%) ഉണ്ടായിട്ടുണ്ട്.

2015-16 സാമ്പത്തിക വർഷത്തിലെ ഓണക്കാലത്തെ 10 ദിവസങ്ങളിലെ കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ ആകെ വിറ്റുവരവ് 433.70 കോടി

രൂപയായിരുന്നു. എന്നാൽ 2016-17 സാമ്പത്തിക വർഷത്തിലെ ഓണക്കാലത്തെ 10 ദിവസങ്ങളിലെ കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ ആകെ വിറ്റുവരവ് 494.12 കോടി രൂപയാണ്. വിറ്റുവരവിൽ 60.42 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായി.

(ഇ) എല്ലാ വർഷവും ഓണക്കാലങ്ങളിൽ കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന് മുൻകാലങ്ങളെക്കാൾ വിറ്റുവരവ് ഉണ്ടാകാറുണ്ട്. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2014-ലെ ഓണക്കാലത്ത് കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ 10 ദിവസങ്ങളിലെ വിറ്റുവരവ് 2013-ലെ ഓണക്കാലത്തെ വിറ്റുവരവിനെക്കാൾ 4.33 കോടി രൂപ കൂടുതലായിരുന്നു.

2015-ലെ ഓണക്കാലത്ത് കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ 10 ദിവസങ്ങളിലെ വിറ്റുവര് 2014-ലെ ഓണക്കാലത്തെ വിറ്റുവരവിനെക്കാൾ 104.01 കോടി രൂപ കൂടുതലായിരുന്നു.

2016-ലെ ഓണക്കാലത്ത് കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ 10 ദിവസങ്ങളിലെ വിറ്റുവര് 2015-ലെ ഓണക്കാലത്തെ വിറ്റുവരവിനെക്കാൾ 60.42 കോടി രൂപ കൂടുതലായിരുന്നു.

(എഫ്) കേരളത്തിൽ വർദ്ധിച്ചുവരുന്ന മദ്യാസക്തി, അതിൽനിന്നും ഉടലെടുക്കുന്ന ആരോഗ്യ-സാമൂഹികപ്രശ്നങ്ങളും സർക്കാർ വളരെ ഗൗരവത്തോടെയാണ് വീക്ഷിക്കുന്നത്. സംസ്ഥാനത്ത് മയക്കുമരുന്ന് വ്യാപനത്തിനെതിരെ എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും വ്യാപകമായ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു. ലഹരിവസ്തുക്കൾമൂലമുള്ള ആരോഗ്യപ്രശ്നങ്ങളെ സംബന്ധിച്ച് പൊതുജനങ്ങളിൽ പ്രത്യേകിച്ച് വിദ്യാർത്ഥി-യുവജനങ്ങൾക്കിടയിൽ വമ്പിച്ച ബോധവൽക്കരണ പ്രവർത്തനങ്ങളാണ് സംസ്ഥാനതലത്തിൽ എക്സൈസ് വകുപ്പ് നടപ്പിലാക്കിവരുന്നത്.

മദ്യത്തിന്റെയും ലഹരിപദാർത്ഥങ്ങളുടെയും ദൂഷ്യവശങ്ങളെ സംബന്ധിച്ച് വിദ്യാർത്ഥികളെയും യുവജനങ്ങളെയും ബോധവൽക്കരിക്കുന്നതിന് എക്സൈസ് കമ്മീഷണർ നേരിട്ട് 100-ലധികം സ്കൂളുകളിലും കോളേജുകളിലും ക്ലാസ്സുകൾ നടത്തുകയുണ്ടായി. കേരളത്തിൽ വർദ്ധിച്ചുവരുന്ന മദ്യ-ലഹരി ഉപഭോഗവും അതിൽനിന്നും ഉടലെടുക്കുന്ന ആരോഗ്യ സാമൂഹിക പ്രശ്നങ്ങളിൽനിന്നും മുഴുവൻ

ജനങ്ങളെയും ബോധവൽക്കരിക്കുന്നതിനായി ഒരു ബോധവൽക്കരണ മിഷൻ രൂപീകരിച്ച് കുടുംബശ്രീ, റസിഡൻസ് അസോസിയേഷനുകൾ, നാഷണൽ സർവ്വീസ് സ്കീം, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതി, വിദ്യാർത്ഥി-യുവജന മഹിളാ സംഘടനകൾ, വിവിധ എൻ.ജി.ഒ.കൾ എന്നിവരുടെ കൂട്ടായ്മയോടെ വ്യാപകമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു.

## ഹാംലറ്റ് വികസന പദ്ധതി

8(*218) ശ്രീ. പി. കെ. ശശി :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക വർഗ്ഗ വിഭാഗത്തിന്റെ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഹാംലറ്റ് വികസന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) ഏതെല്ലാം പട്ടികവർഗ്ഗ സങ്കേതങ്ങളിലാണ് പ്രസ്തുത പദ്ധതി ഇതിനോടകം നടപ്പിലാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത പദ്ധതിയിൽ വീടുകളുടെ നിർമ്മാണം ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ&ബി) ഉണ്ട്. പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സമഗ്രവികസനം ലക്ഷ്യമിട്ടുള്ള ടി പദ്ധതിയിൽ വീടുകളുടെ പുനരുദ്ധാരണം, കക്കൂസ്-കുളിമുറി എന്നിവയുടെ നിർമ്മാണം, വീട് വൈദ്യുതീകരണം, മേൽക്കൂര കോൺക്രീറ്റ്, കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം, റോഡ്/പാലം നിർമ്മാണം, അംഗൻവാടി

റിപ്പയർ, മഴവെള്ള സംഭരണിയുടെ നിർമ്മാണം, വാലായ്മപ്പുര നിർമ്മാണം, മൃഗസംരക്ഷണം, കൃഷി വികസനം, മണ്ണ് സംരക്ഷണം, സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ, സ്കൂൾ വിദ്യാർത്ഥികൾക്ക് ഫർണീച്ചർ തുടങ്ങിയവ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) തെരഞ്ഞെടുത്ത പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ഒരു കോടി രൂപ വീതം ചെലവഴിച്ച് ഹാംലറ്റ് വികസന പദ്ധതി നടപ്പിലാക്കിവരുന്നു. ടി പദ്ധതി പ്രകാരം 2013-14 വർഷം 18 പട്ടികവർഗ്ഗ സങ്കേതങ്ങളിലും 2014-15 വർഷം 25 പട്ടികവർഗ്ഗ സങ്കേതങ്ങളിലും, 2015-16 വർഷം 6 പട്ടികവർഗ്ഗ സങ്കേതങ്ങളിലും പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. സങ്കേതങ്ങളുടെ വിവരം അനുബന്ധം 1* ആയി ചേർക്കുന്നു.

(ഡി) പ്രസ്തുത പദ്ധതിയിൽ വീടുകളുടെ നിർമ്മാണം ഉൾപ്പെടുത്തിയിട്ടില്ല. മലപ്പുറം ജില്ലയിൽ നിലമ്പൂർ ചാലിയാർ ഗ്രാമപഞ്ചായത്തിലെ പെരുവമ്പാടം പണിയ കോളനി 2013-14 സാമ്പത്തിക വർഷത്തെ ഹാംലറ്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ ഭവനനിർമ്മാണം ഉൾപ്പെടാത്ത ഒരു അടിസ്ഥാന സൗകര്യ വികസനവും ഈ സ്ഥലത്ത് അനുവദിക്കുകയില്ലായെന്ന് കോളനിക്കാർ അറിയിക്കുകയും ഉപരോധസമരവും ഉപവാസവും നടത്തുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ടി കോളനിയിൽ 412 സ്ക്വ. ഫീറ്റ് വിസ്തൃതിയിലുള്ള 20 വീടുകൾ നിർമ്മിക്കുന്നതിന് വീടൊന്നിന് 4,37,038 രൂപ നിരക്കിലുള്ള എസ്റ്റിമേറ്റ് പ്രകാരം ജില്ലാ നിർമ്മിതി കേന്ദ്രത്തെ നിർമ്മാണം ഏൽപ്പിക്കുകയും ഇവയുടെ നിർമ്മാണം പുരോഗമിച്ചുവരികയും ചെയ്യുന്നു.

**മയക്കുമരുന്നിന്റെ ഉപയോഗം**

9(*219) ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. എൻ . എ. നെല്ലിക്കുന്ന് :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

യുവജനങ്ങളിലും വിദ്യാർത്ഥികളിലും മയക്കുമരുന്നിന്റെ ഉപയോഗം ഉണ്ടാക്കുന്ന ഗുരുതര സാമൂഹ്യപ്രശ്നം ശാസ്ത്രീയമായി അപഗ്രഥിച്ച് ഇതിന് ശാശ്വതമായ പരിഹാരമുണ്ടാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

യുവജനങ്ങളിലും വിദ്യാർത്ഥികളിലും മയക്കുമരുന്നിന്റെ ഉപയോഗം മൂലം ഉണ്ടാകുന്ന ഗുരുതര സാമൂഹ്യ പ്രശ്നത്തിന് പരിഹാരമുണ്ടാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് എക്സൈസ് വകുപ്പിന്റെ സഹകരണത്തോടെ സ്കൂൾ-കോളേജ് തലങ്ങളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. മയക്കുമരുന്നിന്റെ ഉപയോഗം മൂലമുണ്ടാകുന്ന കുറ്റകൃത്യങ്ങൾ സംബന്ധിച്ച വിവരങ്ങളും പരാതികളും പൊതുജനങ്ങളിൽ നിന്നും സ്വീകരിക്കുന്നതിന് 9061178000 എന്ന വാട്ട്സ്-അപ്പ് നമ്പറിൽ സംവിധാനം ആരംഭിക്കുകയും 155358 എന്ന ടോൾഫ്രീ നമ്പർ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

കേരളത്തിൽ വർദ്ധിച്ചുവരുന്ന മദ്യ-ലഹരി ഉപഭോഗവും അതിൽനിന്നും ഉടലെടുക്കുന്ന ആരോഗ്യ സാമൂഹിക പ്രശ്നങ്ങളിൽ നിന്നും മുഴുവൻ ജനങ്ങളെയും ബോധവൽക്കരിക്കുന്നതിനായി ഒരു ബോധവൽക്കരണ മിഷൻ രൂപീകരിച്ച് കുടുംബശ്രീ, റസിഡൻസ് അസോസിയേഷനുകൾ, നാഷണൽ സർവ്വീസ് സ്കീം, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതി, വിദ്യാർത്ഥി-യുവജന മഹിളാ സംഘടനകൾ, വിവിധ എൻ.ജി.ഒ.-കൾ എന്നിവരുടെ കൂട്ടായ്മയോടെ വ്യാപകമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ സർക്കാർ ലക്ഷ്യമിടുന്നു.

നിലവിലെ എൻ.ഡി.പി.എസ്. നിയമപ്രകാരം 999 ഗ്രാം വരെ കഞ്ചാവ് കൈവശം വച്ച് കൈകാര്യം ചെയ്യുന്ന കുറ്റവാളികൾക്ക് ലഭിക്കുന്ന ശിക്ഷ തുലോം കുറവായതിനാൽ, കുറ്റകൃത്യങ്ങൾ കൂടിവരുന്ന സാഹചര്യത്തിൽ കേന്ദ്ര നിയമമായ എൻ.ഡി.പി.എസ്. ആക്ട് 1985-ൽ ചില നിർണ്ണായക ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് കേന്ദ്ര സർക്കാരിലേക്ക് ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

**കായൽ സംരക്ഷണം**

10(*220) <u>ശ്രീ. എം. നൗഷാദ്</u> :

<u>ശ്രീ. എ. എം. ആരിഫ്</u> :

<u>ശ്രീമതി വീണാ ജോർജ്ജ്</u> :

<u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്താംകോട്ട, വേമ്പനാട്, അഷ്ടമുടി തുടങ്ങിയ കായലുകൾ, കയ്യേറ്റം കൊണ്ടും മാലിന്യ നിക്ഷേപം കൊണ്ടും നേരിടുന്ന ഗുരുതരമായ പ്രശ്നം പരിഹരിക്കാൻ എന്തെങ്കിലും പദ്ധതിയുണ്ടോ;

(ബി) കായൽ സംരക്ഷണ സമിതി രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം അറിയിക്കാമോ;

(സി) ജൈവ, അജൈവ മാലിന്യങ്ങൾ പുറന്തള്ളുന്ന ഹൗസ് ബോട്ടുകൾ ഉൾപ്പെടെയുള്ളവയെ കർശനമായി നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ) ബന്ധപ്പെട്ട ജലസേചന, റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർ തദ്ദേശ സ്ഥാപനങ്ങളുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ നിരന്തര സ്ഥലപരിശോധന നടത്തി ശാസ്താംകോട്ട, വേമ്പനാട്, അഷ്ടമുടി തുടങ്ങിയ കായലുകൾ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകളുടെ കയ്യേറ്റം തടയുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, പാർപ്പിട സമുച്ചയങ്ങൾ, വലിയ ഹോട്ടലുകൾ, റിസോർട്ടുകൾ എന്നിവയെ ജലനിയമപ്രകാരമുള്ള അനുമതി പരിധിയിൽ കൊണ്ടുവന്ന് ശാസ്ത്രീയമായ ശുചീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയും അതിന്റെ പ്രവർത്തനം നിരീക്ഷിച്ചും മലിനീകരണ നിയന്ത്രണബോർഡ് ജലമലിനീകരണം നിയന്ത്രിച്ചുവരുന്നു. തടാകത്തിന്റെ ഹരിതവൽക്കരണത്തിനായി സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് 10.35 ലക്ഷം രൂപയുടെ പദ്ധതി സംയുക്ത ജൈവവൈവിധ്യ പരിപാലന സമിതി മുഖാന്തിരം നടപ്പിലാക്കിവരുന്നു. ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ, തനതു വൃക്ഷങ്ങൾ ഉപയോഗിച്ചുള്ള വനവൽക്കരണം, കൈത/രാമച്ചം/മുള മുതലായവ നട്ടുപിടിപ്പിക്കൽ, ജൈവവേലി നിർമ്മാണം, ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കൽ എന്നിവ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്നു.

(ബി) നിലവിൽ ശാസ്താംകോട്ട കായലിന്റെ ജൈവവൈവിധ്യ സംരക്ഷണത്തിനായി കായൽപ്രദേശത്തുള്ള മൈനാഗപ്പള്ളി, വെസ്റ്റ് കല്ലട, ശാസ്താംകോട്ട എന്നീ പഞ്ചായത്തുകളിലെ ജൈവവൈവിധ്യ പരിപാലന സമിതികളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു സംയുക്ത ജൈവവൈവിധ്യ പരിപാലന സമിതി പ്രവർത്തിച്ചുവരുന്നു. മറ്റൊരു സമിതി രൂപീകരിക്കാനുള്ള സംഗതി ഇപ്പോൾ പരിഗണനയിലില്ല.

(സി) ഹൗസ് ബോട്ടുകളിൽനിന്നുള്ള സ്വീവേജ് സംസ്കരിക്കുന്നതിനായി ഒരു പൊതുമലിനജല ശുദ്ധീകരണ സംവിധാനം കുമരകത്ത് ഏർപ്പെടുത്തിയിട്ടുണ്ട്. ഹൗസ്ബോട്ട് ഉടമകളുടെ സംഘടനാ പ്രതിനിധികൾ, ഡിസ്ട്രിക്ട് ടൂറിസം പ്രൊമോഷൻ കൗൺസിൽ, പോർട്ട് അതോറിറ്റി എന്നിവയുടെ സാന്നിദ്ധ്യത്തിൽ മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ വിളിച്ചുചേർത്ത യോഗതീരുമാനപ്രകാരം ചില നിർദ്ദേശങ്ങൾ നൽകുകയുണ്ടായി.

കുന്നമ്മയിൽ സ്ഥാപിച്ചിട്ടുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് കാര്യക്ഷമമമായി പ്രവർത്തിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഹൗസ്ബോട്ടുകൾ ഈ പ്ലാന്റ് ഉപയോഗിക്കുന്നുണ്ട് എന്ന് ഉറപ്പാക്കുന്നതിനായി സിസിടിവി ക്യാമറകൾ സ്ഥാപിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. ഹൗസ്ബോട്ടുകളിൽ നിന്നുള്ള ജൈവ അജൈവ മാലിന്യങ്ങൾ വേർതിരിച്ച് പ്രത്യേക ബിന്നുകളിൽ നിക്ഷേപിക്കുന്നതിനും അവ പുന്നമട ഫിനിഷിംഗ് പോയിന്റിലുള്ള അമിനിറ്റി സെന്ററിനോട് ചേർന്ന സ്ഥലത്ത് പ്രത്യേക സംവിധാനങ്ങൾ ഒരുക്കി ജൈവ മാലിന്യങ്ങൾ എയറോബിക് കമ്പോസ്റ്റിംഗിന് വിധേയമാക്കുന്നതിനും അജൈവ മാലിന്യങ്ങൾ അംഗീകൃത റീസൈക്ലർ വഴി നിർമ്മാർജ്ജനം ചെയ്യുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഹൗസ്ബോട്ടുകളിൽ നിന്നുണ്ടാകുന്ന ഓയിൽ മാലിന്യം പ്രത്യേകമായി റീസൈക്ലിംഗിന് വിധേയമാക്കേണ്ടതാണ്.

## തൊഴിൽ മേഖലയിലുള്ള നോക്കുകൂലി

11(*221) ശ്രീ. അനിൽ അക്കര :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിൽ മേഖലയിലുള്ള നോക്കുകൂലി ഈടാക്കൽ പ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഇതുസംബന്ധിച്ച പരാതികൾ നൽകുന്നതിന് തൊഴിൽ വകുപ്പിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; വിവരിക്കുമോ;

(സി) പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് തൊഴിൽ വകുപ്പ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ ഏതൊക്കെ ജില്ലകളെ നോക്കുകൂലി വിമുക്ത ജില്ലകളായി പ്രഖ്യാപിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) സംസ്ഥാനത്ത് തൊഴിൽമേഖലയിലുള്ള നോക്കുകൂലി ഈടാക്കൽ പ്രശ്നം

പരിഹരിക്കുന്നതിന് ചുമട്ടുതൊഴിൽ മേഖലയിൽ ഏകീകൃത ചുമട്ടുകൂലി പ്രാബല്യത്തിൽ വരുത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, പാലക്കാട്, കണ്ണൂർ എന്നീ 10 ജില്ലകളിൽ ഏകീകൃത കയറ്റിറക്ക് കൂലി നടപ്പിലാക്കിയിട്ടുണ്ട്. മലപ്പുറം, വയനാട് ജില്ലകളിലും ഏകീകൃത കയറ്റിറക്ക് കൂലി സംബന്ധിച്ച് ധാരണയായിട്ടുണ്ട്. ഇടുക്കി, കാസർഗോഡ് ജില്ലകളിൽ ഇതുസംബന്ധിച്ച ചർച്ചകൾ നടന്നുവരികയാണ്.

(ബി) ചുമട്ടുതൊഴിലുമായി ബന്ധപ്പെട്ട നോക്കുകൂലി പ്രശ്നങ്ങളിൽ സത്വര നടപടികൾ സ്വീകരിക്കുന്നതിനായി തൊഴിൽ വകുപ്പ് കോൾ സെന്റർ ആരംഭിച്ചിട്ടുണ്ട്. 1800-42-555-214/155214 എന്നീ ടോൾഫ്രീ നമ്പരുകളിൽ വിളിച്ച് പരാതി രേഖപ്പെടുത്താവുന്നതാണ്.

(സി) നോക്കുകൂലി സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ പ്രശ്നത്തിൽ ഇടപെടുകയും അനർഹമായി കൂലി വാങ്ങിയിട്ടുണ്ടെങ്കിൽ തൊഴിലാളികളിൽനിന്നും തൊഴിലുടമയ്ക്ക് തിരികെ വാങ്ങി കൊടുക്കുകയും തൊഴിലാളികളുടെ ഭാഗത്തുനിന്നും ഗുരുതരമായ ക്രമക്കേടുകൾ സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടാൽ രജിസ്ട്രേഷൻ കാർഡ് റദ്ദ് ചെയ്യുകയും കൂടാതെ തൊഴിലുടമയെ അധിക്ഷേപിക്കുകയോ ഭീഷണിപ്പെടുത്തുകയോ ആക്രമിക്കുകയോ ചെയ്യുന്ന പരാതികൾ പോലീസിന് കൈമാറി ഉചിതമായ നിയമനടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു.

(ഡി) തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളെ നോക്കുകൂലി വിമുക്ത ജില്ലകളായി പ്രഖ്യാപിച്ചിട്ടുണ്ട്.

**ലേബർ കോഡ് ഓൺ ഇൻഡസ്ട്രിയൽ റിലേഷൻസ് ബിൽ**

12(*222) <u>ശ്രീ. കെ. വി. വിജയദാസ് :</u>

<u>ശ്രീ. റ്റി. വി. രാജേഷ് :</u>

<u>ശ്രീ. സി. കൃഷ്ണൻ :</u>

<u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ ലേബർ കോഡ് ഓൺ ഇൻഡസ്ട്രിയൽ റിലേഷൻസ് 2015 കരട് ബില്ലിലെ വ്യവസ്ഥകൾ പരിശോധനാ വിധേയമാക്കിയിട്ടുണ്ടെങ്കിൽ അതിലെ പ്രധാന തൊഴിലാളി വിരുദ്ധ നിർദ്ദേശങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(ബി) സംഘടനാ സ്വാതന്ത്ര്യവും സംഘടനകളുടെ പ്രവർത്തനവും നിർവീര്യമാക്കുന്ന ഈ ബില്ലിലെ നിർദ്ദേശങ്ങളോട് സർക്കാർ നിലപാട്

വ്യക്തമാക്കാമോ;

(സി) പ്രസ്തുത ബിൽ നിയമമായാൽ സംസ്ഥാനത്തെ തൊഴിൽ മേഖലയിലുണ്ടാക്കാനിടയുള്ള പ്രത്യാഘാതങ്ങൾ പരിഗണിച്ച് നിയമ നിർമ്മാണത്തിൽ നിന്ന് പിൻതിരിയാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടാനുള്ള നടപടി സ്വീകരിക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) കേന്ദ്ര സർക്കാരിന്റെ ലേബർ കോഡ് ഓൺ ഇൻഡസ്ട്രിയൽ റിലേഷൻസ് 2015 കരട് ബില്ലിലെ വ്യവസ്ഥകൾ തൊഴിൽവകുപ്പ് പരിശോധനയ്ക്ക് വിധേയമാക്കിയതിൽ കാണാൻ കഴിഞ്ഞ പ്രധാനപ്പെട്ട തൊഴിലാളി വിരുദ്ധ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു:

1. ലേ ഓഫ്, റീ ട്രഞ്ച്മെന്റ്, അടച്ചുപൂട്ടൽ എന്നിവയുടെ വ്യവസ്ഥകൾ 50-ൽ താഴെ ജോലിക്കാരുള്ള സ്ഥാപനങ്ങൾക്ക് ബാധകമാക്കരുതെന്ന് നിർദ്ദിഷ്ട ബില്ലിൽ വ്യവസ്ഥയുണ്ട്.

2. സ്ഥാപനം അടച്ചുപൂട്ടുന്നതിന് 90 ദിവസത്തെ മുൻകൂർ അനുമതി ആവശ്യമാണെന്നത് 60 ദിവസമായി കുറയ്ക്കുന്നതിന് വ്യവസ്ഥയുണ്ട്. കൂടാതെ, മുൻകൂർ അനുമതി 300-ഉം അതിലധികവും തൊഴിലാളികൾ ജോലിചെയ്യുന്ന സ്ഥാപനങ്ങൾക്കു മാത്രമായി നിജപ്പെടുത്തിയിരിക്കുന്നു. നിലവിൽ ഇത് 100-ഉം അതിലധികവും തൊഴിലാളികൾ ഉള്ള സ്ഥാപനങ്ങൾക്കാണ് ബാധകം. തൊഴിലുടമകളുടെ നിയന്ത്രണത്തിനുപരിയായുള്ള കാരണങ്ങളിലാണ് അടച്ചുപൂട്ടൽ സംഭവിക്കുന്നതെങ്കിൽ തൊഴിലാളിയുടെ നഷ്ടപരിഹാരത്തുക അയാളുടെ 3 മാസത്തെ ശരാശരി വേതനം വരെയായിരിക്കുമെന്നും വ്യവസ്ഥ ചെയ്യുന്നു.

3. ട്രേഡ് യൂണിയൻ ഭാരവാഹികളായി പുറമേ നിന്നുള്ളവരെ ഉൾപ്പെടുത്തുന്നതിൽ നിയന്ത്രണം ബിൽ വ്യവസ്ഥ ചെയ്യുന്നു. ആകെ ഭാരവാഹികളിൽ പരമാവധി രണ്ടുപേർ മാത്രമേ വ്യവസായവുമായോ സ്ഥാപനവുമായോ ബന്ധമില്ലാത്തവരാകാൻ പാടുള്ളൂ.

(ബി) തൊഴിലാളി വിരുദ്ധ നിർദ്ദേശങ്ങളോട് യോജിക്കുന്നില്ല.

(സി) സ്വീകരിക്കുന്നതാണ്.

**ഡാം റീഹാബിലിറ്റേഷൻ ഇംപ്രൂവ്മെന്റ് പ്രോഗ്രാം (ഡ്രിപ്പ്)**

13 (T*223) ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി :
ശ്രീ. കെ. എം. ഷാജി :
ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡാം റീഹാബിലിറ്റേഷൻ ഇംപ്രൂവ്മെൻറ് പ്രോഗ്രാം (ഡ്രിപ്പ്) പദ്ധതിയിൽപ്പെടുത്തി പൂർത്തിയാക്കിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഏതൊക്കെ പ്രവൃത്തികളാണ് ഈ പദ്ധതിയിൻ കീഴിൽ 2016-17 വർഷത്തിൽ ഏറ്റെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇതേവരെ ഈ പദ്ധതിക്ക് ലഭിച്ച കേന്ദ്രസഹായത്തിൻെറ വിശദവിവരം ലഭ്യമാകുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ) മലമ്പുഴ ജലസേചന പദ്ധതിയുടെ ഡാം റീഹാബിലിറ്റേഷൻ ഇംപ്രൂവ്മെന്റ് പ്രോഗ്രാം (ഡ്രിപ്പ്)-ന്റെ സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ പണികൾ 17-4-2015 -ലും പോത്തുണ്ടി ജലസേചന പദ്ധതിയുടെ മെക്കാനിക്കൽ പണികൾ 15-4-2016-ലും പൂർത്തിയായിട്ടുണ്ട്. മലമ്പുഴ ജലസേചന പദ്ധതിക്കുവേണ്ടി 8.33 കോടി രൂപയും പോത്തുണ്ടി ജലസേചന പദ്ധതിക്കുവേണ്ടി 24.80 ലക്ഷം രൂപയുമാണ് ചെലവായിട്ടുള്ളത്.

(ബി) 2016-17 വർഷത്തിൽ ഡാം റീഹാബിലിറ്റേഷൻ ഇംപ്രൂവ്മെന്റ് പ്രോഗ്രാം (ഡ്രിപ്പ്) പദ്ധതിയിൽപ്പെട്ട

1. പീച്ചി (മെക്കാനിക്കൽ)
2. മലങ്കര (ഇലക്ട്രിക്കൽ)
3. കല്ലട (സിവിൽ, മെക്കാനിക്കൽ)

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

4. പഴശ്ശി (സിവിൽ)

5. കുറ്റിയാടി (സിവിൽ)

6. പെരിയാർ വാലി ജലസേചന പദ്ധതി (ഭൂതത്താൻകെട്ട് ബാരേജ്)- (സിവിൽ പാക്കേജ് - I സിവിൽ പാക്കേജ് - II (പാലം), മെക്കാനിക്കൽ)

എന്നീ പദ്ധതികളുടെ കരാർ ഒപ്പിടുകയും ജോലികൾ ആരംഭിക്കുകയും ചെയ്തു.

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ എഗ്രിമെന്റ് വച്ച് ഇപ്പോൾ പണികൾ പുരോഗമിക്കുന്നതായ പദ്ധതികളുടെ പേരുകൾ ചുവടെച്ചേർക്കുന്നു.

1. ചുള്ളിയാർ (സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ)
2. വാഴാനി (സിവിൽ, മെക്കാനിക്കൽ)
3. മീൻകര (സിവിൽ, മെക്കാനിക്കൽ)
4. പഴശ്ശി (മെക്കാനിക്കൽ)
5. ചിമ്മിനി (സിവിൽ, മെക്കാനിക്കൽ)
6. മലങ്കര (സിവിൽ)
7. നെയ്യാർ (സിവിൽ, മെക്കാനിക്കൽ)
8. പോത്തുണ്ടി (സിവിൽ)
9. പീച്ചി (സിവിൽ).

2016-17 സാമ്പത്തിക വർഷം പൂർത്തിയാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ചുവടെച്ചേർക്കുന്നു:

1 മീൻകര (മെക്കാനിക്കൽ)

2 വാഴാനി (സിവിൽ, മെക്കാനിക്കൽ)

3 ചിമ്മിനി (മെക്കാനിക്കൽ)

4 നെയ്യാർ (മെക്കാനിക്കൽ)

5 പഴശ്ശി (മെക്കാനിക്കൽ).

(സി) ഈ പദ്ധതിക്ക് കേന്ദ്ര സഹായമില്ല. ലോകബാങ്കിന്റെ വായ്പ മുഖേനയാണ് 'ഡ്രിപ്പ്' പദ്ധതി നടപ്പാക്കുന്നത്.

**സ്വയം പര്യാപ്ത പട്ടികജാതി സങ്കേതങ്ങൾ**

14 (*224) ശ്രീ. സി. കെ. ശശീന്ദ്രൻ :

ശ്രീ. വി. അബ്ദുറഹിമാൻ :

ശ്രീ. കെ. ഡി. പ്രസേനൻ :

ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിൻെറ കാലത്ത് 'സ്വയം പര്യാപ്ത പട്ടികജാതി സങ്കേതങ്ങൾ' പദ്ധതി പ്രകാരം പട്ടികജാതി സങ്കേതങ്ങൾ അഭിവൃദ്ധി പ്പെടുത്തുന്നതിനായി ഏതെല്ലാം പദ്ധതികളാണ് അനുവദിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത പ്രവൃത്തികൾ ഏറ്റെടുത്തതെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 'സ്വയംപര്യാപ്ത പട്ടികജാതി സങ്കേതങ്ങൾ' പദ്ധതിപ്രകാരം പട്ടികജാതിസങ്കേതങ്ങൾ അഭിവൃദ്ധി പ്പെടുത്തുന്നതിനായി 2012-13, 2013-14 വർഷങ്ങളിൽ തെരഞ്ഞെടുത്തിരുന്ന 216 (114+102) കോളനികളിൽ താഴെപ്പറയുന്ന വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ 37 എണ്ണത്തിൽ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്:

1. ഇന്റേണൽ റോഡ്/ഫുട്പാത്ത്
2. ആശയവിനിമയ സൗകര്യം

3. കുടിവെള്ള സൗകര്യങ്ങൾ
4. ഡ്രെയിനേജ് സൗകര്യങ്ങൾ
5. വൈദ്യുതീകരണം/വീടുകളിലേക്കുള്ളസോളാർ വൈദ്യുതീകരണം
6. സോളാർ തെരുവ് വിളക്ക്
7. സാനിറ്റേഷൻ
8. ഭവനപുനരുദ്ധാരണം
9. മാലിന്യ നിർമ്മാർജ്ജനം
10. പൊതുവായ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ/കളിസ്ഥലം മുതലായവ
11. സ്ഥലം വികസിപ്പിക്കൽ/സംരക്ഷണഭിത്തി നിർമ്മാണം
12. ഇറിഗേഷൻ
13. അടുക്കളത്തോട്ടം
14. വരുമാനദായകവും വനിതകൾക്കുള്ള സ്വയംതൊഴിൽ പദ്ധതികളുമായ മൃഗസംരക്ഷണം, ഹോർട്ടികൾച്ചർ, വീവിംഗ്, കരകൗശലം മുതലായവ
15. കോളനികൾക്കാവശ്യമായിട്ടുള്ള മറ്റു വികസന പ്രവർത്തികൾ.

(ബി) പ്രസ്തുത പ്രവൃത്തികൾ താഴെപ്പറയുന്ന സർക്കാർ അക്രെഡിറ്റഡ് ഏജൻസികളാണ് ഏറ്റെടുത്തിട്ടുള്ളത്:

1. ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ്, ആലുവ
2. കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ
3. കേരള സ്മാൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കോർപ്പറേഷൻ
4. കേരള പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ്
5. കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം
6. കേരള സംസ്ഥാന ഹൗസിംഗ് ബോർഡ്

7. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ

8. കേരള സ്മാൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കോർപ്പറേഷൻ, കോഴിക്കോട്

9. ജില്ലാ നിർമ്മിതി കേന്ദ്രം, തിരുവനന്തപുരം

10. ജില്ലാ നിർമ്മിതി കേന്ദ്രം, പത്തനംതിട്ട

11. ജില്ലാ നിർമ്മിതി കേന്ദ്രം, കോട്ടയം

12. ജില്ലാ നിർമ്മിതി കേന്ദ്രം, തൃശ്ശൂർ

13. ജില്ലാ നിർമ്മിതി കേന്ദ്രം, പാലക്കാട്

14. ജില്ലാ നിർമ്മിതി കേന്ദ്രം, മലപ്പുറം

15. ജില്ലാ നിർമ്മിതി കേന്ദ്രം, കാസർഗോഡ്

16. പൊതുമരാമത്ത് വകുപ്പ്, കെട്ടിടവിഭാഗം/കേരള വാട്ടർ അതോറിറ്റി

17. കേരള ഇൻഡസ്ട്രിയൽ ആന്റ് ടെക്നിക്കൽ കൺസൾട്ടൻസി ഓർഗനൈസേഷൻ.

**കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ട്**

15 (*225) ശ്രീമതി ഗീതാ ഗോപി :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച കൃഷ്ണൻ നായർ കമ്മീഷൻ, റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ അറിയിക്കുമോ;

(ബി) തോട്ടം തൊഴിലാളികൾ വസിക്കുന്ന ലയങ്ങളുടെ ശോചനീയാവസ്ഥ കണക്കിലെടുത്ത് അവ നവീകരിക്കാൻ കർശന നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ;

(സി) തോട്ടം തൊഴിലാളികൾക്ക് ഭൂമിയും വീടും ലഭ്യമാക്കുന്നതിനുള്ള പദ്ധതിയെപ്പറ്റി ആലോചിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) സമർപ്പിച്ചിട്ടുണ്ട്. ശിപാർശകൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) തോട്ടം തൊഴിലാളികൾ വസിക്കുന്ന ലയങ്ങളുടെ ശോചനീയാവസ്ഥ കണക്കിലെടുത്ത് അവ നവീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പ്ലാന്റേഷൻ ലേബർ ആക്ടിലെ സെക്ഷൻ 8 പ്രകാരം കുടിവെള്ളം, 9 പ്രകാരമുള്ള ശൗചാലയങ്ങളെ സംബന്ധിച്ച്, സെക്ഷൻ 10 പ്രകാരം മെഡിക്കൽ ആനുകൂല്യങ്ങൾ, സെക്ഷൻ 12 പ്രകാരം ക്രഷ് സൗകര്യങ്ങൾ കൂടാതെയുള്ള ആനുകൂല്യങ്ങൾ, സെക്ഷൻ 15 പ്രകാരമുള്ള വാസസ്ഥലങ്ങളുടെ നവീകരണവും അറ്റകുറ്റപ്പണികളും തുടങ്ങിയവയെക്കുറിച്ച് ഓരോ തോട്ടങ്ങളിലും ഇപ്പോഴത്തെ അവസ്ഥ പരിശോധന നടത്തി സമയബന്ധിതമായി തുടർനടപടി സ്വീകരിക്കുവാനും ആയത് സംബന്ധിച്ചുള്ള വിവരങ്ങളും പുരോഗതിയും അറിയിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഉണ്ട്. 2016-17 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തെ പ്ലാൻ ബഡ്ജറ്റിൽ 2230-01-103-15 (പി) ശീർഷകത്തിൽ തോട്ടം തൊഴിലാളികളുടെ പുനരധിവാസ പദ്ധതിക്കായി 11-8-2016 തീയതിയിലെ സ.ഉ.(സാധാ) നം. 1015/2016/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം 250 ലക്ഷം രൂപയുടെ ഭരണാനുമതിയും പദ്ധതി നടപ്പിലാക്കുന്നതിനുള്ള അനുമതിയും നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**സംസ്ഥാനത്ത് ശക്തിപ്പെടുത്തുന്ന വർഗ്ഗീയതയും ജാതീയതയും**

16 (*226) ശ്രീ. ആന്റണി ജോൺ :
ശ്രീ. കെ. ദാസൻ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് ഉരുത്തിരിഞ്ഞിട്ടുള്ള സാഹചര്യങ്ങൾ കൊണ്ട് സംസ്ഥാനത്ത് വർഗ്ഗീയതയും ജാതീയതയും ശക്തിപ്പെട്ടുവരുന്നത് ഗൗരവപൂർവ്വമായ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇത്തരം സാമൂഹ്യഛിദ്രശക്തികളെ ആശയപരമായി നേരിടുന്നതിന് സാംസ്കാരിക രംഗത്തെ പ്രാപ്തമാക്കുന്നതിന് പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ;

(സി) സാംസ്കാരിക പ്രതീകങ്ങളെയും പൊതു ആഘോഷങ്ങളെയും നവോത്ഥാന നായകരെയും സാമൂഹ്യ പരിഷ്കർത്താക്കളെയും സാമൂഹ്യ വിരുദ്ധശക്തികൾ ദുരുപയോഗം ചെയ്യുന്ന പ്രവണത തടയാനായി സാംസ്കാരിക തലത്തിൽ സർക്കാർ ഇടപെടലുണ്ടാകുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ബാലൻ</u>):

(എ) രാജ്യത്ത് ഉരുത്തിരിഞ്ഞിട്ടുള്ള സാഹചര്യങ്ങൾകൊണ്ട് സംസ്ഥാനത്ത് വർഗ്ഗീയതയും ജാതീയതയും ശക്തി പ്രാപിക്കുവാൻ ശ്രമങ്ങൾ നടത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം പ്രവണതകൾക്കെതിരെ ജാഗ്രത പുലർത്താൻ സാംസ്കാരിക സ്ഥാപനങ്ങളെ സജ്ജമാക്കി വരുന്നു.

(ബി) സാമൂഹ്യ-സാംസ്കാരിക രംഗങ്ങളിൽ ഗുണപ്രദമായി ഇടപെടാൻ തക്കവിധം സാഹിത്യ സാംസ്കാരിക സ്ഥാപനങ്ങളെ സജ്ജമാക്കുക എന്നത് ഈ സർക്കാരിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളിൽ ഒന്നാണ്. മതേതര സംസ്കാരം അനുവർത്തിച്ചുപോരുന്ന നമ്മുടെ സമൂഹത്തെ അതിന്റെ അർത്ഥവ്യാപ്തി മുഴുവൻ ഉൾക്കൊള്ളുന്ന രീതിയിലും സാമൂഹ്യ ഛിദ്രശക്തികളുടെ വെല്ലുവിളികൾ ആശയപരമായി നേരിടാൻ പ്രാപ്തമാക്കുന്നതിനും സാഹിത്യ സാംസ്കാരിക സ്ഥാപനങ്ങളെ മുന്നോട്ടുകൊണ്ടുപോകാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അതിന്റെ ആദ്യപടിയാണ് 'നമുക്ക് ജാതിയോ മതമോ ഇല്ല' എന്ന പ്രഖ്യാതമായ ശ്രീനാരായണ ഗുരുവിളംബരത്തിന്റെ 100-ാം വാർഷികം വിവിധ സാംസ്കാരിക സ്ഥാപനങ്ങളെ ഉൾപ്പെടുത്തി ആഘോഷിക്കാൻ സർക്കാർ മുൻകൈയെടുത്തത്. ഈ പരിപാടി സംസ്ഥാനമൊട്ടാകെ ചുരുങ്ങിയത് 6000 സ്ഥലങ്ങളിലെങ്കിലും സംഘടിപ്പിക്കപ്പെടുന്നതാണ്.

(സി) മാനവികതയ്ക്കും നവോത്ഥാന മൂല്യങ്ങൾക്കുമെതിരെ പ്രതിലോമശക്തികൾ നടത്തുന്ന കടന്നാക്രമണം പ്രതിരോധിക്കാൻ സാംസ്കാരിക സ്ഥാപനങ്ങൾ മുൻകൈയെടുത്ത് പ്രവർത്തിച്ച് തുടങ്ങിയിട്ടുണ്ട്. സമൂഹത്തിന്റെ താഴെത്തട്ടിലുള്ള

ജനവിഭാഗങ്ങളിൽ സാംസ്കാരികമായ ഉന്നതി വളർത്തി സാമുദായിക വർഗ്ഗീയ ചേരിതിരിവ് ഒരളവ് വരെ കുറക്കുന്നതിനും 'ജാതിയില്ലാ വിളംബരം' വാർഷികം പോലുള്ള ആഘോഷം പ്രോത്സാഹിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. നവോത്ഥാന മൂല്യങ്ങളുടെ വീണ്ടെടുപ്പിനും നവോത്ഥാന നായകരുടെ പേരും ആശയങ്ങളും ദുരുപയോഗിക്കുന്നത് തടയാനും ചരിത്ര തമസ്കരണത്തെ പ്രതിരോധിക്കുന്നതിനും വർഗ്ഗീയതയേയും ജാതീയതയേയും ആശയപരമായി നേരിടുന്നതിനായി വിവിധ സാംസ്കാരിക സാഹിത്യസ്ഥാപനങ്ങൾ മുഖേന ഫലപ്രദമായ കർമ്മപരിപാടികൾ ആവിഷ്കരിച്ചുവരുന്നു.

**പഠനമുറി പദ്ധതി മുഖേനയുള്ള ആനുകൂല്യങ്ങൾ**

17 (*227) ശ്രീ. മുഹമ്മദ് മുഹസിൻ പി. :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീമതി സി.കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗങ്ങളിലെ പെൺകുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസം ഉറപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) പഠനമുറി പദ്ധതി മുഖേന എന്തൊക്കെ ആനുകൂല്യങ്ങളാണ് പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലഭ്യമാകുന്നത്; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ഭരണ തലത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) പട്ടികജാതി വിഭാഗങ്ങളിലെ പെൺകുട്ടികൾക്ക് മാത്രമായി ഹോസ്റ്റലുകൾ നടത്തിവരുന്നുണ്ട്. ഉന്നതവിദ്യാഭ്യാസരംഗത്ത് പട്ടികജാതി വിഭാഗത്തിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം പ്രത്യേകം പദ്ധതികൾ നിലവിലില്ല. പട്ടികജാതി വികസന വകുപ്പ് നൽകിവരുന്ന എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും വിദ്യാർത്ഥിനികൾക്കും നൽകി വരുന്നു.

(ബി) വീടിനോട് ചേർന്ന് 120 സ്ക്വയർഫീറ്റ് വിസ്തൃതിയുള്ളതും മേൽക്കൂര കോൺക്രീറ്റ് ചെയ്ത് തറ ടൈൽസ് പാകിയതും പുസ്തകം സൂക്ഷിക്കുന്നതിനുമുള്ള ഭിത്തി അലമാര (2 കുട്ടികൾക്കാവശ്യമുള്ളത്), ലൈറ്റ്, ഫാൻ, സ്റ്റഡിഡെസ്ക്, 3 പ്ലാസ്റ്റിക് ലൈറ്റ്, ഫാൻ, കമ്പ്യൂട്ടർ, കമ്പ്യൂട്ടർ ടേബിൾ എന്നീ സൗകര്യങ്ങളുള്ള പഠനമുറി പട്ടികജാതി വിദ്യാർത്ഥികൾക്ക് ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**ലഹരി വിരുദ്ധ ക്ലബ്ബുകൾ**

18 (*228) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യാലയങ്ങളെ കേന്ദ്രീകരിച്ച് ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനായി ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ടോ;

(ബി) ലഹരി വിരുദ്ധ ക്ലബ്ബുകളുടെ ഘടനയും ഉദ്ദേശ്യലക്ഷ്യങ്ങളും എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) പുതിയ തലമുറയെ ബോധവൽക്കരിക്കുന്നതിന് ഇത്തരം ക്ലബ്ബുകൾ ഫലപ്രദമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഡി) സംസ്ഥാനത്ത് മികച്ച പ്രവർത്തനം നടത്തുന്ന ലഹരി വിരുദ്ധ ക്ലബ്ബുകൾക്ക് അവാർഡ് നൽകുന്ന കാര്യം പരിഗണിക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) ഉണ്ട്. സംസ്ഥാനത്തെ വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് സ്കൂൾ തലത്തിൽ 1735 ലഹരി വിരുദ്ധ ക്ലബ്ബുകളും, കോളേജ് തലത്തിൽ 258 ലഹരി വിരുദ്ധ ക്ലബ്ബുകളും (ആകെ 1993) രൂപീകരിച്ച് എക്സൈസ് വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) ലഹരിവിരുദ്ധ ക്ലബ്ബുകളുടെ ഘടനയും ഉദ്ദേശ്യലക്ഷ്യങ്ങളും സംബന്ധിച്ച് 29-8-2011-ലെ ജി.ഒ.(എം.എസ്.) നമ്പർ 115/2011/നി.വ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

<u>ലഹരി വിരുദ്ധ ക്ലബ്ബുകളുടെ ഘടന</u>:-

എക്സൈസ് റെയ്ഞ്ച് ഇൻസ്പെക്ടർമാർ ബന്ധപ്പെട്ട വിദ്യാലയങ്ങളിലെ പ്രധാന അധ്യാപകർ, PTA, മദർ പി.ടി.എ., തദ്ദേശസ്വയംഭരണ സ്ഥാപന പ്രതിനിധി എന്നിവരുമായി ബന്ധപ്പെട്ട് ഈ വിഷയത്തിൽ താല്പര്യമുള്ള വിദ്യാർത്ഥികളെ കണ്ടെത്തി അവരെ അംഗങ്ങളാക്കി ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ഇത്തരത്തിൽ രൂപീകരിക്കുന്ന ക്ലബ്ബിൽ വിദ്യാലയങ്ങളിലെ പ്രധാന അധ്യാപകർ, പി.ടി.എ.പ്രസിഡന്റ്, തദ്ദേശസ്വയംഭരണ സ്ഥാപന പ്രതിനിധി, എക്സൈസ് ഇൻസ്പെക്ടർ എന്നിവർ രക്ഷാധികാരികളായിരിക്കും. സ്കൂളിലെ പ്രധാന അധ്യാപകൻ നിർദ്ദേശിക്കുന്ന ലഹരിവിരുദ്ധ ബോധവത്കരണത്തിൽ താല്പര്യമുള്ള ഒരു അധ്യാപകനായിരിക്കും ക്ലബ്ബിന്റെ കൺവീനർ. ക്ലബ്ബ് അംഗങ്ങളിൽ നിന്നും പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി എന്നിവരെ തെരഞ്ഞെടുക്കുന്നു.

<u>ലക്ഷ്യങ്ങൾ</u>:-

മദ്യ-മയക്കുമരുന്ന്-പുകയില ഉൽപ്പന്നങ്ങൾക്കെതിരെയുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ലഹരി പദാർത്ഥങ്ങളെ വിദ്യാലയങ്ങളിൽനിന്നും അകറ്റി നിർത്തുക, മദ്യ-മയക്കുമരുന്ന്-പുകയില ഉൽപ്പന്നങ്ങളുടെ ലഭ്യത ഇല്ലാതാക്കുക, ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്ന വിദ്യാർത്ഥികൾ ഉണ്ടെങ്കിൽ അവരെ കണ്ടെത്തി ഈ ദുശ്ശീലത്തിൽനിന്നും പിൻതിരിപ്പിക്കുക, മദ്യ-മയക്കുമരുന്നിന് അടിമകളായവരെ കണ്ടെത്തി ബോധവത്കരണത്തിലൂടെ മോചിപ്പിക്കുക, ചികിത്സ ആവശ്യമുള്ളവർക്ക് അതിനുള്ള മാർഗ്ഗനിർദ്ദേശം നൽകുക എന്നിവയാണ് ഇത്തരത്തിൽ രൂപീകരിക്കുന്ന ക്ലബ്ബുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) പുതിയ തലമുറയെ ബോധവത്കരിക്കുന്നതിന് ഇത്തരം ക്ലബ്ബുകൾ ഫലപ്രദമായി നിലവിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

(ഡി) സംസ്ഥാനത്ത് മികച്ച പ്രവർത്തനം നടത്തുന്ന ലഹരിവിരുദ്ധ ക്ലബ്ബുകൾക്ക് 2012 മുതൽ അവാർഡ് നൽകി വരുന്നുണ്ട്.

## തോട്ടം തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ

19 (*229) ശ്രീ. എം. രാജഗോപാലൻ:
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. മുരളി പെരുനെല്ലി :

ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് തോട്ടം തൊഴിലാളികളുടെ മിനിമം കൂലി വർദ്ധിപ്പിച്ചപ്പോൾ അവരുടെ ജോലിഭാരവും വർദ്ധിപ്പിച്ചു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി നിലവിലുള്ള ഉത്തരവ് പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) ഉണ്ട്.

(ബി) പ്ലാന്റേഷൻ മേഖലയിലെ വിവിധ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി ബഹു. തൊഴിൽ വകുപ്പുമന്ത്രി 6-9-2016-ന് വിളിച്ചുചേർത്ത തൊഴിലാളി-തൊഴിലുടമ പ്രതിനിധികളുടെ യോഗത്തിൽ മിനിമം വേതനം പരിഷ്കരിച്ച വിജ്ഞാപനത്തിൽ ഇരുവിഭാഗങ്ങൾക്കും അഭിപ്രായവ്യത്യാസമുള്ള വിഷയങ്ങൾ ഉണ്ടെങ്കിൽ മാനേജ്മെന്റും തൊഴിലാളി യൂണിയനുകളും തമ്മിൽ സമവായം ഉണ്ടാക്കാനും ആവശ്യമെന്നു കണ്ടാൽ പ്ലാന്റേഷൻ ലേബർ കമ്മിറ്റിയുടെ പരിഗണനയ്ക്കുശേഷം തീരുമാനിക്കാനും ധാരണയായിട്ടുണ്ട്.

(സി&ഡി) പ്രസ്തുത പ്രശ്നം മാനേജ്മെന്റും തൊഴിലാളി യൂണിയനുകളും തമ്മിൽ ചർച്ച ചെയ്ത് സമവായത്തിലൂടെ പരിഹരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

## കടലാക്രമണം രൂക്ഷമായ പ്രദേശങ്ങളിൽ സംരക്ഷണ ഭിത്തികൾ

20 (*230) ശ്രീ. എസ്. ശർമ്മ :
ശ്രീ. ബി. സത്യൻ :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കടലാക്രമണം രൂക്ഷമായ പ്രദേശങ്ങളിൽ നിലവിലുള്ള സംരക്ഷണ ഭിത്തികൾ പുനരുദ്ധരിക്കുന്നതിനും പുതിയ സംരക്ഷണ ഭിത്തികൾ പണിയുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷന്റെ (സി.ഡബ്ളിയു.പി.ആർ.എസ്.) കടലാക്രമണം തടയുന്നതിനുള്ള തീര സംരക്ഷണ പ്രവൃത്തികൾ സംബന്ധിച്ച റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി.തോമസ്):

(എ&ബി) സംസ്ഥാനത്ത് കടലാക്രമണം രൂക്ഷമായ പ്രദേശങ്ങളിൽ നിലവിലുള്ള സംരക്ഷണ ഭിത്തി പുനരുദ്ധരിക്കുന്നതിനും പുതിയ സംരക്ഷണ ഭിത്തികൾ പണിയുന്നതിനുമായി ചെന്നൈ IIT-യുടെ പഠനപ്രകാരം പുലിമുട്ടുകളുടെയും കടൽഭിത്തികളുടെയും നിർമ്മാണത്തിനായി 152.18 കോടി രൂപയുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കി പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു.

(സി) തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ നടത്തിയ പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ബാക്കി ജില്ലകളുടെ റിപ്പോർട്ട് ലഭിക്കേണ്ടതുണ്ട്. കേരളത്തിലുടനീളമുള്ള കടൽത്തീരങ്ങളിലെ മാറ്റങ്ങൾ മനസ്സിലാക്കുന്നതിന് വിശദമായ പഠനം നടത്തുവാൻ പൂനെയിലെ CWPRS (സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷൻ) എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിമോട്ട് സെൻസിംഗ് ഡാറ്റാ ഉപയോഗിച്ച് കടൽത്തീരത്തിന്റെ സ്വഭാവവും ഭൗതിക മാറ്റവും

തിട്ടപ്പെടുത്തുക എന്നതാണ് പ്രസ്തുത പഠനത്തിന്റെ ഉദ്ദേശ്യം. ഇതിലേയ്ക്കായി 15 മുതൽ 20 വർഷത്തെ സാറ്റലൈറ്റ് ഡാറ്റാ ഉപയോഗിക്കേണ്ടതായിട്ടുണ്ട്. ഈ പഠനത്തിലൂടെ തീരങ്ങളിലുടനീളമുള്ള മണ്ണൊലിപ്പിന്റെയും/മണ്ണടിയലിന്റേയും തോത് മനസ്സിലാക്കുവാനും പുലിമുട്ടുകളുടെ ഗുണദോഷഫലങ്ങൾ (ഇഫക്ട്) മനസ്സിലാക്കുവാനും സഹായകമായിരിക്കും.

## തിരുവിതാംകൂർ ഫോക്‌ലോർ വില്ലേജ് പദ്ധതി

21 (*231) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ തിരുവിതാംകൂർ ഫോക് ലോർ വില്ലേജ് സ്ഥാപിക്കുന്നത് പരിഗണനയിലുണ്ടോ;

(ബി) ആയതിന്റെ നടപടികൾ ഏതു ഘട്ടത്തിലാണ്; നടപ്പാക്കുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്കായി തുക വകയിരുത്തിയിട്ടുണ്ടോ എന്നും പദ്ധതി പൂർത്തീകരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ?

പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) ഉണ്ട്.

(ബി&സി) കേരള ഫോക്‌ലോർ അക്കാദമിയുടെ കീഴിൽ കോട്ടയം ജില്ലയിലെ വെള്ളാവൂരിൽ ട്രാവൻകൂർ ഫോക്‌ലോർ വില്ലേജ് സ്ഥാപിക്കുന്നതിന് 50 ലക്ഷം രൂപ അനുവദിച്ചിരുന്നു. പദ്ധതിക്കായി വെള്ളാവൂർ വില്ലേജിൽ 50 സെന്റ് സർക്കാർ പുറമ്പോക്ക് ഭൂമി സാംസ്കാരിക വകുപ്പിന് ഉപയോഗാനുമതി നൽകിയിട്ടുണ്ട്. ബഹു. ഡോ. എൻ. ജയരാജ് എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ടിൽനിന്നും 1.25 കോടി രൂപ കൂടി അനുവദിച്ച് പുതുക്കിയ ഭരണാനുമതി നൽകുകയും, പ്രസ്തുത പ്രവൃത്തി ലെറ്റർ ഓഫ് ക്രെഡിറ്റിൽ ഉൾപ്പെടുത്തി ശിപാർശ ലഭ്യമാക്കുവാൻ പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നുവെങ്കിലും ടി നിർമ്മാണ പ്രവൃത്തി പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. ലഭ്യമായ തുക ഫോക്‌ലോർ അക്കാദമിക്ക് അനുവദിച്ച് പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**മൃഗസംരക്ഷണത്തിന് കർമ്മപദ്ധതി**

22 (*232) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. കെ. എസ്. ശബരീനാഥൻ :

ശ്രീ. എൽദോസ് കുന്നപ്പിള്ളി:

ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൃഗസംരക്ഷണത്തിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി നിലവിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കി വരുന്നതെന്ന് വിശദീകരിക്കുമോ;

(സി) മൃഗസംരക്ഷണത്തിന് എന്തെല്ലാം പുതിയ പദ്ധതികളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) പാൽ, മുട്ട, മാംസം എന്നിവയുടെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനുള്ള പദ്ധതികളാണ് മൃഗസംരക്ഷണ വകുപ്പ് ആസൂത്രണം ചെയ്തിട്ടുള്ളത്. പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ പ്രതിവർഷം 30 ലക്ഷം മെട്രിക് ടൺ പാൽ ഉല്പാദിപ്പിക്കേണ്ടിയിരിക്കുന്നു. നിലവിൽ ഇത് 26 ലക്ഷം മെട്രിക് ടൺ ആണ്. മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന കന്നുകുട്ടി പരിപാലന പദ്ധതിയുടെ ആനുകൂല്യം സംസ്ഥാനത്ത് ജനിക്കുന്ന മുഴുവൻ പശു/എരുമക്കുട്ടികൾക്ക് (പ്രതിവർഷം 2 ലക്ഷം പശു/എരുമക്കുട്ടികൾ) ലഭിക്കുംവിധം പുനഃക്രമീകരിക്കുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്യും. കൂടാതെ ഈ രംഗത്ത് പ്രവർത്തിക്കുന്ന ക്ഷീരകർഷകർക്ക് സഹായകമാകുന്ന വിധത്തിൽ കന്നുകാലി ഇൻഷ്വറൻസ്, ഫാം യന്ത്രവത്കരണം, കിടാരി വളർത്തൽ, സംരംഭക വികസന പദ്ധതികൾ, ബാങ്ക് വായ്പയുടെ പലിശയ്ക്ക് സബ്സിഡി, ചെറുകിട ഡയറി യൂണിറ്റുകൾ ഇവയാണ് 13-ാം പഞ്ചവത്സര പദ്ധതിയിൽ ആസൂത്രണം ചെയ്തിരിക്കുന്നത്. മുട്ട ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി വകുപ്പിന് കീഴിലുള്ള കോഴി ഫാമുകളിലെ ഉല്പാദനക്ഷമത പൂർണ്ണമായി വിനിയോഗിച്ച് കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് എഗ്ഗർ നേഴ്സറികളുടെ സഹായത്തോടെ സ്കൂൾ കുട്ടികൾക്ക് വിതരണം ചെയ്യും. കൂടാതെ വകുപ്പിന് കീഴിൽ രണ്ടു പുതിയ ഹാച്ചറികൾ-കൊല്ലം ജില്ലയിലെ ആയൂരിലെ തോട്ടത്തറ ഹാച്ചറി മെച്ചപ്പെടുത്താൻ 5.82 കോടി രൂപ ചെലവഴിച്ചു. മലപ്പുറം ജില്ലയിലെ എടവണ്ണയിൽ പുതിയ ഹാച്ചറി സ്ഥാപിക്കാൻ 3 കോടി രൂപ ചെലവഴിച്ചു, നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങി.

മൃഗചികിത്സാ സേവനരംഗത്ത് രാത്രികാല അടിയന്തര മൃഗചികിത്സാ സേവനം നൽകുന്ന പദ്ധതി നിലവിൽ 65 ബ്ലോക്കുകളിൽ നടപ്പിലാക്കുന്നുണ്ട്. 13-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ ടി പദ്ധതി കൂടുതൽ ബ്ലോക്കുകളിലേയ്ക്ക് വ്യാപിപ്പിക്കാൻ ലക്ഷ്യമിടുന്നു. കൂടാതെ മൃഗാശുപത്രികൾ ശാക്തീകരിച്ച് മെച്ചപ്പെട്ട രോഗനിർണ്ണയ ചികിത്സാ സംവിധാനങ്ങൾ ഒരുക്കും. പാലോട് പ്രവർത്തിക്കുന്ന വെറ്ററിനറി ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ പേവിഷ പ്രതിരോധ വാക്സിൻ ഉല്പാദിപ്പിക്കാനും ലക്ഷ്യമിടുന്നു. പേവിഷബാധ ഉൾപ്പെടെയുള്ള ജന്തുജന്യ രോഗങ്ങളുടെ നിർമ്മാർജ്ജനത്തിനുള്ള പദ്ധതികളും വകുപ്പ് ആസൂത്രണം ചെയ്യുന്നുണ്ട്.

(ബി) വകുപ്പ് നടപ്പാക്കിവരുന്ന പദ്ധതികൾ താഴെപ്പറയുന്നു:

<u>മൃഗാശുപത്രികളുടെ വികസനവും പുനഃസംഘടനയും - മൃഗചികിത്സാ സേവനങ്ങൾ ശക്തിപ്പെടുത്തൽ :</u>

1. മരുന്നുകൾ സംഭരിക്കുക
2. അകിടുവീക്ക രോഗനിയന്ത്രണ പരിപാടി
3. വളർത്തുമൃഗക്ഷേമ പരിപാടികൾ
4. സ്ക്വാഡുകൾ, വാക്സിനേഷൻ ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കുക.
5. പ്രവർത്തനച്ചെലവുകൾ
6. ആവർത്തനച്ചെലവുകൾ ഒഴികെയുള്ള മൃഗചികിത്സാസേവനങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾക്കുള്ള ധനസഹായം
7. വെറ്ററിനറി പോളിക്ലിനിക്കുകളുടെയും ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും ശാക്തീകരണം
8. വാർഷിക അറ്റകുറ്റപ്പണി, ഉപകരണങ്ങളുടെ ഇൻഷ്വറൻസ്
9. സീറോ സർവ്വീലൻസ്, മോണിറ്ററിംഗ് ഓൺ ഡിസീസസ് ഓഫ് സൂണോട്ടിക് ഇംപോർട്ടൻസ്
10. ജി.ഐ.എസ്. മുഖാന്തരം ഡിസീസസ് മാപ്പിംഗ്
11. ജന്തുരോഗ നിയന്ത്രണ മേഖല (ഗോരക്ഷ)

<u>ബയോളജിക്കൽ പ്രൊഡക്ഷൻ കോംപ്ലക്സ് :</u>

1. ജി.എം.പി.സ്റ്റാൻഡേർഡുകൾക്കനുസൃതമായുള്ള ആധുനീകരണം
2. രോഗങ്ങളെ പ്രതിരോധിക്കുവാനാവശ്യമായ വാക്സിനുകൾ, മരുന്നുകൾ, ഡയഗ്നോസ്റ്റിക് റീ ഏജന്റ്സ് മുതലായവയുടെ ഉല്പാദനത്തിനും സൂക്ഷിപ്പിനും വേണ്ട ചെലവുകൾ (പ്രവർത്തന ചെലവുൾപ്പെടെ)
3. ഗവേഷണ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനും മറ്റ് പ്രശസ്ത സ്ഥാപനങ്ങളിലെ വിദഗ്ധരുടെ അഭിപ്രായവും സാങ്കേതിക സഹായവും തേടുന്നതിനും ലഭ്യമാക്കുന്നതിനും ജി.എം.പി. സ്റ്റാൻഡേർഡ് സ്വായത്തമാക്കുന്നതിനായി ഉദ്യോഗസ്ഥർക്ക് പരിശീലനം
4. ലബോറട്ടറിയിൽ നിലവിലുള്ള ജന്തുവിഭാഗം ശക്തിപ്പെടുത്തുന്നതിനു വേണ്ട ചെലവ് വഹിക്കുന്നതിനും
5. കെട്ടിടത്തിനുവേണ്ട അറ്റകുറ്റപ്പണികൾ സാധന സാമഗ്രികളുടെയും യന്ത്രങ്ങളുടെയും വാർഷിക അറ്റകുറ്റപ്പണികൾ എന്നിവ ചെയ്യുവാനും
6. സ്ഥാപനത്തിലെ ജീവനക്കാരുടെ മെഡിക്കൽ ചെക്കപ്പും ആരോഗ്യ ഇൻഷ്വറൻസും.

<u>വാസസ്ഥലങ്ങളിൽ വീട്ടുപടിക്കൽ മൃഗചികിത്സാ സേവനം :</u>

1. കർഷകർക്ക് അവരുടെ വീട്ടുപടിക്കൽ സേവനം ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള ആംബുലൻസ്.
2. ബ്ലോക്കുതലത്തിൽ രാത്രികാലത്ത് അടിയന്തര മൃഗചികിത്സാ സേവനം
3. സമഗ്ര ആരോഗ്യ രക്ഷാ പരിപാടികൾ.
4. സഞ്ചരിക്കുന്ന മൾട്ടി സ്പെഷ്യാലിറ്റി ക്ലിനിക്കുകളുടെ പ്രവർത്തനത്തിനാവശ്യമായ മനുഷ്യശേഷി.

<u>രാഷ്ട്രീയ പശുധൻ വികാസ് യോജന :</u>

<u>ദേശീയ കന്നുകാലി പരിപാലന പരിപാടി :</u>

1. കന്നുകാലി വികസനം
2. പന്നിവളർത്തൽ വികസനം

3. ദേശീയ തീറ്റപ്പുൽ ഉല്പാദന പരിപാടി

4. വിജ്ഞാന വ്യാപനം, നൈപുണ്യ വികസനം.

<u>ദേശീയ മൃഗാരോഗ്യവും രോഗനിയന്ത്രണ പരിപാടിയും</u>

1. കുളമ്പുരോഗ നിയന്ത്രണ പരിപാടി

2. ജന്തുരോഗ നിയന്ത്രണത്തിനായി സംസ്ഥാനങ്ങൾക്കുള്ള സഹായം

3. ദേശീയ കാലിവസന്ത നിരീക്ഷണ നിയന്ത്രണ പരിപാടി

4. ദേശീയ ആട് വസന്ത നിയന്ത്രണ പരിപാടി

5. ദേശീയ ബ്രൂസല്ലോസിസ് നിയന്ത്രണ പരിപാടി

6. ദേശീയ മൃഗരോഗ റിപ്പോർട്ടിംഗ്

7. സാങ്കേതിക കാര്യക്ഷമതാ വികസനം

8. മൃഗാശുപത്രികളുടെ വികസനം

9. സ്വൈൻ ഫീവർ നിയന്ത്രണം.

<u>ഊർജ്ജിത കന്നുകാലി വികസനം - ബീജസങ്കലന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ</u>

1. ഉപകരണങ്ങളും ശീതീകരിച്ചബീജം, ഹോർമോൺ ഇവ വാങ്ങുന്നതിനും പ്രവർത്തനച്ചെലവ് വഹിക്കുന്നതിനും

2. പുതിയ റീജിയണൽ കൃത്രിമ ബീജദാന കേന്ദ്രങ്ങളും സഞ്ചരിക്കുന്ന ബീജദാന യൂണിറ്റുകളും സ്ഥാപിക്കുന്നതിന്

3. ഊർജ്ജിത കന്നുകാലി വികസന പ്രോജക്ടുകൾ (ഐസിഡിപി) റീജിയണൽ ആർ.എ.ഐ.സി.-കൾ എന്നിവയ്ക്ക് പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും നിലവിലുള്ളവ ശക്തിപ്പെടുത്തുന്നതിനും.

4. ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനും വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾക്കും.

5. ഉപയോഗശൂന്യമായ വാഹനം മാറ്റുന്നതിനും പുതിയ ബ്ലോക്കുതല മൃഗ സംരക്ഷണ ഓഫീസുകൾ സ്ഥാപിക്കുന്നതിനും ഡോക്യുമെന്റേഷൻ, ഡിജിറ്റൈസേഷൻ മുതലായവയ്ക്കും വിനിയോഗിക്കുന്നതാണ്.

വകുപ്പിന്റെ കീഴിലുള്ള ഫാമുകളുടെ സംരക്ഷണവും ശക്തിപ്പെടുത്തലും

1. പേരന്റ്സ് സ്റ്റോക്ക്, തീറ്റപ്പുൽ, പോഷകദ്രവ്യങ്ങൾ, മരുന്നുകൾ, ജൈവവസ്തുക്കൾ എന്നിവ വാങ്ങൽ
2. തീറ്റപ്പുൽ വികസനം
3. മഞ്ചാടിയിലെ ഹാച്ചറിക്കും ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിനും അടിസ്ഥാന സൗകര്യങ്ങൾ
4. താറാവിനും കർഷകർക്കും ഇൻഷ്വറൻസ്
5. ഉല്പാദനരീതിയിലുള്ള പരിപാടികൾ
6. കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി
7. സീഡ് ഉല്പാദനവും വിതരണവും
8. സാറ്റലൈറ്റ് ബ്രീഡിംഗ് യൂണിറ്റുകൾ
9. ഡിജിറ്റൈസേഷൻ, ഡോക്യുമെന്റേഷൻ
10. പേവിഷ വാക്സിൻ വാങ്ങുക, എ.ബി.സി. പ്രോഗ്രാം
11. ലാബുകളുടെ ശക്തിപ്പെടുത്തൽ
12. താൽക്കാലിക അടിസ്ഥാനത്തിൽ നിയമനം.

പ്രത്യേക കന്നുകാലി വികസന പദ്ധതി :

ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി കന്നുകുട്ടികൾ പൂർണ്ണ വളർച്ചയെത്തുന്ന പ്രായം കുറച്ചുകൊണ്ടുവരികയും പ്രസവങ്ങൾക്കിടയിലുള്ള കാലദൈർഘ്യം കുറയ്ക്കുകയുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 2001-02 മുതൽ സംസ്ഥാനാവിഷ്കൃത പദ്ധതിയിൻ കീഴിൽ മൃഗസംരക്ഷണ വകുപ്പിന്റെ മാർഗ്ഗ നിർദ്ദേശത്തിൽ തദ്ദേശസ്വയംഭരണ സർക്കാരുകളാണ് ഈ പരിപാടി നടപ്പാക്കുന്നത്.

2016-17 വർഷത്തിൽ ആർ.കെ.വി.വൈ., തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സംസ്ഥാന പദ്ധതി എന്നിവയുടെ സഹായത്തോടെ എരുമക്കുട്ടികൾ ഉൾപ്പെടെ 25778 കന്നുക്കുട്ടികളെ ഈ പദ്ധതിയിൽ പുതിയതായി ചേർക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ

2015-16 ൽ എൻറോൾ ചെയ്ത 19374 കന്നുക്കുട്ടികൾക്കുള്ള രണ്ടാം വർഷ സഹായവും ലഭ്യമാക്കും. സംയോജിത പദ്ധതി തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പാക്കും.

ഗോവർദ്ധിനി :

കന്നുക്കുട്ടികളുടെ ശാസ്ത്രീയ പരിപാലനം ലക്ഷ്യമിട്ട് രാഷ്ട്രീയ കൃഷി വികാസ് യോജനയുമായി സംയോജിപ്പിച്ചുകൊണ്ട് ഗോവർദ്ധിനി പദ്ധതി നടപ്പിലാക്കും.

ബാക്ക് യാർഡ് പൗൾട്രി ഡെവലപ്മെന്റ് പ്രോജക്ട് :

വീട്ടുമുറ്റത്തെ കോഴി വളർത്തലിനു കേരളത്തിൽ വളരെയധികം സാധ്യതകളുണ്ട്. ഉയർന്ന തീറ്റവിലയും വിപണന സഹായത്തിന്റെ അഭാവവും കാരണം മുട്ട ഉല്പാദനം കുറഞ്ഞുവരികയാണ്. വീട്ടുമുറ്റത്തെ കോഴിവളർത്തൽ വികസനത്തിനായി മെച്ചപ്പെട്ട ഇനത്തിൽപ്പെട്ട ഗ്രാമലക്ഷ്മി പോലുള്ള നാടൻ മുട്ടക്കോഴികൾ പ്രചരിപ്പിക്കുന്നതാണ്. സ്കൂൾ കുട്ടികൾ വഴി ഈ പദ്ധതി വിഹിതം വിനിയോഗിക്കുന്നതാണ്.

വികസനവും പരിശീലനവും :

മൃഗപരിപാലനം :

1. സാങ്കേതിക ഉദ്യോഗസ്ഥർക്ക് പരിശീലനം
2. ബോധവത്കരണപരിപാടികൾ, അതിനായുള്ള വസ്തുക്കൾ, ക്യാമ്പുകൾ, പ്രദർശനങ്ങൾ, പഠനയാത്രകൾ, അവാർഡുകൾ
3. എസ്.ആർ.ഇ.പി. വർക്ക് പ്ലാൻ
4. ഗവേഷണം അതുമായി ബന്ധപ്പെട്ട വ്യാപന പരിപാടികൾ
5. ടച്ച് സ്ക്രീൻ കിയോസ്കുകൾ, മൾട്ടിമീഡിയ കിറ്റുകൾ, ടെലിവിഷൻ ആസ്പദമാക്കിയുള്ള വ്യാപന പരിപാടികൾ
6. സ്കൂളുകളിൽ മൃഗസംരക്ഷണ ക്ലബ്ബുകൾ
7. സംരംഭകത്വ വികസന പരിപാടികൾ
8. പ്രാദേശിക കൃത്രിമ ബീജസങ്കലന കേന്ദ്രങ്ങൾ ഉൾപ്പെടെ എല്ലാ പരിശീലന കേന്ദ്രങ്ങളും ശക്തിപ്പെടുത്തുന്നതിന് കൂടാതെ കൊല്ലത്ത് എ.എച്ച്.മ്യൂസിയം, മുണ്ടയാട് എൽ.എം.റ്റി.സി. കെട്ടിടം രണ്ടാംഘട്ടം.
9. കർഷകരുടെ രജിസ്ട്രേഷൻ

10. ഐ.എം.എം.ആസ്കി,ഇർമ,ഐ.സി.എ.ആർ., ദേശീയ ക്ഷീരവികസന ബോർഡ്, സമേതി എന്നീ ഉന്നതസ്ഥാപനങ്ങളിൽ ഓഫീസർമാർക്ക് പരിശീലനം

മൃഗസംരക്ഷണ സ്ഥിതിവിവര കണക്കും സാമ്പിൾ സർവ്വേയും (50% കേന്ദ്ര സഹായം):

1. വിവിധതരം കന്നുകാലി ഉൽപ്പന്നങ്ങളുടെ ഉല്പാദനം തിട്ടപ്പെടുത്തുന്നതിനായി നടത്തിവരുന്ന സംയോജിത സാമ്പിൾ സർവ്വേകൾ തുടർന്നുകൊണ്ടുപോകുന്നതിന്.
2. പുതിയ പഠനങ്ങൾ ആരംഭിക്കുന്നത്.
3. സർവ്വേയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്കുള്ള ശമ്പളത്തിന്റെ വിഹിതം
4. വിവരശേഖരണ വിശകലന രീതികൾ മെച്ചപ്പെടുത്തുന്നതാണ്.
5. ഉദ്യോഗസ്ഥർക്കുള്ള പരിശീലനം.

കന്നുകാലി സെൻസസ് (100% കേന്ദ്ര സഹായം) :

20-ാമത് കന്നുകാലി സെൻസസ് കേന്ദ്രസർക്കാരിന്റെ മാർഗ്ഗ നിർദ്ദേശങ്ങളനുസരിച്ച് നടത്തുന്നതിനും 19-ാമത് സെൻസസ് ജോലികളുടെ പൂർത്തീകരണത്തിനും.

വിവരസാങ്കേതികവിദ്യ മെച്ചപ്പെടുത്തലും ആധുനികവത്കരണവും :

മൃഗ സംരക്ഷണ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലും കമ്പ്യൂട്ടറുകളും മറ്റു അനുബന്ധഘടകങ്ങളും നൽകിയിട്ടുണ്ട്. പ്രധാന ഓഫീസുകളിൽ ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് കണക്ഷൻ സ്ഥാപിച്ചിട്ടുണ്ട്.

കേരള സംസ്ഥാന പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷന് സാമ്പത്തികസഹായം :

ആഭ്യന്തര മുട്ടയുല്പാദനവും മാംസോല്പാദനവും വർദ്ധിപ്പിക്കുന്നതിന് അനുയോജ്യമായ പദ്ധതികൾ നടപ്പിലാക്കും.

കേരള ഫീഡ്സിന് സാമ്പത്തിക സഹായം :

സംസ്ഥാനത്ത് പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനും കന്നുകാലികളുടെയും ആടുകളുടെയും തീറ്റയുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിനും തീറ്റ ഉല്പാദിപ്പിക്കുന്ന കേന്ദ്രങ്ങളുടെ ഉല്പാദനശേഷി വർദ്ധിപ്പിക്കുക.

<u>കെ.എൽ.ഡി. ബോർഡിന് സാമ്പത്തിക സഹായം :</u>

1. കെ.എൽ.ഡി. ബോർഡിന്റെ മൃഗപരിപാലന പ്രവർത്തികളുടെ വ്യാപനം (ഹെഡ് ബുക്ക് പദ്ധതി)
2. മലബാറി ആടുകളുടെ പരിരക്ഷ
3. തീറ്റപ്പുല്ലിലും തീറ്റപ്പുൽ വിത്തുല്പാദനത്തിലും ഗവേഷണ വികസന പ്രവർത്തനങ്ങൾ
4. മൃഗപരിപാലന പ്രവർത്തനങ്ങളിൽ പരിശീലനവും പ്രോത്സാഹനവും
5. കന്നുകാലി പ്രജനന പരിപാടികൾ ശക്തിപ്പെടുത്തുന്നതിന് പശ്ചാത്തല സൗകര്യ വികസനം
6. ആടുകളിൽ കൃത്രിമ ബീജസങ്കലനം
7. പന്നി വളർത്തൽ വികസനം
8. കുടുംബശ്രീയുമായി യോജിച്ച് കാലിത്തീറ്റ ഉല്പാദന പരിപാടികൾ
9. കുളത്തുപ്പുഴയിലും കോലാഹലമേട്ടിലും മാട്ടുപ്പെട്ടിയിലുമുള്ള ആധുനിക ഡയറി ഫാമുകൾക്ക് സഹായം
10. ഫീൽഡ് പെർമോൻസ് രേഖപ്പെടുത്തൽ പരിപാടി വഴി കന്നുകാലികളുടെ വർഗ്ഗമേന്മ ഉയർത്തൽ.
11. വെച്ചൂർ, കാസർഗോഡ് ഡ്വാർഫ് കന്നുകുട്ടികളുടെ പരിരക്ഷയും പ്രചരണവും
12. തീറ്റപ്പുൽ വിത്ത് ഉല്പാദനവും വിതരണവും
13. ജിനോമിക്സെലക്ഷൻ മുഖാന്തരം കാളകളെ തെരഞ്ഞെടുക്കുന്നതിനുള്ള സഹായം.

(സി) ക്ഷീരമേഖലയിൽ കറവക്കാരുടെ ക്ഷാമം പരിഹരിക്കുന്നതിന് മിനി ഡയറി യൂണിറ്റുകൾക്ക് കറവയന്ത്രം സ്ഥാപിക്കുന്നതിനുള്ള പദ്ധതി 2016-17-ൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഒരു ഗുണഭോക്താവിന് പരമാവധി 25000 രൂപയാണ് ധനസഹായം ലഭിക്കുന്നത്. 650 -ഓളം കർഷകർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുക.

**ക്ഷീരവികസന പദ്ധതികൾ**

23 (*233)_ ശ്രീ. വി. ടി.ബൽറാം :

ശ്രീ. കെ. സി.ജോസഫ് :

ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീരോൽപാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി നിലവിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കി വരുന്നതെന്ന് വിശദമാക്കുമോ;

(സി) ക്ഷീരോൽപാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പുതിയ പദ്ധതികളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) സംസ്ഥാനത്ത് ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിന് ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. തീറ്റപ്പുൽകൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി, മിൽക്ക്ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം, ഇന്റഗ്രേറ്റഡ് ഡയറി ഡെവലപ്മെന്റ് പ്രോഗ്രാം, ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം, പാൽഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി, ആവശ്യാധിഷ്ഠിത ധനസഹായം എന്നീ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കി വരുന്നത്. കൂടാതെ ക്ഷീരകർഷകരെ ഈ മേഖലയിൽ നിലനിർത്തിക്കൊണ്ട് ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി ക്ഷീരകർഷക ക്ഷേമനിധിയുടെ പെൻഷൻ, അവശതാ പെൻഷൻ, ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം എന്നിവ നൽകിവരുന്നു. ക്ഷീരകർഷകർക്ക് സഹായകമാകുന്ന വിധത്തിൽ കന്നുകാലി ഇൻഷ്വറൻസ്, ഫാം യന്ത്രവൽക്കരണം, കിടാരി വളർത്തൽ, സംരംഭക വികസന പദ്ധതികൾ, ബാങ്ക് വായ്പയുടെ പലിശയ്ക്ക് സബ്സിഡി, ചെറുകിട ഡയറി യൂണിറ്റുകൾ എന്നിവ പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ ആസൂത്രണം ചെയ്തിട്ടുണ്ട്.

(ബി) (i) <u>മിൽക്ക് ഷെഡ് വികസന പദ്ധതി (MSDP)</u> :

ഉല്പാദനക്ഷമതയുള്ള സങ്കരയിനം പശുക്കളെ ക്ഷീരകർഷകർക്ക് ലഭ്യമാക്കുന്ന പദ്ധതിയാണിത്. തെരഞ്ഞെടുക്കപ്പെട്ട ക്ഷീരകർഷകർക്ക് 2 പശു, 5 പശു, 10 പശു, 5 കിടാരി, 10 കിടാരി വരെയുള്ള ഡയറി യൂണിറ്റുകൾക്ക് ധനസഹായം, ക്ഷീരകർഷകന് ആവശ്യാധിഷ്ഠിത സഹായം, കറവയന്ത്രം, കാലിത്തൊഴുത്ത് നിർമ്മാണം, വിമൺ ക്യാറ്റിൽ കെയർ പ്രോഗ്രാം തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു.

(ii) <u>ഇന്റഗ്രേറ്റഡ് ഡയറി ഡെവലപ്മെന്റ് പ്രോഗ്രാം (IDDP)</u> :

ഈ പദ്ധതിയിൽ ഉൾപ്പെടുത്തി 2795 കറവപശുക്കളെയും 550 കിടാരികളെയും പുതുതായി എറണാകുളം, കൊല്ലം ജില്ലകൾക്ക് മാത്രമായി അനുവദിച്ചിട്ടുണ്ട്. 408 കർഷകർക്ക് വിവിധ ആവശ്യങ്ങൾക്കായി ധനസഹായവും 120 കറവയന്ത്രങ്ങൾക്കും 79 ശാസ്ത്രീയ കാലിത്തൊഴുത്തുകൾക്കും ധനസഹായം അനുവദിച്ചിട്ടുണ്ട്. തീറ്റപ്പുൽ കൃഷി വികസന പദ്ധതി, ഗ്രാമീണ വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും നടത്തി വരുന്നു. കൂടാതെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന പാലിന് ഇൻസെന്റീവ് നൽകി വരുന്നു.

(iii) <u>പ്രത്യേക കന്നുകാലി വികസന പദ്ധതി</u>:

ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി കന്നുകുട്ടികൾ പൂർണ്ണ വളർച്ചയെത്തുന്ന പ്രായം കുറച്ചുകൊണ്ടുവരികയും പ്രസവങ്ങൾക്കിടയിലുള്ള കാലദൈർഘ്യം കുറയ്ക്കുകയുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 2001-02 മുതൽ സംസ്ഥാനാവിഷ്കൃത പദ്ധതിയിൻ കീഴിൽ മൃഗസംരക്ഷണ വകുപ്പിന്റെ മാർഗ്ഗനിർദ്ദേശത്തിൽ തദ്ദേശസ്വയംഭരണ സർക്കാരുകളാണ് ഈ വികസന പദ്ധതി നടപ്പാക്കുന്നത്.

2016-17 വർഷത്തിൽ R.K.V.Y. (രാഷ്ട്രീയ കൃഷി വികാസ് യോജന), തദ്ദേശഭരണ സ്ഥാപനങ്ങൾ, സംസ്ഥാന പദ്ധതി എന്നിവയുടെ സഹായത്തോടെ എരുമക്കുട്ടികൾ ഉൾപ്പെടെ 25778 കന്നുകുട്ടികളെ ഈ പദ്ധതിയിൽ പുതുതായി ചേർക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ 2015-16-ൽ എൻറോൾ ചെയ്ത 19374 കന്നുകുട്ടികൾക്കുള്ള രണ്ടാം വർഷ സഹായവും ലഭ്യമാക്കും. സംയോജിത പദ്ധതി തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പാക്കും.

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, ത്രിതല പഞ്ചായത്തുകൾ എന്നിവയുടെ സഹകരണത്തോടെ സമഗ്രമായ ക്ഷീരവികസന പദ്ധതികൾ നടപ്പിൽ വരുത്തുന്ന കാര്യം പരിഗണനയിലാണ്. തീറ്റപ്പുൽകൃഷി വികസന പദ്ധതി, സമഗ്ര ക്ഷീരവികസന പദ്ധതി എന്നിവ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.

ക്ഷീരമേഖലയിൽ കറവക്കാരുടെ ക്ഷാമം പരിഹരിക്കുന്നതിന് മിനി ഡയറി യൂണിറ്റുകൾക്ക് കറവ യന്ത്രം സ്ഥാപിക്കുന്നതിനുള്ള പദ്ധതി 2016-17-ൽ നടപ്പിലാക്കും. ഒരു ഗുണഭോക്താവിന് പരമാവധി 25000 രൂപയാണ് ധനസഹായം ലഭിക്കുന്നത്. 650 ഓളം കർഷകർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുക.

**പശ്ചിമഘട്ട മേഖല**

24 (*234) ഡോ. എം. കെ. മുനീർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. കെ. എം. ഷാജി :
ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലുൾപ്പെട്ട പശ്ചിമഘട്ട മേഖലയെ കടുവ സംരക്ഷിത മേഖലയാക്കാനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ വനമേഖലയോട് ചേർന്ന് അധിവസിക്കുന്ന ജനതയും വന്യമൃഗങ്ങളും തമ്മിൽ ഇപ്പോൾ നിലനിൽക്കുന്ന സംഘർഷം കൂടുതൽ രൂക്ഷമാകുമെന്ന കാര്യം പരിഗണിക്കപ്പെട്ടിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അക്കാര്യം കൂടി പരിഗണിച്ച് അപകട സാധ്യതകൾ ഒഴിവാക്കിക്കൊണ്ടുള്ള ഒരു തീരുമാനത്തിന് തയ്യാറാകുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) കേരളത്തിലുൾപ്പെട്ട പശ്ചിമഘട്ട മേഖലയിൽ നിലവിൽ പെരിയാർ, പറമ്പിക്കുളം എന്നീ രണ്ട് കടുവാസംരക്ഷിത മേഖലകളാണുള്ളത്. പുതിയ കടുവാ സംരക്ഷണ മേഖലകൾ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നിലവിൽ പരിഗണനയിലില്ല.

(ബി & സി) ഉത്തരം (എ) യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

## ഇതരസംസ്ഥാന തൊഴിലാളികളുടെ ആധിക്യം

25 (*235) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :

ശ്രീ. മഞ്ഞളാംകുഴി അലി :

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി :

ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായികശേഷി വേണ്ടതും അപകടസാദ്ധ്യതയുള്ളതുമായ തൊഴിൽ മേഖലകളിൽ ഇതരസംസ്ഥാന തൊഴിലാളികൾ ധാരാളമായി തൊഴിലെടുക്കാൻ തയ്യാറായി വരുന്നതുമൂലം തദ്ദേശ തൊഴിലാളികൾ പ്രസ്തുത മേഖലകൾ ഉപേക്ഷിച്ച് മറ്റ് ധനാഗമ മാർഗ്ഗങ്ങൾ തേടുന്നതു കൊണ്ടുള്ള പ്രശ്നങ്ങൾ പഠിക്കാൻ സംവിധാനമൊരുക്കുമോ;

(ബി) സംസ്ഥാനത്തിന്റെ കാർഷിക, നിർമ്മാണ, ചെറുകിട വ്യവസായ മേഖലകളിൽ ഇതുമൂലമുണ്ടാകുന്ന സാമ്പത്തിക പ്രത്യാഘാതങ്ങൾ പരിശോധിക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ&ബി) കായികശേഷി വേണ്ടതും അപകടസാദ്ധ്യതയുള്ളതുമായ തൊഴിൽ മേഖലകളിൽ ഇതരസംസ്ഥാന തൊഴിലാളികൾ ധാരാളമായി തൊഴിലെടുക്കാൻ തയ്യാറായി വരുന്നുണ്ട്. തദ്ദേശതൊഴിലാളികൾ പ്രസ്തുത മേഖലകൾ പൂർണ്ണമായും ഉപേക്ഷിച്ചു എന്ന് ഇതിന് അർത്ഥമില്ല. പുതിയ തൊഴിൽ മേഖലകൾ ഉരുത്തിരിയുമ്പോൾ തദ്ദേശ തൊഴിലാളികൾ അത്തരം മേഖലകളിലേക്കുകൂടി ശ്രദ്ധ കേന്ദ്രീകരിക്കുന്നത് സ്വാഭാവികമാണ്. ഇതുമൂലം പ്രശ്നങ്ങളോ സാമ്പത്തിക പ്രത്യാഘാതങ്ങളോ ഉണ്ടായിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച് പഠനം നടത്തേണ്ട സാഹചര്യമുണ്ടാകുന്ന പക്ഷം യുക്തമായ തീരുമാനം അപ്പോൾ കൈക്കൊള്ളുന്നതാണ്.

## ജൈക്ക കുടിവെള്ള പദ്ധതി

26 (*236) ശ്രീ. സി. എഫ്. തോമസ് :

ശ്രീ. റോഷി അഗസ്റ്റിൻ :

ശ്രീ. മോൻസ് ജോസഫ് :

ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈക്ക കുടിവെള്ള പദ്ധതി നടപ്പാക്കാത്ത ജില്ലകളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള കോംപ്രിഹെൻസീവ് ഡിസ്ട്രിക്റ്റ് പ്ലാൻ ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി പ്രസ്തുത പ്രൊപ്പോസലുകൾ അടങ്ങിയ വിദേശ നിക്ഷേപ സഹായത്തിനായുള്ള കരട് പദ്ധതി അംഗീകരിക്കുകയുണ്ടായോ; എത്ര തുകയുടെ നിക്ഷേപത്തിനാണ് പദ്ധതി വിഭാവന ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി എന്നുമുതൽ പ്രാബല്യത്തിലെത്തിക്കാനാണ് ലക്ഷ്യമിടുന്നത്; വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ-സി) ജൈക്ക കുടിവെള്ള പദ്ധതി നടപ്പാക്കാത്ത ജില്ലകളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള 92 പ്രൊപ്പോസലുകൾ അടങ്ങിയ സമഗ്ര ജില്ലാ പദ്ധതി (സി.ഡി.പി.)-യുടെ കരട് രേഖ വിദേശ നിക്ഷേപ സഹായത്തിന് പരിഗണിക്കുന്നതിനായി സർക്കാർ പരിശോധിച്ചുവരുന്നു. 5932.19 കോടി രൂപയുള്ള കരട് പദ്ധതികളാണ് സമഗ്ര ജില്ലാ പദ്ധതിയിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി സമർപ്പിച്ചിട്ടുള്ളത്.

## സമഗ്ര പട്ടികവർഗ്ഗ ആരോഗ്യ സംരക്ഷണ പദ്ധതി

27 (*237) ശ്രീ. കെ. രാജൻ :
ശ്രീ. സി. ദിവാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര പട്ടികവർഗ്ഗ ആരോഗ്യ സംരക്ഷണ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ആശുപത്രികളിലൂടെ നൽകുന്ന മെഡിക്കൽ സഹായങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രകൃതിക്ഷോഭങ്ങളും വിവിധ രോഗങ്ങളുംമൂലം ബുദ്ധിമുട്ട് അനുഭവിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് എന്തൊക്കെ സഹായങ്ങളാണ് ഈ പദ്ധതിയിലൂടെ നൽകുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഈ പദ്ധതിയുടെ കീഴിൽ 2016-17-ൽ എത്ര ഗുണഭോക്താക്കളെ ഉൾക്കൊള്ളാനാണ് ലക്ഷ്യമിടുന്നത്?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) പട്ടികവർഗ്ഗക്കാർക്ക് സൗജന്യ ചികിത്സാ സൗകര്യം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി ആവിഷ്കരിക്കപ്പെട്ട പദ്ധതിയാണ് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി. പട്ടികവർഗ്ഗ വിഭാഗത്തിലെ ജനവിഭാഗങ്ങൾക്ക് സമ്പൂർണ്ണ ആരോഗ്യസുരക്ഷ ഉറപ്പാക്കുന്നതിലേക്കായി സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ബി.പി.എൽ./എ.പി.എൽ. ഭേദമന്യേ 10000 രൂപ വരെയുള്ള ചികിത്സാ ചെലവ് നൽകിവരുന്നു. ബി.പി.എൽ. വിഭാഗങ്ങൾക്ക് 10,000 രൂപയിൽ കൂടുതലുള്ള ചികിത്സാ ചെലവും നൽകി വരുന്നു. ആയത് സംബന്ധിച്ച് സർക്കാർ ഉത്തരവുകളും മാർഗ്ഗനിർദ്ദേശങ്ങളും അനുബന്ധം 1 ആയി ചേർക്കുന്നു.*

(ബി) ജില്ലാ മെഡിക്കൽ ഓഫീസർമാർ മുഖേന ജില്ലാ, താലൂക്ക് ആശുപത്രികൾ, പി.എച്ച്.സി./സി.എച്ച്.സി.-കൾ എന്നിവയ്ക്ക് പട്ടികവർഗ്ഗ വിഭാഗം പ്രാതിനിധ്യം കണക്കിലെടുത്ത് ബഡ്ജറ്റ് തുകയ്ക്ക് ആനുപാതികമായി ഫണ്ട് മുൻകൂറായി അനുവദിച്ചുവരുന്നു. കൂടാതെ വിദഗ്ദ്ധ ചികിത്സയ്ക്കായി സർക്കാർ മെഡിക്കൽ കോളേജ് ഹോസ്പിറ്റലുകൾ, റീജിയണൽ ക്യാൻസർ സെന്റർ, എസ്.സി.ടി., എസ്.എ.ടി., പരിയാരം മെഡിക്കൽ കോളേജ്, മലബാർ ക്യാൻസർ സെന്റർ, റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഫ്താൽമോളജി എന്നിവയ്ക്കും ബഡ്ജറ്റ് വിഹിതത്തിന് ആനുപാതികമായി മുൻകൂറായി ഫണ്ട് അനുവദിച്ചുവരുന്നു.

(സി) പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും പ്രകൃതിക്ഷോഭംമൂലം ദുരിതമനുഭവിക്കുന്ന പട്ടികവർഗ്ഗ വിഭാഗക്കാർക്ക് റവന്യൂ അധികാരികളുടെ രേഖാമൂലമുള്ള സ്ഥിതിവിവര കണക്കിന്റെയും സാക്ഷ്യപത്രത്തിന്റെയും അടിസ്ഥാനത്തിൽ 28-10-2013-ലെ സ.ഉ.(കൈ) 86/13/പജപവവിവ, 3-4-2013-ലെ സ.ഉ.(കൈ) 32/13/പജപവവിവ (പകർപ്പുകൾ അനുബന്ധം 2, 3 ആയി ചേർക്കുന്നു*) പ്രകാരവും ധനസഹായം അനുവദിച്ചുവരുന്നു. വിവിധരോഗംമൂലം ദുരിതമനുഭവിക്കുന്ന ടി വിഭാഗക്കാർക്ക് വിദഗ്ദ്ധ ചികിത്സയ്ക്കായി ബി.പി.എൽ./എ.പി.എൽ. ഭേദമന്യേ 10,000 രൂപ വരെ ചികിത്സാ ചെലവ് നൽകി വരുന്നു. എന്നാൽ ബി.പി.എൽ. വിഭാഗക്കാർക്ക് ചികിത്സാ ചെലവ് സർക്കാർ ആശുപത്രികളിൽ സൗജന്യ നിരക്കിൽ നൽകി വരുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

*

(ഡി) 2016-17-ൽ ഈ പദ്ധതി പ്രകാരം അർഹരായ എല്ലാ പട്ടികവർഗ്ഗക്കാരെയും ഉൾപ്പെടുത്തുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

**സാഹിത്യ-സാംസ്കാരിക സ്ഥാപനങ്ങൾ**

28 (*238) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന് കീഴിലുള്ള സാഹിത്യ സാംസ്കാരിക സ്ഥാപനങ്ങൾ ഏതൊക്കെയെന്നും അവയുടെ ലക്ഷ്യങ്ങളെന്തൊക്കെയെന്നും അറിയിക്കാമോ;

(ബി) ജനാധിപത്യക്രമത്തിന് അനിവാര്യമായ സാമുദായിക സാമൂഹ്യ അഭേദം പരിപോഷിപ്പിക്കുന്നതിന് ഈ സ്ഥാപനങ്ങൾക്ക് എടുത്തു പറയത്തക്ക പങ്കുവഹിക്കാൻ സാധിക്കാതെ പോയതിന്റെ കാരണം വിലയിരുത്തി അതു പരിഹരിക്കാൻ ശ്രമം ഉണ്ടാകുമോയെന്ന് വ്യക്തമാക്കുമോ;

(സി) ഓണം പോലുള്ള ദേശീയോത്സവങ്ങളെയും സാമൂഹ്യ പരിഷ്കർത്താക്കളെയും നവോത്ഥാന നായകരെയും അവർ സ്ഥാപിച്ച പ്രസ്ഥാനങ്ങളെയും മറ്റും സാമുദായിക വർഗ്ഗീയ ചേരിതിരിവിന് ഉപയോഗിക്കുന്ന വ്യക്തികളെ ആശയപരമായി നേരിടാൻ തക്കവിധം സാംസ്കാരിക സ്ഥാപനങ്ങളെ മാറ്റിയെടുക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) അനുബന്ധമായി ചേർക്കുന്നു.*

(ബി) മതേതര സംസ്കാരം അനുവർത്തിച്ചുപോരുന്ന നമ്മുടെ സമൂഹത്തെ അതിന്റെ അർത്ഥവ്യാപ്തി മുഴുവൻ ഉൾക്കൊള്ളുന്ന രീതിയിൽ വെല്ലുവിളികളെ നേരിടാൻ പ്രാപ്തമാക്കുന്നതിനും സാഹിത്യ സാംസ്കാരിക സ്ഥാപനങ്ങളെ മുന്നോട്ടു കൊണ്ടുപോകുന്നതിനുമാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ജനാധിപത്യ ക്രമത്തിന് അനിവാര്യമായ സാമുദായിക സാമൂഹ്യ അഭേദം പരിപോഷിപ്പിക്കുന്നതിനും

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മാനവികതയ്ക്കും നവോത്ഥാന മൂല്യങ്ങൾക്കുമെതിരെ പ്രതിലോമ ശക്തികൾ നടത്തുന്ന കടന്നാക്രമണം പ്രതിരോധിക്കാൻ സാംസ്കാരിക സ്ഥാപനങ്ങൾ മുൻകൈയെടുത്ത് പ്രവർത്തിച്ച് തുടങ്ങിയിട്ടുണ്ട്. അതിന്റെ ആദ്യ പടിയാണ് നമുക്ക് ജാതിയോ മതമോ ഇല്ല എന്ന പ്രഖ്യാതമായ ശ്രീനാരായണ ഗുരുവിളംബരത്തിന്റെ നൂറാം വാർഷികം വിവിധ സാംസ്കാരിക സ്ഥാപനങ്ങളെ ഉൾപ്പെടുത്തി ആഘോഷിക്കാൻ സർക്കാർ മുൻകയ്യെടുത്തത്. ഈ പരിപാടി സംസ്ഥാനമൊട്ടാകെ ചുരുങ്ങിയത് 6000 സ്ഥലങ്ങളിലെങ്കിലും സംഘടിപ്പിക്കപ്പെടുന്നതാണ്.

സാംസ്കാരികവകുപ്പിന് കീഴിൽ വിവിധ സാംസ്കാരിക സ്ഥാപനങ്ങൾ/ സംഘടനകളെ ഉൾപ്പെടുത്തി നടത്തുന്ന ഏതു പരിപാടിയിലും ജാതി-മത-ലിംഗ ഭേദമന്യേ ആൾക്കാർ പങ്കെടുക്കുകയും ആൾക്കാരെ പങ്കെടുപ്പിക്കുകയും ചെയ്യുന്നുണ്ട്. സമഗ്രമായ സാമൂഹ്യവികസനം ലക്ഷ്യമാക്കി സാഹിത്യ സാംസ്കാരിക സ്ഥാപനങ്ങളെ സജ്ജമാക്കുക എന്നത് ഈ സർക്കാരിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ ഒന്നാണ്. സാംസ്കാരിക സ്ഥാപനങ്ങൾ സമൂഹത്തിന്റെ അടിത്തട്ടിലേക്ക് ഇറങ്ങിച്ചെന്ന് സാമുദായിക സാമൂഹ്യ അഭേദം പരിപോഷിപ്പിക്കുന്നതിനും ഈ നാട്ടിലെ ഓരോ സാധാരണക്കാരന്റെയും അഭിലാഷങ്ങൾക്കൊത്തു പ്രവർത്തനം നടത്തുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശം നൽകുന്നതാണ്.

(സി) മാനവികതയ്ക്കും നവോത്ഥാന മൂല്യങ്ങൾക്കുമെതിരെ പ്രതിലോമ ശക്തികൾ നടത്തുന്ന കടന്നാക്രമണം പ്രതിരോധിക്കാൻ സാംസ്കാരിക സ്ഥാപനങ്ങൾ മുൻകൈയെടുത്ത് പ്രവർത്തിച്ച് തുടങ്ങിയിട്ടുണ്ട്. സമൂഹത്തിന്റെ താഴെത്തട്ടിലുള്ള ജനവിഭാഗങ്ങളിൽ സാംസ്കാരികമായ ഉന്നതി വളർത്തി സാമുദായിക വർഗ്ഗീയ ചേരിതിരിവ് ഒരളവ് വരെ കുറയ്ക്കുന്നതിനും 'ജാതിയില്ലാ വിളംബരം' വാർഷികം പോലുള്ള ആഘോഷം പ്രോത്സാഹിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. നവോത്ഥാന മൂല്യങ്ങളുടെ വീണ്ടെടുപ്പിനും ചരിത്ര തമസ്കരണത്തെ പ്രതിരോധിക്കുന്നതിനും വിവിധ സാംസ്കാരിക സാഹിത്യ സ്ഥാപനങ്ങൾ ഫലപ്രദമായ കർമ്മപരിപാടികൾ ആവിഷ്കരിച്ചുവരുന്നു.

**പോക്സോ കേസ്**

29 (*239) ശ്രീ. പി. വി. അൻവർ :
ശ്രീ. കെ.കുഞ്ഞിരാമൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആദിവാസി വിഭാഗങ്ങളിൽ ഗോത്രാചാര പ്രകാരം

പ്രായപൂർത്തിയാകാത്തവർ തമ്മിൽ വിവാഹം കഴിച്ചതുമൂലം നിരവധി പേർ 'പോക്സോ' കേസ്സുകളിൽപ്പെട്ട് വിചാരണ നേരിടുന്നുണ്ട് എന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം കേസ്സുകളിൽപെട്ട് മാതാപിതാക്കൾ ജയിലിൽ അടയ്ക്കപ്പെടുന്നതുമൂലം ഇവരുടെ കുട്ടികൾ അനാഥമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഈ കുട്ടികളെ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) പോക്സോ നിയമത്തെക്കുറിച്ച് ആദിവാസികൾക്കിടയിൽ വ്യാപകമായ പ്രചരണവും ബോധവത്ക്കരണവും നടത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നും ഇതിനായി ട്രൈബൽ പ്രൊമോട്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തുമോ എന്നും വെളിപ്പെടുത്താമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) ഇല്ല.

(ഡി) പോക്സോ നിയമത്തെക്കുറിച്ച് ആദിവാസികൾക്കിടയിൽ വ്യാപകമായ പ്രചരണവും ബോധവൽക്കരണവും നടത്തുന്നതിന് ഊരുകൂട്ട യോഗങ്ങളും സെമിനാറുകളും കൂടുമ്പോൾ ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർമാർ നിയമത്തെക്കുറിച്ച് ക്ലാസ്സുകൾ നൽകാറുണ്ട്. കൂടാതെ ഊരുകൂട്ട സെമിനാറുകൾ സംഘടിപ്പിക്കുമ്പോൾ ടി വിഷയത്തെ ആസ്പദമാക്കി പ്രത്യേക അവബോധ ക്ലാസുകൾ സംഘടിപ്പിക്കാറുണ്ട്. കൂടാതെ പട്ടികവർഗ്ഗ പ്രൊമോട്ടർമാരുടെയും സാമൂഹിക പ്രവർത്തകരുടെയും സേവനം പ്രയോജനപ്പെടുത്തി വ്യാപകമായ പ്രചരണവും നടത്തി വരുന്നുണ്ട്. മഹിളാ സമഖ്യ പോലുള്ള സന്നദ്ധ സംഘടനകളും ടി വിഷയത്തിൽ ബോധവത്കരണ പരിപാടികൾ നടത്തി വരുന്നുണ്ട്.

## സ്വയം തൊഴിൽ പദ്ധതിയും വൈദഗ്ദ്ധ്യ പരിശീലനപരിപാടിയും

30(*240) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ യുവജനങ്ങൾക്കായി സ്വയം തൊഴിൽ പദ്ധതിയും വൈദഗ്ധ്യ പരിശീലനപരിപാടിയും നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) സ്വയം തൊഴിൽ സംരംഭം തുടങ്ങുന്നതിനുള്ള സഹായം ലഭിക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) പട്ടികവർഗ്ഗ യുവാക്കൾക്ക് പാരാമെഡിക്കൽ, നഴ്സിംഗ് കോഴ്സുകളിലേയ്ക്കും ഐ.ടി.ഐ. യുമായി ബന്ധപ്പെട്ട പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കും പ്രവേശനത്തിനുള്ള പരിശീലനം നൽകുന്നത് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) ഉന്നത വിദ്യാഭ്യാസമുള്ള പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് സംസ്ഥാനത്തിനു പുറത്തും വിദേശത്തും ജോലിക്കുള്ള അവസരങ്ങൾ ലഭ്യമാകുന്നതിന് സഹായം നൽകുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) ഉണ്ട്. 2013-14 വർഷം സ്വയം തൊഴിൽ പദ്ധതി പ്രകാരം 311.03 ലക്ഷം രൂപ ചെലവഴിച്ച് 590 പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ സംരംഭം തുടങ്ങുന്നതിന് ധനസഹായം അനുവദിച്ചു.

2015-16 വർഷം പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി 188.80 ലക്ഷം രൂപ ചെലവഴിച്ച് 724 പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി.

2016-17 വർഷം പട്ടികവർഗ്ഗ യുവാക്കൾക്ക് സ്വയം തൊഴിലിനും നൈപുണ്യ വികസന പരിശീലനത്തിനുമായി 500.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാരംഭ ഘട്ടത്തിലാണ്.

നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ, കെൽട്രോൺ, സെന്റർ ഫോർ ബയോ പോളിമർ സയൻസ് ആന്റ് ടെക്നോളജി, ഇലക്ട്രോണിക്സ് കോർപ്പറേഷൻ ഓഫ് ഇന്ത്യാ ലിമിറ്റഡ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി, കിൻഫ്രയുടെ അപ്പാരൽ ട്രെയിനിംഗ് സെന്റർ, ഗവ. ആയുർവേദ

കോളേജ്, പ്രീ-റിക്രൂട്ട്മെന്റ് ട്രെയിനിംഗ് സെന്റർ എന്നിവിടങ്ങളിൽ തൊഴിൽ പരിശീലനം നൽകി വരുന്നു.

(ബി) പട്ടികവർഗ്ഗ യുവാക്കളിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും ഉപജീവന മാർഗ്ഗത്തിനും വേണ്ടി സ്വയം തൊഴിൽ സംവിധാനം വഴി സഹായം നൽകുക എന്നതാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതുവഴി പരമാവധി 1.5 ലക്ഷം രൂപ ധനസഹായം നൽകുന്നു. 50% ഗുണഭോക്താക്കൾ സ്ത്രീകൾ ആയിരിക്കും. അനാഥർ, വിധവകൾ, അവിവാഹിതരായ അമ്മമാർ, സ്ത്രീകൾ ഗൃഹനാഥയായുള്ള കുടുംബം എന്നിവർക്ക് മുൻഗണന നൽകുന്നതാണ്.

എസ്.എസ്.എൽ.സി.-വരെ വിദ്യാഭ്യാസ യോഗ്യതയുള്ള പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് അപേക്ഷിക്കാവുന്നതാണ്. അപേക്ഷകന്റെ വാർഷിക വരുമാനം 50,000 രൂപയിൽ കവിയരുത്. പ്രത്യേക ദുർബല ഗോത്ര വിഭാഗങ്ങൾക്കും പ്രത്യേക പരിഗണന അർഹിക്കുന്ന മലപണ്ടാരം, അരനാടൻ തുടങ്ങിയ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും വിദ്യാഭ്യാസ യോഗ്യത 8-ാം ക്ലാസ്സും പ്രായപരിധി 18-45 ഉം ആണ്.

വിശദവിവരം അനുബന്ധം 1 ആയി ചേർക്കുന്നു.*

(സി) ഉണ്ട്.

പ്രശസ്തമായ പരിശീലന കേന്ദ്രങ്ങളിൽ പാരാമെഡിക്കൽ, നഴ്സിംഗ് കോഴ്സുകളിലേക്കും ഐ.റ്റി.ഐ.യുമായി ബന്ധപ്പെട്ട പ്രൊഫഷണൽ കോഴ്സുകളിലേക്കും പട്ടികവർഗ്ഗ യുവാക്കൾക്ക് പരിശീലനം നൽകുന്നതിന് ധനസഹായം അനുവദിക്കുന്നു. പ്രൊഫഷണൽ കോഴ്സുകളിലേയ്ക്ക് പ്രവേശനം ലഭിക്കുന്നതിന് എൻട്രൻസ് കോച്ചിംഗ് നൽകുന്നുണ്ട്. കൂടാതെ പാരാമെഡിക്കൽ കോഴ്സിന് പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് സർക്കാർ അനുമതിക്ക് വിധേയമായി ധനസഹായം നൽകുന്നുണ്ട്.

വിശദാംശം അനുബന്ധം 2 ആയി ചേർക്കുന്നു.*

(ഡി) അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് സഹായം നൽകുന്നതിനുള്ള പദ്ധതി നിലവിലുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### വിദ്യാഭ്യാസ ആനുകൂല്യം

1 (1812) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ യു.ഡി.എഫ് ഭരണകാലത്ത് ഓരോ വർഷവും പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗം, പിന്നോക്ക വിഭാഗം ഉൾപ്പെടെയുള്ള വിഭാഗങ്ങൾക്ക് നൽകിയ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ എത്ര എന്ന് ഓരോ വിഭാഗം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ബി) യു.ഡി.എഫ്. സർക്കാർ അധികാരമൊഴിയുമ്പോൾ ഇവർക്ക് ഓരോ വിഭാഗത്തിനും കൊടുക്കേണ്ടിയിരുന്ന കുടിശ്ശിക (ഇനം തിരിച്ച്) വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ മുൻ കുടിശ്ശിക നല്കിയോ, എങ്കിൽ എത്ര തുക ഇതിനായി വിനിയോഗിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത വിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ ഉന്നമനത്തിനും വിദ്യാഭ്യാസ പുരോഗതിക്കുമായി സർക്കാർ എന്തു നടപടികൾ പുതുതായി തുടങ്ങാൻ ഉദ്ദേശിക്കുന്നു എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്ത് പട്ടികജാതി/പട്ടികവർഗ്ഗ/പിന്നോക്ക വിഭാഗങ്ങൾക്ക് നൽകിയ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

| | | |
|---|---|---|
| (ബി) എസ്. സി. | - | 26.30 കോടി |
| എസ്. ടി. | - | കുടിശ്ശിക ഇല്ല. |
| ഒ.ഇ.സി. | - | 116.60 കോടി |
| എസ്.ഇ.ബി.സി . | - | 30.38 കോടി |
| ഒ.ബി.സി. | - | 16.06 കോടി |
| ആകെ | - | 189.34 കോടി |

(സി) നൽകി.

എസ്.സി. വിഭാഗത്തിലെ കുടിശ്ശിക പൂർണ്ണമായും നൽകി. ഒ.ഇ.സി/ എസ്.ഇ.ബി.സി/ഒ.ബിസി വിഭാഗത്തിൽ 120 കോടി രൂപ നൽകി.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത വിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ ഉന്നമനത്തിനും വിദ്യാഭ്യാസ പുരോഗതിക്കും ഉതകുന്ന പദ്ധതികൾ ഇപ്പോൾ നിലവിലുണ്ട്. കൂടുതൽ പദ്ധതികൾ ആവശ്യമുണ്ടെന്ന തോന്നുന്നപക്ഷം ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

**സർക്കാരിൽനിന്നും ഗ്രാന്റ് വാങ്ങി പഠിക്കുന്ന വിദ്യാർത്ഥികൾ**

2 (1813) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിൽനിന്നും യഥാസമയങ്ങളിൽ ഫണ്ട് അനുവദിക്കാത്തതുമൂലം വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഗ്രാന്റ് വാങ്ങി പഠിക്കുന്ന മിടുക്കരായ പാവപ്പെട്ട പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠിത്തവും, ഹോസ്റ്റലുകളിലെ താമസവും മറ്റും മുടങ്ങുന്നതായുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാകുമെന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഉന്നമനത്തിനായി പുതിയ എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) ഗ്രാന്റുവാങ്ങി പഠിക്കുന്ന എത്ര കുട്ടികൾ കേരളത്തിൽ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്നു ; അതിൽ ആൺകുട്ടികൾ എത്ര; പെൺകുട്ടികൾ എത്രയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പട്ടികജാതി: ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സ്ഥാപനം ക്ലെയിം ചെയ്ത അഡീഷണൽ ജില്ലാ ആഫീസർ അംഗീകാരം നൽകിയ എല്ലാ ക്ലെയിമുകളും താമസം വരുത്താതെ വിതരണം ചെയ്യുന്നുണ്ട്.

പട്ടികവർഗ്ഗം: ഇല്ല. ബാധകമല്ല.

(ബി) പട്ടികജാതി

വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഉന്നമനത്തിനായി 'പഠനമുറി' നിർമ്മിക്കുന്നതിനുള്ള ഒരു പുതിയ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. 120 ചതുരശ്ര അടി വിസ്തീർണ്ണമുള്ള പഠനമുറിയിൽ ഫർണിച്ചർ, കമ്പ്യൂട്ടർ, ഇലക്ട്രിഫിക്കേഷൻ എന്നിവ ഒരുക്കുന്നതാണ് ഈ പദ്ധതി. 2 ലക്ഷം രൂപ ചെലവിലായിരിക്കും പഠനമുറി നിർമ്മിച്ച് നൽകുക.

(സി) <u>പട്ടികജാതി</u>:

പോസ്റ്റ്മെട്രിക് വിഭാഗത്തിൽ 2016-17 അദ്ധ്യായനവർഷം പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം

ആൺ - 90422 പെൺ - 137732

പ്രീമെട്രിക് വിഭാഗത്തിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം

ആൺ - 197252 പെൺ - 207625

നഴ്സറി സ്കൂൾ വിഭാഗത്തിൽ പഠിക്കുന്ന പട്ടികജാതി വിഭാഗ വിദ്യാർത്ഥികളുടെ എണ്ണം

ആൺ -1154 പെൺ - 1188

<u>പട്ടികവർഗ്ഗം</u>

2016-17 അദ്ധ്യയനവർഷം പോസ്റ്റ്മെട്രിക് തലത്തിൽ 7396 പെൺകുട്ടികളും 5216 ആൺകുട്ടികളും വിദ്യാഭ്യാസാനുകൂല്യം നേടി അദ്ധ്യയനം തുടരുന്നുണ്ട്. പ്രീ-മെട്രിക് തലത്തിൽ 36129 പെൺകുട്ടികളും 34408 ആൺകുട്ടികളും ആനുകൂല്യം കൈപ്പറ്റുന്നുണ്ട്.

**പഠനമുറി സഹായ പദ്ധതി**

3 (1814) <u>ശ്രീ. എ. പി. അനിൽ കുമാർ</u> :
<u>ശ്രീ. വി. പി. സജീന്ദ്രൻ</u> :
<u>ശ്രീ. ഐ. സി.ബാലകൃഷ്ണൻ</u> :
<u>ശ്രീ. വി.ഡി.സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് പഠനമുറി സഹായ പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്കുള്ള 'പഠനമുറി' സഹായ പദ്ധതി പ്രകാരം ഓരോ ജില്ലയിലും എത്ര വിദ്യാർത്ഥികൾക്കാണ് ധനസഹായം അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഈ വർഷത്തെ ബഡ്ജറ്റിൽ ഇതിനായി തുക വകയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്?

ഉത്തരം

(എ) ഉദ്ദേശിക്കുന്നുണ്ട്. പഠന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പട്ടികജാതി വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് 'പഠനമുറി' നിർമ്മിക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. വീടിനോട് ചേർന്ന് 120 സ്ക്വയർഫീറ്റ് വിസ്തൃതിയുള്ളതും മേൽക്കൂര കോൺക്രീറ്റ് ചെയ്തതും തറ ടൈൽസ് പാകിയതുമായ മുറിയിൽ പുസ്തകം സൂക്ഷിക്കുന്നതിനുള്ള ഭിത്തി അലമാര (രണ്ട് കുട്ടികൾക്കാവശ്യമുള്ളത്), ലൈറ്റ്, ഫാൻ, സ്റ്റഡിഡസ്ക്, 3 പ്ലാസ്റ്റിക് കസേരകൾ, കമ്പ്യൂട്ടർ, കമ്പ്യൂട്ടർ ടേബിൾ എന്നീ സൗകര്യങ്ങൾ ഒരുക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി&സി) അടുത്ത 5 വർഷം കൊണ്ട് 10,000 (പതിനായിരം) പഠനമുറികൾ നിർമ്മിച്ചുനൽകുവാനാണ് ഉദ്ദേശിക്കുന്നത്. വകുപ്പിന്റെ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് ഈ പദ്ധതി നടപ്പാക്കുന്നതാണ്.

**ഐ.എ.വൈ. പദ്ധതി**

4 (1815) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സാമ്പത്തിക വർഷം പട്ടികജാതി വികസന വകുപ്പ് വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ഐ.എ.വൈ.-പദ്ധതി പ്രകാരം തൃശ്ശൂർ ജില്ലയിൽ എത്ര വീടുകൾ അനുവദിച്ചിട്ടുണ്ടെന്നും അതിൽ പൂർത്തീകരിച്ച വീടുകളുടെ എണ്ണം എത്രയാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

ഗ്രാമ വികസന വകുപ്പ് മുഖേനയാണ് IAY പദ്ധതി നടപ്പിലാക്കുന്നത്. 31-7-16-ലെ കണക്കുകൾപ്രകാരം 2015-16-ൽ തൃശ്ശൂർ ജില്ലയിൽ IAY പദ്ധതിയിൽ അനുവദിക്കപ്പെട്ട 2157 പട്ടികജാതി വിഭാഗം വീടുകളിൽ 558 എണ്ണവും പട്ടികവർഗ്ഗ വിഭാഗത്തിൽ അനുവദിച്ച 23-ൽ 4-ഉം വീടുകൾ പൂർത്തിയായതായി ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾ

5 (1816) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ നിയോജക മണ്ഡലത്തിൽ ഭവനരഹിതരായ എത്ര പട്ടികജാതി കുടുംബങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കുടുംബങ്ങൾക്ക് സമയബന്ധിതമായി വീട് നിർമ്മിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അരൂർ നിയോജക മണ്ഡലത്തിൽ ഭവനരഹിതരായ 547 പട്ടികജാതി കുടുംബങ്ങളുണ്ട്.

(ബി) ഓരോ വർഷവും ഭവനനിർമ്മാണ ധനസഹായപദ്ധതിപ്രകാരം നിശ്ചിത എണ്ണം വീടുകൾ നിർമ്മിക്കുന്നതിനാണ് ധനസഹായം അനുവദിച്ചു വരുന്നത്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയും ഭവന നിർമ്മാണ ധനസഹായം അനുവദിച്ച് നൽകുന്നുണ്ട്. പ്രസ്തുത കുടുംബങ്ങൾക്ക് ഘട്ടംഘട്ടമായി വീട് നിർമ്മിക്കുന്നതിന് ധനസഹായം അനുവദിച്ച് നൽകുന്നതാണ്.

## വലിയമല കോളനി വികസന പദ്ധതി

6 (1817) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂടാടി പഞ്ചായത്തിലെ വലിയമല കോളനിയിൽ പട്ടികജാതി വികസന വകുപ്പ് മുഖേന നടക്കുന്ന വികസന പദ്ധതിയുടെ നിർമ്മാണ/പ്രവർത്തന പുരോഗതി വിശദമാക്കുമോ;

(ബി) ഈ പദ്ധതിയുടെ പ്രവർത്തനം ഫലപ്രദമായി നടക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) മൂടാടി പഞ്ചായത്തിലെ വലിയമല കോളനിയിൽ പട്ടികജാതി വികസന വകുപ്പ് മുഖേന നടക്കുന്ന വികസന പദ്ധതിയുമായി ബന്ധപ്പെട്ട് പുതിയ കിണർ കുഴിച്ച്, പമ്പ് ഹൗസും ടാങ്കും നിർമ്മിച്ചു, കണക്ഷനുവേണ്ടി എല്ലാ വീടുകളിലും ടാപ്പ് ഫിറ്റ് ചെയ്തു, പൈപ്പ് ലൈൻ പ്രവൃത്തി പൂർത്തിയാക്കി. എന്നാൽ വൈദ്യുതി കണക്ഷൻ ലഭിക്കാത്തതിനാൽ കുടിവെള്ള കണക്ഷൻ നൽകിയിട്ടില്ല. ഫുട്ട്പാത്ത്, റോഡ്, ഹൗസ് റിപ്പയർ എന്നീ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹു. എം.എൽ.എ. യുടെ നേതൃത്വത്തിൽ മീറ്റിംഗ് വിളിച്ചുചേർത്ത് പ്രവൃത്തി ത്വരിതപ്പെടുത്തുന്നതിന് ജില്ലാ പട്ടികജാതി വികസന ഓഫീസർക്കും പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കുന്നതിന് ഏജൻസിയായ SIDCO-ക്കും (കോഴിക്കോട്) നിർദ്ദേശം നൽകിയിട്ടുണ്ട്.

**പട്ടികവിഭാഗങ്ങൾക്ക് വീട് വയ്ക്കുന്നതിനുള്ള ധനസഹായം**

7 (1818) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് അനുവദിക്കുന്ന ധനസഹായവും ആയതിന്റെ ഉപയോഗവും കൃത്യമായി യഥാർത്ഥ ഗുണഭോക്താക്കൾക്ക് കിട്ടുന്നുണ്ടോയെന്ന് പരിശോധിക്കുവാൻ നിരീക്ഷണ സമിതികൾ രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് വീട് വയ്ക്കുന്നതിനുള്ള ധനസഹായം ഉയർത്തുന്ന കാര്യം പരിഗണിക്കുമോ;

(സി) വീടുവയ്ക്കുന്നതിനുള്ള തുക പരിമിതമായതുകാരണം പാതിവഴിയിൽ ഉപേക്ഷിച്ച ഭവന നിർമ്മാണ പദ്ധതികൾ പൂർത്തീകരിക്കുവാൻ ധനസഹായം അനുവദിക്കുമോ; പൂർത്തിയാകാത്ത വീടുകൾക്ക് മെയ്ന്റനൻസ് ഗ്രാന്റ് അനുവദിക്കുമോ;വിശദമാക്കുമോ?

## ഉത്തരം

(എ) വകുപ്പുതലത്തിലും ജില്ലാതലത്തിലും നിലവിൽ ഗുണഭോക്താക്കൾക്ക് ധനസഹായം കിട്ടുന്നുണ്ടോ എന്ന് പരിശോധിക്കുന്ന സംവിധാനമുണ്ട്.

(ബി) കാലാകാലങ്ങളിൽ വീട് വയ്ക്കുന്നതിനുള്ള ചെലവ് വർദ്ധിക്കുന്നതിന് ആനുപാതികമായി ധനസഹായം വർദ്ധിപ്പിച്ച് നൽകുന്നുണ്ട്.

(സി) തുക പരിമിതമായതുകാരണം പട്ടികജാതിക്കാരുടെ പാതിവഴിയിൽ ഉപേക്ഷിച്ച വീടുകൾക്ക് 'സ്പിൽ ഓവർ പദ്ധതി' പ്രകാരം പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് നിലവിലെ ഓരോ ഗഡുവിനും ആനുപാതികമായി കൈപ്പറ്റിയ ഗഡുകൾക്കനുസരിച്ച് പ്രവൃത്തി പൂർത്തിയാക്കിയിട്ടുള്ളവർക്ക് ബാക്കി ഗഡുകൾ പുതുക്കിയ നിരക്കിൽ നൽകി വരുന്നുണ്ട്. 6 വർഷം കഴിഞ്ഞിട്ടും നിലവിൽ നിർമ്മാണം പൂർത്തിയാകാത്ത പട്ടികവർഗ്ഗ വിഭാഗക്കാരുടെ വീടുകൾ വാസയോഗ്യമാംവിധം പൂർത്തീകരിക്കുന്നതിനായി പരമാവധി ഒരു ലക്ഷം രൂപ വരെ അനുവദിച്ചുവരുന്നു.

## നായാടി സമുദായാംഗങ്ങൾക്ക് ആനുകൂല്യം

8 (1819) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര താലൂക്കിൽ മൈലം വില്ലേജിൽപ്പെട്ട നായാടി സമുദായാംഗങ്ങൾക്ക് ലഭിച്ചുകൊണ്ടിരുന്ന പട്ടികജാതി ആനുകൂല്യം നിഷേധിച്ചതിനാൽ സമുദായാംഗങ്ങൾ നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) പരമ്പരാഗതമായി നായാടി വിഭാഗത്തിൽപ്പെടുകയും പട്ടികജാതി ആനുകൂല്യം ലഭിച്ചിരുന്നതുമായ ഈ വിഭാഗക്കാർക്ക് പ്രസ്തുത ആനുകൂല്യം നിഷേധിച്ച തീരുമാനം പുനഃപരിശോധിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നു വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മൈലംവില്ലേജിൽ 'നായാടി' വിഭാഗക്കാരാണെന്ന് അവകാശമുന്നയിച്ച ഒരു വിഭാഗത്തിന് പ്രസ്തുത ജാതി സർട്ടിഫിക്കറ്റ് അനുവദിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കൊല്ലം ജില്ലയിലെ കൊട്ടാരക്കര താലൂക്കിലെ മൈലം പ്രദേശത്തെ നായാടി അവകാശവാദം ഉന്നയിക്കുന്നവർ യഥാർത്ഥത്തിൽ "കൊടാങ്കി നായ്ക്കൻ" സമുദായത്തിലെ ഉൾപ്പെട്ടവരാണെന്ന കിർത്താഡ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 11-11-2013-ലെ G.O.(Rt) No.1579/13/SCSTDD പ്രകാരം ടിയാളുകളുടെ പട്ടികജാതി പദവിയും മറ്റാനുകൂല്യങ്ങളും നിരസിച്ചിട്ടുണ്ട്. കിർത്താഡ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജനവിഭാഗത്തെ മറ്റ് പിന്നോക്ക വിഭാഗ ലിസ്റ്റിൽ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിച്ചുവരുന്നു.

**ആലപ്പുഴ ജില്ലയിൽ അനുവദിച്ചിട്ടുള്ള കോർപ്പസ് ഫണ്ട്**

9 (1820) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ അനുവദിച്ചിട്ടുള്ള കോർപ്പസ് ഫണ്ടിന്റെ വിനിയോഗത്തിലെ കാലതാമസം എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ;

(ബി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടപ്പാക്കേണ്ട റോഡ്, കുടിവെള്ള പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ;

(സി) ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽനിന്നും സമർപ്പിച്ചിട്ടുള്ള റോഡ്, കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിലുള്ള കാലതാമസം എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ജില്ലകൾക്ക് അനുവദിക്കുന്ന കോർപ്പസ് ഫണ്ട് ബന്ധപ്പെട്ട ബ്ലോക്ക്

പഞ്ചായത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, മറ്റ് സർക്കാർ സ്ഥാപനങ്ങൾ എന്നിവ മുഖാന്തരം വിനിയോഗിക്കാനാണ് നിലവിൽ അനുമതിയുള്ളത്. എൽ.എസ്.ജി.ഡി. എഞ്ചിനീയർമാർ, കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽനിന്നും എസ്റ്റിമേറ്റും അനുബന്ധരേഖകളും ലഭിക്കാൻ വൈകുന്നതുകൊണ്ടാണ് ഫണ്ട് വിനിയോഗവും വൈകുന്നത്.

(ബി) പട്ടികജാതി വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കേണ്ട റോഡ് പ്രവൃത്തികളുടെയും കുടിവെള്ള പദ്ധതികളുടെയും ജോയിന്റ് സൈറ്റ് ഇൻസ്പെക്ഷൻ ഇതിനകം പൂർത്തിയാക്കിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറിൽനിന്നും വിശദമായ എസ്റ്റിമേറ്റ് ലഭ്യമായി കഴിഞ്ഞാലുടൻ ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ജില്ലാതല സമിതിയുടെ അടുത്ത യോഗത്തിൽ ഭരണാനുമതി ഉത്തരവ് നൽകുന്നതാണ്. മുട്ടുപാട് കടവ്-കരിപ്പുറം റോഡ് വർക്കിനുവേണ്ട ഫീസിബിലിറ്റി സർട്ടിഫിക്കറ്റിലെ ന്യൂനത അടിയന്തരമായി പരിഹരിക്കുന്നതിന് ചെങ്ങന്നൂർ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറിൽനിന്നും കുടിവെള്ള പദ്ധതികൾക്കുള്ള എസ്റ്റിമേറ്റ്, എസ്റ്റിമേറ്റ് റിപ്പോർട്ട് എന്നിവ ലഭിക്കുന്നതിനുള്ള കാലതാമസം പദ്ധതി നടത്തിപ്പിനും കാലതാമസമുണ്ടാക്കുന്നു. ജോയിന്റ് സൈറ്റ് ഇൻസ്പെക്ഷൻ കഴിഞ്ഞ എല്ലാ പ്രവൃത്തികളുടെയും ഭരണാനുമതി ഉത്തരവ് ജില്ലാതല സമിതി കൂടുന്ന മുറയ്ക്ക് പുറപ്പെടുവിക്കുന്നതാണ്.

### ഒല്ലൂർ ഐ.റ്റി.ഐ.-യുടെ പശ്ചാത്തല സൗകര്യങ്ങൾ

10 (1821) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജക മണ്ഡലത്തിലെ നടത്തറയിലുള്ള പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള ഐ. റ്റി. ഐ.യിൽ നിലവിൽ ഏതെല്ലാം ട്രേഡുകളിൽ എത്ര വിദ്യാർത്ഥികൾ പഠിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഐ.ടി.ഐ.യുടെ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കെട്ടിടങ്ങളുടെ നവീകരണത്തിനും പുതിയ കെട്ടിട നിർമ്മാണത്തിനും പദ്ധതികൾ ആവിഷ്കരിക്കുമോ എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഐ. ടി. ഐ.-യിൽ പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള നടത്തറ ഐ.ടി.ഐ.യിൽ

| നിലവിലുള്ള ട്രേഡുകൾ | കാർപെന്റർ | വെൽഡർ |
|---|---|---|
| പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം | 21 | 16 |

(ബി&സി) ഇക്കാര്യങ്ങൾ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## പാലക്കാട് ജില്ലയിലെ ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾ

11(1822) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളുടെ വിശദാംശങ്ങൾ ശേഖരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ പ്രസ്തുത വിശദാംശം ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) ജില്ലയിലെ മുഴുവൻ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് സ്വന്തമായി സ്ഥലവും വീടും ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ഇതിനായി എത്ര തുക നീക്കിവച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി കുടുംബങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു:

| പഞ്ചായത്ത്/മുനിസിപ്പാലിറ്റി | ഭവനരഹിതർ | ഭൂരഹിതർ |
|---|---|---|
| അമ്പലപ്പാറ | 37 | 47 |
| അനങ്ങനടി | 79 | 60 |
| ചളവറ | 30 | 16 |
| ലക്കിടി പേരൂർ | 38 | 43 |
| വാണിയംകുളം | 42 | 36 |
| നെല്ലായ | 20 | 25 |
| തൃക്കടീരി | 46 | 54 |
| വല്ലപ്പുഴ | 34 | 26 |
| ഒറ്റപ്പാലം മുനിസിപ്പാലിറ്റി | 206 | 130 |
| ആകെ | 532 | 437 |

ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ കരിമ്പുഴ പഞ്ചായത്തിൽ ഭൂരഹിതരായ രണ്ട് പട്ടികവർഗ്ഗ കുടുംബങ്ങളും ഭവനരഹിതരായ മൂന്ന് പട്ടികവർഗ്ഗ കുടുംബങ്ങളുമുണ്ട്.

(ബി) ജില്ലയിലെ മുഴുവൻ പട്ടികജാതി കുടുംബങ്ങൾക്കും ഘട്ടംഘട്ടമായി സ്വന്തമായി സ്ഥലവും വീടും ലഭ്യമാക്കുന്നതിന്റെ ഭാഗമായി എല്ലാ വർഷവും ടി പദ്ധതികൾക്ക് നിശ്ചിത തുക വകയിരുത്തുന്നുണ്ട്. 2016-17 സാമ്പത്തിക വർഷം പാലക്കാട് ജില്ലയിൽ ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം 450 പട്ടികജാതി കുടുംബങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിനായി 1725 ലക്ഷം രൂപയും ഭവന നിർമ്മാണ പദ്ധതി പ്രകാരം 996 പട്ടികജാതി കുടുംബങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിനായി 2300 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

ജില്ലയിൽ ഭൂരഹിതരായ 526 പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭവനരഹിതരായ 896 പട്ടികവർഗ്ഗ കുടുംബങ്ങൾക്കും യഥാക്രമം ഭൂമിയും വീടും നൽകുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിവിധ പദ്ധതികളിൽപ്പെടുത്തി തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ടി പദ്ധതികൾക്കായി നടപ്പ് സാമ്പത്തിക വർഷം ബന്ധപ്പെട്ട ശീർഷകങ്ങളിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്ക് ആനുപാതികമായി പാലക്കാട് ജില്ലയിലെ ഭൂരഹിതർക്കും ഭവനരഹിതർക്കും സ്ഥലവും വീടും വാങ്ങുന്നതിനായി മുൻഗണനാ ക്രമത്തിൽ തുക അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## ഭൂരഹിതരായ പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ക്ഷേമം

12 (1823) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭൂരഹിതരായ പട്ടികജാതിക്കാരുടെ കണക്ക് ലഭ്യമാക്കാമോ; പട്ടികവർഗ്ഗക്കാർക്കും പട്ടികജാതിക്കാർക്കും ഭൂമി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

സംസ്ഥാനത്ത് ഭൂരഹിതരായ 30698 പട്ടികജാതിക്കാർ ഉണ്ട്. ഭൂരഹിതരായ പട്ടികജാതിക്കാർക്ക് ഭൂമി ലഭ്യമാക്കുന്നതിന് വകുപ്പ് നടപ്പിലാക്കിയിട്ടുള്ള ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം താഴെപ്പറയുന്ന നിരക്കിൽ ധനസഹായം അനുവദിച്ചുവരുന്നു:

| ഏര്യ | ഭൂമിയുടെ അളവ് | അനുവദിക്കുന്ന തുക (സെന്റൊന്നിന്) | ആകെത്തുക |
|---|---|---|---|
| ഗ്രാമപ്രദേശം | 5 സെന്റ് | 75000 | 3.75 ലക്ഷം |
| മുനിസിപ്പാലിറ്റി | 3 സെന്റ് | 1.5 ലക്ഷം | 4.50 ലക്ഷം |
| കോർപ്പറേഷൻ | 3 സെന്റ് | 2 ലക്ഷം | 6.00 ലക്ഷം |

ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് 10 ലക്ഷം രൂപ ചെലവിൽ 25 സെന്റ് മുതൽ 1 ഏക്കർ വരെ ഭൂമി വാങ്ങി നൽകുന്നുണ്ട്. കൂടാതെ ആദിവാസി പുനരധിവാസ വികസന മിഷൻ പദ്ധതി, വനാവകാശനിയമം 2006 എന്നീ പദ്ധതികളും നിലവിലുണ്ട്. മേൽ പദ്ധതികൾ തുടരുന്നതാണ്.

## ഭൂരഹിതരായ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ

13 (1824) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ എണ്ണം, ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാണോ; എങ്കിൽ കൊല്ലം ജില്ലയുടെ കണക്ക് ലഭ്യമാക്കാമോ;

(ബി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട സ്ത്രീകൾക്ക് സ്വയം തൊഴിൽ കണ്ടെത്താനും വിവാഹധനസഹായം ലഭ്യമാക്കാനുമായി എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ; എങ്കിൽ പ്രതിവർഷം എത്ര രൂപ ഇതിനായി ചെലവഴിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇതിനായി കേന്ദ്ര സർക്കാർ സഹായം ലഭ്യമാണോ; എങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ലഭ്യമാണ്. 2016 മേയ് 31 വരെ കൊല്ലം ജില്ലയിൽ 4063 ഭൂരഹിതരായ പട്ടികജാതിക്കാർ ഉണ്ടെന്നും 290 പട്ടികവർഗ്ഗക്കാർ ഉണ്ടെന്നും കണക്കാക്കിയിട്ടുണ്ട്.

(ബി) സ്വയംതൊഴിൽ ചെയ്യുന്നതിന് വനിതകൾക്ക് മാത്രമായി പദ്ധതി നിലവിലില്ല. എന്നാൽ പട്ടികജാതി വികസന വകുപ്പിന്റെ സ്വയംതൊഴിൽ വായ്പാ സബ്സിഡി പദ്ധതി പ്രകാരം ബാങ്ക് ലോൺ ലഭിക്കുന്ന പട്ടികജാതി വനിതകൾ ഉൾപ്പെടെയുള്ള ഗുണഭോക്താക്കൾക്ക് ബാങ്ക് വായ്പയുടെ മൂന്നിലൊന്ന് തുക സബ്സിഡിയായി വകുപ്പിൽനിന്നും അനുവദിച്ചുവരുന്നു.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് വിവാഹ ധനസഹായം അനുവദിക്കുന്ന പദ്ധതി നിലവിലുണ്ട്. ഇതുപ്രകാരം 50,000 രൂപ ധനസഹായമായി അനുവദിച്ചുവരുന്നു. സ്വയംതൊഴിൽ, വിവാഹ ധനസഹായ പദ്ധതികൾക്കായി കഴിഞ്ഞ മൂന്ന് വർഷം ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

| സ്വയംതൊഴിൽ പദ്ധതി | | വിവാഹ ധനസഹായ പദ്ധതി | |
|---|---|---|---|
| വർഷം | ചെലവഴിച്ച തുക (ലക്ഷത്തിൽ) | വർഷം | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
| 2013-14 | 322.78 | 2013-14 | 7754.15 |
| 2014-15 | 388.8 | 2014-15 | 3499.5 |
| 2015-16 | 370.08 | 2015-16 | 3766 |

(സി) ഈ പദ്ധതികൾക്കായി കേന്ദ്ര സഹായം ലഭിക്കുന്നില്ല.

## ആലത്തൂർ നിയോജക മണ്ഡലത്തിലെ സ്വയം പര്യാപ്ത ഗ്രാമം

14 (1825) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജക മണ്ഡലത്തിലെ എരിമയൂർ പഞ്ചായത്തിലെ കുണ്ടുകാട് കോളനിയെ സ്വയംപര്യാപ്ത ഗ്രാമമായി തെരഞ്ഞെടുത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) കുണ്ടുകാട് കോളനിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ എത്രത്തോളമായി എന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കുണ്ടുകാട് കോളനിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

പൂർത്തീകരിച്ച പ്രവൃത്തികൾ :

1. പ്ലാസ്റ്ററിംഗ് (29 നമ്പർ)
2. കോൺക്രീറ്റ് റോഡ് ടാങ്കിന്റെ മുൻവശം (155 മീറ്റർ നീളം)
3. കുടിവെള്ള വിതരണം - 3 എച്ച്.പി. പമ്പ് സെറ്റ്
4. കുടിവെള്ള വിതരണം - പമ്പ് ഹൗസ്
5. കുടിവെള്ള വിതരണം - സി.എച്ച്. സിന്റക്സ് വാട്ടർ ടാങ്ക് 20000 ലിറ്റർ ( 4 മീറ്റർ ഉയരം)
6. കുടിവെള്ള വിതരണം
7. റീടെയ്നിംഗ് വാൾ 240 മീറ്റർ നീളം
8. ആർ.സി.സി. റീട്ടെയ്നിംഗ് വാൾ 110 മീറ്റർ
9. കുടിവെള്ള വിതരണം - ബോർവെൽ.

പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ :

ബയോഗ്യാസ് പ്ലാന്റ് 5 എണ്ണം .

(സി) നിർമ്മാണ പ്രവർത്തനങ്ങൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിന് ബന്ധപ്പെട്ട ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള പദ്ധതികൾ**

15 (1826) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിനുകീഴിൽ നടപ്പിലാക്കി വരുന്ന വ്യക്തിഗത ധനസഹായ പദ്ധതികളും അവയുടെ നടപടിക്രമങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന ജനങ്ങൾ താമസിക്കുന്ന കോളനികളിൽ റോഡ്, കുടിവെള്ളം, വൈദ്യുതി മുതലായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി ഈ വകുപ്പിനുകീഴിൽ എന്തെങ്കിലും പദ്ധതികളുണ്ടോ; എങ്കിൽ അവ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(സി) പട്ടാമ്പി മണ്ഡലത്തിലെ പട്ടികജാതി കോളനികളിൽ റീസർവ്വേ പൂർത്തിയാക്കാത്തത് പല കുടുംബങ്ങൾക്കും പട്ടയം ലഭിക്കാതിരിക്കുന്നതിനു കാരണമായിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;ഏങ്കിൽ റീസർവ്വേ വേഗത്തിൽ പൂർത്തിയാക്കാനുള്ള നിർദ്ദേശം ഈ വകുപ്പ് ബന്ധപ്പെട്ട വകുപ്പിനു നല്കിയിട്ടുണ്ടോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പിന് കീഴിൽ നടപ്പിലാക്കിവരുന്ന വ്യക്തിഗത ധനസഹായ പദ്ധതികളും അവയുടെ നടപടികളും അനുബന്ധമായി ചേർക്കുന്നു.*

(ബി) സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം കോളനികളിൽ റോഡ്, വൈദ്യുതി, കുടിവെള്ളം മുതലായ സൗകര്യങ്ങളും ഏർപ്പെടുത്തുന്നുണ്ട്. ജില്ലാതല കോർപ്പസ് ഫണ്ട് ഉപയോഗിച്ചും ഇത്തരം പദ്ധതി നടപ്പാക്കിവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പിൽനിന്നും അനുവദിച്ച ഭൂമിക്ക് പട്ടയം നൽകുന്നത് സംബന്ധിച്ച നടപടി സ്വീകരിക്കേണ്ട റവന്യൂ വകുപ്പിന് നിർദ്ദേശം നൽകുവാൻ നടപടി സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**പട്ടികജാതി വിഭാഗങ്ങളുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ**

16 (1827) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗങ്ങളുടെ ക്ഷേമത്തിനായി സർക്കാർ പട്ടികജാതി വകുപ്പിൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പട്ടികജാതി വകുപ്പ് മുഖേന കൊയിലാണ്ടി മണ്ഡലത്തിൽ പുതിയ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർക്കുന്നു.*

(ബി) പട്ടികജാതി വികസന വകുപ്പ് നടത്തിവരുന്ന സ്വയംപര്യാപ്ത ഗ്രാമം പദ്ധതി 2016-17 വർഷം മുതൽ അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതിയായി നടപ്പിലാക്കുന്നത് പ്രകാരം ഓരോ നിയമസഭാ മണ്ഡലത്തിൽനിന്നും നാൽപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന കോളനികളുടെ വിവരം ശേഖരിച്ച് പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**പട്ടികജാതി-പട്ടികവർഗ്ഗ ചികിത്സാ ധനസഹായ മാനദണ്ഡം**

17 (1828) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നൽകിവരുന്ന ചികിത്സാ ധനസഹായത്തിന്റെ മാനദണ്ഡത്തിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് നൽകിവരുന്ന ചികിത്സാ ധനസഹായത്തിന്റെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയിട്ടില്ല. കുടുംബ വരുമാന പരിധി ഒരു ലക്ഷം രൂപയായി ഉയർത്തുന്ന കാര്യം പരിഗണിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിലെ പണി പൂർത്തീകരിക്കാത്ത വീടുകൾ

18 (1829) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ കോളനികളിൽ വിവിധകാരണങ്ങളാൽ പണി പൂർത്തീകരിക്കാത്ത വീടുകൾ ഉള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അത്തരം വീടുകൾ കണ്ടെത്തി, പണി പൂർത്തീകരിച്ച് വാസയോഗ്യമാക്കാനുള്ള അടിയന്തര നടപടികൾ സ്വീകരിക്കാൻ കഴിയുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പട്ടികജാതി കോളനികളിൽ പണി പൂർത്തീകരിക്കാതെ അവശേഷിക്കുന്ന വീടുകൾക്ക് സ്പിൽ ഓവർ പദ്ധതി പ്രകാരം പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് നിലവിലെ ഓരോ ഗഡുവിനും ആനുപാതികമായി പുതുക്കിയ നിരക്കിൽ തുക നൽകിവരുന്നു. പട്ടികവർഗ്ഗ കോളനികളിൽ 6 വർഷക്കാലം കഴിഞ്ഞതും നിലവിൽ നിർമ്മാണം പൂർത്തിയാകാത്തതുമായ വീടുകൾ വാസയോഗ്യമാംവിധം പൂർത്തീകരിക്കുന്നതിനായി പരമാവധി 1,00,000 രൂപ (ഒരുലക്ഷം രൂപ) വരെ അനുവദിച്ചുവരുന്നു.

## പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ നവീകരണം

19 (1830) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ കോളനി നവീകരണത്തിനായി ഫണ്ട് അനുവദിച്ചിട്ടും പല കോളനികളിലും നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാകാതെ മുടങ്ങിക്കിടക്കുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇത്തരം കോളനികളുടെ നവീകരണം പൂർത്തിയാക്കുന്നതിനായി എന്തെങ്കിലും നടപടി ആലോചനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഫണ്ട് അനുവദിക്കപ്പെട്ടിട്ടും അഴിമതിയും ദുർവ്യയവും കാരണം നിർമ്മാണം തടസ്സപ്പെട്ടിരിക്കുന്ന സ്ഥലങ്ങളിൽ കുറ്റക്കാരെ കണ്ടെത്താനും അർഹമായ ശിക്ഷാ നടപടി കൈക്കൊള്ളാനും നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്വയംപര്യാപ്ത ഗ്രാമം പദ്ധതി നടപ്പിലാക്കാൻ തെരഞ്ഞെടുത്ത സർക്കാർ ഏജൻസികളുടെ തനത് മനുഷ്യവിഭവശേഷിക്കുറവ്, കമ്മ്യൂണിറ്റി ഹാൾ മുതലായവയ്ക്ക് കോളനികളിലെ സ്ഥല ലഭ്യതക്കുറവ്, കോളനിക്കാരുടെ ആവശ്യ പ്രകാരം എസ്റ്റിമേറ്റിൽ വരുന്ന നിരന്തര മാറ്റങ്ങൾ തുടങ്ങിയവ കാരണമാണ് കോളനികളുടെ നവീകരണ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കാത്തത്. പട്ടികജാതി വികസന വകുപ്പിന്റെ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ 216 സങ്കേതങ്ങൾ തെരഞ്ഞെടുത്തതിൽ 37 എണ്ണത്തിൽ മാത്രമേ പ്രവൃത്തികൾ പൂർത്തിയായിട്ടുള്ളു. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ എ.ടി.എസ്.പി., ഹാംലെറ്റ് വികസന പദ്ധതി എന്നിവയിൽ 90 സങ്കേതങ്ങൾ തെരഞ്ഞെടുത്തതിൽ 4 എണ്ണം അന്തിമ ഘട്ടത്തിലാണ്.

(ബി) കോളനികളുടെ നവീകരണം പൂർത്തിയാക്കുന്നതിന് ബന്ധപ്പെട്ട ഏജൻസികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

**പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വീടുകൾ**

20 (1831) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-16 കാലഘട്ടത്തിൽ വിവിധ പദ്ധതികളിലുൾപ്പെടുത്തി പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് എത്ര വീടുകൾ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത വീടുകളിൽ എത്രയെണ്ണം താമസയോഗ്യമാക്കി കൈമാറിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) പൂർത്തിയാക്കാൻ ബാക്കിയുള്ള വീടുകളുടെ നിലവിലെ സ്ഥിതി എന്താണെന്നും പൂർത്തിയാകാത്തതിനുള്ള കാരണം എന്താണെന്നും അറിയിക്കാമോ;

(ഡി) പ്രസ്തുത വീടുകളുടെ നിർമ്മാണം പൂർത്തിയാക്കി താമസത്തിന് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 2011-2016 കാലഘട്ടത്തിൽ വിവിധ പദ്ധതികളിലുൾപ്പെടുത്തി പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 43334 വീടുകൾ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇതിൽ 19227 വീടുകൾ മാത്രമേ പൂർത്തീകരിച്ചിട്ടുള്ളു.

(ബി) പ്രസ്തുത വീടുകളിൽ 19227 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾതന്നെ വീട് നിർമ്മിക്കുന്നതിനാൽ വീടുകൾ കൈമാറേണ്ട ആവശ്യമില്ല.

(സി) ഭവനനിർമ്മാണ ധനസഹായ പദ്ധതി പ്രകാരമുള്ള വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. വീട് നിർമ്മാണത്തിന്റെ ഓരോ സ്റ്റേജ് കഴിയുമ്പോഴും സ്റ്റേജ് സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കിയാൽ മാത്രമേ തുടർഗഡുക്കൾ അനുവദിക്കാനാവുകയുള്ളു. കെട്ടിട നിർമ്മാണ സാധനങ്ങളുടെ വിലവർദ്ധനവ്, അമിതമായ ചുമട്ടുകൂലി, നിർമ്മാണത്തൊഴിലാളികളുടെ അഭാവം, പ്രകൃതിക്ഷോഭം, വകുപ്പ് നിഷ്കർഷിച്ചിട്ടുള്ളതിൽ കൂടുതൽ വലിപ്പത്തിലുള്ള വീട് നിർമ്മാണം തുടങ്ങി വിവിധ കാരണങ്ങളാൽ നിർദ്ദിഷ്ട സ്റ്റേജ് പൂർത്തിയാക്കാത്ത ഗുണഭോക്താക്കൾക്ക് തുടർഗഡുക്കൾ അനുവദിക്കുവാൻ കഴിഞ്ഞിട്ടില്ല.

(ഡി) വീടുകളുടെ നിർമ്മാണത്തിന്റെ ഓരോ സ്റ്റേജും പൂർത്തിയാക്കി സ്റ്റേജ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്ന മുറയ്ക്ക് തുടർഗഡുക്കൾ അനുവദിക്കുന്നതാണ്. ഗുണഭോക്താക്കൾതന്നെ വീട് നിർമ്മാണം നടത്തുന്നതിനാൽ വീടുകൾ പൂർത്തിയാക്കി താമസത്തിന് കൈമാറേണ്ട ആവശ്യമില്ല.

**പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ചികിത്സാ ധനസഹായം**

21 (1832) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിൻെറ കാലത്ത് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് അനുവദിച്ച ചികിത്സാ ധനസഹായം കൊടുത്തു തീർക്കാനുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പേർക്കെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മുൻ സർക്കാരിന്റെ കാലത്ത് പട്ടികജാതിക്കാർക്ക് അനുവദിച്ച ധനസഹായം തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, പാലക്കാട്,കോഴിക്കോട്, വയനാട്, കാസർഗോഡ് ജില്ലകളിൽ കൊടുത്തുതീർത്തിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ 70,65,000 രൂപയും മലപ്പുറം ജില്ലയിൽ 50,00,000 രൂപയും കണ്ണൂർ ജില്ലയിൽ 30,00,000 രൂപയും കൊടുത്തുതീർക്കാനുണ്ട്.

മുൻസർക്കാരിന്റെ കാലത്ത് പട്ടികവർഗ്ഗ വിഭാഗക്കാർക്ക് അനുവദിച്ച ചികിത്സാ ധനസഹായം കൊടുത്തുതീർത്തിട്ടുണ്ട്.

(ബി) ഉണ്ട്. 31-8-2016 വരെ പട്ടികജാതിക്കാരായ 5754 പേർക്കും പട്ടികവർഗ്ഗക്കാരായ 80 പേർക്കും ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട്.

**നിർദ്ധനരായ രോഗികൾക്കുള്ള ധനസഹായം**

22 (1833) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പിന്നോക്ക സമുദായ ക്ഷേമ വകുപ്പിൽനിന്നും നിർദ്ധനരായ രോഗികൾക്ക് നൽകുന്ന പരമാവധി ധനസഹായം എത്ര രൂപയാണ്; മുൻ സർക്കാരിന്റെ കാലത്ത് അനുവദിച്ച ധനസഹായം കൊടുത്തുതീർത്തിട്ടുണ്ടോ; എത്ര രൂപയുടെ കുടിശ്ശികയാണ് നിലവിലുള്ളത്; ആയത് കൊടുത്തു തീർക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത ധനസഹായത്തിനുള്ള പുതിയ അപേക്ഷാ ഫോറം നിലവിലുണ്ടോ; ആയതിന്റെ കോപ്പി ലഭ്യമാക്കാമോ; ഈ സർക്കാർ വന്നതിനുശേഷം അനുവദിക്കുന്ന തുക വളരെ അപര്യാപ്തമാണെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പിൽനിന്നും നിർദ്ധനരായ രോഗികൾക്ക് നൽകുന്ന പരമാവധി ധനസഹായം ഒരു ലക്ഷം രൂപയാണ്. മുൻ സർക്കാരിന്റെ കാലത്ത് അനുവദിച്ച ധനസഹായം തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം ഇടുക്കി, എറണാകുളം, പാലക്കാട്, കോഴിക്കോട്, വയനാട്,

കാസർഗോഡ് എന്നീ ജില്ലകളിൽ കൊടുത്തുതീർത്തിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ 70,65,000 രൂപയും, മലപ്പുറം - 50,00,000 രൂപയും കണ്ണൂർ - 30,00,000 രൂപയും കുടിശ്ശിക കൊടുത്തു തീർക്കാനുണ്ട്. ആയത് കൊടുത്തു തീർക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

പിന്നോക്ക സമുദായ വികസന വകുപ്പിൽനിന്നും നിർദ്ധനരായ രോഗികൾക്ക് ധനസഹായം നൽകുന്ന പദ്ധതി നിലവിലില്ല.

(ബി) പുതിയ അപേക്ഷാ ഫാറം ഇല്ല. നിലവിലെ അപേക്ഷാ ഫാറത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്*. നിലവിലെ തുക അപര്യാപ്തമാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പട്ടികജാതി വിഭാഗങ്ങൾക്ക് സ്വയംതൊഴിൽ**
**പരിശീലന പദ്ധതികൾ**

23 (1834) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗങ്ങൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സ്വയംതൊഴിൽ പരിശീലന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ, സാമ്പത്തിക സഹായം ലഭിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ്നിലവിലുള്ളത്; വിശദീകരിക്കുമോ;

(സി) പ്രസ്തുത വിഭാഗങ്ങൾക്ക് നൈപുണ്യ വികസനത്തിനായി നടപ്പിലാക്കിവരുന്ന പദ്ധതികൾ വിശദീകരിക്കുമോ?

ഉത്തരം

(എ) അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ പട്ടികജാതി യുവതീ-യുവാക്കളും പട്ടികജാതിക്കാർ ഉൾപ്പെടുന്ന ഗ്രൂപ്പുകളും ബാങ്കുകളിൽനിന്നും സ്വയംതൊഴിൽ പദ്ധതി പ്രകാരം സ്വീകരിക്കുന്ന ബാങ്ക് വായ്പയ്ക്ക് സബ്സിഡി അനുവദിക്കുന്ന പദ്ധതി, വ്യക്തികൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് 3

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ലക്ഷം രൂപവരെയുള്ള പ്രോജക്ടുകൾക്കും 1/3 സബ്സിഡി നൽകുന്ന പദ്ധതിയും പത്തോ അതിലധികമോ പട്ടികജാതിക്കാർ അംഗങ്ങളായിട്ടുള്ള സ്വയംസഹായ സംഘങ്ങൾ, 80% പട്ടികജാതി വനിതകൾ ഉൾപ്പെടുന്ന സ്വയംസഹായ സംഘങ്ങൾ എന്നിവയ്ക്ക് പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 10 ലക്ഷം രൂപ വരെ ധനസഹായം അനുവദിക്കുന്ന പദ്ധതികൾ എന്നിവ പട്ടികജാതി വികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരും സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ സന്നദ്ധരായവരുമായ യുവതീ-യുവാക്കളെ കണ്ടെത്തി അവർക്ക് കേരള സ്റ്റാർട്ട്അപ് മിഷന്റെ (KSUM) നേതൃത്വത്തിൽ പരിശീലനം നൽകുന്ന ഒരു പദ്ധതിക്ക് 2015-16 സാമ്പത്തിക വർഷം വകുപ്പ് തുടക്കം കുറിച്ചിട്ടുണ്ട്. വിവര സാങ്കേതിക വിദ്യാഭ്യാസ മേഖലയിലോ ഇതര മേഖലയിലോ അഭിരുചി ഉള്ളവർക്ക് സ്വയം സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഈ പദ്ധതി പ്രകാരം പരിശീലനം നേടാവുന്നതാണ്. കൂടാതെ വകുപ്പിൽനിന്നും പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വയംതൊഴിൽ സംരംഭം ആരംഭിക്കാൻ ധനസഹായം അനുവദിക്കുന്ന പദ്ധതിക്കായി പരിഗണിച്ച പട്ടികജാതി സ്വയംസഹായ സംഘങ്ങൾക്ക് സംരംഭം ആരംഭിക്കാനുള്ള പരിശീലനവും, മാർഗ്ഗനിർദ്ദേശങ്ങളും കുടുംബശ്രീയിലെ MEC (Micro Enterprises Consultant) മുഖേനയും നടത്തിവരുന്നു. സ്വയംതൊഴിൽ ബാങ്ക് വായ്പയ്ക്ക് സബ്സിഡി അനുവദിക്കുന്ന പദ്ധതിയും പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വയംസഹായ സംഘങ്ങൾക്ക് ധനസഹായം അനുവദിക്കുന്ന പദ്ധതിയുമാണ് വകുപ്പിൽ നിലവിലുള്ളത്.

(സി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെയും ഉദ്യോഗാർത്ഥി കളുടെയും സ്കിൽ ഡെവലപ്മെന്റ് കാര്യക്ഷമമായി പരിപോഷിപ്പിക്കുന്നതിനും, സാങ്കേതിക മേഖലയിലും ഇതര മേഖലയിലും അവർക്ക് ജോലി ലഭിക്കുന്നതിലേയ്ക്കുമായി വകുപ്പിന്റെ കീഴിൽ 44 ഐ.റ്റി.ഐ.-കൾ നിലവിൽ പ്രവർത്തിച്ചുവരുന്നു. 10 വ്യത്യസ്ത സാങ്കേതിക ട്രേഡുകളിലായി 1828 പട്ടികജാതി/പട്ടികവർഗ്ഗ/ഇതര വിഭാഗങ്ങളിലെ വിദ്യാർത്ഥികൾ പ്രസ്തുത ഐ.റ്റി.ഐ.-കൾ മുഖാന്തരം ഏകവത്സര/ദ്വിവത്സര പഠനം കഴിഞ്ഞ് ഓരോ

വർഷവും പുറത്തുവരുന്നു. കൂടാതെ പാലക്കാട് ജില്ലയിലെ വടക്കാഞ്ചേരിയിൽ സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ മുൻനിര സ്ഥാപനമായ NTTF-ന്റെ ആഭിമുഖ്യത്തിൽ ഒരു കമ്മ്യൂണിറ്റി കോളേജ് പ്രവർത്തിച്ചുവരുന്നു. ഇവിടെ വർഷം 20 വിദ്യാർത്ഥികൾക്ക് CPPM (Certificate Preogramme in Precision Mechinist) എന്ന സർട്ടിഫിക്കറ്റ് കോഴ്സിനും പരിശീലനം നൽകിവരുന്നു. ഇതിന് പുറമെ പട്ടികജാതി വിഭാഗം ഉദ്യോഗാർത്ഥികളുടെയും, വിദ്യാർത്ഥികളുടെയും വിവിധ തലത്തിലുള്ള നൈപുണ്യ വികസനം ലക്ഷ്യമിട്ട് സർക്കാർ/അർദ്ധ സർക്കാർ/സ്വകാര്യസ്ഥാപനങ്ങൾ സമർപ്പിക്കുന്ന പ്രൊപ്പോസലുകൾ സർക്കാരിന്റെ അനുമതിയോടെ വകുപ്പ് നടപ്പിലാക്കിവരികയും ചെയ്യുന്നു.

**പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കാൻ ധനസഹായ പദ്ധതി**

24 (1835) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കാൻ ധനസഹായ പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി നടത്തിപ്പുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ഇതിന്റെ ഗുണഭോക്താക്കളെ എങ്ങനെയാണ് കണ്ടെത്തുന്നത്;

(ഡി) ഇതിനായി ബഡ്ജറ്റിൽ എന്തു തുക വകയിരുത്തിയിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തെ ഭവനരഹിതരായ പട്ടികജാതി വിഭാഗങ്ങൾക്ക് വീട് നിർമ്മിക്കുന്നതിനുള്ള ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 3 ലക്ഷം രൂപയും ദുർബ്ബല വിഭാഗ ഭവന പുനരധിവാസ പദ്ധതി പ്രകാരം 3.5 ലക്ഷം രൂപയും നൽകിവരുന്നു.

(ബി) സംസ്ഥാനത്തെ ഭവനരഹിതരായ എല്ലാ പട്ടികജാതിക്കാർക്കും

ഘട്ടംഘട്ടമായി വാസയോഗ്യമായ വീട് ലഭ്യമാക്കുക, ആയതിലൂടെ അവരുടെ സാമൂഹ്യ സുരക്ഷ ഉറപ്പാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് ലഭിക്കുന്ന ഗുണഭോക്താക്കളുടെ ഗ്രാമസഭാലിസ്റ്റ് പ്രകാരം ബ്ലോക്ക്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസുകൾ മുഖേന ഗുണഭോക്താക്കളെ മുൻഗണനാക്രമത്തിൽ തെരഞ്ഞെടുക്കുന്നു. ഗ്രാമസഭാലിസ്റ്റ് ലഭ്യമാക്കാത്ത ഇടങ്ങളിൽ പത്രപ്പരസ്യം മുഖേന അപേക്ഷ ക്ഷണിക്കുന്നു. നേരിട്ട് ലഭിക്കുന്ന അപേക്ഷകളിൽ, ബ്ലോക്ക് പ്രസിഡന്റ്, പട്ടികജാതി വികസന ഓഫീസർ, ബ്ലോക്ക് മെമ്പർമാർ എന്നിവരടങ്ങുന്ന സമിതി ഗുണഭോക്താക്കളുടെ സാന്നിദ്ധ്യത്തിൽ നറുക്കെടുപ്പിലൂടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു.

(ഡി) ഇതിനായി 2016-17 സാമ്പത്തിക വർഷം ബഡ്ജറ്റിൽ 265 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെയും മറ്റു പിന്നോക്ക വിഭാഗക്കാരുടെയും പിന്നോക്കാവസ്ഥ പരിഹരിക്കാൻ നടപടി**

25 (1836) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെയും മറ്റു പിന്നോക്ക വിഭാഗക്കാരുടെയും പിന്നോക്കാവസ്ഥ പരിഹരിക്കാൻ ഓരോ വർഷവും ബഡ്ജറ്റിലൂടെ പ്രഖ്യാപിക്കപ്പെട്ട പദ്ധതികളും ഓരോന്നിനും അനുവദിച്ച തുകയും എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയിൽ ഏതെല്ലാം പ്രവർത്തനങ്ങൾ നടപ്പിലാക്കിയെന്നും, ഇവ ഓരോന്നിനും ബഡ്ജറ്റു നിർദ്ദേശപ്രകാരം നീക്കിവച്ച തുകയും ചെലവാക്കിയ തുകയും എത്രയെന്നും വ്യക്തമാക്കുമോ; പദ്ധതികളുടെ പൂർത്തീകരണത്തിനായി ഓരോ വർഷവും അധികം നല്കിയ തുക എത്രയെന്ന് വെളിപ്പെടുത്തുമോ; വിശദാംശം ലഭ്യമാക്കുമോ;

(സി) കഴിഞ്ഞ അഞ്ച് വർഷകാലയളവിൽ പാലക്കാട് ജില്ലയിൽ ഈ വിഭാഗങ്ങൾക്കായി യു.ഡി.എഫ്. സർക്കാർ നടത്തിയ പ്രഖ്യാപനങ്ങൾ എന്തെല്ലാം; എത്ര പ്രഖ്യാപനങ്ങൾ പൂർത്തീകരിച്ചു; പൂർത്തീകരിക്കാനുള്ളവ ഏതെല്ലാം ;വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ അനുബന്ധം1*-ലും പട്ടികവർഗ്ഗ വികസനവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ അനുബന്ധം II*-ലും പിന്നോക്ക വിഭാഗവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ അനുബന്ധം III*-ലും കാണാവുന്നതാണ്.

(ബി) പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ അനുബന്ധം IV*-ലും പട്ടികവർഗ്ഗ വികസനവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ അനുബന്ധം II-ലും പിന്നോക്ക വിഭാഗവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ അനുബന്ധം III-ലും കാണാവുന്നതാണ്.

(സി) പട്ടികജാതി വികസന വകുപ്പ്, പാലക്കാട് മെഡിക്കൽ കോളേജ് പണി ആരംഭിച്ചു. ഇത് പൂർത്തീകരിച്ചിട്ടില്ല.

പട്ടികവർഗ്ഗ വികസന വകുപ്പിൽ പാലക്കാട് ജില്ലയ്ക്ക് മാത്രമായി കഴിഞ്ഞ 5 വർഷക്കാലയളവിൽ യു.ഡി.എഫ്. സർക്കാർ പ്രത്യേക പദ്ധതികൾ പ്രഖ്യാപിച്ചിട്ടില്ല. എന്നാൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ച് സംസ്ഥാനത്തുടനീളം നടപ്പിലാക്കുന്ന പദ്ധതികളെല്ലാംതന്നെ പാലക്കാട് ജില്ലയിലും നടപ്പിലാക്കിവരുന്നു.

**സ്വയംപര്യാപ്ത ഗ്രാമം പദ്ധതി**

26 (1837) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-13 വർഷത്തിൽ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ ചെറുതാഴം ഗ്രാമപഞ്ചായത്തിലെ ഏഴിലോട് ചക്ലിയ കോളനിയുടെ വികസനം പദ്ധതി വിഭാവനം ചെയ്ത രൂപത്തിൽ പൂർത്തീകരിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രൊജക്ടിൽ അംഗീകാരം ലഭിച്ച പ്രവൃത്തികളുടെ നടത്തിപ്പിന് ചുമതലപ്പെടുത്തിയ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ്, ആലുവ എന്ന പൊതുമേഖലാ സ്ഥാപനത്തിന് പ്രവൃത്തികൾ ഫലപ്രദമായി പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ; അവിടെ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തിയുടെ പുരോഗതി അറിയിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രോജക്ടിൽ അംഗീകാരം ലഭിച്ച പ്രവൃത്തികളുടെ നടത്തിപ്പിന് ചുമതലപ്പെടുത്തിയ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ്, ആലുവ എന്ന പൊതുമേഖലാസ്ഥാപനത്തിന് പ്രവൃത്തികൾ ഫലപ്രദമായി പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ പുരോഗതി സംബന്ധിച്ച വിവരം ശേഖരിച്ചുനൽകുന്നതാണ്.

**പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പോഷകാഹാരവും വൈദ്യപരിശോധനയും**

27 (1838) ശ്രീ. സി. കൃഷ്ണൻ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി ഉടങ്ങിയ ആദിവാസി മേഖലകളിലെ ഗർഭിണികൾക്കും കുട്ടികൾക്കും പോഷകാഹാരവും വൈദ്യപരിശോധനയും ലഭ്യമാക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് അവരുടെ സ്കൂളിൽ തന്നെ വൈദ്യപരിശോധനയും പോഷകാഹാരവും നൽകുന്നതിന് നിലവിൽ സംവിധാനമുണ്ടോ;

(സി) ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

ഉത്തരം

(എ) പോഷകാഹാരക്കുറവുള്ള കുട്ടികളെയും ഗർഭിണികളെയും കണ്ടെത്തുന്നതിനായി 2013 ഏപ്രിൽ മുതൽ സ്ക്രീനിംഗ് ക്യാമ്പുകൾ ആരോഗ്യ വകുപ്പ് നടത്തിവരുന്നുണ്ട്. ഗുരുതരമായ അനീമിയ ബാധിച്ച കുട്ടികളെ കിടത്തി ചികിത്സിക്കുന്നതിന് അട്ടപ്പാടിയിൽ 3 ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. കുട്ടികൾക്കും ഗർഭിണികൾക്കുമായി അയൺ ഫോളിക് ആസിഡ് വിതരണവും കൃത്യമായി നടത്തിവരുന്നുണ്ട്. അട്ടപ്പാടിയിൽ ചികിത്സാ

മേഖലയിൽ കോട്ടത്തറ ഗവ. ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയും ഒരു സി.എച്ച്.സി.-യും 2 പി.എച്ച്.സി.-യും പ്രവർത്തിച്ചുവരുന്നുണ്ട്. 28 അലോപ്പതി-സബ്സെന്ററുകളും മേഖലയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. സബ്സെന്ററുകൾ കേന്ദ്രീകരിച്ച് ജെ.പി.എച്ച്.എൻ.മാരുടെ പ്രവർത്തനം ഉറപ്പുവരുത്തിയിട്ടുണ്ട്. ആശാ വർക്കർമാർ, അംഗൻവാടി പ്രവർത്തകർ, എസ്.ടി. പ്രൊമോട്ടർമാർ എന്നിവർക്ക് പോഷകാഹാരക്കുറവുള്ള കുട്ടികളെ കണ്ടെത്തുന്നതിനുള്ള പ്രത്യേക പരിശീലനം നൽകിയിട്ടുണ്ട്. പോഷകാഹാരക്കുറവുള്ള കുട്ടികളെ നിരീക്ഷിക്കുന്നതിന് ജാതക് ജനനീ സോഫ്റ്റ്‌വെയർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൗമാര പ്രായക്കാരായ പെൺകുട്ടികൾക്ക് ആരോഗ്യപരിപാലനം സംബന്ധിച്ച് പ്രത്യേക ബോധവത്ക്കരണം ആരോഗ്യ വകുപ്പിന് കീഴിൽ നടത്തിവരുന്നുണ്ട്. വീട്ടിൽ വച്ചുള്ള പ്രസവം ഒഴിവാക്കുന്നതിനായി പ്രസവ തീയതിക്ക് രണ്ടാഴ്ച മുമ്പ് ഗർഭിണികളെ ആശുപത്രിയിൽ എത്തിക്കുന്നതിനുള്ള നടപടികൾ അട്ടപ്പാടിയിലെ ആരോഗ്യ പ്രവർത്തകർ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ പട്ടികവർഗ്ഗ അമ്മമാർക്ക് പോഷകാഹാരം ലഭ്യമാക്കുന്നതിനായി ജനനി ജന്മരക്ഷ പദ്ധതി പ്രകാരം 18 മാസത്തേയ്ക്ക് പ്രതിമാസം 1,000 രൂപ ധനസഹായം നൽകിവരുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറ്റൊരു പദ്ധതിയായ ഭക്ഷ്യസഹായ പദ്ധതി പ്രകാരം ഭക്ഷ്യസാധനങ്ങൾ അടങ്ങിയ കിറ്റുകൾ അർഹരായവർക്ക് വിതരണം നടത്തിവരുന്നുണ്ട്.

അമ്മമാരും കുട്ടികളും ഉൾപ്പെടെയുള്ള എല്ലാ പട്ടികവർഗ്ഗക്കാർക്കും മാവേലി മെഡിക്കൽ സ്റ്റോർ മുഖേന സൗജന്യമായി ചികിത്സാ ആവശ്യത്തിനായി 5,000 രൂപ വരെയുള്ള ധനസഹായം വിതരണം നടത്തിവരുന്നുണ്ട്.

സാമൂഹ്യനീതി വകുപ്പിന്റെ ചുമതലയിൽ അംഗൻവാടികൾ മുഖേന അമൃതം ന്യൂട്രിമിക്സ് വിതരണം, സബല കിറ്റുകളുടെ വിതരണം എന്നിവ നടത്തി വരുന്നുണ്ട്. കൂടാതെ കുടുംബശ്രീ മുഖേനയുള്ള സമൂഹ അടുക്കളയുടെ പ്രവർത്തനങ്ങളും അട്ടപ്പാടിയിൽ നടന്നുവരുന്നുണ്ട്.

(ബി&സി) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കൂളിൽ എല്ലാ ദിവസവും ഉച്ചഭക്ഷണവും എട്ടാംതരം വരെയുള്ള വിദ്യാർത്ഥികൾക്ക് ആഴ്ചയിൽ രണ്ട് ദിവസം പാലും ഒരു ദിവസം മുട്ടയും നൽകിയിരുന്നു. കൂടാതെ പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ എല്ലാ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും പ്രഭാത ഭക്ഷണവും നൽകിവരുന്നു. കൂടാതെ ആരോഗ്യ പ്രവർത്തകർ സ്കൂളുകളിലെത്തി വൈദ്യപരിശോധനയും നടത്തുന്നു. ആഴ്ചയിലൊരിക്കൽ ഒരു ഹെൽത്ത് നഴ്സിന്റെ സേവനം ആരോഗ്യ വകുപ്പ് ലഭ്യമാക്കുന്നുണ്ട്.

## കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കുന്ന ഫണ്ട്

28 (1839) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റ് പിന്നോക്ക സമുദായ ക്ഷേമത്തിനായി എത്ര കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്; വിശദമാക്കുമോ;

(ബി) കേന്ദ്രസർക്കാരിൽ നിന്നും പട്ടികജാതി പട്ടികവർഗ്ഗം, മറ്റ് പിന്നോക്ക സമുദായം എന്നിവരുടെ ഉന്നമനത്തിനായി ഏതെങ്കിലും ഫണ്ട് ലഭിയ്ക്കുന്നതിനായി ശ്രമിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) മറ്റ് പിന്നോക്ക സമുദായ ക്ഷേമത്തിനായി 2016-17 വർഷം പദ്ധതിയിനത്തിൽ 180 കോടി രൂപയും പദ്ധതിയിതര ഇനത്തിൽ 120.74 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ബി) പട്ടികജാതി വിഭാഗക്കാരുടെ ഉന്നമനത്തിനായി കേന്ദ്ര ധനസഹായം ലഭ്യമാക്കുന്നതിനായി 2016-17 സാമ്പത്തിക വർഷം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ള പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | തുക ലക്ഷത്തിൽ |
|---|---|---|
| 1 | പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് (100% CSS) | 14059.47 |
| 2 | പട്ടികജാതി വിദ്യാർത്ഥികളുടെ പഠന നിലവാര മുയർത്തൽ പദ്ധതി (100% CSS) | 9.28 |
| 3 | വൃത്തിഹീനത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ആശ്രിതർക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ് (100% CSS) | 30.52 |
| 4 | 9,10 ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥി കൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ് (100% CSS) | 1937.69 |
| 5 | പ്രത്യേക പദ്ധതികൾക്കുള്ള പ്രത്യേക കേന്ദ്ര ധനസഹായം SCA to SCP (100% CSS) | 1057.02 |
| 6 | അതിക്രമം തടയൽ PCR & POA (50% CSS) | 500.00 |

കൂടാതെ കേന്ദ്ര സർക്കാരിന് മുന്നിൽ പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി താഴെ പറയുന്ന പദ്ധതികൾ സമർപ്പിച്ചിട്ടുള്ളതാകുന്നു.

1. 2012-13 സാമ്പത്തിക വർഷത്തിൽ കൺസർവേഷൻ-കം-ഡെവലപ്മെന്റ് പദ്ധതി (സി.സി.ഡി. പ്ലാൻ) നടത്തിപ്പിനായി പ്രത്യേക ദുർബല ഗോത്രവർഗ്ഗക്കാരുടെ ജീവനോപാധി പ്രവർത്തനങ്ങൾ, തനത് കലയെ പരിപോഷിപ്പിക്കൽ, കമ്മ്യൂണിറ്റി സെന്ററുകൾ സ്ഥാപിക്കൽ, നൈപുണ്യ വികസനം (2012-2017) 35 കോടി രൂപയുടെ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിരുന്നു.

2. പത്ത് പുതിയ ആശ്രമ സ്കൂളുകൾ തുടങ്ങുന്നതിനും മൂന്ന് പുതിയ പ്രീ-മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിനുമുള്ള പ്രൊപ്പോസലും സമർപ്പിച്ചിരുന്നു.

3. പട്ടികവർഗ്ഗക്കാർ അധിവസിക്കുന്ന ഏറ്റവും പിന്നോക്കാവസ്ഥയിലുള്ള 14 പ്രദേശങ്ങൾ/മേഖലകളെ ഉൾപ്പെടുത്തി അവിടെയുള്ള പട്ടികവർഗ്ഗ സങ്കേതങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിനും പട്ടികവർഗ്ഗ ജനവിഭാഗത്തിന്റെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുമുള്ള സമഗ്ര പദ്ധതികൾ നടപ്പാക്കുന്നതിനും വേണ്ടി 703 കോടി രൂപയുടെ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിരുന്നു.

4. 100 ശതമാനം കേന്ദ്ര സഹായ പദ്ധതിയായ വൻബന്ധു കല്യാൺ യോജന പദ്ധതിയിൽ ഉൾപ്പെടുത്തി 2015-16 മുതൽ 2019-20 വർഷത്തേക്ക് (5 വർഷം) പദ്ധതി നടപ്പിലാക്കുന്നതിനായി 3600.24 കോടി രൂപയുടെ പ്രോജക്ട് പ്രൊപ്പോസൽ 2015-16 വർഷം കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

5. പട്ടികവർഗ്ഗക്കാരിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന പ്രാക്തന ഗോത്രവർഗ്ഗക്കാരുടെ ഉന്നമനത്തിനായി തൊഴിലധിഷ്ഠിത പരിശീലനത്തിനും പാർപ്പിട നിർമ്മാണം, വിദ്യാഭ്യാസം, ശുചിത്വം, അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്കായി സി.സി.ഡി. പദ്ധതിയിൽ ഉൾപ്പെടുത്തി 432.40 കോടി രൂപയുടെ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് (MOTA) മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.

6. എസ്.സി.എ. ടു ടി.എസ്.പി. ആർട്ടിക്കിൾ 275(1) എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി 25 കോടി, 20 കോടി എന്നീ ക്രമത്തിൽ പദ്ധതികൾ പ്രോജക്ട് അപ്രൈസൽ കമ്മിറ്റി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.

പിന്നോക്ക സമുദായത്തിന്റെ ഉന്നമനവുമായി ബന്ധപ്പെട്ട് പിന്നോക്ക സമുദായ വികസന വകുപ്പ് മുഖേന നടത്തുന്ന പദ്ധതികളായ ഒ.ബി.സി. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് (100% CSS) ഒ.ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പ് (50% CSS) പോസ്റ്റ് മെട്രിക് ഹോസ്റ്റൽ നിർമ്മാണം (60% CSS) എന്നിവയ്ക്കായി യഥാക്രമം 50 കോടി, 64 കോടി, 8 കോടി എന്നിങ്ങനെ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ഒ.ബി.സി. പ്രീമെട്രിക്, പോസ്റ്റ്മെട്രിക് പദ്ധതികൾക്കായുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

7. പട്ടികവർഗ്ഗ വിഭാഗത്തിലെ ഭവനനിർമ്മാണം, ഭൂപ്രശ്നം എന്നിവ പരിഹരിക്കുന്നതിനായി 2000 കോടി രൂപയുടെ ഒരു സ്പെഷ്യൽ പാക്കേജ് അനുവദിക്കണമെന്ന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേന്ദ്ര സർക്കാരിന് നിവേദനം സമർപ്പിച്ചിട്ടുണ്ട്.

**പട്ടികജാതിക്കാർക്ക് വിവാഹ ധനസഹായ പദ്ധതി**

29 (1840) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി:
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതിക്കാർക്ക് വിവാഹ ധനസഹായം നൽകുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എത്ര തുകയാണ് വിവാഹ ധനസഹായമായി നൽകാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) സംസ്ഥാനത്തെ പാവപ്പെട്ട പട്ടികജാതിയിൽപ്പെട്ട പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ട്.

(ബി) നിലവിൽ വിവാഹ ധനസഹായമായി 50,000 രൂപ അനുവദിച്ചുവരുന്നു.

(സി) പട്ടികജാതിയിൽപ്പെട്ട പാവപ്പെട്ട പെൺകുട്ടികളുടെ വിവാഹത്തിന് 50,000 രൂപ ധനസഹായമായി നൽകിവരുന്നു. ആയതിലേയ്ക്ക് 2016-17 വർഷം 50 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും പദ്ധതിയുടെ ഭരണാനുമതിയും ആവശ്യമായ ഫണ്ടും ജില്ലകൾക്ക് അനുവദിച്ചുനൽകുകയും ചെയ്തിട്ടുണ്ട്.

## പട്ടികജാതി വിഭാഗത്തിനുള്ള പ്രീ-മെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ

30(1841) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)പട്ടികജാതിവിഭാഗക്കാർക്കുള്ള പ്രീ-മെട്രിക്/പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകളുടെ ജില്ലതിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) പുതുതായി ഇത്തരം ഹോസ്റ്റലുകൾ തുടങ്ങാൻ പദ്ധതിയുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഹോസ്റ്റലുകളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ

| ജില്ല | പ്രീ-മെട്രിക് ഹോസ്റ്റൽ | | | പോസ്റ്റ് മെട്രിക് ഹോസ്റ്റൽ | | |
|---|---|---|---|---|---|---|
| | Boys | Girls | Total | Boys | Girls | Total |
| തിരുവനന്തപുരം | 2 | 4 | 6 | 2 | 1 | 3 |
| കൊല്ലം | 5 | 3 | 8 | 1 | 1 | 2 |
| പത്തനംതിട്ട | 2 | 4 | 6 | ... | ... | ... |
| ആലപ്പുഴ | - | 4 | 4 | ... | ... | ... |
| കോട്ടയം | 1 | 3 | 4 | 1 | 1 | 2 |
| ഇടുക്കി | 2 | 3 | 5 | ... | ... | ... |
| എറണാകുളം | 2 | 3 | 5 | 1 | 1 | 2 |
| തൃശ്ശൂർ | 3 | 2 | 5 | ... | ... | ... |
| പാലക്കാട് | 9 | 6 | 15 | 1 | 1 | 2 |
| മലപ്പുറം | 2 | 3 | 5 | ... | ... | ... |
| കോഴിക്കോട് | 4 | 3 | 7 | 1 | 1 | 2 |
| വയനാട് | 1 | - | 1 | ... | ... | ... |
| കണ്ണൂർ | 4 | 4 | 8 | 1 | ... | 1 |
| കാസർഗോഡ് | 6 | 2 | 8 | 2 | 1 | 3 |
| ആകെ | | | 87 | | | 17 |

(ബി) ഉണ്ട്. എറണാകുളം ജില്ലയിലെ ആലുവയിലും പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാംപാറയിലും ഹോസ്റ്റൽ നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമായിട്ടുണ്ട്. അവിടെ പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇപ്രകാരം ഹോസ്റ്റൽ നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമായ സ്ഥലങ്ങളിൽ പുതിയ ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**മാരകമായ രോഗമുള്ള പട്ടികജാതിക്കാർക്ക് ചികിത്സയ്ക്ക് പദ്ധതി**

31 (1842) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. അനിൽ അക്കര :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാരകമായ രോഗമുള്ള പട്ടികജാതിക്കാർക്ക് ചികിത്സയ്ക്ക് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം മാരക രോഗങ്ങൾക്കാണ് ഇവർക്ക് ചികിത്സ ലഭ്യമാക്കുന്നത്;

(സി) ഏതെല്ലാം ആശുപത്രികളിലാണ് ചികിത്സയ്ക്കുവേണ്ടി സൗകര്യമൊരുക്കിയിരിക്കുന്നത്;

(ഡി) എത്ര പേർക്ക് ഇതുമൂലം പ്രയോജനം ലഭിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) ആവിഷ്കരിച്ചിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ദീർഘകാല ചികിത്സ ആവശ്യമുള്ളവർക്ക് ബഹു. പട്ടികജാതി വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 9-1-1998-ലെ സ.ഉ.(കൈ)നമ്പർ 01/98/ പജപവവിവ പ്രകാരം 1998 മുതൽ ചികിത്സാ ധനസഹായം അനുവദിച്ചുവരുന്നു. 20-9-2012-ലെ സ.ഉ. (കൈ) നമ്പർ 128/12/പജപവവിവ പ്രകാരം ദീർഘകാല ചികിത്സ ആവശ്യമായ രോഗങ്ങൾക്കുള്ള ധനസഹായം 50,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ മാരകരോഗം ബാധിച്ചവരുടെ ചികിത്സയ്ക്കായി ആശുപത്രിക്ക് ഒരു ലക്ഷം രൂപവരെയും ധനസഹായം അനുവദിക്കുന്നുണ്ട്.

(ബി) ക്യാൻസർ, ഹൃദയശസ്ത്രക്രിയ, വൃക്ക മാറ്റിവയ്ക്കൽ, ഡയാലിസിസ്, ബ്രെയിൻ ട്യൂമർ, പക്ഷാഘാതം, ഹിമോഫീലിയ തുടങ്ങിയ മാരകരോഗങ്ങളുടെ ചികിത്സയ്ക്ക് ഒരു ലക്ഷം രൂപ വരെ ചികിത്സിക്കുന്ന ആശുപത്രി മുഖേന അനുവദിക്കുന്നുണ്ട്.

(സി) സർക്കാർ/സ്വകാര്യ ആശുപത്രിയിൽ ചികിത്സിച്ചാലും ധനസഹായം നൽകുന്നതാണ്.

(ഡി) കഴിഞ്ഞ സാമ്പത്തിക വർഷം (2015-16) 21673 പേർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 31-8-2016 വരെ 5754 പേർക്കായി 14,75,94,750 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

**കിളിമാനൂർ വർക്കല ബ്ലോക്കുകളിൽ അനുവദിച്ച പ്രവൃത്തികൾ**

32 (1843) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം പട്ടികജാതി വികസന വകുപ്പിൽനിന്നും കിളിമാനൂർ, വർക്കല ബ്ലോക്കുകളിലേക്ക് ഏതെല്ലാം പ്രവൃത്തികൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ടെന്നും, നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ;

(ബി) 2015-16 വർഷം കിളിമാനൂർ ബ്ലോക്കിലേയ്ക്ക് അനുവദിച്ച ഏതെല്ലാം പ്രവൃത്തികൾ ഇനി പൂർത്തിയാക്കാനുണ്ടെന്നും, എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം പട്ടികജാതി വികസന വകുപ്പിൽ നിന്നും കിളിമാനൂർ ബ്ലോക്കിലെ മേലെവിള കോളനി കുടിവെള്ള പദ്ധതിക്ക് 8,27,911 (എട്ടുലക്ഷത്തി ഇരുപത്തിയേഴായിരത്തി തൊള്ളായിരത്തി പതിനൊന്ന്) രൂപയും വർക്കല ബ്ലോക്കിലെ തോപ്പിൽ ഐ.ടി.സി. റോഡ് മെറ്റലിംഗ്&ടാറിംഗ് എന്നീ പ്രവൃത്തികൾക്ക് 24,20,000 (ഇരുപത്തിനാലു

ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം) രൂപയും അനുവദിച്ചു. ടി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി.

(ബി) 2015-16 വർഷം കിളിമാനൂർ ബ്ലോക്കിൽ മേൽ പരാമർശിച്ച മേലെവിള കോളനി കുടിവെള്ള പദ്ധതിക്കാണ് അനുമതി നൽകിയത്. ആയത് പൂർത്തീകരിച്ചിട്ടുണ്ട്.

**ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേനയുള്ള പദ്ധതികൾ**

33 (1844) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)സംസ്ഥാനത്ത് എത്ര ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങളുണ്ടെന്നാണ് ആദിവാസി പുനരധിവാസ വികസന മിഷൻ കണക്കാക്കിയിട്ടുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് നാളിതുവരെ ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന വിതരണം ചെയ്തിട്ടുള്ള ഭൂമിയുടെ വിശദ വിവരം ജില്ല തിരിച്ചും വർഷം തിരിച്ചും വ്യക്തമാക്കുമോ;

(സി) ഭൂമി വിതരണം ചെയ്ത് പുനരധിവസിപ്പിക്കപ്പെട്ട പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകിയിട്ടുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഡി) സമൂഹത്തിലെ തീർത്തും ദുർബലരായ പട്ടികവർഗ്ഗ കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ സമയബന്ധിതമായ എന്തെങ്കിലും പദ്ധതി ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പദ്ധതി വിശദമാക്കുമോ?

ഉത്തരം

(എ) ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം 1-ൽ ചേർക്കുന്നു.*.

(ബി) ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ആദിവാസി പുനരധിവാസ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വികസന മിഷൻ 7,051 കുടുംബങ്ങൾക്ക് 9179.49 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദ വിവരം അനുബന്ധം 2-ൽ ചേർത്തിരിക്കുന്നു.

(സി) ഭൂമി വിതരണം ചെയ്ത് പുനരധിവസിപ്പിക്കപ്പെട്ട പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് നൽകിയ സഹായങ്ങളെ സംബന്ധിച്ച വിശദവിവരം അനുബന്ധം 3- ആയി ചേർത്തിരിക്കുന്നു*.

(ഡി) നിലവിലുള്ള പദ്ധതികൾക്ക് പുറമെ വേറൊന്നും ഇപ്പോൾ പരിഗണനയിലില്ല.

**ബേഡഡുക്ക പഞ്ചായത്തിൽ പട്ടികവർഗ്ഗ വികസനവകുപ്പ് കൈമാറിയ സ്ഥലം**

34 (1845) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ബോഡഡുക്ക പഞ്ചായത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിന് എം. ആർ. എസ്. നിർമ്മാണത്തിനായി 10 ഏക്കർ ഭൂമി റവന്യൂ വകുപ്പ് കൈമാറി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത ഭൂമി നിലവിൽ എസ്. റ്റി. വകുപ്പിന്റെ കൈവശം തന്നെ ഉണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ജില്ലയിൽ ആയിരക്കണക്കിന് പട്ടികവർഗ്ഗ സങ്കേതങ്ങളുള്ള മലയോര മേഖലയിലെ ഈ സ്ഥലം പ്രയോജനപ്പെടുത്തി പ്രസ്തുത വിഭാഗത്തിലുള്ളവർക്കായി എന്തെങ്കിലും പദ്ധതി കൊണ്ടുവരുന്നതിനുള്ള സാദ്ധ്യത പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) ഇല്ലെങ്കിൽ ഭൗതിക സാഹചര്യങ്ങളെല്ലാമുള്ള പ്രസ്തുത സ്ഥലത്ത് ഇവർക്കായി ഒരു സ്ഥാപനം കൊണ്ടു വരുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ ബേഡഡുക്ക പഞ്ചായത്തിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ നിർമ്മാണത്തിനായി 10 ഏക്കർ ഭൂമി റവന്യൂ വകുപ്പ് പട്ടികവർഗ്ഗ വികസന വകുപ്പിന് കൈമാറിയിട്ടുണ്ട്.

സർവ്വേ നമ്പർ 396/1 ബി1 ബേഡഡുക്ക (സ.ഉ.(ആർ ടി.) 103/99 തീയതി 23-3-1999 പ്രകാരം)

(ബി) പ്രസ്തുത ഭൂമി ഇപ്പോഴും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കൈവശം തന്നെയാണ്. ടി ഭൂമിയുടെ അതിരുകൾ കെട്ടി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(സി&ഡി) ഉണ്ട്. പട്ടികവർഗ്ഗ വിഭാഗക്കാർക്കായി മോഡൽ റസിഡൻഷ്യൽ സ്കൂൾ/പോസ്റ്റ് മെട്രിക് പ്രീ-മെട്രിക് ഹോസ്റ്റലുകൾ ആരംഭിക്കുന്നതിനായി ടി ഭൂമി യോഗ്യമല്ലാത്തതിനാൽ അഗതി പരിചരണ കേന്ദ്രം, സ്കിൽ ഡെവലപ്മെന്റ് സെന്റർ, ഡീ-അഡിക്ഷൻ സെന്റർ എന്നിവ സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു.

**ജനനീ ജന്മരക്ഷാ പദ്ധതി**

35(1846) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് ജനനീ ജന്മരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട് എന്തെങ്കിലും ക്രമക്കേട് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പാവപ്പെട്ട പട്ടികവർഗ്ഗ വിഭാഗത്തിലെ മുലയൂട്ടുന്ന അമ്മമാർക്കും, കുട്ടികൾക്കും ലഭിക്കേണ്ട തുക വകമാറി ആരുടെയൊക്കെ കൈകളിലാണ് എത്തിയിട്ടുള്ളതെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) ഇപ്രകാരം എത്ര തുക അനർഹരായവർക്കു ലഭിച്ചു; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) കുറ്റക്കാർക്കെതിരെ നടപടി എടുക്കുന്നതിനും തട്ടിയെടുത്ത തുക തിരിച്ചുപിടിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ജനനീ ജന്മരക്ഷാ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് മണി ഓർഡർ മുഖാന്തിരം വിതരണം ചെയ്യുന്നതിനായി അനുവദിക്കപ്പെട്ട തുക വിതരണം ചെയ്യുന്നതിൽ രേഖകൾ കൃത്യമായി സൂക്ഷിക്കാതിരിക്കുക, കൈപ്പറ്റാതെ തിരിച്ചെത്തിയ മണി ഓർഡർ തുക യഥാസമയം തിരിച്ചടയ്ക്കാതിരിക്കുക, ക്രമക്കേടുകളും ദുരുപയോഗവും നടത്തുക എന്നിങ്ങനെ നിരവധി കാര്യങ്ങൾ ധനകാര്യ വകുപ്പിന്റെ പരിശോധനയിൽ കണ്ടെത്തി.

(ബി) ഗുണഭോക്താക്കൾക്ക് ലഭിക്കേണ്ട തുക വകമാറ്റിയിട്ടുള്ളതായി ധനകാര്യ പരിശോധനാ വിഭാഗം റിപ്പോർട്ട് ചെയ്തിട്ടില്ല. പകരം ടി തുക ദുർവിനിയോഗം നടത്തുകയും പൂർണ്ണമായും ഗുണഭോക്താക്കൾക്ക് നൽകിയിട്ടില്ലെന്നുമാണ് കണ്ടെത്തിയിരിക്കുന്നത്.

(സി) അനർഹരായവർക്ക് തുക ലഭിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്. ജനനീ ജന്മരക്ഷാ പദ്ധതി നടത്തിപ്പിലെ ക്രമക്കേടുമായി ബന്ധപ്പെട്ട ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി കാലയളവിൽ അസിസ്റ്റന്റ് ഡയറക്ടറുടെ ചുമതലയിലുണ്ടായിരുന്ന
ശ്രീ. ബി. എസ്. പ്രേമാനന്ദിനെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്.

## പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ യാത്രാച്ചെലവ്

36 (1847) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് വിദ്യാലയത്തിൽ പോയിവരുന്നതിനായി യാത്രാച്ചെലവ് നൽകുന്ന പദ്ധതി നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഗ്രാമപഞ്ചായത്തുകൾക്ക് ഈ ആവശ്യത്തിനായി പദ്ധതി വിഹിതത്തിൽ നിന്നും പണം ചെലവഴിക്കുന്നതിന് അനുമതി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പട്ടികവർഗ്ഗ ഊരുകൾ, ദുർഘട വനപ്രദേശങ്ങൾ, മതിയായ വാഹനസൗകര്യം ഇല്ലാത്ത ഒറ്റപ്പെട്ട ഉൾപ്രദേശങ്ങൾ എന്നിവിടങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളെ സ്കൂളുകളിൽ എത്തിക്കുന്നതിനുവേണ്ടി പി.ടി.എ.-യുടെയും അദ്ധ്യാപകരുടെയും സഹകരണത്തോടെ വാഹന സൗകര്യം ലഭ്യമാക്കുന്നതിന് ഗോത്രസാരഥി എന്ന പദ്ധതി നിലവിലുണ്ട്.

(ബി) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ജില്ലാ ഓഫീസ് മുഖേനയാണ് ഗോത്രസാരഥി പദ്ധതിക്കായി പണം ചെലവഴിക്കുന്നത്. ടി ആവശ്യത്തിനായി പണം ചെലവഴിക്കുന്നതിനുള്ള അനുമതി ഗ്രാമപഞ്ചായത്തുകൾക്ക് നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

**സൗജന്യ ഓണക്കിറ്റ് വിതരണം**

37 (1848) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ ഓണക്കാലത്ത് സംസ്ഥാനത്തെ എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾക്കാണ് സർക്കാർ സൗജന്യ ഓണക്കിറ്റു വിതരണം നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) 2011-12 മുതൽ 2015-16 വരെയുള്ള കാലയളവിൽ സംസ്ഥാനത്തെ എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾക്കാണ് സൗജന്യ ഓണക്കിറ്റ് വിതരണം ചെയ്തിട്ടുള്ളതെന്ന് വർഷവും ജില്ലയും തിരിച്ച് വ്യക്തമാക്കാമോ;

(സി) 2016-17 വർഷത്തെ ഓണക്കിറ്റു വിതരണം ചെയ്യുന്നതിന്റെ ട്രാൻസ്പോർട്ടേഷൻ ചെലവുകൾക്കായി എത്ര തുക ജില്ലാ പട്ടികവർഗ്ഗ വികസന ഓഫീസർമാർക്ക് അനുവദിച്ചു നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി)2016-17 വർഷത്തെ ഓണക്കിറ്റ് വിതരണം ചെയ്യുന്നതോടനുബന്ധിച്ച് സംസ്ഥാനത്തെ വിവിധ ജില്ലകളിൽ നടത്തിയ ഉദ്ഘാടന പരിപാടികൾക്ക് ചെലവഴിച്ച തുക ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഇ) ഉദ്ഘാടന ചെലവുകൾക്കായി പട്ടികവർഗ്ഗ ക്ഷേമ പ്രവർത്തനങ്ങൾക്ക് വകയിരുത്തിയിട്ടുള്ള ഫണ്ട് വിനിയോഗിക്കാൻ പട്ടിക വർഗ്ഗ വികസന വകുപ്പ് ഡയറക്ടർ അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അനുമതി നൽകിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 1,53,825 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക്

(ബി) ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു*.

(സി) 2016-17 വർഷത്തെ ഓണക്കിറ്റ് വിതരണം ചെയ്യുന്നതിന്റെ ട്രാൻസ്പോർട്ടേഷൻ ചെലവുകൾക്കായി 44 ലക്ഷം രൂപ ജില്ലാ പട്ടികവർഗ്ഗ വികസന ഓഫീസർമാർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

(ഡി) ഉദ്ഘാടന പരിപാടികൾക്കായി നിലവിൽ തുക ചെലവഴിച്ചിട്ടില്ല.

(ഇ) ഇല്ല.

**പോക്സോ നിയമപ്രകാരം വിചാരണ നേരിടുന്ന ആദിവാസികൾ**

38 (1849) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി വിഭാഗങ്ങളിൽ ഗോത്രാചാരപ്രകാരം പ്രായപൂർത്തിയാകാത്തവർ തമ്മിൽ വിവാഹം കഴിച്ചതുമൂലം, പോക്സോ കേസ്സുകളിൽപ്പെട്ട് എത്രപേർ വിചാരണ നേരിടുന്നുണ്ട്;

(ബി) ഇത്തരം കേസ്സുകളിൽപ്പെട്ട രക്ഷിതാക്കൾ ജയിലിൽ പോകുന്നതുകൊണ്ട് ഇവരുടെ കുട്ടികൾ അനാഥരാകുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ കുട്ടികളെ സംരക്ഷിക്കുവാൻ എന്തു നടപടിയാണ് വകുപ്പ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കാമോ;

(ഡി) പോക്സോ നിയമത്തെക്കുറിച്ച് ആദിവാസി യുവതി-യുവാക്കൾക്കിടയിൽ വ്യാപകമായ പ്രചാരണവും ബോധവൽക്കരണവും ട്രൈബൽ പ്രൊമോട്ടർമാർ വഴി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ആദിവാസി വിഭാഗങ്ങളിൽ ഗോത്രാചാര പ്രകാരം പ്രായപൂർത്തിയാകാത്തവർ തമ്മിൽ വിവാഹം കഴിച്ചതുമൂലം പോക്സോ കേസ്സുകളിൽപ്പെട്ട് വിചാരണ നേരിടുന്ന 2 കേസ്സുകൾ ഉണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി &സി) ഇല്ല.

(ഡി) പോക്സോ നിയമത്തെക്കുറിച്ച് ആദിവാസികൾക്കിടയിൽ വ്യാപകമായ പ്രചാരണവും ബോധവത്കരണവും പ്രൊമോട്ടർമാർ വഴി നടത്തുന്നതിന് നടപടി കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ ഊരുകൂട്ട യോഗങ്ങൾ കൂടുമ്പോൾ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ നിയമത്തെക്കുറിച്ച് പ്രൊമോട്ടർമാരുടെ സാന്നിധ്യത്തിൽ ക്ലാസ്സുകൾ നൽകാറുണ്ട്. ഊരുകൂട്ട സെമിനാറുകൾ സംഘടിപ്പിക്കുമ്പോൾ ടി വിഷയത്തെ ആസ്പദമാക്കി ക്ലാസ്സുകൾ സംഘടിപ്പിക്കാറുണ്ട്. ഇതിന് പുറമെ പട്ടികവർഗ്ഗ പ്രൊമോട്ടർമാരുടെയും സാമൂഹിക പ്രവർത്തകരുടെയും സേവനം പ്രയോജനപ്പെടുത്തി വ്യാപകമായ പ്രചാരണവും നടത്തിവരുന്നു. മഹിളാ സമഖ്യ പോലുള്ള സന്നദ്ധ സംഘടനകളും ടി വിഷയത്തിൽ ബോധവത്കരണ പരിപാടികൾ നടത്തുന്നുണ്ട്.

**ആദിവാസി കോളനികളിലെ ജനങ്ങൾക്ക് ഭൂമി**

39 (1850) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ആദിവാസി കോളനികളിലെ ജനങ്ങൾക്ക് ഭൂമി നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) ചാലക്കുടി മണ്ഡലത്തിലെ വാച്ചുമരം, വാഴച്ചാൽ, ഷോളയാർ, ആനക്കയം, മുക്കംപുഴ, പിള്ളപ്പാറ ആദിവാസി കോളനികളിലെ താമസക്കാർക്ക് ഭൂമി വിതരണം ചെയ്യുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 2012-13 വർഷം ആരംഭിച്ച 'ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം' എന്ന പദ്ധതി പ്രകാരം അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഓരോ ജില്ലയിലും ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് 1 ഏക്കർ മുതൽ 5 ഏക്കർ വരെയുള്ള ഭൂമിയും നൽകിവരുന്നു.

(ബി) ഭൂപ്രശ്നം ഏറ്റവും രൂക്ഷമായ വാച്ചുമരം സങ്കേതത്തിലെ കുടുംബങ്ങൾക്ക് ആനമുക്ക് എന്ന സ്ഥലത്ത് 19 ഹെക്ടർ (ഏകദേശം 50 ഏക്കർ) വനഭൂമി

ലഭ്യമാക്കുന്നതിന് വനം വകുപ്പിൽ ആവശ്യമായ രേഖകൾ സഹിതം അപേക്ഷ നേരിട്ടും ഓൺലൈൻ മുഖാന്തരവും നൽകിയിട്ടുണ്ട്. നിലവിൽ ടി പ്രൊപ്പോസൽ തൃശ്ശൂർ വനം വകുപ്പിന്റെ സി.സി.എഫ്.-ന്റെ പരിഗണനയിലാണ്. മറ്റ് കോളനികളിലെ പട്ടികവർഗ്ഗക്കാർക്ക് 'ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം' പദ്ധതി പ്രകാരം ഭൂമി അളന്ന് അനുവദിക്കുന്നതിനായി ഇതുവരെ അപേക്ഷകളൊന്നും ലഭ്യമായിട്ടില്ല.

**ആദിവാസി വിഭാഗങ്ങളിലെ അവിവാഹിതരായ അമ്മമാർ**

40 (1851) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി വിഭാഗങ്ങൾക്കിടയിൽ എത്ര അവിവാഹിതരായ അമ്മമാരുണ്ട്;

(ബി) ഇവരെ പുനരധിവസിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ആദിവാസി യുവതികളുടെ നിഷ്കളങ്കതയും അറിവില്ലായ്മയും മുതലെടുത്ത് ലൈംഗികമായി പീഡിപ്പിച്ചവർക്കെതിരെ കർശന ശിക്ഷാനടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ആദിവാസി വിഭാഗങ്ങൾക്കിടയിൽ 1070 അവിവാഹിതരായ അമ്മമാർ ഉണ്ട്.

(ബി) പട്ടികവിഭാഗത്തിൽപ്പെട്ട അവിവാഹിത അമ്മമാരുടെ പുനരധി വാസവുമായി ബന്ധപ്പെട്ട് ഇവരുടെ ഭൗതിക ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നടപ്പിലാക്കിയ പാക്കേജിൽ ഭവന നിർമ്മാണം, വീട് റിപ്പെയർ, ജീവനോപാധി പദ്ധതികളായ കറവപ്പശു വളർത്തൽ, ആട് വളർത്തൽ, കോഴി വളർത്തൽ, കുട്ട-വട്ടി നിർമ്മാണം, തയ്യൽ പരിശീലനം, തയ്യൽ മെഷീൻ വിതരണം, പെട്ടിക്കട നടത്തുന്നതിന് ധനസഹായം എന്നിവ ഉൾപ്പെട്ടിരുന്നു. ഇവയ്ക്ക് പുറമെ പട്ടികവർഗ്ഗത്തിൽപ്പെട്ട അവിവാഹിതരായ അമ്മമാർക്ക് 'സ്നേഹസ്പർശം' എന്ന പേരിൽ പെൻഷൻ പദ്ധതി സാമൂഹ്യ നീതി വകുപ്പിലെ സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ടി പദ്ധതി പ്രകാരം അവിവാഹിതരായ അമ്മമാർക്ക് 1000 രൂപ പ്രതിമാസം പെൻഷൻ നൽകി വരുന്നുണ്ട്. കൂടാതെ

പട്ടികവർഗ്ഗ വികസന വകുപ്പ് 2015-16-ൽ നടപ്പിലാക്കിയിട്ടുള്ള സ്വയം തൊഴിൽ പദ്ധതിയിൽ അവിവാഹിതരായ അമ്മമാർക്ക് മുൻഗണന നൽകിവരുന്നുണ്ട്. കൂടാതെ വനിതാ കമ്മീഷൻ, പോലീസ് വകുപ്പ് എന്നിവരുമായി സഹകരിച്ച് അവിവാഹിതരായ അമ്മമാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ക്യാമ്പുകൾ സംഘടിപ്പിക്കുന്നുണ്ട്. ടി ക്യാമ്പുകളിൽവച്ച് പോലീസ് ഇരകളിൽനിന്ന് മൊഴിയെടുത്ത് കേസ് രജിസ്റ്റർ ചെയ്യുകയും ആയത് പ്രകാരം പല അവിവാഹിതരായ അമ്മമാർക്കും പ്രതികളിൽനിന്നും ജീവനാംശം കിട്ടുകയും ചെയ്യുന്നുണ്ട്.

(സി) 1989-ലെ പട്ടികജാതി/പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമം ആദിവാസികൾക്ക് നേരെ നടക്കുന്ന അതിക്രമങ്ങൾ തടയാൻ പര്യാപ്തമാണ്. ഒറ്റപ്പെട്ട സ്ഥലങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗത്തിലെ ദുർബ്ബലരും നിയമ പരിരക്ഷയെക്കുറിച്ച് അവബോധം ഇല്ലാത്തവർക്കുമാണ് എപ്പോഴും പീഡനങ്ങളും ചൂഷണങ്ങളും അനുഭവപ്പെടുന്നത്. പട്ടികവർഗ്ഗ യുവതികൾക്കെതിരെയുള്ള കേസ്സുകൾ പരിശോധി ക്കുന്നതിനും അവലോകനം നടത്തി കർശന നടപടികൾ സ്വീകരിക്കുന്നതിനും ജില്ലാ കളക്ടർ ചെയർമാനായി പട്ടികജാതി/പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമ പ്രകാരം വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി പ്രവർത്തിച്ചുവരുന്നു. കൂടാതെ സംസ്ഥാന തലത്തിൽ ഇത് മോണിറ്റർ ചെയ്യപ്പെടുകയും ചെയ്യുന്നുണ്ട്. കൂടാതെ സ്പെഷ്യൽ മൊബൈൽ സ്ക്വാഡ് മുഖേന നടപടി കൈക്കൊണ്ടുവരുന്നുണ്ട്. ഇതിലൂടെയെല്ലാം ആദിവാസി യുവതികളെ ലൈംഗികമായി പീഡിപ്പിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിച്ചുവരുന്നുണ്ട്.

**പ്രാക്തന ഗോത്ര വിഭാഗക്കാരുടെ ജീവിതനിലവാരം ഉയർത്തുന്നതിന് നടപടി**

41 (1852) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാക്തന ഗോത്ര വിഭാഗത്തിൽപ്പെട്ടവരുടെ ജീവിതനിലവാരം ഉയർത്തുന്നതിനുള്ള പ്രത്യേക പദ്ധതിപ്രകാരം ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ ഷോളയാർ, ആനക്കയം, പെരിങ്ങൽ, പെരുമ്പാറ, വാഴച്ചാൽ തുടങ്ങിയ കാടർ കോളനികളിൽ നടപ്പാക്കുന്ന ഭവന നിർമ്മാണമടക്കമുള്ള വികസന പ്രവർത്തനങ്ങൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) നിർമ്മാണം ആരംഭിച്ച് 4 വർഷം പിന്നിട്ടിട്ടും പണി പൂർത്തീകരിക്കാത്തതു മൂലം പ്രസ്തുത കോളനികളിലെ കുടുംബങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും, പദ്ധതിയുടെ നിർവ്വഹണത്തിലുണ്ടായിട്ടുള്ള

കെടുകാര്യസ്ഥതയും അഴിമതിയും സംബന്ധിച്ച ആക്ഷേപങ്ങൾ പരിശോധിച്ച് നടപടി എടുക്കുന്നതിനുംകഴിയുമോ ;

(സി) ഇത്തരം വികസന പ്രവർത്തനങ്ങൾ സുതാര്യമായും അതത് തദ്ദേശസ്വയംഭരണ ജനപ്രതിനിധികളെ ഉൾപ്പെടുത്തിയും നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പി.വി.ടി.ജി. പദ്ധതി പ്രകാരം തൃശ്ശൂർ ജില്ലയിലെ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ ഷോളയാർ, ആനക്കയം, പെരിങ്ങൽക്കുത്ത്, പെരുമ്പാറ, വാഴച്ചാൽ എന്നീ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

ഭവന നിർമ്മാണം

ആകെ അനുവദിച്ച വീടുകൾ - 62

| അനുവദിച്ച ധനസഹായം | ശേഷിക്കുന്ന വീടുകൾ |
|---|---|
| പണി പൂർത്തിയാക്കിയ വീടുകൾ | 45 |
| 3 ഗഡുക്കൾ അനുവദിച്ച വീടുകൾ | 8 |
| 3-ാം ഗഡു പകുതി തുക അനുവദിച്ച വീടുകൾ | 2 |
| 2-ാം ഗഡു വീതം അനുവദിച്ച വീടുകൾ | 3 |
| ഒരു ഗഡു അനുവദിച്ച വീടുകൾ | 4 |
| ആകെ | 62 |

ടി കോളനികളിൽ വിവിധ മണ്ണ് സംരക്ഷണ പദ്ധതികൾ നടപ്പിലാക്കുകയും പദ്ധതി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ശേഷിക്കുന്ന പണി പൂർത്തിയാക്കുന്നതിന് ആവശ്യമായ 25,50,000 രൂപ പി.വി.ടി.ജി. സ്കീമിലെ നീക്കിയിരുപ്പ് തുകയിൽനിന്നും കോഴിക്കോട് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ മുഖാന്തരം അനുവദിച്ചിട്ടുണ്ട്. വീട് പണിയുമായി ബന്ധപ്പെട്ട അഴിമതിയും കെടുകാര്യസ്ഥതയും സംബന്ധിച്ച ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിലവിലെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായിട്ടാണ് പദ്ധതികൾ നടപ്പിലാക്കിവരുന്നത്.

**അയിലൂർ പഞ്ചായത്തിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഹോസ്റ്റൽ**

42 (1853) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി

പട്ടികവർഗ്ഗപിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ അയിലൂർ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഹോസ്റ്റലിന് സ്വന്തമായി കെട്ടിടം ഇല്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുട്ടികളുടെ താമസത്തിന് വളരെ അധികം അസൗകര്യങ്ങൾ ഉള്ള ഈ ഹോസ്റ്റലിന് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ഇതിനായി എന്തെല്ലാം നടപടികളാണ് പൂർത്തീകരിക്കേണ്ടത് എന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഹോസ്റ്റലിന് കെട്ടിടം നിർമ്മിക്കുവാൻ സ്ഥലം വാങ്ങുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്.

**ഹാംലെറ്റ് വികസന പദ്ധതി**

43 (1854) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാർക്കായി ഹാംലെറ്റ് വികസന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിച്ചത്;

(സി) ഏറനാട് മണ്ഡലത്തിൽ ഏതൊക്കെ കോളനികളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയത്; മണ്ഡലത്തിൽ പദ്ധതി നടത്തിപ്പിലൂടെ എന്തെല്ലാം നേട്ടങ്ങളാണ് കൈവരിച്ചതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. തെരഞ്ഞെടുത്ത പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ഒരു കോടി

രൂപ വീതം ചെലവഴിച്ച് ഹാംലെറ്റ് വികസന പദ്ധതി നടപ്പിലാക്കി വരുന്നു. ടി പദ്ധതി പ്രകാരം 2013-14 വർഷം 18 പട്ടികവർഗ്ഗ സങ്കേതങ്ങളിലും 2014-15 വർഷം 25 പട്ടികവർഗ്ഗ സങ്കേതങ്ങളിലും 2015-16 വർഷം 6 പട്ടികവർഗ്ഗ സങ്കേതങ്ങളിലും നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിട്ടാണ് ഹാംലെറ്റ് വികസന പദ്ധതി നടപ്പിലാക്കി വരുന്നത്. ടി പദ്ധതിയിൽപ്പെടുത്തി വീടുകളുടെ പുനരുദ്ധാരണം, കക്കൂസ്-കുളിമുറി എന്നിവയുടെ നിർമ്മാണം, വീട് വൈദ്യുതീകരണം, മേൽക്കൂര കോൺക്രീറ്റ്, കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം, റോഡ് നിർമ്മാണം, പാലത്തിന്റെ നിർമ്മാണം, അംഗൻവാടി റിപ്പയർ, മഴവെള്ള സംഭരണി നിർമ്മാണം, വാലായ്മപ്പുര നിർമ്മാണം, മൃഗസംരക്ഷണം, കൃഷി വികസനം, മണ്ണ് സംരക്ഷണം, സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ, സ്കൂൾ കുട്ടികൾക്ക് ഫർണിച്ചർ തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

(സി) ഏറനാട് മണ്ഡലത്തിലെ ചാലിയാർ ഗ്രാമപഞ്ചായത്തിലെ പെരുവമ്പാടം പട്ടികവർഗ്ഗ കോളനിയിൽ 2013-14 വർഷം ഹാംലെറ്റ് വികസന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം 20 വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾ**

44 (1855) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ഥലവും വീടും ഇല്ലാത്ത പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് എന്തൊക്കെ സഹായപദ്ധതികളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ;

(ബി) മൂവാറ്റുപുഴ നിയോജക മണ്ഡലത്തിൽ ഭൂരഹിതരും ഭവനരഹിതരുമായ എത്ര പട്ടികജാതി, പട്ടികവർഗ്ഗ, പിന്നോക്ക വിഭാഗ കുടുംബങ്ങൾ ഉണ്ടെന്ന് പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ച് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ഭൂരഹിതരായ പട്ടികജാതി വിഭാഗക്കാർക്ക്

സ്വന്തമായി ഭൂമി വാങ്ങാൻ ധനസഹായം നൽകുന്ന ഭൂരഹിതപുനരധിവാസ പദ്ധതിയും സ്വന്തമായി ഭൂമിയുള്ള ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് ഭവനനിർമ്മാണ ധനസഹായ പദ്ധതിയും ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതി, ആദിവാസി പുനരധിവാസ വികസന മിഷൻ പദ്ധതി, വനാവകാശനിയമം 2006 എന്നീ പദ്ധതികളും ഭവനരഹിതരായ കുടുംബങ്ങൾക്ക് വീട് ലഭ്യമാക്കുന്നതിനായി ജനറൽ ഹൗസിംഗ്, എ.റ്റി.എസ്.പി. ഭവന പദ്ധതിയും നിലവിലുണ്ട്.

(ബി) മൂവാറ്റുപുഴ നിയോജകമണ്ഡലത്തിൽ ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം-364.പഞ്ചായത്ത്/ മുനിസിപ്പാലിറ്റി തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

## ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾ

45 (1856) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭവനരഹിതരായി കണ്ടെത്തിയ പട്ടികവർഗ്ഗ കുടുംബങ്ങൾക്കുള്ള വീടുകളുടെ നിർമ്മാണം എത്ര ശതമാനം പൂർത്തിയാക്കുവാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഭവന നിർമ്മാണ പദ്ധതി ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് നടപ്പാക്കിവരുന്നത്;വിശദമാക്കാമോ;

(സി) നടപ്പുസാമ്പത്തിക വർഷം ഭവനരഹിതരായ എത്ര കുടുംബങ്ങൾക്ക് വീട് നിർമ്മിച്ച നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; അവശേഷിക്കുന്ന കുടുംബങ്ങൾക്ക് സമയബന്ധിതമായി ഭവനം നിർമ്മിച്ചുനൽകാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് വീട്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അനുവദിക്കുന്നതിന്റെ ഭാഗമായി സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതിയിൽപ്പെടുത്തി 2014-15 സാമ്പത്തിക വർഷം ജനറൽ ഹൗസിംഗ് പദ്ധതിയിലൂടെ 2779 വീടുകളും ഹഡ്കോ ഭവനനിർമ്മാണ പദ്ധതി പ്രകാരം 2000 വീടുകളും എ.റ്റി.എസ്.പി. ഭവന നിർമ്മാണ പദ്ധതി പ്രകാരം 9362 വീടുകളും ഐ.എ.വൈ. പദ്ധതി പ്രകാരം 4395 വീടുകളും അനുവദിച്ചിരുന്നു. ഇതിൽ 384 വീടുകൾ പൂർത്തീകരിച്ചു. ബാക്കി വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. നിലവിൽ ഭൂമിയും വീടും ഇല്ലാത്തതായി ആകെ 24605 പട്ടികവർഗ്ഗ കുടുംബങ്ങൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. ടി കുടുംബങ്ങൾക്ക് കൂടി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിവിധ പദ്ധതികൾ പ്രകാരവും ഗ്രാമപഞ്ചായത്തിന്റെ ഇ.എം.എസ്. ഭവന പദ്ധതി പ്രകാരവും വീടുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) പട്ടികവർഗ്ഗ വികസന വകുപ്പ് വിവിധ ഭവന പദ്ധതികൾ പ്രകാരം അനുവദിക്കുന്ന വീടുകൾ, നിലവിൽ ഗുണഭോക്താക്കൾ നേരിട്ടുതന്നെയാണ് നിർമ്മിച്ചുവരുന്നത്. കൂടാതെ ഗുണഭോക്തൃ കമ്മിറ്റികൾ മുഖേനയും ഭവന നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(സി) നടപ്പു സാമ്പത്തിക വർഷം ഭവനരഹിതരായ 5000 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീട് അനുവദിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഭവനരഹിതരായ ശേഷിക്കുന്ന മുഴുവൻ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും വീട് അനുവദിക്കുന്നതിനായാണ് സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കിവരുന്നത്. ആയത് പ്രകാരം വരുംവർഷങ്ങളിൽ ശേഷിക്കുന്ന കുടുംബങ്ങൾക്കുകൂടി മുൻഗണനാ ക്രമത്തിൽ വീട് അനുവദിക്കുന്നതാണ്.

## പട്ടികജാതി-പട്ടികവർഗ്ഗ ഗോത്ര വിഭാഗങ്ങളിൽപ്പെട്ടവർക്ക് ഓണക്കോടിയും ഓണക്കിറ്റും വിതരണം

46 (1857) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓണത്തോടനുബന്ധിച്ച് പട്ടികജാതി-പട്ടികവർഗ്ഗ ഗോത്ര വിഭാഗങ്ങളിൽപ്പെട്ട എത്ര പേർക്കാണ് ഓണക്കോടിയും ഓണക്കിറ്റും വിതരണം ചെയ്യുമെന്ന് പ്രഖ്യാപിച്ചിരുന്നത്; എത്ര പണം ഇതിനായി മാറ്റിവെച്ചിരുന്നു എന്നറിയിക്കുമോ;

(ബി) ഓണത്തോടനുബന്ധിച്ച് ഈ വിഭാഗങ്ങളിൽപ്പെട്ട എത്ര പേർക്ക് ഓണക്കോടി നൽകി, ഇനി എത്ര പേർക്ക് നൽകുവാനുണ്ട്, ഇതിനായി വേണ്ടിവരുന്ന തുക ഏത് ഹെഡ്ഡിൽ നിന്നാണ് മാറ്റിവെച്ചത് എന്നീ വിവരങ്ങൾ നൽകുമോ;

(സി) മേൽപ്പറഞ്ഞവ ഓണത്തിന് മുൻപ് വിതരണം നടത്തണമെന്ന് സർക്കാർ നിർദ്ദേശം നൽകിയിരുന്നോ; പ്രഖ്യാപിച്ചിരുന്നതുപോലെ ബാക്കി ലഭിക്കാനുള്ളവർക്ക് നൽകാൻ നടപടി സ്വീകരിക്കുമോ; ബാക്കി ചെലവഴിക്കുവാനുള്ള തുക എത്രയെന്നും, ഇത് സംബന്ധിച്ച് ഉദ്യോഗസ്ഥൻമാരുടെ ഭാഗത്തുനിന്നുള്ള പോരായ്മകൾ പരിശോധിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഓണത്തോടനുബന്ധിച്ച് 1,53,825 കുടുംബങ്ങൾക്ക് ഓണക്കിറ്റും 47,331 പേർക്ക് ഓണക്കോടിയും വിതരണം ചെയ്യുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഓണക്കിറ്റ് വിതരണത്തിനായി 11,67,53,175 രൂപയും (പതിനൊന്ന് കോടി അറുപത്തിയേഴ് ലക്ഷത്തി അൻപത്തിമൂവായിരത്തി ഒരുന്നൂറ്റിയെഴുപത്തിയഞ്ച് രൂപ മാത്രം) ഓണക്കോടി വിതരണത്തിനായി 1,13,59,335 രൂപയും (ഒരു കോടി പതിമൂന്ന് ലക്ഷത്തി അൻപത്തിയൊൻപതിനായിരത്തി മുന്നൂറ്റി മുപ്പത്തിയഞ്ച് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. ഓണക്കോടി വിതരണത്തിന് അധികമായി ആവശ്യമായി വരുന്ന തുകയായ 3,61,99,275 രൂപ (മൂന്ന് കോടി അറുപത്തിയൊന്ന് ലക്ഷത്തി തൊണ്ണൂറ്റിയൊൻപതിനായിരത്തി ഇരുന്നൂറ്റിയെഴുപത്തിയഞ്ച് രൂപ മാത്രം) കൂടി അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) 60 വയസ് മുതൽ പ്രായമുള്ള അടിയ, പണിയ, മലമ്പണ്ടാരം, ഹിൽപുലയ, അരനാടൻ, പി.വി.ടി.ജി., മലയർ എന്നീ വിഭാഗങ്ങളിൽപ്പെട്ട 14,800 പേർക്ക് ഓണക്കോടി വിതരണം ചെയ്തു. ഇനി ഓണക്കോടി നൽകുവാനുള്ള 32,026 പേർക്കുള്ള ഓണക്കോടി വിതരണം പൂർത്തിയായിവരുന്നു. ഇതിനായിവേണ്ടിവരുന്ന തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുമാണ് (ശീർഷകം - 2075-00-800-40-Contribution to Chief Minister's Distress Relief Fund (Non Plan) അനുവദിക്കുന്നത്.

(സി) സർക്കാർ ഉത്തരവ് പ്രകാരം ഓണക്കോടി അനുവദിച്ച മുഴവൻ പേർക്കും ഓണത്തിന് മുമ്പുതന്നെ ഓണക്കോടി വിതരണം ചെയ്യണമെന്ന്

നിർദ്ദേശിച്ചിരുന്നു. അതനുസരിച്ച് മുഴുവൻ പേർക്കും വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ സർക്കാർ ഉത്തരവിൽ ഉൾപ്പെടാത്തവരായ 32,026 പേർക്കുകൂടി ഓണക്കോടിക്ക് അർഹതയുണ്ടെന്ന് കണ്ടെത്തിയതിനാൽ ഇതിന് വേണ്ടിവരുന്ന തുകയായ 3,61,99,275 രൂപ (മൂന്ന് കോടി അറുപത്തിയൊന്ന് ലക്ഷത്തി തൊണ്ണൂറ്റിയൊൻ പതിനായിരത്തി ഇരുന്നൂറ്റിയെഴുപത്തിയഞ്ച് രൂപ മാത്രം) കൂടി അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഇതുസംബന്ധിച്ച്, ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും, പോരായ്മകൾ വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ചെറുനെല്ലി ആദിവാസി കോളനിയിലെ പ്രശ്നങ്ങൾ**

47 (1858) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതിയിലെ ചെറുനെല്ലി ആദിവാസി കോളനി നിവാസികൾ നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കോളനിയിലെ ജനങ്ങളെ മാറ്റിപ്പാർപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശം നൽകുമോ;

(സി) ചെറുനെല്ലി ആദിവാസി വിഭാഗക്കാരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ സംബന്ധിച്ച് വിശദാംശം നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ഉദ്ദേശിക്കുന്നുണ്ട്. ചെറുനെല്ലി കോളനി നിവാസികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി 25-8-2013-ന് ബഹു. നെന്മാറ എം.എൽ.എ., ജില്ലാ കളക്ടർ, അസിസ്റ്റന്റ് കളക്ടർ, റവന്യൂ ഡിവിഷണൽ ഓഫീസർ, ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ, മറ്റ് വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥൻമാർ എന്നിവരടങ്ങുന്ന ഒരു സംഘം കോളനി സന്ദർശിക്കുകയും ഇവരുടെ പരാതികൾക്ക് പരിഹാരം കാണുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളെ ചുമതലപ്പെടുത്തുകയുമുണ്ടായി. ഇവരുടെ പ്രധാന പ്രശ്നമായ പുനരധിവാസം സംബന്ധിച്ച് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുവേണ്ടി ജില്ലാകളക്ടർ, പാലക്കാട് റവന്യൂ ഡിവിഷണൽ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി കോളനി സന്ദർശനത്തിന്റെ അടിസ്ഥാനത്തിൽ ജാതി സർട്ടിഫിക്കറ്റ് ലഭിക്കാത്ത കോളനി നിവാസികൾക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കുകയുണ്ടായി.

**അവിവാഹിതരായ ആദിവാസി അമ്മമാർ**

48 (1859) ശ്രീ. രാജു എബ്രഹാം :

ശ്രീ. പി. കെ. ശശി :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആദിവാസി വിഭാഗങ്ങൾക്കിടയിൽ അവിവാഹിതരായ എത്ര ആദിവാസി അമ്മമാർ ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇവരെ പുനരധിവസിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ആദിവാസി യുവതികളുടെ വിദ്യാഭ്യാസക്കുറവും അജ്ഞതയും നിഷ്കളങ്കതയും മുതലെടുത്ത് ഇവരെ ലൈംഗികമായി പീഡിപ്പിച്ചവർക്കെതിരെ കർശന ശിക്ഷാ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ആദിവാസി വിഭാഗങ്ങൾക്കിടയിൽ 1070 അവിവാഹിതരായ അമ്മമാർ ഉണ്ട്.

(ബി) പട്ടികവിഭാഗത്തിൽപ്പെട്ട അവിവാഹിത അമ്മമാരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് ഇവരുടെ ഭൗതിക ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നടപ്പിലാക്കിയ പാക്കേജിൽ ഭവനനിർമ്മാണം, വീട് റിപ്പെയർ, ജീവനോപാധി പദ്ധതികളായ കറവപ്പശു വളർത്തൽ, ആട് വളർത്തൽ, കോഴി വളർത്തൽ, കുട്ട-വട്ടി നിർമ്മാണം, തയ്യൽ പരിശീലനം, തയ്യൽ മെഷീൻ വിതരണം, പെട്ടിക്കട നടത്തുന്നതിന് ധനസഹായം എന്നിവ ഉൾപ്പെട്ടിരുന്നു. ഇവയ്ക്ക് പുറമെ പട്ടികവർഗ്ഗത്തിൽപ്പെട്ട അവിവാഹിതരായ അമ്മമാർക്ക് 'സ്നേഹസ്പർശം' എന്ന പേരിൽ പെൻഷൻ പദ്ധതി സാമൂഹ്യ നീതി വകുപ്പിലെ സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ടി പദ്ധതി പ്രകാരം അവിവാഹിതരായ അമ്മമാർക്ക് 1000 രൂപ പ്രതിമാസം പെൻഷൻ നൽകി വരുന്നുണ്ട്. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പ് 2015-16-ൽ നടപ്പിലാക്കിയിട്ടുള്ള സ്വയംതൊഴിൽ പദ്ധതിയിൽ അവിവാഹിതരായ അമ്മമാർക്ക് മുൻഗണന നൽകിവരുന്നുണ്ട്. കൂടാതെ വനിതാ കമ്മീഷൻ, പോലീസ് വകുപ്പ് എന്നിവരുമായി സഹകരിച്ച് അവിവാഹിതരായ

അമ്മമാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ക്യാമ്പുകൾ സംഘടിപ്പിക്കുന്നുണ്ട്. ടി ക്യാമ്പുകളിൽവച്ച് പോലീസ് ഇരകളിൽനിന്ന് മൊഴിയെടുത്ത് കേസ് രജിസ്റ്റർ ചെയ്യുകയും ആയത് പ്രകാരം പല അവിവാഹിതരായ അമ്മമാർക്കും പ്രതികളിൽനിന്നും ജീവനാംശം കിട്ടുകയും ചെയ്യുന്നുണ്ട്.

(സി) 1989-ലെ പട്ടികജാതി/പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമം ആദിവാസികൾക്ക് നേരെ നടക്കുന്ന അതിക്രമങ്ങൾ തടയാൻ പര്യാപ്തമാണ്. ഒറ്റപ്പെട്ട സ്ഥലങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗത്തിലെ ദുർബലരും നിയമ പരിരക്ഷയെക്കുറിച്ച് അവബോധം ഇല്ലാത്തവർക്കുമാണ് എപ്പോഴും പീഡനങ്ങളും ചൂഷണങ്ങളും അനുഭവപ്പെടുന്നത്. പട്ടികജാതി/പട്ടികവർഗ്ഗ യുവതികൾക്കെതിരെയുള്ള കേസ്സുകൾ പരിശോധിക്കുന്നതിനും അവലോകനം നടത്തി കർശന നടപടികൾ സ്വീകരിക്കുന്നതിനും ജില്ലാ കളക്ടർ ചെയർമാനായി പട്ടികജാതി/പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമ പ്രകാരം വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി പ്രവർത്തിച്ച് വരുന്നു. കൂടാതെ സംസ്ഥാന തലത്തിൽ ഇത് മോണിറ്റർ ചെയ്യപ്പെടുകയും ചെയ്യുന്നുണ്ട്. കൂടാതെ സ്പെഷ്യൽ മൊബൈൽ സ്ക്വാഡ് മുഖേന നടപടി കൈക്കൊണ്ടുവരുന്നുണ്ട്. ഇതിലൂടെയെല്ലാം ആദിവാസി യുവതികളെ ലൈംഗികമായി പീഡിപ്പിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിച്ചുവരുന്നു.

## പട്ടികവർഗ്ഗ വിഭാഗക്കാരുടെ ചികിത്സയ്ക്കായി നടപ്പിലാക്കുന്ന പദ്ധതികൾ

49 (1860) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗവിഭാഗക്കാരുടെ ചികിൽസയ്ക്കായി നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശം നൽകുമോ;

(ബി) പ്രസ്തുത വിഭാഗക്കാർക്ക് ചികിൽസാ ധനസഹായത്തിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാനദണ്ഡം സംബന്ധിച്ച വിശദാംശം നൽകുമോ;

(സി) ഏതൊക്കെ അസുഖങ്ങൾക്കാണ് ധനസഹായം അനുവദിക്കുന്നത് എന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) പട്ടികവർഗ്ഗക്കാരുടെ ചികിത്സയ്ക്കായി സമഗ്ര ആരോഗ്യ സുരക്ഷാ

പദ്ധതി, അരിവാൾ രോഗികൾക്കായുള്ള സൗജന്യ ചികിത്സാ പദ്ധതി (Sickle Cell Anaemia), ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കുമായി ജനനീ ജന്മരക്ഷാ പദ്ധതി എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. പട്ടികവർഗ്ഗ സമഗ്ര ആരോഗ്യസുരക്ഷ പദ്ധതി പ്രകാരം സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലും സർക്കാർ മെഡിക്കൽ കോളേജുകളിലും പരിയാരം സഹകരണ മെഡിക്കൽ കോളേജ്, മലബാർ ക്യാൻസർ സെന്റർ, തലശ്ശേരി റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം ശ്രീചിത്ര മെഡിക്കൽ സെന്റർ എന്നിവിടങ്ങളിൽ ചികിത്സയ്ക്കെത്തുന്ന പട്ടികവർഗ്ഗക്കാർക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്നു. വയനാട്, പാലക്കാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിലെ പട്ടികവർഗ്ഗക്കാർക്കിടയിൽ കണ്ടുവരുന്ന പാരമ്പര്യ രോഗമായ അരിവാൾ രോഗത്തിന് സാന്ത്വനമായി പ്രതിമാസ പെൻഷനായി 2,000 രൂപ നൽകിവരുന്നു.

ജനനി ജന്മരക്ഷ പദ്ധതി പ്രകാരം ഗർഭിണിയായ ശേഷമുള്ള 3 മാസം മുതൽ കുട്ടിക്ക് ഒരു വയസ്സാകുന്നതുവരെയുള്ള 18 മാസക്കാലം ഓരോ മാസവും പട്ടികവർഗ്ഗ വിഭാഗത്തിലെ ഗർഭിണികൾക്കും അമ്മമാർക്കും 1,000 രൂപ വീതം നൽകിവരുന്നു. ഇതുകൂടാതെ പട്ടികവർഗ്ഗക്കാർക്ക് ചികിത്സയ്ക്കായി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായം നൽകിവരുന്നു.

(ബി&സി) ചികിത്സാ ധനസഹായത്തിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാനദണ്ഡങ്ങളും ഏതൊക്കെ അസുഖങ്ങൾക്കാണ് ധനസഹായം അനുവദിക്കുന്നത് എന്നത് സംബന്ധിച്ചുള്ള വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു*.

**മണ്ണാർക്കാട് ഭൂരഹിതരായ ആദിവാസി കുടുംബങ്ങൾക്ക് ഭൂമി**

50 (1861) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് മണ്ഡലത്തിൽ ഭൂരഹിതരായ എത്ര ആദിവാസി കുടുംബങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കുടുംബങ്ങൾക്ക് ഭൂമി നൽകുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നു വിശദമാക്കുമോ?

ഉത്തരം

(എ) 400 കുടുംബങ്ങൾ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് 'ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം' പദ്ധതിയിലൂടെ 10 ലക്ഷം രൂപ നൽകി 25 സെന്റ് മുതൽ 1 ഏക്കർ വരെയുള്ള ഭൂമി വാങ്ങി നൽകുന്നു. കൂടാതെ വനാവകാശ നിയമ പ്രകാരം 1 ഏക്കർ മുതൽ 5 ഏക്കർ വരെ ഭൂമി ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

**അട്ടപ്പാടിയിലെ ഗർഭിണികളിലും ശിശുക്കളിലുമുള്ള പോഷകാഹാരക്കുറവ്**

51 (1862) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. എ.പി. അനിൽ കുമാർ :

ശ്രീ. കെ. മുരളീധരൻ :

ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ ഗർഭിണികളിലും, ശിശുക്കളിലുമുള്ള പോഷകാഹാരക്കുറവ് പരിഹരിക്കുവാൻ നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) എത്ര തുകയാണ് ഈ പദ്ധതിക്കായി ബഡ്ജറ്റിൽ നീക്കിവച്ചിട്ടുള്ളത്;

(സി) ഈ സർക്കാരിന്റെ കാലത്ത് അട്ടപ്പാടിയിൽ പോഷകാഹാര കുറവുമൂലം എത്ര കുട്ടികൾ മരണപ്പെടുകയുണ്ടായി;

(ഡി) നിലവിലുള്ള പദ്ധതികൾ പൂർണ്ണഫലം നൽകാത്ത സാഹചര്യത്തിൽ ആദിവാസികളുടെ ജീവനോപാധികൾക്ക് ഇണങ്ങുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഭക്ഷ്യസഹായ പദ്ധതി, ജനനി ജന്മരക്ഷാ പദ്ധതി, ചികിത്സാ ധനസഹായ പദ്ധതി, സാമൂഹ്യനീതി വകുപ്പ്, അംഗൻവാടികൾ മുഖേന നടത്തിവരുന്ന ഭക്ഷ്യ വിതരണ പദ്ധതി, ആരോഗ്യ വകുപ്പ് മുഖേനയുള്ള പോഷകാഹാരക്കുറവുള്ള കുട്ടികളെയും ഗർഭിണികളെയും സ്ക്രീനിംഗ് നടത്തി, ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സെന്ററുകൾ വഴിയുള്ള ചികിത്സയും പരിപാലനവും, അയൺ ഫോളിക് ആസിഡുകളുടെ വിതരണം, ജെ.പി.എച്ച്.എൻ.-മാരുടെ പരിശീലനവും പരിചരണവും, മൊബൈൽ

മെഡിക്കൽ യൂണിറ്റുകളുടെ പ്രവർത്തനം, കുടുംബശ്രീ മുഖേനയുള്ള സമൂഹ അടുക്കളകളുടെ പ്രവർത്തനം തുടങ്ങിയവയാണ് ഈ കാര്യത്തിലേക്കായി അട്ടപ്പാടിയിൽ നടത്തിവരുന്ന പദ്ധതികൾ.

(ബി) ഫുഡ് സപ്പോർട്ട് പ്രോഗ്രാം ഇനത്തിൽ ഈ വർഷം 25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) പോഷകാഹാരക്കുറവ് മൂലം കുട്ടികൾ മരണപ്പെട്ടിട്ടില്ല.

(ഡി) നിലവിലുള്ള പദ്ധതികൾ ഫലപ്രദമായി നടത്താനാണ് സർക്കാർ പരിശ്രമിക്കുന്നത്. ഇതിന്റെ ഭാഗമായി 192 ഊരുകളിലും കമ്മ്യൂണിറ്റി കിച്ചൺ വ്യാപിപ്പിക്കുവാൻ 3.5 കോടി രൂപ ഈ സർക്കാർ അധികാരമേറ്റയുടൻ അനുവദിച്ചു. ന്യൂട്രീഷണൽ റീഹാബിലിറ്റേഷൻ സെന്റർ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിച്ചു.

**ആദിവാസി മേഖലകളിലെ ഗർഭിണികൾക്കും കുട്ടികൾക്കും പോഷകാഹാരങ്ങളും വൈദ്യപരിശോധനയും നൽകുന്ന സംവിധാനം**

52 (1863) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെയും മറ്റ് ആദിവാസിമേഖലകളിലെയും ഗർഭിണികൾക്കും കുട്ടികൾക്കും പോഷകാഹാരവും വൈദ്യപരിശോധനയും നൽകുന്നതിന് നിലവിലുള്ള നസംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ആദിവാസി വിഭാഗത്തിലെ സ്കൂളിൽ പോകുന്ന കുട്ടികൾക്ക് പോഷകാഹാരവും വൈദ്യപരിശോധനയും സ്കൂളിൽവച്ച് നൽകുന്നതിന് നിലവിൽ സംവിധാനമുണ്ടോ; വിശദമാക്കാമോ;

(സി) ഇല്ലെങ്കിൽ ഈ സംവിധാനം നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പോഷകാഹാരക്കുറവുള്ള കുട്ടികളെയും ഗർഭിണികളെയും കണ്ടെത്തുന്നതിനായി 2013 ഏപ്രിൽ മുതൽ സ്ക്രീനിംഗ് ക്യാമ്പുകൾ ആരോഗ്യ

വകുപ്പ് നടത്തിവരുന്നുണ്ട്. ഗുരുതരമായ അനീമിയ ബാധിച്ച കുട്ടികളെ കിടത്തി ചികിത്സിക്കുന്നതിന് അട്ടപ്പാടിയിൽ 3 ന്യൂട്രീഷൻ റീ-ഹാബിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. കുട്ടികൾക്കും ഗർഭിണികൾക്കുമായി അയൺ ഫോളിക് ആസിഡ് വിതരണവും കൃത്യമായി നടത്തിവരുന്നുണ്ട്. അട്ടപ്പാടിയിൽ ചികിത്സാ മേഖലയിൽ കോട്ടത്തറ ഗവ. ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയും ഒരു സി.എച്ച്.സി.-യും 2 പി.എച്ച്.സി.-യും പ്രവർത്തിച്ചുവരുന്നുണ്ട്. 28 അലോപ്പതി സബ്സെന്ററുകളും മേഖലയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. സബ്സെന്ററുകൾ കേന്ദ്രീകരിച്ച് ജെ.പി.എച്ച്.എൻ.-മാരുടെ പ്രവർത്തനം ഉറപ്പുവരുത്തിയിട്ടുണ്ട്. ആശാ വർക്കർമാർ, അംഗൻവാടി പ്രവർത്തകർ, എസ്. ടി. പ്രൊമോട്ടർമാർ എന്നിവർക്ക് പോഷകാഹാരക്കുറവുള്ള കുട്ടികളെ കണ്ടെത്തുന്നതിനുള്ള പ്രത്യേക പരിശീലനം നൽകിയിട്ടുണ്ട്. പോഷകാഹാരകുറവുള്ള കുട്ടികളെ നിരീക്ഷിക്കുന്നതിന് ജാതക് ജനനി സോഫ്റ്റ്വെയർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൗമാര പ്രായക്കാരായ പെൺകുട്ടികൾക്ക് ആരോഗ്യപരിപാലനം സംബന്ധിച്ച് പ്രത്യേക ബോധവത്കരണം ആരോഗ്യ വകുപ്പിന് കീഴിൽ നടത്തി വരുന്നുണ്ട്. വീട്ടിൽവച്ചുള്ള പ്രസവം ഒഴിവാക്കുന്നതിനായി പ്രസവ തീയതിക്ക് 2 ആഴ്ച മുമ്പ് ഗർഭിണികളെ ആശുപത്രിയിൽ എത്തിക്കുന്നതിനുള്ള നടപടികൾ അട്ടപ്പാടിയിലെ ആരോഗ്യ പ്രവർത്തകർ സ്വീകരിച്ചുവരുന്നുണ്ട്.

കൂടാതെ പട്ടികവർഗ്ഗ അമ്മമാർക്ക് പോഷകാഹാരം ലഭ്യമാക്കുന്നതിനായി ജനനീ ജന്മരക്ഷ പദ്ധതി പ്രകാരം 18 മാസത്തേക്ക് പ്രതിമാസം 1,000 രൂപ പ്രകാരം ധനസഹായം നൽകിവരുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറ്റൊരു പദ്ധതിയായ ഭക്ഷ്യസഹായ പദ്ധതി പ്രകാരം ഭക്ഷ്യസാധനങ്ങൾ അടങ്ങിയ കിറ്റുകൾ അർഹരായവർക്ക് വിതരണം നടത്തിവരുന്നുണ്ട്.

അമ്മമാരും കുട്ടികളും ഉൾപ്പെടെയുള്ള എല്ലാ പട്ടികവർഗ്ഗക്കാർക്കും മാവേലി മെഡിക്കൽ സ്റ്റോർ മുഖേന സൗജന്യമായി ചികിത്സാ ആവശ്യത്തിനായി 5,000 രൂപ വരെയുള്ള ധനസഹായം വിതരണം നടത്തിവരുന്നുണ്ട്.

സാമൂഹ്യനീതി വകുപ്പിന്റെ ചുമതലയിൽ അംഗൻവാടികൾ മുഖേന അമൃതം ന്യൂട്രിമിക്സ് വിതരണം, സബല കിറ്റുകളുടെ വിതരണം എന്നിവ നടന്നു വരുന്നുണ്ട്, കൂടാതെ കുടുംബശ്രീ മുഖേനയുള്ള സമൂഹ അടുക്കളയുടെ പ്രവർത്തനങ്ങളും അട്ടപ്പാടിയിൽ നടന്നുവരുന്നുണ്ട്.

(ബി&സി) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കൂളിൽ എല്ലാ ദിവസവും ഉച്ചഭക്ഷണവും എട്ടാംതരം വരെയുള്ള വിദ്യാർത്ഥികൾക്ക് ആഴ്ചയിൽ 2 ദിവസം പാലും ഒരു ദിവസം മുട്ടയും നൽകിയിരുന്നു. കൂടാതെ പാലക്കാട് ജില്ലാ

പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ എല്ലാ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും പ്രഭാത ഭക്ഷണവും നൽകിവരുന്നു. കൂടാതെ ആരോഗ്യ പ്രവർത്തകർ സ്കൂളുകളിലെത്തി വൈദ്യപരിശോധനയും നടത്തുന്നു. ആഴ്ചയിലൊരിക്കൽ ഒരു ഹെൽത്ത് നഴ്സിന്റെ സേവനം ആരോഗ്യ വകുപ്പ് ലഭ്യമാക്കുന്നുണ്ട്.

**പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ**

53 (1864) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് എന്തെല്ലാം ഫലപ്രദമായ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) 1989-ലെ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയൽ നിയമം നടപ്പിലാക്കുന്നതിന് പട്ടികവർഗ്ഗ വികസനവകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികളും പുനരധിവാസ പദ്ധതികളും എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കെതിരെ എത്ര അതിക്രമങ്ങൾ നടന്നിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഡി) പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് പട്ടികവർഗ്ഗവികസന വകുപ്പ്, ആഭ്യന്തരവകുപ്പുമായി ചേർന്ന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) അതിക്രമങ്ങൾക്ക് ഇരയായ പട്ടികവർഗ്ഗക്കാർക്ക് ലഭിക്കേണ്ട അർഹതപ്പെട്ട ആനുകൂല്യങ്ങൾ പരിഷ്കരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങളിലും പീഡനങ്ങളിലും കുറ്റവാളികൾക്കെതിരെ സത്വര നടപടികൾ കർശനമായി സ്വീകരിച്ചുവരുന്നു. പട്ടികവർഗ്ഗ വിഭാഗക്കാരെ അവരുടെ അവകാശങ്ങളെക്കുറിച്ച് ബോധവത്ക്കരിച്ചും പട്ടികവർഗ്ഗ കോളനികളിൽ സന്ദർശനം നടത്തിയും പരാതികൾ സ്വീകരിച്ചും ദ്രുതഗതിയിൽ പരാതികളിൽ പരിഹാരം കണ്ടും എസ് സി./എസ് ടി. മോണിറ്ററിംഗ് സെല്ലിന്റെ കാര്യക്ഷമമായ ഇടപെടലുകൾമൂലവും പട്ടികവർഗ്ഗ

വിഭാഗക്കാർക്കെതിരെയുള്ള അതിക്രമങ്ങളും പീഡനങ്ങളും ശ്രദ്ധയിൽപ്പെട്ടാൽ ഫലപ്രദമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) 1989-ലെ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമം തടയൽ നിയമം ആദിവാസികൾക്കുനേരെ നടക്കുന്ന അതിക്രമങ്ങൾ തടയുവാൻ പര്യാപ്തമാണ്. ഇതുപ്രകാരം നടപടി സ്വീകരിക്കുന്നുണ്ട്.

ഒറ്റപ്പെട്ട സ്ഥലങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗത്തിലെ ദുർബലരും നിയമപരിരക്ഷകളെക്കുറിച്ച് അവബോധമില്ലാത്തവർക്കുമാണ് ഇപ്പോഴും പീഡനങ്ങളും ചൂഷണങ്ങളും അനുഭവപ്പെടുന്നതെന്ന് കണ്ടെത്തിയിട്ടുണ്ട്. പട്ടികവർഗ്ഗ സ്ത്രീകൾക്കിടയിൽ കുടുംബശ്രീ അയൽക്കൂട്ടങ്ങൾ സംഘടിപ്പിച്ച് ശക്തിപ്പെടുത്തി കൂട്ടായപ്രവർത്തനങ്ങളിലൂടെ ശാക്തീകരിക്കുന്നതിനും നൈപുണ്യവികസനത്തിലൂടെ പുതിയ തൊഴിലവസരങ്ങൾ കണ്ടെത്തി വരുമാന വർദ്ധനവിലൂടെ സ്വാശ്രയത്വത്തിലേയ്ക്ക് നയിക്കുന്നതിനും പരിശ്രമങ്ങൾ നടന്നുവരുന്നുണ്ട്.

പട്ടികവർഗ്ഗക്കാർക്കെതിരെയുള്ളഅതിക്രമങ്ങൾ/ചൂഷണങ്ങൾ തടയുന്നതിനും അവർക്ക് ലഭ്യമാകുന്ന നിയമ പരിരക്ഷകൾ സംബന്ധിച്ച് ബോധവത്കരണം നടത്തുന്നതിനും ലീഗൽ സർവ്വീസ് സൊസൈറ്റി മുഖേനയായും തദ്ദേശീയരായ അഭിഭാഷകരുടെയും പൊതു പ്രവർത്തകരുടെയും സഹകരണത്തോടുകൂടി നടപടികൾ സ്വീകരിക്കാറുണ്ട്. ജില്ലകളിൽ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വേണ്ടി സെമിനാറുകൾ/ബോധവത്കരണ ക്ലാസ്സുകൾ എന്നിവ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ ഫീൽഡ് തലത്തിൽ പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡവലപ്മെന്റ് ഓഫീസർമാർ മുഖേന സംഘടിപ്പിക്കുന്നുണ്ട്. എല്ലാവർഷവും സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണ ത്തോടനുബന്ധിച്ച് പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചുവരുന്നുണ്ട്. അതിക്രമങ്ങൾക്ക് വിധേയരാകുന്നവരെ പുനരധിവസി പ്പിക്കുന്നതിനും അതിക്രമങ്ങൾക്ക് വിധേയരാകുന്നവർക്ക് സൗജന്യ നിയമ സഹായം, അർഹമായ കേസ്സുകളിൽ ആശ്രിതർക്ക് സർക്കാർ ജോലി, ആശ്രിതർക്കുള്ള ധനസഹായം തുടങ്ങിയ പരിരക്ഷകളും ഉറപ്പുവരുത്തുന്നുണ്ട്. 1989-ലെ പട്ടികജാതി-പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമ പ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസ്സുകളുടെ അന്വേഷണം, കേസ്സുകളുടെ നടത്തിപ്പ് എന്നിവ സുഗമമാക്കുന്നതിനായി വയനാട്, പാലക്കാട്, കാസർഗോഡ് ജില്ലകളിൽ സ്പെഷ്യൽ മൊബൈൽ സ്ക്വാഡുകളും കേസ്സുകളുടെ സമയബന്ധിത തീർപ്പാക്കലിന് മലപ്പുറം ജില്ലയിലെ മഞ്ചേരിയിലും

വയനാട് ജില്ലയിലെ മാനന്തവാടിയിലും കൊല്ലം ജില്ലയിലെ കൊട്ടാരക്കരയിലും പാലക്കാട് ജില്ലയിലെ മണ്ണാർക്കാടും സ്പെഷ്യൽ കോടതികളും പ്രവർത്തിച്ചുവരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കെതിരെ എത്ര അതിക്രമങ്ങൾ നടന്നിട്ടുണ്ടെന്നുള്ള ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ഡി) പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ്, ആഭ്യന്തര വകുപ്പുമായി ചേർന്ന് കോളനികളും മറ്റും കേന്ദ്രീകരിച്ച് ബോധവത്കരണ ക്ലാസ്സുകളും മറ്റും നടത്തിവരുന്നു.

(ഇ) നിലവിലെ ചട്ടങ്ങൾ പ്രകാരം അനുവദിക്കുന്ന സമാശ്വാസ ധനസഹായത്തിന്റെ തോത് പരിഷ്കരിക്കുകയും 7 ദിവസത്തിനുള്ളിൽ ധനസഹായം അതിക്രമത്തിന് ഇരയായവർക്ക് ലഭ്യമാക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

**കൊറഗ കോളനികൾ**

54 (1865) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കൊറഗ കോളനികളുണ്ട്; ജില്ലതിരിച്ചുള്ള കണക്ക് നൽകാമോ;

(ബി) കൊറഗ കോളനികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് സർക്കാർ ചെയ്തുവരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) വെള്ളവും വെളിച്ചവും ഇല്ലാത്ത ഏതെങ്കിലും കൊറഗ കോളനികൾ സംസ്ഥാനത്ത് ഉണ്ടോ; എങ്കിൽ അവ ഏതാണെന്ന് വ്യക്തമാക്കുമോ;

(ഡി) കാസർകോട് ബദിയടുക്ക പഞ്ചായത്തിലെ പെർഡാല കൊറഗ കോളനിയിൽ വൈദ്യുതി ബിൽ തുക അടയ്ക്കാത്തതിനെ തുടർന്ന് വൈദ്യുതി വിച്ഛേദിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഓണാഘോഷം നാടാകെ നടക്കുമ്പോൾ കൊറഗ കോളനിയിലെ സാമൂഹിക കേന്ദ്രത്തിൽ ശബ്ദവും വെളിച്ചവും ഇല്ലാത്ത ആഘോഷം നടന്ന സാഹചര്യം ഉണ്ടാകാൻ കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എഫ്) വൈദ്യുതി ബിൽ അടക്കേണ്ടത് ആരാണ്; ആരുടെ ഭാഗത്ത് നിന്നാണ് കൃത്യവിലോപം ഉണ്ടായത്; പട്ടികവർഗ്ഗ വകുപ്പിന് ഇത് സംബന്ധിച്ച് പരാതി ലഭിച്ചിരുന്നോ?

ഉത്തരം

(എ) 2008-ലെ സോഷ്യോ എക്കണോമിക് സർവ്വേ പ്രകാരം സംസ്ഥാനത്ത് കാസർഗോഡ് ജില്ലയിൽ മാത്രമാണ് കൊറഗ വിഭാഗക്കാർ ഉള്ളത്. കാസർഗോഡ് ജില്ലയിൽ 5-ലധികം കുടുംബങ്ങൾ താമസിക്കുന്ന 42 കൊറഗ കോളനികളും 5-ൽ താഴെ കുടുംബങ്ങളുള്ള 18 കൊറഗ കോളനികളുമുണ്ട്.

(ബി) 13-ാം ധനകാര്യ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലഭിച്ച സഹായത്തിൽ നിന്നും കൊറഗ കോളനികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പ്രാക്തന ഗോത്രവർഗ്ഗക്കാർക്കുള്ള പ്രത്യേക വികസന പദ്ധതികൾ ജില്ലയിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ അടിസ്ഥാന വികസന പദ്ധതികളും ഭക്ഷ്യസുരക്ഷാ പദ്ധതി, ആരോഗ്യ സുരക്ഷ എന്നിവ നടപ്പിലാക്കിയിരുന്നു. കൂടാതെ അടിയ-പണിയ പാക്കേജിൽ കൊറഗ വിഭാഗത്തിലെ കുട്ടികൾക്ക് സ്കൂളിൽ പഠിക്കുന്നതിനായി നോട്ട്ബുക്ക്, ബാഗ്, കുട, യൂണിഫോം, ചെരുപ്പ് എന്നിവ വിതരണം ചെയ്തിട്ടുണ്ട്. പ്രത്യേക പാക്കേജിൽ അടിസ്ഥാന വികസന പദ്ധതികളും ചെയ്തുവരുന്നു. കൂടാതെ നടപ്പുവർഷം 40 വീടുകൾ ഈ വിഭാഗത്തിനായി അനുവദിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു. മേൽ പറഞ്ഞ പദ്ധതികൾ കൂടാതെ പട്ടികവർഗ്ഗക്കാർക്കുള്ള എല്ലാ പദ്ധതികളും ടി വിഭാഗത്തിനുവേണ്ടിയും നടപ്പിലാക്കിവരുന്നു.

(സി) ജില്ലയിലെ എല്ലാ കൊറഗ കോളനികളിലും വൈദ്യുതി എത്തിയിട്ടുണ്ട്.

അടക്കത്ത്ഉരി, ഗൗരിമൂല, ഷിറിയ, നെല്ലിക്കാട്-കയ്യാർ എന്നീ നാല് കോളനികളിൽ കിണറുകളുണ്ടെങ്കിലും ശുദ്ധജല ദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്.

(ഡി&എഫ്) ബദിയടുക്ക പഞ്ചായത്തിലെ പെർഡാല കൊറഗ കോളനിയിൽ മൊത്തമായി വൈദ്യുതി വിച്ഛേദിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ടി കോളനിയിൽ കാസർഗോഡ് താലൂക്ക് കൊറഗ വിവിധോദ്ദേശ സൊസൈറ്റിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ എം.ജി.എൽ.സി. പ്രവർത്തിച്ചു വരുന്നുണ്ട്. ടി സ്ഥാപനം വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ളതാണ്. ടി കെട്ടിടത്തിൽ വൈദ്യുതി ബിൽ ഒടുക്കാത്തതിനാൽ വൈദ്യുതി വിച്ഛേദിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പിന്നോക്കസമുദായ ക്ഷേമവകുപ്പിന്റെ പ്രവർത്തനങ്ങൾ**

55 (1866) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പിന്നോക്കസമുദായക്ഷേമവകുപ്പ് രൂപീകരിച്ചത് എന്നാണ്; ഇതിന്റെ ഡയറക്ടറേറ്റ്, റീജിയണൽ ഡയറക്ടറേറ്റ്, ജില്ലാ ആഫീസുകൾ എന്നിവ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഏതൊക്കെ ജാതി വിഭാഗങ്ങളാണ് പിന്നോക്കസമുദായക്ഷേമ വകുപ്പിന് കീഴിൽ വരുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) ഒ.ഇ.സി. വിഭാഗത്തിൽ പെടുന്ന ദളിത് ക്രൈസ്തവ വിദ്യാർത്ഥികൾക്ക് മുൻവർഷങ്ങളിൽ കൃത്യമായി ലഭിച്ചുവന്നിരുന്ന ലംപ്സം ഗ്രാന്റും മറ്റും കഴിഞ്ഞ വർഷം മുതൽ ഇതേവരെ ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) മുൻപ് പട്ടികജാതി വകുപ്പു മുഖേന നടപ്പാക്കിയിരുന്ന ഈ പദ്ധതി പിന്നോക്ക സമുദായ ക്ഷേമ വകുപ്പിലേക്കു മാറ്റിയതിനു ശേഷമാണ് ഇത് ലഭിക്കാതെ വന്നിട്ടുള്ളത് എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഇ) ഈ പരാതി പരിഹരിക്കാൻ എന്തൊക്കെ അടിയന്തര നടപടികൾ കൈക്കൊള്ളാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; പിന്നോക്കസമുദായ ക്ഷേമവകുപ്പു മുഖേന നടപ്പാക്കുന്ന മറ്റ് പദ്ധതികൾ എന്തൊക്കെയാണെന്ന് ഓരോന്നിന്റെയും വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) G.O.(Ms) 116/2011/SCSTDD, Dated 19-11-2011 പ്രകാരം സംസ്ഥാന പിന്നോക്ക സമുദായ വികസന വകുപ്പ് രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത വകുപ്പ് ഡയറക്ടറേറ്റ് തിരുവനന്തപുരത്തും മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാരുടെ കാര്യാലയങ്ങൾ എറണാകുളത്തും കോഴിക്കോട്ടും പ്രവർത്തിക്കുന്നു.

(ബി) കേരളത്തിലെ ഒ.ബി.സി. പട്ടിക അനുബന്ധം -1 ആയി ചേർക്കുന്നു.*

(സി&ഡി) ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് സ്കൂൾ തലത്തിൽ മാന്വലായി വിതരണം ചെയ്തുവന്നതുക 2015-16 മുതൽ ഓൺലൈനായാണ് അനുവദിക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പദ്ധതി നടത്തിപ്പിന്റെ പ്രാരംഭ ദിശയിലുള്ള സാങ്കേതിക പ്രശ്നങ്ങൾമൂലമാണ് വിതരണം വൈകിയത്. പോസ്റ്റ് മെട്രിക് തലത്തിൽ ഇപ്പോഴും പട്ടികജാതി വികസന ഓഫീസുകൾ വഴിയാണ് ആനുകൂല്യം നൽകുന്നത്. ഫണ്ടിന്റെ ലഭ്യതയിൽ ഉണ്ടായ കുറവുമൂലമാണ് ആനുകൂല്യ വിതരണം വൈകിയത്.

(ഇ) 2016-17-ൽ അനുവദിച്ചിരുന്ന തുക പ്രീമെട്രിക് തലത്തിൽ 14 കോടിയും പോസ്റ്റ് മെട്രിക് തലത്തിൽ 125.6 കോടിയും ആയിരുന്നു. തുക ചെലവഴിച്ചുകഴിഞ്ഞ സാഹചര്യത്തിൽ അധിക ഫണ്ടിനുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്. പിന്നോക്ക സമുദായ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധം -II ആയി ചേർക്കുന്നു**

## പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രിയുടെ ഔദ്യോഗിക നാമധേയത്തിൽ രൂപീകരിച്ചിട്ടുള്ള ദുരിതാശ്വാസനിധി

56 (1867) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പ് മന്ത്രിയുടെ ഔദ്യോഗിക നാമധേയത്തിൽ രൂപീകരിച്ചിട്ടുള്ള ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായത്തിനുള്ള അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നതിനും ധനസഹായം വ്യക്തികളുടെ കൈവശം ലഭ്യമാകുന്നതിനും കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാലതാമസം വരുന്നത് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കാലതാമസം വരുന്നതായി ശ്രദ്ധയിൽ വന്നാൽ നടപടി സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഡെപ്യൂട്ടി ഡയറക്ടറുടെ ഒഴിവ്

57 (1868) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നാക്ക സമുദായ ക്ഷേമ വകുപ്പിൽ ഡെപ്യൂട്ടി ഡയറക്ടറുടെ ഒഴിവ് നിലവിലുണ്ടോ;

(ബി) ഡെപ്യൂട്ടി ഡയറക്ടറുടെ ഒഴിവ് നികത്തുന്നതിന് സ്പെഷ്യൽ റൂൾസിന്റെ അഭാവം തടസ്സമായിട്ടുണ്ടോ;

(സി) സ്പെഷ്യൽ റൂൾസ് നിലവിലില്ലാത്ത സാഹചര്യത്തിൽ സർക്കാർ ഉത്തരവ് മുഖേന ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ നിയമനം നടത്തുവാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) നിലവിൽ 2 ഡെപ്യൂട്ടി ഡയറക്ടർമാരുടെ തസ്തികകളിൽ ഒഴിവുണ്ട്. ഡെപ്യൂട്ടി ഡയറക്ടറുടെ ഒഴിവ് നികത്തുന്നതിന് സ്പെഷ്യൽ റൂൾസ് നിലവിലില്ലെങ്കിൽ പി.എസ്.സി.-യുടെ അംഗീകാരത്തോടെ എക്സിക്യൂട്ടീവ് ഉത്തരവ് മുഖേന നിയമനം നടത്താവുന്നതാണ്.

(സി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

## പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന് വീടുപണി പൂർത്തീകരിക്കുന്നതിന് സഹായം

58 (1869) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ദിര ആവാസ് യോജന ഉൾപ്പെടെ വിവിധ പദ്ധതികളിൽ വീട് ലഭിച്ചിട്ടുള്ളതും എന്നാൽ പണി പൂർത്തീകരിക്കുവാൻ കഴിയാത്തതുമായ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വീട് നിർമ്മാണം പൂർത്തീകരിക്കുന്നതിനായി എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കുന്നുണ്ടോ;

(ബി) വർഷങ്ങൾക്ക് മുമ്പ് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി വീട് നിർമ്മിക്കുവാൻ വായ്പയും ഗ്രാന്റും മറ്റും അനുവദിച്ച പണം കൊണ്ട് വീട് പൂർത്തീകരിക്കാനാകാത്തവർക്കും വീട് നിർമ്മാണം പൂർത്തീകരിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കുന്നുണ്ടോ?

<u>ഉത്തരം</u>

(എ) പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഗ്രാമവികസന വകുപ്പ് മുഖേന നൽകിവരുന്ന ഐ.എ.വൈ. വീടുകളുടെ ധനസഹായം 3 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചപ്പോൾ പട്ടികജാതി വികസന വകുപ്പിൽനിന്നും 1,00,000 രൂപ നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇപ്രകാരം മുൻ സർക്കാരിന്റെ കാലത്ത് കുടിശ്ശികയായ 182.85 കോടി രൂപ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ (ഫയൽ നമ്പർ 761358/സി 2/2016) ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 2007-08 മുതൽ തെരഞ്ഞെടുത്ത ഗുണഭോക്താക്കളിൽ പണി പൂർത്തീകരിക്കാത്തവർക്ക് പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് നിലവിലെ തുകയ്ക്ക് ആനുപാതികമായി വർദ്ധിപ്പിച്ച നിരക്കിലുള്ള തുക സ്പിൽ ഓവറായി നൽകുന്നുണ്ട്.

(ബി) പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിവരുന്ന ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 2007-08 മുതൽ തെരഞ്ഞെടുത്ത ഗുണഭോക്താക്കളിൽ പണി പൂർത്തീകരിക്കാത്തവർക്ക് പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് നിലവിലെ തുകയ്ക്ക് ആനുപാതികമായി ഗഡുക്കൾ വർദ്ധിപ്പിച്ച നിരക്കിലുള്ള തുക സ്പിൽ ഓവറായി നൽകുന്നുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും വീട് അനുവദിച്ച് 6 വർഷം കഴിഞ്ഞിട്ടും പൂർത്തിയാകാത്ത വീടുകൾ വാസയോഗ്യമാംവിധം പൂർത്തീകരിക്കു ന്നതിനായി പരമാവധി 1,00,000 രൂപ (ഒരു ലക്ഷം രൂപ) അനുവദിച്ചു വരുന്നു, ഇതുകൂടാതെ 12 വർഷങ്ങൾക്ക് മുമ്പ് വീട് അനുവദിച്ചതും അറ്റകുറ്റപ്പണി ചെയ്ത് ഉപയോഗിക്കുവാൻ കഴിയാത്തതുമായ വീടുകൾക്ക് പകരം പുതിയ വീടുകൾ (മുൻഗണനാക്രമത്തിൽ) അനുവദിച്ചുവരുന്നു.

**ഹൈക്കോടതി ബെഞ്ച്**

59 (1870) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ ഹൈക്കോടതി ബെഞ്ച് സ്ഥാപിക്കുന്നതുസംബന്ധിച്ച നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) കോഴിക്കോട് ആസ്ഥാനമായി പുതിയ ഹൈക്കോടതി ബെഞ്ച് സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) പുതിയ ഹൈക്കോടതി ബെഞ്ച് സ്ഥാപിക്കുന്നതു സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## സർക്കാർ പ്രോസിക്യൂട്ടറുടെ മാറ്റം

60 (1872) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കൊലപാതക കേസ്സുകളിൽ സർക്കാർ പ്രോസിക്യൂട്ടറെ മാറ്റി നിയമിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രോസിക്യൂട്ടറെ മാറ്റി നിയമിച്ച എത്ര കേസ്സുകളിൽ സർക്കാരിനെതിരായ വിധി ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കേസ്സിന്റെ നടപടിക്രമങ്ങൾ പൂർത്തിയാകും മുൻപ് പ്രോസിക്യൂട്ടറെ മാറ്റുന്നത് പല കേസ്സുകളിലും പ്രതികൂല വിധി ഉണ്ടാകുന്നതിന് ഇടയാക്കുന്നുണ്ടെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഒരു കൊലപാതക കേസ്സിൽ സ്പെഷ്യൽ പബ്ലിക്ക് പ്രോസിക്യൂട്ടറെ മാറ്റി നിയമിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ മാറ്റി നിയമിച്ച കേസ്സിൽ അന്തിമ വിധി ആയിട്ടില്ല.

(സി) മേൽ മറുപടിയുടെ വെളിച്ചത്തിൽ ബാധകമല്ല.

## കാലഹരണപ്പെട്ട നിയമങ്ങൾ

61(1873) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള നിയമങ്ങൾ പ്രകാരം, കുറ്റകൃത്യങ്ങൾക്ക് നൽകുന്ന ശിക്ഷയും പിഴയും കുറവാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏങ്കിൽ ഇവ കാലാനുസൃതമായി പരിഷ്കരിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) സംസ്ഥാനത്തിന് ബാധകമായിട്ടുള്ള നിലവിലുള്ള നിയമങ്ങളിൽ കേന്ദ്ര നിയമങ്ങളും സംസ്ഥാന നിയമങ്ങളും ഉൾപ്പെടുന്നതാണ്. പ്രസ്തുത നിയമങ്ങളിൽ, ഓരോ കുറ്റകൃത്യത്തിന്റെയും ഗൗരവ സ്വഭാവം കണക്കിലെടുത്തുകൊണ്ടുള്ള ശിക്ഷയാണ് നിശ്ചയിച്ചിട്ടുള്ളത്. ഓരോ നിയമത്തിൻ കീഴിൽ വരുന്ന കുറ്റകൃത്യങ്ങൾക്ക് നൽകുന്ന ശിക്ഷയും പിഴയും കുറവാണോ എന്നകാര്യം കേന്ദ്ര നിയമങ്ങളുടെ കാര്യത്തിൽ ലോ കമ്മീഷൻ അതത് കാലങ്ങളിൽ പരിശോധിക്കുന്നതും വേണ്ട ഭേദഗതികൾക്കുള്ള ശിപാർശകൾ നൽകുകയും ചെയ്യാറുണ്ട്. സംസ്ഥാന നിയമങ്ങളുടെ കാര്യത്തിൽ തടവ് ശിക്ഷയോ, പിഴശിക്ഷയോ വർദ്ധിപ്പിക്കേണ്ട സാഹചര്യം ഉണ്ടാകുന്നപക്ഷം സർക്കാർ തലത്തിൽ പരിശോധിച്ചശേഷം ഭേദഗതികൾ നടത്തുന്നതിനുള്ള നടപടികൾ നിയമനിർമ്മാണ സഭ സ്വീകരിക്കുന്നതാണ്.

**ഹാബിറ്റാറ്റ് പദ്ധതി**

62 (1874) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) "ഹാബിറ്റാറ്റ്" പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടി മുൻ രാഷ്ട്രപതി ഡോ. അബ്ദുൾ കലാം ഔപചാരികമായി തറക്കല്ലിട്ട, കവടിയാർ പാലസിൽ നിന്ന് പേരൂർക്കടയിലേക്ക് പോകുന്ന പ്രധാന പാതയുടെ വലതുവശത്തായുള്ള സർക്കാരിന്റെ മൂന്നര ഏക്കർ സ്ഥലം ഇൻറർനാഷണൽ ഫിലിം ഫെസ്റ്റിവലിൻെറ ഓഫീസായി ഉപയോഗപ്പെടുത്തുന്നതിനുള്ള ശ്രമം നടക്കുന്നുണ്ടോ; വിശദമാക്കാമോ ;

(ബി) പ്രസ്തുത സ്ഥലത്ത് ശ്രീഅയ്യങ്കാളിയുടെ നാമധേയത്തിലുള്ള സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം കവടിയാറിൽ ഹാബിറ്റാറ്റ് പദ്ധതിക്ക് നിശ്ചയിച്ചിരുന്ന സ്ഥലം ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിന് സ്ഥിരം വേദി നിർമ്മിക്കുന്നതിന് പരിഗണിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട് അന്തിമ തീരുമാനം ആയിട്ടില്ല.

(ബി) 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗമനുസരിച്ച് ജില്ലാ ആസ്ഥാനങ്ങളിൽ നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ആയത് പ്രകാരം തിരുവനന്തപുരത്ത് അയ്യങ്കാളിയുടെ നാമധേയത്തിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന സാംസ്കാരിക സമുച്ചയത്തിന് കവടിയാർ പാലസിൽ നിന്ന് പേരൂർക്കടയിലേക്ക് പോകുന്ന പ്രധാന പാതയുടെ വലതു വശത്തായുള്ള സർക്കാരിന്റെ മൂന്നര ഏക്കർ സ്ഥലവും പരിഗണനയിൽ ഉണ്ട്. ജില്ലാ കളക്ടറുമായി ബന്ധപ്പെട്ട് ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

**ഓണംകളി**

63 (1875) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത്, വിശേഷിച്ച് മദ്ധ്യകേരളത്തിൽ, അന്യം നിന്നുപോകുന്ന ഒരു പ്രാചീന കലാരൂപമായ "ഓണംകളി"യെ നിലനിർത്തുന്നതിനും, പ്രോത്സാഹിപ്പിക്കുന്നതിനും എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ;

(ബി) പുലികളി, വള്ളംകളി തുടങ്ങിയ കലാരൂപങ്ങൾക്ക് സർക്കാർ ധനസഹായം നൽകുന്ന മാതൃകയിൽ, ഒരു ടീമിൽ അമ്പതോളം പേർ ഒന്നിച്ച് പങ്കെടുക്കുന്ന 'ഓണംകളി-'യെ നിലനിർത്തുന്നതിനായി ഗ്രാന്റ് അനുവദിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) ചാലക്കുടിയിൽ അനുവദിച്ച കലാഭവൻമണി സ്മാരകം, ഫോക് ലോർ അക്കാദമിക്കു കീഴിൽ ഒരു ഉപകേന്ദ്രമാക്കി മാറ്റുന്നതിനും നാടൻപാട്ട്- ഓണം കളിപ്പാട്ട് രചയിതാവും ഗായകനും നടനുമായ ശ്രീ കലാഭവൻ മണിയുടെ പേരിൽ സംസ്ഥാനതല 'ഓണംകളിമത്സരം' നടത്തുന്നതിനും, ഇതിനായി സാമ്പത്തിക സഹായം അനുവദിക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) "ഓണംകളി" അടക്കമുള്ള കലകളുടെ സംരക്ഷണത്തിന് കേരള ഫോക് ലോർ അക്കാദമി പരിപാടികൾ ആസൂത്രണം ചെയ്യുന്നു.

(ബി) കേരള ഫോക് ലോർ അക്കാദമി മുഖേന, ഓണംകളിക്ക് ഗ്രാന്റ് അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(സി) കേരള ഫോക് ലോർ അക്കാദമി മുഖേന ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**ഫോക് ലോർ വില്ലേജ്**

64 (1876) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കൊട്ടക്കാട് കേന്ദ്രീകരിച്ച് തെയ്യം കലയുടെ കുലപതിയായ മണക്കാടൻ ഗുരുക്കൾക്കും നർത്തകരത്നം കണ്ണപെരുവണ്ണാനും ഉചിതമായ സ്മാരകമായി ഒരു ഫോക് ലോർ വില്ലേജ് സ്ഥാപിക്കാൻ പുതിയ ബഡ്ജറ്റിൽ തുക വകയിരുത്തുകയും, ഇതിനാവശ്യമായ സ്ഥലം കഴിഞ്ഞ എൽ.ഡി.എഫ് സർക്കാരിന്റെ അവസാന കാലത്ത് പതിച്ചു നൽകാൻ മന്ത്രി സഭായോഗത്തിൽ തീരുമാനമുണ്ടാകുകയും ചെയ്തിട്ടും ആയത് പതിച്ചു നൽകാൻ കഴിയാതെ വന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സാംസ്കാരിക കേന്ദ്രം നിർമ്മിക്കുന്നതിനുള്ള ഭൂമി സമയബന്ധിതമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) കാസർഗോഡ് ജില്ലയിലെ കൊട്ടക്കാട് കേന്ദ്രീകരിച്ച് തെയ്യം കലയുടെ കുലപതിയായ മണക്കാടൻ ഗുരുക്കൾക്കും നർത്തകരത്നം കണ്ണപെരുവണ്ണാനും ഉചിതമായ സ്മാരകമായി ഒരു ഫോക് ലോർ വില്ലേജ് സ്ഥാപിക്കാൻ ഈ സാമ്പത്തിക വർഷം, ബഡ്ജറ്റിൽ 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. സ്ഥലം ലഭ്യമാക്കുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതും തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്.

**ഉറുദു അക്കാദമി**

65 (1877) <u>ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപ്പള ആസ്ഥാനമായി രൂപീകരിച്ച സംസ്ഥാന ഉറുദു അക്കാദമിയുടെ പ്രവർത്തനങ്ങൾക്കായി എന്തൊക്കെ സഹായങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) അക്കാദമിയുടെ പ്രവർത്തനങ്ങൾക്കായി എത്ര തുക അനുവദിച്ചു എന്ന് അറിയിക്കുമോ;

(സി) ഉറുദു അക്കാദമിക്ക് ആസ്ഥാനം പണിയുന്നതിനായി ഉപ്പളയിൽ സ്ഥലം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ -സി) കാസർഗോഡ് ജില്ലയിൽ ഉപ്പള ആസ്ഥാനമായി ഉറുദു അക്കാദമി സ്ഥാപിക്കുന്നതിന്റെ ഭാഗമായി 21-1-2016-ലെ സ.ഉ.(സാധാ)നമ്പർ 25/2016/സി.എൽ.എഡി. പ്രകാരം താൽക്കാലിക ഭരണസമിതി രൂപീകരിച്ചിട്ടുണ്ട്. അക്കാദമിയുടെ പ്രവർത്തനങ്ങൾക്കുള്ള സാമ്പത്തിക സഹായം, അക്കാദമിയുടെ ആസ്ഥാന മന്ദിരം പണിയുന്നതിന് ഭൂമി അനുവദിക്കുന്നത്, അക്കാദമിക്ക് സഹായങ്ങൾ അനുവദിക്കുന്നത് എന്നിവ പരിശോധിച്ച് തീരുമാനമെടുത്ത് നടപ്പാക്കുന്നതാണ്.

**സിനിമ തിയേറ്റർ വ്യവസായം നേരിടുന്ന പ്രതിസന്ധികൾ**

66 (1878) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിനിമ തിയേറ്റർ വ്യവസായം നേരിടുന്ന പ്രതിസന്ധികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സിനിമ തിയേറ്ററുകളുടെ നവീകരണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) ഗ്രാമപ്രദേശങ്ങളിൽ ചെറു തിയേറ്റർ സമുച്ചയങ്ങൾ തുടങ്ങുന്നതിന് പദ്ധതി ഉണ്ടാക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. തിയേറ്ററുകളിൽ സിനിമ വൈഡ് റിലീസിംഗ് പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ബന്ധപ്പെട്ട സിനിമ തിയേറ്ററുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വിലയിരുത്തി ക്ലാസിഫൈ ചെയ്യുന്നതിന് സ.ഉ.(സാധാ)നമ്പർ 507/11/സാം.കാ.വ. തീയതി 19-10-11 പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിരുന്നു. പ്രസ്തുത കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ തിയേറ്റർ ക്ലാസിഫിക്കേഷൻ സംബന്ധിച്ചുള്ള പരാതികളിന്മേലും അപ്പീലുകളിന്മേലും തീർപ്പുണ്ടാക്കുന്നതിനായി ഒരു സ്ഥിരം സമിതിയ്ക്ക് രൂപം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഗ്രാമപ്രദേശങ്ങളിൽ ചെറു തിയേറ്റർ സമുച്ചയങ്ങൾ തുടങ്ങുന്നതിനുള്ള പദ്ധതികൾ കേരള സ്റ്റേറ്റ് ചലചിത്ര വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നത് പരിഗണനയിലാണ്.

## സിനിമാ തിയേറ്ററുകൾ

67 (1879) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗപിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ആകെ എത്ര സിനിമ തിയേറ്ററുകൾ ഉണ്ട്;

(ബി) ഗ്രാമീണ മേഖലയിലുള്ള സിനിമാ തിയേറ്ററുകൾ നിലനിർത്തുന്നതിനു എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കേരളത്തിൽ ഏകദേശം 440 സിനിമാ തിയേറ്ററുകൾ പ്രവർത്തിച്ചു വരുന്നു. കൃത്യമായ കണക്ക് തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ശേഖരിച്ച് ലഭ്യമാക്കുന്നതാണ്.

(ബി) ഗ്രാമീണ മേഖലയിൽ പുതിയ സിനിമാ തിയേറ്ററുകൾ സ്ഥാപിക്കുന്നതിന് കേരള ചലചിത്ര വികസന കോർപ്പറേഷൻ പ്രത്യേക പദ്ധതി ആവിഷ്കരിക്കുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിയേറ്റർ നിർമ്മാണത്തിന് സ്ഥലം അനുവദിക്കുന്ന പ്രദേശങ്ങളിൽ തിയേറ്റർ സമുച്ചയം നിർമ്മിക്കുന്നതിനാണ് കേരള ചലചിത്ര വികസന കോർപ്പറേഷൻ പദ്ധതി തയ്യാറാക്കുന്നത്.

## മഹാകവി ഗോവിന്ദപൈ സ്മാരക ട്രസ്റ്റ്

68 (1880) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാകവി ഗോവിന്ദപൈ സ്മാരക ട്രസ്റ്റിന്റെ പ്രവർത്തനങ്ങൾക്ക് എന്തൊക്കെ സഹായങ്ങളാണ് നൽകിയതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ട്രസ്റ്റിന്റെ കെട്ടിടം നിർമ്മിക്കുന്നതിന് ഒരു കോടി രൂപ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട ഇ-ഫയൽ നമ്പർ 147/A2/16/സാംസ്കാരികം എന്ന ഫയലിൽ തുക അനുവദിച്ച് ഉത്തരവ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ നിന്നും അനുവദിച്ച 18 ലക്ഷം രൂപയുടെ ഭരണാനുമതി കാലതാമസം കൂടാതെ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) മഞ്ചേശ്വരം ഗോവിന്ദപൈ സ്മാരകത്തിലെ കെട്ടിട നിർമ്മാണത്തിന് സാംസ്കാരിക വകുപ്പിൽ നിന്നും 2008-09-ൽ 20 ലക്ഷംരൂപയും 2013-14-ൽ 30 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(ബി) ഇക്കാര്യം പരിശോധിച്ചുവരികയാണ്.

(സി) ഗോവിന്ദപൈ സ്മാരകത്തിന് ശ്രീ.അബ്ദുൽ റസ്സാക്ക്എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിന് 30-9-2016-ലെ സ.ഉ.(സാധാ)നമ്പർ 319/2016/CLAD പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

## സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്

69 (1881) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാന ബാല സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിൽ ഭരണ സമിതി അവസാനമായി യോഗം ചേർന്നത് എന്നായിരുന്നുവെന്ന് അറിയിക്കുമോ;

(ബി) ഈ യോഗത്തിന്റെ മിനിട്സ് അംഗീകരിച്ചിട്ടുണ്ടോ;

(സി) ഡയറക്ടർ നൽകിയ മിനിട്സിൽ അംഗീകാരത്തിനു മുൻപ് എന്തെങ്കിലും തിരുത്തലുകൾ വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് തലത്തിലാണ് തിരുത്തലുകൾ വരുത്തിയതെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത മിനിട്സ് തിരുത്തിയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച് അന്വേഷണം നടത്തി തിരുത്തലുകൾ വരുത്തിയവർക്കെതിരെ നടപടി സ്വീകരിക്കുമോ;

(ഇ) ഈ തിരുത്തലുകളുടെ വിശദാംശങ്ങൾ അറിയിക്കുമോ?

<u>ഉത്തരം</u>

(എ) 25-11-2015.

(ബി) ഉണ്ട്.

(സി) ഉണ്ട്. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ലഭ്യമാക്കിയ മിനിട്സിൽ അന്നത്തെ സാംസ്കാരിക വകുപ്പ് അഡീഷണൽ സെക്രട്ടറി

തിരുത്തൽ വരുത്തിയ കരട് മിനിട്സ് അന്നത്തെ ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി ശരി വച്ചിരുന്നു. തിരുത്തൽ വരുത്തിയ മിനിട്സ് മുൻ സാംസ്കാരിക വകുപ്പുമന്ത്രി അംഗീകരിക്കുകയും ചെയ്തിരുന്നു.

(ഡി) ഇതുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം നടന്നുവരുന്നു.

(ഇ) 'ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിൽ ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന 9 ജീവനക്കാരെ താല്ക്കാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള അനുവാദം' അംഗീകരിച്ചു കൊണ്ടുള്ള തീരുമാനം 'തല്ക്കാലം നടപ്പാക്കേണ്ടതില്ല' എന്ന് തിരുത്തൽ വരുത്തിയിരുന്നു. മുൻ സാംസ്കാരിക വകുപ്പുമന്ത്രിയുടെ ഉത്തരവുപ്രകാരം പ്രസ്തുത തിരുത്തൽ ഒഴിവാക്കി ഭരണ സമിതി യോഗത്തിന്റെ തീരുമാനം അംഗീകരിച്ചുകൊണ്ട് പുതുക്കിയ മിനിട്സ് 23-5-2016-ൽ ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർക്ക് അയച്ചു കൊടുത്തിരുന്നു.

## കയ്യൂർ സാംസ്കാരിക കേന്ദ്രം

70 (1882) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർകോട് ജില്ലയിലെ കയ്യൂരിൽ ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ ഉജ്ജ്വല അധ്യായം രചിച്ച കയ്യൂർ രക്തസാക്ഷികളുടെ സ്മരണ നിലനിർത്തി നിർമ്മിച്ചുവരുന്ന ലൈബ്രറി ഉൾപ്പെടെയുള്ള സാംസ്കാരിക കേന്ദ്രം പൂർത്തീകരിക്കുന്നതിന് ഈ സർക്കാരിന്റെ പുതുക്കിയ ബജറ്റിൽ അനുവദിച്ച സഹായം എപ്പോൾ ലഭ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; ഇതിനാവശ്യമായ സഹായം നിർമ്മാണകമ്മിറ്റിയ്ക്ക് അനുവദിക്കാൻ നടപടികൾ ഉണ്ടാകുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ കയ്യൂർ സ്മാരകത്തിന് 50 ലക്ഷം രൂപ പ്രഖ്യാപിച്ചിരുന്നു. കയ്യൂർ സ്മാരകം/കയ്യൂർ സാംസ്കാരിക കേന്ദ്രം വികസന പ്രവർത്തനങ്ങൾക്ക് ധനസഹായം ആവശ്യപ്പെട്ട് വിശദമായ പ്ലാനും എസ്റ്റിമേറ്റും സമർപ്പിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് ബജറ്റ് പ്രസംഗമനുസരിച്ചുള്ള തുക നിർമ്മാണ കമ്മിറ്റിക്ക് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

### മഞ്ചേശ്വരം തുളു അക്കാദമി

71 (1883) <u>ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം തുളു അക്കാദമിയുടെ പ്രവർത്തനങ്ങൾക്കായി ഇതുവരെ സർക്കാർ നൽകിയ സാമ്പത്തിക സഹായം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ തുളു അക്കാദമിക്ക് കെട്ടിടം നിർമ്മിക്കാൻ 45 ലക്ഷം രൂപ അനുവദിച്ചതിന് ഭരണാനുമതി നൽകുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) എം.എൽ.എ ആസ്തി വികസന പദ്ധതിയിൽനിന്ന് അനുവദിച്ച തുകയ്ക്ക് ഉടനെ ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) തുളു അക്കാദമിയുടെ ഒന്നാം ഘട്ട നിർമ്മാണത്തിനായി 2013-14 സാമ്പത്തിക വർഷം 25 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. രണ്ടാം ഘട്ട നിർമ്മാണത്തിനായി സ്ഥലം എം.എൽ.എ.യുടെ ആസ്തിവികസന ഫണ്ടിൽ ഉൾപ്പെടുത്തി 45 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. തുളുഅക്കാദമിക്ക് കെട്ടിട നിർമ്മാണത്തിനുള്ള സ്ഥലം പാട്ടത്തിന് നൽകിയിട്ടുള്ളതാണെന്നും, ടി സ്ഥലം പുറമ്പോക്കായി രജിസ്റ്റർ ചെയ്തിട്ടുള്ളതാണെന്നും, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള ഭൂമിയല്ലെന്നും കാസർഗോഡ് ജില്ലാകളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ ധനകാര്യ വകുപ്പിന്റെ അനുമതി ലഭ്യമാക്കി തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

### സാംസ്കാരിക കേന്ദ്രങ്ങൾ

72 (1884) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗ്രാമപഞ്ചായത്തുകളിൽ സാംസ്കാരിക കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് നിലവിൽ പ്രത്യേക പദ്ധതികളുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

<u>ഉത്തരം</u>

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ മാത്രമായി സാംസ്കാരിക കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ സാംസ്കാരിക വകുപ്പിൽ നിലവിലില്ല. എന്നാൽ എല്ലാ ജില്ലാകേന്ദ്രങ്ങളിലും സാംസ്കാരിക നവോത്ഥാന നായകരുടെ പേരിൽ 40 കോടി രൂപ വീതം ചെലവ് ചെയ്ത് സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്ന ഒരു പദ്ധതി നടപ്പ് വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച നടപടി ക്രമങ്ങൾ സർക്കാർ ആരംഭിച്ചിട്ടുണ്ട്.

**മൾട്ടിമീഡിയ ഇ-ലേണിംഗ്**

73 (1885) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അറിവിന്റെ കേന്ദ്രങ്ങളായ വായനശാലകളെ മൾട്ടിമീഡിയ ഇ-ലേണിംഗ് സെന്ററുകളായി ഉയർത്തുവാനുള്ള ഏതെങ്കിലും പദ്ധതികൾ സാംസ്കാരിക വകുപ്പിന്റെ പരിഗണനയിലുണ്ടോ;

(ബി) വായനശാലകളിൽ ഇന്റർനെറ്റ് സംവിധാനം ഏർപ്പെടുത്തുന്നതിനായി സാംസ്കാരിക വകുപ്പിന്റെ കീഴിൽ ഫണ്ട് ലഭ്യമാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയത് ലഭ്യമാകുന്നതിനുള്ള നടപടിക്രമം വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ & ബി) വായനശാലകളും ലൈബ്രറി കൗൺസിലും വിദ്യാഭ്യാസ വകുപ്പിൻ കീഴിലാണ് പ്രവർത്തിച്ചുവരുന്നത്. അതിനാൽ സാംസ്കാരിക വകുപ്പിൻ കീഴിൽ പ്രത്യേക പദ്ധതികൾ നിലവിലില്ല.

**മൂശാരികോവിൽ ശിൽപ പൈതൃകഗ്രാമം**

74 (1886) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കുഞ്ഞിമംഗലം മൂശാരികോവിൽ വെങ്കല ശിൽപ നിർമ്മാണവുമായി ബന്ധപ്പെടുത്തി ശിൽപ പൈതൃക ഗ്രാമമായി പ്രഖ്യാപിക്കുന്നതിന് കേരള ലളിതകലാ അക്കാദമി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ കുഞ്ഞിമംഗലം മൂശാരി കോവിലിന് അനുവദിച്ച സാംസ്കാരിക സ്ഥാപനങ്ങൾക്കുള്ള 25 ലക്ഷം രൂപയുടെ പ്രത്യേക ധനസഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) കേരള ലളിതകലാ അക്കാദമി കുഞ്ഞിമംഗലം മൂശാരികോവിലിൽ 2015 സെപ്റ്റംബർ 1 മുതൽ 10 വരെ ഒരു വെങ്കല ശില്പകലാ ക്യാമ്പ് സംഘടിപ്പിച്ചിട്ടുണ്ട്. മൂശാരി കോവിലിനെ പൈതൃക ഗ്രാമമായി പ്രഖ്യാപിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല.

(ബി) 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ കുഞ്ഞിമംഗലം മൂശാരി കോവിലിനായി പ്രഖ്യാപിച്ചിട്ടുള്ള 25 ലക്ഷം രൂപ, നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**നെയ്യാറ്റിൻകര കേന്ദ്രീകരിച്ച് സാംസ്കാരിക കേന്ദ്രം**

75 (1887) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചരിത്ര പ്രാധന്യമുള്ള നെയ്യാറ്റിൻകര കേന്ദ്രീകരിച്ച് സാംസ്കാരിക കേന്ദ്രം അനുവദിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

നെയ്യാറ്റിൻകരയിൽ സാംസ്കാരിക കേന്ദ്രം സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് സാംസ്കാരിക വകുപ്പിൽ നിലവിൽ നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല.

**കലാകാരന്മാർക്കെതിരെയുള്ള ആക്രമണങ്ങൾ**

76 (1888) ശ്രീ. പുരുഷൻ കടലുണ്ടി :

ശ്രീ. എം. മുകേഷ് :

പ്രൊഫ.കെ.യു. അരുണൻ :

ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാഹിത്യ സൃഷ്ടിയോ കലാസൃഷ്ടിയോ നടത്തുന്നതിന്റെ പേരിൽ കലാകാരൻമാർക്കെതിരെ വിവിധ മതതീവ്രവാദ സംഘടനകളിൽ നിന്നുള്ള ആക്രമണം വർദ്ധിച്ചു വരുന്നുണ്ടോ; എങ്കിൽ ആയത് ഗൗരവത്തിലെടുത്തിട്ടുണ്ടോ;

(ബി) ആവിഷ്കാര സ്വാതന്ത്ര്യത്തിനെതിരായ മതമൗലികവാദികളുടെ ആക്രമണത്തെ പ്രതിരോധിക്കാൻ നിയമപരമായും ജനകീയമായും എന്തു നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് അറിയിക്കുമോ;

(സി) ഇത്തരം സംഭവങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് ശക്തമായ അന്ധവിശ്വാസ നിർമ്മാർജ്ജന നിയമം നടപ്പിലാക്കാൻ നടപടിയെടുക്കുമോ?

<u>ഉത്തരം</u>

(എ) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച പരാതികൾ ഉയർന്നു വരുന്ന മുറയ്ക്ക് ഫലപ്രദമായ ഇടപെടൽ നടത്തുന്നതാണ്.

(ബി) കലാകാരന്മാർക്കും പൊതുജനങ്ങൾക്കുമിടയിലുള്ള സഹകരണവും ആശയവിനിമയവും മെച്ചപ്പെടുത്തുന്ന തരത്തിൽ സാംസ്കാരിക സ്ഥാപനങ്ങളെ വാർത്തെടുക്കുന്നതിനുള്ള ശ്രമം ഈ സർക്കാർ തുടർന്നു വരികയാണ്. കലാകാരന്മാരുടേയും സാഹിത്യകാരന്മാരുടേയും സൃഷ്ടിപരമായ സ്വാതന്ത്ര്യം സംരക്ഷിക്കപ്പെടുംവിധം മതതീവ്രവാദത്തിനെതിരായി ശക്തമായ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കും. ഇത്തരത്തിൽ ആവിഷ്കാര സ്വാതന്ത്ര്യത്തിനെതിരായ മത മൗലികവാദികളുടെ ആക്രമണത്തെ ഒരു പരിധിവരെ പ്രതിരോധിക്കാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. ഇത്തരം സംഭവങ്ങളുടെ ആവർത്തന സ്വഭാവം കണക്കിലെടുത്ത് കർക്കശമായ നിയമ നടപടികൾ സ്വീകരിക്കുന്ന കാര്യം ആലോചിക്കുന്നതാണ്.

(സി) ഇത്തരം സംഭവങ്ങളുടെ ആവർത്തന സ്വഭാവം കണക്കിലെടുത്ത് നിയമം കൊണ്ടുവരുന്ന കാര്യം പരിശോധിക്കുന്നതാണ്.

**അവശ കലാകാരന്മാർക്ക് ക്ഷേമപെൻഷൻ**

77 (1889) <u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവശകലാകാരന്മാർക്ക് അനുവദിച്ചിട്ടുള്ള ക്ഷേമ പെൻഷൻ മുടക്കം കൂടാതെ ലഭ്യമാകുന്നുണ്ടോ;

(ബി) സർക്കാർ അംഗീകരിച്ചിട്ടുള്ള അവശ കലാകാരന്മാരുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത ചില പരമ്പരാഗത കലാകാരന്മാരെക്കൂടി ഉൾപ്പെടുത്താനായി എന്തെങ്കിലും നടപടിയുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സാംസ്കാരിക വകുപ്പ് ഡയറക്ടർ മുഖേന നൽകി വരുന്ന കലാകാര പെൻഷൻ 2016 സെപ്റ്റംബർ മാസം വരെ മുടക്കം കൂടാതെ നൽകിയിട്ടുണ്ട്.

(ബി) 2016-17 സാമ്പത്തിക വർഷത്തിലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ ബഹു. ധനകാര്യ മന്ത്രി പടയണി, തെയ്യം, മേള പ്രമാണിമാർ തുടങ്ങിയ കലാകാരന്മാർക്ക് കലാകാര പെൻഷൻ അനുവദിക്കുന്നതാണ് എന്ന് പ്രഖ്യാപിച്ചിരുന്നു. നിലവിലെ ചട്ടത്തിൽ ഉൾപ്പെട്ടിട്ടില്ലാത്ത മേള പ്രമാണിമാർക്ക് കാലാകാര പെൻഷൻ അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിച്ച് വരികയാണ്.

**മിനി തിയേറ്ററുകൾ**

78 (1890) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമങ്ങളിൽ നല്ല സിനിമയുടെ പ്രദർശനത്തിനായി ചലച്ചിത്ര വികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ മിനി തീയേറ്ററുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഏതെങ്കിലും സ്ഥലങ്ങളിൽ ഇപ്രകാരം മിനി തിയേറ്ററുകൾ നിർമ്മിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയൊക്കെ;

(സി) ഇതിനായി ഗ്രാമങ്ങൾ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ് എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഗ്രാമപ്രദേശങ്ങളിലടക്കം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തീയേറ്റർ സമുച്ചയം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമാക്കുന്ന യിടങ്ങളിൽ തീയേറ്റർ നിർമ്മിക്കുന്ന പദ്ധതി കേരള ചലചിത്ര വികസന കോർപ്പറേഷന്റെ പരിഗണനയിലുണ്ട്.

(ബി) സ്ഥല ലഭ്യത പരിശോധിച്ചുവരുന്നു.

(സി) സിനിമാ തിയേറ്റർ നടത്തിപ്പിന് അനുയോജ്യമായ എല്ലാ പ്രദേശങ്ങളും വിശദമായ സ്ഥല പരിശോധനയ്ക്കുശേഷം പരിഗണിക്കുന്നതാണ്.

## സാംസ്കാരിക ക്ഷേമനിധി

79(1891) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാംസ്കാരിക ക്ഷേമനിധിയിൽ ഏതൊക്കെ വിഭാഗത്തിൽപ്പെട്ടവരാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പന്തൽ അലങ്കാര ജോലി ചെയ്യുന്ന വിഭാഗങ്ങളെ ക്ഷേമനിധിയിൽ ഉൾപ്പെടുത്തിയിട്ടും ഇവരിൽനിന്നും ക്ഷേമനിധിയിലേക്കുള്ള വിഹിതം സ്വീകരിക്കാൻ വൈകുന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്ടിലെ 2 (ഡി) നിർവചനങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള കലാ സാംസ്കാരിക പ്രവർത്തകരാണ് ക്ഷേമനിധിയുടെ പരിധിയിൽ വരുന്നത്. ടി നിർവചനങ്ങൾ പ്രകാരം സാംസ്കാരിക പ്രവർത്തകൻ എന്നാൽ സിനിമ, ഇലക്ട്രോണിക് മാധ്യമം, കേബിളും കേബിൾ ശൃംഖലയിലും, നാടകം, സംഗീതം, കഥകളി, ഗാനമേള, അനുകരണകല, സാഹിത്യം, ചിത്രരചന, ശില്പകല, നാടൻ കലകൾ, അനുഷ്ഠാന കലകൾ, സെമി ക്ലാസ്സിക്കൽ കലകൾ, നാടൻ പാട്ടുകൾ, മേക്കപ്പ്, വാദ്യ കലകൾ, മാജിക്, സർക്കസ്, മാർഗ്ഗംകളി, ചവിട്ടു നാടകം, കാർട്ടൂൺ, കഥാ പ്രസംഗം, പുരാണ പാരായണം, ബൈബിൾ പാരായണം, ഖുറാൻ പാരായണം, മാപ്പിള കലകൾ, പന്തൽ അലങ്കാരം, ശബ്ദവുംവെളിച്ചവും, വസ്ത്രരൂപകല്പന, പരസ്യകല, പെയിന്റിംഗ്, കോംപിയറിംഗ്, ഫോട്ടോഗ്രാഫി എന്നീ മേഖലകളിലെ ഏതെങ്കിലും പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഏതൊരാളും അല്ലെങ്കിൽ സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ഗ്രന്ഥശാലകളിൽ ലൈബ്രേറിയൻ ആയി പ്രവർത്തിക്കുന്ന ഏതൊരാളും അല്ലെങ്കിൽ തന്റെ ഉപജീവനത്തിനായി അങ്ങനെയുള്ള മറ്റേതെങ്കിലും രൂപത്തിലുള്ള കല, സാഹിത്യം, സംസ്കാരം, സാംസ്കാരിക പ്രഭാഷണം അതുപോലെയുള്ള മറ്റു പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഏതൊരാളും അല്ലെങ്കിൽ ഈ ആക്ടിന്റെ ആവശ്യത്തിലേയ്ക്കായി വിജ്ഞാപനംമൂലം സർക്കാർ പ്രഖ്യാപിക്കുന്ന അങ്ങനെയുള്ള മറ്റ് പ്രവർത്തനങ്ങൾ എന്നിവയിൽ ഏർപ്പെട്ടിരിക്കുന്നതോ ഏർപ്പെട്ടിരുന്നവരോ ആയ ഏതൊരാളും എന്നർത്ഥമാകുന്നു.

(ബി) കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്ടിൽ 7-ാം വകുപ്പിലെ രണ്ടാം ക്ലിപ്ത നിബന്ധന പ്രകാരം അംഗത്വത്തിനായി അപേക്ഷ നൽകുന്ന സാംസ്കാരിക പ്രവർത്തകൻ ആക്ടിന്റെ പരിധിയിൽപ്പെടുന്ന സാംസ്കാരിക പ്രവർത്തകനാണെന്നുള്ളതിന് ബന്ധപ്പെട്ട അക്കാഡമിയിൽ നിന്നോ ട്രേഡ് ബോഡിയിൽ നിന്നോ സർക്കാർ അംഗീകരിച്ചിട്ടുള്ള മറ്റേതെങ്കിലും സ്ഥാപനത്തിൽ നിന്നോ ഒരു ശിപാർശ സർട്ടിഫിക്കറ്റ് കൂടി ഹാജരാക്കേണ്ടതാണ്. ഇത്തരം ശിപാർശകളില്ലാതെയാണ് പന്തൽ അലങ്കാര മേഖലയിൽ നിന്നും അപേക്ഷകൾ ലഭിച്ചിട്ടുള്ളത്. സാംസ്കാരിക പ്രവർത്തകൻ ആണെന്നുള്ള ശിപാർശക്കായി അപേക്ഷകൾ സംഗീത നാടക അക്കാഡമിക്ക് അയച്ചിരുന്നുവെങ്കിലും ടി സ്ഥാപനം ശിപാർശയില്ലാതെ മടക്കി അയച്ചിരിക്കുകയാണ്. അതിനാൽ, കലാസാംസ്കാരിക പ്രവർത്തകൻ എന്ന ശിപാർശയുടെ അഭാവത്തിൽ ടി അപേക്ഷകർക്ക് ഇതുവരെ ക്ഷേമനിധിയിൽ അംഗത്വം നല്കിയിട്ടില്ല.

**വനം വകുപ്പ് ആസ്ഥാനത്തെ ഉദ്യോഗസ്ഥർ**

80 (1892) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പ് ആസ്ഥാനത്ത് നിലവിൽ എത്ര ഐ.എഫ്.എസ്. ഉദ്യോഗസ്ഥർ ജോലിചെയ്യുന്നുണ്ട്; ഇവരിൽ എത്രപേർ വിജിലൻസ്, വകുപ്പുതല അന്വേഷണം നേരിടുന്നുണ്ട്; പ്രസ്തുത ഉദ്യോഗസ്ഥരുടെ പേര്, നിലവിലെ തസ്തിക എന്നീ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) മുൻകാലങ്ങളിൽ വിവിധതരം അന്വേഷണങ്ങൾ നേരിട്ട നോൺ ഐ. എഫ്. എസ്. കേഡറിലുള്ള എത്ര ഉദ്യോഗസ്ഥർ വനം വകുപ്പ് ആസ്ഥാനത്ത് ജോലി ചെയ്യുന്നുണ്ട്; ഇവരുടെ പേര്, തസ്തിക എന്നിവയുടെ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) വനം വകുപ്പ് ആസ്ഥാനത്ത് 14 ഐ.എഫ്.എസ് ഉദ്യോഗസ്ഥർ ജോലി ചെയ്യുന്നുണ്ട്. കൂടാതെ വനം വകുപ്പ് ആസ്ഥാനത്തിന് വെളിയിൽ ലാവണമുള്ള 3 ഐ.എഫ്.എസ് ഉദ്യോഗസ്ഥർ വകുപ്പാസ്ഥാനത്തെ 3 തസ്തികകളിൽ പൂർണ്ണ അധിക ചുമതലയിൽ സേവനം അനുഷ്ഠിക്കുന്നുണ്ട്. ഇവരിൽ രണ്ട് ഐ.എഫ്.എസ് ഉദ്യോഗസ്ഥർ വിജിലൻസ് കേസ് നേരിടുന്നുണ്ട്.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ (ബയോഡൈവേഴ്സിറ്റി സെൽ) പൂർണ്ണ അധിക ചുമതല വഹിക്കുന്ന ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, ഡോ. അമിത് മല്ലിക് ആണ് വിജിലൻസ് കേസ് നേരിടുന്ന ഒരു ഐ.എഫ്.എസ്. ഉദ്യോഗസ്ഥൻ.

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വർക്കിംഗ് പ്ലാൻ & റിസർച്ച്) തസ്തികയുടെ പൂർണ്ണ അധിക ചുമതല വഹിക്കുന്ന അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, ശ്രീ. എസ്. ഗോപാലകൃഷ്ണൻ ആണ് വിജിലൻസ് കേസ് നേരിടുന്ന രണ്ടാമത്തെ ഐ.എഫ്.എസ്. ഉദ്യോഗസ്ഥൻ.

(ബി) വിശദാംശം ചുവടെ ചേർക്കുന്നു.

| പേര് | തസ്തിക |
|---|---|
| ശ്രീ. എൻ. ടി. സാജൻ | ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ (SF) |
| ശ്രീ. ഡി. രതീഷ് | ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ (IHRD) |
| ശ്രീ. എം. ഉണ്ണികൃഷ്ണൻ | ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ (E &TW) |
| ശ്രീ. എസ്. വിനോദ് | ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ (E &TW) |
| ശ്രീ. കെ. ഐ. പ്രദീപ് കുമാർ | ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ (WL) |

## വനം വകുപ്പ് ആസ്ഥാനത്ത് വർക്കിംഗ് അറേഞ്ച്മെന്റിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർ

81(1893) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പ് ആസ്ഥാനത്ത് വർക്കിംഗ് അറേഞ്ച്മെന്റിൽ എത്ര ഉദ്യോഗസ്ഥർ ജോലി ചെയ്യുന്നുണ്ട്;

(ബി) ഈ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ പേര്, തസ്തിക, ലീൻ നിലനിൽക്കുന്ന ഓഫീസ് എന്നീ തരത്തിൽ ലഭ്യമാക്കുമോ;

(സി) വർക്കിംഗ് അറേഞ്ച്മെൻറിൽ വനം വകുപ്പ് ആസ്ഥാനത്ത് ജോലി ചെയ്യുന്നവരെ തിരികെ അയയ്ക്കാൻ തീരുമാനിച്ചിട്ടുണ്ടോ?

ഉത്തരം

(എ) വനം വകുപ്പ് ആസ്ഥാനത്ത് വർക്കിംഗ് അറേഞ്ച്മെന്റിൽ 8 ഉദ്യോഗസ്ഥർ ജോലി ചെയ്തുവരുന്നു.

(ബി) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) നിലവിൽ ഈ ഉദ്യോഗസ്ഥരെ തിരികെ അയയ്ക്കാൻ തീരുമാനം എടുത്തിട്ടില്ല.

**വനം ഔഷധ സസ്യങ്ങൾ കണ്ടൽക്കാടുകൾ എന്നിവയുടെ പരിപാലനം**

82 (1894) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നശിപ്പിക്കപ്പെട്ട വനത്തിനുപകരം വനം വച്ച് പിടിപ്പിക്കുന്നതിനായി പദ്ധതിയുണ്ടോ; വിശദമാക്കുമോ;

(ബി) ഔഷധ സസ്യങ്ങൾ ഉൾപ്പെടെയുള്ള തടി ഇതര വന ഉൽപ്പന്നങ്ങളുടെ വികസനത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ;

(സി) കണ്ടൽ കാടുകളെ നാശത്തിൽനിന്നും സംരക്ഷിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നാശോൻമുഖമായ വനങ്ങളെ പുനരുൽപ്പാദനം നടത്തുന്നതിനുള്ള പദ്ധതി (Regeneration of Denuded Forests) യാണ് നിലവിലുള്ളത്. നാശോൻമുഖമായ വനങ്ങൾ മെച്ചപ്പെടുത്തുന്ന പദ്ധതി നടപ്പിലാക്കുന്നതിന് 100.00 ലക്ഷം രൂപയാണ് തൻവർഷം ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. 600 ഹെക്ടർ പ്രദേശത്ത് നാശോൻമുഖമായ വനങ്ങൾ മെച്ചപ്പെടുത്തുകയും മുൻ വർഷങ്ങളിൽ വച്ച് പിടിപ്പിച്ചിട്ടുള്ള 3000 ഹെക്ടർ പ്രദേശത്തെ തൈകൾ സംരക്ഷിക്കുന്നതിനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. മുൻകാലങ്ങളിൽ വിവിധ പദ്ധതികളിൽപ്പെടുത്തി നാശോൻമുഖമായ വനങ്ങളിൽ പുനരുൽപ്പാദനത്തിന് നടപടി സ്വീകരിച്ചിട്ടുണ്ട്. വനസംരക്ഷണ സമിതികളെ ഈ പ്രവർത്തികൾക്ക് പങ്കാളികളാക്കുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഔഷധസസ്യങ്ങൾ ഉൾപ്പെടെയുള്ള തടി ഇതര വനഉൽപ്പന്നങ്ങളുടെ വികസനത്തിന് 195.00 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. തടിയിതര വനഉൽപ്പന്നങ്ങളായ ഈറ, മുള, ഔഷധസസ്യങ്ങൾ മുതലായവ നട്ട് വളർത്തുകയും പരിപാലിക്കുകയുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. വനസംരക്ഷണ സമിതിയുടെയും ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളുടെയും സഹകരണത്തോടുകൂടി ആദിവാസികൾക്ക് ശാസ്ത്രീയമായ വന വിഭവ ശേഖരണവും സംസ്കരണവും നടത്തുന്നതിനുള്ള പരിശീലനം, ഔഷധസസ്യങ്ങൾ വളരുന്ന പ്രദേശങ്ങൾ സംരക്ഷിക്കൽ, തടിയിതര വനവിഭവ തോട്ടങ്ങൾ പരിപാലിക്കൽ എന്നിവ വിഭാവന ചെയ്ത് തുടർ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ഈ വർഷം 275 ഹെക്ടർ പ്രദേശത്ത് പുതുതായി തടിയിതര വനവിഭവങ്ങളും ഔഷധസസ്യങ്ങളും വച്ചുപിടിപ്പിക്കുന്നതിനും മുൻവർഷങ്ങളിൽ വച്ചു പിടിപ്പിച്ച 1250 ഹെക്ടർ പ്രദേശത്തെ തോട്ടങ്ങൾ പരിപാലിക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു.

(സി) കണ്ടൽക്കാടുകളെ സംരക്ഷിക്കുന്നതിനായി നിലവിൽ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ഇതിൽ പ്രധാനമായി കണ്ടൽക്കാടുകൾ സംരക്ഷിക്കുന്ന സ്ഥല ഉടമസ്ഥർക്ക് പ്രോത്സാഹനമെന്ന നിലയ്ക്ക് ഒരു ഏക്കറിന് 4000 രൂപ എന്ന തോതിൽ ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. കണ്ടൽപ്രദേശങ്ങളിൽ പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തിവരുന്നുണ്ട്. അനുയോജ്യമായ സ്ഥലങ്ങളിൽ കണ്ടൽതൈകൾ വച്ചുപിടിപ്പിക്കുന്നുണ്ട്. കണ്ടൽക്കാടുകളിൽ അടിഞ്ഞുകൂടുന്നതും അവയുടെ നിലിൽപ്പിന് ഭീഷണി സൃഷ്ടിക്കുന്നതുമായ ഖരമാലിന്യങ്ങളുടെ നിർമാർജ്ജന പ്രവർത്തനങ്ങളും നടപ്പാക്കിവരുന്നു. കൂടാതെ കണ്ടൽക്കാടുകളുടെ നശീകരണം തടയുന്നതിന് സർക്കാർ ഉടമസ്ഥതയിലുള്ള കണ്ടൽക്കാടുകളെ റിസർവ് വനമാക്കി സംരക്ഷിച്ചുവരുന്നുണ്ട്.

**ഭൂമി വിട്ടുകിട്ടാൻ നടപടി**

83 (1895) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിലകൊടുത്തു വാങ്ങിയ ഭൂമി വനം വകുപ്പിൽനിന്നും വിട്ടുകിട്ടണമെന്ന് ആവശ്യപ്പെട്ട് ശ്രീ. തോമസ് വള്ളിക്കാട്ടിൽ, കുരോട്ടുപാറ എന്നയാളുടെ അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഭൂമി വിട്ടുനൽകുന്നതിന് എന്തു തടസ്സങ്ങളാണുള്ളതെന്ന് വിശദമാക്കാമോ;

(സി) തടസ്സങ്ങൾ ഒഴിവാക്കി അർഹമായ ഭൂമി വിട്ടുനൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശ്രീ. വള്ളിക്കാട്ടിൽ തോമസ് എന്നയാൾ അവകാശവാദം ഉന്നയിക്കുന്ന സ്ഥലം താമരശ്ശേരി റെയ്ഞ്ചിൽ എടത്തറ സെക്ഷനിൽ മീൻമുട്ടി ബീറ്റിൽപ്പെട്ടതും വി.എഫ്.സി. ഐറ്റം നമ്പർ 125-ൽ കോടഞ്ചേരി വില്ലേജിൽ റി.സ.15/1 ൽപ്പെട്ടതുമായ വനഭൂമിയാണ്. ടി സ്ഥലം 10-5-1971 മുതൽ കേരള പ്രൈവറ്റ് ഫോറസ്റ്റ് (വെസ്റ്റിംഗ് & അസൈൻമെന്റ്) ആക്ട് 1971 സെക്ഷൻ 3 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായതും സർവ്വേ ഡീമാർക്കേഷൻ കഴിഞ്ഞ് ജണ്ട കെട്ടി സംരക്ഷിച്ചു വരുന്നതുമായ വനഭൂമിയാണ്.

(സി) മേൽ സ്ഥലം സർക്കാർ ഉടമസ്ഥതയിലുള്ള വനഭൂമി ആയതിനാൽ അപേക്ഷകന് വിട്ടു നൽകാൻ നിർവ്വാഹമില്ല.

**പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ**

84 (1896) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ അനുവദിക്കുന്നത് സംബന്ധിച്ച് തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) കോങ്ങാട് മണ്ഡലത്തിൽനിന്നും ഇക്കാര്യത്തിൽ ലഭിച്ച അപേക്ഷ പരിഗണിച്ച് ഫോറസ്റ്റ് സ്റ്റേഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ അനുവദിക്കുന്നത് സംബന്ധിച്ച് തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ബി) കരിമ്പ ഗ്രാമപഞ്ചായത്തിലെ ഇടകുർശ്ശി കേന്ദ്രീകരിച്ച് ഒരു ഫോറസ്റ്റ് സ്റ്റേഷൻ അനുവദിച്ച് നൽകണമെന്ന് കോങ്ങാട് എം.എൽ.എ. അപേക്ഷിച്ചിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

**ദേശീയ വനവൽക്കരണ പദ്ധതി**

85 (1897) ശ്രീ. എം. സ്വരാജ് :

ശ്രീ. ആർ. രാജേഷ് :

പ്രൊഫ. കെ. യു. അരുണൻ :

ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയ വനവൽക്കരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ദേശീയ വനവൽക്കരണ പദ്ധതിയിൻകീഴിൽ ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ദേശീയ വനവൽക്കരണപദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2002-03 സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്ത് ഈ പദ്ധതി നടപ്പാക്കി വരുന്നു.

(ബി) ഇൻഡ്യയിലെ പ്രക്ഷീണ വനങ്ങളെ പരിപോഷിപ്പിക്കുക എന്ന ലക്ഷ്യം വച്ചുകൊണ്ട് വിഭാവന ചെയ്തിട്ടുള്ള പദ്ധതിയാണിത്. പങ്കാളിത്ത വന പരിപാലന പദ്ധതിയുടെ ഭാഗമായാണ് ഈ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിവരുന്നത്. ഫോറസ്റ്റ് ഡവലപ്പ്മെന്റ് ഏജൻസികൾക്കു കീഴിൽ വരുന്ന പങ്കാളിത്ത വനപരിപാലന സ്ഥാപനങ്ങളായ വന സംരക്ഷണ സമിതികൾ, ഇക്കോ-ഡെവലപ്പ്മെന്റ് കമ്മിറ്റികൾ എന്നിവ വഴിയാണ് കേരളത്തിൽ ഈ പദ്ധതി നടപ്പാക്കി വരുന്നത്. പങ്കാളിത്ത വന പരിപാലനവും അതുവഴി ആദിവാസികൾ ഉൾപ്പെടെയുള്ള വനാശ്രിത സമൂഹത്തിന്റെ ജീവനോപാധി വർദ്ധനവുമാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിന്റെ പ്രധാന ലക്ഷ്യങ്ങൾ താഴെപ്പറയുന്നു:

1. വനങ്ങളുടെ സുസ്ഥിര പരിപാലനം.
2. രാജ്യത്തെ വനവിസ്തൃതി വർദ്ധിപ്പിക്കൽ.
3. വനാശ്രിത സമൂഹത്തിന്റെ ജീവനോപാധി മെച്ചപ്പെടുത്തൽ.

(സി) ദേശീയ വനവൽക്കരണ പദ്ധതിയിൻ കീഴിൽ നടപ്പിലാക്കുന്ന വിവിധ വനവൽക്കരണ പ്രവർത്തനങ്ങൾ താഴെപ്പറയുന്നു.

1. വനങ്ങളുടെ സ്വാഭാവിക പുനരുജ്ജീവനത്തെ സഹായിക്കൽ ([ Assisted Natural Regeneration [ANR])
2. കൃത്രിമ വനവൽക്കരണം ([Artificial Regeneration (AR])
3. മുളംകാടുകളുടെ പുനരുജ്ജീവനം ([Restoration of Bamboo])
4. ചൂരൽ കാടുകളുടെ പുനരുജ്ജീവനം ([Restoration of Cane])
5. മേച്ചിൽപ്പുറം വികസനം ([Pasture Development (PD)])
6. തടിയിതര മൂല്യമുള്ളതും ഔഷധ ഗുണമുള്ളതുമായ വൃക്ഷങ്ങളെ നട്ടുവളർത്തൽ (Mixed Plantation of Trees having MFP and Medicinal Value)
7. ബഹുവർഷി ഔഷധ സസ്യ പുനരുജ്ജീവനം (Regeneration of Perennial Herbs & Shrubs ofMedicinal Plants).

ഈ പ്രവർത്തനങ്ങളോടൊപ്പം മണ്ണ്-ജല സംരക്ഷണം, വനാശ്രിത സമൂഹത്തിൽ, വനത്തെയും വന സംരക്ഷണ പരിപാലന പ്രവർത്തനങ്ങളെയും വനശോഷണത്തെയും വനാശ്രിതത്വം കുറയ്ക്കുന്നതിന്റെ പ്രാധാന്യത്തെയും സംബന്ധിച്ച് അവബോധം സൃഷ്ടിക്കാനുള്ള പരിപാടികൾ സംഘടിപ്പിക്കൽ തുടങ്ങിയവ ദേശീയ വനവൽക്കരണ പരിപാടിവഴി നടപ്പാക്കുന്നു. ദേശീയ വനവൽക്കരണ പദ്ധതി നടപ്പാക്കുന്നതിലൂടെ സ്കൂൾ, കമ്മ്യൂണിറ്റി ഹാൾ, അംഗൻവാടി, ഗതാഗത സൗകര്യങ്ങൾ തുടങ്ങിയ സാമൂഹിക ആസ്തികൾ ഉണ്ടാക്കുന്നതിനുള്ള ധന സഹായവും ദേശീയ വനവൽക്കരണ പരിപാടിയുടെ എൻട്രി പോയിന്റ് ആക്ടിവിറ്റി (EPA) വഴി വനാശ്രിത സമൂഹത്തിന് ലഭിക്കുന്ന മറ്റൊരു പ്രധാന നേട്ടമാണ്.

**തേക്ക് പ്ലാന്റേഷനുകൾ**

86 (1898) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിലവിൽ ഏതൊക്കെ സ്ഥലങ്ങളിൽ തേക്ക് പ്ലാന്റേഷനുകൾ ഉണ്ട്; വിശദമാക്കുമോ;

(ബി) വളർച്ച എത്തി മുറിക്കാൻ പാകമായ തേക്ക് പ്ലാന്റേഷനുകൾ എത്രയെണ്ണം കേരളത്തിൽ നിലവിൽ ഉണ്ടെന്നും ഇത് എവിടെയൊക്കെയെന്നും വിശദമാക്കുമോ;

(സി) ഈ കൂപ്പുകൾ മുറിയ്ക്കുന്നതിനായി ടെണ്ടർ നടപടികൾ ആയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) വളർച്ചയെത്തിയ കൂപ്പുകളിലെ എത്ര തേക്ക് വീതം മുറിക്കുവാൻ പാകമായിട്ടുണ്ടെന്ന് ഓരോസ്ഥലത്തെയും എണ്ണം കണക്കാക്കി വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കേരളത്തിൽ നിലവിൽ വനം വകുപ്പിന്റെ കീഴിൽ താഴെപ്പറയുന്ന ഡിവിഷനുകളിലാണ് തേക്ക് പ്ലാന്റേഷനുകൾ ഉള്ളത്.

<u>ടെറിറ്റോറിയൽ ഡിവിഷൻ</u>: തിരുവനന്തപുരം തെന്മല, പുനലൂർ, അച്ചൻകോവിൽ, റാന്നി, കോന്നി, കോട്ടയം, മൂന്നാർ, കോതമംഗലം, മലയാറ്റൂർ, വാഴച്ചാൽ, ചാലക്കുടി, തൃശ്ശൂർ, നെന്മാറ, പാലക്കാട്, മണ്ണാർക്കാട്, നിലമ്പൂർ സൗത്ത്, നിലമ്പൂർ നോർത്ത്, കോഴിക്കോട്, വയനാട് സൗത്ത്, വയനാട് നോർത്ത്, കണ്ണൂർ, കാസർഗോഡ്.

<u>വൈൽഡ് ലൈഫ് ഡിവിഷൻ</u>:- തിരുവനന്തപുരം, പീച്ചി, പറമ്പിക്കുളം, സൈലന്റ് വാലി, വയനാട്, ആറളം.

<u>സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ</u>:- എൻ.എസ്.സി. കാലടി

<u>ടിമ്പർ സെയിൽസ് ഡിവിഷൻ</u>:- പെരുമ്പാവൂർ

(ബി) വളർച്ച എത്തി മുറിക്കാൻ പാകമായ 122 തേക്ക് പ്ലാന്റേഷനുകളാണ് നിലവിൽ കേരളത്തിലുള്ളത്. ഇവ എവിടെയൊക്കെയെന്നത് സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഹൈറേഞ്ച് സർക്കിളിനു കീഴിൽ കോട്ടയം ഡിവിഷനിലെ 1950-കാളകെട്ടി, 1951-കാളകെട്ടി എന്നീ തേക്ക് തോട്ടങ്ങൾ മുറിക്കുന്നതിനും ഈസ്റ്റേൺ സർക്കിളിലേയും സെൻട്രൽ, നോർത്തേൺ സർക്കിളിലേയും കൂപ്പുകൾ മുറിക്കുന്നതിനായുള്ള ടെൻഡർ നടപടികൾ സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സതേൺ സർക്കിളിന്റെ കീഴിൽ റാന്നി, കോന്നി, പുനലൂർ ഡിവിഷനുകളിൽ അന്തിമ വെട്ടിനുള്ള ടെൻഡർ നിലവിലില്ല. തെന്മല, അച്ചൻകോവിൽ ഡിവിഷനുകളിൽ കൂപ്പുകൾ വകുപ്പുതലത്തിൽ കൺവീനർ വ്യവസ്ഥയിൽ പൂർത്തിയാക്കാനുള്ള അനുവാദം കൊടുത്തിട്ടുണ്ട്. തിരുവനന്തപുരം ഡിവിഷനിൽ കൂപ്പുകൾ മുറിക്കുന്നതിനായുള്ള ടെൻഡർ നടപടികളുടെ പ്രാരംഭപ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

(ഡി) ഹൈറേഞ്ച് സർക്കിളിനു കീഴിൽ കോട്ടയം ഡിവിഷനിൽ 2 തേക്ക് തോട്ടങ്ങളിൽനിന്ന് മുറിക്കുവാൻ പാകമായ തേക്ക് മരങ്ങളുടെ എണ്ണം 3,746 ആണ്.

ഈസ്റ്റേൺ സർക്കിളിലെ നെന്മാറ ഡിവിഷനിലെ തിരുവാഴിയോട്, മണ്ണാർക്കാട് ഡിവിഷനിലെ പൊട്ടിക്കൽ, പാണക്കാടൻ പാലക്കാട് ഡിവഷനിലെ ഒലവക്കോട്, എലിവാൽ എന്നീ പ്ലാന്റേഷനുകളിൽ നിന്നായി 4,920 മരങ്ങൾ മുറിക്കുവാനുണ്ട്. അവശേഷിക്കുന്ന തോട്ടങ്ങളിലെ മരങ്ങൾ വർക്കിംഗ് പ്ലാൻ അനുസരിച്ച് മാർക്ക് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

നോർത്തേൺ സർക്കിളിലെ കാസർഗോഡ് ഡിവിഷനിലെ 1956 പരപ്പ തേക്ക് തോട്ടത്തിൽ നിന്ന് 5,782 തേക്ക് മരങ്ങൾ മുറിക്കാൻ പാകമായിട്ടുണ്ട്.

സെൻട്രൽ സർക്കിളിലെ വിവിധ ഡിവിഷനുകളിലെ മുറിക്കുവാനുള്ള തേക്കുകളുടെ എണ്ണം തിട്ടപ്പെടുത്തിവരുന്നു.

സതേൺ സർക്കിളിലെ റാന്നി ഡിവിഷനിൽ 6 കൂപ്പുകളിലായി പൂർണ്ണ വളർച്ചയെത്തിയ 62,000 തേക്കുകൾ മുറിക്കുവാൻ പാകമായിട്ടുണ്ട്. കോന്നി ഡിവിഷനിലെ കോന്നി, നടുവത്തുമൂഴി റെയിഞ്ചുകളിലായി 8,531 മരങ്ങൾ മുറിക്കാൻ പാകത്തിലുണ്ട്.

തെന്മല ഡിവിഷനിൽ നിന്നും 9,00 മരങ്ങളും, അച്ചൻകോവിൽ ഡിവിഷനിൽ നിന്നും 18,232 മരങ്ങളും മുറിക്കാൻ പാകമായിട്ടുണ്ട്. പുനലൂർ, തിരുവനന്തപുരം ഡിവിഷനുകളിലെ എന്യൂമറേഷൻ, മാർക്കിംഗ് ജോലികൾ നടന്നു കൊണ്ടിരിക്കുന്നു.

## വനങ്ങളുടെ വികസനം

87 (1899) <u>ശ്രീ. സണ്ണി ജോസഫ് :</u>

<u>ശ്രീ. അൻവർ സാദത്ത് :</u>

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :</u>

<u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള വനങ്ങളുടെ വികസനത്തിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്യാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ബി) ഇതിനായി നിലവിലുള്ള പദ്ധതികൾ തുടരാനും അവ കൂടുതൽ ശക്തിപ്പെടുത്തുവാനും തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാം;

(സി) പുതിയ വനങ്ങൾ വികസിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്യാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

ഉത്തരം

(എ) വനം വകുപ്പിന്റെ എല്ലാ കർമ്മ പദ്ധതികളും നേരിട്ടോ പരോക്ഷമായോ വനങ്ങളുടെ വികസനം, വന സംരക്ഷണവും പരിസ്ഥിതി സംരക്ഷണവും ലക്ഷ്യംവച്ച് ആവിഷ്കരിച്ചിട്ടുള്ളതാണ്. തൻവർഷം ആസൂത്രണം ചെയ്തിട്ടുള്ള കർമ്മ പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. വന സംരക്ഷണം (വനം അതിർത്തി സർവ്വേയും വനം സംരക്ഷണവും)
2. നാശോന്മുഖമായ വനപ്രദേശങ്ങളിൽ വനം വച്ചുപിടിപ്പിക്കലും ഔഷധ സസ്യ പരിപാലനവും
3. തോട്ടങ്ങളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കൽ
4. അടിസ്ഥാന സൗകര്യ വികസനം
5. ജൈവവൈവിദ്ധ്യ സംരക്ഷണവും സംരക്ഷിത പ്രദേശ പരിപാലനവും
6. പരിസ്ഥിതി വികസന പരിപാടി
7. ദേശീയ വനവത്ക്കരണ പരിപാടി ഹരിത ഇന്ത്യയ്ക്കായുള്ള ദേശീയ ദൗത്യം
8. സംയോജിത വനസംരക്ഷണ പദ്ധതി
9. പരിസ്ഥിതി വിനോദസഞ്ചാരം
10. മാനവശേഷി വികസനം
11. വിഭവ ആസൂത്രണവും ഗവേഷണവും
12. വനപരിപാലന വിവര സമ്പ്രദായവും ഭൗമ വിവര സാങ്കേതിക സംവിധാനവും
13. എക്സ്റ്റൻഷൻ കമ്മ്യൂണിറ്റി ഫോറസ്ട്രി, അഗ്രോ ഫോറസ്ട്രി
14. ഗ്രാമീണ അടിസ്ഥാന വികസനം.
15. മനുഷ്യനും വന്യ മൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ

16. നീലഗിരി ബയോസ്പിയർ റിസർവ്

17. പ്രോജക്റ്റ് എലിഫന്റ്

18. അഗസ്ത്യമല ബയോസ്പിയർ റിസർവ്

19. നീർത്തടഭൂമി സംരക്ഷണ പദ്ധതി

20. വയനാട് വന്യജീവി സങ്കേതത്തിലെ ആവാസവ്യവസ്ഥയുടെ സംയോജിത വികസനം.

(ബി) നിലവിലുള്ള പദ്ധതികൾ തുടരുന്നതിനും അവ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുള്ളതിനെത്തുടർന്ന് തൻ വർഷത്തിൽ വിവിധ ബഡ്ജറ്റ് ശീർഷകങ്ങളിലായി (പദ്ധതി) തുക വകയിരുത്തി അവ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. വിശദവിവരം ഉത്തരം (എ) യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) വനം വകുപ്പിന്റെ എല്ലാ കർമ്മ പദ്ധതികളും നേരിട്ടോ പരോക്ഷമായോ വനങ്ങളുടെ വികസനം, വന സംരക്ഷണവും പരിസ്ഥിതി സംരക്ഷണവും ലക്ഷ്യം വച്ച് ആവിഷ്കരിച്ചിട്ടുള്ളതാണ്. വനങ്ങളുടെ സംരക്ഷണത്തിനായി ആധുനിക ഉപകരണങ്ങൾ വാങ്ങുക, നിലവിലുള്ള ഫോറസ്റ്റ് സ്റ്റേഷനുകളുടെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുക, മാതൃകാ ഫോറസ്റ്റ് സ്റ്റേഷനുകളുടെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുക, മാതൃകാ ഫോറസ്റ്റ് സ്റ്റേഷനുകൾ നിർമ്മിക്കുക, വാർത്താ വിനിമയ പശ്ചാത്തല സൗകര്യങ്ങൾ ഏർപ്പെടുത്തുക, ജീവനക്കാർക്ക് ആധുനിക രീതിയിലുള്ള പരിശീലനം നൽകുക വഴി വനങ്ങളുടെ പരിപാലനം യന്ത്രവത്കരിക്കുക തുടങ്ങിയ പ്രധാന പദ്ധതികൾ ആസൂത്രണം ചെയ്യാൻ ഉദ്ദേശിക്കുന്നു.

കൂടാതെ വനങ്ങളുടെ സംരക്ഷണത്തിനും വികസനത്തിനുമായി ആസൂത്രണം ചെയ്യാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ ബഹു. ഗവർണർ 24-6-2016-ൽ നിയമസഭയിൽ ചെയ്ത പ്രസംഗത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. അവ ചുവടെ ചേർക്കുന്നു.

1. സാമൂഹ്യ വനവത്ക്കരണത്തിന് പ്രത്യേക ഊന്നൽ, വൃക്ഷങ്ങൾ, ഫലവൃക്ഷങ്ങൾ, ഔഷധ ചെടികൾ എന്നിവയുടെ നടീൽ പ്രോൽസാഹിപ്പിക്കൽ.

2. സ്വകാര്യഭൂമിയിൽ വൃക്ഷതൈ വച്ചുപിടിപ്പിക്കുന്നതിന് പ്രോൽസാഹനം നൽകുന്ന പദ്ധതി.

3. ഇക്കോട്ടൂറിസവുമായി ബന്ധപ്പെട്ട് വനമേഖലയിലെ സന്ദർശനങ്ങൾ കൊണ്ട് വനമേഖലയിൽ ഉണ്ടാകുന്ന ആഘാതങ്ങളുടെ ശാസ്ത്രീയ പഠനം.

4. അവശേഷിക്കുന്ന വനമേഖലകളിൽക്കൂടി ഫോറസ്റ്റ് സ്റ്റേഷനുകൾ വ്യാപിപ്പിക്കൽ.

5. വനാതിർത്തി വേർതിരിക്കുന്ന പ്രക്രിയ പൂർത്തിയാക്കൽ

6. വനമേഖലയിൽ സ്ഥിരമായ ജാഗ്രത പുലർത്തുന്നതിനും നിരീക്ഷണത്തിനും ക്യാമറകൾ സ്ഥാപിക്കൽ.

7. വനമേഖലയിൽ വാർത്താവിനിമയ ശൃംഖല ശക്തിപ്പെടുത്തൽ

8. വയനാട് ജില്ലയെ കാർബൺ തുലിതമായി മാറ്റുന്നതിനുള്ള പദ്ധതി

9. മനുഷ്യനുംവന്യജീവികളുംതമ്മിലുള്ള സംഘർഷം ലഘൂകരിക്കുന്നതിനുള്ള വനാതിർത്തിയിലൂടെയുള്ള വേലിനിർമ്മാണം. കേരളഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കെ.ഐ.ഐ.എഫ്.ബി.) യുടെ ധനസഹായത്തോടുകൂടി സ്പെഷ്യൽ ഇൻവെസ്റ്റ്മെന്റ്പ്ലാനിൽ (Anti-recession package) നടപ്പാക്കുന്ന പദ്ധതി.

## ഫോറസ്റ്റ് റേഞ്ച് ഓഫീസർമാരുടെ സ്ഥലംമാറ്റം

88 (1900) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വനം വകുപ്പിൽ ഫോറസ്റ്റ് റേഞ്ച് ഓഫീസർമാരെ സ്ഥലം മാറ്റിക്കൊണ്ട് ഉത്തരവ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത തസ്തികയിൽ സ്ഥലംമാറ്റ ഉത്തരവ് നൽകിയിട്ടും ഉത്തരവ് നടപ്പിലാക്കുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(സി) നിലവിൽ പ്രസ്തുത തസ്തികയിൽ സ്ഥലം മാറ്റ ഉത്തരവ് പ്രകാരം വിടുതൽ ചെയ്യാൻ എത്ര പേരുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനം വകുപ്പിൽ ഫോറസ്റ്റ് റേഞ്ച് ഓഫീസർമാരെ സ്ഥലം മാറ്റിക്കൊണ്ട് അഞ്ച് ഉത്തരവുകൾ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| നമ്പർ | ഉത്തരവ് നമ്പർ | തീയതി | സ്ഥലംമാറ്റംചെയ്യപ്പെട്ട ഉദ്യോഗസ്ഥരുടെ എണ്ണം |
|---|---|---|---|
| 1 | D1-1688//16 | 5-7-16 | 41 |
| 2. | D1-1688//16 | 25-7-16 | 9 |
| 3. | D1-1688//16 | 20-8-16 | 5 |
| 4. | D1-1688//16 | 5-9-16 | 1 |
| 5. | D1-1688//16 | 26-9-16 | 2 |

(ബി&സി) മറയൂർ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റിലെ റേഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ. വി. പി. ബാബുരാജനെ കോതമംഗലം റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസിലേക്ക് സ്ഥലം മാറ്റിയെങ്കിലും, ടിയാന്റെ ചുമതലയിലുള്ള റെയ്ഞ്ചിന്റെ ഗൗരവം കണക്കിലെടുത്തും ടിയാൻ മറ്റൊരു റെയ്ഞ്ചിന്റെ അധിക ചുമതല കൂടി വഹിക്കുന്നുവെന്ന വസ്തുത പരിഗണിച്ചും ഭരണപരമായ കാരണങ്ങളാൽ ടിയാനെ യഥാസമയം വിടുതൽ ചെയ്യുവാൻ കഴിഞ്ഞിട്ടില്ല. ടിയാനെ വിടുതൽ ചെയ്യുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. വിടുതൽ ചെയ്യുന്നതിന് മറ്റാരും ശേഷിക്കുന്നില്ല.

**വനഭൂമിയുടെ സംരക്ഷണം**

89 (1901) ശ്രീ. സി. ദിവാകരൻ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാഭാവിക വനപരിപാലനത്തിന് എന്തൊക്കെ സംരക്ഷണ നടപടികളാണ് കൈക്കൊള്ളുന്നതെന്ന് വിശദമാക്കുമോ;

(ബി) വനാതിർത്തി നിർണ്ണയിക്കുന്നതിനായി സ്ഥാപിക്കപ്പെട്ട ജണ്ടകൾ പരിപാലിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) സ്വകാര്യ ഭൂമിയുമായി അതിർത്തി പങ്കിടുന്ന വനഭൂമിയിൽ കൂടുതൽ ജണ്ടകൾ സ്ഥാപിച്ച് വനഭൂമിയുടെ സംരക്ഷണം ഉറപ്പുവരുത്തുമോ?

ഉത്തരം

(എ) സ്വാഭാവിക വനപരിപാലനത്തിനായി വർക്കിംഗ്/മാനേജ്മെന്റ് പ്ലാൻ നിഷ്കർഷിക്കുന്ന എല്ലാ പ്രവർത്തനങ്ങളും കർശനമായി നടപ്പിലാക്കിവരുന്നു. ആവാസവ്യവസ്ഥ പരിപാലനവുമായി ബന്ധപ്പെട്ട് വൃക്ഷത്തൈകൾ വച്ചു പിടിപ്പിക്കൽ, മണ്ണ്, ജലസംരക്ഷണ പ്രവർത്തനങ്ങൾ (ചെക്കുഡാം നിർമ്മാണം, ഗള്ളി പ്ലഗ്ഗിംഗ്), കളനിർമ്മാർജ്ജനം, കാട്ടുതീയിൽ നിന്നുള്ള സംരക്ഷണ പ്രവർത്തനങ്ങൾ, ദേശീയ ബാംബു മിഷൻ, നാഷണൽ അഫോറസ്റ്റേഷൻ പ്രോഗ്രാം, ഗ്രീൻ ഇന്ത്യാ മിഷൻ തുടങ്ങിയ പദ്ധതികൾ വനം വകുപ്പ് നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ വനം കയ്യേറ്റശ്രമങ്ങൾ യഥാസമയം കണ്ടെത്തി അവ തടയുകയും വനം കയ്യേറ്റം ഉണ്ടായാൽ ആയവ ഉടനടി ഒഴിപ്പിച്ച് കുറ്റക്കാർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. വനഭൂമിയുടെ സംരക്ഷണത്തിനായി വനാതിർത്തി നിർണ്ണയിച്ച് സ്ഥിരം ജണ്ട കെട്ടിയും കയ്യാല സ്ഥാപിച്ചും വനം കയ്യേറ്റത്തിന് സാധ്യതയുള്ള സ്ഥലങ്ങളിൽ നിരന്തരം പട്രോളിംഗ് നടത്തിയും വനപരിപാലനം നടത്തുന്നു.

(ബി) വനാതിർത്തി സർവ്വേ ചെയ്ത് ജണ്ട ഇട്ട് തിരിക്കുന്ന നടപടി കഴിഞ്ഞ മൂന്ന് ദശകങ്ങളായി നടന്നുവരുന്നു. കാലപ്പഴക്കത്താലും മറ്റ് കാരണങ്ങളാലും നശിച്ച ജണ്ടകൾ കണ്ടെത്തി അവയും പുതുക്കിപ്പണിയുകയോ പുനർനിർമ്മിക്കുകയോ ചെയ്തുവരുന്നു.

(സി) സ്വകാര്യ ഭൂമിയുമായി അതിർത്തി പങ്കിടുന്ന വനഭൂമിയിൽ വനാതിർത്തി നിർണ്ണയിച്ച് സ്ഥിരം ജണ്ടകൾ സ്ഥാപിക്കുന്ന നടപടികൾ ഊർജ്ജിതമായി നടപ്പിലാക്കിവരുന്നുണ്ട്.

## വനം വകുപ്പിൽ താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന വാച്ചർമാർ

90 (1902) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനംവകുപ്പിൽ താത്ക്കാലിക അടിസ്ഥാനത്തിൽ ജോലിചെയ്യുന്ന വാച്ചർമാരുടെ എണ്ണം വ്യക്തമാക്കാമോ;

(ബി) ഇവരിൽ 10 വർഷത്തിൽ കൂടുതൽ താത്ക്കാലിക അടിസ്ഥാനത്തിൽ (ദിവസവേതനത്തിൽ) ജോലി ചെയ്യുന്ന വാച്ചർമാരുടെ എണ്ണം എത്ര;

(സി) പത്തു വർഷത്തിൽ കൂടുതൽ ദിവസവേതനത്തിൽ ജോലി ചെയ്തുവരുന്ന താത്ക്കാലിക വാച്ചർമാരെ സ്ഥിരപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വനം വകുപ്പിൽ താൽക്കാലിക അടിസ്ഥാനത്തിൽ 2401 വാച്ചർമാർ ജോലി ചെയ്യുന്നുണ്ട്.

(ബി) 598 വാച്ചർമാർ 10 വർഷത്തിൽ കൂടുതൽ താൽക്കാലിക അടിസ്ഥാനത്തിൽ (ദിവസവേതനത്തിൽ) ജോലി ചെയ്യുന്നുണ്ട്.

(സി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

## പട്ടികവർഗ്ഗ വിഭാഗക്കാർക്കായി വനം-വന്യജീവി വകുപ്പ് നടപ്പിലാക്കുന്ന ക്ഷേമപദ്ധതികൾ

91 (1903) ശ്രീ. വി. ടി. ബൽറാം :
ശ്രീ. പി.ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗക്കാർക്കായി വനം വന്യജീവി വകുപ്പ് ഏതെങ്കിലും ക്ഷേമപദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ബി) വനത്തിൽ താമസിക്കുന്ന പട്ടികവർഗ്ഗവിഭാഗക്കാർക്ക് വനവിഭവങ്ങൾ ശേഖരിക്കുന്നതിന് വനം വന്യജീവി വകുപ്പ് ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) ആദിവാസി ക്ഷേമത്തിനായി വകുപ്പ് വിവിധ കർമ്മ പരിപാടികൾ നടപ്പാക്കിവരുന്നുണ്ട്. ആദിവാസി ഭവനനിർമ്മാണത്തിനായി നിലവിലുള്ള സീനിയറേജ് നിരക്കിന്റെ 25 ശതമാനം നിരക്കിൽ തടിയനുവദിച്ച് നൽകിവരുന്നു. ആദിവാസികൾ ഉൾപ്പെടെയുള്ള പരമ്പരാഗത ഈറ്റ തൊഴിലാളികൾക്ക് വന സംരക്ഷണ സമിതികൾവഴി സൗജന്യമായി ഈറ്റയും മുളയും നൽകിവരുന്നു. കാട്ടിനുള്ളിൽ താമസിക്കുന്ന എല്ലാ ആദിവാസികൾക്കും

പട്ടികജാതിക്കാർക്കും യുണൈറ്റഡ് ഇന്ത്യാ ഇൻഷ്വറൻസുമായി ചേർന്ന് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കി വരുന്നു. വനാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്ന ആദിവാസി സെറ്റിൽമെന്റുകളിൽ സ്കൂൾ, അംഗൻവാടി തുടങ്ങിയ 13 ഇനം അടിസ്ഥാന സൗകര്യ വികസനത്തിനായി 1 ഹെക്ടർ വരെ വനഭൂമി ഓരോ ആവശ്യത്തിനായും ഊരുകൂട്ടങ്ങളുടെ അഭ്യർത്ഥന പ്രകാരം നൽകിവരുന്നു. ആദിവാസി സെറ്റിൽമെന്റുകളിലെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് 2014-15 സാമ്പത്തിക വർഷത്തിൽ ഇക്കോഡെവലപ്മെന്റ് പ്രോഗ്രാമിൽനിന്നും 60 ലക്ഷം രൂപ "ഊരിനുണർവ് കാടിനുണർവ്" പദ്ധതിക്കായി നൽകി. ദേശീയ വനവത്കരണ പരിപാടി, ദേശീയ ഔഷധസസ്യ ബോർഡ്, ബാംബൂ മിഷൻ എന്നിവ വഴിയുള്ള പദ്ധതികളിലെ വനവത്കരണ പരിപാടികൾ ആദിവാസികൾ ഉൾപ്പെടെയുള്ള വനാശ്രിത സമൂഹത്തിലെ അംഗങ്ങളുടെ പങ്കാളിത്തത്തോടെയാണ് നടപ്പാക്കുന്നത്. ഈ പദ്ധതികൾ വഴി കൂടുതൽ തൊഴിലവസരങ്ങളും ക്ഷേമ പ്രവർത്തനങ്ങളും വനാശ്രിത സമൂഹത്തിന് ലഭിക്കുന്നുണ്ട്. അതുപോലെ സംസ്ഥാനപദ്ധതി വിഹിതത്തിലൂടെയും, ടൂറിസം വകുപ്പിന്റെയും ധനസഹായത്തോടെ സംസ്ഥാനത്ത് നടപ്പാക്കുന്ന ഇക്കോ ടൂറിസം പദ്ധതികൾ വഴിയും വനാശ്രിത സമൂഹത്തിലെ യുവതീ-യുവാക്കൾക്ക് ധാരാളം തൊഴിലവസരങ്ങൾ ലഭിക്കുന്നുണ്ട്. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ധനസഹായത്തോടെയുള്ള പദ്ധതികളിലൂടെയുള്ള വികസന പ്രവർത്തനങ്ങൾ വഴിയും കൂടുതൽ തൊഴിലവസരങ്ങളും ക്ഷേമ പ്രവർത്തനങ്ങളും ആദിവാസികൾ ഉൾപ്പെടെയുള്ള വനാശ്രിത സമൂഹത്തിന് ലഭിക്കുന്നുണ്ട്. അതുപോലെ ആദിവാസി ജനവിഭാഗത്തിന്റെ ഉന്നമനവും ജീവനോപാധിയും ലക്ഷ്യമിട്ടുകൊണ്ട് വനം വകുപ്പ് കേരളാ ഹോർട്ടികൾച്ചർ മിഷനുമായി സഹകരിച്ച് കേരളത്തിലെ 8 വനം ഡിവിഷനുകളിലെ 10 സെറ്റിൽമെന്റുകളിലായി ഒരു തേനീച്ച വളർത്തൽ പൈലറ്റ് പദ്ധതിയും സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ്സ് ബോർഡും, നാഷണൽ മിഷൻ ഫോർ മെഡിസിനൽ പ്ലാന്റുമായി സഹകരിച്ച് 9 വനം ഡിവിഷനുകളിലെ 10 സെറ്റിൽമെന്റുകളിലായി ഒരു ഔഷധ സസ്യ കൃഷി പൈലറ്റ് പദ്ധതിയും പ്രാരംഭഘട്ടത്തിലാണ്. തടിയേതര വനവിഭവ ശേഖരണം, സംസ്കരണം, വനശ്രീ ശൃംഖല വഴിയുള്ള വിപണനം എന്നിവ മുഖേന ആദിവാസി സമൂഹത്തിന് ഉത്പന്നങ്ങൾക്ക് ശരിയായവിലയും മൂല്യവർദ്ധനയിലൂടെയുള്ള അധികവരുമാനവും വിപണിയും ഉറപ്പുവരുത്തും.

(ബി) വനത്തിൽ താമസിക്കുന്ന പട്ടികവർഗ്ഗ വിഭാഗക്കാർക്കായി വന വിഭവങ്ങൾ ശേഖരിക്കുന്നതിന് വനം-വന്യജീവി വകുപ്പ് ഒരു തരത്തിലുള്ള നിയന്ത്രണങ്ങളും ഏർപ്പെടുത്തിയിട്ടില്ല.

**സംസ്ഥാനത്തിന്റെ വനഭൂമിയുടെ വിസ്തൃതി**

92 (1904) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വനഭൂമിയുടെ വിസ്തൃതി ഓരോ വർഷം കഴിയുന്തോറും കുറഞ്ഞു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മൊത്തം ഭൂവിസ്തൃതിയുടെ എത്ര ശതമാനം വനമുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ വനഭൂമി രാജ്യത്തെ വനവിസ്തൃതിയുടെ എത്ര ശതമാനം വരുമെന്ന് കണക്കാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; സംസ്ഥാനത്തെ വനഭൂമിയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും വനം കൈയേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വനവിസ്തൃതി കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്തിന്റെ മൊത്തം ഭൂവിസ്തൃതിയുടെ 29.1 ശതമാനം വനമുണ്ട്.

(ബി) സംസ്ഥാനത്തെ വനഭൂമി രാജ്യത്തെ വനവിസ്തൃതിയുടെ 01.479 ശതമാനം വരുമെന്ന് കണക്കാക്കിയിട്ടുണ്ട്. പരിഹാര വനവത്കരണം നടത്തിയ ഭൂമി, കണ്ടൽക്കാടുകൾ, സംരക്ഷണത്തിനായി വനംവകുപ്പിനെ ഏൽപ്പിച്ച ഭൂമി എന്നിവ റിസർവ് വനമാക്കി വിജ്ഞാപനം പുറപ്പെടുവിക്കുന്നതുവഴി വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്. സംസ്ഥാനത്തെ വനം കയ്യേറ്റശ്രമങ്ങൾ യഥാസമയം കണ്ടെത്തി അവ തടയുകയും, വനം കയ്യേറ്റം ഉണ്ടായാൽ ആയവ ഉടനടി ഒഴിപ്പിച്ച് കുറ്റക്കാർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. വനഭൂമിയുടെ സംരക്ഷണത്തിനായി വനാതിർത്തി നിർണ്ണയിച്ച് സ്ഥിരം ജണ്ട കെട്ടിയും, കയ്യാല സ്ഥാപിച്ചും, വനം കയ്യേറ്റത്തിന് സാധ്യതയുള്ള സ്ഥലങ്ങളിൽ നിരന്തരം പട്രോളിംഗ് നടത്തിയും വനസംരക്ഷണം ഉറപ്പാക്കുന്നു. വന സംരക്ഷണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് കൂടുതൽ ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. ജീവനക്കാർക്ക് ആവശ്യമായ ആധുനിക ആയുധങ്ങൾ, വാഹനങ്ങൾ, വാർത്താ വിനിമയ ഉപകരണങ്ങൾ എന്നിവ നൽകി സജ്ജരാക്കിയിട്ടുണ്ട്. റവന്യൂ, പോലീസ് അധികാരികളുടെ സഹായത്തോടെ വനംകയ്യേറ്റം ഒഴിപ്പിക്കൽ നടപടി സ്വീകരിച്ചുവരുന്നുണ്ട്. 1-1-1977-ന് ശേഷമുള്ള വനംകയ്യേറ്റം ഒഴിപ്പിക്കുന്നതിന് മേൽനോട്ടം വഹിക്കാനായി സംസ്ഥാന

സർക്കിൾതല മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. മേൽ കമ്മിറ്റികൾ വനം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് കൈവരിച്ച പുരോഗതി അവലോകനം ചെയ്ത് വനം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് വനം കയ്യേറ്റങ്ങൾ ഫലപ്രദമായി ഒഴിപ്പിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.

## പൊതുസ്ഥലങ്ങളിൽ അപകടാവസ്ഥയിൽ നിൽക്കുന്ന വൃക്ഷങ്ങൾ

93 (1905) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനവത്കരണത്തിന്റെ ഭാഗമായി നട്ടുവളർത്തിയ വൃക്ഷങ്ങൾ അപകടകരമായരീതിയിൽ പൊതുസ്ഥലങ്ങളിൽ നിൽക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇവയുടെ ശിഖരങ്ങൾ മുറിച്ച് അപകടാവസ്ഥ ഒഴിവാക്കുന്നതിനും വൃക്ഷങ്ങളെ സംരക്ഷിക്കുന്നതിനും പദ്ധതിയുണ്ടോ;വിശദമാക്കാമോ;

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തുന്നതിനുള്ള പദ്ധതി രൂപീകരിക്കുമോ; വിശദീകരിക്കാമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ വിവിധ വകുപ്പുകളുടെ ചുമതലയിൽ, സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ നിൽക്കുന്ന മരങ്ങൾ ജീവനും സ്വത്തിനും അപകടമുണ്ടാക്കാൻ സാധ്യതയുണ്ടെങ്കിൽ അവയുടെ ശിഖരങ്ങൾ മുറിച്ചോ പൂർണ്ണമായി വെട്ടിമാറ്റിയോ അപകടാവസ്ഥ ഒഴിവാക്കുന്നതിനുള്ള അനുമതിക്കായി അതാത് വകുപ്പ് അധികൃതർ അതാത് ജില്ലാ സോഷ്യൽ ഫോറസ്ട്രി, ഡിവിഷൻ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർക്ക് അപേക്ഷ നൽകേണ്ടതാണ്. അപ്രകാരം ലഭിക്കുന്ന അപേക്ഷകൾ 10-2-2010-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 68/2010/വനം, 21-4-2010-ലെ സ.ഉ. (സാധാ) നമ്പർ 172/2010/വനം എന്നിവ പ്രകാരം ജില്ലാ സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ കൺവീനറായി രൂപീകൃതമായിട്ടുള്ള 'വൃക്ഷകമ്മിറ്റി', കാലതാമസം വരുത്താതെ പരിശോധിച്ച്, അനിവാര്യമായ സാഹചര്യത്തിൽ മുറിച്ചുമാറ്റാനും അല്ലാത്തപക്ഷം ശിഖരങ്ങൾ കോതാനുമുള്ള അനുമതി, വിലനിർണ്ണയ പത്രിക സഹിതം നൽകുന്നുണ്ട്.

(ബി) ഇക്കാര്യം പരിഗണനയിലില്ല.

## മുക്കാലി-സൈരന്ധ്രി റോഡ് അറ്റകുറ്റപ്പണി

94 (1906) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈലന്റ് വാലി ദേശീയോദ്യാനത്തിലേക്കുള്ള മുക്കാലി-സൈരന്ധ്രി റോഡ് അറ്റകുറ്റപ്പണി നടത്തുന്നതിനുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി നടത്തുവാൻ എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ?

### ഉത്തരം

(എ) 23 കി.മീ. ദൈർഘ്യം വരുന്ന സൈലന്റ് വാലി ദേശീയോദ്യാനത്തിലേയ്ക്കുള്ള മുക്കാലി-സൈരന്ധ്രി റോഡിന്റെ വാർഷിക അറ്റകുറ്റപ്പണികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നിയമാനുസൃതം നടത്തിവരുന്നുണ്ട്.

(ബി) തടസ്സങ്ങൾ ഒന്നും നിലവിലില്ല.

## നെയ്യാർഡാം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന മാൻപാർക്ക്, ലയൺ സഫാരി പാർക്ക്, ചീങ്കണ്ണി പാർക്ക്

95 (1907) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാർ ഡാം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന മാൻപാർക്ക്, ലയൺ സഫാരി പാർക്ക്, ചീങ്കണ്ണി പാർക്ക് എന്നിവയുടെ പുനരുദ്ധാരണം, അടിസ്ഥാന സൗകര്യ വികസനം എന്നിവയിൽ ഇടപെടൽ നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇവയുടെ വികസനവുമായി ബന്ധപ്പെട്ട് ഏതെങ്കിലും പദ്ധതികൾ നിലവിലുണ്ടോ;

(സി) മുൻ സർക്കാരിന്റെ കാലത്ത് നെയ്യാർഡാം മാൻപാർക്ക്,ചീങ്കണ്ണി പാർക്ക്, ലയൺ സഫാരി പാർക്ക് എന്നിവയുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്നും അവയുടെ പ്രവർത്തന പുരോഗതി എന്തായെന്നും വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) നെയ്യാൽ ഡാമിലെ മാൻ, ലയൺ സഫാരി, ചീങ്കണ്ണി പാർക്കുകളുടെ പുനരുദ്ധാരണം, അടിസ്ഥാന സൗകര്യ വികസനം എന്നിവ നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) ലയൺ സഫാരി പാർക്കിലേക്ക് ഒരു ജോഡി സിംഹത്തെ ഗുജറാത്തിലെ സക്കർബാഗ് മൃഗശാലയിൽനിന്നും കൊണ്ടുവരുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. നെയ്യാർ ഡാമിൽ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി സന്ദർശകർക്കായുള്ള ക്യാന്റീൻ സൗകര്യം പുതുക്കി കൂടുതൽ ഉപയോഗയോഗ്യമാക്കുകയും ചെയ്തിട്ടുണ്ട്.

(സി) പുനരുദ്ധാരണത്തിനായി പുതിയ പദ്ധതികളൊന്നും നടപ്പിൽ വരുത്തിയിട്ടില്ല. അതാത് വർഷത്തിലാവശ്യമായ മെയിന്റനൻസ് വർക്കുകൾ നടപ്പിലാക്കിയിട്ടുണ്ട്.

**കാട്ടാനകളെ തുരത്താൻ ദ്രുതകർമ്മ സേന**

96 (1908) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിൽ ഇറങ്ങി കൃഷി നശിപ്പിക്കുകയും ജനജീവിതത്തിന് ഭീഷണി ഉയർത്തുകയും ചെയ്യുന്ന കാട്ടാനകളെ തുരത്താൻ ദ്രുതകർമ്മസേന എന്തെങ്കിലും പുതിയ സംവിധാനത്തിന് രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്തൊക്കെ സംവിധാനങ്ങളാണ് ഇപ്പോൾ ഇതിനായി ദ്രുതകർമ്മസേന അനുവർത്തിക്കുന്നത്;

(സി) ആനകളെ കണ്ടാൽ ദ്രുതകർമ്മസേനയെ വിവരമറിയിക്കാത്തതും ആനകളുടെ അടുത്തുപോയി മൊബൈൽ ഫോണിൽ പടമെടുക്കുന്നതും അക്രമങ്ങൾ കൂടുന്നതിന് കാരണമാവുന്നുണ്ടോ;

(ഡി) എങ്കിൽ ജനങ്ങളുടെ ഭീതി അകറ്റുന്നതിനും കാട്ടാനകളെ ചെറുക്കുന്നതിനും എന്തൊക്കെ നടപടികൾ കൈക്കൊള്ളും; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) നാട്ടിലിറങ്ങി പ്രശ്നമുണ്ടാക്കുന്ന കാട്ടാനകളെ തുരത്താൻ നടപടികൾക്ക് രൂപംനൽകിയിട്ടുണ്ട്.

(ബി) വയനാട് മേഖലയിൽ നാട്ടിലിറങ്ങി കൃഷി നശിപ്പിക്കുകയും ജനജീവിതത്തിന് ഭീഷണി ഉയർത്തുകയും ചെയ്യുന്ന കാട്ടാനകളെ തിരിച്ച് കാട്ടിലെത്തിക്കുവാനുള്ള പുതിയ സംവിധാനമായി കുങ്കി ആനകളെ ഉപയോഗിച്ചുവരുന്നു.

(സി) ഉണ്ട്.

(ഡി) വനവുമായി അതിർത്തി പങ്കിടുന്ന മേഖലകളിൽ ജനപ്രതിനിധികളെ ഉൾപ്പെടുത്തി ജാഗ്രതാ സമിതികൾ രൂപീകരിക്കുന്ന കാര്യം പരിഗണിച്ചുവരുന്നു. കാട്ടാനകൾ ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾ കാർഷിക മേഖലയിലേയ്ക്ക് ഇറങ്ങുന്നത് സംബന്ധിച്ച് മുന്നറിയിപ്പ് കർഷകർക്ക് നൽകുന്നതിന് Early Warning SMS Alert System വയനാട്, മൂന്നാർ എന്നിവിടങ്ങളിൽ വിജയകരമായി നടപ്പിലാക്കി. ഈ സംവിധാനം കണ്ണൂർ ജില്ലയിലെ ആറളത്ത് നടപ്പിലാക്കുന്നതിനുവേണ്ട നടപടികൾ അന്തിമഘട്ടത്തിലാണ്.

**ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ഇല്ലാത്ത ആനകൾ**

97 (1909) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ഇല്ലാത്ത എത്ര ആനകൾ ഉണ്ട്;

(ബി) ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ഇല്ലാത്ത ആനകളെ ഉത്സവങ്ങൾക്കും മറ്റ് ചടങ്ങുകൾക്കും ഉപയോഗിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആനകൾക്ക് ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ഉറപ്പുവരുത്താൻ സർക്കാർ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് 8-10-2015 തീയതിയിലെ കണക്കുകൾ പ്രകാരം 289 നാട്ടാനകൾക്ക് ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ഇല്ല.

(ബി) ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ഇല്ലാത്ത ആനകളെ ഉത്സവങ്ങൾക്കും മറ്റ് ചടങ്ങുകൾക്കും ഉപയോഗിക്കുന്ന സാഹചര്യം ഉണ്ടാവുമ്പോൾ നിയമപ്രകാരം വേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) കേരളത്തിൽ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ഇല്ലാത്തതും എന്നാൽ അനധികൃതമായി എത്തിച്ചതല്ലാത്തതുമായ നാട്ടാനകളെ രജിസ്റ്റർ ചെയ്യുന്നതിന് ഒരു മാസത്തെ സമയം വന്യജീവി വിഭാഗം മുഖ്യവനപാലകന് നൽകി 26-2-2016-ൽ ജി.ഒ.(ആർ.റ്റി) നം. 84/2016/വനം പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ നിശ്ചിത ഒരു മാസത്തിനുള്ളിൽ ഉടമസ്ഥാവകാശ മില്ലാത്ത ആനകളെ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയായിരുന്നില്ല. തുടർന്ന് 4-5-2016-ൽ ബഹു. സുപ്രീം കോടതി WP(C) 743/14 നമ്പർ കേസ്സിന്റെ ഇടക്കാല ഉത്തരവിൽ, ജി.ഒ.(ആർ.റ്റി.) നമ്പർ 84/2016/വനം ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടെങ്കിൽ ആയത് റദ്ദാക്കുവാൻ ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവ് നിലനിൽക്കുന്നതിനാൽ ഈ കേസ്സിൽ സുപ്രീം കോടതിയുടെ അന്തിമവിധി വന്നതിനുശേഷം നിയമാനുസൃതമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## പറമ്പിക്കുളം-ആളിയാർ റോഡ്

98 (1910) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം - ആളിയാർ കരാറുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങൾ നിലനിൽക്കുന്നത് കാരണം പറമ്പിക്കുളം വന്യജീവി സങ്കേതത്തിലേക്കുള്ള യാത്രാ തടസ്സം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ഓണക്കാലത്ത് ഒരാഴ്ചയോളം നമ്മുടെ സംസ്ഥാനത്തെ വാഹനങ്ങൾക്ക് പറമ്പിക്കുളത്തേക്ക് പ്രവേശിക്കാൻ കഴിയാത്ത സാഹചര്യം സംബന്ധിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച വിശദാംശം നൽകുമോ;

(സി) ഇത്തരം വിഷയങ്ങൾക്ക് പരിഹാരം കാണുന്നതിനായി നമ്മുടെ സംസ്ഥാനത്തുകൂടി ഒരു റോഡ് അടിയന്തരമായി നിർമ്മിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ; ഇതുമായി ബന്ധപ്പെട്ട് നിലവിൽ എന്തെങ്കിലും പ്രൊപ്പോസൽ ഉണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 12-9-2016-ന് തമിഴ്നാട് ജലസേചന വകുപ്പ് ജീവനക്കാരെന്ന വ്യാജേന അനധികൃതമായി പറമ്പിക്കുളം കടുവാ സങ്കേതത്തിനകത്ത് പ്രവേശിക്കുവാൻ ശ്രമിച്ച കുറച്ചുപേരെ പറമ്പിക്കുളം കടുവാ സങ്കേതത്തിലെ ഉദ്യോഗസ്ഥർ പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി. തുടർന്ന് ആളുകളെ പ്രകോപിപ്പിക്കുന്നതിനായി പറമ്പിക്കുളം ആളിയാർ പ്രോജക്ട് അധികൃതർ, പി.എ.പി. കോളനിയിലെ ആളുകളുടെ കുട്ടികൾക്ക് സ്കൂളിൽ പോകുന്നതിന് വേണ്ടിയുള്ള യാത്രാവാഹനം നിർത്തലാക്കി. ഇതിനെ തുടർന്ന് കോളനിയിലെ ഏതാനും ആളുകൾ പൊതുവാഹനങ്ങളും വനംവകുപ്പിന്റെ വാഹനങ്ങളും ബലമായി തടയുകയും പൊതുഗതാഗതം പൂർണ്ണമായി തടസ്സപ്പെടുത്തുകയും ചെയ്തിരുന്നു. ഇപ്രകാരം ക്രമസമാധാനം തകർക്കുവാൻ ശ്രമിച്ചതിനെതിരെ കേരള പോലീസ് നടപടി സ്വീകരിച്ചിരുന്നു. ടി പോലീസ് നടപടിയിൽ പ്രതിഷേധിച്ച് ചില തമിഴ് സംഘടനകളും ഏതാനും പി.എ.പി. കോളനിക്കാരും പറമ്പിക്കുളത്തേക്കുള്ള വാഹനങ്ങൾ തടയുകയും യാത്ര തടസ്സപ്പെടുത്തുകയും ഇക്കഴിഞ്ഞ ഓണക്കാലത്ത് ഒരാഴ്ചയോളം കേരള സംസ്ഥാനത്തെ വാഹനങ്ങൾക്ക് പറമ്പിക്കുളത്തേയ്ക്ക് സേത്തുമട ചെക്ക് പോസ്റ്റ് വഴി പ്രവേശിക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്.

(സി) സർക്കാർ ഈ വിഷയം പഠിച്ചുവരുന്നു. ഇതുമായി ബന്ധപ്പെട്ട് നിലവിൽ പ്രൊപ്പോസൽ ഒന്നും ഇല്ല.

**ആർ.എ.എച്ച്.സി.കളുടെ ചുമതലകൾ**

99 (1911) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിൽ റീജിയണൽ ആർട്ടിഫിഷ്യൽ ഇൻസെമിനേഷൻ സെന്റർ (ആർ.എ.ഐ.സി.) നിർത്തലാക്കിയതിന് ശേഷം നിലവിൽ വന്ന ആർ.എ.എച്ച്.സി.-കൾ ഇപ്പോൾ ചെയ്യുന്ന ചുമതലകൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ ചുമതലകൾ വ്യക്തമായി നിർണ്ണയിച്ചു കൊണ്ടുള്ള എന്തെങ്കിലും ഉത്തരവുകൾ നിലവിലുണ്ടോ;

(സി) എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) മൃഗസംരക്ഷണ വകുപ്പിൽ നിലവിൽ വന്ന ആർ.എ.എച്ച്.സി.-കളുടെ ചുമതലകൾ ചുവടെ ചേർക്കുന്നു.

1. പ്രാദേശിക മൃഗസംരക്ഷണ കേന്ദ്രങ്ങൾ താലൂക്ക്തല സ്ഥാപനങ്ങളായിരിക്കും. 63 താലൂക്കുകളിലും ഈ സംവിധാനം നിലവിൽ വരുന്നതാണ്. ഇവ നിലവിൽ വരുന്നതുവരെ ആർ.എ.ഐ.സി.കൾ ആർ.എ.എച്ച്.സി.കളിലായി അവയുടെ പ്രവർത്തന പരിധിയിൽ വരുന്ന സ്ഥാപനങ്ങളുടെ മേൽനോട്ടം വഹിക്കേണ്ടതാണ്.

2. പ്രാദേശിക മൃഗസംരക്ഷണ കേന്ദ്രങ്ങൾ ജില്ലാ മൃഗസംരക്ഷണ ആഫീസറുടെ നിയന്ത്രണത്തിലായിരിക്കും.

3. കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികൾ ആർ.കെ.വി.വൈ., കന്നുകുട്ടി പരിപാലന പദ്ധതി പ്രത്യേക പാക്കേജുകൾ എന്നിവയുടെ നടത്തിപ്പിന്റെ മേൽനോട്ടവും, റിപ്പോർട്ട് സമാഹരണവും, വിലയിരുത്തൽ തുടങ്ങിയ ചുമതലകൾ പ്രാദേശിക മൃഗസംരക്ഷണ കേന്ദ്രങ്ങളിൽ നിക്ഷിപ്തമായിരിക്കും.

4. താലൂക്ക് പരിധിയിൽ വരുന്ന സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന പദ്ധതികളുടെയും സേവനങ്ങളുടെയും നടത്തിപ്പ്, വെറ്ററിനറി സബ്സെന്ററുകൾ, മൃഗാശുപത്രികൾ എന്നിവയുടെ വിശദ പരിശോധന നടത്തി റിപ്പോർട്ട് ജില്ലാ മൃഗസംരക്ഷണ ആഫീസർക്ക് നൽകേണ്ടതാണ്.

5. വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ, പ്രദർശനങ്ങൾ തുടങ്ങിയവ പഞ്ചായത്തുതല മൃഗസംരക്ഷണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതാണ്.

6. ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതും അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതുമാണ്.

7. മൃഗസംരക്ഷണ മേഖലയിൽ പുതിയ സംരംഭകരെ കണ്ടെത്തുന്നതിനും അവർക്ക് വേണ്ട പദ്ധതി തയ്യാറാക്കി നൽകുന്നതിനും വേണ്ട നടപടി കൈക്കൊള്ളേണ്ടതാണ്.

(ബി) ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ ചുമതലകൾ വ്യക്തമായി നിർണ്ണയിച്ചുകൊണ്ട് താഴെപ്പറയുന്ന ഉത്തരവുകൾ നിലവിലുണ്ട്.

1. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 6-10-1990-ലെ ബി 5-33392/90/ ആസൂത്രണം നമ്പർ ഉത്തരവ്

2. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 8-7-2013-ലെ സി1-17704/11 നമ്പർ ഉത്തരവ്

(സി) പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*.

**കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ്**

100 (1912) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'കുഞ്ഞ് കൈകളിൽ കോഴിക്കുഞ്ഞ് 'എന്ന ഒരു പദ്ധതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ ഒരു കുട്ടിക്ക് എത്ര കോഴിക്കുഞ്ഞുങ്ങളെയാണ് വിതരണം ചെയ്യുന്നതെന്ന് വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് എത്ര വിദ്യാലയങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 'കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ്' എന്ന പദ്ധതി നിലവിലുണ്ട്. വിദ്യാർത്ഥികളിൽ കോഴി വളർത്തലിൽ താത്പര്യം ജനിപ്പിക്കുക, അദ്ധ്വാനശീലം, സ്വാശ്രയശീലം, സമ്പാദ്യശീലം എന്നിവ വളർത്തിയെടുക്കുക, കുട്ടികൾക്ക് സുരക്ഷിത ഭക്ഷണം ഉറപ്പുവരുത്തുക, ആരോഗ്യമുള്ള തലമുറയെ രൂപപ്പെടുത്തുക എന്നീ ഉദ്ദേശ്യ ലക്ഷ്യങ്ങളോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

(ബി) 2016-17 സാമ്പത്തിക വർഷത്തിൽ നടപ്പാക്കാൻവേണ്ടി അനുവദിച്ചിട്ടുള്ള ഈ പദ്ധതി പ്രകാരം ഓരോ കുട്ടിക്കും 5 കോഴി, 5 കിലോ തീറ്റ, 50 രൂപയുടെ മരുന്ന് എന്നിവയാണ് വിതരണം ചെയ്യുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ 6,7,8,9 ക്ലാസ്സുകളിൽ പഠിക്കുന്ന 35,000 തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾ വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്.

**മുയൽ പരിപാലനവും വിപണനവും**

101 (1913) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറച്ചി ആവശ്യത്തിന് മുയലുകളെ വളർത്തുന്നതിനും വിപണനം നടത്തുന്നതിനും നിയന്ത്രണം ഉണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഈ രംഗത്ത് തൊഴിലെടുക്കുന്നവർക്ക് ഇത്തരം നിയന്ത്രണങ്ങൾ പ്രയാസം സൃഷ്ടിക്കുന്നുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത നിയന്ത്രണം മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ, മാംസാവശ്യത്തിനായി ഉപയോഗിക്കാവുന്ന പട്ടികയിൽ മുയലുകളെ ഉൾപ്പെടുത്തിയിട്ടില്ലായിരുന്നു. ആയതിനാൽ ഇവയെ മാംസാവശ്യത്തിനായി ഉപയോഗി ക്കുന്നതിന് നിയന്ത്രണം ഉണ്ടായിരുന്നു.

(ബി) ഈ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ, മാംസാവശ്യത്തിനായി ഉപയോഗിക്കാവുന്ന മൃഗങ്ങളുടെ പട്ടികയിൽ മുയലിനെ ഉൾപ്പെടുത്തി കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

**റേഷ്യോ പ്രൊമോഷൻ**

102 (1914) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർക്ക് റേഷ്യോ പ്രൊമോഷൻ നൽകിയിട്ട് എ.ത്ര കാലമായി എന്നറിയിക്കാമോ;

(ബി) റേഷ്യോ പ്രൊമോഷൻ നൽകുവാൻ എന്തെങ്കിലും തടസ്സം ഉണ്ടോ; ഉണ്ടെങ്കിൽ എന്താണ്; ഇനി എത്ര പേർക്ക് അർഹതപ്പെട്ട റേഷ്യോ പ്രൊമോഷൻ നൽകുവാനുണ്ട് എന്നറിയിക്കാമോ;

(സി) വെറ്ററിനറി ഉപകേന്ദ്രങ്ങളുടെ നിയന്ത്രണം റീജിയണൽ അനിമൽ ഹസ്ബന്ററി സെന്ററിന് കീഴിലാക്കുവാനുള്ള നടപടി എടുക്കുന്നുണ്ടോ;

(ഡി) വെറ്ററിനറി ഉപകേന്ദ്രങ്ങളിൽ എത്ര എണ്ണമാണ് സർക്കാർ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നത്; വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന എത്ര ഉപകേന്ദ്രങ്ങൾ ഉണ്ട്; ഈ സാമ്പത്തിക വർഷം എത്ര ഉപകേന്ദ്രങ്ങൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുവാൻ പദ്ധതി ഉണ്ട്; ഉപകേന്ദ്രങ്ങൾക്ക് പ്രാഥമിക ചികിത്സയ്ക്ക് ആവശ്യമായ വിരമരുന്നും ഗ്ലൗസും മറ്റുമരുന്നുകളും ലഭ്യമാണോ?

ഉത്തരം

(എ) മൃഗസംരക്ഷണ വകുപ്പിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് -I-ൽ നിന്നും അസിസ്റ്റന്റ് ഫീൽഡ് ഓഫീസർമാരായി 9-9-2016-ലെ കെ4/13800/2013/ ജീ.കാ. ഉത്തരവ് പ്രകാരവും ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ്-II-ൽ നിന്നും ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ്-I-ലേക്ക് 29-9-2016-ലെ കെ4/22221/2013/ ജീ.കാ. ഉത്തരവ് പ്രകാരവും ആണ് അവസാനമായി റേഷ്യോ പ്രൊമോഷൻ നൽകിയത്.

(ബി) ഇല്ല. ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ റേഷ്യോ പ്രൊമോഷൻ നൽകുവാൻ നിലവിൽ തടസ്സങ്ങൾ ഇല്ല. റേഷ്യോ പ്രൊമോഷൻ ഉത്തരവുകൾ പുറപ്പെടുവിച്ചുവരുന്നു. എന്നാൽ സീനിയോറിറ്റി സംബന്ധിച്ച് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ജീവനക്കാരുടെ കേസ് നിലനിൽക്കുകയും 26-2-2016-ൽ റ്റി.എ. 2150/12, റ്റി.എ. 5895/12, ഒ.എ. 1594/2014 എന്നീ കേസുകളിലെ വിധി പുറപ്പെടുവിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 1-1-2006 വച്ചുള്ള മൃഗസംരക്ഷണ വകുപ്പിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിലാണ് നിലവിൽ റേഷ്യോ പ്രൊമോഷൻ നൽകുന്നതും പഴയ ഉത്തരവുകൾ പുനഃക്രമീകരിച്ചുവരുന്നതും. നിലവിൽ 14-11-2011 വരെയുള്ള ഒഴിവുകളിലേയ്ക്കാണ് റേഷ്യോ പ്രൊമോഷൻ നൽകിയിരുന്നത്. 1-4-1997-ലെ മൃഗസംരക്ഷണ വകുപ്പിലെ റേഷ്യോ പ്രൊമോഷന്റെ കേഡർ സ്ട്രെങ്ത് അസിസ്റ്റന്റ് ഫീൽഡ് ഓഫീസർ 472, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ്-I-708, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II-1180-എന്നിങ്ങനെയാണ്. 2016-ലെ കേഡർ സ്ട്രെങ്ത് വ്യത്യാസമുണ്ടാകു മെന്നതിനാൽ പ്രൊമോഷനും പ്രൊമോഷൻ

പുനഃക്രമീകരണവും പൂർത്തിയാക്കി കേഡർ സ്ട്രെങ്ത് പുനർ നിർണ്ണയിച്ചാൽ മാത്രമേ പ്രൊമോഷന് അർഹതപ്പെട്ടവരുടെ കൃത്യമായ കണക്ക് നിർണ്ണയിക്കാൻ കഴിയൂ. ആയതിനുള്ള നടപടികൾ തുടർന്നുവരുന്നു.

(സി) നിലവിൽ വെറ്ററിനറി ഉപകേന്ദ്രങ്ങളുടെ നിയന്ത്രണം അതാത് മൃഗാശുപത്രികൾക്കാണ്.

(ഡി) 2014-ൽ വകുപ്പുതല കണക്കുകൾ ശേഖരിച്ചതിൽ 391 വെറ്ററിനറി കേന്ദ്രങ്ങൾ വാടക കെട്ടിടത്തിലും 211 എണ്ണം ഗവൺമെന്റ് കെട്ടിടത്തിലും 733 എണ്ണം വാടക ഒഴിവായും പ്രവർത്തിക്കുന്നുണ്ട്. ഈ സാമ്പത്തിക വർഷം ഉപകേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് നാളിതുവരെ പദ്ധതി തുടങ്ങിയിട്ടില്ല.

2015-16 സാമ്പത്തിക വർഷത്തിൽ 1809524 ഗ്ലൗസുകളും 10 ലക്ഷം വിരമരുന്നുകളും ജില്ലാ സ്റ്റോറുകൾവഴി വകുപ്പിന്റെ കീഴിലെ സ്ഥാപനങ്ങളിൽ വിതരണം ചെയ്തിട്ടുണ്ട്.

**അടിയന്തര രാത്രികാല മൃഗചികിത്സാ യൂണിറ്റ്**

103 (1915) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര പ്രവർത്തിക്കുന്ന മൃഗാശുപത്രിയെ അടിയന്തര രാത്രികാല മൃഗ ചികിത്സാ യൂണിറ്റ് ആക്കി മാറ്റാൻ സാധിക്കുമോ;വ്യക്തമാക്കാമോ;

(ബി) വിവിധ ഘട്ടങ്ങളിലായി അപേക്ഷകൾ നൽകിയിട്ടും 84 വർഷം പഴക്കമുള്ള പ്രസ്തുത മൃഗാശുപത്രിയെ വെറ്ററിനറി പോളിക്ലീനിക്ക് ആക്കി ഉയർത്തുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലാത്തതിനാൽ ആയതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) മൃഗാശുപത്രി ഇരുപത്തിനാല് മണിക്കൂർ പ്രവർത്തിക്കുന്നതിന് അധിക ജീവനക്കാരും അനുബന്ധ സൗകര്യങ്ങളും ഒരുക്കേണ്ടതുണ്ട്. ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ബി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

## കോഴിമുട്ട ഉത്പാദനം

104 (1916) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിമുട്ട ഉത്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) നഗരപ്രദേശങ്ങളിലെ വീടുകളിൽ ചെറിയ തോതിലുള്ള കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി കെപ്കോ മുഖേന പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ;

(സി) കോഴിക്കുട്ടുകൾ സബ്സിഡിയോടെ കെപ്കോ മുഖേന വിതരണം ചെയ്യുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ഡി) കൂടുതൽ കോഴിമുട്ട ഉത്പാദിപ്പിക്കുന്നതിന് വിപുലമായ പദ്ധതികൾ ആവിഷ്കരിക്കുമോ ?

### ഉത്തരം

(എ) കോഴിമുട്ട ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി മൃഗസംരക്ഷണ വകുപ്പും സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷനും വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള ഫാമുകളിൽ വിരിയിച്ചെടുക്കുന്ന 25 ലക്ഷത്തോളം വരുന്ന കോഴിക്കുഞ്ഞുങ്ങളെ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന അംഗീകാരമുള്ള എഗ്ഗർ നേഴ്സറികളിലൂടെ വളർത്തി 45-60 ദിവസം പ്രായത്തിൽ പിന്നാമ്പുറ കോഴി വളർത്തൽ പദ്ധതിയിലൂടെ സബ്സിഡിയോടെയും, വകുപ്പിൽ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിൽ മൃഗാശുപത്രികൾ വഴിയും അല്ലാതെയും വിതരണം നടത്തിവരുന്നു. സംസ്ഥാനത്തിന് മുട്ടയുല്പാദനത്തിന് ഇണങ്ങുന്ന പദ്ധതി എന്ന രീതിയിൽ വളരെയധികം പ്രചാരം ഈ പദ്ധതിക്ക് സിദ്ധിച്ചിട്ടുണ്ട്.

കേരള സ്റ്റേറ്റ് പൗൾട്രി വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) നഗരപ്രദേശങ്ങളിൽ കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി കെപ്കോ മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് "കെപ്കോ നഗരപ്രിയ". ഈ പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന ഓരോ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഗുണഭോക്താവിനും 5 കോഴി, 5 കിലോ തീറ്റ, 20 രൂപയുടെ മരുന്ന്, ആധുനിക രീതിയിലുള്ള ഒരു കൂട് എന്നിവ ലഭിക്കുന്നതാണ്. ഓരോ ഗുണഭോക്താവും ഗുണഭോക്തൃ വിഹിതമായി 850 രൂപ അടയ്ക്കേണ്ടതാകുന്നു.

(സി) കോഴിക്കുട്ടകൾ മാത്രമായി സബ്സിഡിയോടെ നൽകുന്ന പദ്ധതി കെപ്കോ ഇപ്പോൾ നടപ്പാക്കുന്നില്ല. എന്നാൽ "കെപ്കോ നഗരപ്രിയ" പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾക്ക് ആയത് ലഭ്യമാക്കുന്നുണ്ട്.

(ഡി) കോഴിമുട്ട ഉത്പാദനത്തിൽ സ്വയം പര്യാപ്തത നേടുക എന്നതാണ് സർക്കാരിന്റെ നയം. ഇതിനായി ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് വിപുലമായ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

**മുട്ടയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന്**

**സ്വീകരിച്ചിട്ടുള്ള നടപടികൾ**

105 (1917) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുട്ടയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) കോഴി, താറാവ്, കാട എന്നിവയുടെ കർഷകർക്ക് നിലവിൽ നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ;

(സി) കോഴി, താറാവ് കർഷകർക്ക് അവരുടെ ഉത്പാദനോപാധികൾ ജാമ്യമായി സ്വീകരിച്ച് ലോൺ നൽകുന്നതിന് സംസ്ഥാന സഹകരണ ബാങ്കിനും ജില്ലാസഹകരണ ബാങ്കുകൾക്കും നിർദ്ദേശം നൽകുമോ; വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) കോഴിമുട്ട ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി മൃഗസംരക്ഷണ വകുപ്പും സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷനും വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള ഫാമുകളിൽ വിരിയിച്ചെടുക്കുന്ന 25 ലക്ഷത്തോളം വരുന്ന കോഴിക്കുഞ്ഞുങ്ങളെ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന അംഗീകാരമുള്ള എഗ്ഗർ നേഴ്സറികളിലൂടെ വളർത്തി 45-60 ദിവസം പ്രായത്തിൽ പിന്നാമ്പുറ കോഴി വളർത്തൽ പദ്ധതിയിലൂടെ സബ്സിഡിയോടെയും, വകുപ്പിൽ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിൽ മൃഗാശുപത്രികൾ വഴിയും അല്ലാതെയും വിതരണം

നടത്തിവരുന്നു. സംസ്ഥാനത്തിന് മുട്ടയുല്പാദനത്തിന് ഇണങ്ങുന്ന പദ്ധതി എന്ന രീതിയിൽ വളരെയധികം പ്രചാരം ഈ പദ്ധതിക്ക് സിദ്ധിച്ചിട്ടുണ്ട്.

1. സ്കൂൾ വിദ്യാർത്ഥികൾക്കുള്ള ബാക്ക് യാർഡ് പൗൾട്രി പ്രൊഡക്ഷൻ പദ്ധതി:

ഈ പദ്ധതി പ്രകാരം സംസ്ഥാനത്തെ 701 സ്കൂളുകളിൽ 50 വിദ്യാർത്ഥികൾക്ക് വീതം 5 കോഴിക്കുഞ്ഞുങ്ങൾ, കോഴിത്തീറ്റ എന്നിവ വിതരണം ചെയ്യുന്നു. ഒരു യൂണിറ്റിന് 725 രൂപ സബ്സിഡി നൽകുന്നു.

2. പ്രൊപ്പഗേഷൻ ഓഫ് ഡക്ക് ഫാമിംങ്:

ഈ പദ്ധതി പ്രകാരം സംസ്ഥാനത്തെ 1608 കർഷകർക്ക് 10 താറാവിൻ കുഞ്ഞുങ്ങളെ വീതം വിതരണം ചെയ്യുന്നു. ഒരു യൂണിറ്റിന് 1200 രൂപ സബ്സിഡി നൽകുന്നു.

3. ഇതിനുപുറമെ ഈ സാമ്പത്തിക വർഷം 5600 പട്ടികജാതി ഗുണഭോക്താക്കൾക്ക് 10 കോഴിക്കുഞ്ഞുങ്ങളെ വീതം വിതരണം ചെയ്യുന്നതുമാണ്.

കേരള സ്റ്റേറ്റ് പൗൾട്രി വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന അംഗീകാരമുള്ള എഗ്ഗർ നഴ്സറികൾക്ക് വേണ്ടുന്ന ഒരു ദിവസം പ്രായമുള്ള മുട്ടക്കോഴി കുഞ്ഞുങ്ങളെ വകുപ്പിന്റെ ഫാമുകളിൽനിന്നും വിരിയിച്ച് നൽകിവരുന്നു. ഇവർ 45 ദിവസം മുതൽ 60 ദിവസം വരെ വളർത്തി വലുതാക്കുന്ന മുട്ടക്കോഴി കുഞ്ഞുങ്ങളെ മൃഗസംരക്ഷണ വകുപ്പിന്റെയും പഞ്ചായത്തിന്റെയും വിവിധ പദ്ധതികളിലൂടെ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുവാനുള്ള സാഹചര്യം ഒരുക്കി നൽകുന്നു. മൃഗസംരക്ഷണ വകുപ്പിന്റെ പത്തനംതിട്ട ജില്ലയിൽ പ്രവർത്തിക്കുന്ന താറാവ് ഫാമിൽനിന്നും താറാവ് കർഷകർക്ക് വേണ്ട താറാവ് കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നു. കാടക്കോഴി കുഞ്ഞുങ്ങളെ സെൻട്രൽ ഹാച്ചറിയിൽനിന്നും വിതരണം നടത്തിവരുന്നു.

ഇതിനും പുറമെ കെപ്കോയുടെ കീഴിൽ തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന ബ്രോയിലർ ബ്രീഡിംഗ് ഫാമിൽ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്പാദിപ്പിക്കുന്ന ഇറച്ചിക്കോഴി കുഞ്ഞുങ്ങളെ താത്പര്യമുള്ള കർഷകർക്ക് സൗജന്യ നിരക്കിൽ നൽകുന്നു. കൊല്ലം ജില്ലയിലെ കൊട്ടിയം, തൃശ്ശൂർ ജില്ലയിലെ മാള എന്നീ ഫാമുകളിൽ ഉത്പാദിപ്പിക്കുന്ന മുട്ടക്കോഴി കുഞ്ഞുങ്ങളെ ഇന്റഗ്രേഷൻ ഫാമുകൾ വഴി വളർത്തിയെടുത്ത് 45 ദിവസം പ്രായമാകുമ്പോൾ ആവശ്യക്കാർക്ക് മിതമായ നിരക്കിൽ വിതരണം ചെയ്യുന്നു.

കർഷകർക്ക് സാങ്കേതിക സഹായം, കോഴികൾക്ക് സൗജന്യ ചികിത്സ, മരുന്ന് വിതരണം, പ്രതിരോധ കുത്തിവയ്പുകൾ എന്നിവ നൽകിവരുന്നു.

(സി) ഇത്തരത്തിൽ പദ്ധതികളൊന്നും നിലവിലില്ല.

### ചാലക്കുടി മൃഗാശുപത്രി

106 (1918) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടി മൃഗാശുപത്രി അപ്ഗ്രേഡ് ചെയ്ത് ആവശ്യമായ സൗകര്യങ്ങളോടെ വെറ്ററിനറി പോളിക്ലിനിക്കായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

സർക്കാരിന് വളരെയധികം സാമ്പത്തിക ബാധ്യത ഉണ്ടാകുമെന്നുള്ളതിനാൽ ചാലക്കുടി വെറ്ററിനറി ആശുപത്രി പോളി ക്ലിനിക്കായി ഉയർത്തണമെന്ന ശിപാർശ ഇപ്പോൾ പരിഗണിക്കുവാൻ നിർവ്വാഹമില്ല.

### വെറ്ററിനറി ക്ലിനിക്കുകളുടെ എണ്ണം

107 (1919) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോ ജില്ലയിലുമുള്ള വെറ്ററിനറി ക്ലിനിക്കുകളുടെ എണ്ണം എത്ര; ജില്ലതിരിച്ചുള്ള കണക്കുകൾ നൽകുമോ; ആശുപത്രികളുടെ വിവരം ലഭ്യമാക്കുമോ;

(ബി) മൃഗങ്ങളെയും കന്നുകാലികളെയും അത്യാവശ്യഘട്ടത്തിൽ ക്ലിനിക്കിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള ആംബുലൻസ് സംവിധാനം ഇപ്പോൾ നിലവിലുണ്ടോ; വ്യക്തമായ വിവരം ലഭ്യമാക്കുമോ;

(സി) ഓരോ ബ്ലോക്കിലും ഇത്തരത്തിലുള്ള ആംബുലൻസ് സംവിധാനം നടപ്പിൽ വരുത്താൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) നിലവിലുണ്ട്. മൃഗസംരക്ഷണ വകുപ്പിൽ 16 ആംബുലൻസുകളുണ്ട്. കണ്ണൂർ, കൊല്ലം ജില്ലകളിൽ രണ്ടുവീതവും മറ്റ് ജില്ലകളിൽ ഓരോന്നുവീതവും ആംബുലൻസുകളുണ്ട്. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള ആംബുലേറ്ററി വെഹിക്കിളുകൾ കർഷകരുടെ വീട്ടുപടിക്കൽ മൃഗചികിത്സാസേവനം ലഭ്യമാക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണ്. പശു, എരുമ തുടങ്ങിയ വലിയ മൃഗങ്ങളെ ആംബുലൻസ് വാഹനങ്ങളിൽ കൊണ്ടുവരുക, അപ്രായോഗികമായതിനാലാണ് കർഷകന്റെ വീട്ടുപടിക്കൽ സേവനത്തിനായി അവ ഉപയോഗിക്കുന്നത്. ഇതുകൂടാതെ ക്യാമ്പ് ഡിസ്പെൻസറികൾ സംഘടിപ്പിക്കാനും ആംബുലൻസ് സംവിധാനം ഉപയോഗിക്കുന്നു.

(സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

**വെറ്ററിനറി പോളി ക്ലിനിക്**

108 (1920) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ തീരുമാനപ്രകാരം ചെറിയനാട് ഗ്രാമപഞ്ചായത്തിന്റെ രണ്ടാം വാർഡിൽ സ്ഥിതി ചെയ്യുന്ന മൃഗാശുപത്രി വെറ്ററിനറി പോളിക്ലിനിക്കായി ഉയർത്തുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(ബി) ആലപ്പുഴ ജില്ലാ ആഫീസറുടെ റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടും പ്രസ്തുത സ്ഥാപനം വെറ്ററിനറി പോളിക്ലിനിക്കായി ഉയർത്തുന്നതിന് കാലതാമസം വന്നിരിക്കുന്നതിന്റെ കാരണം വിശദമാക്കുമോ?

ഉത്തരം

(എ) ഒരു മൃഗാശുപത്രി വെറ്ററിനറി പോളിക്ലിനിക്കായി ഉയർത്തുന്നതിന് അടിസ്ഥാന സൗകര്യങ്ങളുള്ള കെട്ടിടവും ലാബ് സൗകര്യവും ഉണ്ടായിരിക്കേണ്ടതാണ്. നിലവിൽ മൃഗാശുപത്രിയിലുള്ള വെറ്ററിനറി സർജൻ, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ, പാർട്ട് ടൈം സ്വീപ്പർ ഇവരെ കൂടാതെ സീനിയർ വെറ്ററിനറി സർജൻ, ഫീൽഡ് ഓഫീസർ, ലാബ് ടെക്നീഷ്യൻ, ക്ലാർക്ക്, അറ്റന്റന്റ് എന്നീ തസ്തികകളും പുതുതായി സൃഷ്ടിക്കേണ്ടതുണ്ട്. ഇതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കാരണം പരിശോധിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**മൃഗസംരക്ഷണ സംഘടനകൾ**

109 (1921) ശ്രീ. മഞ്ഞളാംകുഴി അലി :

ശ്രീ. എൻ . എ. നെല്ലിക്കുന്ന് :

ശ്രീ. പി. ഉബൈദുള്ള :

ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്റ്റർചെയ്യപ്പെട്ട മൃഗസംരക്ഷണ സംഘടനകൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ അവയ്ക്ക് ഏതെങ്കിലും തരത്തിലുള്ള സഹായം സർക്കാർ നല്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) തെരുവ് നായ്ക്കളുടെ സംരക്ഷണം ഏറ്റെടുത്തിട്ടുള്ള സംഘടനകൾ ഏതെങ്കിലും സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) തെരുവുനായ നിയന്ത്രണ പരിപാടികളിൽ പ്രസ്തുത സംഘടനകൾ വഹിക്കുന്ന പങ്കാളിത്തം എത്രത്തോളമാണെന്ന് വ്യക്തമാക്കുമോ; സർക്കാർ നടപടികളിൽ ഇവരുടെ പങ്കാളിത്തം ഉറപ്പാക്കുമോ?

ഉത്തരം

(എ) അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യയുടെ രജിസ്ട്രേഷനുള്ള മൃഗക്ഷേമസംഘടനകൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇവയ്ക്ക് മൃഗസംരക്ഷണ വകുപ്പിൽ നിന്നും സഹായം നൽകുന്നില്ല. എന്നാൽ അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യയിൽ നിന്നും സഹായം ലഭിക്കുന്നുണ്ട്.

(ബി) മൃഗക്ഷേമ സംഘടനകളെ രജിസ്റ്റർ ചെയ്യുന്നത് അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യയാണ്. അപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സംഘടനകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.* ഇവയിൽ ചില സംഘടനകളും തെരുവുനായ്ക്കളുടെ സംരക്ഷണം ഏറ്റെടുത്ത് നടത്തുന്നുണ്ട്.

(സി) തെരുവുനായ നിയന്ത്രണത്തിന്റെ ഭാഗമായ അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം (ABC) നടപ്പിലാക്കുന്നതിൽ പ്രസ്തുത സംഘടനകളുടെ പങ്ക് അനിമൽ ബർത്ത് കൺട്രോൾ (ഡോഗ്സ്) റൂൾസ് 2001-ൽ പ്രതിപാദിക്കുന്നുണ്ട്. ഇതുപ്രകാരം മോണിറ്ററിംഗ് കമ്മിറ്റിയിൽ സ്ഥലത്തെ മൃഗക്ഷേമ സംഘടനകളിലെ പ്രതിനിധികളെയും ഉൾപ്പെടുത്തേണ്ടതാണ്. സർക്കാർ നടപടികളിൽ ഇവരുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മൃഗസംരക്ഷണ വകുപ്പിൽ ആശ്രിത നിയമനം

110 (1922) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിൽ 2010 ജനുവരി മുതൽ 2016 ആഗസ്റ്റ് വരെ സമാശ്വാസ തൊഴിൽ പദ്ധതി പ്രകാരം ആശ്രിത നിയമനത്തിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(ബി) എത്ര പേർക്ക് നിയമനം ലഭിച്ചിട്ടുണ്ടെന്നും, അവരുടെ പേരും, കാറ്റഗറിയും ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) ഒഴിവുകളുടെ എത്ര ശതമാനം ഇത്തരക്കാർക്ക് നീക്കിവച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) നിലവിൽ ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയിലെ ഒഴിവുകൾ എത്രയെന്ന് വ്യക്തമാക്കാമോ;

(ഇ) എ.കെ. റിനീഷ്, അമ്പലകുളങ്ങര, കക്കട്ട്, കോഴിക്കോട് ജില്ല എന്നയാളുടെ സീനിയോറിറ്റി എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2010 ജനുവരി മുതൽ 2016 ആഗസ്റ്റ് വരെ 59 അപേക്ഷകൾ ആശ്രിത നിയമനം ലഭിക്കുന്നതിനായി ലഭിച്ചിട്ടുണ്ട്.

(ബി) തിരുവനന്തപുരം - ക്ലാർക്ക് :

1. നീതുവിൻസെന്റ്
2. വിഷ്ണു ആർ. നായർ
3. സുരേഷ് മുരളി
4. ജോബിൻ ജോർജ്ജ്
5. ഹേമ
6. വിഷ്ണു സുന്ദർ
7. സ്മിതേഷ് കുമാർ
8. ദർശന
9. റുബീന

10. അനുമോൾ

11. രഞ്ജിത് രാജ്

12. സജിന

13. രേഖാ കുമാരി

14. സിന്ധു. കെ.

15. നീതു മാത്യൂ

16. സന്തോഷ്

17. ശ്യാം

<u>കാസർഗോഡ് (ക്ലാർക്ക്)</u> :

18. രജിഷ

19. ജിതിൻ ജിത്ത്

<u>പാലക്കാട് (ക്ലാർക്ക്)</u> :

20. സരസ്വതി

<u>കോട്ടയം (ക്ലാർക്ക്):</u>

21. കുമാരി

<u>ആലപ്പുഴ (ക്ലാർക്ക്):</u>

22. ഉമാദേവി

<u>കൊല്ലം (ക്ലാർക്ക്):</u>

23. ജൂബീന സബീർ

<u>കണ്ണൂർ (ക്ലാർക്ക്):</u>

24. വിപിൻ കുമാർ

(സി) 5%.

(ഡി) 8.

(ഇ) 9.

## മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ

111 (1923) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജക മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതൊക്കെയെന്നും ഇവയിൽ എത്ര തസ്തികകൾ ഉണ്ടെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തസ്തികകളിൽ ഒഴിഞ്ഞുകിടക്കുന്നവ എത്ര; ആയത് കാറ്റഗറി തിരിച്ച് വിശദീകരിക്കാമോ?

ഉത്തരം

(എ)

| സ്ഥാപനത്തിന്റെ പേര്, പഞ്ചായത്ത് | തസ്തിക | എണ്ണം |
|---|---|---|
| (1) | (2) | (3) |
| വെറ്ററിനറി ഹോസ്പിറ്റൽ, വാമനപുരം(നെല്ലനാട് പഞ്ചായത്ത്) | 1. സീനിയർ വെറ്ററിനറി സർജൻ<br>2. ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ<br>3. അറ്റൻഡന്റ്<br>4. പാർട്ട് ടൈം സ്വീപ്പർ | 1<br>1<br>1<br>1 |
| വെറ്ററിനറി സബ്സെന്റർ, പാലത്തറ | 1. ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ<br>2. കാഷ്വൽ പാർട്ട് ടൈം സ്വീപ്പർ | 1<br>1 |
| വെറ്ററിനറി സബ്സെന്റർ, കൊഴവിള | 1. ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ<br>2. കാഷ്വൽ പാർട്ട് ടൈം സ്വീപ്പർ | 1<br>1 |
| വെറ്ററിനറിസ്ബ്സെന്റർ, ഭരതന്നൂർ | 1. ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ<br>2. കാഷ്വൽ പാർട്ട് ടൈം സ്വീപ്പർ | 1<br>1 |
| വെറ്ററിനറി ഡിസ്പെൻസറി പെരിങ്ങമല(പെരിങ്ങമല പഞ്ചായത്ത്) | 1. വെറ്ററിനറി സർജൻ<br>2. ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ<br>3. അറ്റൻഡന്റ്<br>4. പാർട്ട് ടൈം സ്വീപ്പർ | 1<br>1<br>1<br>1 |
| വെറ്ററിനറി സ്ബ്സെന്റർ, തെന്നൂർ | 1. ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ<br>2. കാഷ്വൽ പാർട്ട് ടൈം സ്വീപ്പർ | 1<br>1 |
| വെറ്ററിനറി ഡിസ്പെൻസറി കുളമച്ചൽ(വാമനപുരം പഞ്ചായത്ത്) | 1. വെറ്ററിനറി സർജൻ<br>2. ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ<br>3. അറ്റൻഡന്റ്<br>4. പാർട്ട് ടൈം സ്വീപ്പർ | 1<br>1<br>1<br>1 |

| (1) | (2) | (3) |
|---|---|---|
| വെറ്ററിനറിസ്ബ്സെന്റർ, കുറ്റിമൂട് | 1. ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ<br>2. കാഷ്വൽ പാർട്ട് ടൈം സ്വീപ്പർ | 1<br>1 |
| വെറ്ററിനറി സ്ബ്സെന്റർ, പൂവത്തൂർ | 1. ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ<br>2. കാഷ്വൽ പാർട്ട് ടൈം സ്വീപ്പർ | 1<br>1 |
| വെറ്ററിനറി ഡിസ്പെൻസറി ആനാട്(ആനാട് പഞ്ചായത്ത്) | 1. വെറ്ററിനറി സർജൻ<br>2. ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ<br>3. അറ്റൻഡന്റ്<br>4.പാർട്ട്ടൈംസ്വീപ്പർ (കുടുംബശ്രീ) | 1<br>1<br>1<br>1 |
| വെറ്ററിനറി സ്ബ്സെന്റർ, മൂഴി | 1. ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ<br>2. പാർട്ട് ടൈം സ്വീപ്പർ | 1<br>1 |
| വെറ്ററിനറി സ്ബ്സെന്റർ, വേങ്കവിള | 1.ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ<br>2. പാർട്ട് ടൈം സ്വീപ്പർ | 1<br>1 |
| വെറ്ററിനറി ഡിസ്പെൻസറി പുല്ലമ്പാറ(പുല്ലമ്പാറപഞ്ചായത്ത്) | 1. വെറ്ററിനറി സർജൻ<br>2. ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ<br>3. അറ്റൻഡന്റ് | 1<br>1<br>1 |
| വെറ്ററിനറി സ്ബ്സെന്റർ, തേമ്പാമൂട് | 1. ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ<br>2. കാഷ്വൽ പാർട്ട് ടൈം സ്വീപ്പർ | 1<br>1 |
| വെറ്ററിനറി ഹോസ്പിറ്റൽ, മിതൃമ്മല(കല്ലറപഞ്ചായത്ത്) | 1. സീനിയർ വെറ്ററിനറി സർജൻ<br>2. ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ<br>3. അറ്റൻഡന്റ്<br>4. പാർട്ട് ടൈം സ്വീപ്പർ | 1<br>1<br>1<br>1 |
| വെറ്ററിനറി സ്ബ്സെന്റർ, പരപ്പിൽ | 1. ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ<br>2. കാഷ്വൽ പാർട്ട് ടൈം സ്വീപ്പർ | 1<br>1 |

(ബി)

| സ്ഥാപനത്തിന്റെ പേര്, പഞ്ചായത്ത് | തസ്തിക | ഒഴിവുകളുടെ എണ്ണം |
|---|---|---|
| (1) | (2) | (3) |
| വെറ്ററിനറിസബ്സെന്റർ, കൊഴവിള | ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ | 1 |
| വെറ്ററിനറിസബ്സെന്റർ, തെന്നൂർ | ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ | 1 |
| വെറ്ററിനറിസബ്സെന്റർ, പൂവത്തൂർ | ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ | 1 |

| (1) | (2) | (3) |
|---|---|---|
| വെറ്ററിനറി ഡിസ്പെൻസറി ആനാട്(ആനാട്പഞ്ചായത്ത്) | അറ്റൻഡന്റ് | 1 |
| വെറ്ററിനറിസ്ബ്സെന്റർ, തേമ്പാമൂട് | ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ | 1 |
| വെറ്ററിനറിഹോസ്പിറ്റൽ, മിതൃമ്മല (കല്ലറ പഞ്ചായത്ത്) | ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ<br>അറ്റന്റന്റ് | 1<br>1 |

**പട്ടികജാതി വിഭാഗത്തിലുള്ളവർക്കായുള്ള പദ്ധതികൾ**

112 (1924) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിലുള്ളവർക്കായി മൃഗസംരക്ഷണ വകുപ്പ് എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഈ പദ്ധതികൾ പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർ വേണ്ടവിധം പ്രയോജനപ്പെടുത്തിയിട്ടില്ലെന്നുള്ളത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) പദ്ധതികൾ വേണ്ടവിധം പ്രയോജനപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷം പട്ടികജാതി വികസന വകുപ്പിൽ നിന്നും മൃഗസംരക്ഷണ വകുപ്പിന് രണ്ട് പശുവും മൂന്ന് കന്നുകുട്ടികളും നൽകുന്ന പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിരുന്നു. പ്രസ്തുത പദ്ധതിയിൽ ഒരു ഗുണഭോക്താവിന് രണ്ട് പശുക്കളും മൂന്ന് കന്നുകുട്ടികളും, കന്നുകുട്ടികൾക്കുള്ള തീറ്റ, തൊഴുത്ത് നിർമ്മാണത്തിനുള്ള സഹായം എന്നിവ ഉൾപ്പെടെ 1,35,000 രൂപയുടെ ധനസഹായമാണ് നൽകുന്നത്. പ്രസ്തുത പദ്ധതിക്കായി 499.5 ലക്ഷം രൂപ മൃഗസംരക്ഷണ വകുപ്പിന് പട്ടികജാതി വികസനവകുപ്പിൽനിന്നും ലഭിച്ചിരുന്നു. സംസ്ഥാനമൊട്ടാകെ 370 ഗുണഭോക്താക്കൾക്കാണ് പദ്ധതി നടപ്പിലാക്കേണ്ടത്. ഈ പദ്ധതി 96 ശതമാനം പൂർത്തിയായി. മിച്ചം യൂണിറ്റുകളും കൂടി ഉടനടി നടപ്പിലാക്കി പദ്ധതി ഉടൻ പൂർത്തീകരിക്കുന്നതാണ്. 2015-16 കാലയളവി ലേക്കായി വിവിധങ്ങളായ പദ്ധതികൾ ഭരണാനുമതിക്കായി മൃഗസംരക്ഷണ വകുപ്പ് പട്ടികജാതി വികസനവകുപ്പിലേയ്ക്ക് സമർപ്പിച്ചിരുന്നു. പട്ടികജാതി വിഭാഗത്തിലുള്ളവർക്കായി രണ്ട് പശുക്കൾ അടങ്ങിയ ചെറുകിട ഡയറി യൂണിറ്റ് പദ്ധതി, അഞ്ച് ആടുകൾ അടങ്ങുന്ന ചെറുകിട ആട്ടുവളർത്തൽ പദ്ധതി, കോഴിവളർത്തൽ പദ്ധതി എന്നിവ

ഭരണാനുമതിയ്ക്കായി സമർപ്പിച്ചിരുന്നു. ഇതിൽ കോഴിവളർത്തൽപദ്ധതിക്ക് അനുമതി ലഭിച്ചിട്ടുണ്ട്. 5600 ഗുണഭോക്താക്കൾക്കായി 45 ദിവസം മുതൽ 60 ദിവസം വരെ പ്രായമായ 10 കോഴികുഞ്ഞുങ്ങളെ നൽകുന്ന പദ്ധതിക്ക് ഭരണാനുമതിയും 57.84 ലക്ഷം രൂപയുടെ ധനസഹായവും 2016 ആഗസ്റ്റ് മാസം ലഭ്യമായിട്ടുണ്ട്. ഈ തുക വിനിയോഗിച്ച് കോഴിവളർത്തൽ പദ്ധതി ഉടൻ നടപ്പിലാക്കുന്നതാണ്.

(ബി) ഈ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്കുള്ള പദ്ധതികൾ കാര്യക്ഷമമായാണ് നടപ്പിലാക്കാറുള്ളത്.

(സി) ആവശ്യമെങ്കിൽ നടപടി സ്വീകരിക്കുന്നതാണ്.

**സെൻട്രൽ ഹാച്ചറി**

113(1925) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ താലൂക്കിലുള്ള സെൻട്രൽ ഹാച്ചറി നവീകരിക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തുക വകയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത സെൻട്രൽ ഹാച്ചറിയുടെ നവീകരണം സംബന്ധിച്ച് എന്തെല്ലാം പ്രവർത്തനങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത് എന്ന് വിശദമാക്കുമോ;

(സി) നവീകരണ പ്രവർത്തനങ്ങൾ പ്രസ്തുത ഹാച്ചറിയുടെ ഉൽപ്പാദന പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുമോ എന്ന് വിലയിരുത്തിയിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) സെൻട്രൽ ഹാച്ചറി നവീകരണത്തിനായി നബാർഡിന്റെ ഗ്രാമീണ പശ്ചാത്തല വികസന ഫണ്ട് (RIDF)-ൽ ഉൾപ്പെടുത്തി 5.6 കോടി രൂപയുടെ പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. ഈ സാമ്പത്തിക വർഷത്തെ തീറ്റ ചെലവിനായി 1.2 കോടി രൂപയും പ്രവർത്തനചെലവിനായി 2.5 ലക്ഷം രൂപയും നൽകി കഴിഞ്ഞിട്ടുണ്ട്.

(ബി) RIDF പദ്ധതിയിൽ താഴെപ്പറയുന്നവ ഉൾപ്പെടുത്തിയിരിക്കുന്നു:

1. പാരന്റ് സ്റ്റോക്കിനെ പാർപ്പിക്കാൻ രണ്ട് നിലകളുള്ള കെട്ടിടം
2. ജീവനക്കാർക്കും തൊഴിലാളികൾക്കും ക്വാർട്ടേഴ്സ്
3. തൊഴിലാളികളുടെ വിശ്രമമുറി

ആർ.കെ.വി.വൈ. പദ്ധതി പ്രകാരം നിർമ്മാണം പൂർത്തീകരിച്ച ഫീഡ് മിൽ പ്രവർത്തനക്ഷമമാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) 17000 കോഴിക്കുഞ്ഞുങ്ങളെ അധികമായി ഉത്പാദിപ്പിക്കാൻ RIDF പദ്ധതി വഴി സാധിക്കും.

ഫീഡ് മിൽ പ്രവർത്തനം ആരംഭിക്കുന്ന മുറയ്ക്ക് ഉല്പാദനപ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുന്നതാണെന്ന് വിലയിരുത്തുന്നു. പാരന്റ് സ്റ്റോക്ക് വർദ്ധനവിലൂടെ ഉൽപ്പാദനം വർദ്ധിപ്പിക്കുവാൻ ലക്ഷ്യമിടുന്നു.

**കന്നുകുട്ടി പരിപാലന പദ്ധതി**

114 (1926) ശ്രീ. അനിൽ അക്കര:

ശ്രീ. വി. ടി. ബൽറാം :

ശ്രീ. അടൂർ പ്രകാശ് :

ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കന്നുകുട്ടി പരിപാലനത്തിന് ഏതെല്ലാം പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്; വിശദീകരിക്കുമോ;

(ബി) പദ്ധതിയനുസരിച്ച് സബ്സിഡി നിരക്കിൽ കാലിത്തീറ്റയും മറ്റ് പരിപാലന സംവിധാനങ്ങളും നൽകുന്നുണ്ടോ; വിശദീകരിക്കുമോ;

(സി) പ്രസ്തുത പദ്ധതിയനുസരിച്ച് കന്നുകുട്ടികളുടെ എൻറോൾമെന്റ് നടത്തിയിട്ടുണ്ടോ;

(ഡി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വിവരിക്കുമോ?

1056/2017

ഉത്തരം

(എ) കാഫ് അഡോപ്ഷൻ പ്രോഗ്രാം, ഗോവർദ്ധിനി എന്നീ

പദ്ധതികളാണ് കന്നുകുട്ടി പരിപാലന പരിപാടിയിൽ നടപ്പാക്കിയിട്ടുള്ളത്. ഒരു പശുക്കുട്ടിയെ 4-30 മാസം പ്രായം വരെ ശാസ്ത്രീയമായി സംരക്ഷിക്കുന്നതിന് ആവശ്യമായ ചെലവിന്റെ പകുതി പരിധിക്ക് വിധേയമായി, സർക്കാരിന്റെ വികസന ഫണ്ടിൽ നിന്നും ധനസഹായമായി നൽകുന്ന പദ്ധതിയാണ് ഗോവർദ്ധിനി പദ്ധതി. സമാനമായ ഒരു പദ്ധതിയാണ് കാഫ് അഡോപ്ഷൻ പ്രോഗ്രാം. ഈ പദ്ധതിയിൽ ധനസഹായത്തിന്റെ പകുതി സംസ്ഥാന സർക്കാരും ശേഷിക്കുന്ന പകുതി ഗ്രാമപഞ്ചായത്തുകളും നൽകുന്നു.

(ബി) ഉണ്ട്.

1. 4-30 മാസം വരെ ആവശ്യമായി വരുന്ന കന്നുകുട്ടികളുടെ തീറ്റയുടെ പകുതി വില പരിധിക്ക് വിധേയമായി ധനസഹായം നൽകുന്നു.
2. പശുക്കുട്ടിയെ 4-32 മാസം വരെ ഇൻഷ്വർ ചെയ്യുന്ന പ്രീമിയം തുകയുടെ പകുതി ധനസഹായം നൽകുന്നു.
3. കർഷകന് ശാസ്ത്രീയ പരിശീലനം നൽകുകയും 100 രൂപ പരിശീലന ബത്ത നൽകുകയും ചെയ്യുന്നു.
4. ആവശ്യമായ വെറ്ററിനറി സഹായം നൽകുന്നു.
5. പുൽകൃഷിക്ക് പ്രോത്സാഹനം നൽകുന്നു.

(സി) ഗോവർദ്ധിനി പദ്ധതിയിലെ എൻറോൾമെന്റ് നടപ്പ് സാമ്പത്തിക വർഷം പകുതിയോളം പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിച്ചവ നടന്നുവരുന്നു. ഗ്രാമപഞ്ചായത്തുകളുടെ വിഹിതം ലഭിക്കുന്ന മുറയ്ക്ക് കാഫ് അഡോപ്ഷൻ പ്രോഗ്രാമിലെ എൻറോൾമെന്റ് നടത്തുന്നതാണ്.

(ഡി) സംസ്ഥാനത്ത് ഒരു അഡീഷണൽ ഡയറക്ടറുടെ നേതൃത്വത്തിൽ പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടിയുടെ ആസ്ഥാനം പ്രവർത്തിക്കുന്നു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, പാലക്കാട്, കണ്ണൂർ, കോഴിക്കോട് എന്നീ എട്ട് ജില്ലകളിൽ ഈ പദ്ധതി നടത്തിപ്പിനായി പ്രത്യേകം ജില്ലാതല ഓഫീസുകളും വെറ്ററിനറി സർജൻമാരും നിലവിലുണ്ട്. മറ്റ് ആറ് ജില്ലകളിൽ പ്രാദേശികസർക്കാർ മൃഗാശുപത്രിയിലെ വെറ്ററിനറി ഡോക്ടർമാരാണ് പദ്ധതി നടപ്പാക്കുന്നത്.

## ഗോവർദ്ധിനി പദ്ധതി

115 (1927) ശ്രീ. പി. ടി. തോമസ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗോവർദ്ധിനി പദ്ധതി നടപ്പാക്കിവരുന്നുണ്ടോ; വിശദമാക്കുമോ;

(ബി) കന്നുകുട്ടികളുടെ പരിപാലനത്തിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്, വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പദ്ധതിയനുസരിച്ച് എന്തെല്ലാം സഹായങ്ങളാണ് കന്നുകുട്ടി പരിപാലനത്തിനായി നൽകുന്നത്; വിവരിക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയനുസരിച്ച് എത്ര കന്നുകുട്ടികളെ എൻറോൾ ചെയ്തിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) നടപ്പാക്കിവരുന്നുണ്ട്. ഒരു പശുക്കുട്ടിയെ 4-30 മാസം പ്രായം വരെ ശാസ്ത്രീയമായി സംരക്ഷിക്കുന്നതിന് ആവശ്യമായ ചെലവിന്റെ പകുതി പരിധിക്ക് വിധേയമായി, സർക്കാരിന്റെ വികസന ഫണ്ടിൽ നിന്നും ധനസഹായം നൽകുന്ന പദ്ധതിയാണ് ഗോവർദ്ധിനി.

(ബി) പോഷകാഹാരം നൽകുക, പശുക്കുട്ടിയെ ഇൻഷ്വർ ചെയ്യുക, ആവശ്യമായ വെറ്ററിനറി സഹായം നൽകുക, കർഷകന് ശാസ്ത്രീയ പരിശീലനം നൽകുക, പുൽകൃഷിക്ക് പ്രോത്സാഹനം നൽകുക എന്നീ കാര്യങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(സി) 1. കന്നുകുട്ടികളുടെ തീറ്റയുടെ പകുതിവില പരിധിക്ക് വിധേയമായി ധനസഹായം നൽകുന്നു.

2. പശുക്കുട്ടിയെ 4-32 മാസം വരെ ഇൻഷ്വർ ചെയ്യുന്ന പ്രീമിയം തുകയുടെ പകുതി ധനസഹായം നൽകുന്നു.

3. കർഷകന് ശാസ്ത്രീയ പരിശീലനം നൽകുകയും 100 രൂപ പരിശീലന ബത്ത നൽകുകയും ചെയ്യുന്നു.

4. ആവശ്യമായ വെറ്ററിനറി സഹായം നൽകുന്നു.

5. പുൽകൃഷിക്ക് പ്രോത്സാഹനം നൽകുന്നു.

(ഡി) 2016-17 വർഷത്തിൽ സംസ്ഥാനത്ത് 47,760 പശുക്കുട്ടികളെ പദ്ധതിയിൽ വരി ചേർക്കുന്നതിന് ലക്ഷ്യമിടുന്നു. ഇതിൽ പകുതിയോളം വരി ചേർത്തുകഴിഞ്ഞു. ശേഷിക്കുന്നവയെ വരി ചേർക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## നാട്ടാനകളുടെ പുനരധിവാസം

116 (1928) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടാനകൾക്കായി വനം വകുപ്പ് എന്തെങ്കിലും പുനരധിവാസ പദ്ധതി ആലോചിക്കുന്നുണ്ടോ; എങ്കിൽ അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി)ഏതൊക്കെ വിഭാഗത്തിൽപ്പെട്ട ആനകളെ പുനരധിവസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്; പദ്ധതിക്കായി എത്ര ഏക്കർ സ്ഥലം കണ്ടെത്തും; വിശദാംശങ്ങൾ നൽകുമോ;

(സി) ആന ഉടമകൾ പദ്ധതിയെ സംശയദൃഷ്ട്യാ വീക്ഷിക്കുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു പദ്ധതിയെ പ്രതികൂലമായി ബാധിക്കുമോ; ഇല്ലെങ്കിൽ വിശദാംശങ്ങൾ നൽകുമോ ?

### ഉത്തരം

(എ) നാട്ടാനകൾക്കായി ഒരു പുനരധിവാസ കേന്ദ്രം നിർമ്മിക്കേണ്ടത് അത്യാവശ്യമാണെന്ന് സർക്കാർ കരുതുന്നതിനാൽ ഇക്കാര്യത്തിൽ ഒരു പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിന് ആവശ്യമായ വിവരങ്ങൾ സമർപ്പിക്കുവാൻ 23-8-2016-ലെ 268/ഡി2/16/വനം നമ്പർ കത്തുപ്രകാരം വനം വകുപ്പ് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഇക്കാര്യത്തിലുള്ള പദ്ധതി രൂപരേഖ തയ്യാറാക്കിയതിനുശേഷം ഏതൊക്കെ വിഭാഗത്തിൽപ്പെട്ട ആനകളെയാണ് പുനരധിവസിപ്പിക്കേണ്ടത് എന്ന കാര്യത്തിൽ പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഉത്തരം (സി)-യുടെ അടിസ്ഥാനത്തിൽ ബാധകമാവുന്നില്ല.

## മാൾട്ടപ്പനി (ബ്രൂസെല്ലോസിസ്)

117 (1929) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മനുഷ്യരിൽ ഗർഭച്ഛിദ്രമുൾപ്പെടെയുള്ള ഗുരുതര ആരോഗ്യ പ്രശ്നങ്ങൾക്കിടയാക്കുന്നതും മൃഗങ്ങളെ ബാധിക്കുന്നതുമായ മാൾട്ടപ്പനി (ബ്രൂസെല്ലോസിസ്) രോഗം മനുഷ്യരിലേക്ക് എത്തിയതായി ഏതെങ്കിലും കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; രോഗ ലക്ഷണങ്ങൾ എന്തെല്ലാമാണ്;

(ബി) വെറ്ററിനറി സർവ്വകലാശാല രോഗം കണ്ടെത്തിയ വിവരം മറച്ചുവച്ചു എന്ന പരാതി ലഭിച്ചിട്ടുണ്ടോ; വിവരം ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്ത് എത്ര പേർ ഈ രോഗം ബാധിച്ച് മരണപ്പെട്ടുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2014 മുതൽ സംസ്ഥാനത്ത് ഇതുവരെ ഏഴുപേർക്ക് രോഗം സ്ഥിരീകരിച്ചിട്ടുണ്ട്. പെട്ടെന്നുണ്ടാകുന്ന വിറയലോടു കൂടിയ പനി (40 മുതൽ 41 ഡിഗ്രി വരെ), സന്ധിവേദന, നടുവേദന, തലവേദന, പ്ലീഹ വീക്കം എന്നിവ രോഗ ലക്ഷണങ്ങളാണ്.

(ബി) പരാതി ലഭിച്ചിട്ടില്ല.

(സി) ഈ രോഗം ബാധിച്ച് ആളുകൾ മരിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

## മായം കലർന്ന പാൽ

118 (1930) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ പാൽ ടാങ്കർ ലോറികൾ അതിർത്തി ചെക്ക് പോസ്റ്റുകൾ കടന്ന് സംസ്ഥാനത്തെത്തുന്നുവെന്ന പരാതി ലഭിച്ചിട്ടുണ്ടോ; ഇത്തരം പാലിൽ മായം കലർന്നതായി കണ്ടെത്തിയിട്ടുണ്ടോ; മായം കലർന്നത് കണ്ടുപിടിക്കുവാനുള്ള സംവിധാനം എവിടെയൊക്കെ നിലവിലുണ്ട്; വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം ചെക്ക് പോസ്റ്റുകളിൽ ഇത്തരം പരിശോധന നടത്തുവാൻ സൗകര്യമുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) മായം കലർന്ന പാൽ കൊണ്ടുവരുന്നവർക്കെതിരെ ഏതെല്ലാം ചെക്ക് പോസ്റ്റുകളിൽ നടപടി എടുത്തിട്ടുണ്ട്; പാലിൽ മായം കലർത്തുന്ന ടാങ്കർ ലോറികൾ കണ്ടെത്തുവാനും നടപടി എടുക്കുവാനും ചെക്ക്പോസ്റ്റുകളിൽ ആവശ്യത്തിന് സംവിധാനം ഉണ്ടാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. അന്യസംസ്ഥാനങ്ങളിൽ നിന്നുൾപ്പെടെ എത്തുന്ന പാൽ ടാങ്കറുകളിൽ നിന്നുള്ള സാമ്പിളുകൾ പരിശോധനയ്ക്ക് അയച്ചതിൽ രണ്ട് സാമ്പിളുകൾ നിശ്ചിത ഗുണനിലവാരമില്ലാത്തതാണെന്ന് കണ്ടെത്തിയിട്ടുണ്ട്. അവർക്കെതിരെ 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിലും അനുബന്ധ ചട്ടങ്ങളിലും അനുശാസിക്കും പ്രകാരമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സ്റ്റേറ്റ് ഡയറി ലാബിലും 14 ജില്ലകളിലും പ്രവർത്തിക്കുന്ന ക്വാളിറ്റി കൺട്രോൾ യൂണിറ്റുകളിലും പാൽ പരിശോധന നടത്തുന്നതിനുള്ള സ്ഥിരം സൗകര്യം നിലവിലുണ്ട്.

(ബി) ചെക്ക് പോസ്റ്റ് കേന്ദ്രീകരിച്ച് സ്ഥിരം സംവിധാനങ്ങൾ നിലവിലില്ല.

(സി) ഓണക്കാലത്ത് പാറശ്ശാല, ആര്യങ്കാവ്, കുമിളി, മീനാക്ഷിപുരം വാളയാർ എന്നിവിടങ്ങളിൽ താൽക്കാലിക ചെക്ക് പോസ്റ്റ് സംവിധാനം ഏർപ്പെടുത്തി പാൽ പരിശോധന നടത്തി വരുന്നുണ്ട്. ചെക്ക് പോസ്റ്റുകളിൽ സ്ഥിരസംവിധാനം ഉണ്ടാക്കുന്നത് സംബന്ധിച്ച് സർക്കാർ ആലോചിക്കുന്നതാണ്.

**മായം കലർന്ന പാലും പാലുല്പന്നങ്ങളും നിരോധിക്കാൻ നടപടി**

119 (1931) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിനു പുറത്തുനിന്നും വിൽപ്പനയ്ക്കായി വരുന്ന പല കമ്പനികളുടെയും പാലും പാലുല്പന്നങ്ങളും മായം കലർന്നും, രാസവസ്തുക്കൾ ചേർന്നും ഭക്ഷ്യയോഗ്യമല്ലാത്തതാണ് എന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മായം കലർന്നതും, രാസവസ്തുക്കൾ ചേർന്ന് ഭക്ഷ്യയോഗ്യമല്ലാത്തതുമായ പാലുല്പന്നങ്ങൾ കണ്ടെത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇതുപ്രകാരം ഏതെല്ലാം കമ്പനികളുടെ പാലും പാലുല്പന്നങ്ങളുമാണ് ഭക്ഷ്യയോഗ്യമല്ലാത്തതായി കണ്ടെത്തിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ജില്ലകളിൽ പാൽ സാമ്പിളുകൾ പരിശോധിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. അന്യസംസ്ഥാനങ്ങളിൽനിന്ന് കൊണ്ടുവരുന്ന പാലിന്റെയും പാൽ ഉൽപ്പന്നങ്ങളുടെയും സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ അനലിറ്റിക്കൽ ലാബിൽ പരിശോധിച്ച് നിശ്ചിത ഗുണനിലവാരം ഇല്ലാത്തതോ മായം ചേർത്തതായോ കണ്ടെത്തുന്നപക്ഷം 2006-ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമത്തിലും അനുബന്ധചട്ടങ്ങളിലും അനുശാസിക്കുംപ്രകാരമുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്.

(സി) 1. സെൻട്രൽ പ്രോഡക്സ് ഡയറി, എം.ആർ.സി.എം.പി.യു. ലിമിറ്റഡ്, ബേപ്പൂർ നോർത്ത്, കോഴിക്കോട്

2. ഫ്രഷ് ബ്രാൻഡ് പാസ്ചറൈസ്ഡ് ഡബിൾ ടോണ്ട് മിൽക്ക്, തെങ്കാശി

3. ജേഷ്മ ക്രീം മിൽക്ക് എന്നിവയാണ്.

**പാൽ ഉൽപ്പാദനം**

120 (1932) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഓണക്കാലത്ത് അന്യസംസ്ഥാനങ്ങളിൽ നിന്ന് അധികമായി വാങ്ങിയ പാലിന്റെ അളവ് എത്രയെന്നും ഏതൊക്കെ സംസ്ഥാനങ്ങളിൽ നിന്ന് എന്നും വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കൃത്യമായി കണക്കാക്കിയിട്ടില്ല. എന്നാൽ 11-9-2016 മുതൽ 20-9-2016 വരെയുള്ള കാലയളവിൽ മേഖലാ യൂണിയനുകൾ (തിരുവനന്തപുരം മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ, എറണാകുളം മേഖലാ സഹകരണ

ക്ഷീരോല്പാദക യൂണിയൻ, മലബാർ മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ) മുഖേന തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിൽ നിന്ന് 56,55,683 ലിറ്റർ പാൽ വാങ്ങിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിന് ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. തീറ്റപ്പുൽകൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി, മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം, ഇന്റഗ്രേറ്റഡ് ഡയറി ഡവലപ്മെന്റ് പ്രോഗ്രാം ക്ഷീര സംഘങ്ങൾക്കുള്ള ധനസഹായം, പാൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി, ആവശ്യാധിഷ്ഠിത ധനസഹായം എന്നീ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കി വരുന്നത്. കൂടാതെ ക്ഷീരകർഷകരെ ഈ മേഖലയിൽ നിലനിർത്തിക്കൊണ്ട് ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ക്ഷീരകർഷക ക്ഷേമനിധിയുടെ പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം എന്നിവ നൽകിവരുന്നു. മിൽമയുടെ കീഴിലുള്ള മേഖലാ യൂണിയനുകൾ സംസ്ഥാനത്ത് പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി സ്വന്തം ഫണ്ട് ഉപയോഗിച്ചും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായം ഉപയോഗിച്ചും വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

**അയൽ സംസ്ഥാനങ്ങളിൽ നിന്നുള്ള പാലും പാലുൽപ്പന്നങ്ങളും**

121 (1933) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അയൽ സംസ്ഥാനങ്ങളിൽ നിന്നും എത്ര പാലും പാലുൽപ്പന്നങ്ങളുമാണ് ദിവസേന കേരളത്തിലെത്തുന്നതെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

കൃത്യമായി കണക്കാക്കിയിട്ടില്ല. എന്നാൽ മൂന്ന് മേഖലാ യൂണിയനുകൾ (തിരുവനന്തപുരം മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ, മലബാർ മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ, എറണാകുളം മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ) മുഖാന്തരം പ്രതിദിനം ശരാശരി 2.4 ലക്ഷം ലിറ്റർ പാലാണ് കേരളത്തിലെത്തുന്നത്. പാലുല്പന്നങ്ങളുടെ കണക്ക് ലഭ്യമല്ല.

**ശുദ്ധമായ പാലും പാലുല്പന്നങ്ങളും ന്യായവിലയ്ക്ക് ലഭ്യമാക്കാൻ നടപടി**

122 (1934) ശ്രീ. പി. ഉണ്ണി :

ശ്രീ. കെ. ഡി. പ്രസേനൻ :

ശ്രീ. കെ. ആൻസലൻ :

ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയൽ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലെത്തുന്ന പാലും പാലുല്പന്നങ്ങളും എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ശുദ്ധമായ പാലും പാലുല്പന്നങ്ങളും ജനങ്ങൾക്ക് ന്യായവിലയ്ക്ക് ലഭിയ്ക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കൃത്യമായി കണക്കാക്കിയിട്ടില്ല. എന്നാൽ മൂന്ന് മേഖലാ യൂണിയനുകൾ (തിരുവനന്തപുരം മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ, എറണാകുളം മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ, മലബാർ മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ) മുഖാന്തരം പ്രതിദിനം ശരാശരി 2.4 ലക്ഷം ലിറ്റർ പാലാണ് കേരളത്തിലെത്തുന്നത്. പാലുല്പന്നങ്ങളുടെ കണക്ക് ലഭ്യമല്ല.

(ബി) വിതരണം ചെയ്യുന്ന പാലിന്റെയും പാലുൽപ്പന്നങ്ങളുടെയും ഗുണമേന്മ പരിശോധിക്കുന്നതിന് ഡയറികളിൽ ആധുനിക സംവിധാനങ്ങളോടു കൂടിയ ലബോറട്ടറികൾ പ്രവർത്തിക്കുന്നു. പ്രസ്തുത ലബോറട്ടറികളിൽ ആന്റിബയോട്ടിക് ടെസ്റ്റ്, അഡൽട്രേഷൻ ടെസ്റ്റ്, പ്രിസർവേറ്റീവ് ടെസ്റ്റ്, ബാക്ടീരിയോളജിക്കൽ ടെസ്റ്റ് എന്നിവ നടത്തി ഗുണനിലവാരം ഉറപ്പുവരുത്താനുള്ള ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. വിപണിയിലെ വില നിലവാരം, ഉല്പാദന ചെലവ്, അയൽ സംസ്ഥാനങ്ങളിൽ നിന്നുള്ള പാലിന്റെ വില എന്നിവ കാലാകാലങ്ങളിൽ വിലയിരുത്തിയാണ് പാലിന്റെയും പാലുല്പന്നങ്ങളുടെയും വില നിശ്ചയിക്കുന്നത്. ഇത് വിപണി വിലയുമായി താരതമ്യം ചെയ്യുമ്പോൾ ന്യായവിലയാണ്.

**മൃഗശാലകൾ**

123 (1935) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര മൃഗശാലകൾ ഉണ്ട്; ഇവ ഏതൊക്കെയെന്ന് വിശദമാക്കുമോ;

(ബി) കേരളത്തിലെ മൃഗശാലകളിൽ വിവിധ ഇനത്തിൽപ്പെട്ട മൃഗങ്ങളും മറ്റും വളരെ കുറവാണെന്നുള്ള വസ്തുത മനസ്സിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കേരളത്തിലെ വിവിധ മൃഗശാലകളിൽ നല്ലയിനം മൃഗങ്ങളേയും, പക്ഷികളേയും, പാമ്പുകളേയും മറ്റും അന്യരാജ്യങ്ങളിൽനിന്നും കൊണ്ടുവന്ന് മൃഗശാല വിപുലീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) മ്യൂസിയം മൃഗശാലാ വകുപ്പിന്റെ കീഴിൽ രണ്ട് മൃഗശാലകളാണുള്ളത്. തിരുവനന്തപുരം മൃഗശാലയും തൃശ്ശൂർ മൃഗശാലയും.

(ബി) ഉണ്ട്. കൂടുതൽ മൃഗങ്ങളെ മൃഗശാലകളിൽ എത്തിക്കുന്നതിന് സ്ഥലപരിമിതി വലിയ തടസ്സമായി നിൽക്കുന്നു. കേന്ദ്ര മൃഗശാലാ അതോറിറ്റി അംഗീകരിച്ച മാസ്റ്റർ പ്ലാനിലെ കളക്ഷൻ പ്ലാനിൽ ഉൾപ്പെട്ട ജിറാഫ്, ഏഷ്യാറ്റിക്ക് സിംഹം, കഴുതപ്പുലി, വൈറ്റ് ലയൺ എന്നീ മൃഗങ്ങൾ നമ്മുടെ മൃഗശാലകളിലില്ല.

(സി) കേന്ദ്ര മൃഗശാലാ അതോറിറ്റി അംഗീകരിച്ച മാസ്റ്റർ പ്ലാനിലെ കളക്ഷൻ പ്ലാനിൽ ഉൾപ്പെട്ടതും, തിരുവനന്തപുരം മൃഗശാലയിൽ ലഭ്യമല്ലാത്തതുമായ മൃഗങ്ങളെ മൃഗശാലയിൽ ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

**തിരുവനന്തപുരം മൃഗശാല**

124 (1936) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മൃഗശാലയിൽ ഈയിടെ ഒട്ടേറെ മാനുകൾ, വിദേശ ഇനം പക്ഷികൾ എന്നിവ ചത്തുപോകാനിടയായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇപ്പോൾ ഹിമാലയൻ കരടി മരണാസന്ന നിലയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കൃത്യസമയത്ത് ചികിത്സയും പരിചരണവും ലഭിക്കാത്തതാണ് മൃഗങ്ങളുടെ രോഗാവസ്ഥയ്ക്കും മരണത്തിനും ഇടയാക്കുന്നതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ മൃഗശാലയിലെ മൃഗങ്ങൾക്ക് കൃത്യസമയത്ത് ഭക്ഷണം, ചികിത്സ അടക്കമുള്ള പരിചരണങ്ങൾ എന്നിവ ഉറപ്പാക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളും; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. കഴിഞ്ഞ നാല് മാസക്കാലയളവിനുള്ളിൽ മൂന്ന് പുള്ളിമാനുകളും രണ്ട് വിദേശ ഇനം പക്ഷികളുമാണ് ചത്തുപോയിട്ടുള്ളത്.

പുള്ളിമാനുകൾ എണ്ണം കൂടുതലായതിനാൽ പരസ്പരമുള്ള പോരാട്ടംകൊണ്ട് മാരകമായി പരിക്കേറ്റതിനാലാണ് മരണപ്പെട്ടത്.

മൃഗശാലയിലെ പക്ഷികളിൽ ചെള്ള് ബാധ കണ്ടെത്തിയതിനെത്തുടർന്ന് ജീവികൾക്കും സന്ദർശകർക്കും ബുദ്ധിമുട്ടുകൾ ഉണ്ടാകാതിരിക്കാൻ എല്ലാ പക്ഷികൾക്കും മരുന്ന് നൽകിയിരുന്നു. ഇക്കാലയളവിൽ ട്യൂമർ ബാധിച്ച് പ്രായമുള്ള രണ്ട് പക്ഷികൾ ചത്തുപോവുകയുണ്ടായി. മൃഗശാലയിൽ പ്രായാധിക്യംകൊണ്ടും മൃഗങ്ങൾ തമ്മിൽ പരസ്പരം പോരടിക്കുന്നതുകൊണ്ടും മാത്രമാണ് സാധാരണ മരണങ്ങൾ ഉണ്ടാകുന്നത്.

(ബി) ഉണ്ട്. ഹിമാലയൻ കരടിയുടെ ശരാശരി ആയുസ്സ് 25 വർഷമാണ്. 31-3-2004-ൽ ഹരിയാനയിലെ ബിവാനി മൃഗശാലയിൽനിന്നും കൊണ്ടുവന്ന ഹിമാലയൻ കരടിയുടെ പ്രായം 25 വയസ്സാണ്. വാർദ്ധക്യസഹജമായ ബുദ്ധിമുട്ടുകൾ കൊണ്ടാണ് കിടപ്പിലായത്. മൃഗശാലാ ആശുപത്രിയിൽ ഇതിന് പ്രത്യേക പരിചരണം നൽകിവരികയായിരുന്നു. പ്രസ്തുത കരടി 3-10-2016 രാത്രി 10.30-ന് മരണപ്പെട്ടു.

(സി) മൃഗശാലയിലെ എല്ലാജീവികൾക്കും യഥാസമയത്ത് കൃത്യമായ പരിചരണവും ചികിത്സയും നൽകി വരുന്നുണ്ട്.

(ഡി) മൃഗശാലയിലെ മൃഗങ്ങൾക്ക് കൃത്യസമയത്ത് ഭക്ഷണം, യഥാസമയത്ത് ചികിത്സ എന്നിവയടക്കമുള്ള പരിചരണങ്ങൾ യാതൊരുവിധ വീഴ്ചയും കൂടാതെ നൽകി വരുന്നുണ്ട്.

**ജലസേചന പുഴ സംരക്ഷണ പ്രവൃത്തികൾ**

125 (1937) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവമ്പാടി

മണ്ഡലത്തിൽ നിന്ന് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിച്ച ജലസേചന, ചെറുകിട ജലസേചന, പുഴസംരക്ഷണ പ്രവൃത്തികൾ ഏതൊക്കെയെന്നും അവയുടെ വിശദാംശങ്ങളും നിലവിലെ അവസ്ഥയും വ്യക്തമാക്കാമോ;

(ബി) ഈ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവമ്പാടി മണ്ഡലത്തിൽ താഴെപ്പറയുന്ന പ്രവർത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

1. പുതുപ്പാടി പഞ്ചായത്തിൽ കിളയൂരിൽ ഉപ്പത്തിക്കുന്ന് തോടിന്റെ സംരക്ഷണഭിത്തി നിർമ്മാണം ₹ 17.5 lakhs
2. കൊടിയത്തൂർ പഞ്ചായത്തിൽ വാർഡ് നമ്പർ1-ൽ താഴെ മൂരിപ്പള്ളിക്കുസമീപം ഇരുവഞ്ഞിപ്പുഴയുടെ ഇടതുകര സംരക്ഷണം ₹ 25.00 lakhs
3. തിരുവമ്പാടി പഞ്ചായത്തിൽ കമ്പിളിക്കുന്ന് പുല്ലൂരാംപാറ ഇരുവഞ്ഞിപ്പുഴയുടെ ഇടതുകര സംരക്ഷണം ₹ 18.20 lakhs

പ്രസ്തുത എസ്റ്റിമേറ്റുകൾ പരിശോധിച്ച് ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**പുറംബണ്ട് കല്ല് കെട്ടുന്നതിന് അനുമതി**

126 (1938) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുട്ടനാട്ടിലെ ചേന്നങ്കരി കിഴക്കംപുറം പാടശേഖരത്തിന്റെ പുറംബണ്ട് കല്ല് കെട്ടുന്നതിന് അനുമതി നൽകുന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

കുട്ടനാട് താലൂക്കിലെ കൈനകരി പഞ്ചായത്തിൽ ഉൾപ്പെട്ട ചേന്നംങ്കരി കിഴക്കംപുറം പാടശേഖരത്തിന്റെ പുറംബണ്ട് കല്ല് കെട്ടുന്നതുൾപ്പെടെയുള്ള പ്രവൃത്തികൾക്ക് 307 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകി, മേൽ പ്രവൃത്തികൾ രണ്ടു തവണ ടെന്റർ ചെയ്യുകയും ഒരു തവണ ക്വട്ടേഷൻ ക്ഷണിക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ കരാറുകാരിൽ നിന്നും യാതൊരു പ്രതികരണവും ലഭിക്കാത്തതിനാൽ പ്രവൃത്തികൾ നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല.

**ഒരു പഞ്ചായത്തിന് ഒരു കുളം പദ്ധതി**

127 (1939) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'ഒരു പഞ്ചായത്തിന് ഒരു കുളം' എന്ന പദ്ധതി നടപ്പാക്കിവരുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഏറ്റെടുത്ത കുളങ്ങളുടെ നിർമ്മാണ പ്രവൃത്തികളിൽ എത്രയെണ്ണം ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്;

(സി) എത്ര കുളങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്നും അവയിൽ എത്ര എണ്ണം പൂർത്തിയായിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) 'ഒരു പഞ്ചായത്തിന് ഒരു കുളം' പദ്ധതി ഇപ്പോൾ നിലവിലില്ല. എന്നാൽ 2013-14 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിപ്രകാരം 354 കുളങ്ങൾ നവീകരിക്കുന്നതിനായി 72.75 കോടി രൂപയുടെ ഭരണാനുമതി നൽകിയതിൽ 220 കുളങ്ങളുടെ നവീകരണം പൂർത്തിയായിട്ടുണ്ട്.

**ജല അതോറിറ്റി വരവ്-ചെലവ് കണക്ക്**

128 (1940) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ അഞ്ചു കൊല്ലകാലയളവിൽ ജല അതോറിറ്റിയിൽ ഓരോ വർഷവും വേണ്ടിവന്ന എസ്റ്റാബ്ലിഷ്മെന്റ് ചെലവ് , അറ്റകുറ്റപ്പണി ചെലവ്, ഉല്പാദനച്ചെലവ്, വൈദ്യുതിച്ചെലവ് എന്നിവ എത്രയെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്താകമാനം കാലപ്പഴക്കം വന്ന പൈപ്പുകൾ എത്രയുണ്ട്; ഇവ പുനഃസ്ഥാപിക്കാൻ എത്ര ചെലവു വരും; ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ സർക്കാർ കാലയളവിൽ ഓരോ വർഷവും ലഭിച്ച വെള്ളക്കരവരുമാനം എത്ര; മൊത്ത ചെലവ് എത്ര; അതിൽ എസ്റ്റാബ്ലിഷ്മെന്റ് ചെലവ് എത്ര എന്ന് വ്യക്തമാക്കുമോ;

(ഡി) മുൻ സർക്കാർ അധികാരമേറ്റപ്പോഴുള്ള വെള്ളക്കരം (ഇനം തിരിച്ച്) എത്ര; അധികാരം ഒഴിയുമ്പോൾ എത്ര; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ)

| | In crore | In crore | In crore | In crore | In crore |
|---|---|---|---|---|---|
| വർഷം | അറ്റകുറ്റപ്പണി ചെലവ് (1) | എസ്റ്റാബ്ലിഷ്മെന്റ് ചെലവ് (2) | വൈദ്യുതി ചെലവ് (3) | മറ്റ് ചെലവുകൾ (4) | ഉൽപ്പാദന ചെലവ് = (1+2+3+4) |
| 2011-12 | 60.36 | 380.09 | 147.96 | 122.82 | ** Expression is faulty ** |
| 2012-13 | 53.58 | 485.23 | 184.00 | 140.01 | ** Expression is faulty ** |
| 2013-14 | 46.12 | 567.61 | 222.09 | 159.01 | ** Expression is faulty ** |
| 2014-15 | 35.85 | 578.10 | 223.74 | 126.40 | ** Expression is faulty ** |
| 2015-16 | 101.71 | 730.91 | 245.69 | 137.81 | ** Expression is faulty ** |

(ബി) സംസ്ഥാനത്ത് 1914-ൽ കമ്മീഷൻ ചെയ്ത കൊച്ചി മട്ടാഞ്ചേരി പദ്ധതി, 1933-ൽ കമ്മീഷൻ ചെയ്ത തിരുവനന്തപുരം വെല്ലിംഗ്ടൺ വാട്ടർ വർക്ക്സ് തുടങ്ങി വിവിധ കാലഘട്ടങ്ങളിലായി കമ്മീഷൻ ചെയ്ത ശുദ്ധജലവിതരണ പദ്ധതികളുണ്ട്.

ഇതിൽ കാസ്റ്റ് അയൺ, പ്രീസ്ട്രെസ്ഡ് കോൺക്രീറ്റ്, ആസ്ബസ്റ്റോസ് സിമന്റ്, പി.വി.സി. ഡക്ടൈൽ അയൺ തുടങ്ങി വിവിധ പൈപ്പ്ലൈനുകൾ സ്ഥാപിച്ചിട്ടുണ്ട്.

പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡം കാലപ്പഴക്കം മാത്രമല്ല, പൈപ്പുകൾക്കുണ്ടാകുന്ന കേടുപാടുകൾ, ജലവാഹകശേഷിയിൽ ഉണ്ടാകുന്ന കുറവ്, റോഡ്പണികളും മറ്റുംമൂലമുണ്ടാകുന്ന കേടുപാടുകൾ തുടങ്ങി വിവിധ കാരണങ്ങളാൽ പഴയ പൈപ്പുകൾ മാറ്റിസ്ഥാപിക്കേണ്ടതായി വരും. ഇതനുസരിച്ച് കാലാകാലങ്ങളിൽ മുൻഗണനാടിസ്ഥാനത്തിൽ പൈപ്പുകൾ മാറ്റി സ്ഥാപിക്കാറുണ്ട്. ജല അതോറിറ്റിയുടെ ജല വിതരണ ശൃംഖല ആയിരക്കണക്കിന് കിലോമീറ്റർ വ്യാപിച്ചു കിടക്കുന്നതിനാൽ പഴയ പൈപ്പുകളെ സംബന്ധിച്ച കൃത്യമായ കണക്കും അവ മാറ്റി സ്ഥാപിക്കുന്നതിന് വേണ്ടി വരുന്ന തുകയും കണക്കാക്കാൻ സാധിക്കുകയില്ല.

(സി) *(in crore)*

| വർഷം | ലഭിച്ച വെള്ളക്കരം | മൊത്തം ഉൽപ്പാദന ചെലവ് | എസ്റ്റാബ്ലിഷ്മെന്റ് ചെലവ് |
|---|---|---|---|
| 2011-12 | 276.35 | 711.23 | 380.10 |
| 2012-13 | 312.54 | 862.82 | 485.24 |
| 2013-14 | 315.17 | 994.83 | 567.63 |
| 2014-15 | 372.73 | 964.06 | 578.11 |
| 2015-16 | 459.91 | 1216.12 | 729.91 |

(ഡി) <u>മുൻ സർക്കാർ അധികാരമേറ്റപ്പോഴുള്ള വെള്ളക്കരം ഗാർഹിക കണക്ഷൻ:</u>

1. 5000 ലിറ്റർ വരെ - 20 രൂപ
2. 5000 മുതൽ 10000 ലിറ്റർ വരെ - Rs. 20 + 5000 ലിറ്ററിനുമുകളിൽ ഓരോ 1,000 ലിറ്ററിനും 4 രൂപ
3. 10000 മുതൽ 20000 ലിറ്റർ വരെ - Rs. 40 + 5000 ലിറ്ററിനു

മുകളിൽ ഓരോ 1000 ലിറ്ററിനും 5 രൂപ

4. 20000 മുതൽ 30000 ലിറ്റർ വരെ - Rs. 90 + 20000 ലിറ്ററിനു മുകളിൽ ഓരോ 1,000 ലിറ്ററിനും 6 രൂപ

5. 30000 മുതൽ 40000 ലിറ്റർ വരെ - Rs. 150 + 30000 ലിറ്ററിനുമുകളിൽ ഓരോ 1,000 ലിറ്ററിനും 10 രൂപ

6. 40000 മുതൽ 50000 ലിറ്റർ വരെ - Rs. 250 + 40000 ലിറ്ററിനുമുകളിൽ ഓരോ 1,000 ലിറ്ററിനും 14 രൂപ

7. 50000 ലിറ്ററിനുമുകളിൽ - Rs. 390 + 50000 ലിറ്ററിനുമുകളിൽ ഓരോ 1,000 ലിറ്ററിനും 25 രൂപ

10000 ലിറ്ററിന് താഴെ ഉപഭോഗമുള്ള ബി.പി.എൽ. ഉപഭോക്താക്കളിൽ നിന്നും വെള്ളക്കരം ഈടാക്കുന്നില്ല.

ഗാർഹികേതര കണക്ഷൻ

1. 15000 ലിറ്റർ വരെ - ഓരോ 1,000 ലിറ്ററിനും 10 രൂപ നിരക്കിലും മിനിമം ചാർജ്ജ് 125 രൂപയുമാണ്.

2. 15000 മുതൽ 50000 ലിറ്റർ വരെ Rs. 150 + 15000 ലിറ്ററിനുമുകളിൽ ഓരോ 1000 ലിറ്ററിനും 14 രൂപ

3. 50000 മുകളിൽ - Rs. 640 + 50,000 ലിറ്ററിനുമുകളിൽ ഓരോ 1000 ലിറ്ററിനും 25 രൂപ

വ്യാവസായിക കണക്ഷൻ

ഓരോ 1000 ലിറ്ററിനും 25 രൂപ വീതവും മിനിമം ചാർജ് 250 രൂപയുമാണ്. മുനിസിപ്പൽ ടാപ്പ് - വർഷത്തിൽ 5,256 രൂപ,

പഞ്ചായത്ത് ടാപ്പ് - വർഷത്തിൽ 3,500 രൂപ

മുൻസർക്കാർ അധികാരം ഒഴിഞ്ഞപ്പോഴുള്ള വെള്ളക്കര ഗാർഹിക കണക്ഷൻ

1. 5000 ലിറ്റർ വരെ - 20 രൂപ

2. 5000 മുതൽ 10000 ലിറ്റർ വരെ - Rs. 20+5000 ലിറ്ററിനുമുകളിൽ ഓരോ 1,000 ലിറ്ററിനും 4 രൂപ

3. 10000 മുതൽ 15000 ലിറ്റർ വരെ - Rs. 40 + 10000 ലിറ്ററിനുമുകളിൽ ഓരോ 1,000 ലിറ്ററിനും 5 രൂപ

4. 15000 മുതൽ 20000 ലിറ്റർ വരെ - ഓരോ 1000 ലിറ്ററിനും 6 രൂപ വീതം മൊത്ത ഉപഭോഗത്തിന്

5. 20000 മുതൽ 25,000 ലിറ്റർ വരെ - ഓരോ 1000 ലിറ്ററിനും 7 രൂപ വീതം മൊത്ത ഉപഭോഗത്തിന്

6. 25000 മുതൽ 30,000 ലിറ്റർ വരെ - ഓരോ 1000 ലിറ്ററിനും 9 രൂപ വീതം മൊത്ത ഉപഭോഗത്തിന്

7. 30000 മുതൽ 40000 ലിറ്റർ വരെ - ഓരോ 1000 ലിറ്ററിനും 12 രൂപ വീതം മൊത്ത ഉപഭോഗത്തിന്

8. 40000 മുതൽ 50000 ലിറ്റർ വരെ - ഓരോ 1000 ലിറ്ററിനും 14 രൂപ വീതം മൊത്ത ഉപഭോഗത്തിന്

9. 50000 ലിറ്ററിന് മുകളിൽ 700 രൂപ + 50,000 ലിറ്ററിന് മുകളിൽ ഓരോ 1,000 ലിറ്ററിനും 40 രൂപ

15,000 ലിറ്ററിന് താഴെ ഉപഭോഗമുള്ള ബി.പി.എൽ. ഉപഭോക്താക്കളിൽ നിന്നും വെള്ളക്കരം ഈടാക്കുന്നില്ല.

ഗാർഹികേതര കണക്ഷൻ

1. 15000 ലിറ്റർ വരെ - ഓരോ 1000 ലിറ്ററിനും 15 രൂപ നിരക്കിലും മിനിമം ചാർജ് 150 രൂപയുമാണ്.
2. 15000 മുതൽ 30000 ലിറ്റർ വരെ Rs.225 + 15,000 ലിറ്ററിന് മുകളിൽ ഓരോ 1000 ലിറ്ററിനും 21 രൂപ
3. 30000 മുതൽ 50000 ലിറ്റർ വരെ Rs.540 + 30,000 ലിറ്ററിന് മുകളിൽ ഓരോ 1,000 ലിറ്ററിനും 28 രൂപ
4. 50000 ലിറ്ററിനുമുകളിൽ Rs.1,100 + 50,000 ലിറ്ററിന് മുകളിൽ ഓരോ 1,000 ലിറ്ററിനും 40 രൂപ

വ്യാവസായിക കണക്ഷൻ

ഓരോ 1000 ലിറ്ററിനും 40 രൂപ വീതവും മിനിമം ചാർജ്ജ് 250

രൂപയുമാണ്. മുനിസിപ്പൽ ടാപ്പ് - വർഷത്തിൽ 7,884 രൂപ, പഞ്ചായത്ത് ടാപ്പ് - വർഷത്തിൽ 5,250 രൂപ.

**മഴയുടെ ലഭ്യത**

129 (1941) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം കേരളത്തിൽ സാധാരണയായി ലഭിക്കേണ്ട മഴയുടെ അളവിൽ കുറവുവന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മഴയുടെ ലഭ്യതയിൽ ഗണ്യമായ കുറവുണ്ടായതിനാൽ അരുവികൾ, തോടുകൾ, നീർച്ചാലുകൾ തുടങ്ങിയ ജലസ്രോതസ്സുകളിൽ ലഭ്യമായ വെള്ളം കെട്ടി നിർത്താൻ എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) 2016 ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള കാലയളവിൽ കേരളത്തിൽ ലഭിക്കേണ്ടിയിരുന്ന മഴയുടെ അളവിൽ 32 ശതമാനത്തിന്റെ കുറവ് വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. (ഇന്ത്യൻ കാലാവസ്ഥാ വകുപ്പ് പുറപ്പെടുവിച്ച വിവരം അനുസരിച്ച്).

(ബി) ജലസംരക്ഷണ പ്രവർത്തനങ്ങൾ ദീർഘകാല ലക്ഷ്യം കണക്കിലെടുത്താണ് നിർവ്വഹിച്ചുവരുന്നത്. മഴയുടെ തോതിലുണ്ടാകുന്ന കുറവ് ഒരു പരിധിവരെ പരിഹരിക്കുന്നതിനായി തടയണകൾ, കുളങ്ങളുടെ നവീകരണം തുടങ്ങിയ നിർമ്മാണ-സംരക്ഷണ പ്രവൃത്തികൾ സാമ്പത്തിക ലഭ്യതയനുസരിച്ച് ജലസേചന വകുപ്പ് നിർവ്വഹിച്ചുവരുന്നു. കൂടാതെ, ജലനിധി പദ്ധതിപ്രകാരം നടപ്പിലാക്കുന്ന ശുദ്ധജല വിതരണ പദ്ധതികളുടെ കുടിവെള്ള സ്രോതസ്സുകളിൽ ജലലഭ്യത ഉറപ്പാക്കുവാൻ ആവശ്യമായ തടയണകൾ അടക്കമുള്ള ഭൂഗർഭജല സംപോഷണ പ്രവൃത്തികൾ ചെയ്തുവരുന്നുണ്ട്.

**ജലനിധി പദ്ധതി**

130 (1942) ശ്രീ. കെ. മുരളീധരൻ :

ശ്രീ. അൻവർ സാദത്ത് :

ശ്രീ. റോജി എം. ജോൺ :

ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലനിധി പദ്ധതി ഒന്നാം ഘട്ടം പൂർത്തിയാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ആരുടെയെല്ലാം പങ്കാളിത്തത്തോടെയാണ് ഇത് നടപ്പിലാക്കുന്നത്; വിവരിക്കുമോ;

(സി) പദ്ധതിയനുസരിച്ച് എത്ര പഞ്ചായത്തുകളിൽ ഇത് നടപ്പാക്കിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) എത്ര ശുദ്ധജല വിതരണ പദ്ധതികളാണ് ഇതനുസരിച്ച് പൂർത്തിയാക്കിയത്; വിശദമാക്കുമോ?

ഉത്തരം

(എ) ജലനിധി ഒന്നാംഘട്ടത്തിൽ ഏറ്റെടുത്ത പദ്ധതി പ്രവർത്തനങ്ങൾ എല്ലാം പൂർത്തീകരിക്കുകയും തുടർനടത്തിപ്പിനായി ഗുണഭോക്തൃ സമിതികളെ ഏല്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പദ്ധതി ചെലവിന്റെ 75 ശതമാനം സർക്കാരും 10 ശതമാനം ഗ്രാമ പഞ്ചായത്തും 15 ശതമാനം ജനങ്ങളും ചേർന്ന് വഹിക്കുന്നു. പദ്ധതി വിജയകരമായി പൂർത്തിയാക്കുന്നതിന് കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസിയും (ജലനിധി), അവർ നിയോഗിച്ച സഹായ സംഘടനയിലെ ഉദ്യോഗസ്ഥരും പഞ്ചായത്തുകളെയും ഗുണഭോക്തൃ സംഘങ്ങളെയും സഹായിക്കുന്നു.

(സി) ജലനിധി ഒന്നാംഘട്ടം ആലപ്പുഴ ഒഴികെയുള്ള കേരളത്തിലെ ജില്ലകളിലെ തെരഞ്ഞെടുത്ത 112 ഗ്രാമപഞ്ചായത്തുകളിലാണ് നടപ്പിലാക്കിയത്.

(ഡി) 3710 കുടിവെള്ള പദ്ധതികളാണ് ജലനിധി ഒന്നാം ഘട്ടത്തിൽ പൂർത്തിയാക്കി തുടർ നടത്തിപ്പിനായി ഗുണഭോക്തൃ സംഘങ്ങളെ ഏല്പിച്ചത്. 1.91 ലക്ഷം കുടുംബങ്ങളിലെ 10.56 ലക്ഷം ജനങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു.

**ജലവിഭവ വകുപ്പ് മുഖേനയുള്ള പുതിയ പ്രവൃത്തികൾ**

131 (1943) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബഡ്ജറ്റിൽ പ്രഖ്യാപിച്ചതും ജലവിഭവ വകുപ്പ് മുഖേന കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പിലാക്കുന്നതിനായി ഭരണാനുമതി നൽകിയതുമായ പുതിയ പ്രവൃത്തികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

ജലവിഭവ വകുപ്പ് മുഖേന കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പാക്കുന്നതിനായി ഭരണാനുമതി നൽകിയ പദ്ധതികൾ ഒന്നും തന്നെയില്ല. 2016-17 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ, തെരഞ്ഞെടുത്ത 10 മുനിസിപ്പാലിറ്റികളുടെ നവീകരണത്തിനായി പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും നീക്കി വച്ചിട്ടുള്ള 735 കോടി രൂപയുടെ പദ്ധതികളിൽ കൊയിലാണ്ടി മുനിസിപ്പാലിറ്റിയുടെ ശുദ്ധജലവിതരണ പദ്ധതിയും ഉൾപ്പെടുന്നു. ഇത് സംബന്ധിച്ച് കേരള വാട്ടർ അതോറിറ്റി നടപടി സ്വീകരിച്ചു വരുന്നു.

**തീരദേശ മേഖലയിലെ കരയിടിച്ചിൽ**

132 (1944) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ തീരദേശ മേഖലയിലെ കടൽ തീരങ്ങളിലെ കരയിടിച്ചിൽ തടയുന്നതിന് കരകെട്ടി സംരക്ഷിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) ചെറുവത്തൂർ ഹാർബർ പ്രദേശത്തും വലിയപറമ്പ് പഞ്ചായത്തിലും കരഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

(ബി) ചെറുവത്തൂർ ഹാർബർ പ്രദേശത്തും വലിയപറമ്പ് പഞ്ചായത്തിലും അതിരൂക്ഷമായ കടലാക്രമണം നേരിടുന്ന സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഇവിടെ കടൽഭിത്തി നിർമ്മിക്കാനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് മാത്രമേ തുടർനടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

**ജലവിഭവ വകുപ്പിന്റെ കൈവശമുള്ള സ്ഥലം**

133 (1945) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് ജലവിഭവ വകുപ്പിന്റെ കൈവശമുള്ള സ്ഥലം സ്വകാര്യ വ്യക്തികൾക്കോ, സ്ഥാപനങ്ങൾക്കോ, ട്രസ്റ്റുകൾക്കോ പാട്ടത്തിനോ ലീസിനോ നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) എങ്കിൽ ഏതൊക്കെ സ്ഥലങ്ങൾ, ആർക്കൊക്കെ, എത്ര തുകയ്ക്കാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി)) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് ജലവിഭവ വകുപ്പിന്റെ കൈവശമുള്ള സ്ഥലം സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ട്രസ്റ്റുകൾക്കും പാട്ടത്തിനോ ലീസിനോ നൽകിയിട്ടുള്ളതു സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**ബാവിക്കര കുടിവെള്ള പദ്ധതി**

134 (1946) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ബാവിക്കര കുടിവെള്ള പദ്ധതിയുടെ നിലവിലുള്ള സ്ഥിതി എന്താണെന്ന് വിശദമാക്കാമോ;

(ബി) ഈ പദ്ധതിക്കുവേണ്ടി നാളിതുവരെയായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രദേശത്തെ ആക്ഷൻ കമ്മിറ്റിയുമായി 2016 ജനുവരി 27-ന് മന്ത്രി തല ചർച്ച നടത്തിയിട്ടുണ്ടോ;

(ഡി) അതിലെ തീരുമാനങ്ങൾ എന്തൊക്കെയായിരുന്നു; വിശദാംശങ്ങൾ അറിയിക്കാമോ; ഈ തീരുമാനങ്ങളിൽ എന്തെങ്കിലും നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഇ) നിലവിലുള്ള സൈറ്റ് ഒഴിവാക്കി പുതിയ സ്ഥലത്ത് ഇൻവെസ്റ്റിഗേഷൻ നടത്താൻ വകുപ്പ് നടപടി എടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) ഈ പദ്ധതിയുടെ പണി താൽക്കാലികമായി നിർത്തി വച്ചിരിക്കുകയാണ്.

(ബി) ഈ പദ്ധതിക്കുവേണ്ടി നാളിതുവരെ 442.25 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ആദ്യകരാറുകാരനായ ശ്രീ. എം. എ. എ. ഹാരിസ് 277.42 ലക്ഷം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

രൂപയും രണ്ടാമത്തെ കരാറുകാരനായ ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി 164.83 ലക്ഷം രൂപയും കൈപ്പറ്റിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി&ഇ) തീരുമാനങ്ങളടങ്ങിയ മിനിട്സ് അനുബന്ധമായി ചേർക്കുന്നു*. മീറ്റിംഗിലെ തീരുമാനപ്രകാരം ബെഡ് ലെവൽ എടുക്കുകയും അതിന്റെ വിശദവിവരങ്ങൾ IDRB ചീഫ് എഞ്ചിനീയർക്ക് നൽകുകയും ചെയ്തു. അടിത്തട്ട് ക്രമാതീതമായി താഴ്ന്നതിനാൽ ഇപ്പോൾ റെഗുലേറ്റർ പണി നടക്കുന്ന സ്ഥലത്ത് ബാക്കി പ്രവർത്തികൾ തുടരുന്ന കാര്യം നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടെ പുനഃപരിശോധിക്കണമെന്ന് IDRB നിർദ്ദേശിക്കുകയുണ്ടായി. അതനുസരിച്ച് പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുന്നതിനായി ഒരു വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**വാട്ടർ അതോറിറ്റിയിലെ സ്ഥലം മാറ്റങ്ങൾ**

135 (1947) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള വാട്ടർ അതോറിറ്റിയിൽ എത്ര ജീവനക്കാരെ സ്ഥലം മാറ്റം നടത്തിയിട്ടുണ്ട്; കാറ്റഗറി തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ സ്ഥലം മാറ്റത്തിനെതിരെ എത്ര പേർ ബഹു. ഹൈക്കോടതിയിൽ ഹർജി നൽകിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) സ്ഥലം മാറ്റത്തിന്റെ പേരിൽ ഹൈക്കോടതിയിൽ കേസ് നടത്തുന്നതിനായി കേരള വാട്ടർ അതോറിറ്റിക്ക് എത്ര രൂപ ചെലവായിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഡി) അനവസരത്തിൽ ഉണ്ടായ സ്ഥലം മാറ്റത്തിനുത്തരവാദികളായ ഉദ്യോഗസ്ഥൻമാരിൽ നിന്നും പ്രസ്തുത കേസ് നടത്തിപ്പിന് ചെലവായ തുക ഈടാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ഇ) കേരള വാട്ടർ അതോറിറ്റിയിലെ സ്ഥലംമാറ്റത്തിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതനുസരിച്ചാണോ സ്ഥലം മാറ്റം നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേരള വാട്ടർ അതോറിറ്റിയിൽ 465 ജീവനക്കാരെ സ്ഥലം മാറ്റം നടത്തിയിട്ടുണ്ട്.

<u>കാറ്റഗറി തിരിച്ചുള്ള വിശദാംശങ്ങൾ:</u>

| | | |
|---|---|---|
| 1. | അസിസ്റ്റന്റ് എഞ്ചിനീയർ | 15 |
| 2. | പാർട്ട് ടൈം സ്വീപ്പർ | 4 |
| 3. | ടൈപ്പിസ്റ്റ് | 13 |
| 4. | ഓഫീസ് അറ്റൻഡന്റ് | 4 |
| 5. | മീറ്റർ ഇൻസ്പെക്ടർ | 8 |
| 6. | മീറ്റർ റീഡർ | 1 |
| 7. | ഡ്രാഫ്റ്റ്സ് മാൻ ഗ്രേഡ് II | 28 |
| 8. | ഡ്രാഫ്റ്റ്സ് മാൻ ഗ്രേഡ് I | 28 |
| 9. | ഡ്രൈവർ | 7 |
| 10. | പമ്പിംഗ് ഇൻസ്പെക്ടർ | 1 |
| 11. | ഫിറ്റർ | 5 |
| 12. | ഇലക്ട്രീഷ്യൻ | 3 |
| 13. | ജൂനിയർ സൂപ്രണ്ട് | 22 |
| 14. | ഹെഡ് ക്ലർക്ക് | 42 |
| 15. | എൽ.ഡി/യു.ഡി. ക്ലാർക്ക് | 145 |
| 16. | സൂപ്രണ്ടിംഗ് എഞ്ചിനീയർ | 2 |
| 17. | ഓവർസിയർ | 77 |
| 18. | ഡിവിഷണൽ അക്കൗണ്ടന്റ് | 8 |
| 19. | ഓപ്പറേറ്റർ | 20 |
| 20. | അസി. എക്സി. എഞ്ചിനീയർ | 8 |
| 21. | ഹെഡ് സർവേയർ | 3 |
| 22. | എക്സി. എഞ്ചിനീയർ | 10 |

| | | |
|---|---|---|
| 23. | പ്ലംബർ | 4 |
| 24. | സർവേയർ | 5 |
| 25. | മെക്കാനിക്കൽ സൂപ്രണ്ട് | 1 |
| 26. | സീനിയർ സൂപ്രണ്ട് | 1 |

കൂടാതെ 193 ഹെഡ് ഓപ്പറേറ്റർമാരെ സൂപ്പർവൈസറി തസ്തികയിലേക്ക് പരീക്ഷണാടിസ്ഥാനത്തിൽ മാറ്റി നിയമിച്ചിട്ടുണ്ട്.

(ബി) സ്ഥലം മാറ്റത്തിനെതിരെ 22 പേർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഹർജി നൽകിയിട്ടുണ്ട്.

(സി) സ്ഥലം മാറ്റത്തിന്റെ പേരിൽ ഹൈക്കോടതിയിൽ കേസ് നടത്തുന്നതുമായി ബന്ധപ്പെട്ട് കേരള വാട്ടർ അതോറിറ്റിക്ക് സ്റ്റാന്റിംഗ് കൗൺസിലർമാർ ബില്ലുകൾ സമർപ്പിച്ചിട്ടില്ലാത്തതിനാൽ തുക കണക്കാക്കിയിട്ടില്ല.

(ഡി) ഭരണപരമായ സൗകര്യത്തിനുവേണ്ടിയുള്ളതും അഭ്യർത്ഥന പ്രകാര മുള്ളതുമായ സ്ഥലംമാറ്റങ്ങളാണ് നടത്തിയിട്ടുള്ളത്.

(ഇ) സർക്കാർ അംഗീകരിച്ച മാനദണ്ഡങ്ങൾ നിലവിലില്ല. എന്നാൽ വിവിധ ട്രേഡ് യൂണിയനുകളുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിലുള്ള കരട് മാനദണ്ഡം വാട്ടർ അതോറിറ്റിയിൽ നിലവിലുണ്ട്. തുടർ ചർച്ചകൾ നടത്തി ആയത് അന്തിമമാക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

**കിണറുകൾ റീ ചാർജ്ജ് ചെയ്യുന്നതിന് പദ്ധതി**

136 (1948) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിണറുകൾ റീ-ചാർജ് ചെയ്യുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ;

(ബി) ഉടുമ്പൻചോല നിയോജകമണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തു കളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(സി) പ്രസ്തുത പഞ്ചായത്തുകളിലെ കിണറുകൾ റീ-ചാർജ് ചെയ്യുന്ന

പ്രവൃത്തികൾ ഏതു ഘട്ടത്തിലാണ്

(ഡി) പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാകും ; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഭൂജല വകുപ്പിൽ ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കിണറുകൾ റീ ചാർജ് ചെയ്യുന്ന പദ്ധതിയും വിവിധ ജില്ലകളിൽ നടപ്പാക്കിവരുന്നു. പ്രസ്തുത പദ്ധതിക്കായി നടപ്പ് സാമ്പത്തിക വർഷം 40 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതികളുടെ പ്രവൃത്തികൾ നടന്നുവരുന്നു.

(ബി&സി) ഉടുമ്പൻചോല നിയോജക മണ്ഡലത്തിലെ താഴെ പറയുന്ന സ്ഥലങ്ങളിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു:

<u>2010-11:</u>

1. പി.എച്ച്.സി, പാമ്പാടുംപാറ
2. പി.എച്ച്.സി, രാജാക്കാട്
3. കുടുംബക്ഷേമകേന്ദ്രം, അന്യാർതൊളു
4. വിൽപ്പന നികുതി ക്വാർട്ടേഴ്സ്, നെടുങ്കണ്ടം
5. അഗ്രികൾച്ചർ യൂണിവേഴ്സിറ്റി കാമ്പസ്, പാമ്പാടുംപാറ

<u>2013-14:</u>

1. എസ്.എൻ.യു.പി. സ്കൂൾ, പോത്തിൻകണ്ടം, കരുണാപുരം
2. പോലീസ് സ്റ്റേഷൻ കോമ്പൗണ്ട്, നെടുങ്കണ്ടം
3. മിനി സിവിൽ സ്റ്റേഷൻ, നെടുങ്കണ്ടം.
4. ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ, നെടുങ്കണ്ടം.

<u>2015-16:</u>

1. ഗവൺമെന്റ് യു.പി. സ്കൂൾ, പഴയവിടുതി, രാജാക്കാട്.

(ഡി) ഏറ്റെടുത്ത എല്ലാ പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ട്.

**ചേർത്തല ജെ.ഐ.സി.എ. പ്രൊജക്ട് ലൈൻ എക്സ്റ്റെൻഷൻ**

137 (1949) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല ജെ.ഐ.സി.എ. പ്രൊജക്ട് ലൈൻ എക്സ്റ്റെൻഷന് നബാർഡിൽനിന്നും 60 കോടി അനുവദിച്ചതിൽ എത്ര കോടി രൂപയുടെ പ്രവൃത്തികളാണ് അവാർഡ് ചെയ്ത് കൊടുത്തിട്ടുള്ളത്;

(ബി) 60 കോടി അനുവദിച്ചതിൽ പ്രസ്തുത പ്രോജക്ടിനായി എത്ര കോടി രൂപ ബാക്കിയുണ്ട്, ഇതിൽനിന്നും തുറവൂർ പഞ്ചായത്തിലെ 1, 16, 17, 18 വാർഡുകളിൽ വെള്ളം എത്താത്ത സ്ഥലത്തു വെള്ളം എത്തിക്കുന്നതിന് 200 എം.എം., എച്ച്.ഡി.പി. പൈപ്പ് (3 Km) അനുവദിക്കുന്നതിന് 70 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ആലപ്പുഴ ഡിവിഷനിൽ നൽകിയിട്ടും കെ.ഡബ്ല്യൂ.എ. ബോർഡിൽ ഇത് സമർപ്പിച്ച് അനുവാദം വാങ്ങി പ്രവൃത്തികൾ ചെയ്യാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) തുറവൂർ പഞ്ചായത്തിൽ മാത്രമാണ് ടാങ്ക് ഇല്ലാത്തത് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പഞ്ചായത്ത് സ്ഥലം അനുവദിച്ചിട്ടും അവിടെ ടാങ്ക് നിർമ്മിക്കുന്നതിന് അനുവാദം നൽകാത്തത് എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കാമോ;

(ഇ) ചേർത്തല ജെ.ഐ.സി.എ. പ്രോജക്ടിൽ 33 km ജി.ആർ.പി. പൈപ്പ് ഇട്ടിരിക്കുന്നത് നിരന്തരം പൊട്ടിപോകുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; പ്രസ്തുത പൈപ്പ് മാറ്റി ഡി.ഐ. പൈപ്പ് ഇട്ട് പൈപ്പ്പൊട്ടുന്നത് തടയുന്നതിന് നടപടി സ്വീകരിക്കാമോ; ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് എഞ്ചിനീയറിംഗ് ടീമിനെ നിയോഗിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 41.23 കോടി രൂപയ്ക്കുള്ള പ്രവൃത്തികൾ അവാർഡ് ചെയ്തു കൊടുത്തിട്ടുണ്ട്.

(ബി) 41.23 കോടി രൂപയ്ക്കുള്ള പ്രവൃത്തികൾ അവാർഡ് ചെയ്തു കൊടുത്തതിൽ റോഡ് പുനർനിർമ്മാണത്തിനുള്ള തുക ഉൾപ്പെട്ടിട്ടില്ല. റോഡ് പുനർനിർമ്മാണത്തിനുള്ള തുകയ്ക്കുള്ള എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് നൽകിയിട്ടില്ല. പി.ഡബ്ല്യൂ.ഡി.-ക്ക് അടയ്ക്കേണ്ട തുക ഉൾപ്പെടെ 18 കോടിയോളം രൂപ ബാക്കിയുള്ളതിൽനിന്നും ഇതിനകം തയ്യാറാക്കി കഴിഞ്ഞ തുറവൂർ പഞ്ചായത്തിലെ 1, 15, 16, 17, 18 വാർഡുകളിലേക്കുള്ള കുടിവെള്ളം എത്തിക്കുന്ന 70 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ്, മറ്റ് പഞ്ചായത്തുകളിൽകൂടി പൈപ്പ്ലൈൻ ദീർഘിപ്പിക്കുന്നതിനുള്ള പ്രൊപ്പോസലിൽ ഉൾപ്പെടുത്തി പ്രവൃത്തികൾ ചെയ്യുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്.

(ഡി) തുറവൂർ പഞ്ചായത്തിൽ ഉന്നതതല സംഭരണി നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമല്ലാതിരുന്ന സാഹചര്യത്തിൽ തുറവൂർ പഞ്ചായത്തിലേയും കുത്തിയതോട് പഞ്ചായത്തിലേയും ജനസംഖ്യ കണക്കിലെടുത്ത് രണ്ട് പഞ്ചായത്തുകൾക്കുംകൂടി (തുറവൂരിനുവേണ്ടി 16 ലക്ഷം ലിറ്ററും, കുത്തിയതോടിനു വേണ്ടി 11 ലക്ഷം ലിറ്ററും സംഭരണശേഷിയുള്ള) ഉന്നതതല ജല സംഭരണി നിർമ്മിച്ചിട്ടുണ്ട്. അതുകൊണ്ട് തുറവൂർ പഞ്ചായത്തിലേക്കു് മാത്രമായി ഒരു ജലസംഭരണി നിർമ്മിക്കേണ്ട ആവശ്യകത ഇപ്പോഴില്ല.

(ഇ) ഉണ്ട്. ഈ പൈപ്പ്ലൈൻ മാറ്റി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട തീരുമാനങ്ങളൊന്നും എടുത്തിട്ടില്ല. എന്നാൽ പൈപ്പ് പൊട്ടലിന്റെ പശ്ചാത്തലത്തിൽ പ്രസ്തുത പൈപ്പിന്റെ സാമ്പിളുകൾ കേന്ദ്ര ഗവൺമെന്റ് ഏജൻസിയായ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാസ്റ്റിക് എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജി (CIPET) നെ കൊണ്ട് പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ബേപ്പൂർ പുഴയോര സംരക്ഷണ പദ്ധതി**

138 (1950) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ നിയോജക മണ്ഡലത്തിലെ പുഴയോര സംരക്ഷണത്തിന് വേണ്ടി സമർപ്പിച്ച പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ഭരണാനുമതി ലഭിച്ച പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി&സി) ഇവ ചീഫ് എഞ്ചിനീയർ പരിശോധിച്ചുവരുന്നു.

**കുട്ടനാട് പാക്കേജ്**

139 (1951) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തിയ കായംകുളം മണ്ഡലത്തിൽ ഉൾപ്പെട്ട കരീപ്പുഴ കനാലിന്റെ തീരസംരക്ഷണം, ആഴംകൂട്ടൽ എന്നീ പ്രവൃത്തികളുടെ നിലവിലുള്ള പുരോഗതി വിശദമാക്കുമോ ?

ഉത്തരം

കായംകുളം നിയോജകമണ്ഡലത്തിൽ കുട്ടനാട് പാക്കേജിൽ ഉൾപ്പെട്ട കരീപ്പുഴ കനാലിലെ പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

**സ്വാഭാവിക ജലസ്രോതസ്സുകളുടെ സംരക്ഷണം**

140 (1952) ശ്രീ. എം. എം. മണി :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വാഭാവിക ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനായി എന്തെങ്കിലും പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇതു സംബന്ധിച്ച് നിലവിലുള്ള പദ്ധതികൾ ഏതെല്ലാമാണെന്നും അവയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ;

(സി) കടുത്ത വരൾച്ചയെ പ്രതിരോധിക്കുന്നതിനും അതുമൂലമുണ്ടാകുന്ന ദുരിതങ്ങൾ പരിഹരിയ്ക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ സ്വാഭാവിക ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനായി തടയണ നിർമ്മാണം, ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം എന്നീ പ്രവൃത്തികൾ സാമ്പത്തിക ലഭ്യതയനുസരിച്ച് ജലസേചന വകുപ്പ് മുഖേന നിർവ്വഹിച്ചുവരുന്നു. ഇതിനായി പ്രത്യേക പദ്ധതികൾ നിലവിൽ രൂപം കൊടുത്തിട്ടില്ല. എന്നാൽ സമഗ്ര കേരള വികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള "ഹരിത കേരള മിഷൻ"-ന്റെ ഭാഗമായി ജലസംരക്ഷണത്തിന് ഊന്നൽ നൽകുന്ന ജനപങ്കാളിത്തമുള്ള പദ്ധതി രൂപം കൊണ്ടുവരുന്നു. നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും ഉറപ്പാക്കി, ഒരു പുതിയ ജല ഉപയോഗസംസ്കാരം രൂപപ്പെടുത്താൻ കൂടി ലക്ഷ്യമിട്ടിട്ടുള്ള ഈ പ്രവർത്തനത്തിന്റെ ആദ്യഘട്ടത്തിൽ കുളങ്ങളും തോടുകളും പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടികളാണ് ഉദ്ദേശിക്കുന്നത്. ഭൂജല സംരക്ഷണത്തിനും കൃത്രിമ ഭൂജല സംപോഷണത്തിനുമായി ഭൂജല വകുപ്പ് "ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും" എന്ന പദ്ധതി നടപ്പാക്കി വരുന്നു.

(ബി) കേരള ജല അതോറിറ്റിയുടെ കീഴിലുള്ള ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ അണ്ടൂർക്കോണം പഞ്ചായത്തിലെ ആനത്താഴ്ചിറ കുളം, പാറശ്ശാല പഞ്ചായത്തിൽ പരശ്ശുവയ്ക്കൽ വില്ലേജിലെ വണ്ടിച്ചിറ കുളം എന്നിവയുടെ പുനഃരുദ്ധാരണ പ്രവൃത്തികൾ നടന്നുവരുന്നു. ഇതിൽ, ആനത്താഴ്ചിറ കുളത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികളിൽ ചെളിനീക്കൽ, സംരക്ഷണഭിത്തി നിർമ്മിക്കൽ, സമീപ പ്രദേശങ്ങളിലെ മഴവെള്ളം കുളത്തിലെത്തിക്കൽ എന്നിവ ഉൾപ്പെടുന്നു. പാറശ്ശാല പഞ്ചായത്തിലെ പാറശ്ശാല, പരശ്ശുവയ്ക്കൽ വില്ലേജുകൾക്ക് പ്രയോജനം ലഭിക്കുന്ന തരത്തിൽ വണ്ടിച്ചിറ കുളത്തിലെ ചെളി നീക്കം ചെയ്യലും വശങ്ങളിൽ കരിങ്കല്ല് പാകി എൽ.ഡി.പി.ഇ. ഫിലിം പതിപ്പിച്ച് ജലസ്രോതസ്സായ കുളത്തിനെ സംരക്ഷിക്കുന്ന പ്രവൃത്തികൾ നടന്നുവരുന്നു. ജലസ്രോതസ്സുകളായ കുളങ്ങൾ ശുദ്ധീകരിക്കുകയും സംരക്ഷിക്കുകയും അതുവഴി ശുദ്ധജല സ്രോതസ്സുകളിലെ ജലലഭ്യത ഉറപ്പുവരുത്തുകയുമാണ് ഇത്തരം പദ്ധതികളുടെ ഉദ്ദേശലക്ഷ്യങ്ങൾ. ഇതുകൂടാതെ കുടിവെള്ള പദ്ധതികളുടെ സ്രോതസ്സുകളായി വരുന്ന ജലാശയങ്ങൾ, തോടുകൾ, കുളങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് കമ്പിവേലി നിർമ്മിച്ചും ബോർഡുകൾ സ്ഥാപിച്ചും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

ജലസേചന വകുപ്പിൽ നിലവിൽ വിവിധ പദ്ധതികളായ MI Priority Works, MI Class I, NABARD, കാസർഗോഡ് പാക്കേജ്, ചാലിയാർ ബേസിൻ, കബനി ബേസിൻ, ഭവാനി ബേസിൻ, തലപ്പള്ളി പാക്കേജ്, 2013-14 കാലയളവിൽ വരൾച്ച പ്രതിരോധിക്കാൻ പ്രഖ്യാപിച്ച പദ്ധതി തുടങ്ങുവാനായി ചെക്കുഡാമുകൾ, റെഗുലേറ്ററുകൾ 13th Finance Commission ഒരു പഞ്ചായത്തിൽ ഒരു കുളം എന്നിവയിൽ ഉൾപ്പെടുത്തി കുളങ്ങളുടെയും ചിറകളുടെയും പുനരുദ്ധാരണ പ്രവൃത്തികളും നടപ്പിലാക്കി വരുന്നു. ഇതുവഴി നദികളിലെ നീരൊഴുക്ക് പുനഃസ്ഥാപിക്കുന്നതും, ഭൂജല വിതാനം താഴാതെ നിലനിർത്തുക, കുടിവെള്ള ലഭ്യത ഉറപ്പാക്കുക, ഗാർഹികാവശ്യത്തിനും പാരിസ്ഥിതികാവശ്യത്തിനും ജലം ലഭ്യമാക്കുക എന്നിവയാണ് ഉദ്ദേശ്യങ്ങൾ, ഭൂജല വകുപ്പിൽ ഭൂജലം സംരക്ഷിക്കുന്നതിനായി ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോക്ഷണവും എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. കൃത്രിമ ഭൂജല സംപോഷണം നടപ്പാക്കുന്നതിനായി ശാസ്ത്രീയമായി സ്ഥാനനിർണ്ണയം നടത്തി അടിയണകൾ, തടയണകൾ എന്നിവ നിർമ്മിച്ച് സ്വാഭാവിക ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതുവഴി ഭൂജല നിരപ്പ് ഉയരുകയും വരൾച്ചയുടെ തോത് കുറയുന്നതിന് സഹായകരമാകുകയും ചെയ്യുന്നു.

(സി) <u>കേരള ജല അതോറിറ്റി</u> :

കടുത്ത വരൾച്ചയെ പ്രതിരോധിക്കുന്നതിനും അതുമൂലമുണ്ടാകുന്ന ദുരിതങ്ങൾ പരിഹരിക്കുന്നതിനും കേരള ജല അതോറിറ്റി താഴെപ്പറയുന്ന മുൻകരുതൽ നടപടികൾ സ്വീകരിക്കുന്നുണ്ട്:

1. സ്രോതസ്സുകളിൽ തടയണ കെട്ടിയും നീർച്ചാലുകൾ നിർമ്മിച്ചും കൂടുതൽ ജലലഭ്യത ഉറപ്പുവരുത്തുന്നു.
2. ഇറിഗേഷൻ/വൈദ്യുതി വകുപ്പുമായി സഹകരിച്ച് അവരുടെ ഉടമസ്ഥതയിലുള്ള അണക്കെട്ടുകളിലെ ജലം പരമാവധി കുടിവെള്ള ആവശ്യത്തിനായി വിവിധ സ്രോതസ്സുകളിൽ ലഭ്യമാക്കുക.
3. അടിക്കടി ലീക്കുമൂലം ജലനഷ്ടം സംഭവിക്കുന്ന വിതരണലൈനുകൾ മാറ്റി പകരം പുതിയവ സ്ഥാപിക്കുക.
4. ജല ലഭ്യതയുള്ള സ്ഥലങ്ങളിൽ പൈപ്പ്ലൈൻ ദീർഘിപ്പിച്ച് ജലം എത്തിക്കുക.
5. വാട്ടർ അതോറിറ്റി കിണറുകളിലെ ചെളിയും മണ്ണും നീക്കം ചെയ്ത് പമ്പിംഗ് സ്റ്റേഷനുകളിൽ ജലലഭ്യത ഉറപ്പുവരുത്തുക.

6. റവന്യൂ, തദ്ദേശസ്വയംഭരണ വകുപ്പുകൾ എന്നിവയുടെ സഹകരണത്തോടെ ടാങ്കറുകൾ മുഖേന പരമാവധി ശുദ്ധജല വിതരണം നടത്തുക.

7. പമ്പിംഗ് കാര്യക്ഷമമാക്കുന്നതിനായി പമ്പുസെറ്റുകളുടെ അറ്റകുറ്റപ്പണികൾ നടത്തുക

8. ആവശ്യമാണെങ്കിൽ പമ്പിംഗിന് അഡീഷണൽ ഷിഫ്റ്റുകൾ ഏർപ്പെടുത്തുക

9. ആവശ്യമാകുന്നപക്ഷം വാൽവുകൾ നിയന്ത്രിച്ച് കരുതൽ നടപടികൾ സ്വീകരിക്കുക.

കൂടാതെ സാധാരണ മാർച്ച്, ഏപ്രിൽ മാസങ്ങളിൽ സ്വീകരിക്കാറുള്ള സംരക്ഷണ പ്രവർത്തനങ്ങൾ ഈ വർഷം മുൻകൂട്ടി നടപ്പിലാക്കുവാൻ കേരള ജല അതോറിറ്റി ഉദ്ദേശിക്കുന്നു.

<u>ജലസേചന വകുപ്പ്</u>:

തോടുകൾ, കുളങ്ങൾ, കായലുകൾ, കനാലുകൾ തുടങ്ങിയവ ശുചീകരിച്ച്, സംയോജിത നീർത്തട മാനേജ്മെന്റ് തത്വമനുസരിച്ച് ശാസ്ത്രീയ മണ്ണ്, ജല പരിപാലനം വഴി ഓരോ പ്രദേശത്തിനും അനുയോജ്യമായ രീതിയിൽ ജന പങ്കാളിത്തത്തോടെ പദ്ധതി നടപ്പിലാക്കാനാണ് വിഭാവന ചെയ്തിട്ടുള്ളത്. ഇതുവഴി നദികളിലെ നീരൊഴുക്ക് പുനഃസ്ഥാപിക്കുക/സ്ഥായിയാക്കുക, ഭൂഗർഭ ജലവിതാനം താഴാതെ നിലനിർത്തുക, കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുക, കാർഷികാവശ്യത്തിനുള്ള ജലം ലഭ്യമാക്കുക, പാരിസ്ഥിതികധർമ്മം നിറവേറ്റുന്നതിനുള്ള ജലം ലഭ്യമാക്കുക എന്നിവ കൈവരിക്കാൻ സാധിക്കും.

<u>ഭൂജല വകുപ്പ്</u>:

അടിയണ, തടയണകളുടെ നിർമ്മാണം, മഴക്കുഴികൾ, തുറന്ന കിണർ റീ-ചാർജ്ജിംഗ് തുടങ്ങിയവ കൃത്രിമ ഭൂജല സംപോഷണം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. സംസ്ഥാനത്ത് ഏകദേശം 65 ലക്ഷം തുറന്ന കിണറുകളുണ്ടെന്നാണ് കണക്കാക്കുന്നത്. തുറന്ന കിണറുകൾ കൃത്രിമമായി റീ-ചാർജ് ചെയ്യുന്നതിലൂടെ കൂടുതൽ മഴവെള്ളം ഭൂമിയിലേക്ക് ആഴ്ന്നിറങ്ങുന്നതിനും അതുവഴി ഭൂജലനിരപ്പ് ഉയരുന്നതിനും കാരണമാകുന്നു. ഇതുമൂലം വരൾച്ചയുടെ

തോത് കുറയുന്നതിന് സഹായകരമാകുന്നു.

**ഏനാമാക്കൽ എ.ഇ. ഓഫീസ് തുറന്ന് പ്രവർത്തിപ്പിക്കാൻ നടപടി**

141 (1953) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ ജില്ലയിലെ ഏനാമാക്കൽ റഗുലേറ്ററിന് സമീപം പ്രവർത്തിച്ചിരുന്ന ജലവിഭവ വകുപ്പിന്റെ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസ് പ്രവർത്തനം നിർത്തിവച്ചിരിക്കുന്നതുമൂലം കോൾ നിലങ്ങളിലെ കൃഷിയെ ദോഷകരമായി ബാധിക്കുന്ന സാഹചര്യം നിലവിലുള്ളത് പരിഗണിച്ച് പ്രസ്തുത ഓഫീസ് തുറന്ന് പ്രവർത്തിപ്പിക്കാനും എ.ഇ.യുടെ സേവനം ഉറപ്പാക്കാനും നടപടി എടുക്കുമോ?

ഉത്തരം

തൃശ്ശൂർ ജില്ലയിലെ ഏനാമാക്കൽ റഗുലേറ്ററിന് സമീപമുള്ള ഏനാമാക്കൽ സെക്ഷൻ ഓഫീസ് നിലവിൽ പ്രവർത്തിക്കുന്നുണ്ട്.

**കടൽഭിത്തി നിർമ്മാണം**

142 (1954) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിൽ രൂക്ഷമായ കടൽക്ഷോഭം അനുഭവപ്പെടുന്ന കാപ്പാട്, കോളം, അരയൻകാവ്, അയനിക്കാട്, കൊളാവി കടപ്പുറം, കോട്ട കടപ്പുറം തുടങ്ങിയ പ്രദേശങ്ങളിൽ കടൽഭിത്തി നിർമ്മിക്കുന്നതിന് നടപടികൾ ആവശ്യപ്പെട്ട് നിരവധി നിവേദനങ്ങൾ മുൻസർക്കാരിൻെറ കാലത്ത് നൽകിയെങ്കിലും യാതൊരു നടപടിയും ഉണ്ടായില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജനങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കി ഇവിടങ്ങളിൽ കടൽഭിത്തി നിർമ്മിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ കൊളാവിപ്പാലത്ത് 450 മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മിക്കുകയും കാപ്പാട് ബീച്ചിൽ 321 മീറ്റർ കടൽഭിത്തി പുനരുദ്ധാരണ പ്രവൃത്തി നടത്തുകയും ചെയ്തിട്ടുണ്ട്. മറ്റ് സ്ഥലങ്ങളിൽ പ്രവർത്തിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

## റെഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതി

143 (1955) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ നീലേശ്വരം പാലായി വളവിൽ നബാർഡ് സഹായത്തോടെ റെഗുലേറ്റർ കം ബ്രിഡ്ജ് പണിയുന്നതിനായി എ.എസ്. ലഭിച്ചുവെങ്കിലും മെക്കാനിക്കൽ ഡിസൈൻ & എസ്റ്റിമേറ്റ് തയ്യാറാക്കാൻ വൈകുന്നതിനാൽ പദ്ധതി തടസ്സപ്പെടുന്ന കാര്യം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മെക്കാനിക്കൽ, സിവിൽ വിഭാഗം ഉദ്യോഗസ്ഥന്മാരുടെ സംയുക്ത യോഗം നടത്തി ഇക്കാര്യം സമയബന്ധിതമായി പരിഹരിക്കാൻ നടപടികൾ ഉണ്ടാകുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

കാസർഗോഡ് ജില്ലയിലെ നീലേശ്വരം പാലായി വളവിൽ നബാർഡ് സഹായത്തോടെ റെഗുലേറ്റർ-കം-ബ്രിഡ്ജിന് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പാലായി വളവിൽ പണിയുവാൻ ഉദ്ദേശിക്കുന്ന റെഗുലേറ്റർ കം ബ്രിഡ്ജിന്റെ അംഗീകരിച്ച സിവിൽ ഡിസൈൻ ഐ.ഡി.ആർ.ബി. തയ്യാറാക്കിയിട്ടുണ്ട്. നിലവിൽ ഡിസൈൻ, ചീഫ് എഞ്ചിനീയർ (മെക്കാനിക്കൽ)ന്റെ പരിഗണനയിലുണ്ട്. ടി പദ്ധതിയുടെ നിർവ്വഹണം വൈകുന്ന സാഹചര്യത്തിൽ സിവിൽ വർക്കും മെക്കാനിക്കൽ വർക്കും രണ്ടായി തിരിക്കുന്നതിനും മെക്കാനിക്കൽ വിഭാഗം ജോലികൾ സിവിൽ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്ന മുറയ്ക്ക് മെക്കാനിക്കൽ വിഭാഗത്തിൽനിന്നും ക്രമീകരിക്കുന്നതിനും ജലസേചനവും ഭരണവും വിഭാഗം ചീഫ് എഞ്ചിനീയറുമായി കൂടിയാലോചിച്ച് തീരുമാനിച്ചിട്ടുണ്ട്. ഇങ്ങനെ വരുമ്പോൾ ഏകദേശം 6 മാസം സാവകാശം മെക്കാനിക്കൽ ജോലികൾ തുടങ്ങാൻ കിട്ടുന്നതാണ്. രണ്ടുമാസത്തിനുള്ളിൽ മെക്കാനിക്കൽ വർക്കുകളുടെ ടെന്റർ നടപടികൾ തുടങ്ങാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## കുടിവെള്ളക്കരം

144 (1956) <u>ശ്രീ. എം. എം. മണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിക്ക് കുടിവെള്ളക്കരം ഇനത്തിൽ ലഭിക്കാനുള്ള കുടിശ്ശിക എത്ര രൂപയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) വാട്ടർ അതോറിറ്റിക്ക് കുടിവെള്ളക്കരം ഇനത്തിൽ ലഭിക്കാനുള്ള കുടിശ്ശിക പിഴയും പിഴപ്പലിശയും ഉൾപ്പെടെ 712.44 കോടി രൂപയാണ്.

(ബി) കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിലേക്കായി കേരള വാട്ടർ അതോറിറ്റി 2016 വർഷം കുടിശ്ശിക നിവാരണ വർഷമായി ആചരിക്കുകയാണ്. പ്രസ്തുത ഉദ്യമം നിറവേറ്റുന്നതിലേക്കായി കുടിശ്ശികയുള്ള ഉപഭോക്താക്കളെ ബോധവൽക്കരിച്ച് ഒറ്റത്തവണ തീർപ്പാക്കൽ മുഖേനയുള്ള മാർഗ്ഗത്തിലൂടെ പിഴപ്പലിശ കുറവ് ചെയ്ത് കുടിശ്ശിക തീർപ്പാക്കുന്നതിലേക്കായുള്ള മാർഗ്ഗങ്ങൾ കേരള വാട്ടർ അതോറിറ്റി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും ലഭിക്കുവാനുള്ള കുടിശ്ശിക മേൽ സൂചിപ്പിച്ചതുപോലെ ഒറ്റത്തവണ തീർപ്പാക്കൽ പ്രകാരം 14.5 ശതമാനം പലിശയിൽ നിന്നും 12 ശതമാനമായി കുറവ് ചെയ്ത് തീർപ്പാക്കുവാനുള്ള ഉത്തരവുകളും ഇതിനകം തന്നെ പുറപ്പെടുവിച്ചിട്ടുണ്ട്.

**നെയ്യാറ്റിൻകര വാട്ടർ സപ്ലൈ സ്കീം**

145 (1957) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 40 വർഷം പഴക്കമുള്ള നെയ്യാറ്റിൻകര വാട്ടർ സപ്ലൈ സ്കീം വഴി ഇപ്പോൾ ആവശ്യമായ ജലം ലഭിക്കുന്നില്ലയെന്നതും കാളിപ്പാറ ജലം, റെയിൽവേ പാലംവന്ന് തടസ്സപ്പെട്ടിരിക്കുന്നതും പരിഗണിച്ച് റെയിൽവേ വകുപ്പുമായി ബന്ധപ്പെട്ട് പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) ഉപയോഗശൂന്യമായ പഴക്കമുള്ള മൺ പൈപ്പുകളും, ജി.ഐ. പൈപ്പുകളും മാറ്റി പുതിയ പൈപ്പുകൾ പുനഃസ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) പൊഴിയൂർ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ശുദ്ധജല വിതരണത്തിന് നടപ്പിലാക്കിവരുന്ന പദ്ധതിയുടെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്നത് വിശദമാക്കാമോ;

(ഡി) ഇപ്പോൾ വിതരണം ചെയ്യുന്ന ശുദ്ധജലത്തിന്റെ ഗുണമേന്മ

വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കാളിപ്പാറയിൽ പൂർത്തീകരിച്ച 36 എം.എൽ.ഡി. ശേഷിയുള്ള ജല ശുദ്ധീകരണശാലയിൽ നിന്നുള്ള ജലം നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിക്കുംകൂടി ലഭിക്കത്തക്കരീതിയിലാണ് വിഭാവന ചെയ്തിട്ടുള്ളത്. എന്നാൽ നെയ്യാറ്റിൻകര താലൂക്കാശുപത്രിക്കുസമീപം റെയിൽവെ ക്രോസ്സിംഗിന് റെയിൽവേയുടെ അനുമതി ലഭിക്കാത്തതുകാരണം പൈപ്പ്ലൈൻ സ്ഥാപിക്കുവാൻ കഴിഞ്ഞിട്ടില്ല. അതിനുള്ള അനുമതിക്കായി സെന്റേജ് ചാർജ്ജായി 1,55,480 രൂപ ഒടുക്കിയിട്ടുണ്ട്. കൂടാതെ പദ്ധതിയുടെ രൂപരേഖ, മണ്ണ് പരിശോധനാ റിപ്പോർട്ട്, ലാൻഡ് വാല്യൂ റിപ്പോർട്ട് തുടങ്ങിയവ റെയിൽവേ ഡിവിഷണൽ മാനേജർക്ക് അയയ്ക്കുകയും അതനുസരിച്ച് റെയിൽവേ ഉദ്യോഗസ്ഥരും ജല അതോറിറ്റി ഉദ്യോഗസ്ഥരും സംയുക്ത പരിശോധന നടത്തുകയും ചെയ്തു.

(ബി) മരുകിൽ - മാറനല്ലൂർ കുടിവെള്ള പദ്ധതിയിൽ കോട്ടമുകൾ മുതൽ മേലാരിയോട് വരെയും തൊഴുക്കൽ പദ്ധതിയിൽ തൊഴുക്കൽ മുതൽ നെയ്യാറ്റിൻകര വരെയും മാരായമുട്ടം പദ്ധതിയിൽ മാമ്പഴക്കര മുതൽ പെരുങ്കടവിള വരെയും കേടുപാടുകൾ വന്ന എ.സി. പൈപ്പുകൾ മാറ്റി പകരം ഡി.ഐ. പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

(സി) ഈ പദ്ധതിയുടെ 90 ശതമാനം പ്രവൃത്തികൾ പൂർത്തിയായി. ഒ.എച്ച് ടാങ്കിന്റെയും പണി പൂർത്തിയായി. കിണർ, പമ്പ് ഹൗസ് എന്നിവയുടെ പണി 90 ശതമാനം പൂർത്തിയായി. ജലവിതരണ ശൃംഖലയുടെ പണി 95 ശതമാനം പൂർത്തിയായി.

(ഡി) ജല ശുദ്ധീകരണശാലകളുള്ള സ്ഥലങ്ങളിൽ ജലം ശുദ്ധീകരിച്ചും ക്ലോറിനേഷൻ നടത്തി അണുവിമുക്തമാക്കിയും ഗുണമേന്മ ഉറപ്പുവരുത്തിയാണ് കുടിവെള്ളം വിതരണം ചെയ്യുന്നത്. ജലശുദ്ധീകരണശാലകൾ ഇല്ലാത്ത ചെറുകിട പദ്ധതികളിൽ ഇൻഫിൽട്രേഷൻ ഗാലറി പോലുള്ള സംവിധാനങ്ങൾ ഉപയോഗിച്ച് ലഭ്യമാകുന്ന ജലം ബ്ലീച്ചിംഗ് പൗഡർ ഉപയോഗിച്ച് അണുവിമുക്തമാക്കിയാണ് വിതരണം ചെയ്യുന്നത്.

**ഉപ്പുവെള്ളം കയറുന്നത് ഒഴിവാക്കാൻ ഭിത്തികെട്ടി സംരക്ഷണം**

146 (1958) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ മാട്ടൂൽ ഗ്രാമപഞ്ചായത്തിലെ തെക്കുമ്പാട് ഉപ്പുവെള്ളം കയറി കൃഷിനാശവും സമീപ പ്രദേശങ്ങളിലെ കിണറുകളിൽ ഉപ്പ് വെള്ളം കലർന്ന് കടുത്ത കുടിവെള്ള ക്ഷാമവും നേരിടുന്നത് പരിഗണിച്ച് അവിടെ ഭിത്തികെട്ടി സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; ഇതുസംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

<u>ഉത്തരം</u>

മാട്ടൂൽ ഗ്രാമപഞ്ചായത്തിലെ തെക്കുമ്പാട് ദ്വീപിന്റെ പടിഞ്ഞാറ് ഭാഗം അതിർത്തിയിൽ മാർജിനൽ എർത്തേൻ ബണ്ട് നിർമ്മിക്കുന്നതിനായി 350 ലക്ഷം രൂപയുടെ പ്രൊപ്പോസൽ 2016-17 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് വാല്യംII പാർട്ട് IV-ലെ വെള്ളപ്പൊക്ക നിയന്ത്രണ ശീർഷകത്തിലെ ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തിയിൽ ഉൾപ്പെട്ടിരുന്നു. എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

**കടൽഭിത്തി നിർമ്മിക്കുന്നതിനുള്ള നടപടികൾ**

147 (1959) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ നിയോജക മണ്ഡലത്തിലെ വാക്കടവ്, ഗോദീശ്വരം, കൈതവളപ്പ് എന്നിവിടങ്ങളിൽ കടലാക്രമണം രൂക്ഷമാവുകയും ശക്തമായ തിരകളിൽ വീടുകൾക്ക് അപകട ഭീഷണി നിലനിൽക്കുകയും ചെയ്യുന്നകാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രദേശങ്ങളിൽ കടൽഭിത്തി നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. വാക്കടവ്, കൈതവളപ്പ് എന്നീ പ്രദേശങ്ങളിൽ കടലാക്രമണം കുറയ്ക്കുന്നതിന് ഗ്രോയിനുകൾ നിർമ്മിക്കുന്നതിനുള്ള

സാധ്യതാപഠനത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഗോദീശ്വരം ഭാഗത്ത് 535 മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മിക്കുന്നതിനായി (PRICE software-ൽ) എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

**ഭൂഗർഭ ജലചൂഷണം**

148 (1960) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂഗർഭ ജല ചൂഷണം സംബന്ധിച്ച് സർക്കാരിന്റെ നയം വിശദമാക്കുമോ;

(ബി) കേരളത്തിലെ ഭൂപ്രകൃതിയുടെ അടിസ്ഥാനത്തിൽ കുഴൽകിണർ നിർമ്മിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) കുപ്പിവെള്ള കമ്പനികൾ ഭൂഗർഭ ജലം അമിതമായി ചൂഷണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവരുടെ പ്രവർത്തനം പരിശോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനും നിലവിൽ സംവിധാനങ്ങളുണ്ടോ; വിശദീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഭൂജലം സംരക്ഷിക്കുന്നതിനും അതിന്റെ ചൂഷണം, ഉപയോഗം എന്നിവ ക്രമീകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനും വേണ്ടി കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്ട് 2002 നിലവിലുണ്ട്. ഈ ആക്ടിൻ പ്രകാരമുള്ള ചട്ടങ്ങൾ 2004 മാർച്ച് 16-ന് നിലവിൽ വരികയും അതനുസരിച്ച് കേരള ഭൂജല അതോറിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള പ്രദേശങ്ങളിൽ കുഴൽ കിണർ നിർമ്മിക്കുന്നതിന് ഭൂജല അതോറിറ്റിയുടെ അനുമതി ആവശ്യമാണ്.

കേരള കെട്ടിട നിർമ്മാണ ചട്ടം 2011-ലെ അദ്ധ്യായം 14, ചട്ടം 93 (എ) അനുസരിച്ച് കുഴൽകിണർ നിർമ്മിക്കുന്നതിന് അതാത് പഞ്ചായത്തിന്റെ അനുമതി ആവശ്യമാണ്. പഞ്ചായത്തിൽ നിന്നും ഈ അനുമതി ലഭിക്കുന്നതിന് ഭൂജല വകുപ്പിന്റെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ആവശ്യമാണ്.

(സി) കുപ്പിവെള്ള നിർമ്മാണ കമ്പനികൾക്ക് ഭൂജലം ഉപയോഗിക്കുന്നതിന് ഭൂജല അതോറിറ്റിയുടെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ആവശ്യമാണ്.

ഭൂജല വകുപ്പിന്റെ ജില്ലാതലത്തിലുള്ള ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകളിൽ വിശദമായ പഠനങ്ങൾ നടത്തി റിപ്പോർട്ട് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിലുള്ള ജില്ലാതല കമ്മിറ്റിയിൽ പരിഗണിച്ച് അനുയോജ്യമായ അപേക്ഷകൾ സംസ്ഥാന ഭൂജല അതോറിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുകയും അതോറിറ്റി അന്തിമമായ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യുന്നു. സംസ്ഥാന പൊല്യൂഷൻ കൺട്രോൾ ബോർഡ്, വ്യവസായ വകുപ്പ്, അതാത് പഞ്ചായത്ത്/മുനിസിപ്പൽ പ്രദേശങ്ങളിലെ പ്രതിനിധി, കേന്ദ്ര ഭൂജല ബോർഡ് പ്രതിനിധി എന്നിവർ ഉൾപ്പെട്ടതാണ് ജില്ലാതല അവലോകന കമ്മിറ്റി. പമ്പിംഗ് ടെസ്റ്റ് നടത്തി പരിസരപ്രദേശങ്ങളിലെ ജലസ്രോതസ്സുകളെ ബാധിക്കാത്ത തരത്തിലാണ് ഇത്തരം കമ്പനികൾക്ക് നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് നൽകുന്നത്. പ്രതിദിനം ഉപയോഗിക്കാവുന്ന ജലത്തിന്റെ അളവ് പമ്പിംഗ് ടെസ്റ്റിന്റെ അടിസ്ഥാനത്തിൽ നിജപ്പെടുത്തിയിട്ടുണ്ട്. ഇത് അവലോകനം ചെയ്യുന്നതിനും സംവിധാനമുണ്ട്. അമിതമായി ജലചൂഷണം നടത്തുന്നുവെന്ന് ബോദ്ധ്യപ്പെട്ടാൽ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് റദ്ദാക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാൻ വ്യവസ്ഥയുണ്ട്.

**ഭൂഗർഭ ജലനിരപ്പ്**

149 (1961) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂഗർഭ ജലനിരപ്പ് ഉയർത്തിക്കൊണ്ടുവന്ന് ജലലഭ്യത ഉറപ്പു വരുത്തുന്നതിന് ജലവിഭവ വകുപ്പ് ഏതെങ്കിലും കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് ഏറ്റവുമധികം ഭൂഗർഭ ജലനിരപ്പ് കുറഞ്ഞ പ്രദേശങ്ങളെ പ്രത്യേകം തിട്ടപ്പെടുത്തിയിട്ടുണ്ടോ; ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഭൂഗർഭ ജലനിരപ്പ് ഉയർത്തുന്നതിനായി ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും എന്ന പദ്ധതി ഭൂജല വകുപ്പ് നടപ്പിലാക്കി വരുന്നു. കൃത്രിമ ഭൂജല സംപോഷണം നടപ്പാക്കുന്നതിനായി ശാസ്ത്രീയമായി സ്ഥാനനിർണ്ണയം നടത്തി അടിയണകൾ, തടയണകൾ, തുറന്ന കിണറുകൾക്ക് ചുറ്റും ആഴം കുറഞ്ഞ കിടങ്ങുകൾ നിർമ്മിച്ച് അതിലൂടെ തുറന്ന കിണർ പരിപോഷിപ്പിക്കുന്ന പദ്ധതി തുടങ്ങിയവ നടപ്പിലാക്കിവരുന്നു.

(ബി) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഭൂജലവിതാനം തിട്ടപ്പെടുത്തുന്നതിനായി ഭൂജല വകുപ്പിൽ 871 നിരീക്ഷണ കിണറുകൾ

നിലവിലുണ്ട്. പ്രസ്തുത കിണറുകളിൽ നിന്നും എല്ലാ മാസവും ജലവിതാനം എടുക്കുകയും അപഗ്രഥനപഠനം നടത്തുകയും ചെയ്യുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഭൂജല വിഭവശേഷി തിട്ടപ്പെടുത്തുന്നതിനായി ഭൂജല വകുപ്പും കേന്ദ്ര ഭൂജല ബോർഡും സംയുക്തമായി രണ്ട് വർഷത്തിലൊരിക്കൽ പഠനം നടത്തി ഭൂജലത്തിന്റെ അളവ് സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കി വരുന്നു.2011 വരെയുള്ള റിപ്പോർട്ട് അനുസരിച്ച് ഭൂഗർഭ ജലത്തിന്റെ സ്ഥിതിയെ അടിസ്ഥാനപ്പെടുത്തി സംസ്ഥാനത്തെ പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്ക് അമിത ചൂഷണ ബ്ലോക്കായും കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ലോക്ക്, പാലക്കാട് ജില്ലയിലെ മലമ്പുഴ ബ്ലോക്ക് എന്നിവ ക്രിട്ടിക്കലായും, കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി, പാനൂർ, തലശ്ശേരി, ഇടുക്കി ജില്ലയിലെ കട്ടപ്പന, നെടുങ്കണ്ടം, കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം, കാറഡുക്ക, കാഞ്ഞങ്ങാട്, കൊല്ലം ജില്ലയിലെ ചിറ്റുമല, കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി, കുന്നമംഗലം, മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി, തിരൂരങ്ങാടി, പാലക്കാട് ജില്ലയിലെ പട്ടാമ്പി, തൃത്താല, തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ, നെടുമങ്ങാട്, പാറശ്ശാല, തൃശ്ശൂർ ജില്ലയിലെ തളിക്കുളം, മതിലകം, എറണാകുളം ജില്ലയിലെ പാമ്പാക്കുട, പാറക്കടവ്, വൈപ്പിൻ ബ്ലോക്കുകൾ സെമി ക്രിട്ടിക്കൽ വിഭാഗത്തിലും ബാക്കിയുള്ള 126 ബ്ലോക്കുകൾ സേഫ് വിഭാഗത്തിലുമാണ് ഉൾപ്പെടുന്നത്.

**ഭൂഗർഭ ജലത്തിന്റെ അളവ്**

150 (1962)_ <u>ശ്രീ. പി. ടി. തോമസ്</u> :

<u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പ് ഭൂഗർഭ ജലത്തിന്റെ അളവ് സംബന്ധിച്ച് സംസ്ഥാനത്ത് ഏതെങ്കിലും തരത്തിലുള്ള പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്ത് കിണറുകളുടെയും കുഴൽ കിണറുകളുടെയും നിർമ്മാണത്തിന് ഏതെങ്കിലും നിയന്ത്രണം നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ഭൂജലത്തിന്റെ അളവിനെ സംബന്ധിച്ചും ഭൂജലത്തിന്റെ ഉപഭോഗത്തിനെ സംബന്ധിച്ചുമുള്ള പഠനങ്ങൾ ഭൂജല വകുപ്പ് നടത്തുന്നുണ്ട്. ഇതിനായി സംസ്ഥാനത്ത് ഭൂജല വകുപ്പിൽ 871 നിരീക്ഷണ കിണറുകളിൽ നിന്നായി ഭൂജലവിതാനം രേഖപ്പെടുത്തുകയും ജലത്തിന്റെ ഗുണനിലവാര പരിശോധന

നടത്തുകയും ചെയ്യുന്നുണ്ട്. ഈ സ്ഥിതിവിവര കണക്കുകളുടെ അടിസ്ഥാനത്തിൽ ഭൂജല വകുപ്പും കേന്ദ്ര ഭൂജല ബോർഡും സംയുക്തമായിട്ടാണ് ഭൂജലത്തിന്റെ അളവ് സംബന്ധിച്ച പഠനം നടത്തുന്നത്. ഇങ്ങനെയുള്ള റിപ്പോർട്ടുകൾ രണ്ട് വർഷം കൂടുമ്പോൾ പ്രസിദ്ധീകരിക്കുന്നുണ്ട്. 2011 മാർച്ച് വരെയുള്ള സ്ഥിതി വിവരകണക്കനുസരിച്ച് തയ്യാറാക്കിയ റിപ്പോർട്ട് 2013 മാർച്ചിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2011 വരെയുള്ള റിപ്പോർട്ട് അനുസരിച്ച് സംസ്ഥാനത്ത് ഭൂജലത്തിന്റെ ലഭ്യതയുടെയും ഉപഭോഗത്തിന്റെയും അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്ക് 'ഓവർ എക്സ്പ്ലോയിറ്റഡ് ബ്ലോക്ക് ആയി തരംതിരിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ലോക്ക്, പാലക്കാട് ജില്ലയിലെ മലമ്പുഴ ബ്ലോക്ക് എന്നിവ ക്രിട്ടിക്കൽ ബ്ലോക്കുകൾ ആയും കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി, പാനൂർ, തലശ്ശേരി, ഇടുക്കി ജില്ലയിലെ കട്ടപ്പന, നെടുങ്കണ്ടം, കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം, കാറഡുക്ക, കാഞ്ഞങ്ങാട്, കൊല്ലം ജില്ലയിലെ ചിറ്റുമല, കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി, കുന്നമംഗലം, മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി, തിരൂരങ്ങാടി, പാലക്കാട് ജില്ലയിലെ പട്ടാമ്പി, തൃത്താല, തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ, നെടുമങ്ങാട്, പാറശ്ശാല, തൃശ്ശൂർ ജില്ലയിലെ തളിക്കുളം, മതിലകം, എറണാകുളം ജില്ലയിലെ പാമ്പാക്കുട, പാറക്കടവ്, വൈപ്പിൻ ബ്ലോക്കുകൾ സെമി ക്രിട്ടിക്കൽ ബ്ലോക്കുകൾ ആയും തരം തിരിച്ചിട്ടുണ്ട്. ബാക്കി 126 ബ്ലോക്കുകൾ സെയ്ഫ് (സുരക്ഷിത) വിഭാഗത്തിൽപ്പെടുന്നു.

(ബി) സംസ്ഥാനത്ത് ഭൂജലത്തിന്റെ ഉപഭോഗം നിയന്ത്രിക്കുന്നതിനും ക്രമീകരിക്കുന്നതിനുമായി കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്ട് 2002 നിലവിലുണ്ട്.

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം 2011 -ലെ അദ്ധ്യായം 14, ചട്ടം 91 അനുസരിച്ച് പഞ്ചായത്തിന്റെ അനുവാദമില്ലാതെ പുതിയ കിണർ കുഴിക്കുവാൻ പാടില്ലാത്തതാകുന്നു. അതോടൊപ്പം അപേക്ഷകനായ വ്യക്തി പെർമിറ്റ് ലഭിക്കുന്നതിനായി ചട്ടം 93(എ) പ്രകാരം ഭൂജലവകുപ്പിൽനിന്നും അനുമതി വാങ്ങി പഞ്ചായത്തിൽ ഹാജരാക്കേണ്ടതാണ്.

സർക്കാർ വിജ്ഞാപനം ചെയ്തിരിക്കുന്ന ബ്ലോക്കുകളിൽ/പഞ്ചായത്ത് പ്രദേശങ്ങളിൽ യാതൊരു വ്യക്തിയും പുതിയ കിണർ/കുഴൽ കിണർ നിർമ്മിക്കുന്നതിനും പഴയ കിണർ/കുഴൽ കിണർ എന്നിവ ആഴപ്പെടുത്തുന്നതിനും ഭൂജല അതോറിറ്റിയുടെ പെർമിറ്റ് നിർബന്ധമായും വാങ്ങേണ്ടതാണ്. അതോടൊപ്പം ഫ്ലാറ്റ് നിർമ്മാണം, കുപ്പിവെള്ള കമ്പനികൾ തുടങ്ങിയ അടിസ്ഥാന സൗകര്യപദ്ധതികൾ, വാണിജ്യ വ്യവസായ പദ്ധതികൾ എന്നിവയ്ക്ക് ഭൂജല

വികസനം നടപ്പിലാക്കുമ്പോൾ ജില്ലാതല ഇവാല്യുവേഷൻ കമ്മിറ്റിയുടെ അനുമതി നിർബന്ധമായും വാങ്ങേണ്ടതുണ്ട്. പ്രസ്തുത പദ്ധതികൾക്ക് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് കൂടി വാങ്ങേണ്ടതാണ്.

## കുടിവെള്ള പദ്ധതികളിലെ പൊട്ടിപ്പൊളിഞ്ഞ പൈപ്പുകൾ

151 (1963) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജക മണ്ഡലത്തിലെ നിലവിലുള്ള വിവിധ കുടിവെള്ള പദ്ധതികളിലെ പൊട്ടിപ്പൊളിഞ്ഞ പൈപ്പുകൾ മാറ്റുന്നതിനായി, ബജറ്റ് പ്രഖ്യാപന പ്രകാരം ഏതൊക്കെ പദ്ധതികളാണ് നിർദ്ദേശിച്ചിട്ടുള്ളതെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഈ പ്രൊപ്പോസലുകൾ ഇപ്പോൾ ഏത് ഓഫീസിലാണുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

### ഉത്തരം

(എ&ബി) റാന്നി നിയോജക മണ്ഡലത്തിലെ നിലവിലുള്ള വിവിധ കുടിവെള്ള പദ്ധതികളിലെ കേടുപാടുകൾ വന്ന പൈപ്പുകൾ മാറ്റുന്നതിനായി താഴെപ്പറയുന്ന പ്രൊപ്പോസലുകൾ കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നു.

1. റാന്നി പെരുനാട് കുടിവെള്ള പദ്ധതിയിൽ എരുമാറ്റുപുഴ, മാമ്പാറ, കിഴക്കേമാമ്പാറ എന്നീ പ്രദേശങ്ങളിലെ കേടുപാടുകൾ വന്നപൈപ്പുകൾ മാറ്റുന്ന പ്രൊപ്പോസൽ.

2. വെച്ചൂച്ചിറ കുടിവെള്ള പദ്ധതിയിൽ വിവിധ പ്രദേശങ്ങളിലെ കേടുപാടുകൾ വന്ന പൈപ്പുകൾ മാറ്റുന്ന പ്രൊപ്പോസൽ.

3. റാന്നി-അങ്ങാടി കുടിവെള്ള പദ്ധതിയിലെ മേനാംതോട്ടം- ചെട്ടിമുക്ക്-ചെട്ടിമുക്ക്-കരികുറ്റി,ചെട്ടിമുക്ക്-എബനേസർ, നെല്ലിക്കാമൺ വളവടിക്കാവ്, ചെട്ടിമുക്ക് - കരിംകുറ്റി എന്നീ പ്രദേശങ്ങളിലെ കേടുപാടുകൾ വന്ന പൈപ്പുകൾ മാറ്റുന്ന പ്രൊപ്പോസൽ.

4. വെച്ചൂച്ചിറ കുടിവെള്ള പദ്ധതിയിൽ കൂത്താട്ടുകുളം-കുംഭിത്തോട് പ്രദേശത്തെ കേടുപാടുകൾ വന്ന പൈപ്പുകൾ മാറ്റുന്ന പ്രൊപ്പോസൽ.

(സി) മേൽപ്പറഞ്ഞ പ്രൊപ്പോസലുകൾ കേരള വാട്ടർ അതോറിറ്റിയുടെ ദക്ഷിണ മേഖലാ ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ പരിശോധിച്ചുവരുന്നു.

**പണികൾക്കായി കുട്ട് ചെയ്യുന്ന റോഡുകൾ ശരിയാക്കാൻ നടപടി**

152 (1964) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പണിക്കായി വാട്ടർ അതോറിറ്റി കട്ടു ചെയ്യുന്ന പി.ഡബ്ല്യൂ.ഡി./ പഞ്ചായത്ത് റോഡുകൾ നന്നാക്കാനായി ഏതു നിരക്കിലാണ് പ്രസ്തുത വകുപ്പുകൾക്ക് പണമടയ്ക്കേണ്ടത്;

(ബി) എന്നാൽ അതിനുശേഷം യഥാസമയം റോഡുകൾ പൂർവ്വ സ്ഥിതിയിൽ പണിയാത്തതുമൂലം തദ്ദേശവാസികളും വാഹന യാത്രികരും അനുഭവിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) കഴിഞ്ഞ സാമ്പത്തിക വർഷം വാട്ടർ അതോറിറ്റി ഇതിനായി പി.ഡബ്ല്യൂ.ഡി/പഞ്ചായത്ത് അധികൃതർക്ക് നല്കേണ്ട തുക എത്ര; എത്ര നൽകി; നിലവിൽ ഇവർ തമ്മിൽ തർക്കങ്ങൾമൂലം പൊളിഞ്ഞുകിടക്കുന്ന റോഡുകൾ ശരിയാക്കാൻ വാട്ടർ അതോറിറ്റി എന്തു നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ;

(ഡി) അശാസ്ത്രീയമായ പമ്പിംഗ്, മേൽനോട്ടമില്ലാതെ റോഡ് മുറിച്ച് കണക്ഷൻ നൽകുക, അറ്റകുറ്റപ്പണികൾ നടത്തുക എന്നിവ വാട്ടർ അതോറിറ്റി ജീവനക്കാർ നടത്തുന്നത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഇ) വാട്ടർ അതോറിറ്റി വർക്കുകൾക്കായി സ്വകാര്യ വ്യക്തികൾക്ക് കഴിഞ്ഞ അഞ്ച് വർഷ കാലയളവിൽ ഓരോ വർഷവും നൽകിവന്ന തുക എത്ര എന്നും; ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര ചെലവായി എന്നും വ്യക്തമാക്കുമോ;

(എഫ്) ഇത്തരം വർക്കുകൾക്കായി അതോറിറ്റി സ്ഥിരം ജീവനക്കാരെ കണ്ടെത്തുവാനും, സാധനസാമഗ്രികൾ വേണ്ടുന്നവ അതോറിറ്റിതന്നെ നൽകുവാനും നടപടികൾ സ്വീകരിക്കുന്നത് പരിഗണിക്കുമോ ?

## ഉത്തരം

(എ) പി.ഡബ്ല്യൂ.ഡി. റോഡുകൾ നന്നാക്കുന്നതിനായി അതാത് സമയത്ത് നിലവിലുള്ള ഷെഡ്യൂൾ നിരക്കിലാണ് പണം അടയ്ക്കുന്നത്. പി.ഡബ്ല്യൂ.ഡി.യുടെ നിലവിലുള്ള നിരക്കുകൾ താഴെക്കൊടുക്കുന്നു:

1. പി.ഡബ്ല്യൂ.ഡി. റോഡ് ബേം കട്ടിംഗ് - ച. മീറ്ററിന് 161 രൂപ
2. പി.ഡബ്ല്യൂ.ഡി. റോഡ് ബി.ടി സർഫസ് കട്ടിംഗ്- ച. മീറ്ററിന് 15,210 രൂപ
3. പി.ഡബ്ല്യൂ.ഡി. റോഡ് ബി.എം.ബി.സി കട്ടിംഗ്- ച. മീറ്ററിന് 3,854 രൂപ
4. കെ.എസ്.ടി.പി. റോഡ് കട്ടിംഗ്- ച. മീറ്ററിന് 5,505 രൂപ
5. എൻ.എച്ച് റോഡ് ബേം കട്ടിംഗ് - ച. മീറ്ററിന് 264 രൂപ
6. എൻ.എച്ച് റോഡ് റോഡ് കട്ടിംഗ് - ച. മീറ്ററിന് 3,854 രൂപ
7. കോർപ്പറേഷൻ റോഡ് കട്ടിംഗ് - ച. മീറ്ററിന് 3,917 രൂപ
8. പഞ്ചായത്ത് റോഡ് കട്ടിംഗ് - ച. മീറ്ററിന് 1,258 രൂപ

പൈപ്പിടാൻ ഉദ്ദേശിക്കുന്ന റോഡ് പൂർവ്വസ്ഥിതിയിൽ ആക്കുന്നതിന് ആവശ്യമായ ഇനങ്ങൾ ഉൾപ്പെടുത്തി ബന്ധപ്പെട്ട വകുപ്പ് തയ്യാറാക്കി അയച്ചുതരുന്ന എസ്റ്റിമേറ്റ് അനുസരിച്ചുള്ള തുകയാണ് റോഡ് കട്ടിംഗിനായി അടച്ചുവരുന്നത്.

(ബി) മേൽപ്പറഞ്ഞ പ്രവൃത്തികൾക്ക് പണമടച്ച് ബന്ധപ്പെട്ട വകുപ്പുകളുടെ അനുമതി ലഭിച്ചാൽ മാത്രമെ റോഡ് കട്ടിംഗ് നടത്താറുള്ളൂ. റോഡ് കട്ടിംഗ് കഴിഞ്ഞാൽ അവ പൂർവ്വസ്ഥിതിയിൽ ആക്കുന്നതിനുള്ള പരിഹാരമാർഗ്ഗങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾ ദ്രുതഗതിയിൽ നടപ്പിലാക്കേണ്ടതാണ്. റോഡുകൾ കേരള വാട്ടർ അതോറിറ്റിയും താൽക്കാലികമായി പുനഃസ്ഥാപിക്കാറുണ്ട്.

(സി) 2015-16 സാമ്പത്തിക വർഷം ഈ ഇനത്തിൽ പി.ഡബ്ല്യൂ.ഡി.-ക്ക് പഞ്ചായത്തിനുമായി 30.44 കോടി രൂപ നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് തുക അടച്ച് അനുവാദം വാങ്ങിയശേഷം മാത്രമാണ് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിവരുന്നത് എന്നതിനാൽ നൽകേണ്ട തുകയും നൽകിയ തുകയും ഒന്നുതന്നെയാണ്. എന്നിരുന്നാൽ ചില സന്ദർഭങ്ങളിൽ തുക സംബന്ധിച്ച തർക്കങ്ങൾ

നിലനിൽക്കുമ്പോൾ ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥരുമായി സംയുക്ത പരിശോധന നടത്തി വേണ്ട നടപടികൾ കേരള ജല അതോറിറ്റി സ്വീകരിക്കാറുണ്ട്.

(ഡി) ഇത്തരം പരാതികൾ ലഭിച്ചിട്ടില്ല.

(ഇ) വാട്ടർ അതോറിറ്റിയുടെ വർക്കുകൾ സ്വകാര്യ വ്യക്തികളെ ഏൽപ്പിക്കാറില്ല. അതോറിറ്റി ലൈസൻസ് നൽകിയിട്ടുള്ള കരാറുകാർ വഴി ദർഘാസുകൾ സ്വീകരിച്ചുകൊണ്ടാണ് വർക്കുകൾ ചെയ്യുന്നത്. പ്ലംബിംഗ് വർക്കുകൾ, ലൈസൻസുള്ള പ്ലംബർമാർ വഴിയും നിർവ്വഹിക്കുന്നു.

(എഫ്) ഇതിനായി ഇപ്പോൾ തന്നെ ബ്ലൂ ബ്രിഗേഡ് എന്ന ഒരു സംവിധാനം ചുരുങ്ങിയ നിലയിൽ തിരുവനന്തപുരം നഗരത്തിൽ പ്രവർത്തിച്ചുവരുന്നു. പൈപ്പുലൈനുകളിലെ ലീക്കുകൾ അടക്കമുള്ള അറ്റകുറ്റപ്പണികൾ അതോറിറ്റി നേരിട്ടുതന്നെ സമയബന്ധിതമായി പരിഹരിക്കുന്നതിന് ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനമാണ് ബ്ലൂ ബ്രിഗേഡ് സിസ്റ്റം, ഡിപ്പാർട്ട്മെന്റ് വക സാധനസാമഗ്രികൾ ഉപയോഗിച്ചുകൊണ്ടാണ് ബ്ലൂ ബ്രിഗേഡ് വർക്കുകൾ ചെയ്യുന്നത്. കൂടാതെ അടിയന്തര പ്രാധാന്യമുള്ള ലിക്കുകളും പരിഹരിക്കുന്നുണ്ട്. എല്ലാ പ്രധാന ജലവിതരണ പദ്ധതികളിലും ബ്ലൂ ബ്രിഗേഡ് യൂണിറ്റുകൾ ഏർപ്പെടുത്തുവാനുള്ള നടപടികൾ കേരള ജല അതോറിറ്റി സ്വീകരിച്ചുവരുന്നു.

**ചൂണ്ടി ശുദ്ധജലവിതരണ പദ്ധതി**

153 (1965) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറയ്ക്ക് മാത്രമായി വിഭാവനം ചെയ്ത 'ചൂണ്ടി'' ശുദ്ധജലവിതരണ പദ്ധതിയുടെ ഇന്നത്തെ അവസ്ഥ എന്തെന്ന് അറിയിക്കുമോ;

(ബി) ഇതിനാവശ്യമായ തടയണയുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുമോ;

(സി) ഈ പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കുവാൻ സാധിക്കുമെന്നും എന്നുമുതൽ ശുദ്ധജല വിതരണം നടത്തുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും അറിയിക്കുമോ?

ഉത്തരം

(എ) തൃപ്പൂണിത്തുറയ്ക്കുള്ള 'ചൂണ്ടി' ശുദ്ധജലവിതരണ പദ്ധതിയുടെ

നവീകരണത്തിനായി 2801 ലക്ഷം രൂപ മതിപ്പുചെലവു വരുന്ന പദ്ധതിക്ക് 15-10-2014-ൽ ഭരണാനുമതിയും 22-11-2014-ൽ സാങ്കേതികാനുമതിയും നൽകി. പദ്ധതിക്ക് പത്ത് ഘടകങ്ങളായി പ്രവൃത്തികൾ ഏർപ്പാടാക്കിയിട്ടുണ്ട്. ഇതിൽ രാമമംഗലം റോ വാട്ടർ പമ്പ് ഹൗസ് മുതൽ ചൂണ്ടി ശുദ്ധീകരണശാല വരെ 900 മി.മീ. വ്യാസമുള്ള ഡി.ഐ. പൈപ്പ് സ്ഥാപിക്കുന്ന പ്രവർത്തിക്ക് കരാറിൽ ഏർപ്പെട്ടിരുന്നുവെങ്കിലും പൊതുമരാമത്ത് വകുപ്പിന്റെ റോഡിൽ പൈപ്പ് ഇടുന്നതിന് പൂതൃക്ക പഞ്ചായത്ത് എതിർപ്പ് പ്രകടിപ്പിച്ചതിനാൽ ഏറ്റെടുക്കാൻ സാധിച്ചിട്ടില്ല. ബാക്കി 9 ഘടകങ്ങളുടെ പ്രവൃത്തികൾ ഏർപ്പാടാക്കുന്ന നടപടികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

(ബി) തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയിലെയും സമീപ പ്രദേശങ്ങളിലെയും കുടിവെള്ളക്ഷാമത്തിന് ശാശ്വത പരിഹാരം എന്ന നിലയ്ക്കായി മൂവാറ്റുപുഴ ആറിനുകുറുകെ ഒരു തടയണ നിർമ്മിക്കാനായി 1100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനായി റബിൾഫിൽഡ് ഗാബിയോൺ ബോക്സ് ഉപയോഗിച്ചുള്ള തടയണ നിർമ്മാണത്തിനുള്ള സാധ്യതാപഠനവും പ്രാരംഭ നടപടികളും ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് സ്വീകരിച്ചുവരുന്നു.

(സി)2017 ഡിസംബർ മാസത്തോടെ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

**ജിഡ ഫണ്ട് ശുദ്ധജലവിതരണ പദ്ധതി**

154 (1966) <u>ശ്രീ. എസ്. ശർമ്മ</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിഡ ഫണ്ട് വിനിയോഗിച്ച് വൈപ്പിൻ നിയോജകമണ്ഡലത്തിൽ നടപ്പാക്കിവരുന്ന ശുദ്ധജല വിതരണ പദ്ധതിയുടെ ഭാഗമായി എത്ര ശുദ്ധജല ടാങ്കുകളുടെ നിർമ്മാണമാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇനിയും പൂർത്തീകരിക്കാനുള്ളവ ഏതൊക്കെയെന്നും എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്നും വ്യക്തമാക്കാമോ;

(സി) നിർമ്മാണം പൂർത്തീകരിച്ച ശുദ്ധജല ടാങ്കുകളുടെ കമ്മീഷനിങ്ങ് വൈകുന്നത് എന്തുകൊണ്ടാണെന്നും എന്നത്തേക്ക് കമ്മീഷൻ ചെയ്യാനാകുമെന്നും വ്യക്തമാക്കാമോ;

(ഡി) ഇക്കാര്യത്തിൽ തടസ്സങ്ങളുണ്ടെങ്കിൽ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ചുവടെ കാണുന്ന 4 ശുദ്ധജല ടാങ്കുകളുടെ നിർമ്മാണം പൂർത്തീകരിച്ചു.

1. മാലിപ്പുറം ടാങ്ക്
2. കോതാട് ടാങ്ക്
3. പാലിയംതുരുത്ത് ടാങ്ക്
4. എടവനക്കാട് ടാങ്ക്

(ബി) പൂർത്തീകരിക്കാനുള്ള ടാങ്കുകൾ

1. ഞാറയ്ക്കലിലെ 17.90 ലക്ഷം ലിറ്റർ ശേഷിയുള്ള ടാങ്ക്
2. മുരിക്കുംപാടത്തെ 11.80 ലക്ഷം ലിറ്റർ ശേഷിയുള്ള ടാങ്ക്
3. പിഴലയിലെ 2 ലക്ഷം ലിറ്റർ ശേഷിയുള്ള ടാങ്ക്.

ഇവയുടെ പണികൾ 2017 മാർച്ചിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി&ഡി) നിർമ്മാണം പൂർത്തീകരിച്ച നാല് ടാങ്കുകളിൽ കോതാട്, എടവനക്കാട് എന്നീ രണ്ട് ടാങ്കുകൾ കമ്മീഷൻ ചെയ്തിട്ടുണ്ട്. എന്നാൽ മാലിപ്പുറം, പാലിയംതുരുത്ത് എന്നീ ടാങ്കുകൾ കമ്മീഷൻ ചെയ്തിട്ടില്ല. മാലിപ്പുറം ടാങ്കിന്റെയും അതിലേക്കുള്ള പമ്പിംഗ് മെയിനിന്റെയും അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കാൻ നടപടികൾ എടുത്തുവരുന്നുണ്ട്. എന്നാൽ ഇപ്പോൾ പണി നടന്നുകൊണ്ടിരിക്കുന്ന മുരിക്കുംപാടം, ഞാറയ്ക്കൽ ടാങ്കുകളുടെ പണികളും കൂടി പൂർത്തീകരിച്ചാൽ മാത്രമേ മാലിപ്പുറം ടാങ്ക് പൂർണ്ണതോതിൽ കമ്മീഷൻ ചെയ്യാൻ സാധിക്കുകയുള്ളൂ. ടി ടാങ്കുകളുടെ പണി തീരുന്ന മുറയ്ക്ക് മൂന്ന് ടാങ്കുകളും (മാലിപ്പുറം, മുരിക്കുംപാടം, ഞാറയ്ക്കൽ) ഒന്നിച്ച് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. പാലിയംതുരുത്ത് ടാങ്ക് വെള്ളം കയറ്റി ടെസ്റ്റ് ലോഡ് ചെയ്ത് ഇട്ടിരിക്കുകയാണ്. നിലവിലുള്ള വിതരണ ശൃംഖലയുമായി ബന്ധിപ്പിച്ച് ചാർജ്ജ് ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. നവംബർ 30-നകം വിതരണശൃംഖലയുമായി ബന്ധിപ്പിച്ച് പാലിയംതുരുത്ത് ടാങ്ക് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**മംഗലം ഡാം സമഗ്രകുടിവെള്ള പദ്ധതി**

155 (1967) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ താലൂക്കിലെ കിഴക്കഞ്ചേരി, വണ്ടാഴി, വടക്കഞ്ചേരി, കണ്ണമ്പ്ര പഞ്ചായത്തുകൾക്ക് കുടിവെള്ള വിതരണത്തിനു വേണ്ടിയുള്ള മംഗലം ഡാം സമഗ്രകുടിവെള്ള പദ്ധതിയുടെ പ്രവർത്തനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ;

(സി) എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇനി പൂർത്തീകരിക്കാനുള്ളത്; അതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ)ഉണ്ട്.

(ബി) ഭരണാനുമതി നൽകിയ ടി പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനങ്ങൾ ഏപ്രിൽ മാസം 2018-ൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) ടി പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ ഭരണാനുമതി ലഭിച്ച ഘടകങ്ങൾ- 24.5 എം.എൽ.ഡി. ജല ശുദ്ധീകരണശാല, 24.50 ലക്ഷം ലിറ്റർ ഉന്നതതല ജല സംഭരണി, ഇൻടേക്ക് ബ്രിഡ്ജ്, കൺട്രോൾ റൂം നിർമ്മാണം, റോ വാട്ടർ പമ്പിംഗ് മെയിൻ, റോ വാട്ടർ പമ്പ് സെറ്റ്, ക്ലിയർ വാട്ടർ പമ്പ് സെറ്റ്, സബ് സ്റ്റേഷൻ നിർമ്മാണം, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, ഇലക്ട്രിക് ലൈൻ നീട്ടൽ എന്നിവയാണ്. ഇവയിൽ 24.50 എം.എൽ.ഡി. ലക്ഷം ലിറ്റർ ഉന്നതതല ജല സംഭരണി, സബ് സ്റ്റേഷൻ നിർമ്മാണം ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ ക്ലിയർ വാട്ടർ പമ്പ് സെറ്റ്, ട്രാൻസ്ഫോർമർ എന്നിവയ്ക്കായി ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. ദർഘാസ് സമർപ്പിക്കേണ്ട അവസാന തീയതി 4-10-2016 ആണ്. മംഗലം ഡാമിൽനിന്ന് വെള്ളം എടുക്കുവാൻ ഡാമിനകത്ത് ഇൻടേക്ക് ബ്രിഡ്ജ് നിർമ്മിക്കേണ്ടതായിട്ടുണ്ട്. ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിലെ ഡാം സേഫ്റ്റി വകുപ്പിന്റെ അനുമതി ലഭ്യമാക്കി ഇൻടേക്ക് ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള നടപടി എത്രയും പെട്ടന്ന് സ്വീകരിക്കുവാൻ ഇറിഗേഷൻ വകുപ്പ് സൂപ്രണ്ടിംഗ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**മണൽ നിറഞ്ഞ് കിടക്കുന്ന ജലസംഭരണികൾ**

156 (1968) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡാമുകളിൽ മണലും ചെളിയും അടിത്തട്ടിൽ അടിഞ്ഞ് നിശ്ചയിച്ച വെള്ളം സംഭരിക്കാൻ കഴിയുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മണൽ നിറഞ്ഞ് കിടക്കുന്ന ജലസംഭരണികളിൽ നിന്നും സർക്കാർ ഏജൻസികൾ മുഖേന മണൽവാരി സർക്കാർ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി

നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതു സംബന്ധിച്ച പ്രായോഗികത പരിശോധിച്ചുവരുന്നു.

**വിതരണ ശൃംഖലയിലെ തകരാറുകൾമൂലം ജല അതോറിറ്റിക്ക് നഷ്ടമാകുന്ന ജലം**

157 (1969) <u>ശ്രീ. എൻ .എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൈപ്പ് പൊട്ടിയും വിതരണ ശൃംഖലയിലെ മറ്റ് തകരാറുകൾ മൂലവും നിത്യേന ജല അതോറിറ്റിയ്ക്ക് നഷ്ടമാകുന്ന ജലം എത്രയാണെന്ന് കണക്കുണ്ടോ; ഉണ്ടെങ്കിൽ എത്ര ലിറ്റർ വെള്ളമാണ് ഇപ്രകാരം നഷ്ടപ്പെടുന്നതെന്നും ഇതുവഴി വരുന്ന സാമ്പത്തിക നഷ്ടം എത്രയാണെന്നും വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം ഉറവിടങ്ങളിൽനിന്ന് ദിവസവും എത്ര ലിറ്റർ വെള്ളം വീതമാണ് വിതരണത്തിനായി ശുദ്ധീകരിച്ച് എടുക്കുന്നതെന്ന് വ്യക്തമാക്കുമോ; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ശുദ്ധീകരിച്ച് എടുക്കുന്ന വെള്ളം വിതരണത്തിനിടയിൽ ചോർന്ന് പോകുന്നുണ്ടോ; എങ്കിൽ എത്ര വെള്ളമാണ് ഇങ്ങനെ ചോർന്ന് പോകുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ജലനഷ്ടം ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; പഴയ പൈപ്പുകൾ മാറ്റാൻ ഉദ്ദേശ്യമുണ്ടോ; കാലപ്പഴക്കമുള്ള പൈപ്പുകൾ അധികം ഉള്ളത് ഏതെല്ലാം ജില്ലകളിലാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പൈപ്പ് പൊട്ടിയും വിതരണ ശൃംഖലയിലെ തകരാറുകൾ മൂലവും നിത്യേന ജല അതോറിറ്റിക്ക് നഷ്ടമാകുന്ന ജലം എത്രയാണെന്ന് കൃത്യമായി കണക്കാക്കിയിട്ടില്ല. എന്നാൽ ഉൽപ്പാദിപ്പിക്കുന്ന ജലത്തിന്റെ ഏകദേശം 45 ശതമാനം വരെ നഷ്ടമാകുന്നുണ്ടെന്ന് കണക്കാക്കപ്പെടുന്നു. ആകെ ഉല്പാദിപ്പിക്കുന്ന ജലത്തിന്റെ 45 ശതമാനം 1111 ദശലക്ഷം ലിറ്ററാണ്. ജലനഷ്ടം എത്രയെന്ന് കൃത്യമായി കണക്കാക്കുന്നതിന് നിലവിൽ സംവിധാനമില്ല. ഇതിന് ദീർഘകാല പഠനവും

ചിലവേറിയ സാങ്കേതിക സംവിധാനങ്ങളും ആവശ്യമാണ്. 2006 കാലഘട്ടത്തിൽ ജെ.ഐ.സി.എ പദ്ധതിയുടെ ഭാഗമായി നടത്തിയ പൈലറ്റ് ലീക്ക് ഡിറ്റേഷൻ സ്റ്റഡിയിൽ കണ്ടെത്തിയ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് മേൽ പറഞ്ഞ ജല നഷ്ടശതമാനം കണക്കാക്കിയിരിക്കുന്നത്. ഇതുവഴിവരുന്ന സാമ്പത്തികനഷ്ടം ഏകദേശം ഒരു ദിവസത്തേയ്ക്ക് 44 ലക്ഷം രൂപയോളം വരും. ഇന്ത്യയിലെ ജല നഷ്ടത്തിന്റെ ബെഞ്ച് മാർക്ക് 20 ശതമാനം എന്നിരിക്കെ, ജലനഷ്ടം കൊണ്ടുണ്ടാകുന്ന സാമ്പത്തിക നഷ്ടം ഒരു ദിവസത്തേയ്ക്ക് 24 ലക്ഷം രൂപ എന്ന് കണക്കാക്കാവുന്നതാണ്.

(ബി) ജില്ല തിരിച്ചുള്ള കണക്കുകൾ താഴെക്കൊടുക്കുന്നു. (അളവുകൾ ദശലക്ഷം ലിറ്ററിൽ - ഒരു ദിവസം)

| | | |
|---|---|---|
| <u>തിരുവനന്തപുരം ജില്ല</u> : | | |
| കരമന നദി | - | 339.85 |
| വാമനപുരം നദി | - | 65.5 |
| വെള്ളായണികായൽ | - | 3.3 |
| നെയ്യാർ നദി | - | 45.5 |
| <u>കൊല്ലം ജില്ല</u> : | | |
| ശാസ്താംകോട്ട തടാകം | - | 45.5 |
| കല്ലടയാറ് | - | 46.5 |
| നെട്ടിൻകാവ് നദി | - | 2.5 |
| കുളത്തുപ്പുഴ നദി | - | 7.5 |
| അച്ചൻകോവിൽ ആറ് | - | 13.5 |
| പുനക്കന്നൂർ ചിറ | - | 2.5 |
| കുഴൽകിണറുകൾ | - | 62.91 |
| <u>പത്തനംതിട്ട ജില്ല</u> : | | |
| പമ്പാനദി | - | 22.75 |
| കല്ലാർ | - | 1.63 |
| അച്ചൻകോവിൽ ആറ് | - | 38.88 |
| കല്ലടയാർ | - | 4 |

| | | |
|---|---|---|
| മണിമല ആറ് | - | 33 |
| <u>കോട്ടയം ജില്ല</u> : | | |
| മൂവാറ്റുപുഴ ആറ് | - | 26 |
| മീനച്ചൽ ആറ് | - | 58 |
| മണിമല ആറ് | - | 9 |
| വിവിധ കിണറുകൾ | - | 19 |
| <u>ഇടുക്കി ജില്ല</u> : | | |
| പെരിയാർ | - | 1.7 |
| തൊടുപുഴ | - | 21.41 |
| മുതിരപ്പുഴ | - | 0.34 |
| കാളിയാർ | - | 0.11 |
| അരുവികൾ | - | 1.45 |
| ഡാം | - | 2.5 |
| ഭൂഗർഭജലം | - | 5.5 |
| <u>എറണാകുളം ജില്ല</u> : | | |
| മൂവാറ്റുപുഴ | - | 139.25 |
| പെരിയാർ | - | 357.71 |
| കാളിയാർ | - | 11.5 |
| തൊടുപുഴ | - | 3.5 |
| പരിക്കണ്ണി | - | 4.5 |
| ചാലക്കുടി | - | 3 |
| ഭൂഗർഭജലം | - | 5 |
| <u>ആലപ്പുഴ ജില്ല</u> : | | |
| മൂവാറ്റുപുഴയാർ | - | 55 |
| അച്ചൻകോവിൽ ആറ് | - | 14 |
| പമ്പാനദി | - | 2.85 |
| കുഴൽകിണർ | - | 53.5 |

<u>തൃശ്ശൂർ ജില്ല</u> :

| | | |
|---|---|---|
| ഭാരതപ്പുഴ | - | 38.33 |
| മണലിപ്പുഴ | - | 4.65 |
| ചാലക്കുടിപ്പുഴ | - | 45.14 |
| കരുവന്നൂർ പുഴ | - | 47.4 |
| കുറുമാലിപ്പുഴ | - | 4.38 |
| ഡാം | - | 52.75 |
| കുളങ്ങൾ | - | 28 |
| ഭൂഗർഭജലം | - | 16.53 |

<u>മലപ്പുറം ജില്ല</u> :

| | | |
|---|---|---|
| ഭാരതപ്പുഴ | - | 26.5 |
| കടലുണ്ടിപ്പുഴ, ചാലിയാർപുഴ | - | 81 |
| ചെറുപുഴ, കിണർ, കുഴൽകിണർ | - | 3.62 |

<u>പാലക്കാട് ജില്ല</u> :

| | | |
|---|---|---|
| ചിറ്റൂർ പുഴ | - | 33.2 |
| മീങ്കര ഡാം | - | 3.7 |
| പോത്തുണ്ടി ഡാം | - | 4.4 |
| മലമ്പുഴ ഡാം | - | 42 |
| കാഞ്ഞിരപ്പുഴ ഡാം | - | 5 |
| തൂതപ്പുഴ | - | 10.5 |
| ഭൂഗർഭജലം | - | 31.55 |

<u>കാസർഗോഡ് ജില്ല</u> :

| | | |
|---|---|---|
| കാരിച്ചേരി പുഴ | - | 4.2 |
| ഉപ്പളപ്പുഴ | - | 2.95 |
| ഷിരിയപ്പുഴ | - | 3 |
| പള്ളത്തടുക്ക പുഴ | - | 0.75 |

| | | |
|---|---|---|
| ചന്ദ്രഗിരി പുഴ | - | 5 |
| കാര്യംകോട് പുഴ | - | 1 |
| കരുവൻ കയം | - | 0.20 |
| <u>കണ്ണൂർ ജില്ല</u> | | |
| വളപട്ടണം പുഴ | - | 107 |
| അഞ്ചരക്കണ്ടി പുഴ | - | 20 |
| കുപ്പം പുഴ | - | 1 |
| കാര്യംകോട് പുഴ | - | 8 |
| പാത്തിപ്പാലം പുഴ | - | 2.5 |
| <u>കോഴിക്കോട് ജില്ല</u> : | | |
| മുത്തപ്പൻ പുഴ | - | 1.9 |
| ഇരുവഞ്ഞിപ്പുഴ | - | 1.53 |
| ചെറുപുഴ | - | 0.46 |
| പുന്നൂർ പുഴ | - | 15.19 |
| അകാലപ്പുഴ | - | 0.27 |
| പാവയിൽ ചീർപ്പ് | - | 0.9 |
| ചാലിയാർ | - | 73.2 |
| പെരുവണ്ണാമുഴിഡാം | - | 54 |
| കുറ്റ്യാടിപ്പുഴ | - | 21.22 |
| വാണിമേൽ പുഴ | - | 4.21 |
| ചെറ്റക്കണ്ടി പുഴ | - | 0.2 |
| മാവട്ടം പുഴ | - | 0.3 |
| തുറന്നകിണർ | - | 2.04 |
| കുഴൽകിണർ | - | 0.26 |

<u>വയനാട് ജില്ല :</u>

| | | |
|---|---|---|
| കാരാപ്പുഴ ഡാം | - | 3.5 |
| പനമരം പുഴ | - | 2.64 |
| കബനി പുഴ | - | 7.26 |
| ബാണാസുര ഡാം | - | 1.76 |
| കോട്ടൂർ പുഴ | - | 1.98 |
| മുത്തങ്ങപ്പുഴ | - | 3.16 |
| എടത്തറ പിണങ്ങോട് | - | 0.20 |
| മുട്ടിൽ പുഴ | - | 0.10 |
| വൈത്തിരി പുഴ | - | 0.19 |
| മാനന്തവാടി പുഴ | - | 2.59 |
| തലപ്പുഴ | - | 0.69 |
| തുറന്നകിണർ | - | 2.32 |

ഇതുകൂടാതെ എല്ലാ ജില്ലയിലുംകൂടി തുറന്ന കിണർ, കുഴൽകിണർ, ചെറിയ ഇൻടേക്ക് വെൽ എന്നിവ – 102.54

ആകെ എല്ലാ ജില്ലയിലും കൂടി - 2469

(സി) ഉണ്ട്, കൃത്യമായി കണക്കാക്കിയിട്ടില്ല, എന്നിരുന്നാലും ഉൽപ്പാദിപ്പിക്കുന്ന ആകെ ജലത്തിന്റെ ഏകദേശം 45 ശതമാനത്തിൽ താഴെവരും എന്ന് കണക്കാക്കപ്പെടുന്നു.

(ഡി) കാലപ്പഴക്കംമൂലം ലീക്കുകൾ ഉണ്ടാകുന്ന പൈപ്പുകൾ മാറ്റി സ്ഥാപിച്ച് ജല നഷ്ടം ഒഴിവാക്കാനാണ് പ്രധാനമായും ഉദ്ദേശിക്കുന്നത്. ജല അതോറിറ്റിയുടെ ജലവിതരണ ശൃംഖല ആയിരക്കണക്കിന് കിലോമീറ്റർ വ്യാപിച്ചു കിടക്കുന്നതിനാൽ പഴയ പൈപ്പുകളെ സംബന്ധിച്ച കൃത്യമായ വിവരം കണക്കാക്കാൻ സാധിക്കുകയില്ല. പഴയ പൈപ്പുകൾ മാറ്റുന്നതു കൂടാതെ വിതരണ ശൃംഖലയിൽ ഉണ്ടാകുന്ന ലീക്കുകൾ അടിയന്തരമായി പരിഹരിച്ച് ജലനഷ്ടം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## കൊല്ലം ജില്ലയിലെ കുടിവെള്ള വിതരണപദ്ധതി

158 (1970) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ലടയാറ്റിലെ കടപുഴ സ്രോതസ്സായി നടപ്പിലാക്കിവരുന്ന കുടിവെള്ള വിതരണ പദ്ധതിയിൽ കടപുഴയിൽ ഇറിഗേഷൻ വകുപ്പ് നിർമ്മിക്കേണ്ട റഗുലേറ്റർ കം-ബ്രിഡ്ജിന്റെ നിർമ്മാണ നടപടികളിൽ കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാലതാമസം ഒഴിവാക്കി നടപടികൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) കടപുഴയിൽ കിണർ നിർമ്മിക്കേണ്ട സ്ഥലത്തെ സംബന്ധിച്ച് ശാസ്താംകോട്ട മുനിസിഫ് കോടതിയിൽ നിലവിലുള്ള കേസിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. കടപുഴ റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പുതുക്കിയ നിരക്കനുസരിച്ചുള്ള സിവിൽ പാർട്ടിന്റെ എസ്റ്റിമേറ്റ് PRICE software -ൽ തയ്യാറാക്കി വരുന്നു.

(ബി) കടപുഴയിൽ കിണർ നിർമ്മാണ സ്ഥലത്തെ സംബന്ധിച്ച് O.S. No.81/2015 പ്രകാരം ശ്രീമതി ശ്രീകുമാരി അമ്മ, മാധവവിലാസം ബംഗ്ലാവ്, മാവൂർ മുറി, ഈസ്റ്റ് കല്ലട ബഹുമാനപ്പെട്ട ശാസ്താംകോട്ട മുനിസിഫ് മജിസ്ട്രേറ്റ് കോടതിയിൽ ഒരു കേസ്സ് ഫയൽ ചെയ്തിരുന്നു. ബഹുമാനപ്പെട്ട കോടതി IA No.418/2015, OS No. 81/2015-ൽ 31-3-2016 തീയതിയിലെ ഉത്തരവ് പ്രകാരം പ്രസ്തുത സ്ഥലത്തെ നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവെയ്ക്കാൻ ഉത്തരവായിട്ടുള്ളതാണ്. എന്നാൽ ഈ സ്റ്റേ ഉത്തരവിന് എതിരെ വാട്ടർ അതോറിറ്റി 31-5-2016-ൽ ബഹുമാനപ്പെട്ട കരുനാഗപ്പള്ളി സബ്കോടതിയിൽ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്.

## ജലനിധി പദ്ധതികളിൽ നിന്നും കണക്ഷൻ

159 (1971) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തി പൂർത്തീകരിച്ച കുടിവെള്ള പദ്ധതികളിൽനിന്നും, കിണറോ കുടിവെള്ളത്തിന് മറ്റ് വഴികളോ ഇല്ലാത്തവർക്ക് കണക്ഷൻ നൽകാൻ വ്യവസ്ഥയുണ്ടോ; ഇത്തരം അപേക്ഷകൾ ഗുണഭോക്തൃ സമിതികൾ നിരസിക്കുന്നത് പ്രയാസം സൃഷ്ടിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ

പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

ഉണ്ട്. ഗ്രാമീണ മേഖലയിൽ കുടിവെള്ളക്ഷാമം നേരിടുന്ന മേഖലയിൽ ഗുണഭോക്തൃ സമിതികൾ രൂപീകരിച്ച് കുടിവെള്ളമെത്തിക്കുക എന്ന ലക്ഷ്യത്തോടു കൂടിയാണ് ജലനിധി പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്. പ്രവൃത്തി പൂർത്തീകരിച്ച് ജലനിധി കുടിവെള്ള പദ്ധതികളിൽ പുതിയ അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് പ്രായോഗികത പരിശോധിച്ച് കണക്ഷൻ നൽകുന്ന കാര്യത്തിൽ അതാത് ഗുണഭോക്തൃസമിതികൾക്ക് തീരുമാനമെടുക്കാനുള്ള വ്യവസ്ഥ സമിതി നിയമാവലിയിലുണ്ട്. എന്നാൽ ചില സമിതികൾ അത്തരം അപേക്ഷകൾ വിവിധ കാരണങ്ങളാൽ നിരസിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അങ്ങനെയുള്ള പരാതികൾ ലഭിക്കുമ്പോൾത്തന്നെ വിവരം പഞ്ചായത്ത് സെക്രട്ടറിയെ അറിയിക്കുകയും പരാതി പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിക്കുകയും ചെയ്യാറുണ്ട്. കൂടാതെ ജലനിധി രണ്ടാംഘട്ടത്തിൽ കുടിവെള്ള പദ്ധതിയുടെ തുടർ നടത്തിപ്പുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിന് പഞ്ചായത്ത് തലത്തിലും പരാതി പരിഹാര കമ്മിറ്റികൾ/സെല്ലുകൾക്ക് രൂപം നൽകിയിട്ടുണ്ട്. അത്തരം കമ്മിറ്റികൾ ജലനിധി ഒന്നാംഘട്ട പദ്ധതികൾക്കും കൂടി ബാധകമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു.

**റാന്നി നിയോജക മണ്ഡലത്തിലെ പദ്ധതികൾ**

160 (1972) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജകമണ്ഡലത്തിലെ കൊറ്റനാട് - അങ്ങാടി, കോട്ടാങ്ങൽ - ആനിക്കാട്, റാന്നി - ചെറുകോൽ, നിലയ്ക്കൽ - സീതത്തോട്, എഴുമറ്റൂർ എന്നീ പദ്ധതികൾക്ക് ഓരോന്നിനും എത്ര രൂപയുടെ പദ്ധതിയാണ് ഇപ്പോൾ തയ്യാറാക്കിയിട്ടുള്ളത്; ഇതിൽ അംഗീകാരം ഏതൊക്കെ പദ്ധതികൾക്ക് ലഭിച്ചിട്ടുണ്ട്;

(ബി) സംസ്ഥാനതല സമിതി അംഗീകരിച്ച പദ്ധതികളിൽ ഇനി എന്തൊക്കെ നടപടിക്രമങ്ങൾ പൂർത്തിയാക്കിയാലാണ് ടെണ്ടറിലേക്ക് എത്തിച്ചേരാനാകുക; ഏതൊക്കെ പദ്ധതികളാണ് ഇനി ഉടൻ തന്നെ ടെണ്ടർ ചെയ്യാനാവുക; ബാക്കിയുള്ളവയുടെ ടെണ്ടർ എന്നത്തേക്ക് ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് വിശദമാക്കുമോ?

ഉത്തരം

(എ) റാന്നി നിയോജക മണ്ഡലത്തിലെ വിവിധ കുടിവെള്ള പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു:

| പദ്ധതി | അടങ്കൽ തുക(ലക്ഷം) | ഭരണാനുമതി ഉണ്ടോ/ഇല്ലയോ |
|---|---|---|
| റാന്നി-അങ്ങാടി-കൊറ്റനാട് | 1150.00 | ഉണ്ട് |
| മല്ലപ്പള്ളി-ആനിക്കാട്-കോട്ടങ്ങൽ (ഭാഗികം) | 798.00 | ഉണ്ട് |
| ചെറുകോൽ-നാരങ്ങാനം-റാന്നി (ഭാഗികം) | 1940.00 | ഇല്ല |
| സീതത്തോട്-നിലയ്ക്കൽ | 909.00 | ഉണ്ട് |
| എഴുമറ്റൂർ | 591.00 | ഉണ്ട് |

(ബി) 1. റാന്നി-അങ്ങാടി-കൊറ്റനാട് പദ്ധതി :

ഈ കുടിവെള്ള പദ്ധതിയുടെ ഒന്നാംഘട്ടത്തിന് 1150 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇൻ-ടേക്ക് കിണർ, ജലശുദ്ധീകരണശാല, റോ വാട്ടർ പമ്പിംഗ് മെയിൻ എന്നീ ഘടകങ്ങളാണ് ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ജല ശുദ്ധീകരണശാല പണിയാൻ പഞ്ചായത്ത് സ്ഥലം ഏറ്റെടുത്ത് നല്കാത്തതിനാൽ പണികൾ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. പദ്ധതിയുടെ രണ്ടാംഘട്ടത്തിന്റെ ഇൻവെസ്റ്റിഗേഷൻ ജോലികളും സർവ്വേജോലികളും പൂർത്തീകരിച്ചു. ഒന്നാംഘട്ടത്തിന്റെ പണികൾ ആരംഭിക്കാത്തതിനാൽ രണ്ടാം ഘട്ടത്തിന്റെ ഡി.ഇ.ആർ. തയ്യാറാക്കിയിട്ടില്ല.

2. മല്ലപ്പള്ളി-ആനിക്കാട്-കോട്ടങ്ങൽ (ഭാഗികം)

മല്ലപ്പള്ളി-ആനിക്കാട്-കോട്ടങ്ങൽ ശുദ്ധജല വിതരണ പദ്ധതിയുടെ ഒന്നാംഘട്ടത്തിന് 798 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇൻടേക്ക് കിണർ, ജല ശുദ്ധീകരണശാല എന്നീ ഘടകങ്ങളാണ് ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇവയുടെ പണികൾ പുരോഗമിക്കുന്നു. പ്രസ്തുത പദ്ധതിയുടെ രണ്ടാംഘട്ടത്തിന്റെ സർവ്വേജോലികൾ പൂർത്തിയാക്കി. ഡി.ഇ.ആർ. തയ്യാറാക്കി വരുന്നു. രണ്ടാംഘട്ടത്തിൽ റോ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ മെയിനുകൾ, ജല സംഭരണികൾ, പമ്പ് സെറ്റുകൾ എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പദ്ധതിയുടെ വിതരണശൃംഖല മൂന്നാംഘട്ടമായിട്ടാണ്

വിഭാവനം ചെയ്തിട്ടുള്ളത്.

3. ചെറുകോൽ-നാരങ്ങാനം-റാന്നി (ഭാഗികം) :

പ്രസ്തുത പദ്ധതിയുടെ ഒന്നാംഘട്ടത്തിന് 1940 ലക്ഷം രൂപയുടെ ഡി.ഇ.ആർ. തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പദ്ധതി നടപ്പാക്കാൻ കഴിയുന്നതാണ്.

4. സീതത്തോട്-നിലയ്ക്കൽ :

സീതത്തോട്-നിലയ്ക്കൽ ശുദ്ധജല വിതരണപദ്ധതിയുടെ ഒന്നാംഘട്ടത്തിന് 909 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഒന്നാംഘട്ടത്തിൽ ജലശുദ്ധീകരണശാല, ഇൻടേക്ക് കിണർ എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇവയുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി. വർക്ക് ഓർഡർ നല്കിയിട്ടുണ്ട്. പ്ലാപ്പള്ളി, നിലയ്ക്കൽ മേഖലകളിലേക്കുള്ള ജല സംഭരണികളും ക്ലിയർ വാട്ടർ മെയിനുകളും പമ്പ് സെറ്റുകളും ഉൾപ്പെടുത്തിക്കൊണ്ടുള്ള രണ്ടാംഘട്ടത്തിന്റെ ഡി.ഇ.ആർ. തയ്യാറാക്കി വരുന്നു .

5. എഴുമറ്റൂർ

എഴുമറ്റൂർ ശുദ്ധജലവിതരണ പദ്ധതിയുടെ ഒന്നാംഘട്ടത്തിന് 591 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 2.5 എം.എൽ.ഡി. ജല ശുദ്ധീകരണശാല, റോ വാട്ടർ പമ്പിംഗ് മെയിൻ, ജലസംഭരണി, എന്നിവയാണ് ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. റോ വാട്ടർ പമ്പിംഗ് മെയിനിന്റെ പണി പൂർത്തിയാക്കി. ശേഷി കുറഞ്ഞ ജല ശുദ്ധീകരണശാല ആയതിനാൽ രണ്ടുപ്രാവശ്യം ടെണ്ടർ ചെയ്തിട്ടും ജലശുദ്ധീകരണശാലയുടെ പണിയുടെ ടെണ്ടറിൽ ആരും പങ്കെടുത്തില്ല. നിലവിൽ എഴുമറ്റൂർ പഞ്ചായത്തിനെക്കൂടി ഉൾപ്പെടുത്തി പുറമറ്റം, കല്ലൂപ്പാറ, എഴുമറ്റൂർ, കുന്നന്താനം എന്നീ പഞ്ചായത്തുകൾക്കുള്ള 77.40 കോടി രൂപ മതിപ്പുചെലവുള്ള ബൃഹത്തായ കുടിവെള്ള പദ്ധതിയുടെ ഡി.പി.ആർ. കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ ഉത്പാദക ഘടകങ്ങളുടെ തുക 37.4 കോടി രൂപ നബാർഡിന്റെ ധനസഹായം ലഭ്യമാക്കുന്നതിനായി സർക്കാർ പരിശോധിച്ചുവരുന്നു.

**ഗ്രാമീണ കുടിവെള്ള പദ്ധതി**

161 (1973) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ചു വർഷങ്ങളായി ഗ്രാമീണ കുടിവെള്ള പദ്ധതി

നടത്തിപ്പുകൾക്ക് ലഭിക്കുന്ന കേന്ദ്രവിഹിതം, ഇതിൽ വന്നിട്ടുള്ള കുറവ്, സംസ്ഥാന വിഹിതം , ലഭിച്ച തുക എന്നിവ എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നിർമ്മാണങ്ങൾക്കായി കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ ആവശ്യമായിരുന്ന ഭൂമി, ലഭിച്ച ഭൂമി, ഭൂമി ലഭിക്കാത്തതുമൂലം നടപ്പിലാക്കാത്ത പദ്ധതികൾ എന്നിവ സംബന്ധിച്ച ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) ഭൂമി ലഭിക്കാത്തതുമൂലം, പാലക്കാട് ജില്ലയിലും ഷൊർണ്ണൂർ മണ്ഡലത്തിലും നടപ്പാക്കാൻ കഴിയാത്ത പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രശ്നങ്ങൾ പരിഹരിച്ച് ഇത്തരം നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാനും മണ്ഡലങ്ങളിലെ സാമാജികരുടെ നിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്ത് കുടിവെള്ള പദ്ധതികൾ യഥാസമയം നടപ്പിലാക്കാനും എന്തു നടപടികൾ സ്വീകരിയ്ക്കും എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇതുസംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പദ്ധതി നിർമ്മാണങ്ങൾക്കായി കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ ആവശ്യമായിരുന്ന ഭൂമി, ലഭിച്ച ഭൂമി എന്നിവയുടെ വിശദവിവരം അനുബന്ധമായും, ഭൂമി ലഭിക്കാത്തതുമൂലം നടപ്പിലാക്കാത്ത പദ്ധതികൾ സംബന്ധിച്ച ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധമായും ചേർത്തിരിക്കുന്നു*.

(സി) അട്ടപ്പാടി മേഖലയിലെ അഗളി-പുതൂർ-ഷോളയൂർ കുടിവെള്ള പദ്ധതിയുടെ ഒന്നാംഘട്ടത്തിലെ ശുദ്ധീകരണശാല, ബൂസ്റ്റർ പമ്പിംഗ് സ്റ്റേഷൻ, (2) ത്രിക്കടീരി-ചെർപ്പുളശ്ശേരി-അനങ്ങനടി-ചളവറ പദ്ധതിയുടെ ഒന്നാംഘട്ടം എന്നീ പദ്ധതികൾ നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

(ഡി) സ്ഥലം ഏറ്റെടുക്കുന്നതിനും റോഡ് കട്ടിംഗ്, റെയിൽവേ ക്രോസിംഗ് മുതലായവയ്ക്കുള്ള അനുമതി ഉൾപ്പെടെയുള്ള തടസ്സങ്ങൾ പരിഹരിക്കുന്നതിനും അവലോകനയോഗങ്ങൾക്കൂടി ജനപ്രതിനിധികളുടെ നിർദ്ദേശങ്ങൾക്കൂടി കണക്കിലെടുത്ത് പദ്ധതി നിർവ്വഹണം നടത്തുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കോളിഫോം ബാക്ടീരിയ

162 (1974) ശ്രീ. മുല്ലക്കര രത്നാകരൻ :

ശ്രീ. ആർ. രാമചന്ദ്രൻ :

ശ്രീ. ഇ. കെ. വിജയൻ :

ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദികളിലും, ജലസംഭരണികളിലും കോളിഫോം ബാക്ടീരിയയുടെ അളവ് വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ ഭൂരിഭാഗം കിണറുകളിലും കോളിഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യം കാണുന്നതായി പഠന റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) കുടിവെള്ളത്തിൽ കോളിഫോം ബാക്ടീരിയ അടങ്ങിയിട്ടില്ല എന്നുറപ്പാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേരള വാട്ടർ അതോറിറ്റിയിലെ ക്വാളിറ്റി കൺട്രോൾ വിഭാഗത്തിലെ ഉദ്യോഗസ്ഥർ സംസ്ഥാനത്തെ വിവിധ പഞ്ചായത്തുകളിലെ കിണറുകൾ, ട്യൂബ് വെല്ലുകൾ, നദികൾ എന്നിവയിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് അവയുടെ ഗുണനിലവാരം പരിശോധിച്ച് പരിശോധനാഫലം IMIS വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തി വരുന്നുണ്ട്. (www.indiawater.gov.in) ടി പരിശോധനയിൽ ചില സാമ്പിളുകളിൽ കോളീഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) കേരള വാട്ടർ അതോറിറ്റി നദികളിലും ജലസംഭരണികളിലും നിന്നുള്ള ജലം ശുദ്ധീകരണശാലകളിൽ അണു നശീകരണം ഉൾപ്പെടെയുള്ള പ്രക്രിയ കളിലൂടെ ശുദ്ധീകരിച്ച് ലാബുകളിൽ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷമാണ് വിതരണത്തിനായി നൽകുന്നത്. ശുദ്ധീകരണശാല ഇല്ലാത്ത ശുദ്ധജലവിതരണ പദ്ധതികളിൽ നിന്നും വിതരണം ചെയ്യുന്ന ജലം

ബ്ലീച്ചിങ്ങ് പൗഡർ ഉപയോഗിച്ച് അണു നശീകരണം നടത്തിയ ശേഷമാണ് വിതരണത്തിനായി നൽകുന്നത്. കൂടാതെ കേരള വാട്ടർ അതോറിറ്റിയുടെ ക്വാളിറ്റി കൺട്രോൾ വിഭാഗം നിശ്ചിത ഇടവേളകളിൽ വിതരണത്തിനുള്ള ജലത്തിന്റെ സാമ്പിളുകൾ ശേഖരിച്ച് ഗുണനിലവാരം ഉറപ്പു വരുത്തുന്നു.

**നഗരൂർ-കരവാരം-പുളിമാത്ത് സമഗ്രകുടിവെള്ള പദ്ധതി**

163 (1975) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരൂർ, കരവാരം, പുളിമാത്ത് ഗ്രാമപഞ്ചായത്തുകൾക്ക് ഒരു സമഗ്ര കുടിവെള്ള പദ്ധതിയ്ക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഈ പദ്ധതിയെ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ;

(ബി) ഇത് സംബന്ധിച്ച പ്രൊപ്പോസൽ കേരള വാട്ടർ അതോറിറ്റി ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ;

(സി) എസ്റ്റിമേറ്റ് തുക എത്രയാണെന്നും ഫയൽ ഗവൺമെന്റിലേക്ക് അയയ്ക്കുന്നതിന് തടസ്സം എന്താണെന്നും വ്യക്തമാക്കാമോ;

(ഡി) രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്നതും ഒരു സമഗ്ര കുടിവെള്ള പദ്ധതി പോലുമില്ലാത്തതുമായ ഈ പഞ്ചായത്തുകളിൽ പ്രസ്തുത പദ്ധതി നടപ്പിൽ വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്, പുളിമാത്ത്, നഗരൂർ, കരവാരം ഗ്രാമപഞ്ചായത്തുകൾക്ക് വേണ്ടി 59.30 കോടിരൂപ (എസ്.ഒ. ആർ.-2012) മതിപ്പ് ചെലവ് പ്രതീക്ഷിക്കുന്ന ഒരു സമഗ്ര കുടിവെള്ള പദ്ധതിയുടെ എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ, കിണർ ശുദ്ധീകരണശാല, റോ വാട്ടർ പമ്പിംഗ് മെയിൻ, പമ്പ് സെറ്റുകൾ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, ജലസംഭരണികൾ എന്നിവ ഉൾപ്പെടുന്നു.

(ബി) ഇല്ല.

(സി) എസ്റ്റിമേറ്റ് തുക 59.30 കോടി രൂപയാണ് (എസ്.ഒ.ആർ.-2012) ഈ എസ്റ്റിമേറ്റ് ഡി.എസ്.ആർ. 2014 (ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്സ് 2014) അനുസരിച്ച് പുതുക്കുന്നതിനുള്ള നടപടി കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

(ഡി) നടപടി സ്വീകരിച്ചുവരുന്നു.

**അന്തമൺ കടവിൽ സ്ഥാപിച്ച കുടിവെള്ള പദ്ധതി**

164 (1976) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽപ്പെടുന്ന അന്തമൺ കടവിൽ (കല്ലടയാറിന്റെഭാഗം)സ്ഥാപിച്ച കുടിവെള്ള പദ്ധതിയിൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് വേണ്ടി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) പദ്ധതിയിലെ പ്രവൃത്തികൾ നിലച്ചിട്ട് എത്ര നാളായെന്നും അതിനു കാരണമെന്താണെന്നും വ്യക്തമാക്കുമോ;

(ഡി) അവശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തിയാക്കി പദ്ധതി യാഥാർത്ഥ്യ മാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽപ്പെടുന്ന മൈലം ഗ്രാമപഞ്ചായ ത്തിലെ 1,2,3 വാർഡുകളിലേയ്ക്ക് ജലവിതരണം നടത്തുന്നതിനായി എൻ.സി.പി.സി.-യിൽ ഉൾപ്പെടുത്തി 23-3-2004-ൽ 58 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ച അന്തമൺ വാട്ടർ സപ്ലൈ സ്കീം മൂന്ന് ഘട്ടങ്ങളിലായാണ് വിഭാവനം ചെയ്തത്. ഒന്നാംഘട്ടത്തിൽ കിണറിന്റെ നിർമ്മാണം പൂർത്തീകരിച്ചു. രണ്ടാംഘട്ടത്തിൽ 765 മീറ്റർ നീളത്തിൽ 150 എം.എം. ഡി.ഐ പമ്പിംഗ് മെയിനും അന്തമൺ ജംഗ്ഷൻ മുതൽ ഒഴുകുപാറ ജംഗ്ഷൻ വരെ 9222 മീറ്റർ നീളത്തിൽ വിതരണ ലൈനുകളുടേയും പണി പൂർത്തിയാക്കി. മൂന്നാംഘട്ടത്തിൽ 20 എച്ച്.പി. കിർലോസ്കർ പമ്പ്സെറ്റ് സപ്ലൈ ചെയ്തിട്ടുണ്ട്.

(ബി) കിണറിനും ഭൂതലസംഭരണിക്കുമായി 3,74,607 രൂപയും പമ്പിംഗ് മെയിനും വിതരണ ലൈനുകൾക്കുമായി 35,93,468 രൂപയും പമ്പ് സെറ്റിന് 3,63,500 രൂപയും ഉൾപ്പെടെ ആകെ 43,31,575 രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി&ഡി) ഈ പദ്ധതിയുടെ കിണറിന്റേയും പമ്പ് ഹൗസിന്റേയും നിർമ്മാണ ഘട്ടത്തിൽ കരാറുകാരനും കേരള വാട്ടർ അതോറിറ്റിയുമായി തർക്കം ഉണ്ടാകുകയും തുടർന്ന് 3/2008-ൽ ഈ പദ്ധതി നിലച്ചു പോയിട്ടുള്ളതുമാണ്.

ഈ പദ്ധതിയുടെ അവശേഷിക്കുന്ന പ്രവൃത്തികളായ പമ്പ് ഹൗസ്, വാട്ടർ ടാങ്ക് എന്നിവയുടെ നിർമ്മാണം, പമ്പ് ഹൗസിലേയ്ക്കും മറ്റുമുള്ള വൈദ്യുതീകരണം, പൈപ്പുകളുടെ കൂട്ടിയോജിപ്പിക്കൽ എന്നിവ പൂർത്തിയാക്കേണ്ടതുണ്ട്. ഇവയ്ക്കുള്ള എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിവരുന്നു. കൂടാതെ, നിലവിൽ സ്ഥാപിച്ച പൈപ്പ് ലൈനുകൾ ഉപയോഗയോഗ്യമാണോ എന്നും പരിശോധിച്ചു വരുന്നു.

**ജപ്പാൻ കുടിവെള്ള പദ്ധതി**

165 (1977) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജപ്പാൻ കുടിവെള്ള പദ്ധതി നടപ്പാക്കി വരുന്നുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ധനസഹായമാണ് ഈ പദ്ധതിക്ക് ലഭിക്കുന്നത്; വിവരിക്കുമോ;

(സി) സംസ്ഥാനത്ത് എവിടെയൊക്കെയാണ് ഈ പദ്ധതി നടപ്പാക്കി വരുന്നത്; വിശദീകരിക്കുമോ;

(ഡി) എത്ര കോടി രൂപയാണ് ഈ പദ്ധതിയുടെ ചെലവിന് വേണ്ടി വരുന്നത് എന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്, കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന കേരള വാട്ടർ സപ്ലൈ പ്രോജക്ടിൽ ജപ്പാൻ കുടിവെള്ള പദ്ധതി തിരുവനന്തപുരം, മീനാട്, ചേർത്തല, കോഴിക്കോട്, പട്ടുവം എന്നീ പദ്ധതികൾ ഉൾപ്പെടുന്നു. മേൽ പദ്ധതികളിൽ ഇൻടേക്ക് കിണർ, ജലശുദ്ധീകരണശാല, ട്രാൻസ്മിഷൻ മെയിൻ, വിതരണ ശൃംഖല, ജലസംഭരണികൾ എന്നിവ ഉൾപ്പെടുന്നു. ഇതിൽ ചേർത്തല, പട്ടുവം എന്നീ പദ്ധതികൾ വിഭാവനം ചെയ്ത രൂപത്തിൽ പൂർണ്ണമായും തിരുവനന്തപുരം, മീനാട്, കോഴിക്കോട് പദ്ധതികൾ ഭാഗീകമായും കമ്മീഷൻ ചെയ്തു.

(ബി) ജപ്പാൻ ഇന്റർനാഷണൽ കോ-ഓപ്പറേഷൻ ഏജൻസിയുടെ ധനസഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കിയത്. ലോൺ കാലാവധി 2015 ജൂലൈ

മാസത്തിൽ അവസാനിച്ചു. ശേഷിക്കുന്ന ജോലികൾ സംസ്ഥാന സർക്കാർ ഫണ്ടുപയോഗിച്ചാണ് നടപ്പിലാക്കുന്നത്.

(സി) തിരുവനന്തപുരം, കോഴിക്കോട് എന്നീ നഗരങ്ങൾക്കും പ്രാന്ത പ്രദേശങ്ങൾക്കും വേണ്ടിയുള്ള ശുദ്ധജലവിതരണ വിപുലീകരണ പദ്ധതികൾ, കൊല്ലം ജില്ലയിലെ മീനാടിനും സമീപ പഞ്ചായത്തുകൾക്കുമുള്ള സമഗ്ര ശുദ്ധജലവിതരണ പദ്ധതി, ആലപ്പുഴ ജില്ലയിലെ ചേർത്തല മുനിസിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകൾക്കുമുള്ള സമഗ്ര ശുദ്ധജലവിതരണ പദ്ധതി, കണ്ണൂർ ജില്ലയിലെ പട്ടുവത്തിനും സമീപ പഞ്ചായത്തുകൾക്കുമായുള്ള സമഗ്ര ശുദ്ധജലവിതരണ പദ്ധതി എന്നീ 5 പദ്ധതികളാണ് ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുന്നത്.

തിരുവനന്തപുരം പദ്ധതി :

പഴയ വിഴിഞ്ഞം, കഴക്കൂട്ടം പഞ്ചായത്ത് പ്രദേശങ്ങൾ ഒഴികെയുള്ള തിരുവനന്തപുരം നഗരത്തിൽ ജപ്പാൻ കുടിവെള്ള പദ്ധതിയിൽ നിന്നും ശുദ്ധജലം ലഭിക്കുന്നു. പഴയനേമം, തിരുവല്ലം എന്നീ പഞ്ചായത്തു പ്രദേശങ്ങളിൽ വിതരണ ശൃംഖല ജനറം പദ്ധതി മുഖേനയാണ് നടപ്പിലാക്കിയിട്ടുള്ളത്. എന്നാൽ ജലം ജപ്പാൻ പദ്ധതിയിൽ നിന്നുമാണ് ലഭ്യമാക്കുന്നത്.

കൊല്ലം ജില്ലയിലെ മീനാട് പദ്ധതി :

ഈ പദ്ധതിയിൽ പരവൂർ മുനിസിപ്പാലിറ്റിയും കരവാളൂർ, അഞ്ചൽ, ഇടമുളയ്ക്കൽ, ചാത്തന്നൂർ, ഉമ്മന്നൂർ, ഇളമാട്, പൂയപ്പള്ളി, വെളിയം, നെടുമ്പന, ആദിച്ചനല്ലൂർ, ചിറക്കര, പൂതക്കുളം, മയ്യനാട്, എന്നീ പഞ്ചായത്തുകളും ഉൾപ്പെടുന്നു.

ആലപ്പുഴ ജില്ലയിലെ ചേർത്തല പദ്ധതി:

ഈ പദ്ധതിയിൽ ചേർത്തല മുനിസിപ്പാലിറ്റിയും, ചേർത്തല തെക്ക്, പള്ളിപ്പുറം, പാണാവള്ളി, തൈക്കാട്ടുശ്ശേരി, അരൂക്കുറ്റി, പെരുമ്പളം, അരൂർ, എഴുപുന്ന, കുത്തിയതോട്, തുറവൂർ, പട്ടണക്കാട്, വയലാർ, കടകരപ്പള്ളി, കോടംതുരുത്ത്, തണ്ണീർമുക്കം, മുഹമ്മ, കഞ്ഞിക്കുഴി, മാരാരിക്കുളം(വടക്ക്) പഞ്ചായത്തുകളും ഉൾപ്പെടുന്നു.

കോഴിക്കോട് പദ്ധതി :

ഈ പദ്ധതിയിൽ കോഴിക്കോട് കോർപ്പറേഷനും ബാലുശ്ശേരി, ചേളന്നൂർ, ഏലത്തൂർ, തലക്കുളത്തൂർ, നന്മണ്ട, കാക്കൂർ, ബേപ്പൂർ, ചെറുവണ്ണൂർ, ഒളവണ്ണ, കടലുണ്ടി,

കക്കോടി, നരിക്കുനി, കുന്ദമംഗലം, പെരുവയൽ, കുറുവട്ടൂർ, പെരുമണ്ണ എന്നീ പഞ്ചായത്തുകളിലും വെള്ളം നൽകുന്നതിനുള്ള പണികൾ പുരോഗമിച്ചുവരുന്നു.

കണ്ണൂർ ജില്ലയിലെ പട്ടുവം പദ്ധതി :

ഈ പദ്ധതിയിൽ തളിപ്പറമ്പ് മുനിസിപ്പാലിറ്റിയും, ചപ്പാരപ്പടവ്, കടന്നപ്പള്ളി, പരിയാരം, കുറുമാത്തൂർ, പട്ടുവം, കല്ല്യാശ്ശേരി, പാപ്പിനിശ്ശേരി, ചെറുകുന്ന്, കണ്ണപുരം, മാട്ടൂൽ, എഴോം, പാണപ്പുഴ പഞ്ചായത്തുകളും ഉൾപ്പെടുന്നു.

(ഡി) പദ്ധതിയുടെ അംഗീകൃത മതിപ്പ് ചെലവ് 2987.40 കോടി രൂപയാണ്.

**ജപ്പാൻകുടിവെള്ള പദ്ധതി**

166 (1978) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ ഏതൊക്കെ സ്ഥലങ്ങളിലാണ് ജപ്പാൻ കുടിവെള്ള പദ്ധതി പ്രകാരം കുടിവെള്ളം വിതരണം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതി കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ ജപ്പാൻ കുടിവെള്ള പദ്ധതി പ്രകാരം കുടിവെള്ളം വിതരണം ചെയ്യുന്നില്ല.

**വാട്ടർ അതോറിറ്റി പുനരുദ്ധാരണ പദ്ധതി**

167 (1979) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാട്ടർ അതോറിറ്റി പുനരുദ്ധാരണ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിവരിക്കുമോ;

(സി) വാട്ടർ അതോറിറ്റിയെ കാര്യക്ഷമവും മെച്ചപ്പെട്ട സേവനവും നൽകുന്ന സ്ഥാപനമാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പുനരുദ്ധാരണ പദ്ധതിക്കുള്ള ധനസമാഹരണം എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്?

<u>ഉത്തരം</u>

(എ) കേരള വാട്ടർ അതോറിറ്റിയുടെ സ്ഥാപന ശാക്തീകരണത്തിന്റെ ഭാഗമായി പ്രോസസ്സ് റീ-എഞ്ചിനീയറിംഗ് സംബന്ധിച്ചും ഫിനാൻഷ്യൽ റീ-എഞ്ചിനീയറിംഗ് സംബന്ധിച്ചുമുള്ള റിപ്പോർട്ടുകൾ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, ബാംഗ്ലൂർ തയ്യാറാക്കി നൽകിയിട്ടുണ്ട്. എന്നാൽ ഇത് പൂർണ്ണമായും അംഗീകരിച്ച് നടപ്പിലാക്കിയിട്ടില്ല. ഇതിനു പുറമേ കേരള വാട്ടർ അതോറിറ്റി പുനരുദ്ധാരണത്തിനായി താഴെപ്പറയുന്ന കാര്യങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

1. പദ്ധതികൾ നടപ്പിലാക്കുന്നത് പൂർണ്ണമായും പ്രോജക്ട് ഡിവിഷനുകളുടെ കീഴിലാക്കി ഇതിനായി 14 പ്രോജക്ട് ഡിവിഷനുകൾ രൂപീകരിച്ചു. ജല അതോറിറ്റിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി അതോറിറ്റി നടപ്പാക്കുന്ന എല്ലാ പദ്ധതികളും ഈ 14 പ്രോജക്ട് ഡിവിഷനുകളുടെ പരിധിയിലാക്കുകയും ചെയ്തു.

2. ജലഅതോറിറ്റിയുടെ പ്രവർത്തനങ്ങൾ സുതാര്യവും കാര്യക്ഷമമാക്കുന്നതിനുമായി പൗരാവകാശരേഖ പ്രസിദ്ധീകരിച്ചു.

3. വാട്ടർ അതോറിറ്റിയുടെ പരിഷ്കരിച്ച വെബ്സൈറ്റ് തുറന്നു.

4. ഉപഭോക്തൃ സേവനത്തിനുള്ള മാർഗ്ഗരേഖ തയ്യാറാക്കി.

5. പൊതുജനങ്ങൾക്കും ഉപഭോക്താക്കൾക്കും ആവശ്യമായ സഹായങ്ങൾ നൽകുന്നതിനായി എല്ലാ സബ്ഡിവിഷനുകളിലും ഹെൽപ്പ് ഡെസ്കുകൾ തുടങ്ങുന്നതിനുള്ള നടപടികൾ എടുത്തു.

6. അറ്റകുറ്റപ്പണികളുടെ കാലതാമസം ഒഴിവാക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട നഗരങ്ങളിൽ ബ്ലൂ ബ്രിഗേഡ് സംവിധാനം നടപ്പിലാക്കി. അത് എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

7. വാട്ടർ അതോറിറ്റിയുടെ എല്ലാ ജില്ലകളിലേക്കും ആസ്തികൾ തിട്ടപ്പെടുത്തി മാപ്പിംഗ് നടത്തി കമ്പ്യൂട്ടറിലാക്കാനുള്ള പ്രവർത്തനം പുരോഗമിച്ചുവരുന്നു.

8. കേരള വാട്ടർ അതോറിറ്റിയുടെ വൈദ്യുതി ചാർജ്ജ് കുറയ്ക്കുന്നതിനായി ഒരു എനർജി മാനേജ്മെന്റ് പദ്ധതി നടപ്പിലാക്കി വരുന്നു.

9. ജല അതോറിറ്റി ഓഫീസുകൾ കമ്പ്യൂട്ടർ ശൃംഖല വഴി ബന്ധിപ്പിക്കുന്ന നെറ്റ് വർക്ക് നടപ്പിലാക്കി വരുന്നു. കേന്ദ്രീകൃത ബില്ലിംഗും (അബാക്കസ്സ്), ഈ-പേയ്മെന്റ് സംവിധാനവും കംപ്ലെയിന്റ് റിഡ്രസ്സൽ സിസ്റ്റവും ഇ-ടെണ്ടറിംഗും നടപ്പിലാക്കി വരുന്നു.

(ബി) കേരള വാട്ടർ അതോറിറ്റിയുടെ ഘടനാപരമായ ക്രമീകരണം, നയങ്ങളിലും നടപടിക്രമങ്ങളിലും വരുത്തേണ്ട മാറ്റങ്ങൾ, ധനകാര്യ സുസ്ഥിരത എന്നീ വിഷയങ്ങളാണ് ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) വാട്ടർ അതോറിറ്റിയെ കാര്യക്ഷമവും മെച്ചപ്പെട്ട സേവനവും നൽകുന്ന സ്ഥാപനമാക്കാൻ താഴെപ്പറയുന്ന കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

1. പദ്ധതികൾ നടപ്പിലാക്കുന്നത് പൂർണ്ണമായും പ്രോജക്ട് ഡിവിഷനുകളുടെ കീഴിലാക്കി ഇതിനായി 14 പ്രോജക്ട് ഡിവിഷനുകൾ രൂപീകരിച്ചു. ജല അതോറിറ്റിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി അതോറിറ്റി നടപ്പാക്കുന്ന എല്ലാ പദ്ധതികളും ഈ 14 പ്രോജക്ട് ഡിവിഷനുകളുടെ പരിധിയിലാക്കുകയും ചെയ്തു.

2. ജല അതോറിറ്റിയുടെ പ്രവർത്തനങ്ങൾ സുതാര്യവും കാര്യക്ഷമമാക്കുന്നതിനായി പൗരാവകാശരേഖ പ്രസിദ്ധീകരിച്ചു.

3. വാട്ടർ അതോറിറ്റിയുടെ പരിഷ്കരിച്ച വെബ്സൈറ്റ് തുറന്നു.

4. ഉപഭോക്തൃ സേവനത്തിനുള്ള മാർഗ്ഗരേഖ തയ്യാറാക്കി.

5. പൊതുജനങ്ങൾക്കും ഉപഭോക്താക്കൾക്കും ആവശ്യമായ സഹായങ്ങൾ നൽകുന്നതിനായി എല്ലാ സബ്ഡിവിഷനുകളിലും ഹെൽപ്പ്ഡെസ്കുകൾ തുടങ്ങുന്നതിനുള്ള നടപടികൾ എടുത്തു.

6. അറ്റകുറ്റപണികളുടെ കാലതാമസം ഒഴിവാക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട നഗരങ്ങളിൽ ബ്ലൂ ബ്രിഗേഡ് സംവിധാനം നടപ്പിലാക്കി. അത് എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ

എടുത്തുവരുന്നു.

7. വാട്ടർ അതോറിറ്റിയുടെ എല്ലാ ജില്ലകളിലേക്കും ആസ്തികൾ തിട്ടപ്പെടുത്തി മാപ്പിംഗ് നടത്തി കമ്പ്യൂട്ടറിലാക്കാനുള്ള പ്രവർത്തനം പുരോഗമിച്ചുവരുന്നു.

8. കേരള വാട്ടർ അതോറിറ്റിയുടെ വൈദ്യുതി ചാർജ്ജ് കുറയ്ക്കുന്നതിനായി ഒരു എനർജി മാനേജ്മെന്റ് പദ്ധതി നടപ്പിലാക്കി വരുന്നു.

9. ജല അതോറിറ്റി ഓഫീസുകൾ കമ്പ്യൂട്ടർ ശൃംഖല വഴി ബന്ധിപ്പിക്കുന്ന നെറ്റ്‌വർക്ക് നടപ്പിലാക്കി വരുന്നു. കേന്ദ്രീകൃത ബില്ലിംഗും (അബാക്കസ്സ്), ഈ-പേമെന്റ് സംവിധാനവും കംപ്ലെയിന്റ് റിഡ്രസ്സൽ സിസ്റ്റവും ഇ-ടെണ്ടറിംഗും നടപ്പിലാക്കി വരുന്നു.

10. ഹെഡ് ഓഫീസിലും വെള്ളയമ്പലം ഓഫീസ് വളപ്പിൽ പ്രവർത്തിക്കുന്ന ഓഫീസുകളിലും വാട്ടർ അതോറിറ്റിയുടെ ഒബ്സർവേറ്ററി ഹില്ലിലെ ഓഫീസുകളിലും പഞ്ചിംഗ് സിസ്റ്റം നടപ്പിലാക്കി.

(ഡി) പുനരുദ്ധാരണ പദ്ധതികൾക്കുള്ള ധനസമാഹരണം സർക്കാർ ബഡ്ജറ്റു വഴിയും KIIFB - Scheme വഴിയും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

**മീറ്റർ റീഡർമാരെ സ്ഥിരപ്പെടുത്താൻ നടപടി**

168 (1980) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള വാട്ടർ അതോറിറ്റിയിൽ മീറ്റർ റീഡർമാരായി 2002 മുതൽ കമ്മീഷൻ വ്യവസ്ഥയിൽ സേവനം അനുഷ്ഠിക്കുന്നവരെ ജോലിയിൽ സ്ഥിരപ്പെടുത്തുന്നതിനു നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

കേരള വാട്ടർ അതോറിറ്റിയിലെ സ്ഥിര നിയമനങ്ങൾ എല്ലാം തന്നെ പബ്ലിക് സർവ്വീസ് കമ്മീഷൻ വഴിയായതിനാൽ 2002 മുതൽ കമ്മീഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന മീറ്റർ റീഡർമാരെ സ്ഥിരപ്പെടുത്താൻ

നിർവ്വാഹമില്ല.

**കായംകുളം ജലസ്രോതസ്സുകളെ മാലിന്യമുക്തമാക്കാൻ നടപടി**

169 (1981) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം കായൽ, അനുബന്ധ തോടുകൾ, കനാലുകൾ എന്നിവിടങ്ങളിൽ വ്യാപകമായ തോതിൽ മാലിന്യങ്ങൾ നിക്ഷേപിച്ച് മലിനപ്പെടുത്തുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ മെഗാടൂറിസം പദ്ധതിയുടെ ഭാഗമായി കായംകുളം കായലോര ടൂറിസം പദ്ധതികൾ പുരോഗമിക്കുന്ന സാഹചര്യത്തിൽ ഈ ജലസ്രോതസ്സുകളെ മാലിന്യമുക്തമാക്കാൻ ജല വിഭവ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ പോകുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കായംകുളം കായലിലേയ്ക്ക് എത്തുന്ന ഒരു പ്രധാന തോടായ കരിപ്പുഴ തോട്ടിലൂടെയും കൈവഴികളിലൂടെയുമാണ് പ്രധാനമായും മാലിന്യം എത്തുന്നത്. കൂടാതെ കായൽ വശങ്ങളിലുള്ള വീടുകളിലെ കക്കൂസ് മാലിന്യം ചെറിയ തോതിൽ എത്തുന്നു. ജല സ്രോതസ്സുകളിലേയ്ക്ക് മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ നഗരസഭ നടപടികൾ സ്വീകരിക്കുന്നുണ്ട്. സ്വച്ഛ്ഭാരത് പദ്ധതിയിൽ കക്കൂസ് നിർമ്മാണം പൂർത്തീകരിക്കുന്നതിനാൽ വീടുകളിലെ കക്കൂസ് മാലിന്യം സംബന്ധിച്ച് വിഷയം പൂർണ്ണമായും പരിഹരിക്കപ്പെടുന്നതാണ്. മലിനീകരണ നിയന്ത്രണ ബോർഡ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ നടപടികൾ സ്വീകരിച്ചുവരുന്നു.

**കാളിപ്പാറ കുടിവെള്ള പദ്ധതി**

170 (1982) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല, നെയ്യാറ്റിൻകര മണ്ഡലങ്ങളുടെ ഭാഗമായി വരുന്ന വിവിധ പഞ്ചായത്തുകളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനായി ആവിഷ്കരിച്ച കാളിപ്പാറ പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) കാളിപ്പാറ പദ്ധതി എത്രകാലം കൊണ്ട് പൂർത്തിയാക്കി കമ്മീഷൻ

ചെയ്യാനാകും; ഇത് ത്വരിതപ്പെടുത്തുന്നതിനുള്ള എന്തൊക്കെ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും കൈക്കൊള്ളുന്നുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇപ്പോൾ നെയ്യാറ്റിൻകര റെയിൽവേ ക്രോസിംഗ് വരെയുള്ള ഭാഗങ്ങൾ കമ്മീഷൻ ചെയ്തിട്ടുണ്ട്. റെയിൽവേ ക്രോസിംഗിന് അനുമതി ലഭിച്ചാൽ പൊൻവിള വരെ കമ്മീഷൻ ചെയ്യാനാകും. പൊൻവിളയിൽ 2 ഏക്കർ സ്ഥലം ലഭ്യമായാൽ 2 വർഷത്തിനകം പദ്ധതി പൂർത്തീകരിക്കാൻ സാധിക്കും എന്നു പ്രതീക്ഷിക്കുന്നു. സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ടിയുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു.

**കുടിവെള്ളക്ഷാമം**

171 (1983) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ താലൂക്കിലെ വിവിധ പഞ്ചായത്തുകളിലെ രൂക്ഷമായ കുടിവെള്ള ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പാണ്ഡവൻ പാറയിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ തിങ്ങിപ്പാർക്കുന്ന പ്രദേശത്തുള്ള കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് എന്തെങ്കിലും പദ്ധതി നിർദ്ദേശം നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ടി പദ്ധതി നടപ്പാക്കുവാൻ ഭരണാനുമതി ഉണ്ടോയെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത പദ്ധതിക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഇ) ഉണ്ടെങ്കിൽ പദ്ധതി നടപ്പാക്കുവാനുള്ള കാലതാമസം വിശദമാക്കുമോ?

ഉത്തരം

(എ&ബി)) ഉണ്ട്.

(സി- ഇ) പാണ്ഡവൻപാറ കുടിവെള്ള പദ്ധതി നടപ്പിലാക്കാൻ ആവശ്യമായ 3.6 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു.

**കുടിവെള്ള പ്രശ്നം**

172 (1984) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജക മണ്ഡലത്തിൽ രൂക്ഷമായ കുടിവെള്ള പ്രശ്നം നേരിട്ടിട്ടും സർക്കാർ തലത്തിൽ വേണ്ടത്ര നടപടികൾ സ്വീകരിക്കാതിരുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) ജപ്പാൻ ഇന്റർ നാഷണൽ കോ-ഓപ്പറേഷൻ ഏജൻസി (ജൈക്ക)യുടെ ധനസഹായത്തോടെ കേരള വാട്ടർ സപ്ലൈ പ്രോജക്ടുകളിൽ ഉൾപ്പെടുത്തി നേമം നിയോജക മണ്ഡലത്തിലെ കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിനുള്ള നടപടികൾ എത്രത്തോളമായെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) നേമം നിയോജക മണ്ഡലത്തിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി ജൈക്ക, ജൻറം എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി പുതിയ പൈപ്പുകൾ സ്ഥാപിച്ച് അരുവിക്കരയിലുള്ള 74 എം.എൽ.ഡി. ശുദ്ധീകരണ ശാലയിൽ നിന്നും ജലം എത്തിക്കുന്നതിനുള്ള പണികൾ അവസാനഘട്ടത്തിലാണ്.

(ബി) ജൈക്ക പദ്ധതിയുടെ കീഴിൽ നേമം നിയോജകമണ്ഡലത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി പി.ടി.പി. മുതൽ കുഞ്ചാലുംമൂട് ശാസ്ത്രിനഗർ വരെ മെയിൻ പൈപ്പ് ലൈൻ സ്ഥാപിച്ച് കുടിവെള്ളം എത്തിച്ചിട്ടുണ്ട്. മെയിൻ പൈപ്പ് ലൈനിൽ നിന്നും ബ്രാഞ്ച് റോഡുകളിൽ സ്ഥാപിച്ചിരിക്കുന്ന പൈപ്പ് ലൈനുകളിലേക്കുള്ള കുടിവെള്ളം എത്തിക്കുന്നതിനുള്ള അനുബന്ധ പ്രവൃത്തികൾ ഇപ്പോൾ നടന്നു വരുന്നു.

**കുടിവെള്ള കണക്ഷൻ**

173 (1985) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട ദേവികുളങ്ങര ഗ്രാമപഞ്ചായത്തിൽ 2009-2010, 2010-2011, 2011-2012 സാമ്പത്തിക വർഷം 336 പട്ടികജാതി കുടുംബങ്ങൾക്ക് കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനുവേണ്ടി വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ഇനത്തിൽ എത്ര രൂപ അടച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ ടെൻഡർ ചെയ്ത് കരാർ ഏറ്റെടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ല എങ്കിൽ ഇതിനുള്ള കാരണം എന്തെന്ന് വിശദമാക്കുമോ;

(സി) ഈ കുടുംബങ്ങൾക്ക് കുടിവെള്ളം ലഭിക്കുന്നതിനാവശ്യമായ നടപടി

സ്വീകരിക്കുമോ; കരാറുകാരാണ് വീഴ്ച വരുത്തിയിട്ടുള്ളതെങ്കിൽ ഇവർക്കെതിരെ ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ദേവികുളങ്ങര ഗ്രാമപഞ്ചായത്തിൽ ഡെപ്പോസിറ്റിനത്തിൽ ഓരോ വർഷവും അടച്ച തുക താഴെച്ചേർക്കുന്നു:

| | | |
|---|---|---|
| 2009-10 | - | 6,75,050 |
| 2010-11 | - | 6,30,200 |
| 2011-12 | - | 4,00,000 |

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

(സി) 2009-10-ലെ പ്രവൃത്തികൾ ഏറ്റെടുത്ത് നടപടികൾ സ്വീകരിക്കുകയും അനുപ്രകാരം കുറച്ച് പേർക്ക് കുടിവെള്ള കണക്ഷനുകൾ നൽകുകയും ചെയ്തു. എന്നാൽ പ്രദേശവാസികളുടെയും മറ്റ സംഘടനകളുടെയും തടസ്സം കാരണം ടി പ്രവൃത്തി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. ദേവികുളങ്ങര ഗ്രാമപഞ്ചായത്ത് 16-11-2013-ൽ ചേർന്ന അടിയന്തര മീറ്റിംഗിലെ 16-ാം നമ്പർ തീരുമാനപ്രകാരം 2009-10-ലെ ഗുണഭോക്താക്കൾക്ക് കണക്ഷൻ നൽകിയതിനുശേഷം മാത്രം അടുത്ത വർഷത്തെ ഗുണഭോക്താക്കളെ പരിഗണിച്ചാൽ മതിയെന്ന് കേരള വാട്ടർ അതോറിറ്റിയോട് ദേവികുളങ്ങര ഗ്രാമപഞ്ചായത്ത് അധികൃതർ ആവശ്യപ്പെട്ടതിനാലും പഞ്ചായത്തിന്റെ ഡെപ്പോസിറ്റ് വർക്ക് ആയതിനാലും 2010-11, 2011-12 കാലയളവിലെ കണക്ഷൻ നൽകുന്നതിനുള്ള തുടർ നിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകുന്ന മുറയ്ക്ക് മാത്രമേ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ. കരാറുകാർ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കാളന്തട്ട കുടിവെള്ള പദ്ധതി**

174 (1986) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-യുടെ മണ്ഡലം ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള, മലപ്പുറം മണ്ഡലത്തിലെ കാളന്തട്ട കുടിവെള്ള പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും

ലഭ്യമാക്കുന്നതിലുള്ള കാലതാമസമെന്തെന്ന് വ്യക്തമാക്കുമോ;

(സി) ബന്ധപ്പെട്ട ഫയലിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) ഉത്തരമേഖല ചീഫ് എഞ്ചിനീയറുടെ ഓഫീസിൽനിന്നും ലഭിച്ച കാളന്തട്ട കുടിവെള്ള പദ്ധതിയുടെ വിശദമായ സാങ്കേതിക റിപ്പോർട്ട് 23-5-2016-ൽ സർക്കാരിന് ലഭിക്കുകയും 9-8-2016-ലെ ജി.ഒ.(ആർ.റ്റി.)നമ്പർ 676/2016 ജവിവ. പ്രകാരം 30 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തു. സ്ഥലത്തിന്റെ രേഖകളും, പദ്ധതിയുടെ തുടർ നടത്തിപ്പ് സംബന്ധിച്ച മുനിസിപ്പാലിറ്റിയുടെ തീരുമാനവും ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർ 27-8-2016-ൽ മലപ്പുറം നഗരസഭാ സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**ഇടക്കൊച്ചി-അരൂർ പാലം പൈപ്പ് നിർമ്മാണം**

175 (1987) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ഇടക്കൊച്ചി - അരൂർ പാലത്തിന്റെ അടിയിലും പാലത്തിന്റെ വടക്കേ അറ്റത്തുനിന്നും പാമ്പായിമൂലയിലെ നിർദ്ദിഷ്ട ഭൂതലസംഭരണി വരെയും പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി ആരംഭിക്കുന്നതിലെ കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(ബി) ഈ പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) ഈ പ്രവൃത്തി ആരംഭിക്കുന്നതിന് ആവശ്യമായ റോഡ് കട്ടിംങ്ങിനുള്ള അനുമതിക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ;

(ഡി) പ്രദേശവാസികളുടെ ഏക ആശ്രയമായ ഈ റോഡിന്റെ വീതികുറവും ഗതഗതപ്രശ്നങ്ങൾ ഉണ്ടാകാനുള്ള സാധ്യതകളും കണക്കിലെടുത്ത് ജനങ്ങൾക്ക് യാത്രാക്ലേശം ഉണ്ടാകാത്ത രീതിയിൽ ഈ പ്രവൃത്തി യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പ്രസ്തുത പ്രവൃത്തിക്ക് 4.95 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഡെൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്സ് 2014 (ഡി.എസ്.ആർ. 2014) പ്രകാരം കേരള വാട്ടർ അതോറിറ്റി എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ പുതുക്കിയ ഭരണാനുമതി ആവശ്യമായി വന്നതിനാൽ ടി പ്രവൃത്തി ആരംഭിക്കുന്നതിന് കാലതാമസം ഉണ്ടായി.

(ബി) പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിനു വേണ്ടി നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

(സി) ഇല്ല.

(ഡി) ഈ പ്രവൃത്തി എത്രയുംവേഗം പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിച്ച വരുന്ന യാത്രാക്ലേശം പരമാവധി കുറഞ്ഞിരിക്കുന്നതിന് ശ്രദ്ധിക്കുന്നതാണ്.

**ഇടക്കൊച്ചി-പള്ളുരുത്തി കുടിവെള്ളക്ഷാമം**

176 (1988) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടക്കൊച്ചി-പള്ളുരുത്തി പ്രദേശങ്ങളിൽ അതിരൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിലേക്കായി ജൻറം പദ്ധതി ഈ പ്രദേശത്തുകൂടി നടപ്പിലാക്കുമോ;

(സി) ഇതിലേക്കായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെങ്കിലും യോഗം നടന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ;

(ഡി) ഏറ്റവും വേഗത്തിൽ തന്നെ പ്രസ്തുത പ്രദേശത്ത് ഈ പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ഇ) എന്നത്തേക്ക് ഈ നടപടികൾ പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഇത് പരിഹരിക്കുന്നതിലേക്കായി ജൻറം പദ്ധതിയിൽ നിന്നുള്ള 8

എം.എൽ.ഡി. ജലം കൂടി ഉപയോഗപ്പെടുത്തി താഴെപ്പറയുന്ന മൂന്ന് പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരുന്നു:

1. അരൂർ പൂജപ്പുര ജംഗ്ഷൻ മുതൽ ഇടക്കൊച്ചി തെക്കേ അറ്റം വരെ 450 mm DI K9 പൈപ്പ് സ്ഥാപിക്കുവാനുള്ള മൂന്ന് കോടി രൂപയുടെ പദ്ധതി.

2. ഇടക്കൊച്ചി-അരൂർ പാലത്തിന്റെ അടിയിൽ 50 mm HDPE പൈപ്പും ഇടക്കൊച്ചി പാലത്തിന്റെ വടക്കേ അറ്റത്തുനിന്നും പാമ്പായിമൂല വരെ 450 DI K9 പൈപ്പും സ്ഥാപിക്കുന്ന പദ്ധതി.

3. ഇടക്കൊച്ചി പാലത്തിന്റെ 15 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതല ജല സംഭരണിയും പമ്പ് ഹൗസും സ്ഥാപിക്കുന്ന പ്രവൃത്തി.

(സി) ബഹുമാനപ്പെട്ട എം.എൽ.എ.-മാരായ ശ്രീ. എം. സ്വരാജ്, ശ്രീ. ജോൺ ഫെർണാണ്ടസ് എന്നിവരുടെ സാന്നിധ്യത്തിൽ 19-8-2016-ൽ മധ്യമേഖലാ ചീഫ് എഞ്ചിനീയറുടെ ചേംബറിൽ അവലോകനയോഗം നടന്നിരുന്നു. കൂടാതെ ഹെഡ് ഓഫീസ് തലത്തിലും അവലോകനയോഗം നടത്താറുണ്ട്.

(ഡി&ഇ) പ്രസ്തുത പദ്ധതി വേഗത്തിൽ പൂർത്തിയാക്കുന്നതിന് കേരള വാട്ടർ അതോറിറ്റി നടപടി സ്വീകരിച്ചുവരുന്നു.

**കോടശ്ശേരി, പരിയാരം സമഗ്രകുടിവെള്ള പദ്ധതി**

177 (1989) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോടശ്ശേരി, പരിയാരം പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി കോടശ്ശേരി-പരിയാരം സമഗ്രകുടിവെള്ള പദ്ധതി നടപ്പാക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

കോടശ്ശേരി, പരിയാരം പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി SAGY (സൻസദ് ആദർശ് ഗ്രാമ യോജന)-യിൽ ഉൾപ്പെടുത്തി കോടശ്ശേരി, പരിയാരം, ആതിരപ്പള്ളി സമഗ്ര കുടിവെള്ള പദ്ധതിയുടെ വിശദമായ സാങ്കേതിക റിപ്പോർട്ട് ജല അതോറിറ്റി തയ്യാറാക്കി വരുന്നു.

## പാമ്പായിമൂല ഭൂതല സംഭരണിയുടെയും പമ്പ് ഹൗസിന്റെയും നിർമ്മാണ പ്രവൃത്തികൾ

178 (1990) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ഇടക്കൊച്ചി പാമ്പായിമൂലയിൽ 15 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതല സംഭരണിയും പമ്പ് ഹൗസും സ്ഥാപിക്കുന്ന പ്രവൃത്തിയുടെ മണ്ണ് പരിശോധന പൂർത്തീകരിച്ചോ; ഇല്ലെങ്കിൽ ഇത് എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) ഭൂതല സംഭരണിയുടെയും പമ്പ് ഹൗസിന്റെയും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് പൂർത്തീകരിക്കേണ്ടതായിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) ഇതിന്റെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണ പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) പൂർത്തീകരിച്ചു. മണ്ണ് പരിശോധന പൂർത്തിയായി റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസിൽ ലഭിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ നടപടികൾ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

(സി) 2017 മാർച്ച് മാസത്തിൽ പ്രവൃത്തികൾ ആരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## കായംകുളത്തെ വാട്ടർ അതോറിറ്റി ഓഫീസ്

179 (1991) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി ഓഫീസിനായി കായംകുളത്ത് പുതുതായി നിർമ്മിച്ച കെട്ടിടത്തിലേക്ക് ഓഫീസ് പ്രവർത്തനം മാറ്റാതെ ഇപ്പോഴും ജീർണ്ണിച്ച പഴയ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പുതിയ കെട്ടിടത്തിലേക്ക് വാട്ടർ അതോറിറ്റിയുടെ ഓഫീസ് ഉടൻ

തന്നെ മാറ്റുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പുതിയ കെട്ടിടത്തിന്റെ വൈദ്യുതീകരണത്തിനും അനുബന്ധ പ്രവർത്തികൾക്കുമായി 2,69,332 രൂപ ചെലവ് പ്രതീക്ഷിക്കുന്ന എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഈ വർക്കിന് ഭരണാനുമതി നൽകുന്നതിനുള്ള മേൽ നടപടി സ്വീകരിച്ചുവരികയാണ്.

**പോത്തുണ്ടി കുടിവെള്ള പദ്ധതി**

180 (1992) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ പോത്തുണ്ടി കുടിവെള്ള പദ്ധതിയുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഈ പദ്ധതിക്കായി നാളിതുവരെ എത്ര കോടി രൂപയുടെ ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) ഈ കുടിവെള്ള പദ്ധതിയുടെ പ്രവൃത്തികൾ ഏത് ഘട്ടം വരെ പൂർത്തീകരിച്ചെന്നും ഈ പദ്ധതിയുടെ പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഈ പദ്ധതിക്കായി നാളിതുവരെ 1.3454 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(സി) ശുദ്ധീകരണശാലയുടെ പ്രവൃത്തി 72 ശതമാനവും, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ പ്രവൃത്തി 85 ശതമാനവും പൂർത്തീകരിച്ചു. ബാക്കി പ്രവൃത്തികൾ പണി പുരോഗമിച്ചുവരുന്നു. ഈ പദ്ധതി മാർച്ച് 2017-ൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

**ഉദയംപേരൂർ പ്രദേശത്തെ കുടിവെള്ളക്ഷാമം**

181 (1993) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ ഉദയംപേരൂർ പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് വേണ്ടി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കും എന്ന് വ്യക്തമാക്കുമോ;

(ബി) കുടിവെള്ള വിതരണം കാര്യക്ഷമമാക്കുന്നതിന് സമയബന്ധിതമായി പദ്ധതികൾ നടപ്പിലാക്കുമോ;

(സി) ഇതിലേക്കായി എന്തെങ്കിലും ആലോചനായോഗങ്ങൾ നടന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 1. തൃപ്പൂണിത്തുറ മണ്ഡലത്തിലെ ഉദയംപേരൂർ പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി മത്സ്യഗ്രാമം-തീരദേശ വികസന കോർപ്പറേഷന്റെ ഫണ്ട് ഉപയുക്തമാക്കി വൈക്കം റോഡിൽ കൊച്ചുപള്ളി ജംഗ്ഷൻ മുതൽ വെട്ടിക്കാപ്പള്ളി ജംഗ്ഷൻ വരെ നിലവിലുള്ള പഴയ 150 എം.എം. എ.സി. പൈപ്പ് മാറ്റി 160 എം.എം. പി.വി.സി. പൈപ്പ് സ്ഥാപിക്കുന്ന 88.93 ലക്ഷം രൂപയുടെ പദ്ധതി പൂർത്തീകരണ ഘട്ടത്തിലാണ്.

2. ഉദയംപേരൂർ പഞ്ചായത്തിൽ 24x7 ജലവിതരണ പദ്ധതി വിഭാവനം ചെയ്തുകൊണ്ട് വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

3. തൃപ്പൂണിത്തുറയ്ക്കും സമീപ പഞ്ചായത്തുകൾക്കും ഉള്ള ജലവിതരണ പദ്ധതിയുടെ ഓഗ്മെന്റേഷൻ പദ്ധതി പുരോഗമിച്ചു വരുന്നു. ആയത് പൂർത്തീകരിക്കുന്ന മുറയ്ക്ക് ഉദയംപേരൂർപഞ്ചായത്തിന്റെ ഉദയംപേരൂർ, കാഞ്ഞങ്ങാട്, വലിയകുളം എന്നീ പ്രദേശങ്ങളുടെ ശുദ്ധജലക്ഷാമം പരിഹരിക്കാൻ കഴിയും.

4. ഉദയംപേരൂർ പഞ്ചായത്തിലെ സൗത്ത് പറവൂർ, മാളേക്കാട്, പൂത്തോട്ട എന്നീ പ്രദേശങ്ങളിൽ കുടിവെള്ളം ലഭ്യമാക്കുന്നത് ഇടയ്ക്കാട്ടുവയൽ, ആമ്പല്ലൂർ, ഉദയംപേരൂർ പഞ്ചായത്തുകൾക്ക്

വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതിയിൽ നിന്നുമാണ്. ടി പ്രദേശങ്ങളിൽ ഈ പദ്ധതിയിൽനിന്നും ദിനംപ്രതി 1 mld ശുദ്ധജലം നൽകുന്നുണ്ട്.

5. തൃപ്പൂണിത്തുറമണ്ഡലത്തിലെ ഉദയംപേരൂർ പ്രദേശത്ത് രണ്ട് വർക്കുകളിലായി 550 മീ. നീളത്തിൽ പഴയ എ.സി. പൈപ്പുകൾ മാറ്റി പുതിയ പി.വി.സി. പൈപ്പുകൾ സ്ഥാപിക്കുന്നതിനായി 15.9 ലക്ഷം രൂപയുടെ പദ്ധതിക്കും മറ്റ് രണ്ട് വർക്കുകളിലായി 1800 മീറ്റർ നീളത്തിൽ പഴയ പി.വി.സി പൈപ്പുകൾ മാറ്റി പുതിയ പി.വി.സി. പൈപ്പുകൾ സ്ഥാപിക്കുന്നതിനായി 15 ലക്ഷം രൂപയുടെ പദ്ധതിക്കും ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

(ബി) നിലവിലെ കുടിവെള്ള വിതരണം കാര്യക്ഷമമായി നടത്തുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(സി) തൃപ്പൂണിത്തുറ ഓഗ് മെന്റഷൻ പദ്ധതിയുടെ ഭാഗമായി 5750 മീറ്റർ, 900 മി.മീറ്റർ ഡി.ഐ. പൈപ്പ് പൂതൃക്ക പഞ്ചായത്തിൽ രാമമംഗലം മുതൽ ചൂണ്ടി പ്ലാന്റ് വരെ സ്ഥാപിക്കുന്നതിന് 6-2-2016-ൽ പി.ഡബ്ല്യു.ഡി.-യിൽനിന്നും അനുമതി ലഭിച്ചു. പൈപ്പ് സ്ഥാപിക്കുന്ന പണികൾ കരാറുകാരൻ ആരംഭിക്കാൻ ശ്രമിച്ചപ്പോൾ റോഡ് മുറിക്കുന്നതുമായി ബന്ധപ്പെട്ട് പഞ്ചായത്തും പരിസരവാസികളും എതിർപ്പ് പ്രകടിപ്പിച്ചതിനെത്തുടർന്ന് 26-2-2016-ൽ ബഹുമാനപ്പെട്ട കുന്നത്തുനാട് എം.എൽ.എ ശ്രീ. വി.പി. സജീന്ദ്രൻ, വടവുകോട് പുത്തൻകുരിശ്ശ്, പൂതൃക്ക, പെരുവാണിയൂർ, ഐക്കരനാട് പഞ്ചായത്ത് പ്രതിനിധികൾ, വാട്ടർ അതോറിറ്റി, പി.ഡബ്ല്യൂ.ഡി., ബി.എസ്.എൻ.എൽ. ഉദ്യോഗസ്ഥർ തുടങ്ങിയവരുടെ ഒരു യോഗം വിളിച്ചു ചേർത്തിരുന്നു. പുതൃക്ക പഞ്ചായത്ത് ഭാരവാഹികൾ ചുറ്റുമുള്ള റസിഡന്റ് അസോസിയേഷൻ, പ്രാദേശിക നേതാക്കൾ, തുടങ്ങിയവരുമായി ചർച്ച ചെയ്ത് വാട്ടർ അതോറിറ്റിക്ക് പൈപ്പ് സ്ഥാപിക്കുന്നതിന് സാഹചര്യമുണ്ടാക്കണം എന്ന് തീരുമാനിച്ചു. 5-2016-ലെ സംസ്ഥാന ഇലക്ഷൻ, ഇടവപ്പാതി എന്നിവയ്ക്ക് ശേഷം പൈപ്പിന്റെ പണികൾ ആരംഭിക്കുകയും ജനുവരി 2017-ഓടെ പൈപ്പിന്റെ വർക്കും തുടർന്ന് റോഡ് വർക്കും നടത്താൻ തീരുമാനിക്കുകയും ചെയ്തു.

തുടർന്ന് ബഹുമാനപ്പെട്ട ജില്ലാ കളക്ടറുടെ ഒരു കോ-ഓർഡിനേഷൻ കമ്മിറ്റി മീറ്റിംഗ് 18-6-2016-ൽ നടത്തിയിരുന്നു. മഴക്കാലത്ത് റോഡ്മുറിക്കുന്നതിനുള്ള പി.ഡബ്ല്യു.ഡി.-യുടെ ബാൻ പിൻവലിച്ചതിനുശേഷം പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തികൾ ആരംഭിക്കാമെന്ന് തീരുമാനിച്ചു.

26-2-2016-ലെ എം.എൽ.എ. മീറ്റിംഗിലും തുടർന്ന് 16-3-2016-ൽ വാട്ടർ അതോറിറ്റി പുതുക്ക പഞ്ചായത്ത് മീറ്റിംഗിലും പൈപ്പ് ലൈൻ പണികൾ നടക്കുമ്പോൾ വാഹനങ്ങൾ ഗതിമാറ്റി വിടുന്ന പഞ്ചായത്ത് റോഡുകൾക്ക് ഉണ്ടാകുന്ന കേടുപാടുകൾകൂടി പരിഹരിക്കണമെന്ന് പഞ്ചായത്ത് ആവശ്യം ഉന്നയിച്ചിരുന്നു. തുടർന്ന് പണികൾ ആരംഭിക്കുന്നതിന് മുന്നോടിയായി 8-8-2016-ൽ ബഹു. കുന്നത്തുനാട്, തൃപ്പൂണിത്തുറ നിയോജകമണ്ഡലം എം.എൽ.എ.-മാർ സംയുക്തമായി പഞ്ചായത്തിന്റേയും, വാട്ടർ അതോറിറ്റി, പി.ഡബ്ല്യു.ഡി, പോലീസ് തുടങ്ങിയ വകുപ്പുകളുടേയും യോഗം വിളിച്ചു. പൈപ്പ് ലൈൻ ജോലി ആരംഭിക്കുവാൻ നടപടിക്കായി ശ്രമിച്ചിരുന്നു. എന്നാൽ ഡീവിയേഷൻ റോഡുകളായി ഉപയോഗിക്കുന്ന പഞ്ചായത്ത് റോഡുകളുടെ അറ്റകുറ്റപണി നടത്തുന്നതിനുള്ള ഫണ്ടിന് രേഖാമൂലം ഉറപ്പ് പഞ്ചായത്ത് ആവശ്യപ്പെട്ടിരിക്കുകയാണ്. പൈപ്പ് ലൈൻ സ്ഥാപിക്കുമ്പോൾ വഴിതിരിച്ച് വിടുന്ന റോഡുകളുടെ അറ്റകുറ്റപ്പണി വമ്പിച്ച സാമ്പത്തിക ബാധ്യത വരും എന്നതിനാൽ ജല അതോറിറ്റിക്ക് ഏറ്റെടുക്കാൻ കഴിയില്ല.

കൂടാതെ തൃപ്പൂണിത്തുറ നിയോജക മണ്ഡലത്തിലെ ശുദ്ധജലവിതരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്യാനായി തൃപ്പൂണിത്തുറ എം.എൽ.എ. ശ്രീ. എം. സ്വരാജിന്റെ അദ്ധ്യക്ഷതയിൽ 15-6-2016-ൽ ഒരു യോഗം ചേരുകയുണ്ടായി. 19-8-2016-ൽ തൃപ്പൂണ്ണിത്തുറ നിയോജക മണ്ഡലത്തിലെ പൊതുവേയും ഇടക്കൊച്ചി മേഖലയിലെ പ്രത്യേകിച്ചും ജലവിതരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി ബഹുമാനപ്പെട്ട എം.എൽ.എ.-മാരായ ശ്രീ.ജോൺ ഫെർണാണ്ടസ്, ശ്രീ. എം. സ്വരാജ് എന്നിവരുടെ നേതൃത്വത്തിൽ ഒരു യോഗം ചേരുകയുണ്ടായി.

## കുട്ടനാട്ടിലെ സമഗ്രകുടിവെള്ള പദ്ധതി

182 (1994) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ സമഗ്ര കുടിവെള്ള പദ്ധതിയുടെ ഭാഗമായി വാസ്കോൺ തയ്യാറാക്കിയ 195 കോടി രൂപയുടെ എസ്റ്റിമേറ്റ് സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കുടിവെള്ള പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## ഉത്തരം

(എ&ബി) 2016-17-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പരാമർശിച്ച പ്രകാരം

കുട്ടനാട്ടിലെ സമഗ്രകുടിവെള്ള പദ്ധതിക്ക് വേണ്ടിയുള്ള 195 കോടി രൂപയുടെ പ്രൊപ്പോസൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി പരിശോധിച്ചു വരുന്നു. ഈ പദ്ധതിയിൽ 21 ദശലക്ഷം ലിറ്റർ ശേഷിയുള്ള ശുദ്ധീകരണശാല, ട്രാൻസ്മിഷൻ സിസ്റ്റം-I, II ഇവയുടെ പൂർത്തീകരണം, തലവടി, എടത്വ, തകഴി, മുട്ടാർ, നെടുമുടി, രാമങ്കരി, കാവാലം, പുളിങ്കുന്ന്, കൈനകരി, ചമ്പക്കുളം, നിലംപേരൂർ,വീയപുരം,വെളിയനാട് എന്നീ 13 പഞ്ചായത്തുകളിലേക്കുള്ള വിതരണ ശൃംഖലയുടെ പൂർത്തീകരണം, മേൽപ്പറഞ്ഞ പഞ്ചായത്തുകളിലെ ഉന്നതതല സംഭരണികൾ, റോ വാട്ടർ&ക്ലിയർ വാട്ടർ പമ്പ്സെറ്റുകൾ, ട്രാൻസ്ഫോർമർ സ്ഥലമെടുപ്പ് എന്നിവ ഉൾപ്പെടുന്നു.

**കാഞ്ഞിരക്കണ്ടി കുടിവെള്ള പദ്ധതി**

183 (1995) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം ഗ്രാമപഞ്ചായത്തിലെ കാരന്തൂർ ചക്കേരി ഭാഗത്ത് കാഞ്ഞിരക്കണ്ടി കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ;

(ബി) കോഴിക്കോട് കെ.ഡബ്ള്യു.എ. സൂപ്രണ്ടിംഗ്എഞ്ചിനീയർ ഓഫീസിൽനിന്നും വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്കയച്ച SE/KKD/D3-3169/2015 തീയതി 15-2-2016 നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) കോഴിക്കോട് കേരള വാട്ടർ അതോറിറ്റി സൂപ്രണ്ടിംഗ് എഞ്ചിനീയർ ഓഫീസിൽ നിന്നും SE/KKD/D3-3169/2015 തീയതി 15-02-2016 എന്ന കത്ത് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ ഓഫീസിൽ ലഭിച്ചിട്ടില്ല. എന്നാൽ കുന്ദമംഗലം ഗ്രാമപഞ്ചായത്തിലെ കാരന്തൂർ ചക്കേരി ഭാഗത്ത് കാഞ്ഞിരക്കണ്ടി കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടാനുള്ള ഒരു പ്രൊപ്പോസൽ തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനായുള്ള നടപടികൾ വാട്ടർ അതോറിറ്റി സ്വീകരിച്ച് വരുന്നുണ്ട്.

**ജലസ്രോതസ്സുകളുടെ മലിനീകരണവും കയ്യേറ്റവും**

184 (1996) <u>ശ്രീ. എ. എം. ആരിഫ്</u> :
<u>ശ്രീ. ഐ. ബി. സതീഷ്</u> :
<u>ശ്രീ. ഡി. കെ. മുരളി</u> :
<u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജനവാസ കേന്ദ്രങ്ങളോട് ചേർന്നുള്ള ജലസ്രോതസ്സുകളായ തോടുകൾ, കനാലുകൾ, പുഴകൾ, നദികൾ എന്നിവ മലിനീകരണത്തോടൊപ്പം കൈയ്യേറ്റത്തിനും വിധേയമാകുന്നത് അറിഞ്ഞിട്ടും ബന്ധപ്പെട്ട വകുപ്പുകൾ ഇടപെടാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) ജലസ്രോതസ്സുകളുടെ മലിനീകരണവും കൈയ്യേറ്റവും തടയുന്നതിന് ഒരു പ്രത്യേക പദ്ധതിക്ക് രൂപം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാമാക്കുമോ?

<u>ഉത്തരം</u>

(എ) ജലസേചന വകുപ്പിനുകീഴിലുള്ള ജലസ്രോതസ്സുകളിൽ മലിനീകരണം, കയ്യേറ്റം എന്നിവ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) നിലവിൽ വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, പാർപ്പിട സമുച്ചയങ്ങൾ, വലിയ ഹോട്ടലുകൾ, റിസോർട്ടുകൾ, ജലയാനങ്ങൾ എന്നീ സ്ഥാപനങ്ങളെ ജല നിയമം, 1974 പ്രകാരമുള്ള അനുമതി പരിധിയിൽ കൊണ്ടുവന്ന് ശാസ്ത്രീയമായ മലിനജല ശുദ്ധീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിച്ചും അതിന്റെ പ്രവർത്തനം ഇടയ്ക്കിടെ മോണിറ്റർ ചെയ്തും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജലമലിനീകരണം നിയന്ത്രിച്ചുവരുന്നു. കൂടാതെ കേരള വാട്ടർ അതോറിറ്റി, ഇറിഗേഷൻ, റവന്യൂ എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും, പൊതുജനങ്ങളുടേയും സഹകരണത്തോടെ നിരന്തര സ്ഥല പരിശോധനയിലൂടെയും ഇടപെടലുകളിലൂടെയും ജലസ്രോതസ്സുകളിലെ മലിനീകരണവും കയ്യേറ്റവും തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. സർക്കാർ ഉത്തരവ് (പി) നമ്പർ 16/14/ പരിസ്ഥിതി തീയതി 12-12-2014 പ്രകാരം ജലസ്രോതസ്സുകളുടെ സമഗ്ര പാരിസ്ഥിതിക സംരക്ഷണത്തിനുള്ള വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

## ഇതരസംസ്ഥാന തൊഴിലാളികൾക്ക് ഇൻഷ്വറൻസ്

185 (1997) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതരസംസ്ഥാന തൊഴിലാളികളിലൂടെ സാംക്രമിക രോഗങ്ങൾ പടരുന്ന എന്ന വാർത്തകൾ വരുന്ന സാഹചര്യത്തിൽ ഇവരെ പരിശോധിക്കുന്നതിനും ഇവരുടെ ലേബർ ക്യാമ്പുകളിൽ ശുചിത്വം ഉറപ്പാക്കാനുമായി എന്തെങ്കിലും പദ്ധതി ആലോചനയിലുണ്ടോ; വിശദാംശം വ്യക്തമാക്കാമോ;

(ബി) അപകടമേഖലയിൽ പണിയെടുക്കുന്ന ഇതരസംസ്ഥാന തൊഴിലാളികൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്താൻ എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ; വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണം ഉറപ്പു വരുത്തുന്നതിലേക്കായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് 17-12-2015-ലെ ജി.ഒ. (ആർ.ടി.) 1717/15/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) കൺവീനറും, ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യ വകുപ്പ്), ഫാക്ടറീസ് &ബോയിലേഴ്സ് ഇൻസ്പെക്ടർ, ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശസ്വയംഭരണ വകുപ്പ്) എന്നിവരെ അംഗങ്ങളായും ഉൾപ്പെടുത്തിക്കൊണ്ടുള്ള ടാസ്ക്ഫോഴ്സിന്റെ പ്രവർത്തനം സംസ്ഥാനത്ത് ഊർജ്ജിതമായി നടന്നു വരുന്നു. കൂടാതെ അവരുടെ ആരോഗ്യപരിരക്ഷ ഉറപ്പു വരുത്തുന്നതിനായി മെഡിക്കൽ ക്യാമ്പുകളും നടത്തുന്നുണ്ട്. ഇതര സംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ലേബർക്യാമ്പുകളിലെ ജീവിത/ശുചിത്വ നിലവാരം വളരെ പരിതാപകരമാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ലേബർ ക്യാമ്പിൽ കുളിമുറിയും, ശൗചാലയവും, വൃത്തിയും വായുസഞ്ചാരവും വെളിച്ചവും, വൈദ്യുതീകരിച്ചതുമായ മുറിസൗകര്യവും, പാചകം ചെയ്യാനുള്ള സൗകര്യവും ഉണ്ടാകണമെന്ന് നിഷ്കർഷിച്ചുകൊണ്ട് 3-8-2016 ലെ ജി.ഒ. (സാധാ)960/16/ തൊഴിൽ നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ട് ഒരു ആരോഗ്യ ഇൻഷ്വുറൻസ് പദ്ധതി നടപ്പിലാക്കുന്നകാര്യം പരിഗണിച്ചുവരുന്നു. പദ്ധതിയുടെ പ്രാരംഭ നടപടികളുടെ ഭാഗമായി ഐ. ടി. മിഷൻ,

ചിയാക്ക്, അക്ഷയ, യു.ഐ.ഡി. എന്നീ ഏജൻസികളുമായും ആരോഗ്യം, ആഭ്യന്തരം, റവന്യൂ, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ടും അവലോകനയോഗങ്ങൾ നടന്നുവരുന്നു. പദ്ധതി പ്രാബല്യത്തിൽ വരുന്നതോടുകൂടി ഇൻഷ്വറൻസ് പദ്ധതി മുഖേന ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സുരക്ഷിതത്വം ഉറപ്പുവരുത്താനും അതോടൊപ്പം വിവരശേഖരണം നടത്തി തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുവാനും കഴിയും.

**ഡി-അഡിക്ഷൻ സെന്ററുകൾ**

186 (1998) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ ആഭിമുഖ്യത്തിൽ എത്ര ഡി-അഡിക്ഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്; അവ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) എല്ലാ ജില്ലകളിലും ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഡി-അഡിക്ഷൻ സെന്ററുകൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല.

(ബി)ഉണ്ട്. ഈ വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

**ഇതരസംസ്ഥാന തൊഴിലാളികൾ**

187 (1999) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര ഇതര സംസ്ഥാന തൊഴിലാളികൾ താമസിക്കുന്നുണ്ട് എന്നതിന്റെ കൃത്യമായ കണക്ക് ലഭ്യമാക്കുമോ;

(ബി) ഇതര സംസ്ഥാന തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡ് ലഭ്യമാക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആയതിന്റെ നടപടിക്രമങ്ങൾ ഏന്തെല്ലാമെന്ന് വിശദമാക്കുമോ;

(ഡി) ഇതര സംസ്ഥാന തൊഴിലാളികളിൽ ക്രിമിനൽ പശ്ചാത്തലം ഉള്ളവർ ഉണ്ടെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അവരെ കണ്ടെത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കൃത്യമായ കണക്ക് ലഭ്യമല്ല. സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ-ന്റെ 2013-ലെ പഠന റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് 25 ലക്ഷത്തിലധികം ഇതര സംസ്ഥാന തൊഴിലാളികൾ ജോലി ചെയ്തു വരുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. കേരള കുടിയേറ്റ തൊഴിലാളി ക്ഷേമനിധി പദ്ധതി പ്രകാരം 53,136 ഇതര സംസ്ഥാന തൊഴിലാളികളെ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി&സി) ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ട് ഒരു ആരോഗ്യ ഇൻഷ്വുറൻസ് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഐ.ടി.മിഷൻ, ചിയാക്ക്, അക്ഷയ, യു.ഐ.ഡി എന്നീ സർക്കാർ ഏജൻസികളുമായും ആരോഗ്യം, ആഭ്യന്തരം, റവന്യൂ, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ടും അവലോകന യോഗങ്ങൾ നടന്നുവരുന്നു. പദ്ധതി പ്രാബല്യത്തിൽ വരുന്നതോടുകൂടി ഇൻഷ്വുറൻസ് പദ്ധതി മുഖേന ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സുരക്ഷിതത്വം ഉറപ്പുവരുത്താനും അതോടൊപ്പം വിവരശേഖരണം നടത്തി തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുവാനും കഴിയും.

(ഡി&ഇ) ക്രിമിനൽ പശ്ചാത്തലം ഉള്ള ഇതര സംസ്ഥാന തൊഴിലാളികളെ കണ്ടെത്തുന്നതിന് തൊഴിൽ വകുപ്പിന് പ്രത്യേക സംവിധാനങ്ങൾ ഇല്ല.

**ഇതരസംസ്ഥാന തൊഴിലാളികൾ**

188 (2000) <u>ശ്രീ. എൻ .എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാന തൊഴിലാളികളെ ജോലിക്കായി കൊണ്ടുവരുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകൾ എന്തൊക്കെയാണ്; ഈ വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് ഉറപ്പ് വരുത്താൻ എന്ത് സംവിധാനമാണുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതര സംസ്ഥാന തൊഴിലാളികൾ ഇടനിലക്കാരുടെ ചൂഷണത്തിന് വിധേയരാക്കപ്പെടുമെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രാഥമിക സൗകര്യങ്ങൾപോലുമില്ലാത്ത പൊളിഞ്ഞ് വീഴാറായ

കെട്ടിടങ്ങൾ ഇടനിലക്കാർ കുറഞ്ഞ വിലയ്ക്ക് വാടകയ്ക്ക് എടുത്ത് വലിയ വാടക വാങ്ങിയാണ് ഇത്തരം തൊഴിലാളികളെ പാർപ്പിക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; തൊഴിലാളികളുടെ ജീവനുപോലും ഭീഷണി ആകുന്ന ഇത്തരം സാഹചര്യം ഒഴിവാക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) അഞ്ചും അതിൽ കൂടുതലും തൊഴിലാളികളെ കരാറുകാരൻ മുഖേന ജോലിയെടുപ്പിക്കുകയാണെങ്കിൽ 1979-ലെ ഇതര സംസ്ഥാന തൊഴിലാളി നിയമ പ്രകാരം തൊഴിലുടമ രജിസ്ട്രേഷനും കരാറുകാരൻ ലൈസൻസും നിർബന്ധമായും എടുക്കേണ്ടതാണ്. സംസ്ഥാനത്ത് നേരിട്ട് തൊഴിൽ തേടി വരുന്ന തൊഴിലാളികൾക്ക് ഈ വ്യവസ്ഥ ബാധകമല്ല. സംസ്ഥാനത്ത് ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) മാരുടെ നേതൃത്വത്തിൽ 1979 ലെ കുടിയേറ്റ തൊഴിലാളി നിയമം, 1970 -ലെ കരാർ തൊഴിലാളി നിയമം, 1996-ലെ ബിൽഡിംഗ്&അദർ കൺസ്ട്രക്ഷൻ വെൽഫയർ ആക്ട് എന്നീ നിയമങ്ങൾ പ്രകാരം നടത്തുന്ന പരിശോധനയിൽ കണ്ടെത്തുന്ന നിയമ ലംഘനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിച്ച് ടി തൊഴിലാളികളുടെ ആരോഗ്യം, തൊഴിൽ-സുരക്ഷ, ക്ഷേമം എന്നിവ ഉറപ്പുവരുത്തുന്നു.

(ബി) ഉണ്ട്.

(സി) ഉണ്ട്. സംസ്ഥാനത്ത് ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) മാരുടെ നേതൃത്വത്തിൽ 1979-ലെ കുടിയേറ്റ തൊഴിലാളി നിയമം, 1970-ലെ കരാർ തൊഴിലാളി നിയമം, 1996-ലെ ബിൽഡിംഗ് &അദർ കൺസ്ട്രക്ഷൻ വെൽഫെയർ ആക്ട് എന്നീ നിയമങ്ങൾ പ്രകാരം നടത്തുന്ന പരിശോധനയിൽ കണ്ടെത്തുന്ന നിയമ ലംഘനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിച്ച് ടി തൊഴിലാളികളുടെ ആരോഗ്യം, തൊഴിൽ-സുരക്ഷ, ക്ഷേമം എന്നിവ ഉറപ്പു വരുത്തുന്നു. തൊഴിലാളികളുടെ ആരോഗ്യസംരക്ഷണം ഉറപ്പുവരുത്തുന്നതി ലേക്കായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് 17-12-2015-ലെ ജി.ഒ. (ആർ. ടി.) 1717/15/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) കൺവീനറും, ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യ വകുപ്പ്), ഫാക്ടറീസ് &ബോയിലേഴ്സ് ഇൻസ്പെക്ടർ, ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശസ്വയംഭരണ വകുപ്പ്) എന്നിവരെ അംഗങ്ങളായും ഉൾപ്പെടുത്തിക്കൊണ്ടുള്ള ടാസ്ക്ഫോഴ്സിന്റെ പ്രവർത്തനം സംസ്ഥാനത്ത് ഊർജ്ജിതമായി നടന്നു വരുന്നു. കൂടാതെ അവരുടെ

ആരോഗ്യപരിരക്ഷ ഉറപ്പു വരുത്തുന്നതിനായി മെഡിക്കൽ ക്യാമ്പുകളും നടത്തുന്നു. തൊഴിൽ വകുപ്പിനു കീഴിലുള്ള 'ഭവനം ഫൗണ്ടേഷൻ' കേരള നടപ്പിലാക്കി വരുന്ന ഭവനപദ്ധതികളിലൊന്നാണ് 'അപ്നഘർ'' പദ്ധതി ഇതര സംസ്ഥാന തൊഴിലാളികൾക്ക് വേണ്ടി ഹോസ്റ്റൽ രീതിയിലുള്ള പാർപ്പിട സമുച്ചയമാണീ പദ്ധതി വഴി നടപ്പിലാക്കുന്നത്. ഇതിന്റെ ആദ്യ സ്കീം പാലക്കാട് ജില്ലയിലെ കിൻഫ്ര, കഞ്ചിക്കോട് ആരംഭിച്ചിട്ടുണ്ട്. ടി മാതൃകയിൽ തിരുവനന്തപുരം/ എറണാകുളം/കോഴിക്കോട് നഗരങ്ങളിലും ഇതര സംസ്ഥാന തൊഴിലാളികൾക്ക് വേണ്ടി പാർപ്പിട സൗകര്യം നിർമ്മിക്കുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. തൊഴിലാളികളുടെ ജീവന് ഭീഷണി ഉയർത്തുന്ന കെട്ടിടങ്ങൾ താമസത്തിനായി അനുവദിച്ചിട്ടുള്ള തൊഴിലുടമ/കരാറുകാർക്കെതിരെ കർശന നടപടി സ്വീകരിക്കാൻ ജില്ലാ ലേബർ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ സംസ്ഥാനത്ത് കരാറുകാരൻ മുഖേനയല്ലാതെ നേരിട്ട് തൊഴിൽതേടി വരുന്ന തൊഴിലാളികളുടെ എണ്ണം വളരെ കൂടുതലാണെന്ന് കാണുന്നു. ഇത്തരത്തിൽ എത്തുന്ന തൊഴിലാളികളെയാണ് ഇടത്തരക്കാർ ചൂഷണം ചെയ്ത് പരിമിതമായ സൗകര്യങ്ങൾ നൽകി പാർപ്പിക്കുന്നത്.

## ഇതരസംസ്ഥാന തൊഴിലാളികൾ

189 (2001) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ മേഖലയിൽ പണിയെടുക്കുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ എണ്ണമെത്രയെന്ന്, ജില്ല തിരിച്ച്, അറിയിക്കാമോ;

(ബി) പ്രസ്തുത തൊഴിലാളികൾ മൂലം സംസ്ഥാനത്തുണ്ടായിട്ടുള്ള നേട്ടങ്ങളും കോട്ടങ്ങളും വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(സി) പ്രസ്തുത തൊഴിലാളികൾക്ക് ലേബർ കാർഡ് നൽകുന്നതിനും നിരീക്ഷിക്കുന്നതിനും ആവശ്യമായ സംവിധാനം നിലവിലുണ്ടോ; എങ്കിൽ വിശദമാക്കാമോ;

### ഉത്തരം

(എ) കൃത്യമായ കണക്ക് തൊഴിൽ വകുപ്പിന്റെ പക്കൽ ലഭ്യമല്ല. സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ-ന്റെ 2013-ലെ പഠന റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് 25 ലക്ഷത്തിലധികം ഇതര സംസ്ഥാന തൊഴിലാളികൾ ജോലി ചെയ്തു വരുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

കേരള കുടിയേറ്റ തൊഴിലാളി ക്ഷേമനിധി പദ്ധതി പ്രകാരം 53,136 ഇതര സംസ്ഥാന തൊഴിലാളികളെ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) വിലയിരുത്തിയിട്ടില്ല.

(സി) 2010-ലെ കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം പ്രസ്തുത തൊഴിലാളികൾക്ക് ലേബർ കാർഡ് നൽകുന്നതിന് നിലവിൽ സംവിധാനമുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും, ആരോഗ്യപരിരക്ഷയും ലക്ഷ്യമിട്ട്, ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിച്ചു വരുന്നു. പദ്ധതി പ്രാബല്യത്തിൽ വരുന്നതോടുകൂടി ഇൻഷ്വറൻസ് പദ്ധതി മുഖേന ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സുരക്ഷിതത്വം ഉറപ്പു വരുത്താനും അതോടൊപ്പം വിവരശേഖരണം നടത്തി തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യാനും കഴിയും.

**ഇതരസംസ്ഥാന തൊഴിലാളികളുടെ ക്ഷേമം**

190 (2002) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇതര സംസ്ഥാന തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിന് തൊഴിൽ ചൂഷണം തടയുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ;

ഉത്തരം

അഞ്ചും അതിൽ കൂടുതലും തൊഴിലാളികളെ കരാറുകാരൻ മുഖേന ജോലിയെടുപ്പിക്കുകയാണെങ്കിൽ 1979-ലെ ഇതര സംസ്ഥാന തൊഴിലാളി നിയമപ്രകാരം തൊഴിലുടമ രജിസ്ട്രേഷനും കരാറുകാരൻ ലൈസൻസും നിർബന്ധമായും എടുക്കേണ്ടതാണ്. സംസ്ഥാനത്ത് ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) മാരുടെ നേതൃത്വത്തിൽ 1979 ലെ കുടിയേറ്റ തൊഴിലാളി നിയമം, 1970-ലെ കരാർ തൊഴിലാളി നിയമം, 1996-ലെ ബിൽഡിംഗ് &അദർ കൺസ്ട്രക്ഷൻ വെൽഫയർ ആക്ട് എന്നീ നിയമങ്ങൾ പ്രകാരം നടത്തുന്ന പരിശോധന നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിച്ച് ടി തൊഴിലാളികളുടെ ആരോഗ്യം, തൊഴിൽ-സുരക്ഷ, ക്ഷേമം എന്നിവ ഉറപ്പുവരുത്തുകയും ചെയ്യുന്നു. ഇതര സംസ്ഥാന

തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിലേക്കായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് 17-12-2015-ലെ ജി.ഒ (ആർ.ടി) 1717/15/ തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) കൺവീനറും, ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യ വകുപ്പ്), ഫാക്ടറീസ് &ബോയിലേഴ്സ് ഇൻസ്പെക്ടർ, ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശസ്വയംഭരണ വകുപ്പ്) എന്നിവരെ അംഗങ്ങളായും ഉൾപ്പെടുത്തിക്കൊണ്ടുള്ള ടാസ്ക്ഫോഴ്സിന്റെ പ്രവർത്തനം സംസ്ഥാനത്ത് ഊർജ്ജിതമായി നടന്നു വരുന്നു. ഇതരസംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ലേബർ ക്യാമ്പുകളിലെ ജീവിത/ശുചിത്വ നിലവാരം പരിതാപകരമാണെന്ന് ബോദ്ധ്യപ്പെട്ടതിനെ തുടർന്ന് 9 നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ അവരുടെ ആരോഗ്യപരിരക്ഷ ഉറപ്പുവരുത്തുന്നതിലേക്കായി മെഡിക്കൽ ക്യാമ്പുകളും നടത്തുന്നു. തൊഴിൽ വകുപ്പിനു കീഴിലുള്ള ഭവനം ഫൗണ്ടേഷൻ കേരള നടപ്പിലാക്കി വരുന്ന ഭവനപദ്ധതികളിലൊന്നാണ് അപ്നഘർ പദ്ധതി ഇതര സംസ്ഥാന തൊഴിലാളികൾക്ക് വേണ്ടി ഹോസ്റ്റൽ രീതിയിലുള്ള പാർപ്പിട സമുച്ചയമാണീ പദ്ധതി വഴി നടപ്പിലാക്കുന്നത്. ഇതിന്റെ ആദ്യ സ്കീം പാലക്കാട് ജില്ലയിലെ കിൻഫ്ര, കഞ്ചിക്കോട് ആരംഭിച്ചിട്ടുണ്ട്. 768 പേർക്ക് എല്ലാവിധ സൗകര്യങ്ങളുമുള്ള ഹോസ്റ്റൽ ആണിവിടെ പണിതുവരുന്നത്. ടി മാതൃകയിൽ തിരുവനന്തപുരം/ എറണാകുളം/ കോഴിക്കോട് നഗരങ്ങളിലും ഇതര സംസ്ഥാന തൊഴിലാളികൾക്ക് വേണ്ടി പാർപ്പിട സൗകര്യം നിർമ്മിക്കുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും ആരോഗ്യപരിരക്ഷയും ലക്ഷ്യമിട്ട് ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിച്ചുവരുന്നു. പദ്ധതി പ്രാബല്യത്തിൽ വരുന്നതോടുകൂടി ഇൻഷ്വറൻസ് പദ്ധതി മുഖേന ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സുരക്ഷിതത്വം ഉറപ്പു വരുത്താനും അതോടൊപ്പം വിവരശേഖരണം നടത്തി തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുവാനും കഴിയും.

**വേതന സുരക്ഷാ പദ്ധതി**

191 (2003) <u>ശ്രീ. വി. ഡി. സതീശൻ</u> :

<u>ശ്രീ. റോജി എം. ജോൺ</u> :

<u>ശ്രീ. വി. ടി. ബൽറാം</u> :

<u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തൊഴിലാളികൾക്ക് വേതന സുരക്ഷാ പദ്ധതി

നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിവരിക്കുമോ;

(സി) പദ്ധതി നടപ്പാക്കുന്നതിനു ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) അസംഘടിത മേഖലയിൽ പണിയെടുക്കുന്ന വിവിധ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പുവരുത്തുന്നതിനും സംസ്ഥാനത്തെ വിവിധ സ്വകാര്യ മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് വേതനം ബാങ്ക് വഴി നൽകുന്നതിനും ഉദ്ദേശിക്കുന്നു. വേതന സുരക്ഷാ പദ്ധതി (ഇ-പേമെന്റ്) തിരുവനന്തപുരം ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതു വഴി തൊഴിലാളികൾക്ക് ബാങ്ക് മുഖേന വേതനം ലഭ്യമാക്കുന്നതോടൊപ്പം നിയമം അനുശാസിക്കുന്ന കുറഞ്ഞ വേതനം തൊഴിലാളികൾക്ക് യഥാസമയം ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനും കൂടാതെ തൊഴിലാളികൾക്ക് വേജ് സ്ലിപ്പ് നേരിട്ട് ഓൺലൈൻ മുഖേന ലഭ്യമാക്കുന്നതിനും കഴിയുന്നതാണ്. 1948-ലെ മിനിമം വേതന നിയമ പ്രകാരവും 1936-ലെ വേതനം കൊടുക്കൽ നിയമപ്രകാരവും നിശ്ചയിക്കപ്പെട്ട വേതനം തൊഴിലാളികൾക്ക് കൃത്യസമയത്ത് ലഭ്യമാകുന്നുണ്ടോയെന്ന് തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് ഓൺലൈനായി തന്നെ പരിശോധിക്കുന്നതിനും ഇതിൽ വീഴ്ച വരുത്തുന്ന സ്ഥാപന ഉടമകൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുവാനും കഴിയും.

(സി) വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിനായി 1948-ലെ മിനിമം വേതന നിയമത്തിൽ ഭേദഗതി വരുത്തിക്കൊണ്ടുള്ള വിജ്ഞാപനം 9-7-2015-ൽ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. കെൽട്രോണുമായി സഹകരിച്ച് ഒരു സോഫ്റ്റ് വെയർ വികസിപ്പിച്ചിട്ടുണ്ട്. നാഷണലൈസ്ഡ് ഷെഡ്യൂൾഡ് ബാങ്കുകൾ, സ്വകാര്യ തൊഴിലുടമ പ്രതിനിധികൾ എന്നിവരുമായി ചർച്ച നടത്തി 19 ബാങ്കുകളുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്.

**ആർ.എസ്.ബി.വൈ. സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

192 (2004) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ. എസ്. ബി. വൈ. സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സർക്കാർ നിർദ്ദേശിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ വിശദമാക്കാമോ;

(ബി) ഈ പദ്ധതിയിൽനിന്നും കെട്ടിട നിർമ്മാണ തൊഴിലാളികളെ ഒഴിവാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ആർ.എസ്.ബി.വൈ. സമഗ്ര ആരോഗ്യ ഇൻഷ്വുറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുബന്ധമായിചേർക്കുന്നു.*

(ബി) കെട്ടിട നിർമ്മാണ തൊഴിലാളികളെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

**ആർ.എസ്.ബി.വൈ. പദ്ധതി**

193 (2005) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.എസ്.ബി.വൈ. പദ്ധതിയുടെ കീഴിൽ കോട്ടയം ജില്ലയിലെ ഏതെല്ലാം ആശുപത്രികളാണ് ഉൾപ്പെട്ടിരിക്കുന്നത്;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര പേർക്ക് 2015-16, 2016-17 കാലഘട്ടത്തിൽ എത്ര തുകയുടെ ഇൻഷ്വറൻസ് ആനുകൂല്യം ലഭ്യമായി;

(സി) കുറവിലങ്ങാട് താലൂക്ക് ആശുപത്രി ഉൾപ്പെടെ കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ ഏതെല്ലാം ആശുപത്രികളിൽ ആർ.എസ്.ബി.വൈ. പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) കോട്ടയം ജില്ലയിലെ ആശുപത്രികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) 2015-16 സാമ്പത്തിക വർഷത്തിൽ 5.25 ലക്ഷം ക്ലെയിമുകൾക്ക് 205.58 കോടി രൂപയും (ഇരുനൂറ്റി അഞ്ച് കോടി അൻപത്തി എട്ട് ലക്ഷംരൂപ മാത്രം) 2016-17 സാമ്പത്തിക വർഷത്തിൽ (31 ആഗസ്റ്റ് 2016 വരെ) 2.46 ലക്ഷം ക്ലെയിമുകൾക്ക് 104.76 കോടി രൂപയും (നൂറ്റി നാല് കോടി എഴുപത്തിയാറ്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ലക്ഷംരൂപ മാത്രം)ഇൻഷ്വറൻസ് ആനുകൂല്യം ലഭ്യമായി.

(സി) കുറവിലങ്ങാട് താലൂക്ക് ആശുപത്രി നിലവിൽ ആർ.എസ്.ബി.വൈ. പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ല. ടി ആശുപത്രിയിലെ ജില്ലാതല പ്രശ്നപരിഹാര സംവിധാനം വഴി ആർ.എസ്.ബി.വൈ പദ്ധതിയിൽ ചേർക്കാൻ ചിയാക്ക് നടപടികൾ സ്വീകരിച്ചുവരുന്നു. കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ നാലു സ്വകാര്യ ആശുപത്രികൾ ആർ.എസ്.ബി.വൈ. പദ്ധതിയിൽ ഉണ്ടായിരുന്നുവെങ്കിലും പലവിധ കാരണങ്ങളാൽ അവരെല്ലാവരും ടി പദ്ധതിയിൽ നിന്നും പിൻമാറിയിരിക്കുന്നു. ഈ സാഹചര്യത്തിൽ പ്രസ്തുത മണ്ഡലത്തിലെ ആശുപത്രികളെ ടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ചിയാക് സത്വര നടപടികൾ എടുത്തുവരുന്നു. അതിൻപ്രകാരം സി.എച്ച്.സി. കൂടല്ലൂർ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. ഒക്ടോബർ മാസത്തോടെ സി.എച്ച്.സി. കൂടല്ലൂർ ഉൾപ്പെടുന്നതാണ്.

**ശരണ്യ സ്വയം തൊഴിൽ പദ്ധതി**

194 (2006) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന്റെ കീഴിൽ ആരംഭിച്ചിട്ടുള്ള ശരണ്യ സ്വയം തൊഴിൽ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ;

(ബി) തൃശ്ശൂർ ജില്ലയിൽ ഈ പദ്ധതി പ്രകാരം എത്ര യൂണിറ്റുകൾ വിജയകരമായി പ്രവർത്തിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഭർത്താവ് മരണപ്പെടുന്നതോടുകൂടി അല്ലെങ്കിൽ ഭർത്താവിനാൽ ഉപേക്ഷിക്കപ്പെടുകയോ, ഭർത്താവ് ശയ്യാവലംബനും, നിത്യരോഗിയുമാകുകയോ, വിവാഹബന്ധം വേർപെടുത്തുകയോ ചെയ്യുന്നതോടുകൂടി മക്കളേയും, വൃദ്ധരായ മാതാപിതാക്കളേയും സംരക്ഷിക്കേണ്ടിവരുന്ന അശരണരും, സാമ്പത്തികവും, സാമൂഹികപരവുമായി പിന്നോക്കം നിൽക്കുന്ന വനിതകൾക്കും 30 വയസ്സു കഴിഞ്ഞ അവിവാഹിതകളായ വനിതകൾക്കും, പട്ടിക വർഗ്ഗത്തിലെ അവിവാഹിതകളായ അമ്മമാർക്കും, അംഗപരിമിതരായ വനിതകൾക്കും സ്വയം തൊഴിലിലൂടെ ഒരു ജീവിതമാർഗ്ഗം കണ്ടെത്തുന്നതിന് ധനസഹായം

നൽകുകയാണ് ശരണ്യപദ്ധതിയുടെ ഉദ്ദേശ്യം. ഇതിലൂടെ സ്ത്രീ ശാക്തീകരണവും, തൊഴിലില്ലായ്മ ഒരു പരിധിവരെ കുറയ്ക്കുകയുമാണ് പദ്ധതിയുടെ ലക്ഷ്യം.

(ബി) തൃശ്ശൂർ ജില്ലയിൽ ശരണ്യ സ്വയംതൊഴിൽ പദ്ധതി പ്രകാരം 780 സ്വയം തൊഴിൽ യൂണിറ്റുകൾ വിജയകരമായി പ്രവർത്തിച്ചുവരുന്നു.

**ശരണ്യ കൈവല്യ പദ്ധതികൾ**

195 (2007) ശ്രീ. കെ. ദാസൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. എം. മുകേഷ് :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'ശരണ്യ സ്വയം തൊഴിൽ പദ്ധതി' നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഏതെല്ലാം വിഭാഗക്കാരെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) വിഭിന്ന ശേഷിയുള്ള ഉദ്യോഗാർത്ഥികളുടെ ഉന്നമനത്തിനായി കൈവല്യ സമഗ്ര പുനരധിവാസ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങളും വിശദാംശങ്ങളും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകൾ, നിയമാനുസൃതം വിവാഹബന്ധം വേർപെടുത്തിയവർ, 30 വയസ്സുകഴിഞ്ഞ അവിവാഹിതകൾ, ഭർത്താവ് ഉപേക്ഷിക്കുകയോ/ഭർത്താവിനെ കാണാതാകുകയോ ചെയ്തവർ, പട്ടികവർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ എന്നീ വിഭാഗം വനിതകളെയാണ് ശരണ്യാ സ്വയംതൊഴിൽ പദ്ധതി ആരംഭിച്ച സമയത്ത് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ, 28-1-2016-ലെ സ.ഉ.(പി) നമ്പർ 18/2016/തൊഴിൽ ഉത്തരവ് പ്രകാരം ശയ്യാവലംബരും നിത്യരോഗികളുമായ (അക്യൂട്ട് കിഡ്നി പ്രോബ്ലം, ക്യാൻസർ, മാനസികരോഗം, ഹീമോഫീലിയ തുടങ്ങിയവ) ഭർത്താക്കൻമാരുള്ള വനിതകളേയും

ഭിന്നശേഷിയുള്ള വനിതകളേയും കൂടി ശരണ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികളുടെ സമഗ്ര തൊഴിൽ പുനരധിവാസം ലക്ഷ്യമിട്ട് എംപ്ലോയ്മെന്റ് വകുപ്പുവഴി "കൈവല്യ" എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ നാല് ഘടക പദ്ധതികൾ സമന്വയിപ്പിച്ചിട്ടുണ്ട്.

1. വൊക്കേഷണൽ ആന്റ് കരിയർ ഗൈഡൻസ്
2. കപ്പാസിറ്റി ബിൽഡിംഗ്
3. മത്സരപരീക്ഷാ പരിശീലനം
4. സ്വയം തൊഴിൽ വായ്പാ സഹായ പദ്ധതി.

പദ്ധതിയിൽ ഉൾപ്പെടുന്ന ഭിന്നശേഷിയുള്ള വരെ മേൽ പരാമർശിച്ചിട്ടുള്ള ഒന്നോ അതിലധികമോ ഘടക പദ്ധതികളിലൂടെ വരുമാനമാർഗ്ഗമുള്ള തൊഴിൽ കണ്ടെത്തി സ്വന്തം കാലിൽ നിൽക്കാൻ പ്രാപ്തരാക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

**മാടായി ഐ.ടി.ഐ.-യിലെ ഹെൽത്ത് സാനിറ്ററി ഇൻസ്പെക്ടർ കോഴ്സ്**

196 (2008) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പി.എസ്.സി.-യുടെ അംഗീകാരം ലഭിക്കാത്തതിനാൽ മാടായി ഐ.ടി.ഐ.-യിൽ നിന്നും ഹെൽത്ത് സാനിറ്ററി ഇൻസ്പെക്ടർ കോഴ്സ് പാസ്സായ വിദ്യാർത്ഥികൾക്ക് പി.എസ്.സി. വഴിയുള്ള നിയമനത്തിന് അർഹതയില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കോഴ്സിന് പി.എസ്.സി.-യുടെ അംഗീകാരം ലഭ്യമാക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

ഉണ്ട്. ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ സ്പെഷ്യൽ റൂളിൽ എൻ.റ്റി.സി./

എസ്.റ്റി.സി. ഹെൽത്ത് സാനിട്ടറി ഇൻസ്പെക്ടർ യോഗ്യതകൂടി ഉൾപ്പെടുത്തി ഭേദഗതി വരുത്തിയാൽ മാത്രമേ ടി കോഴ്സ് പി.എസ്.സി. അംഗീകരിക്കുകയുള്ളൂ. എന്നാൽ ടി വകുപ്പ് പ്രസ്തുത യോഗ്യതപരിഗണിക്കാത്തതിനാലും സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്താൻ തയ്യാറാകാത്തതിനാലും ടി യോഗ്യത പി.എസ്.സി. അംഗീകരിച്ചിട്ടില്ല. തദ്ദേശസ്വയംഭരണ വകുപ്പ് ഇക്കാര്യത്തിൽ അനുകൂലമായ തീരുമാനം ഇതേവരെ കൈക്കൊണ്ടിട്ടില്ല. ഹെൽത്ത് സാനിട്ടറി ഇൻസ്പെക്ടർ കോഴ്സിന് തൊഴിൽ സാദ്ധ്യത കുറവായതിനാൽ ടി കോഴ്സ് നിർത്തലാക്കിയിരിക്കുകയാണ്.

**മിനിമം വേതനം**

197 (2009) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ മേഖലകളിലുമുള്ള തൊഴിലാളികൾക്കും മിനിമം വേതനം ഉറപ്പാക്കാൻ എന്തെങ്കിലും പുതിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പുവരുത്തുന്നതിനും സംസ്ഥാനത്തെ വിവിധ സ്വകാര്യമേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് വേതനം ബാങ്ക് വഴി നൽകുന്നതിനുമായുള്ള വേതന സുരക്ഷാ പദ്ധതി (ഇ-പേയ്മെന്റ്) തിരുവനന്തപുരം ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ വിജയകരമായി നടപ്പിലാക്കുകയും ടി പദ്ധതി സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) അസംഘടിത മേഖലയിൽ പണിയെടുക്കുന്ന വിവിധ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പുവരുത്തുന്നതിനും സംസ്ഥാനത്തെ വിവിധ സ്വകാര്യമേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് വേതനം

ബാങ്ക്‌വഴി നൽകുന്നതിനും ഉദ്ദേശിക്കുന്നു. വേതന സുരക്ഷാ പദ്ധതി (ഇ-പേമെന്റ്) തിരുവനന്തപുരം ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ വിജയകരമായി നടപ്പാക്കിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതുവഴി തൊഴിലാളികൾക്ക് ബാങ്ക് മുഖേന വേതനം ലഭ്യമാക്കുന്നതോടൊപ്പം നിയമം അനുശാസിക്കുന്ന കുറഞ്ഞ വേതനം യഥാസമയം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും കൂടാതെ വേജ് സ്ലിപ്പ് നേരിട്ട് ഓൺലൈൻ മുഖേന ലഭ്യമാക്കുന്നതിനും കഴിയുന്നതാണ്. നിശ്ചയിക്കപ്പെട്ട വേതനം കൃത്യസമയത്ത് ലഭ്യമാകുന്നുണ്ടോയെന്ന് തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് 1948-ലെ മിനിമം വേതന നിയമപ്രകാരവും 1936-ലെ വേതനം കൊടുക്കൽ നിയമപ്രകാരവും ഓൺലൈനായിത്തന്നെ പരിശോധിക്കുന്നതിനും ഇതിൽ വീഴ്ച വരുത്തുന്ന സ്ഥാപന ഉടമകൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുവാനും കഴിയും.

(സി) വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിനായി 1948-ലെ മിനിമം വേതന നിയമത്തിൽ ഭേദഗതി വരുത്തിക്കൊണ്ടുള്ള വിജ്ഞാപനം 9-7-2015-ൽ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ കെൽട്രോണുമായി സഹകരിച്ച് ഒരു സോഫ്റ്റ്‌വെയർ വികസിപ്പിക്കുകയും നാഷണലൈസ്ഡ് ഷെഡ്യൂൾഡ് ബാങ്കുകൾ, സ്വകാര്യ തൊഴിലുടമാ പ്രതിനിധികൾ എന്നിവരുമായി ചർച്ച നടത്തി 19 ബാങ്കുകളുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്.

## ചില്ലറ വിപണന കേന്ദ്രങ്ങളിലെ തൊഴിലാളികൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ

198 (2010) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വസ്ത്രവ്യാപാരശാലകൾ ഉൾപ്പെടെയുള്ള ചില്ലറ വിപണന കേന്ദ്രങ്ങളിലെ ജീവനക്കാർ 12 മണിക്കൂറിൽ അധികം ജോലി ചെയ്യുന്നുവെന്നതും ഈ സ്ഥാപനങ്ങളിൽ തൊഴിൽ നിയമങ്ങൾ ലംഘിക്കപ്പെടുന്നുവെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് സംബന്ധിച്ച് കേസ് എടുത്തിട്ടുണ്ടോയെന്ന് വിശദീകരിക്കാമോ;

(ബി) വനിതകൾ ഉൾപ്പെടെയുള്ള ജീവനക്കാർ ജോലി ചെയ്യുന്ന ഷോപ്പിംഗ്

മാളുകളിലെ ജീവനക്കാർക്ക് നൽകിയിട്ടുള്ള താമസസൗകര്യങ്ങൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ തൃപ്തികരമല്ലാത്ത സൗകര്യങ്ങൾ സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കാമോ;

(സി) ഇത്തരം തൊഴിലാളികൾക്ക് ഇ.എസ്.ഐ., ഇൻഷ്വറൻസ്, ചികിത്സാനുകൂല്യങ്ങൾ എന്നിവ നൽകുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്, നിയമലംഘനങ്ങൾ കണ്ടെത്തുന്നപക്ഷം നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കാറുണ്ട്. ഇത്തരത്തിൽ ഈ വർഷം സംസ്ഥാനമൊട്ടാകെ 400 കേസ്സുകളും 85 ക്ലെയിം പെറ്റീഷനുകളും തൊഴിൽ വകുപ്പ് ഫയൽ ചെയ്തിട്ടുണ്ട്.

(ബി) പരിശോധിച്ചിട്ടുണ്ട്. 1960-ലെ ഷോപ്സ്&കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിലും ചട്ടത്തിലും ആവശ്യമായ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. 16-9-2015 ലെ ജി.ഒ. (പി) നമ്പർ 134/2015/തൊഴിൽ നമ്പർ ഉത്തരവിൽ തൊഴിലാളികൾക്ക് ആവശ്യമായ വിശ്രമസ്ഥലം നൽകണമെന്നും സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേകം ലാട്രിൻ/യൂറിനൽ സംവിധാനം നൽകണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ 20-ഉം അതിൽ കൂടുതലും തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥലങ്ങളിൽ ക്രഷ് സൗകര്യം നൽകണമെന്നും സ്ത്രീ/പുരുഷ തൊഴിലാളികൾക്ക് സൗജന്യമായി താമസസൗകര്യം നൽകണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കാനും ഉറപ്പുവരുത്താനും എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർക്ക് കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സ്ഥാപന പരിശോധനാവേളയിൽ ഇ.എസ്.ഐ. ആക്ടിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളിൽ തൊഴിലാളികളെ സ്കീമിൽ അംഗമാക്കാതിരിക്കുകയോ, ഇതുമായി ബന്ധപ്പെട്ട് മറ്റ് പരാതികളോ ശ്രദ്ധയിൽപ്പെടുന്നപക്ഷം തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ ആയത് ഇ.എസ്.ഐ, പി.എഫ് തുടങ്ങിയവ കൈകാര്യം ചെയ്യുന്ന വകുപ്പുകൾക്ക് തുടർനടപടികൾക്കായി റിപ്പോർട്ട് ചെയ്യാറുണ്ട്.

**തോട്ടം തൊഴിലാളികളുടെ വേതനവർദ്ധനവും അധികജോലിയും**

199 (2011) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ അവസാന കാലത്ത് തോട്ടം തൊഴിലാളികളുടെ മിനിമം കൂലി വർദ്ധിപ്പിച്ചപ്പോൾ ആനുപാതികമായി ജോലി ഭാരവും വർദ്ധിപ്പിച്ചു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ ആക്ഷേപം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ;

(സി) ഈ പ്രശ്നം പരിഹരിക്കുന്നതിന്, നിലവിലുള്ള ഉത്തരവ് പരിഷ്കരിക്കുവാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പ്ലാന്റേഷൻ മേഖലയിലെ വിവിധ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി <u>ബഹു.</u> തൊഴിൽ വകുപ്പുമന്ത്രി 6-9-2016-ന് വിളിച്ചുചേർത്ത തൊഴിലാളി-തൊഴിലുടമ പ്രതിനിധികളുടെ യോഗത്തിൽ മിനിമം വേതനം പരിഷ്കരിച്ച വിജ്ഞാപനത്തിൽ ഇരു വിഭാഗങ്ങൾക്കും അഭിപ്രായവ്യത്യാസമുള്ള വിഷയങ്ങൾ ഉണ്ടെങ്കിൽ മാനേജ്മെന്റും തൊഴിലാളി യൂണിയനുകളും തമ്മിൽ സമവായം ഉണ്ടാക്കാനും ആവശ്യമെന്നു കണ്ടാൽ പ്ലാന്റേഷൻ ലേബർ കമ്മിറ്റിയുടെ പരിഗണനയ്ക്കുശേഷം തീരുമാനിക്കാനും ധാരണയായിട്ടുണ്ട്.

(സി) പ്രസ്തുത പ്രശ്നം മാനേജ്മെന്റും തൊഴിലാളി യൂണിയനുകളും തമ്മിൽ ചർച്ച ചെയ്ത് സമവായത്തിലൂടെ പരിഹരിക്കുവാനാണ് ഉദ്ദേശിക്കുന്നത്

**ഒഡെപെക്**

200 (2012) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒഡെപെക്കിന്റെ (ഒ.ഡി.ഇ.പി.സി.) പ്രവർത്തനം വിശദമാക്കാമോ;

(ബി) ഒഡെപെക്കിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള ഉദ്യോഗാർത്ഥികളുടെ യോഗ്യതാ മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(സി) ഒഡെപെക് വഴി നിയമനം ലഭിക്കുന്നതിന് ഈടാക്കുന്ന സർവ്വീസ് ചാർജ് എത്രയാണ്;

(ഡി) ഒഡെപെക് ഏതെല്ലാം രാജ്യങ്ങളുമായാണ് കരാറിൽ

ഏർപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) കഴിഞ്ഞ സാമ്പത്തിക വർഷം കേരളത്തിൽ നിന്ന് എത്ര ഉദ്യോഗാർത്ഥികൾക്ക് ഒഡെപെക് മുഖേന നിയമനം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അഭ്യസ്തവിദ്യരായ തൊഴിൽ അന്വേഷകർക്കും, വിദഗ്ദരും, അതിവിദഗ്ധരും, അർദ്ധവിദഗ്ധരുമായ തൊഴിലാളികൾക്കും വിദേശ രാജ്യങ്ങളിൽ അനുയോജ്യമായ തൊഴിൽമേഖലകൾ കണ്ടെത്തുകയും അവരെ നിയമിക്കുന്നതിനു വേണ്ട സാഹചര്യങ്ങളും സൗകര്യങ്ങളും ഒരുക്കുക എന്നതാണ് ഒഡെപെക്കിന്റെ പ്രഖ്യാപിതലക്ഷ്യം. 12-3-2015-ൽ കേന്ദ്രസർക്കാർ18 ഇ.സി.ആർ. രാജ്യങ്ങളിലേയ്ക്കുള്ള വിദേശ ജോലിക്കായുള്ള നഴ്സമാരുടെ നിയമനാധികാരം കേരള സർക്കാരിന്റെ കീഴിലുള്ള നോർക്ക റൂട്ട്സ്, ഒഡെപെക്ക്, തമിഴ്നാട് സർക്കാരിന്റെ ഒ.എം.സി.ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾക്ക് മാത്രമാക്കിക്കൊണ്ട് ഉത്തരവിറക്കുക യുണ്ടായി. പട്ടികജാതി പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് വിദേശത്ത് തൊഴിൽ നേടുവാനും തൊഴിൽ ലഭിച്ചാൽ അത് വിജയകരമായി നിർവ്വഹിക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനുള്ള ഓവർസീസ് ഓറിയന്റേഷൻ പ്രോഗ്രാം, പിന്നോക്ക വിഭാഗ ഉദ്യോഗാർത്ഥികൾക്ക് വിദേശ ജോലിക്കായുള്ള ഇന്റർവ്യൂവിൽ വിജയം നേടുന്നതിന് സഹായകരമായ പ്രീ-ഇന്റർവ്യൂ ട്രെയിനിംഗ് പ്രോഗ്രാം, വിദേശത്ത് നിയമനം ലഭിച്ച നഴ്സമാർക്കുള്ള പ്രീഡിപ്പാർച്ചർ ട്രെയിനിംഗ് പ്രോഗ്രാം എന്നിവയും ഡൊമസ്റ്റിക് റിക്രൂട്ട്മെന്റിന്റെ ഭാഗമായി വെസ്റ്റ് ബംഗാളിലെ ഐ.ക്യൂ. സിറ്റി നാരായണ ഹൃദയാലയ ഹോസ്പിറ്റൽ മാനേജ്മെന്റുമായി സഹകരിച്ച് ഡൊമസ്റ്റിക് റിക്രൂട്ട്മെന്റ് എന്നീ പ്രവർത്തനങ്ങളാണ് ഒഡെപെക്ക് നടത്തിവരുന്നത്. ഇതിനു പുറമേ അയാട്ട അംഗീകാരമുള്ള ഒരു ട്രാവൽ ഡിവിഷനും ഒഡെപെക്കിന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. ഈ ഡിവിഷൻ വഴി രാജ്യത്തിനകത്തും പുറത്തുമുള്ള വിമാനയാത്രാ ടിക്കറ്റുകൾ ലഭ്യമാണ്.

(ബി) ഒഡെപെക്കിൽ രജിസ്റ്റർ ചെയ്യുന്നതിന് പ്രത്യേക യോഗ്യതാ മാനദണ്ഡങ്ങൾ നിഷ്കർഷിച്ചിട്ടില്ല. ഒഡെപെക്കിൽ പേര് രജിസ്റ്റർ ചെയ്യുന്നതിന് ഓൺലൈൻ സംവിധാനം കൂടാതെ ഒ.ഡി.ഇ.പി.സി.-യുടെ ഓഫീസിൽ 30 രൂപയും ഒ.ഡി.ഇ.പി.സി.-യുടെ പേരിൽ 50 രൂപ ഡിമാന്റ് ഡ്രാഫ്റ്റ്/പോസ്റ്റൽ

ഓർഡർ നൽകിയാൽ മറ്റ് ജില്ലകളിൽ പ്രവർത്തിക്കുന്ന ജില്ലാ ലേബർ ഓഫീസുകളിലും രജിസ്ട്രേഷൻ ഫോം ലഭിക്കും. രണ്ട് വർഷത്തിലൊരിക്കൽ രജിസ്ട്രേഷൻ പുതുക്കേണ്ടതുണ്ട്.

(സി) എമിഗ്രേഷൻ നിയമം അനുശാസിക്കുന്ന 20,000 രൂപയാണ് പരമാവധി ഈടാക്കുന്ന സർവ്വീസ് ചാർജ്, തൊഴിൽ ദാതാവ് സർവ്വീസ് ചാർജ്ജ് ഒഡെപെക്കിന് നൽകുമെങ്കിൽ തികച്ചും സൗജന്യമായാണ് റിക്രൂട്ട്മെന്റ് നടത്തുന്നത്.

(ഡി) അയർലണ്ട്, യു.എ.ഇ., സൗദി അറേബ്യ എന്നീ രാജ്യങ്ങളിലെ തൊഴിൽ ദാതാക്കളുമായി ഒഡെപെക്ക് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

(ഇ) 2015-16 സാമ്പത്തിക വർഷം 342 പേർക്ക് ഒഡെപെക്ക് മുഖേന വിദേശത്ത് ജോലി ലഭ്യമാക്കിയിട്ടുണ്ട്.

## അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമം

201 (2013) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിനും സംരക്ഷണത്തിനുമായി ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

കേരളത്തിലെ അസംഘടിത മേഖലയിലേയും പരമ്പരാഗത മേഖലയിലേയും തൊഴിലാളികൾക്ക് സാമൂഹ്യ സുരക്ഷയും ക്ഷേമവും ഉറപ്പു വരുത്തുന്നതിനും ഈ വിഭാഗം തൊഴിലാളികളെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടു വരുന്നതിനുമായി തൊഴിൽ വകുപ്പിനു കീഴിൽ 16 ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്നു. ഈ ബോർഡുകൾക്ക് കീഴിലായി 26 ക്ഷേമപദ്ധതികൾ മുഖേന തൊഴിലാളികൾക്ക് വിവിധങ്ങളായ ആനുകൂല്യങ്ങൾ നൽകിവരുന്നു. വിവിധ ക്ഷേമ പദ്ധതികളിലായി സംസ്ഥാനത്തൊട്ടാകെ 70 ലക്ഷത്തോളം തൊഴിലാളികൾ അംഗത്വമെടുക്കുകയും ആനുകൂല്യങ്ങൾ കൈപ്പറ്റി വരികയും ചെയ്യുന്നു. തൊഴിലാളികളുടെ മക്കൾക്കുള്ള സ്കോളർഷിപ്പ്, വിവാഹ ധനസഹായം, പ്രസവാനുകൂല്യം, ചികിത്സാ ധനസഹായം, അപകട

ധനസഹായം, മരണാനന്തര ധനസഹായം,പെൻഷൻ, അവശതാ പെൻഷൻ, തുടങ്ങിയവ തൊഴിലാളികൾക്ക് ക്ഷേമ പദ്ധതികൾ മുഖേന നൽകിവരുന്നു.

അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിനായി സർക്കാർ സംസ്ഥാനത്ത് 75 മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. അസംഘടിത മേഖലയിലെ തൊഴിൽ നിയമലംഘനം തടയുന്നതിനായി തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ, സ്വകാര്യ സ്ഥാപനങ്ങളിൽ പരിശോധന നടത്തി വിവിധ തൊഴിൽ നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ ജീവനക്കാർക്ക് ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നു. നഗര പ്രദേശങ്ങളിലെ അസംഘടിതരായ തൊഴിലാളികൾക്കായുള്ള ഭവന പദ്ധതി (ജനനി പദ്ധതി), അസംഘടിത മേഖലയിലെ അവശത അനുഭവിക്കുന്ന തൊഴിലാളികൾക്കുള്ള ആശ്വാസ പദ്ധതി, അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യം മുതലായ പദ്ധതികളും നടപ്പിലാക്കി വരുന്നതോടൊപ്പം ഇൻകം സപ്പോർട്ട് സ്കീം എന്ന പദ്ധതിയും വിഭാവനം ചെയ്യുന്നു.

**അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം**

202 (2014) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം നിശ്ചയിക്കുന്ന പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ്; ഇത് എന്നത്തേക്ക് പ്രാവർത്തികമാക്കാൻ കഴിയുമെന്നാണ് കരുതുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

പുതുതായി മിനിമംവേതന ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള മിഡ്ഡേ മീൽ പ്രോഗ്രാം ഇൻ സ്കൂൾസ് ഉൾപ്പടെ 75 മേഖലകളിലാണ് സംസ്ഥാനത്ത് മിനിമംവേതനം നിശ്ചയിച്ചിട്ടുള്ളത്. കൂടാതെ പുതിയതായി മിനിമം വേതന നിയമത്തിന്റെ ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള ഫുട് വെയർ മാനുഫാക്ചറിംഗ്, പേപ്പർ ഇൻഡസ്ട്രി, ഫോട്ടോഗ്രാഫി ആന്റ് വീഡിയോഗ്രാഫി, പ്രൈവറ്റ് ഫൈനാൻസ് ഇൻസ്റ്റിറ്റ്യൂഷൻസ് എന്നീ മേഖലകളിൽ മിനിമം വേതനം നിശ്ചയിക്കുന്നതിനായി പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ പുതിയതായി മിനിമംവേതന നിയമത്തിന്റെ ഷെഡ്യൂളിൽ ഉൾപ്പെടുത്തിയ കേബിൾ ടി.വി. മേഖലയിൽ മിനിമം വേതനം നിശ്ചയിക്കുന്നതിന് നടപടികൾ നടന്നുവരുന്നു. മിനിമം വേതനം പുതുക്കി നിശ്ചയിക്കേണ്ട തൊഴിൽ മേഖലകളിൽ ആയത് പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ തീരുമാനമെടുക്കുകയും അതനു

സരിച്ച് ലേബർ കമ്മീഷണറേയും മിനിമം വേതന ഉപദേശക സമിതിയേയും ചുമതലപ്പെടുത്തുകയും മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് സബ് കമ്മിറ്റികൾ രൂപീകരിച്ച് മിനിമം വേതനം ഉപദേശക സമിതി കർമ്മപദ്ധതി തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇതിനായി 8-10-2014-ലെ സർക്കാർ ഉത്തരവ് (എം എസ്) നമ്പർ 119/2014 പ്രകാരവും 25-6-2015-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 73/2015 പ്രകാരവും സബ് കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതോടൊപ്പം 12-8-2016-ലെ 704295/ഇ 1/2016/തൊഴിൽ നമ്പർ കത്ത് പ്രകാരം 22 തൊഴിൽ മേഖലകളിലെ കൂലി പുതുക്കി നിശ്ചയിക്കുന്നതിനു കൂടി മിനിമംവേതന ഉപദേശകസമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മേൽ പറഞ്ഞ നടപടികൾ സ്വീകരിച്ചതിന്റെ ഫലമായി സംസ്ഥാനത്തെ 14 മേഖലകളിൽ മിനിമംവേതനം പുതുക്കി നിശ്ചയിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. 14 മേഖലകളിൽ പുതുക്കി നിശ്ചയിക്കുന്നതിന്റെ ഭാഗമായി പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അവശേഷിക്കുന്ന തൊഴിൽ മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. അപ്രകാരം 3 വർഷം പൂർത്തിയായ എല്ലാ മേഖലകളിലും മിനിമംവേതനം പുതുക്കി നിശ്ചയിക്കുന്ന തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സ്വകാര്യ മേഖലയിലെ നഴ്സുമാരുടെ പ്രശ്നങ്ങൾ

203(2015) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> :

<u>ശ്രീമതി യു. പ്രതിഭ ഹരി</u> :

<u>ശ്രീ. ബി. ഡി. ദേവസ്സി</u> :

<u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ മേഖലയിലെ നഴ്സുമാരുടെ ദീർഘകാല സമരത്തെ തുടർന്ന് അവരുടെ പ്രശ്നങ്ങൾ പഠിക്കാനായി നിയോഗിച്ച ബലരാമൻ കമ്മിറ്റിയുടെ ശിപാർശകൾ എന്തൊക്കെയായിരുന്നു;

(ബി) ഇവയിൽ എന്തൊക്കെ കാര്യങ്ങൾ മുൻ സർക്കാർ നടപ്പിലാക്കിയെന്ന് വ്യക്തമാക്കാമോ;

(സി) ഇവരുടെ സേവന വ്യവസ്ഥകളും വേതനഘടനയും മോശമായി തുടരുന്നതിനാൽ കമ്മിറ്റി ശിപാർശകൾ സമഗ്രമായി നടപ്പിലാക്കാൻ നടപടിയെടുക്കുമോ?

<u>ഉത്തരം</u>

(എ) ബലരാമൻ കമ്മിറ്റിയുടെ ശിപാർശകൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) നഴ്സുമാരുടെ തൊഴിൽ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നത് സംബന്ധിച്ചുള്ള കമ്മീഷന്റെ ശുപാർശകൾ ആശുപത്രി വ്യവസായ രംഗത്തെ സമാധാനം നിലനിർത്തുന്നതിനായി 28-5-2012-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി.) നമ്പർ 799/12/തൊഴിൽ പ്രകാരം സർക്കാർ രൂപീകരിച്ച ത്രികക്ഷി സമിതിയായ സ്വകാര്യ ആശുപത്രി വ്യവസായ ബന്ധസമിതി അംഗീകരിക്കുകയും ആയവ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ആശുപത്രി വ്യവസായ രംഗത്ത് വേതന പരിഷ്കരണം ആവശ്യമാണെന്ന കമ്മീഷന്റെ ശുപാർശ പരിഗണിച്ച് 5-11-2013-ന് സർക്കാർ ഉത്തരവ് (എം എസ്) നമ്പർ.135/2013/തൊഴിൽ പ്രകാരം പുതിയ വേതന നിരക്കുകൾ നിശ്ചയിച്ച് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ വേതന നിരക്ക് ജീവനക്കാർക്ക് ഉറപ്പുവരുത്താൻ തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം ശക്തമായ നടപടി സ്വീകരിച്ചുവരുന്നു. നിലവിലെ കൂലി നിരക്കുകൾ പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ മിനിമം വേതന കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(സി) ആശുപത്രി വ്യവസായ രംഗത്ത് വേതന പരിഷ്കരണം ആവശ്യമാണെന്ന കമ്മീഷന്റെ ശുപാർശ പരിഗണിച്ച് 5-11-2013-ന് സർക്കാർ ഉത്തരവ് (എം എസ്) നമ്പർ 135/2013/തൊഴിൽ പ്രകാരം പുതിയ വേതന നിരക്കുകൾ നിശ്ചയിച്ച് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിലെ കൂലി നിരക്കുകൾ പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ മിനിമം വേതന കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

**ക്ഷേമനിധി പെൻഷനുകൾ**

204 (2016) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേമനിധി പെൻഷനുകൾ വിതരണം ചെയ്തത് സംബന്ധിച്ച് 9-9-2016 വരെയുള്ള വ്യക്തമായ കണക്കുകൾ ലഭ്യമാക്കുമോ;

(ബി) ഇപ്പോൾ ക്ഷേമനിധി പെൻഷനുകൾ ആരാണ് വിതരണം ചെയ്യുന്നത്; വിതരണം ചെയ്യുന്നത് സംബന്ധിച്ച് ജനങ്ങളുടെ പരാതിയും മറ്റും മാധ്യമങ്ങളിൽ വാർത്തയായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പഴയരീതിയിൽ പെൻഷനുകൾ ബാങ്കുകൾ വഴി കുറ്റമറ്റ രീതിയിൽ വിതരണം ചെയ്തതുപോലെ ഇനിയും നടത്തുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ; ക്ഷേമപെൻഷനുകൾ ലഭിച്ചുകൊണ്ടിരുന്ന തുകയിൽ കുറവ് വന്നതായി പരാതികൾ ലഭിച്ചിട്ടുണ്ടോ; ഇപ്പോൾ വിതരണം ചെയ്യുന്ന ഏജൻസികൾ കമ്മീഷൻ എടുക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമായ വിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) തൊഴിൽ വകുപ്പിന് കീഴിലുള്ള ക്ഷേമനിധി ബോർഡുകളിൽ സർക്കാർ ഫണ്ട് ഉപയോഗിച്ച് പെൻഷൻ നൽകുന്ന എല്ലാ ബോർഡുകളിലേയും 2016 ഒക്ടോബർ വരെയുള്ള പെൻഷൻ വിതരണം ചെയ്യുന്നതിനായി 1,52,807 തൊഴിലാളികൾക്ക് 127,29,84,000 രൂപ (നൂറ്റിയിരുപത്തിയേഴ് കോടി ഇരുപത്തിയൊൻപത് ലക്ഷത്തി എൺപത്തിനാലായിരം രൂപ മാത്രം) 9-9-2016-നുമുമ്പ് ബോർഡുകൾക്ക് നൽകിയിട്ടുണ്ട്.

(ബി) ക്ഷേമനിധി പെൻഷനുകൾ ബന്ധപ്പെട്ട ബോർഡുകൾ പെൻഷൻകാരുടെ ബാങ്ക് അക്കൗണ്ടിലൂടെയാണ് വിതരണം നടത്തുന്നത്. പരാതിയൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) മുൻപ് വിതരണം നടത്തിയതുപോലെ ഇപ്പോഴും ബാങ്ക്വഴി തന്നെയാണ് പെൻഷൻ വിതരണം നടത്തുന്നത്. പെൻഷൻ തുകയിൽ കുറവ് വന്നതായി പരാതി ലഭിച്ചിട്ടില്ല.

**ജസ്റ്റിസ് കൃഷ്ണൻനായർ കമ്മീഷൻ റിപ്പോർട്ട്**

205 (2017) <u>ശ്രീ. എം. എം. മണി</u> :
<u>ശ്രീ. എസ്. രാജേന്ദ്രൻ</u> :
<u>ശ്രീ. രാജു എബ്രഹാം</u> :
<u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തോട്ടം വ്യവസായത്തെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് നൽകാൻ നിയോഗിച്ച ജസ്റ്റിസ് കൃഷ്ണൻനായർ കമ്മീഷൻ റിപ്പോർട്ടു സമർപ്പിച്ചോ; റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകളും ശിപാർശകളും എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) തോട്ടം തൊഴിലാളികളുടെ വാസസ്ഥലങ്ങൾ തീർത്തും പരിതാപ

കരമായ സ്ഥിതിയിലാണെന്നതു പരിഗണിച്ച് അതു പരിഹരിക്കാനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ;

(സി) മുൻസർക്കാരിന്റെ കാലത്ത് തോട്ടം തൊഴിലാളികൾക്ക് വീട് നിർമ്മിച്ചു നൽകുന്ന പദ്ധതിക്കായി വകയിരുത്തിയിരുന്ന തുകയെത്രയെന്നും അതിൽ എത്ര തുക ചെലവഴിച്ചെന്നും പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകളും ശുപാർശകളും അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) തോട്ടം തൊഴിലാളികൾ വസിക്കുന്ന ലയങ്ങളുടെ ശോചനീയാവസ്ഥ കണക്കിലെടുത്ത് അവ നവീകരിക്കാൻ കർശനനിർദ്ദേശം നൽകിയിട്ടുണ്ട്. പ്ലാന്റേഷൻ ലേബർ ആക്ടിലെ സെക്ഷൻ 8 പ്രകാരം കുടിവെള്ളം, 9 പ്രകാരമുള്ള ശൗചാലയങ്ങളെ സംബന്ധിച്ച്, സെക്ഷൻ 10 പ്രകാരം മെഡിക്കൽ ആനുകൂല്യങ്ങൾ, സെക്ഷൻ 12 പ്രകാരം ക്രഷ് സൗകര്യങ്ങൾ കൂടാതെയുള്ള ആനുകൂല്യങ്ങൾ, സെക്ഷൻ 15 പ്രകാരമുള്ള വാസസ്ഥലങ്ങളുടെ നവീകരണവും അറ്റകുറ്റപ്പണികളും തുടങ്ങിയവയെക്കുറിച്ച് ഓരോ തോട്ടങ്ങളിലും ഇപ്പോഴത്തെ അവസ്ഥ പരിശോധനനടത്തി സമയബന്ധിതമായ തുടർനടപടി സ്വീകരിക്കുവാനും, ആയത് സംബന്ധിച്ചുള്ള വിവരങ്ങളും പുരോഗതിയും അറിയിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) 'ഭവനം പ്രോജക്ടി'നായി 'ഭവനം ഫൗണ്ടേഷൻ കേരള' 20 കോടി രൂപ മുൻസർക്കാരിന്റെ കാലത്ത് സ്വീകരിച്ചിട്ടുണ്ട്. ആയതിൽ 'ഭവനം പ്രോജക്ട്' നടപ്പിലാക്കുന്നതിനായുള്ള ഡിസൈൻ, റിപ്പോർട്ട് എന്നിവ തയ്യാറാക്കുന്നതിനും, " Own your own housing scheme" -നും, പ്ലാന്റേഷൻ ഉടമകളെയും തൊഴിലാളികളെയും സംബന്ധിച്ച സർവ്വേ എന്നീ ജോലികൾക്കുമായി നാളിതുവരെ 9,06,826 രൂപ (ഒൻപതു ലക്ഷത്തി ആറായിരത്തി എണ്ണൂറ്റി ഇരുപത്തിയാറ് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്.

**ഇതരസംസ്ഥാന തൊഴിലാളികൾ**

206 (2018) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നമ്മുടെ സംസ്ഥാനത്ത് ജോലി ചെയ്തുവരുന്ന ഇതരസംസ്ഥാന തൊഴിലാളികൾ വളരെ വൃത്തിഹീനമായ ചുറ്റുപാടിൽ താമസിച്ചുവരുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവർക്ക് മെച്ചപ്പെട്ട പാർപ്പിട സൗകര്യങ്ങളും ശുചിത്വമുറികൾ, ശൗചാലയങ്ങൾ മറ്റ് ക്ഷേമപദ്ധതികൾ എന്നിവ ഒരുക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ലേബർ ക്യാമ്പുകളിലെ ജീവിത/ശുചിത്വ നിലവാരം പരിതാപകരമാണെന്ന് ബോദ്ധ്യപ്പെട്ടതിനെ തുടർന്ന് 9 നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി 3-8-2016-ൽ സ.ഉ(സാധാ) 960/16/ തൊഴിൽ നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിലേയ്ക്കായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് 17-12-2015-ലെ ജി.ഒ (ആർ.ടി) 1717/15/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) കൺവീനറും, ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യ വകുപ്പ്), ഫാക്ടറീസ് &ബോയിലേഴ്സ് ഇൻസ്പെക്ടർ, ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശ സ്വയംഭരണ വകുപ്പ്) എന്നിവരെ അംഗങ്ങളായും ഉൾപ്പെടുത്തിക്കൊണ്ടുള്ള ടാസ്ക്ഫോഴ്സിന്റെ പ്രവർത്തനം സംസ്ഥാനത്ത് ഊർജ്ജിതമായി നടന്നുവരുന്നു. കൂടാതെ അവരുടെ ആരോഗ്യപരിരക്ഷ ഉറപ്പുവരുത്തുന്നതിനായി മെഡിക്കൽ ക്യാമ്പുകളും നടത്തുന്നുണ്ട്.

തൊഴിൽ വകുപ്പിന്റെ കീഴിലുള്ള 'ഭവനം ഫൗണ്ടേഷൻ കേരള' നടപ്പിലാക്കി വരുന്ന ഭവനപദ്ധതികളിലൊന്നാണ് 'അപ്നഘർ' പദ്ധതി. ഇതര സംസ്ഥാന തൊഴിലാളികൾക്ക് വേണ്ടി ഹോസ്റ്റൽ രീതിയിലുള്ള പാർപ്പിട സമുച്ചയമാണീ പദ്ധതിവഴി നടപ്പിലാക്കുന്നത്. 768 പേർക്ക് എല്ലാവിധ സൗകര്യങ്ങളുമുള്ള ഹോസ്റ്റലാണിവിടെ പണിയുന്നത്. ഈ മാതൃകയിൽ തിരുവനന്തപുരം/ എറണാകുളം/കോഴിക്കോട് നഗരങ്ങളിലും ഇതരസംസ്ഥാന തൊഴിലാളികൾക്കു വേണ്ടി പാർപ്പിട സൗകര്യം നിർമ്മിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലാണ്.

ഇതര സംസ്ഥാന തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡ് നൽകുന്നതിനും വിവരശേഖരണം, രജിസ്ട്രേഷൻ, ആരോഗ്യ പരിപാലനം എന്നിവ ഉറപ്പാക്കുന്ന തിനുമായി ഒരു സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്ന വിഷയം

സർക്കാരിന്റെ പരിഗണനയിലാണ്. ഇതിന്റെ ഭാഗമായി ഇവർക്ക് ഫോട്ടോപതിച്ച തിരിച്ചറിയൽ കാർഡ് നൽകാനും വിവരശേഖരണം നടത്തുവാനും കഴിയുന്നതാണ്.

കേരളത്തിലെ ഇതരസംസ്ഥാന തൊഴിലാളികൾക്കായി ഒരു ക്ഷേമപദ്ധതി കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വെൽഫയർ ബോർഡിന്റെ കീഴിൽ 2010 മാർച്ച് മുതൽ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി എന്ന പേരിൽ നടപ്പാക്കിവരുന്നു. ടി പദ്ധതി പ്രകാരം 53136 തൊഴിലാളികൾ അംഗമായിട്ടുണ്ട്. പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന തൊഴിലാളികൾക്ക് - അപകട മരണ ധനസഹായം, അത്യാഹിതങ്ങൾക്ക് സഹായം, മാരക രോഗങ്ങൾക്ക് ധനസഹായം, ഇതരസംസ്ഥാന തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം, മൃതശരീരം നാട്ടിൽ എത്തിക്കുന്നതിനുള്ള ധനസഹായം, ചികിത്സാ ധനസഹായം, പ്രസവ ധനസഹായം, എന്നിവ ലഭിക്കുന്നു.

**നോക്കുകൂലി**

207 (2019) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിയമംവഴി നോക്കുകൂലി നിരോധിച്ചിട്ടുണ്ടോ;

(ബി) നോക്കുകൂലി സംബന്ധിച്ച് സംസ്ഥാനത്ത് എവിടെയെങ്കിലും അംഗീകൃത യൂണിയനുകൾക്ക് എതിരേ കേസ് എടുത്തിട്ടുണ്ടോ; എങ്കിൽ വിശദ വിവരം നൽകുമോ?

ഉത്തരം

(എ) നോക്കുകൂലി, അമിതകൂലി എന്നിവ വാങ്ങുന്നത് കേരള ചുമട്ടുതൊഴിലാളി നിയമ പ്രകാരം നിയമവിരുദ്ധമാണ്.

(ബി) കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡ് മട്ടാഞ്ചേരി ഉപകാര്യാലയത്തിനു കീഴിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികൾ നോക്കുകൂലി ആവശ്യപ്പെട്ടതു സംബന്ധിച്ച് നിലവിൽ മട്ടാഞ്ചേരി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി മുമ്പാകെ ഒരു കേസ്സ് നിലവിലുണ്ട്.

**സർക്കാർ ഐ.ടി.ഐ.-കളിൽനിന്നും പാസ്സാകുന്ന കുട്ടികൾക്ക് തൊഴിൽ ലഭിക്കുന്നതിന് നടപടി**

208 (2020) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ഐ.ടി.ഐ.-കളിൽ നിലവിലുള്ള കോഴ്സുകളും സിലബസും കാലാനുസൃതമായി പരിഷ്കരിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) ഈ ഐ.ടി.ഐ.-കളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക്

പാഠ്യപദ്ധതിയുടെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളിൽ പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) സർക്കാർ ഐ.ടി.ഐ. -കളിൽനിന്നും പാസ്സാകുന്ന കുട്ടികൾക്ക് കാമ്പസ് ഇന്റർവ്യൂ വഴി സ്വകാര്യ പൊതുമേഖലാ സ്ഥാപനങ്ങളിൽ തൊഴിൽ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ സർക്കാർ ഐ.ടി.ഐ.-കളിൽ നിലവിലുള്ള കോഴ്സുകളുടെ സിലബസ് തയ്യാറാക്കുന്നത് ന്യൂഡൽഹിയിലുള്ള ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് (ഡി.ജി.റ്റി.) ആണ്. ടി കോഴ്സുകളുടെ സിലബസിൽ മാറ്റം വരുത്തുന്നതും ഡി.ജി.റ്റി. ആണ്. 2014-ൽ സെമസ്റ്റർ സംവിധാനം നിലവിൽ വന്നതിനനുസൃതമായി കോഴ്സുകളുടെ സിലബസുകൾ ഡി.ജി.റ്റി. പരിഷ്കരിച്ചിട്ടുണ്ട്.

(ബി) പാഠ്യപദ്ധതിയുടെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളിൽ പരിശീലനം നൽകുന്നത് സംബന്ധമായ കാര്യങ്ങളിൽ തീരുമാനം കൈക്കൊള്ളേണ്ടത് ഡി.ജി.റ്റി തലത്തിലാണ്. എന്നാൽ ട്രെയിനികളുടെ പാഠ്യപദ്ധതിയുടെ ഭാഗമായി ബന്ധപ്പെട്ട വ്യവസായ സ്ഥാപനങ്ങൾ സന്ദർശിക്കാൻ അനുമതി നൽകുന്നുണ്ട്.

(സി) സർക്കാർ ഐ.ടി.ഐ.കളിൽ നിന്നും പാസ്സാകുന്ന കുട്ടികൾക്ക് കാമ്പസ് ഇന്റർവ്യൂവഴി സ്വകാര്യപൊതുമേഖലാ സ്ഥാപനങ്ങളിൽ തൊഴിൽ ലഭ്യമാക്കുന്നതിനായി ഐ.ടി.ഐ.കളിൽ പ്ലെയ്സ്മെന്റ് സെൽ രൂപീകരിച്ചിട്ടുണ്ട്. ഐ.ടി.ഐ-യിലെ ഒരു ഉദ്യോഗസ്ഥനെ പ്ലെയ്സ്മെന്റ് സെൽ ഓഫീസറായി നിയോഗിച്ചിട്ടുണ്ട്. ടി ഉദ്യോഗസ്ഥൻ വിവിധ സ്വകാര്യ പൊതുമേഖലാ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പരിശീലനം പൂർത്തിയാക്കിയ ട്രെയിനികൾക്ക് ജോലി ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

**പ്ലാന്റേഷൻ പാക്കേജ്**

209 T*(2021) ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. എം.എം. മണി :
ശ്രീ. രാജു എബ്രഹാം :
ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(എ) സംസ്ഥാനത്ത് 'പ്ലാന്റേഷൻ പാക്കേജി'-ന് രൂപം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(സി) പൂട്ടിക്കിടക്കുന്ന എല്ലാ പ്ലാന്റേഷനുകളും തുറക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) പ്ലാന്റേഷൻ പാക്കേജ് എന്നൊരു പ്രത്യേകപേരിൽ പദ്ധതി രൂപം നൽകുന്നതിന് തീരുമാനിച്ചിട്ടില്ല. എന്നാൽ പ്ലാന്റേഷൻ മേഖലയിലെ തൊഴിലാളികൾക്കായിഭവനം നിർമ്മിച്ചുനൽകുന്നതിന് "Own your own housing scheme" ഭവനം ഫൗണ്ടേഷൻവഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. തോട്ടം തൊഴിലാളികളിൽ കുറഞ്ഞത് 3 സെന്റ് വസ്തു സ്വന്തമായിട്ടുള്ളവർക്ക് വീട് നിർമ്മിച്ച് നൽകുന്നതിന് ഉദ്ദേശിക്കുന്നു. തോട്ടം മേഖലയിലെ തൊഴിലാളികളുടെ വിവരശേഖരാണാർത്ഥം ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസിന്റെ നേതൃത്വത്തിൽ ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ്-മാർ മുഖേന സർവ്വേ നടത്തിയതിന്റെ വിശദ വിവരങ്ങൾ ക്രോഡീകരിക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിൽ പ്ലാന്റേഷൻസ് റിലീഫ് ഫണ്ട് കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും അങ്ങനെയുള്ള പ്ലാന്റേഷനുകളിലെ ലയങ്ങൾ നന്നാക്കുന്നതിനും ഉദ്ദേശിക്കുന്നു.

(സി) വിശദമായ പരിശോധന നടത്തിവരുന്നു.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന നിയമനം ലഭിക്കാത്തവരുടെ ലിസ്റ്റ്

210 (2022) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിളിമാനൂർ, ആറ്റിങ്ങൽ എന്നീ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത് സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടും ഒരു ഇന്റർവ്യൂവിന് പോലും

ക്ഷണിയ്ക്കപ്പെട്ടിട്ടില്ലാത്തവരുടെ പട്ടിക,വിധവ, വികലാംഗർ, പട്ടികജാതി, പട്ടികവർഗ്ഗം, ജനറൽവിഭാഗം എന്നിങ്ങനെ തരം തിരിച്ച് ലഭ്യമാക്കാമോ?

ഉത്തരം

കിളിമാനൂർ, ആറ്റിങ്ങൽ എന്നീ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത് സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടും ഒരു ഇന്റർവ്യൂവിന് പോലും ക്ഷണിക്കപ്പെട്ടിട്ടില്ലാത്തവരുടെ തരം തിരിച്ച പട്ടിക ചുവടെ ചേർക്കുന്നു.

| | കിളിമാനൂർ | ആറ്റിങ്ങൽ |
|---|---|---|
| വിധവകൾ | 48 | 1008 |
| വികലാംഗർ | 68 | 196 |
| പട്ടികജാതിക്കാർ | 885 | 1511 |
| പട്ടികവർഗ്ഗക്കാർ | 60 | ... |
| ജനറൽ വിഭാഗം | 7520 | 8742 |
| ആകെ | 8581 | 11457 |

**എംപ്ലോയബിലിറ്റി സെന്ററുകൾ**

211 (2023) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. എൽദോസ് കുന്നപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിച്ചു വരുന്നുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം പ്രവർത്തനങ്ങളാണ് ഈ സെന്ററുകളിൽ നടക്കുന്നതെന്ന് വിവരിക്കുമോ;

(സി) തൊഴിലന്വേഷകരുടെ അഭിരുചി തിരിച്ചറിഞ്ഞ് കൗൺസിലിങ്ങും പരിശീലനവും നൽകി തൊഴിൽ ഉറപ്പാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് സെന്ററുകളുടെ പ്രവർത്തനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് എന്ന്

വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. കൊല്ലം, എറണാകുളം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കോട്ടയം, ആലപ്പുഴ എന്നീ ഏഴ് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരും, തൊഴിൽ രഹിതരുമായ ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ്പ് എന്നിവ വിവിധ അസ്സെസ്സ്മെന്റ് ടൂൾസ് ഉപയോഗിച്ച് വിലയിരുത്തി, സോഫ്റ്റ് സ്കില്ലുകളും ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനവും വർദ്ധിപ്പിക്കുന്നതിനും പരിശീലനം നൽകി വരുന്നു. എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്ക് അത്തരം പരിശീലനം നൽകുന്ന അംഗീകൃത പരിശീലന കേന്ദ്രങ്ങൾ മുഖേന പരിശീലനം നൽകുകയും ഇപ്രകാരം പരിശീലനം നേടിയ ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യ മേഖലയിലെ തൊഴിൽ അവസരം ലഭ്യമാക്കു ന്നതിനായി തൊഴിൽദാതാക്കളുമായി നേരിട്ടും ജോബ് ഫെയറുകൾ സംഘടിപ്പിച്ചും തൊഴിൽ നേടിയെടുക്കുവാൻ എംപ്ലോയബിലിറ്റി സെന്ററുകൾ അവസരം ഉണ്ടാക്കി കൊടുക്കുന്നുണ്ട്.

(സി) കേരളത്തിനകത്തും പുറത്തുമുള്ള സ്വകാര്യ മേഖലയിലെ തൊഴിൽ അവസരങ്ങൾ തൊഴിലന്വേഷകർക്ക് ലഭ്യമാക്കുവാനായി തൊഴിൽ ദാതാക്കളുമായി നേരിട്ട് ബന്ധപ്പെട്ടും എംപ്ലോയബിലിറ്റി സെന്ററിനകത്തും പുറത്തുമായി ചെറുതും വലുതുമായ തൊഴിൽ മേളകൾ സംഘടിപ്പിച്ചും അവർക്ക് തൊഴിൽ ഉറപ്പാക്കി വരുന്നുണ്ട്.

## തൊഴിൽ വകുപ്പിൽനിന്നും ഗ്രാമപഞ്ചായത്തുകളിലേക്ക് പുനർവിന്യാസം ചെയ്തിട്ടുള്ള ജീവനക്കാർ

212 (2024) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽവകുപ്പിൽ നിന്നും ഗ്രാമപഞ്ചായത്തുകളിലേക്ക് പുനർവിന്യാസം ചെയ്തിട്ടുള്ള എത്ര ജീവനക്കാരെയാണ് ഇനിയും വകുപ്പിലേക്ക്

തിരിച്ചു വിളിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്രകാരം പുനർവിന്യാസം ചെയ്തിട്ടുള്ള ഉദ്യോഗസ്ഥരെ തിരിച്ചു വിളിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) തൊഴിൽ വകുപ്പിൽനിന്നും ഗ്രാമപഞ്ചായത്തുകളിലേക്ക് പുനർ വിന്യാസം ചെയ്തിട്ടുള്ള 20 ജീവനക്കാരെയാണ് ഇനിയും വകുപ്പിലേക്ക് തിരിച്ചു വിളിക്കാനുള്ളത്.

(ബി) ഉദ്ദേശിക്കുന്നുണ്ട്. സ.ഉ. (പി) നമ്പർ187/2000/എൽ.എസ്.ജി.ഡി. തീയതി 4-7-2000 പ്രകാരമാണ് വകുപ്പിൽ നിന്ന് 36 പേരെ പുനർവിന്യസിച്ചത്. ആയതിനുശേഷമാണ് വകുപ്പിൽ ആം ആദ്മി ബീമായോജന, രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികളും, ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ആക്ടിന്മേലുള്ള ഒറ്റത്തവണ സെസ്സ് കളക്ഷൻ, ട്രേഡ് യൂണിയൻ സംബന്ധമായ വിവിധ ക്ഷേമപദ്ധതികളും കൂടാതെ വകുപ്പിന്റെ നൂതന പദ്ധതിയായ വേജ് പ്രൊട്ടക്ഷൻ സിസ്റ്റം (W.P.S), ഐ.റ്റി. സെൽ തുടങ്ങിയ ജോലികൾ വകുപ്പിൽ വന്നുചേർന്നിട്ടുള്ളത്. ആകയാൽ വകുപ്പിൽ നിലവിലുള്ള ജീവനക്കാരുടെ ജോലിഭാരം വളരെയധികം വർദ്ധിച്ചിട്ടുണ്ട്. തന്മൂലം ജില്ലാ ലേബർ ഓഫീസുകളിൽനിന്നും പുനർവിന്യാസിക്കപ്പെട്ട ജീവനക്കാരെ തിരികെ വിളിക്കേണ്ട അടിയന്തര സാഹചര്യം സംജാതമായിരിക്കുകയാണ്.

## ടെക്നോ പാർക്കിൽ ജോലി ചെയ്യുന്ന തൊഴിലാളികൾ

213 (2025) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടെക്നോപാർക്കിലെ പ്രത്യേക സാമ്പത്തിക മേഖലയിൽ കയറ്റിറക്ക് ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡ് നൽകിയിട്ടുണ്ടോ; ഇവ പരിശോധനയ്ക്ക് വിധേയമാക്കാറുണ്ടോ;

(ബി) ഈ മേഖലയിൽ പലപ്പോഴും കയറ്റിറക്കു കൂലിയെ സംബന്ധിച്ച് തർക്കങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം തർക്കങ്ങൾ പരിഹരിക്കുന്നതിന് തൊഴിൽ വകുപ്പ് യഥാസമയം ഇടപെടാറില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ടെക്നോപാർക്കിൽ പ്രത്യേക സാമ്പത്തിക മേഖലയിൽ

ഉൾപ്പെടെയുണ്ടാകുന്ന ഇത്തരം തർക്കങ്ങൾ പല കമ്പനികളുടെയും പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നതാണെന്നതും പ്രവർത്തനകേന്ദ്രം സംസ്ഥാനത്ത് നിന്ന് മാറ്റുന്നതിന് പ്രേരിപ്പിക്കുന്നതാണെന്നുമുള്ള വസ്തുത ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ടെക്നോപാർക്കിലെ പ്രത്യേക സാമ്പത്തിക മേഖലയിൽ കയറ്റിറക്ക് ജോലി ചെയ്യുന്ന കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 75 തൊഴിലാളികൾക്ക് 6 എ തിരിച്ചറിയൽ കാർഡ് നൽകിയിട്ടുണ്ട്. ഇവ പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) തൊഴിൽ തർക്കങ്ങളിൽ കഴിയുന്നതും വേഗം ഇടപെട്ട് പ്രശ്നം രമ്യമായി പരിഹരിക്കാറുണ്ട്.

(ഡി) കയറ്റിറക്ക് കൂലി സംബന്ധിച്ച തർക്കം കമ്പനികളുടെ പ്രവർത്തനത്തെ ബാധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രശ്നങ്ങൾ ഉണ്ടായാൽ ക്രിയാത്മകമായ ഇടപെടൽ നടത്തുന്നതാണ്.

**ഇതരസംസ്ഥാന തൊഴിലാളികൾ**

214 (2026) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഇതരസംസ്ഥാനത്തൊഴിലാളികളുടെ എണ്ണം വളരെയധികം വർദ്ധിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുമൂലം കേരളത്തിൽ മോഷണങ്ങളും കൊലപാതകങ്ങളും മറ്റും അമിതമായി വർദ്ധിച്ചിരിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(സി) ഇവരെ നിയന്ത്രിക്കാൻ എന്തെങ്കിലും പുതിയ പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നിയന്ത്രണം കൊണ്ടുവരുന്ന വിഷയം തൊഴിൽ വകുപ്പിന്റെ പരിഗണനയിലില്ല. ഇതര സംസ്ഥാന തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡ് നൽകുന്നതിനും വിവരശേഖരണം, രജിസ്ട്രേഷൻ, ആരോഗ്യ പരിപാലനം എന്നിവ ഉറപ്പാക്കുന്നതിനുമായി സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ മാതൃകയിൽ ഒരു ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന്മേൽ വിവിധ വകുപ്പുതല ചർച്ചകൾ നടന്നു വരുന്നു.

**നഴ്സുമാർക്കെതിരെയുള്ള ചൂഷണം**

215 (2027) ശ്രീ. എം. ഉമ്മർ :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളിൽ നഴ്സുമാർക്കെതിരെയുള്ള ചൂഷണം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) ഇത് സംബന്ധിച്ച് സ്വകാര്യ ആശുപത്രി മാനേജ്മെന്റുകളുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ ;

(സി) എങ്കിൽ ഡോ. ബലരാമൻ കമ്മിറ്റിയുടെ ശിപാർശകൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സ്വകാര്യ ആശുപത്രി ഉൾപ്പെടെ, സർക്കാരിതര സ്വകാര്യ സ്ഥാപനങ്ങളിലെ നഴ്സുമാരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി വ്യവസായ ബന്ധസമിതി രൂപീകരിക്കുകയും സമിതി ശിപാർശ പ്രകാരമുള്ള മിനിമം വേതനം ഗസറ്റിലൂടെ വിജ്ഞാപനം ചെയ്യുകയും ആയത് 2013 നവംബർ മുതൽ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാരുടെയും ജില്ലാ ലേബർ ആഫീസർമാരുടെയും നേതൃത്വത്തിൽ സ്ക്വാഡ് പരിശോധന നടത്തി പുതുക്കിയ മിനിമം വേതനം നൽകുന്നില്ലെന്ന് കണ്ടെത്തുന്ന സ്ഥാപനങ്ങൾക്കെതിരെ ക്ലെയിം പെറ്റീഷൻ ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തൊഴിൽ വകുപ്പ് നടപ്പിലാക്കിയ വേതന സുരക്ഷാ പദ്ധതി സംസ്ഥാനമൊട്ടാകെ വ്യാപിക്കുന്നതോടുകൂടി നേഴ്സുമാർക്ക് മിനിമം വേതനം ഉറപ്പ് വരുത്താനും ആയത് നൽകാത്ത സ്ഥാപനഉടമകൾക്കെതിരെ തുടർനടപടികൾ സ്വീകരിക്കുവാനും കഴിയും.

(ബി) സ്വകാര്യ ആശുപത്രികളിൽ നഴ്സുമാർക്കെതിരെ ചൂഷണം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ നോട്ടീസ് നൽകി നടപടികൾ സ്വീകരിക്കാറുണ്ട്. ആയത് സംബന്ധിച്ച് ആശുപത്രി മാനേജ്മെന്റുകളുടെ അഭിപ്രായം ആരായാറില്ല.

(സി) ബലരാമൻ കമ്മീഷൻ റിപ്പോർട്ടിലെ തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ സ്വകാര്യ ആശുപത്രി വ്യവസായ ബന്ധ സമിതി ചർച്ച ചെയ്തിട്ടുണ്ട്. സമിതിയിൽ കൈക്കൊണ്ട തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടി ജീവനക്കാരുടെ മിനിമം വേതനം പരിഷ്കരിച്ചുകൊണ്ട് ജി.ഒ. (എം എസ്) നമ്പർ135/2013/തൊഴിൽ തീയതി. 5-11-2013 പ്രകാരം സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുകയും ആയത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. നഴ്സ്മാരുടെ ട്രെയിനിംഗിനെ സംബന്ധിച്ച് വ്യവസായ ബന്ധസമിതി വ്യക്തമായ തീരുമാനം കൈക്കൊള്ളുകയും പ്രാവർത്തികമാക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ ഉത്തരവ് (സാധാ) 893/2013/തൊഴിൽ തീയതി 23-5-2013 പ്രകാരം ജനറൽ നഴ്സിംഗ് കോഴ്സ് പാസ്സായവരുടെ സ്റ്റൈപ്പന്റ് 5,100 രൂപയിൽ നിന്നും 6,000 രൂപയായും ബി.എസ്.സി. നേഴ്സിംഗ് കോഴ്സ് പാസ്സായവരുടെ സ്റ്റൈപ്പന്റ് 5,310 രൂപയിൽ നിന്നും 6,500 രൂപയായും നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. പ്രാക്ടിക്കൽ ട്രെയിനിംഗ് കാലയളവ് പരമാവധി ഒരു വർഷം എന്ന് നിജപ്പെടുത്തിയിട്ടുണ്ട്. പ്രാക്ടിക്കൽ ട്രെയിനിംഗ് നടത്തുന്ന സ്വകാര്യ ആശുപത്രിയിലെ നേഴ്സിംഗ് ജീവനക്കാരുടെ ആകെ എണ്ണത്തിന്റെ 25 ശതമാനത്തിലധികം ട്രെയിനികൾ പാടില്ല എന്നും വ്യവസ്ഥകൾ ചെയ്തിട്ടുണ്ട്.

## 1961 -ലെ കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ചട്ടങ്ങളിൽ ഭേദഗതി

216 (2028) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടെക്സ്റ്റയിൽ ഷോപ്പുകളിലും മറ്റും ജോലി ചെയ്യുന്ന വനിതാ ജീവനക്കാരുടെ തൊഴിൽ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് 1961-ലെ കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ

എസ്റ്റാബ്ലിഷ്മെന്റ് ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ വരുത്തിയ ഭേദഗതികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 16-9-2015-ലെ ജി.ഒ.(പി) നമ്പർ 134/2015/എൽബിആർ നമ്പർ ഉത്തരവ് പ്രകാരം കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. തൊഴിലാളികൾക്ക് നിയമന ഉത്തരവ്, തിരിച്ചറിയൽ കാർഡ്, സർവ്വീസ് സർട്ടിഫിക്കറ്റ് എന്നിവ നൽകണമെന്നും, ആവശ്യമായ വിശ്രമ സ്ഥലം നൽകണമെന്നും, സ്ത്രീകൾക്കും, പുരുഷന്മാർക്കും പ്രത്യേകം ലാടിൻ/യൂറിനൽ സംവിധാനം നൽകണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. അപകടം പിടിച്ച മേഖലയിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് സംരക്ഷണ സാമഗ്രികൾ നൽകണമെന്നും, പ്രഥമ ശുശ്രൂഷാസംവിധാനം ഒരുക്കണമെന്നും വ്യവസ്ഥ ചെയ്യുന്നു. കൂടാതെ 20-ഉം അതിൽ കൂടുതലും വനിതാ തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥലങ്ങളിൽ ക്രഷ് സൗകര്യം നൽകണമെന്നും അൻപതോ അതിൽ കൂടുതലോ തൊഴിലാളികൾ ജോലി ചെയ്യുന്നതായ സ്ഥാപനങ്ങളിലെ 25 കി.മീ. അകലെ വാസസ്ഥലമുള്ളവരായ തൊഴിലാളികൾക്ക് ഹോസ്റ്റൽ സൗകര്യം നൽകണമെന്നും, തൊഴിലുടമ വർഷത്തിലൊരിക്കൽ ആന്വൽ വെൽഫെയർ റിട്ടേൺ ഫയൽ ചെയ്യേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**ഐ. ടി. ഐ. കോഴ്സ് നവീകരണം**

217 (2029) <u>ശ്രീ. എസ്.ശർമ്മ</u> :

<u>ശ്രീ. വി. ജോയി</u> :

<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> :

<u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധുനിക കാലഘട്ടത്തിന് പ്രയോജനകരമാകുന്ന തരത്തിലുള്ള പുതിയ കോഴ്സുകൾ ഐ.ടി.ഐ.-കളിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ ഇപ്രകാരം പുതിയ ഐ.ടി.ഐ.-കൾ ആരംഭിയ്ക്കുന്നതിനുള്ള പ്രൊപ്പോസലുകൾക്ക് ഭരണാനുമതി നല്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പുതിയ ഐ.ടി.ഐ.കൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) തൊഴിൽ സാധ്യത കുറഞ്ഞതും കാലഹരണപ്പെട്ടതുമായ ട്രേഡുകൾ

നിർത്തലാക്കി തൊഴിൽ സാധ്യത കൂടിയതും ആധുനികവുമായ പുതിയ ട്രേഡുകൾ ഐ.ടി.ഐ.-കളിൽ ആരംഭിച്ചിട്ടുണ്ട്. കൂടാതെ നിലവിൽ ഐ.ടി.ഐ കളിൽ പരിശീലനം നൽകുന്ന തൊഴിൽ സാധ്യത കുറഞ്ഞ ട്രേഡുകൾ നിർത്തലാക്കി ആധുനിക ട്രേഡുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) പ്രൊപ്പോസലുകൾ ലഭിക്കുന്നമുറയ്ക്ക് പരിശോധിക്കുന്നതാണ്.

(സി) പുതിയ ഐ.ടി.ഐ.-കൾ ആരംഭിക്കുന്നത് സംബന്ധിച്ച് സംസ്ഥാന തലത്തിൽ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടില്ല. പുതിയ ഐ.ടി.ഐ.കൾ ആരംഭിക്കുന്നതിനാവശ്യമായ സ്ഥലം സംബന്ധിച്ച മാനദണ്ഡങ്ങൾ ഡി.ജി.റ്റി നിഷ്കർഷിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**മണലൂർ ഐ.ടി.ഐ.**

218 (2030) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ ഐ.ടി.ഐ.-യുടെ വികസന പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് വിശദാംശങ്ങൾ നൽകുമോ;

(ബി) ഇവിടെ പുതിയ ട്രേഡുകൾ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മണലൂർ ഐ.ടി.ഐ.-ക്ക് ലഭ്യമായ സ്ഥലത്ത് ഐ.ടി.ഐ.ക്കായി കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തികൾ നടന്നുവരുന്നു. കെട്ടിടത്തിന്റെ 55% നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ടി ഐ.ടി.ഐ.-യിൽ പരിശീലനം നൽകിവരുന്ന ഡ്രാഫ്റ്റ്സ്മാൻ(സിവിൽ) ട്രേഡ്, മെക്കാനിക് മോട്ടോർ വെഹിക്കിൾ ട്രേഡ് എന്നിവയിലേയ്ക്കാവശ്യമായ യഥാക്രമം 72%, 85% പഠനോപകരണങ്ങളും സംഭരിച്ചിട്ടുണ്ട്.

(ബി) ഭൗതിക സൗകര്യം ലഭ്യമാകുന്ന മുറയ്ക്ക് പുതിയ ട്രേഡുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

**കൊയിലാണ്ടി ഗവ. ഐ.ടി.ഐ**

219 (2031) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി ഗവ. ഐ.ടി.ഐ. മികവിന്റെ കേന്ദ്രമായി വികസിപ്പിക്കാൻ സർക്കാർ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) എന്തെല്ലാം നൂതന സംവിധാനങ്ങളാണ് ഇതിന്റെ ഭാഗമായി ഐ.ടി.ഐ നടപ്പിലാക്കുക; ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ തുടങ്ങി; വിശദമാക്കാമോ?

ഉത്തരം

(എ) ലോകബാങ്ക് സഹായത്തോടെ ഐ.ടി.ഐ.-കളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതിയിൽ (VTIP സ്കീം), കൊയിലാണ്ടി ഐ.ടി.ഐ.-യെ തെരഞ്ഞെടുത്തിരുന്നു. ടി പദ്ധതി പ്രകാരം കൊയിലാണ്ടി ഐ.ടി.ഐ.-യ്ക്ക് 297.38 ലക്ഷം രൂപ അനുവദിച്ചിരുന്നു. ടി തുക കെട്ടിട നിർമ്മാണത്തിനും ട്രെയിനിംഗി നാവശ്യമായ ഉപകരണ സംഭരണത്തിനുമാണ് ഉപയോഗിച്ചത്. ടി പ്രോജക്ട് മികച്ച രീതിയിൽ നടപ്പിലാക്കിയതിനാൽ കൊയിലാണ്ടി ഐ.ടി.ഐ.-യ്ക്ക് അഡീഷണൽ ഫണ്ടായ 91 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ടി തുക ഉപകരണ സംഭരണത്തിനു വേണ്ടിയാണ് ഉപയോഗിക്കുന്നത്. ഇതിന്റെ സംഭരണ നടപടികൾ നടന്നുവരികയാണ്. ഇതുവരെ 348.35 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ കാലാവധി ഡിസംബർ 2016 വരെയാണ്.

(ബി) ടി പദ്ധതിയിൻകീഴിൽ കൊയിലാണ്ടി ഐ.ടി.ഐ.-ൽ ട്രെയിനികൾക്കായി പുതിയ കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. കൂടാതെ ട്രെയിനികൾക്കാവശ്യമായ ഉപകരണങ്ങൾ (കമ്പ്യൂട്ടറുകൾ ഉൾപ്പെടെ) വാങ്ങി ട്രെയിനിംഗിന്റെ നിലവാരം മെച്ചപ്പെടുത്തിയിട്ടുണ്ട്.

**മൊറയൂരിൽ ഐ.ടി.ഐ.**

220 (2032) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിലെ മൊറയൂരിൽ പുതുതായി അനുവദിച്ച ഗവൺമെന്റ് ഐ. ടി. ഐ. ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) മൊറയൂർ പഞ്ചായത്തിൽ സ്വന്തം സ്ഥലം ലഭ്യമാകാത്തപക്ഷം മണ്ഡലത്തിലെ മറ്റ് പ്രദേശങ്ങളിലെവിടെയെങ്കിലും ഭൂമി കണ്ടെത്തുവാനും സ്ഥാപനം ആരംഭിക്കുവാനും സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) & (ബി) മലപ്പുറം മണ്ഡലത്തിലെ മൊറയൂരിൽ സർക്കാർ ഐ.ടി.ഐ. അനുവദിച്ചിട്ടില്ല.

**എലുമ്പുലാശ്ശേരി കേണൽ നിരഞ്ജൻ സ്മാരക സർക്കാർ ഐ.ടി.ഐ.**

221 (2033) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 വർഷത്തിൽ ആരംഭിച്ച എലുമ്പുലാശ്ശേരി കേണൽ: നിരഞ്ജൻ സ്മാരക സർക്കാർ ഐ.ടി.ഐ.-യിൽ എന്തെല്ലാം കോഴ്സുകളാണ് അനുവദിച്ചത്; ഓരോ കോഴ്സിലും എത്ര വിദ്യാർത്ഥികൾ വീതം പ്രവേശനം നേടുകയുണ്ടായി; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഐ.ടി.ഐ.-യ്ക്കാവശ്യമായ ഭൗതിക സാഹചര്യങ്ങൾ, അദ്ധ്യാപക,അനദ്ധ്യാപക തസ്തികകൾ എന്നിവ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എലുമ്പുലാശ്ശേരി കേണൽ: നിരഞ്ജൻ സ്മാരക സർക്കാർ ഐ.ടി.ഐ-യ്ക്കായി എത്ര തുക അനുവദിച്ചു; വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത ഐ.ടി.ഐ. യിൽ നിലവിലുള്ള അദ്ധ്യാപക,അനദ്ധ്യാപക ജീവനക്കാരെ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) 2015-16 വർഷത്തിൽ ആരംഭിച്ച എലുമ്പുലാശ്ശേരി കേണൽ നിരഞ്ജൻ സ്മാരക സർക്കാർ ഐ.ടി.ഐ.-യിൽ ഡ്രാഫ്റ്റ്സ്മാൻ സിവിൽ, പ്ലംബർ എന്നീ കോഴ്സുകളാണ് അനുവദിച്ചത്. ഓരോ കോഴ്സിലും പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ട്രേഡ് | വർഷം | |
|---|---|---|---|
| | | 2015 | 2016 |
| 1 | ഡി/സിവിൽ | 20 | 21 |
| 2 | പ്ലംബർ | 21 | 21 |

(ബി) എലുമ്പുലാശ്ശേരി കേണൽ നിരഞ്ജൻ സ്മാരക ഗവ.ഐ.ടി.ഐ.യ്ക്ക് ആവശ്യമായ അദ്ധ്യാപക അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. പുതിയ തസ്തിക സൃഷ്ടിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. നിലവിൽ ജില്ലയിലെ മറ്റ് സ്ഥാപനങ്ങളിൽ നിന്ന് ഇൻസ്ട്രക്ടർമാരെ സേവനക്രമീകരണ വ്യവസ്ഥയിൽ

ലഭ്യമാക്കി ടി ഐ.ടി.ഐ-യിൽ പരിശീലനം നൽകിവരുന്നു.

(സി) തുകയൊന്നും അനുവദിച്ചിട്ടില്ല.

(ഡി) സ്ഥിരം തസ്തിക അനുവദിച്ചിട്ടില്ല.

**നെയ്യാറ്റിൻകര, അമരവിള എക്സൈസ് ഓഫീസുകൾക്ക് പുതിയ കെട്ടിടം**

222 (2034) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര, അമരവിള എക്സൈസ് ഓഫീസുകൾക്ക് പുതിയ കെട്ടിടം അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ തുടങ്ങിയിട്ടുണ്ടോ;

(ബി) നിലവിലെ അമരവിള ഓഫീസ് റോഡ്, വികസനവുമായി ബന്ധപ്പെട്ട് നഷ്ടപ്പെടുന്നതിനാൽ അടിയന്തരമായി ബാക്കി സ്ഥലത്ത് കെട്ടിട നിർമ്മാണത്തിന് വേണ്ടിയുള്ള നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ& ബി) നെയ്യാറ്റിൻകര, അമരവിള എക്സൈസ് ഓഫീസുകൾ എക്സൈസ് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്വന്തം കെട്ടിടങ്ങളിലാണ് പ്രവർത്തിച്ചുവരുന്നത്. നെയ്യാറ്റിൻകര എക്സൈസ് റേയ്ഞ്ച് ഓഫീസ് കെട്ടിടത്തോട് ചേർന്ന് കൂടുതലായി മൂന്ന് മുറികൾ കൂടി നിർമ്മിച്ച് ആയതിൽ പ്രവർത്തനം ആരംഭിച്ചിട്ടുമുണ്ട്.

കരമന-കളിയിക്കാവിള റോഡ് വികസനം നടക്കുമ്പോൾ നഷ്ടപ്പെടുന്ന സ്ഥലം ഒഴികെയുള്ള സ്ഥലത്ത് അമരവിള എക്സൈസ് റെയ്ഞ്ച് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ**

223 (2035) ശ്രീ. എൽദോസ് കുന്നപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി എക്സൈസ് വകുപ്പ് എത്ര റെയ്ഡുകൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ റെയ്ഡുകൾ വഴി എത്ര കിലോ കഞ്ചാവ്, മറ്റ് ലഹരി വസ്തുക്കൾ മുതലായവ പിടിച്ചെടുത്തിട്ടുണ്ട്; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 25-5-2016 മുതൽ 27-9-2016 തീയതി വരെ എക്സൈസ് വകുപ്പ് 50214 റെയ്ഡുകൾ നടത്തിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 25-5-2016 തീയതി മുതൽ 27-9-2016 തീയതി വരെ എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുള്ള എൻ.ഡി.പി.എസ്. കേസ്സുകളിൽ പിടിച്ചെടുത്തിട്ടുള്ള കഞ്ചാവ്, മറ്റ് ലഹരിവസ്തുക്കൾ മുതലായവയുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ജില്ല | കഞ്ചാവ് (കി.ഗ്രാം) | കഞ്ചാവ് ചെടികൾ | മറ്റ് ലഹരി വസ്തുക്കൾ |
|---|---|---|---|
| (1) | (2) | (3) | (4) |
| തിരുവനന്തപുരം | 42.725 | 700 | |
| കൊല്ലം | 32.285 | 3 | Ganja Beedi-10 Nos |
| പത്തനംതിട്ട | 2.316 | ... | |
| ആലപ്പുഴ | 7.814 | ... | Bupernorphine-4 Ampules |
| കോട്ടയം | 11.133 | 3 | |
| ഇടുക്കി | 74.596 | 1129 | HashishOil-10.7Kg Nitrazepam-39 Tabs Alprozolam-4gm |
| (1) | (2) | (3) | (4) |
| എറണാകുളം | 22.468 | ... | Brown Sugar- 5.59gm Hashish Oil- 1 gm Heroin- 27.58 gm Nitrazepam-253 Tabs Diazapam-1 Tab |

| | | | |
|---|---|---|---|
| | | | Ganja Cigaratte-87 Nos |
| തൃശ്ശൂർ | 17.119 | 12 | Nitravet-28 Tabs Morphine-50gm |
| പാലക്കാട് | 58.610 | 18 | Nitrazepam-19 Tabs |
| മലപ്പുറം | 48.410 | 2 | Nitravet-12 Tabs |
| കോഴിക്കോട് | 25.623 | 3 | Opium-20gm |
| വയനാട് | 7.053 | 12 | Pentazocine (Fortwin)-22 Ampules |
| കണ്ണൂർ | 6.893 | 7 | Brownsugar-1.23gm Opium-29gm Popy plant Powder-450gm |
| കാസർഗോഡ് | 8.005 | 3 | |
| ആകെ | 365.05 | 1892 | |

**ഹെവി ഡ്യൂട്ടി ഡ്രൈവർ തസ്തിക**

224 (2036) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിൽ ഹെവിഡ്യൂട്ടി ഡ്രൈവർ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ PSC-ക്ക് റിപ്പോർട്ടു ചെയ്തിട്ടും അഡ്വൈസ് മെമ്മോ അയക്കാത്ത നിലപാട് പി.എസ്.സി സ്വീകരിക്കുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) എക്സൈസ് വകുപ്പിൽ ഹെവി ഡ്യൂട്ടി ഡ്രൈവർ തസ്തികയിൽ 16 ഒഴിവുകൾ നിലവിലുണ്ട്.

(ബി) എക്സൈസ് വകുപ്പിൽ Driver (HDV) തസ്തികയുടെ വിദ്യാഭ്യാസ യോഗ്യത 7-ാം തരം ആയി നിഷ്കർഷിച്ചുകൊണ്ടുള്ള വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റാങ്ക് ലിസ്റ്റാണ് നിലവിലുള്ളത്. എന്നാൽ 3-10-2015-ലെ G.O (P) No.178/15/TD പ്രകാരം വിദ്യാഭ്യാസ യോഗ്യത

SSLC/തത്തുല്യം ആയി ഉയർത്തി ഭേദഗതി ചെയ്യുകയും ആയതിന് 1-1-2015 മുതൽ മുൻകാല പ്രാബല്യം നൽകുകയും ചെയ്തു. ഇതിനെ തുടർന്ന് 3-10-2015 മുതൽ നിലവിൽ വന്ന ഒഴിവുകൾ പുതിയ വിജ്ഞാപനത്തിനായി മാറ്റി വച്ചിരിക്കുകയാണ് എന്നും 3-10-2015-ന് ശേഷം ഉത്ഭവിച്ച പുതിയ ഒഴിവുകളിൽ നിയമന ശുപാർശ നടന്നിട്ടുണ്ടെങ്കിൽ ആയത് റദ്ദുചെയ്യുവാനും തീരുമാനിച്ചിട്ടുണ്ട്.

## ലഹരി വസ്തുക്കളുടെ വിപണനം സംബന്ധിച്ച കേസ്സുകളിൽ പ്രതികളായ സർക്കാർ ഉദ്യോഗസ്ഥർ

225 (2037) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരോധിക്കപ്പെട്ട ലഹരി വസ്തുക്കളുടെ വിപണനം, ഉപഭോഗം എന്നിവയുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ ഉദ്യോഗസ്ഥർ പ്രതികളായി കേസുകൾ ഉണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

## ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിനുള്ള നിയമം

226 (2038) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരോധിക്കപ്പെട്ട ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിന് നിലവിലുള്ള നിയമം പര്യാപ്തമാണോ;

(ബി) നിലവിലുള്ള നിയമത്തിൽ എന്തെങ്കിലും ഭേദഗതി വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ) നിരോധിക്കപ്പെട്ട ലഹരിവസ്തുക്കളുടെ ഉപയോഗം തടയുന്നതിന് നിലവിലുള്ള നിയമം പര്യാപ്തമല്ല. മയക്കുമരുന്നുകൾ കൈവശം വയ്ക്കുന്നതും കടത്തുന്നതുമായ കേസ്സുകൾ അവയുടെ അളവിന്റെ അടിസ്ഥാനത്തിൽ

വേർതിരിച്ചതുമൂലം മയക്കുമരുന്നുകളുടെ വ്യാപനം ഫലപ്രദമായി തടയുന്നതിന് പലപ്പോഴും തടസ്സങ്ങൾ നേരിടുന്നുണ്ട്. നിലവിലുള്ള എൻ.ഡി.പി.എസ്. ആക്റ്റിലെ പഴുതുകൾ പ്രയോജനപ്പെടുത്തി മേജർ കേസ്സുകൾ ഒഴികെ നിലവിൽ മറ്റെല്ലാ കേസ്സുകൾക്കും അപ്പോൾ തന്നെ പ്രതിക്ക് ജാമ്യം കിട്ടുമെന്നിരിക്കെ ടി കേസ്സിന്റെ തെളിവുകൾ നശിപ്പിക്കുവാനും, കൂടുതൽ അന്വേഷണം നടത്തി ഇതുമായി ബന്ധപ്പെട്ട മറ്റുള്ള പ്രതികളെ പിടികൂടുന്നതിനും സാധിക്കാതെ വരികയും, ടി കേസ്സുകൾ കോടതിയിൽ നിലനിൽക്കാതെ പോവുകയോ, ചെറിയ തുക പിഴയടപ്പിച്ച് തീർപ്പു കല്പിക്കുകയോ ചെയ്യേണ്ടിവരുന്നുണ്ട്.

(ബി) കഞ്ചാവ് അടക്കമുള്ള ലഹരിവസ്തുക്കൾ വിപണനം ചെയ്യുന്നവർക്കെതിരായി കേന്ദ്രനിയമമായ എൻ.ഡി.പി.എസ്. ആക്ട് 1985 പ്രകാരമാണ് കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നത്. നിലവിലെ എൻ.ഡി.പി.എസ് നിയമപ്രകാരം 999 ഗ്രാം വരെ കഞ്ചാവ് കൈവശം വച്ച് കൈകാര്യം ചെയ്യുന്ന കുറ്റവാളികളെ കോടതിയിൽ ഹാജരാക്കുമ്പോൾ തന്നെ ജാമ്യം കിട്ടുന്ന നിയമ വ്യവസ്ഥയാണുള്ളത്. ഇത്തരം പ്രതികൾക്ക് ലഭിക്കാവുന്ന ശിക്ഷ 6 മാസം വരെ കഠിനതടവോ, പതിനായിരം രൂപ വരെ പിഴയോ, രണ്ടും കൂടിയോ ആണ്. ഇത്തരത്തിലുള്ള കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കുള്ള ടി ശിക്ഷ തുലോം കുറവായതിനാൽ, കുറ്റകൃത്യങ്ങൾ കൂടി വരുന്ന സാഹചര്യത്തിൽ കേന്ദ്രനിയമമായ എൻ.ഡി.പി.എസ്.ആക്ട് 1985-ൽ ചില നിർണ്ണായകഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് കേന്ദ്ര സർക്കാരിലേക്ക് ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

**അനധികൃത വ്യാജ സ്പിരിറ്റ്**

227 (2039) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂൺ 1 മുതൽ സെപ്തംബർ 15 വരെ എക്സൈസ് വകുപ്പ് കണ്ടെടുത്ത അനധികൃത വ്യാജ സ്പിരിറ്റ് എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് 2015 ജൂൺ1 മുതൽ സെപ്തംബർ 15 വരെ എക്സൈസ് വകുപ്പ് പിടിച്ചെടുത്ത അനധികൃത വ്യാജ സ്പിരിറ്റിന്റെ അളവ് എത്രയെന്ന് വ്യക്തമാക്കുമോ;

(സി) ഈ ഓണക്കാലത്തോടനുബന്ധിച്ച് വ്യാജമദ്യ ഒഴുക്ക് തടയുന്നതിന് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്കായി എക്സൈസ് വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;എത്ര റെയ്ഡ് ഇതിനോടനു

ബന്ധിച്ച് നടത്തിയെന്നും എത്രപേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2016 ജൂൺ 1 മുതൽ സെപ്റ്റംബർ 15 വരെ എക്സൈസ് വകുപ്പ് 1139 ലിറ്റർ സ്പിരിറ്റ് പിടികൂടിയിട്ടുണ്ട്.

(ബി) മുൻ സർക്കാരിന്റെ കാലത്ത് 2015 ജൂൺ 1 മുതൽ സെപ്റ്റംബർ 15 വരെ എക്സൈസ് വകുപ്പ് 6504 ലിറ്റർ സ്പിരിറ്റ് പിടിച്ചെടുത്തിട്ടുണ്ട്.

(സി) 2016 വർഷത്തെ ഓണം പ്രമാണിച്ച് എക്സൈസ് വകുപ്പിൽ 10-8-2016 തീയതി മുതൽ 18-9-2016 തീയതി വരെ സ്പെഷ്യൽ എൻഫോഴ്സ്മെന്റ് ഡ്രൈവ് ആയി പ്രഖ്യാപിച്ച് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. എക്സൈസ് വകുപ്പ് രൂപീകരിച്ചിട്ടുള്ള സ്പെഷ്യൽ ടീമുകളെയെല്ലാം (എക്സൈസ് കമ്മീഷണറുടെ സ്ക്വാഡ്, ഷാഡോ എക്സൈസ് മുതലായവ) കൂടുതൽ പ്രവർത്തനക്ഷമമാക്കി നടപടി സ്വീകരിച്ചിട്ടുണ്ട്. കുറ്റകൃത്യങ്ങൾ സംബന്ധിച്ച രഹസ്യ വിവരങ്ങൾ ശേഖരിക്കുന്നതിന് എക്സൈസ് ഇന്റലിജൻസ് വിഭാഗത്തിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കിയിരുന്നു.

പൊതുജനങ്ങളിൽനിന്നും മറ്റും പരാതികൾ സ്വീകരിക്കുന്നതിനും പരാതികളിൽ സ്വീകരിക്കുന്ന നടപടികൾ നിരീക്ഷിക്കുന്നതിനും ജില്ലാ തലത്തിൽ എല്ലാ എക്സൈസ് ഡിവിഷൻ ഓഫീസുകളിലും ഓരോ കൺട്രോൾ റൂമുകൾ 24 മണിക്കൂറും ഫലപ്രദമായി പ്രവർത്തിച്ചു വരുന്നു. എല്ലാ ജില്ലകളിലും എക്സൈസ് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന രണ്ട് വീതം സ്ട്രൈക്കിങ് ഫോഴ്സുകൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു.

അന്തർ സംസ്ഥാന അതിർത്തി പ്രദേശങ്ങളിലും ചെക്ക് പോസ്റ്റുകളിലും തീരപ്രദേശങ്ങളിലും ശക്തമായ പട്രോളിങ്ങും കർശനമായ വാഹന പരിശോധനകളും നടത്തി. ചെക്ക് പോസ്റ്റുകൾ ഒഴിവാക്കി സമാന്തര പാതകളിലൂടെയുള്ള മദ്യ-മയക്കുമരുന്ന് കള്ളക്കടത്ത് തടയുന്നതിന് പ്രസ്തുത പാതകളിലും ദേശീയ പാതകളിലും മറ്റ് മേഖലകളിലും റോഡ് പട്രോളിങ്ങും വാഹന പരിശോധനയും ശക്തമാക്കി. സ്ഥിരം കുറ്റവാളികൾക്കെതിരായി ക്രിമിനൽ നടപടിക്രമം 107,110 ചട്ടങ്ങൾ പ്രകാരമുള്ള മുൻകരുതൽ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

പോലീസ് സ്പെഷ്യൽ ബ്രാഞ്ചുമായി ചേർന്ന് ആവശ്യമായ വിവരങ്ങൾ പരസ്പരം കൈമാറുകയും ജില്ലാ കളക്ടർമാരുമായി ബന്ധപ്പെട്ട് എക്സൈസ്, പോലിസ്, റവന്യൂ വകുപ്പുകളുടെ സംയുക്ത സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധനകൾ നടത്തുകയും ഫോറസ്റ്റ്, മറൈൻ എൻഫോഴ്സ്മെന്റ്, തീരദേശ പോലീസ് എന്നിവരുമായി ചേർന്ന് സംയുക്ത റെയ്ഡുകൾ സംഘടിപ്പിക്കുകയും റെയിൽവേ പോലീസ്, ആർ.പി.എഫ്. എന്നിവരുമായി ചേർന്ന് റെയിൽവേ സ്റ്റേഷനുകളിലും ട്രെയിനുകളിലും പരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്. അയൽ സംസ്ഥാനങ്ങളിലെ പോലീസ്, എക്സൈസ് വിഭാഗങ്ങളുമായി ചേർന്ന് അതിർത്തിയിൽ സംയുക്ത പരിശോധനകൾ നടത്തിയിട്ടുണ്ട്.

10-8-2016 തീയതി മുതൽ 18-9-2016 തീയതി വരെയുള്ള ഓണം സ്പെഷ്യൽ എൻഫോഴ്സ്മെന്റ് ഡ്രൈവ് കാലയളവിൽ എക്സൈസ് വകുപ്പ് സംസ്ഥാന വ്യാപകമായി 16935 റെയ്ഡുകൾ നടത്തുകയും 3399 അബ്കാരി കേസ്സുകളും 332 എൻ.ഡി.പി.എസ്. കേസ്സുകളും 6931 കോട്പ കേസ്സുകളും കണ്ടെടുക്കുകയും അബ്കാരി കേസ്സുകളിൽ 3163 ആളുകളെയും എൻ.ഡി.പി.എസ്. കേസ്സുകളിൽ 375 ആളുകളെയും അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്. പ്രസ്തുതകേസ്സുകളിൽ 470.935 ലിറ്റർ ചാരായം, 7314.54 ലിറ്റർ വിദേശ മദ്യം, 861.6 ലിറ്റർ കള്ള്, 1684.8 ലിറ്റർ അരിഷ്ടം, 910 ലിറ്റർ ബിയർ, 4 ലിറ്റർ സ്പിരിറ്റ്, 88.549 കിലോഗ്രാം കഞ്ചാവ് മുതലായവ പിടിച്ചെടുക്കുകയും 1131 കഞ്ചാവ് ചെടികളും 31020 ലിറ്റർ കോടയും കണ്ടെടുത്ത് നിയമാനുസരണം നശിപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. ടി കാലയളവിൽ കേസുകളിൽ ഉൾപ്പെട്ട 165 വാഹനങ്ങൾ പിടിച്ചെടുത്തിട്ടുള്ളതും കോട്പ കേസ്സുകളിൽ 13,04,300 രൂപ പിഴ ഈടാക്കിയിട്ടുള്ളതുമാണ്.

**സിവിൽ എക്സൈസ് ഓഫീസറുടെ റാങ്ക് ലിസ്റ്റ്**

228 (2040) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിൽ സിവിൽ എക്സൈസ് ഓഫീസർമാരുടെ എത്ര തസ്തികകൾ നിലവിലുണ്ട്; എത്ര തസ്തികകൾ നിലവിൽ ഒഴിവുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) പി. എസ്. സി.യിൽ നിലവിലുള്ള സിവിൽ എക്സൈസ് ഓഫീസറുടെ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് ഇതുവരെ നിയമനം നൽകി. ജില്ല തിരിച്ചുള്ള

കണക്ക് വ്യക്തമാക്കുമോ;

(സി) എക്സൈസ് വകുപ്പ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഈ വിഭാഗത്തിൽ തസ്തിക കൂടുതൽ സൃഷ്ടിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അടിയന്തരമായി ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) എക്സൈസ് വകുപ്പിൽ സിവിൽ എക്സൈസ് ഓഫീസർമാരുടെ 3097 തസ്തികകൾ നിലവിലുണ്ട്. ടി തസ്തികകളിൽ നിലവിലെ ഒഴിവുകൾ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ജില്ല | ഒഴിവുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 8 |
| കൊല്ലം | ഇല്ല |
| പത്തനംതിട്ട | 6 |
| ആലപ്പുഴ | 2 |
| ഇടുക്കി | 10 |
| കോട്ടയം | 1 |
| എറണാകുളം | 6 |
| തൃശ്ശൂർ | 6 |
| പാലക്കാട് | 4 |
| മലപ്പുറം | 3 |
| വയനാട് | 4 |
| കോഴിക്കോട് | 3 |
| കണ്ണൂർ | 1 |
| കാസർഗോഡ് | 2 |
| ആകെ | 56 |

(ബി) സിവിൽ എക്സൈസ് ഓഫീസർ തസ്തികയുടെ നിലവിലുള്ള റാങ്ക് പട്ടികയിൽ നിന്നും ആകെ നൽകിയ നിയമന ശിപാർശയുടെ ജില്ല തിരിച്ചുള്ള

വിവരം ചുവടെ ചേർക്കുന്നു:

| ജില്ല | നിയമന ശിപാർശ |
|---|---|
| തിരുവനന്തപുരം | 46 |
| കൊല്ലം | 39 |
| പത്തനംതിട്ട | 29 |
| കോട്ടയം | 26 |
| ആലപ്പുഴ | 36 |
| ഇടുക്കി | 34 |
| എറണാകുളം | 47 |
| തൃശ്ശൂർ | 43 |
| പാലക്കാട് | 52 |
| മലപ്പുറം | 30 |
| കോഴിക്കോട് | 23 |
| വയനാട് | 26 |
| കണ്ണൂർ | 25 |
| കാസർഗോഡ് | 10 |
| ആകെ | 466 |

(സി) വിശദാംശങ്ങൾ പരിശോധിച്ചുവരുന്നു.

**കഞ്ചാവ് കേസുകൾ**

229 (2041) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കഞ്ചാവ് കേസുകളിൽ എക്സൈസ് വകുപ്പ് എത്ര പേരെ പിടികൂടിയിട്ടുണ്ട്; വിശദമാക്കുമോ;

(ബി) മുൻ സർക്കാരിന്റെ മദ്യനിരോധനംമൂലമാണോ കൂടുതൽ കഞ്ചാവ് കേസുകൾ സംസ്ഥാനത്ത് ഉണ്ടാകുന്നത്; വിശദമാക്കുമോ;

(സി) മദ്യത്തിന്റെ ലഭ്യത മുമ്പത്തെക്കാളും കുറഞ്ഞതുമൂലം കഞ്ചാവടക്കമുള്ള മയക്കുമരുന്നിന് അടിമകളാകുന്നവരുടെ എണ്ണം കൂടുന്നതിന് എതിരെ എന്തെല്ലാം

നടപടികൾ സ്വീകരിയ്ക്കാനാകുമെന്ന് വിശദമാക്കുമോ;

(ഡി) കഞ്ചാവ് വില്ക്കുന്നവർക്കെതിരെയുള്ള ശിക്ഷ കൂട്ടുവാൻ നടപടി സ്വീകരിയ്ക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 25-5-2016 മുതൽ 25-9-2016 വരെയുള്ള കാലയളവിൽ കഞ്ചാവ് അടക്കമുള്ള ലഹരി മരുന്നുകളുടെ കടത്ത്,വിപണനം,ഉപഭോഗം മുതലായവയുമായി ബന്ധപ്പെട്ട് എൻ.ഡി.പി.എസ്. ആക്ട് പ്രകാരം എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്ത 1068 കേസ്സുകളിലായി 1177 ആളുകളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് കഞ്ചാവ്, മയക്ക്മരുന്ന് എന്നിവയുടെ വിപണനവും ഉപയോഗവും വർദ്ധിച്ച് വരുന്നത് ഒരു യാഥാർത്ഥ്യമാണ്. സംസ്ഥാനത്ത് നിലവിലുള്ള മദ്യനയം നടപ്പിലാക്കിയ ശേഷം എക്സൈസ് വകുപ്പ് കണ്ടെടുക്കുന്ന എൻ.ഡി.പി.എസ് കേസ്സുകളുടെ എണ്ണത്തിൽ വൻവർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2013, 2014 വർഷങ്ങളിൽ യഥാക്രമം 793, 970 എൻ.ഡി.പി.എസ്. കേസുകളാണ് എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്യുകയുണ്ടായതെങ്കിൽ, പുതിയ അബ്കാരി നയം നടപ്പിലാക്കിയ ശേഷം 2015 വർഷത്തിൽ 1430 എൻ.ഡി.പി.എസ്. കേസ്സുകളും 2016 ആഗസ്റ്റ് മാസം വരെ 1789 എൻ.ഡി.പി.എസ് കേസുകളും എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) സംസ്ഥാനത്ത് ലഹരി പദാർത്ഥങ്ങളുടെ ലഭ്യത തടയുന്നതിന് എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. കൂടാതെ മയക്കുമരുന്നുകളുടെയും മദ്യത്തിന്റെയും ഉപയോഗം മൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളെ സംബന്ധിച്ച് പൊതുജനങ്ങളിൽ, പ്രത്യേകിച്ച് യുവജനങ്ങൾക്കിടയിൽ, അവബോധം ഉണ്ടാക്കുന്നതിന് ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങളും എക്സൈസ് വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. നിലവിൽ, മയക്കുമരുന്ന് വ്യാപനം തടയുന്നതിനായി എക്സൈസ് ഷാഡോ സംവിധാനം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളിലൂടെ എൻഫോഴ്സ്മെന്റ് ശക്തമാക്കിയിട്ടുണ്ട്. എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള സ്ക്വാഡും കാര്യക്ഷമമായി പ്രവർത്തിച്ച് വരുന്നു.

കൂടാതെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കഞ്ചാവ് അടക്കമുള്ള ലഹരി പദാർത്ഥങ്ങൾ സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിനായി എക്സൈസ് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനവും അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകളുടെ പ്രവർത്തനവും ശക്തിപ്പെടുത്തിയിട്ടുണ്ട്.

ട്രെയിൻ മുഖാന്തരമുള്ള ലഹരി വസ്തുക്കളുടെ കടത്ത് തടയുന്നതിന് പോലീസ്, റെയിൽവെ, ആർ.പി.എഫ്. വിഭാഗങ്ങളുമായി സഹകരിച്ച് കർശനമായ പരിശോധനകൾ നടത്തുന്നുണ്ട്. ഡ്രഗ്സ് കൺട്രോൾ വകുപ്പുമായി ചേർന്ന് മെഡിക്കൽ സ്റ്റോറുകളിൽ പരിശോധന നടത്തുകയും ലഹരിക്കായി ദുരുപയോഗം ചെയ്യപ്പെടുന്ന മരുന്നുകളുടെ അനധികൃത വിൽപ്പന തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

മദ്യം, മയക്കുമരുന്നുകൾ, പുകയില ഉൽപ്പന്നങ്ങൾ മുതലായവയുടെ ഉൽപ്പാദനം, കടത്ത്, വിപണനം, വിൽപ്പന, ഉപഭോഗം തുടങ്ങിയ അബ്കാരി/ എൻ.ഡി.പി.എസ്./എം.&റ്റി.പി./കോട്പ കുറ്റകൃത്യങ്ങൾ സംബന്ധിച്ച വിവരങ്ങളും പരാതികളും പൊതുജനങ്ങളിൽ നിന്നും വിവിധ മാർഗ്ഗങ്ങളിലൂടെ സ്വീകരിച്ച് സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നു.

മദ്യ-ലഹരി വസ്തുക്കൾക്കെതിരെ ശക്തമായ ബോധവത്കരണ പ്രവർത്തനങ്ങളിലൂടെ ഇത്തരം ശീലങ്ങളിൽ നിന്നും മുഴുവൻ ജനങ്ങളെയും വിമുക്തമാക്കുന്നതിന് ഒരു ബോധവത്കരണ മിഷൻ രൂപീകരിച്ച് അതിലൂടെ കുടുംബശ്രീ, റസിഡൻസ് അസോസിയേഷനുകൾ, നാഷണൽ സർവ്വീസ് സ്കീം, എസ്.പി.സി., സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതി എന്നിവയുമായി ചേർന്നും, വിദ്യാർത്ഥി-യുവജന മഹിളാ സംഘടനകൾ, വിവിധ എൻ.ജി.ഒ.കൾ എന്നിവരുടെ കൂട്ടായ്മയോടെയും വ്യാപകമായ ബോധവത്കരണ പ്രവർത്തനമാണ് സർക്കാർ ലക്ഷ്യമിടുന്നത്.

(ഡി) കഞ്ചാവ് അടക്കമുള്ള ലഹരിവസ്തുക്കൾ വിപണനം ചെയ്യുന്നവർക്കെതിരായി കേന്ദ്ര നിയമമായ എൻ.ഡി.പി.എസ്. ആക്ട് 1985 പ്രകാരമാണ് കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നത്. നിലവിലെ എൻ.ഡി.പി.എസ്. നിയമപ്രകാരം 999 ഗ്രാം വരെ കഞ്ചാവ് കൈവശംവച്ച് കൈകാര്യം ചെയ്യുന്ന കുറ്റവാളികളെ കോടതിയിൽ ഹാജരാക്കുമ്പോൾതന്നെ ജാമ്യം കിട്ടുന്ന നിയമ വ്യവസ്ഥയാണുള്ളത്. ഇത്തരം പ്രതികൾക്ക് ലഭിക്കാവുന്ന ശിക്ഷ 6 മാസം വരെ കഠിനതടവോ, പതിനായിരം രൂപ വരെ പിഴയോ, രണ്ടും കൂടിയോ ആണ്. ഇത്തരത്തിലുള്ള കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കുള്ള ടി ശിക്ഷ തുലോം കുറവായതിനാൽ, കുറ്റകൃത്യങ്ങൾ കൂടിവരുന്ന സാഹചര്യത്തിൽ കേന്ദ്രനിയമമായ എൻ.ഡി.പി.എസ്. ആക്ട് 1985-ൽ ചില നിർണ്ണായക ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് കേന്ദ്ര സർക്കാരിലേക്ക് ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

## എക്സൈസ് വകുപ്പിലെ വർക്കിംഗ് അറേഞ്ച്മെന്റ്

230 (2042) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിൽ നിലവിൽ എത്ര സർക്കാർ ജീവനക്കാരുണ്ട്; ഇവരുടെ എണ്ണം തസ്തിക തിരിച്ച് ലഭ്യമാക്കുമോ;

(ബി) എക്സൈസ് കമ്മീഷണറേറ്റിൽ എത്ര ജീവനക്കാർ വർക്കിംഗ് അറേഞ്ച്മെന്റിൽ ജോലി ചെയ്യുന്നുണ്ട്; ഈ ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് ലഭ്യമാക്കുമോ;

(സി) എക്സൈസ് കമ്മീഷണറേറ്റിൽ കഴിഞ്ഞ മൂന്ന് വർഷമായി വർക്കിംഗ് അറേഞ്ച്മെന്റിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വിവരം തസ്തിക, പേര് എന്നിവ തരം തിരിച്ച് ലഭ്യമാക്കുമോ?

ഉത്തരം

(എ) എക്സൈസ് വകുപ്പിൽ നിലവിൽ 5109 സർക്കാർ ജീവനക്കാരുണ്ട്. ഇവരുടെ എണ്ണം തസ്തിക തിരിച്ച് ചുവടെ ചേർക്കുന്നു:

| | |
|---|---|
| എക്സൈസ് കമ്മീഷണർ | 1(എക്സ്കേഡർ) |
| അഡീഷണൽ എക്സൈസ് കമ്മീഷണർ | 2(എക്സ് കേഡർ) |
| ജോയിന്റ് എക്സൈസ് കമ്മീഷണർ | 8 |
| എക്സൈസ് വിജിലൻസ് ഓഫീസർ | 1 (എക്സ് കേഡർ) |
| ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ | 18 |
| അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ | 19 |
| അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | 2 |
| ലാ ഓഫീസർ | 1 |
| മെക്കാനിക്കൽ എൻജിനീയർ | 1 |
| ഫിനാൻസ് ഓഫീസർ | 1 |
| എക്സൈസ് സർക്കിൾഇൻസ്പെക്ടർ/സൂപ്രണ്ട്/ മാനേജർ | 139 |
| സെക്ഷൻ ഓഫീസർ (ഡെപ്യൂട്ടേഷൻ) | 2 |
| ജൂനിയർ സയന്റിഫിക് ഓഫീസർ | 1 |
| ലാബ് അസിസ്റ്റന്റ് | 1 |

| | |
|---|---|
| എക്സൈസ് ഇൻസ്പെക്ടർ | 333 |
| അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ | 84 |
| പ്രിവന്റീവ് ഓഫീസർ | 960 |
| സിവിൽ എക്സൈസ് ഓഫീസർ | 2923 |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 8 |
| ഫെയർ കോപ്പി സൂപ്രണ്ട് | 1 |
| ടൈപ്പിസ്റ്റ് | 43 |
| എക്സൈസ് ഡ്രൈവർ | 272 |
| വാൻ ക്ലീനർ | 4 |
| ഓഫീസ് അറ്റൻഡന്റ് | 70 |
| പാർട്ട് ടൈം സ്വീപ്പർ | 211 |
| കുക്ക് | 3 |
| ആകെ | 5109 |

(ബി&സി) എക്സൈസ് കമ്മീഷണറേറ്റിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ ജോലി ചെയ്യുന്ന ജീവനക്കാരില്ല.

## എക്സൈസ് വകുപ്പിലെ ക്ലെറിക്കൽ വിഭാഗം

231 (2043) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എക്സൈസ് വകുപ്പിലെ ക്ലെറിക്കൽ ജീവനക്കാരുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ എക്സൈസ് കമ്മീഷണറേറ്റിൽ എത്ര ക്ലെറിക്കൽ ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) എക്സൈസ് വകുപ്പിലെ ക്ലെറിക്കൽ തസ്തികയുടെ എണ്ണം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ എക്സൈസ് വകുപ്പിൽ ക്ലെറിക്കൽ തസ്തിക ഇല്ല.

(ബി & സി) ബാധകമല്ല.

**കഞ്ചാവ് അടക്കമുള്ള ലഹരി വസ്തുക്കളുടെ വ്യാപനവും, വിൽപ്പനയും**

232 (2044) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കഞ്ചാവ് അടക്കമുള്ള ലഹരിവസ്തുക്കളുടെ വ്യാപനവും, വിൽപ്പനയും തടയുന്നതിന്റെ ഭാഗമായി എക്സൈസ് വകുപ്പ് എത്ര റെയിഡുകൾ സംസ്ഥാനത്താകെ നടത്തിയിട്ടുണ്ട്; ഇതു പ്രകാരം എത്ര പേർക്കെതിരെ കേസുകൾ എടുത്തിട്ടുണ്ട്;

(ബി) എത്ര കിലോ കഞ്ചാവ് അടക്കമുള്ള ലഹരിവസ്തുക്കൾ റെയ്ഡിൽ പിടിച്ചെടുത്തിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കഞ്ചാവ് അടക്കമുള്ള ലഹരിവസ്തുക്കളുടെ വ്യാപനവും വിൽപ്പനയും തടയുന്നതിന്റെ ഭാഗമായി 25-5-2016 തീയതി മുതൽ 27-9-2016 തീയതി വരെ എക്സൈസ് വകുപ്പ് സംസ്ഥാനത്താകെ 50214 റെയ്ഡുകൾ നടത്തിയിട്ടുണ്ട്. ഈ കാലയളവിൽ എൻ.ഡി.പി.എസ്. ആക്ട്പ്രകാരം എക്സൈസ് വകുപ്പ് 1205 ആളുകൾക്കെതിരായി 1079 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 25-5-2016 തീയതി മുതൽ 27-9-2016 തീയതിവരെ എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുള്ള എൻ.ഡി.പി.എസ്. കേസ്സുകളിൽ പിടിച്ചെടുത്തിട്ടുള്ള കഞ്ചാവ്, മറ്റ് ലഹരി വസ്തുക്കൾ മുതലായവയുടെ കണക്ക് ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| കഞ്ചാവ് | - | 365.050 കിലോഗ്രാം |
| കഞ്ചാവ് ചെടി | - | 1892 എണ്ണം |
| കഞ്ചാവ് ബീഡി/സിഗരറ്റ് | - | 97 എണ്ണം |
| ഹാഷിഷ് ഓയിൽ | - | 10.701 കിലോഗ്രാം |
| ഹെറോയിൻ | – | 27.58 ഗ്രാം |
| ബ്രൗൺ ഷുഗർ | - | 6.82 ഗ്രാം |

| | | |
|---|---|---|
| ഓപ്പിയം | - | 49 ഗ്രാം |
| പോപ്പി പ്ലാന്റ് പൗഡർ | - | 450 ഗ്രാം |
| മോർഫിൻ | - | 50 ഗ്രാം |
| അൽപ്രാസോളം | - | 4 ഗ്രാം |
| നൈട്രാസെപ്പാം | - | 351 ടാബ്ലറ്റ് |
| ഡൈസെപ്പാം | - | 1 ടാബ്ലറ്റ് |
| പെന്റാസോസിൻ | - | 22 ആംപ്യൂൾ |
| ബ്യൂപ്രിനോർഫിൻ | - | 4 ആംപ്യൂൾ |

### ബിവറേജ് കോർപ്പറേഷൻ ഔട്ട്‌ലറ്റുകൾ

233 (2045) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിവറേജ് കോർപ്പറേഷന്റെ നിലവിലുള്ള ഔട്ട്‌ലറ്റുകളിൽ 10% വീതം പ്രതിവർഷം അടച്ചുപൂട്ടിയതുവഴി ഇതുവരെ എത്ര ഔട്ട് ലറ്റുകൾ പൂട്ടിയിട്ടുണ്ട്; ഇവ ഏതൊക്കെയാണെന്ന വിശദവിവരം നൽകുമോ;

(ബി) ഈ വർഷം സർക്കാർ 10% ഔട്ട്‌ലറ്റുകൾ പൂട്ടുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2014-15 -ലെ അബ്കാരി നയം നിലവിൽ വന്നതിനുശേഷം കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷന്റെ 68 മദ്യവില്പന ശാലകൾ പൂട്ടിയിട്ടുണ്ട്. അവയുടെ പേരുവിവരങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) ഇല്ല.

### വാമനപുരം എക്സൈസ്റേഞ്ച് ഓഫീസിലെ തസ്തികകൾ

234 (2046) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം എക്സൈസ് റേഞ്ച് ഓഫീസിൽ നിലവിൽ എത്ര തസ്തികകൾ ഉണ്ടെന്നും അവയിൽ ഒഴിഞ്ഞുകിടക്കുന്നത് ഏതൊക്കെ എന്നും വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

വാമനപുരം എക്സൈസ് റെയ്ഞ്ച് ഓഫീസിൽ നിലവിലുള്ള തസ്തികകളുടെ വിവരം ചുവടെ ചേർക്കുന്നു:

| | |
|---|---|
| എക്സൈസ് ഇൻസ്പെക്ടർ - | 1 |
| പ്രിവന്റീവ് ഓഫീസർ - | 4 |
| സിവിൽ എക്സൈസ് ഓഫീസർ - | 15 |
| എക്സൈസ് ഡ്രൈവർ - | 1 |
| പാർട്ട് ടൈം സ്വീപ്പർ - | 1 |
| ആകെ - | 22 |

നിലവിൽ സിവിൽ എക്സൈസ് ഓഫീസറുടെ ഒരു ഒഴിവുണ്ട്.

**എക്സൈസ് കമ്മീഷണർ തസ്തിക**

235(2047) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് കമ്മീഷണർ തസ്തിക ഐ.എ.എസ്. കേഡർ തസ്തികയാണോ;

(ബി) അല്ലെങ്കിൽ ഏതുതരം തസ്തികയാണെന്ന് വ്യക്തമാക്കുമോ; എക്സൈസ് കമ്മീഷണർ തസ്തികയിൽ നാളിതുവരെ ഐ.പി.എസ്. ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആരെയൊക്കെയാണ്; അവരുടെ ഔദ്യോഗിക കാലാവധി എന്നു മുതൽ എന്നുവരെയായിരുന്നു; വെളിപ്പെടുത്തുമോ?

ഉത്തരം

(എ) എക്സൈസ് കമ്മീഷണർ തസ്തിക ഐ.എ.എസ് കേഡർ തസ്തിക ആയിരുന്നു.

(ബി&സി) എക്സൈസ് കമ്മീഷണർ തസ്തികയിൽ നാളിതുവരെ ഐ.പി.എസ്. ഉദ്യോഗസ്ഥരെ നിയമിച്ചിട്ടില്ലാത്തതും എന്നാൽ 6-6-2016-ലെ ജി.ഒ.(ആർ റ്റി) നമ്പർ 3669/2016 ജി.എ.ഡി നമ്പർ ഉത്തരവു പ്രകാരം വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ തസ്തികയ്ക്ക് സമാനമായ പദവിയോടും ഉത്തരവാദിത്വത്തോടും കൂടിയ എക്സൈസ് കമ്മീഷണറുടെ എക്സ് കേഡർ തസ്തിക ഒരു വർഷത്തേയ്ക്ക് സൃഷ്ടിച്ച് ടി തസ്തികയിൽ 8-6-2016 മുതൽ ശ്രീ.ഋഷിരാജ് സിംഗ്, ഐ.പി.എസ്-നെ എക്സൈസ് കമ്മീഷണറായി നിയമിച്ചിട്ടുള്ളതുമാണ്.

**എക്സൈസ് വകുപ്പിൽ അന്വേഷണം നേരിടുന്ന ഉദ്യോഗസ്ഥർ**

236 (2048) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിൽ വിജിലൻസ് അന്വേഷണം നേരിടുന്ന എത്ര ഉദ്യോഗസ്ഥരുണ്ട്; ഇവരുടെ പേര്, തസ്തിക എന്നിവ വിശദമാക്കുമോ;

(ബി) വകുപ്പുതല അന്വേഷണം നേരിടുന്ന എത്ര ഉദ്യോഗസ്ഥർ എക്സൈസ് വകുപ്പിൽ ജോലി ചെയ്യുന്നുണ്ട്; ഇവരുടെ പേര്, തസ്തിക എന്നിവ ലഭ്യമാക്കുമോ?

ഉത്തരം

(എ) എക്സൈസ് വകുപ്പിൽ വിജിലൻസ് അന്വേഷണം നേരിടുന്ന 62 ഉദ്യോഗസ്ഥർ ഉണ്ട്. പേര് തസ്തിക ചുവടെ ചേർക്കുന്നു:

| പേര് | തസ്തിക |
|---|---|
| (1) | (2) |
| പി. ഡി. ദേവസ്യ | പ്രിവന്റീവ് ഓഫീസർ |
| വി. എം. തോമസ് | സിവിൽ എക്സൈസ് ഓഫീസർ |
| കെ. ആർ. ശശികുമാർ | സിവിൽ എക്സൈസ് ഓഫീസർ |
| എം. വി. ബാബുരാജ് | അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ ഗ്രേഡ് |
| എം. പവിത്രൻ | അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ ഗ്രേഡ് |
| എ. വി. രാജീവൻ | സിവിൽ എക്സൈസ് ഓഫീസർ |
| വി. പ്രസന്നകുമാർ | സിവിൽ എക്സൈസ് ഓഫീസർ |
| കെ. വി. അജിത്ത് | സിവിൽ എക്സൈസ് ഓഫീസർ |
| എ. ശ്രീകുമാർ | പ്രിവന്റീവ് ഓഫീസർ |
| ബിജു പ്രകാശ് | പ്രിവന്റീവ് ഓഫീസർ |
| ബിജു പി. ശശി | സിവിൽ എക്സൈസ് ഓഫീസർ |
| പി. സി. കിഷോർ | പ്രിവന്റീവ് ഓഫീസർ |
| എൻ. കിഷോർ | പ്രിവന്റീവ് ഓഫീസർ |
| വി. എം. സുനിൽകുമാർ | അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ (ഗ്രേഡ്) |

| (1) | (2) |
|---|---|
| കെ. എസ്. അനിൽകുമാർ | പ്രിവന്റീവ് ഓഫീസർ |
| പി. ശ്രീകാന്ത് | പ്രിവന്റീവ് ഓഫീസർ |
| റ്റി. ജെ. മനോജ് | പ്രിവന്റീവ് ഓഫീസർ |
| ജെയ്സൺ ജേക്കബ് | പ്രിവന്റീവ് ഓഫീസർ |
| സി. കെ. സുരേഷ് | സിവിൽ എക്സൈസ് ഓഫീസർ |
| ജെക്സ് ജോസഫ് | സിവിൽ എക്സൈസ് ഓഫീസർ |
| പി. സി. ഓമനകുട്ടൻ | എക്സൈസ് ഡ്രൈവർ |
| കൃഷ്ണൻ കുട്ടി.എം | എക്സൈസ് ഇൻസ്പെക്ടർ |
| സുദേവൻ. കെ | എക്സൈസ് ഇൻസ്പെക്ടർ |
| അബ്ദുൾ മാലിക്.എ | എക്സൈസ് ഇൻസ്പെക്ടർ |
| കെ. പി. സുധീർ | പ്രിവന്റീവ് ഓഫീസർ |
| കെ. മനോജ് | പ്രിവന്റീവ് ഓഫീസർ |
| എസ്. ഗോപാലകൃഷ്ണൻ | പ്രിവന്റീവ് ഓഫീസർ |
| മുഹമ്മദ് മുസ്തഫ | പ്രിവന്റീവ് ഓഫീസർ |
| വി. സുരേഷ് | പ്രിവന്റീവ് ഓഫീസർ |
| ജയപ്രകാശ് കെ | സിവിൽ എക്സൈസ് ഓഫീസർ |
| ബെന്നി കെ. സെബാസ്റ്റ്യൻ | സിവിൽ എക്സൈസ് ഓഫീസർ |
| കെ. അഭിലാഷ് | സിവിൽ എക്സൈസ് ഓഫീസർ |
| എ. സി. സോൾ | സിവിൽ എക്സൈസ് ഓഫീസർ |
| വിജയകുമാരൻ. എസ് | സിവിൽ എക്സൈസ് ഓഫീസർ |
| രമേഷ് കുമാർ. സി | സിവിൽ എക്സൈസ് ഓഫീസർ |
| പി. വിജയകുമാർ | സിവിൽ എക്സൈസ് ഓഫീസർ |
| ബിജ്ജുലാൽ | സിവിൽ എക്സൈസ് ഓഫീസർ |
| സന്തോഷ് കുമാർ. സി | സിവിൽ എക്സൈസ് ഓഫീസർ |
| അഹമ്മദ് സുധീർ. എസ് | സിവിൽ എക്സൈസ് ഓഫീസർ |

| (1) | (2) |
|---|---|
| സിജീഷ്. ആർ. നായർ | സിവിൽ എക്സൈസ് ഓഫീസർ |
| എസ്. രാജീവ് | സിവിൽ എക്സൈസ് ഓഫീസർ |
| ഇ. ശ്രീജിത്ത് | സിവിൽ എക്സൈസ് ഓഫീസർ |
| ഷിബുകുമാർ. സി | സിവിൽ എക്സൈസ് ഓഫീസർ |
| ഹംസ. എ | സിവിൽ എക്സൈസ് ഓഫീസർ |
| ശ്രീകുമാർ | സിവിൽ എക്സൈസ് ഓഫീസർ |
| മസിലാമണി | സിവിൽ എക്സൈസ് ഓഫീസർ |
| സി. ഹരിപ്രസാദ് | സിവിൽ എക്സൈസ് ഓഫീസർ |
| എം. പി. പ്രഭാത് | സിവിൽ എക്സൈസ് ഓഫീസർ |
| പ്രതീഷ് ചന്ദ്രൻ | പ്രിവന്റീവ് ഓഫീസർ |
| ശശികുമാർ | എക്സൈസ് ഇൻസ്പെക്ടർ |
| മോഹനചന്ദ്രൻ | പ്രിവന്റീവ് ഓഫീസർ |
| പി. വി. രാജു | പ്രിവന്റീവ് ഓഫീസർ |
| കെ. പി. ശ്രീകുമാർ | സിവിൽ എക്സൈസ് ഓഫീസർ |
| സന്തോഷ് കുമാർ | സിവിൽ എക്സൈസ് ഓഫീസർ |
| കെ. രാധാകൃഷ്ണൻ | എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ |
| അബ്ദുൾ സലാം | അസിസ്റ്റന്റ്എക്സൈസ്കമ്മീഷണർ (റിട്ടയേഡ്) |
| എൻ. എസ്. സുരേഷ് | ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ |
| റ്റി. വി. റാഫേൽ | ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ |
| സതീഷ് കുമാർ | ജോയിന്റ് എക്സൈസ് കമ്മീഷണർ (റിട്ട) |
| വി. അജിത് ലാൽ | ജോയിന്റ് എക്സൈസ് കമ്മീഷണർ |
| എ.കെ.നാരായണൻ കുട്ടി | ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ |
| ശ്രീ. കെ. മോഹനൻ | ജോയിന്റ് എക്സൈസ് കമ്മീഷണർ |

(ബി) എക്സൈസ് വകുപ്പിൽ വകുപ്പുതല അന്വേഷണം നേരിടുന്ന 88 ഉദ്യോഗസ്ഥൻ ജോലി ചെയ്യുന്നുണ്ട്. ഇവരുടെ പേര്, തസ്തിക എന്നിവ ചുവടെ ചേർക്കുന്നു:

| പേര് | തസ്തിക |
|---|---|
| (1) | (2) |
| കെ. സി. സണ്ണി | അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ ഗ്രേഡ് |
| ഫ്രാൻസിസ് ജോസഫ് | അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ ഗ്രേഡ് |
| ലിജോ ഉമ്മൻ | പ്രിവന്റീവ് ഓഫീസർ |
| കെ. ബി. ബഷീർ | പ്രിവന്റീവ് ഓഫീസർ |
| ബിജു ജേക്കബ് | സിവിൽ എക്സൈസ് ഓഫീസർ |
| സുധീർ അഹമ്മദ് | സിവിൽ എക്സൈസ് ഓഫീസർ |
| വി. ആർ. സുനിൽ | സിവിൽ എക്സൈസ് ഓഫീസർ |
| മനോജ് മാത്യൂ | സിവിൽ എക്സൈസ് ഓഫീസർ |
| സുമോദ്. പി. എസ്. | സിവിൽ എക്സൈസ് ഓഫീസർ |
| റ്റി. എസ്. ബൈജു | പ്രിവന്റീവ് ഓഫീസർ |
| ശ്രീജ. എസ്. പി. | വനിതസിവിൽഎക്സൈസ് ഓഫീസർ |
| എ. ബനാൻസൺ | പ്രിവന്റീവ് ഓഫീസർ |
| ജിൻ സൈമൺ | പ്രിവന്റീവ് ഓഫീസർ |
| രതീഷ്. വി. | പ്രിവന്റീവ് ഓഫീസർ |
| സൈമൺ. എ. എഫ്. | സിവിൽ എക്സൈസ് ഓഫീസർ |
| മുജീബ് റഹ്മാൻ | സിവിൽ എക്സൈസ് ഓഫീസർ |
| ജയ്സൺ. പി. എ. | സിവിൽ എക്സൈസ് ഓഫീസർ |
| രാധാകൃഷ്ണൻ. റ്റി. പി. | എക്സൈസ് ഡ്രൈവർ |
| വർഗ്ഗീസ് ആന്റണി | അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ ഗ്രേഡ് |
| സജി മത്തായി | എക്സൈസ് ഇൻസ്പെക്ടർ |
| കെ. എം. ബിജു | പ്രിവന്റീവ് ഓഫീസർ |

| (1) | (2) |
|---|---|
| എൻ. ശ്രീകണ്ഠൻ | പ്രിവന്റീവ് ഓഫീസർ |
| പി. സി. ശശി | അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ ഗ്രേഡ് |
| കൊച്ചുകോശി | പ്രിവന്റീവ് ഓഫീസർ |
| എസ്. മണിയനാചാരി | പ്രിവന്റീവ് ഓഫീസർ |
| എസ്. അൻസാരി | സിവിൽ എക്സൈസ് ഓഫീസർ |
| ബി. പ്രസന്നകുമാർ | സിവിൽ എക്സൈസ് ഓഫീസർ |
| എസ്. അശോക കുമാർ | എക്സൈസ് ഇൻസ്പെക്ടർ |
| ജി. വിജയദാസ് | സിവിൽ എക്സൈസ് ഓഫീസർ |
| ആനന്ദ് രാജ് | സിവിൽ എക്സൈസ് ഓഫീസർ |
| പി. ഐ. അലിഅഹമദ്ദീൻ കബീർ | സിവിൽ എക്സൈസ് ഓഫീസർ |
| റ്റി. ആർ. ഉദയകുമാർ | അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ ഗ്രേഡ് |
| എസ്. അനിൽകുമാർ | സിവിൽ എക്സൈസ് ഓഫീസർ |
| പി. എ. ജോസഫ് | എക്സൈസ് ഇൻസ്പെക്ടർ |
| കെ. എ. മാർട്ടിൻ | അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ ഗ്രേഡ് |
| സി. വി. നന്ദകുമാർ | അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ ഗ്രേഡ് |
| കെ. ജി. ശ്രീകുമാർ | സിവിൽ എക്സൈസ് ഓഫീസർ |
| സി. എൻ. അജേഷ് | സിവിൽ എക്സൈസ് ഓഫീസർ |
| കെ. എ. ജ്യോതി | സിവിൽ എക്സൈസ് ഓഫീസർ |
| കെ. എ. വേലായുധൻ | എക്സൈസ് ഡ്രൈവർ |
| പ്രദീപ്. വി. ഹർഷൻ | സിവിൽ എക്സൈസ് ഓഫീസർ |
| ജെയിംസ് ജോർജ് | സിവിൽ എക്സൈസ് ഓഫീസർ |
| എസ്. വിനോദ് | പ്രിവന്റീവ് ഓഫീസർ |
| ഷേക്ക് മുജീബ് റഹ്മാൻ | എക്സൈസ് ഡ്രൈവർ |
| മേഘനാഥൻ. ഡി | സിവിൽ എക്സൈസ് ഓഫീസർ |
| സി. മോഹനൻ | സിവിൽ എക്സൈസ് ഓഫീസർ |

| ജോബി. എ. റ്റി | എക്സൈസ് ഇൻസ്പെക്ടർ |
|---|---|
| (1) | (2) |
| അബ്ദുൾ ബഷീർ | പ്രിവന്റീവ് ഓഫീസർ |
| കെ. എം. ഗിരീഷ് | എക്സൈസ് ഇൻസ്പെക്ടർ |
| പത്മാനന്ദ് | അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ ഗ്രേഡ് |
| കെ. പി. റഷീദ് | സിവിൽ എക്സൈസ് ഓഫീസർ |
| ദീപേഷ് | സിവിൽ എക്സൈസ് ഓഫീസർ |
| ജലാലുദ്ദീൻ കുഞ്ഞ് | എക്സൈസ് ഇൻസ്പെക്ടർ |
| കെ. അജിത്കുമാർ | എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ |
| കെ. ദാസ് | പ്രിവന്റീവ് ഓഫീസർ |
| ഷറഫുദ്ദീൻ | പ്രിവന്റീവ് ഓഫീസർ |
| സന്തോഷ് | സിവിൽ എക്സൈസ് ഓഫീസർ |
| ഷിഹാസ് | സിവിൽ എക്സൈസ് ഓഫീസർ |
| ജയകൃഷ്ണൻ | സിവിൽ എക്സൈസ് ഓഫീസർ |
| മധുസൂദനൻ പിള്ള | എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ |
| സലിംകുമാർ ദാസ് | എക്സൈസ് ഇൻസ്പെക്ടർ |
| വിനയകുമാർ | എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ |
| ഇ. ആർ. ഗിരീഷ് കുമാർ | എക്സൈസ് ഇൻസ്പെക്ടർ |
| എ. സെബാസ്റ്റ്യൻ | എക്സൈസ് ഇൻസ്പെക്ടർ |
| ജോസ് ജോസഫ് | എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ |
| വേണുക്കുട്ടൻ പിള്ള | എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ |
| ആർ. ബിജുകുമാർ | എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ |
| പി. എ. ബെന്നി | എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ |
| കെ. പുരുഷോത്തമൻ | പ്രിവന്റീവ് ഓഫീസർ |
| ജി. പി. രാധാകൃഷണൻ പിള്ള | പ്രിവന്റീവ് ഓഫീസർ |
| വി. എം ജോസഫ് | പ്രിവന്റീവ് ഓഫീസർ |
| വി. സന്തോഷ് കുമാർ | പ്രിവന്റീവ് ഓഫീസർ |

| | |
|---|---|
| കെ. എസ്. ലാജി | പ്രിവന്റീവ് ഓഫീസർ |
| (1) | (2) |
| എ. സാബു | പ്രിവന്റീവ് ഓഫീസർ |
| സൈനു | എക്സൈസ് ഡ്രൈവർ |
| ആർ. രാജു | എക്സൈസ് ഡ്രൈവർ |
| ഷഹാബുദ്ദീൻ | സിവിൽ എക്സൈസ് ഓഫീസർ |
| വി. വി. വിനോദ് | സിവിൽ എക്സൈസ് ഓഫീസർ |
| എം. സന്തോഷ് കുമാർ | സിവിൽ എക്സൈസ് ഓഫീസർ |
| ഡി. റ്റി. ബിജു | സിവിൽ എക്സൈസ് ഓഫീസർ |
| മനോജ് കുമാർ | സിവിൽ എക്സൈസ് ഓഫീസർ |
| സജികുമാർ.ആർ. സി. | സിവിൽ എക്സൈസ് ഓഫീസർ |
| സിബു. എ. രാജ് | പ്രിവന്റീവ് ഓഫീസർ |
| കെ. ആർ. രാജേഷ് | പ്രിവന്റീവ് ഓഫീസർ |
| റ്റി. വി. റാഫേൽ | ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ |
| എം. കെ. അശോകൻ | അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ (റിട്ട) |
| ബാബു വർഗ്ഗീസ് | എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ |
| സുരേഷ് റിച്ചാർഡ് | ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ |

**ബിവറേജസ് കോർപ്പറേഷൻ**

237 (2049) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ എത്തിയ ശേഷം കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷന്റെ എത്ര ഔട്ട്ലെറ്റുകളിൽ പുതിയ കൗണ്ടറുകൾ തുടങ്ങാൻ തീരുമാനമെടുത്തിട്ടുണ്ട്;

(ബി) സംസ്ഥാനത്തെ എത്ര ഷോപ്പുകളിൽ താൽക്കാലികാടിസ്ഥാനത്തിലോ, കരാർ അടിസ്ഥാനത്തിലോ അല്ലാതെയോ എത്ര ജീവനക്കാരെ അധികം നിയമിച്ചിട്ടുണ്ട്;

(സി) മദ്യ ഉപയോഗം കുറയ്ക്കുന്ന തരത്തിൽ എന്തെങ്കിലും തീരുമാനം

കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ ഫലപ്രാപ്തി പരിശോധിച്ചിട്ടുണ്ടോ; മദ്യ ഉപഭോഗം എത്രത്തോളം കുറയ്ക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ എത്തിയതിനുശേഷം ചില്ലറ വില്പന ശാലകളിലെ കച്ചവട ആവശ്യകത കണക്കിലെടുത്ത് ബിവറേജസ് കോർപ്പറേഷന്റെ 67 ചില്ലറ വിൽപ്പന ശാലകളിൽ പുതിയ കൗണ്ടറുകൾ തുറന്നിട്ടുണ്ട്.

(ബി) നിലവിൽ ബിവറേജസ് കോർപ്പറേഷന്റെ 270 ചില്ലറ വിൽപ്പന ശാലകളിലും കൂടി 156 ജീവനക്കാരെ ദിവസവേതന വ്യവസ്ഥയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം നിയമിച്ചിട്ടുണ്ട്.

(സി) മദ്യവർജ്ജനത്തിൽ ഊന്നിയുള്ള മദ്യനയമാണ് സർക്കാർ ലക്ഷ്യമിടുന്നത്. ആയതിനായി ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. മദ്യ ഉപയോഗം നിയന്ത്രിക്കുന്നതിന് സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ ഫലപ്രാപ്തിയിൽ എത്തിയിട്ടുണ്ടോഎന്ന് ഇതുവരെ പരിശോധന നടത്തിയിട്ടില്ല.

**ബിവറേജസ് കോർപ്പറേഷനിൽ ഹെൽപ്പർ/സെയിൽസ്മാൻ തസ്തികകളിലെ നിയമനം**

238(2050) ശ്രീ. എൽദോസ് കുന്നപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബിവറേജസ് കോർപ്പറേഷനിൽ ആറുമാസത്തേയ്ക്ക് ഹെൽപ്പർ/സെയിൽസ്മാൻ തസ്തികകൾ സൂപ്പർ ന്യൂമറിയായി സൃഷ്ടിച്ച് ജീവനക്കാരെ നിയമിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഇത്തരത്തിൽ നിയമനം നടത്തുന്നതിന് ബിവറേജസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ സർക്കാരിന് കത്ത് നൽകിയിട്ടുണ്ടോ;

(സി) ഇപ്രകാരം സൂപ്പർന്യൂമറി തസ്തികകളിൽ നിയമിക്കപ്പെടുന്നവർക്ക് തുടർന്നുണ്ടാകുന്ന തസ്തികകളിൽ സ്ഥിരനിയമനം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) 300 ഹെൽപ്പർ/സെയിൽസ്മാൻ തസ്തികകൾ ആറു മാസക്കാലത്തേയ്ക്ക് സൂപ്പർ ന്യൂമററിയായി സൃഷ്ടിച്ച് ടി തസ്തികകളിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന പുരുഷ ജീവനക്കാരെ നിയമിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) ഉണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഉദ്ദേശിക്കുന്നില്ല.

**ഞാറക്കൽ എക്സൈസ് ഓഫീസ്**

239 (2051) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഞാറക്കൽ എക്സൈസ് ഓഫീസിന്റെ പരിധിയിൽ നിന്നും 2016 ജനുവരി മുതൽ ആഗസ്റ്റ് വരെയുള്ള കാലയളവിൽ രജിസ്റ്റർ ചെയ്യപ്പെട്ട കേസുകൾ എത്രയാണെന്നും,കേസിന് ആസ്പദമായ കാരണങ്ങൾ എന്താണെന്നും വിശദമാക്കാമോ?

ഉത്തരം

ഞാറക്കൽ എക്സൈസ് റേഞ്ച് ഓഫീസിന്റെ പരിധിയിൽ നിന്നും 2016 ജനുവരി മുതൽ ആഗസ്റ്റ് വരെയുള്ള കാലയളവിൽ 60 അബ്കാരി കേസുകളും 12 എൻ.ഡി.പി.എസ്. കേസുകളും 28 കോട്പ കേസുകളും എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

അനധികൃത മദ്യനിർമ്മാണം, വിൽപ്പന എന്നിവക്ക് ഓരോ കേസുകളും, നിയമപരമായി കൈവശം സൂക്ഷിക്കാവുന്നതിലധികം വിദേശമദ്യം സൂക്ഷിച്ച കുറ്റത്തിന് 29 കേസുകളും, പൊതുസ്ഥലത്ത് പരസ്യമായി മദ്യപിച്ച കുറ്റത്തിന് 29 കേസുകളുമാണ് അബ്കാരി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളത്. കഞ്ചാവ് കൈവശം സൂക്ഷിച്ച് കൈകാര്യം ചെയ്ത കുറ്റത്തിന് 11 കേസുകളും70 ആമ്പ്യൂളുകൾ കൈവശം സൂക്ഷിച്ച കുറ്റത്തിന് ഒരു കേസും എൻ.ഡി.പി.എസ്. ആക്ട് പ്രകാരവും അനധികൃതമായി പുകയില ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തിയതിനും പൊതുസ്ഥലത്ത് പുകവലിച്ചതിനുമായി 28 കേസുകൾ കോട്പ ആക്ട് പ്രകാരവും എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**ഓൺലൈൻ മദ്യവില്പന**

240 (2052) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൺലൈൻവഴി ഏതെങ്കിലും തരത്തിലുള്ള മദ്യവില്പന നടത്തുന്നതിനെക്കുറിച്ചുള്ള നിർദ്ദേശം പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഷയത്തിൽ കൈക്കൊണ്ട തീരുമാനം വ്യക്തമാക്കുമോ; ഏത് തലത്തിലാണ് ഇത്തരമൊരു ആലോചന നടത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) ഇത്തരമൊരു നിർദ്ദേശം പരിഗണിക്കുന്നതിന് ഇടയാക്കിയ സാഹചര്യം വ്യക്തമാക്കുമോ; പ്രസ്തുത തീരുമാനം നടപ്പിലാക്കിയാൽ എന്തെല്ലാം മാറ്റങ്ങളാണ്

പ്രതീക്ഷിക്കുന്നത്;

(സി) മദ്യ ഉപഭോഗം വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നുണ്ടോ?

ഉത്തരം

(എ) സർക്കാർതലത്തിൽ ആലോചന നടത്തിയിട്ടില്ല.

(ബി) ബാധകമല്ല.

(സി) ഇല്ല.

**സ്റ്റാർ ഹോട്ടലുകളിലെ ലഹരി വസ്തുക്കളുടെ വിപണനവും ഉപഭോഗവും**

241 (2053) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റാർ ഹോട്ടലുകൾ കേന്ദ്രീകരിച്ച് നിരോധിക്കപ്പെട്ട ലഹരി വസ്തുക്കളുടെ വിപണനവും ഉപഭോഗവും നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം സ്ഥലങ്ങളിൽ റെയ്ഡ് നടത്തിയിട്ടുണ്ടോ;

(സി) ഇതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാർ, ബിയർ-വൈൻ പാർലർ ലൈസൻസുകളുള്ള സ്റ്റാർ ഹോട്ടലുകളിൽ എക്സൈസ് വകുപ്പ് സ്ഥിരമായി പരിശോധനകൾ നടത്തുകയും സാമ്പിളുകൾ ശേഖരിച്ച് രാസപരിശോധനയ്ക്ക് അയയ്ക്കുകയും ചെയുന്നുണ്ട്.

(സി) സ്റ്റാർ ഹോട്ടലുകൾ കേന്ദ്രീകരിച്ച് നിരോധിക്കപ്പെട്ട ലഹരി വസ്തുക്കളുടെ വിപണനവും ഉപഭോഗവും നടക്കുന്നതുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പ് കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല.

**കേരളത്തിലെ പ്രധാന ടൂറിസ്റ്റ് മേഖലകളിൽ പുതിയ ബാറുകൾ**

242 (2054) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പ്രധാന ടൂറിസ്റ്റ് മേഖലകളിൽ പുതിയ ബാറുകൾ

തുടങ്ങുവാൻ എന്തെങ്കിലും പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) മദ്യത്തിന്റെ ലഭ്യതക്കുറവുമൂലം ടൂറിസ്റ്റ് മേഖലകളിൽ മയക്കുമരുന്നിന്റെ ഉപയോഗം കൂടുതലായി ഉണ്ടായിട്ടുണ്ടെന്ന വസ്തുത മനസ്സിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) നിലവിൽ സാധുവായ 5 സ്റ്റാർ ക്ലാസ്സിഫിക്കേഷൻ സർട്ടിഫിക്കറ്റ് ഉള്ള ഹോട്ടലുകൾക്ക് മറ്റ് യോഗ്യതകളെല്ലാമുണ്ടെങ്കിൽ ബാർ അനുവദിക്കുവാൻ വ്യവസ്ഥയുണ്ട്. ടൂറിസ്റ്റ് മേഖലയിൽ ബാർ ലൈസൻസ് അനുവദിച്ച നൽകുന്നതിന് പ്രത്യേക പദ്ധതികളൊന്നും എക്സൈസ് വകുപ്പ് തയ്യാറാക്കിയിട്ടില്ല.

(ബി) ഉണ്ട്. നിയമവിധേയ മദ്യത്തിന്റെ ലഭ്യത കുറഞ്ഞ സാഹചര്യത്തിൽ നിയമവിരുദ്ധ ലഹരി പദാർത്ഥങ്ങളുടെ ഉപഭോഗം വർദ്ധിക്കുവാനിടയായിട്ടുണ്ട്. കൈവശം വച്ച് ഉപയോഗിക്കുവാൻ കഴിയുന്ന അനുകൂല സാഹചര്യം ലഹരി പദാർത്ഥങ്ങളുടെയും മയക്ക് മരുന്നുകളുടെയും വിപണനവും ഉപഭോഗവും വർദ്ധിച്ച് വരുന്നതിന് കാരണമായിട്ടുണ്ട്.

മയക്കുമരുന്നിന്റെ ഉപയോഗത്തിന് എതിരെയുള്ള ബോധവൽക്കരണവും, മയക്കുമരുന്നുപയോഗം കണ്ടെത്തി കുറ്റക്കാരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവന്ന് പരമാവധി ശിക്ഷനൽകുന്നതിനുള്ള ശ്രമവും ഇത്തരം മേഖലകളിൽ നടത്തി വരുന്നുണ്ട്.

**കേരളത്തിൽ ആകെ വിറ്റഴിച്ച മദ്യം**

243 (2055) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കേരളത്തിൽ ആകെ വിറ്റഴിച്ച മദ്യത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; 2011 മുതൽ 16 വരെയുള്ള ഓരോ വർഷവും വിറ്റഴിച്ച വിദേശ മദ്യത്തിന്റെയും ബിയറിന്റെയും എണ്ണവും, തുകയും വ്യക്തമാക്കാമോ; ഓരോ വർഷത്തേയും മദ്യത്തിൽ നിന്നുള്ള വരുമാനത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) മുൻസർക്കാർ മദ്യവില്പനശാലകൾ ചിലത് അടച്ചതിനുശേഷം മദ്യ വില്പനയിൽ കുറവുണ്ടായില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മദ്യം സൃഷ്ടിക്കുന്ന

വിപത്ത് കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 2011-12 മുതൽ 2015-16 വരെ ഓരോ വർഷവും വിറ്റഴിച്ച മദ്യത്തിന്റെയും ബിയറിന്റെയും തരംതിരിച്ചുള്ള പ്രതിവർഷ കണക്കുകൾ ചുവടെ ചേർക്കുന്നു:

മദ്യത്തിന്റെ വില്പന

| വർഷം | വില്പന (കെയ്സുകൾ ലക്ഷത്തിൽ) | മദ്യത്തിന്റെ മൊത്തം വില്പന മൂല്യം (തുക കോടിയിൽ) |
|---|---|---|
| 2011-12 | 241.78 | 7227.56 |
| 2012-13 | 244.33 | 8097.13 |
| 2013-14 | 240.67 | 8549.14 |
| 2014-15 | 220.58 | 9194.45 |
| 2015-16 | 201.75 | 10135.4 |

ബിയറിന്റെ വില്പന

| വർഷം | വില്പന (കെയ്സുകൾ ലക്ഷത്തിൽ) | ബിയറിന്റെ മൊത്തം വില്പന മൂല്യം (തുക കോടിയിൽ) |
|---|---|---|
| 2011-12 | 97.82 | 634.18 |
| 2012-13 | 101.64 | 721.19 |
| 2013-14 | 107.96 | 801.13 |
| 2014-15 | 95.59 | 818.63 |
| 2015-16 | 154.2 | 1442.24 |

സംസ്ഥാന ഖജനാവിലേയ്ക്കുള്ള ബിവറേജസ് കോർപ്പറേഷന്റെ മൊത്തം റവന്യൂ വിഹിതം

| വർഷം | മൊത്തം റവന്യൂ വിഹിതം (തുക കോടിയിൽ) |
|---|---|
| 2011-12 | 6292 |
| 2012-13 | 7241 |
| 2013-14 | 7576 |
| 2014-15 | 8283 |

| | |
|---|---|
| 2015-16 | 9787 |

(ബി) മുൻ സർക്കാർ മദ്യവില്പനശാലകൾ ചിലത് അടച്ചതിനുശേഷം വിദേശമദ്യ വില്പനയിൽ നേരിയ കുറവുണ്ടായിട്ടുണ്ടെങ്കിലും ബിയറിന്റെയും വൈനിന്റേയും വില്പനയിൽ വൻവർദ്ധന ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ മദ്യാസക്തി കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഓണക്കാലത്തെ വിദേശമദ്യ വില്പന**

244 (2056) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഓണക്കാലത്ത് സംസ്ഥാനത്ത് എത്ര രൂപയുടെ വിദേശമദ്യമാണ് വിറ്റഴിച്ചത്; ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ വർഷം ഇതേ കാലയളവിൽ വിറ്റഴിച്ചതിനെക്കാൾ വർദ്ധനവുണ്ടായിട്ടുണ്ടോ;എങ്കിൽ വർദ്ധന എത്രയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ ഓണക്കാലത്ത് ബിവറേജസ് കോർപ്പറേഷൻവഴി വിറ്റ മദ്യത്തിന്റെ കണക്ക് അനുബന്ധം A ആയും* കൺസ്യൂമർഫെഡ്‌വഴി വിറ്റഴിച്ച മദ്യത്തിന്റെ കണക്ക് അനുബന്ധം B ആയും * ഇതോടൊപ്പം ചേർത്തിരിക്കുന്നു.

(ബി) വർദ്ധനവുണ്ടായിട്ടുണ്ട്. ആയത് ജില്ല തിരിച്ച് ബിവറേജസ് കോർപ്പറേഷൻ വഴി വിറ്റത് അനുബന്ധം C ആയും* കൺസ്യൂമർഫെഡ്‌വഴി വിറ്റത് അനുബന്ധം D ആയും* ഇതോടൊപ്പം ചേർത്തിരിക്കുന്നു.

**മദ്യത്തിന്റെ ഉപഭോഗം**

245 (2057) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014, 2015, 2016 വർഷങ്ങളിലെ ഓണക്കാലത്ത് സംസ്ഥാനത്ത് എത്ര രൂപയുടെ മദ്യവിൽപ്പന നടന്നിട്ടുണ്ടെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് മദ്യത്തിന്റെ ഉപഭോഗം കുറഞ്ഞിട്ടുണ്ടോ എന്ന്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അറിയിക്കുമോ?

<u>ഉത്തരം</u>

(എ) 2014, 2015, 2016 വർഷങ്ങളിലെ ഓണക്കാലത്തെ മദ്യവില്പനയുടെ കണക്കുകൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 2014 | - | 348.15 കോടി രൂപ |
| 2015 | - | 460.22 കോടി രൂപ |
| 2016 | - | 521.94 കോടി രൂപ |

(ബി) സംസ്ഥാനത്ത് മദ്യത്തിന്റെ ഉപഭോഗത്തിൽ നേരിയ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നാൽ വർദ്ധനവിന്റെ ശതമാനം മുൻ വർഷങ്ങളെ അപേക്ഷിച്ച് കുറഞ്ഞിട്ടുണ്ട്.

**സ്കൂളുകളിലും പരിസരങ്ങളിലുമുള്ള ലഹരിവസ്തു വില്പന**

246 (2058) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലും പരിസരങ്ങളിലും ലഹരിവസ്തു വില്പന ലോബികൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് തടയാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരം കച്ചവടക്കാർക്ക് എന്ത് ശിക്ഷയാണ് നിലവിലുള്ളത്;

(ഡി) ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് എത്ര കേസുകൾ രജിസ്റ്റർ ചെയ്തെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സ്കൂൾ, കോളേജ്, പരിസരങ്ങൾ കേന്ദ്രീകരിച്ച് മയക്കമരുന്ന്, പുകയില ഉൽപ്പന്നങ്ങൾ തുടങ്ങിയവയുടെ വില്പനയും ഉപഭോഗവും നടക്കുന്നത് സംബന്ധിച്ച പരാതികളിൽ കർശന നടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിന് എക്സൈസ് ഷാഡോ സംവിധാനം, ഇന്റലിജൻസ് വിഭാഗം എന്നിവ മുഖേന വിവരങ്ങൾ ശേഖരിച്ച് ബന്ധപ്പെട്ട വിദ്യാഭ്യാസ

സ്ഥാപനങ്ങളിലെ ലഹരിവിരുദ്ധ ക്ലബ്ബുകളുടെയും പി.റ്റി.എ.-യുടെയും പൊതുജന ങ്ങളുടെയും സഹകരണത്തോടെ നടപടികൾ സ്വീകരിച്ചു വരുന്നു. സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്ക് ലഹരിവസ്തുക്കളുടെ ദൂഷ്യവശങ്ങളെക്കുറിച്ച് അവബോധം വളർത്തുന്നതിന് എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ലഹരിവിരുദ്ധ ആശയങ്ങൾ അടങ്ങിയ ഹ്രസ്വചിത്രങ്ങൾ സ്കൂളുകളിൽ പ്രദർശിപ്പിക്കുകയും, ബോധവത്ക്കരണക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നു.വിദ്യാർത്ഥികൾക്കും, അദ്ധ്യാപകർക്കും, രക്ഷിതാക്കൾക്കും മദ്യത്തിന്റെയും ലഹരി വസ്തുക്കളുടെയും വില്പന, ഉപഭോഗം, തുടങ്ങിയവ സംബന്ധിച്ച പരാതികളും വിവരങ്ങളും എക്സൈസ് വകുപ്പിന് കൈമാറുന്നതിനായി സ്കൂളുകളിൽ പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുള്ളതും സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപികരിക്കുന്നതിനും പരാതിപ്പെട്ടികൾ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. എക്സൈസ് കമ്മീഷണർ സ്കൂളുകളിലും കോളേജുകളിലും ഈ വിഷയത്തിൽ ക്ലാസ്സുകൾ എടുക്കുകയും ചെയ്യുന്നുണ്ട്.

(സി) വിദ്യാർത്ഥികൾക്ക് മയക്കുമരുന്നും പുകയില ഉൽപ്പന്നങ്ങളും എത്തിച്ച് നൽകുന്നവർക്കെതിരെ നിലവിലുള്ള നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി സാധ്യമായ പരമാവധി ശിക്ഷ ലഭിക്കുന്ന രീതിയിൽ പഴുതുകതളില്ലാത്ത നടപടികൾ സ്വീകരിച്ചു വരുന്നു. കഞ്ചാവ് അടക്കമുള്ള മയക്കുമരുന്നുകൾ വില്പന നടത്തുന്നവർക്കെതിരെ എൻ.ഡി.പി.എസ്. ആക്ട് പ്രകാരവും പുകയില ഉല്പന്നങ്ങൾ വില്പന നടത്തുന്നവർക്കെതിരെ കോട്പ ആക്ട് പ്രകാരവും കേസുകൾ രജിസ്റ്റർ ചെയ്യുന്നുണ്ട്.

(ഡി) സ്കൂളുകളിലും പരിസരങ്ങളിലും ലഹരി വസ്തു വിൽപ്പന നടത്തുന്നതുമായി ബന്ധപ്പെട്ട് 2016 ആഗസ്റ്റ് മാസം വരെ എക്സൈസ് വകുപ്പ് 231 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**മദ്യത്തിന്റെ ഉപയോഗത്തിനെതിരായുള്ള ബോധവത്കരണ പരിപാടികൾ**

247 (2059) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. എം. നൗഷാദ് :
ശ്രീ. ബി. സത്യൻ:
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യത്തിന്റെ ഉപയോഗത്തിനെതിരായുള്ള ബോധവത്കരണ പരിപാടികൾ എത്രത്തോളം ഫലപ്രദമാകുന്നു എന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത ബോധവത്കരണ പരിപാടികളുടെ ഫലമായി സംസ്ഥാനത്ത്

മദ്യത്തിന്റെ ഉപഭോഗം കുറഞ്ഞിട്ടുണ്ടോ ; വിശദമാക്കുമോ;

(സി) ഈ കഴിഞ്ഞ ഓണക്കാലത്ത് സംസ്ഥാനത്ത് എത്ര രൂപയുടെ മദ്യവില്പന നടന്നിട്ടുണ്ടെന്ന കണക്ക് ലഭ്യമാണോ; എങ്കിൽ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഫലപ്രദമാണ്. മദ്യത്തിനും-മയക്കുമരുന്നിനും എതിരായാണ് എക്സൈസ്‌വകുപ്പ് ബോധവത്കരണ പ്രവർത്തനം നടത്തുന്നത്. വിദ്യാർത്ഥി സമൂഹത്തിലും ആദിവാസി കോളനികളിലും എക്സൈസ് വകുപ്പ് നടത്തിവരുന്ന ബോധവത്കരണ പ്രവർത്തനങ്ങൾക്ക് നല്ല പ്രതികരണമാണ് പൊതുജനങ്ങൾ ക്കിടയിൽ നിന്നും ലഭിച്ചുവരുന്നത്. വിദ്യാർത്ഥികൾക്കിടയിൽ ലഹരിവിരുദ്ധ ബോധവൽക്കരണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സ്കൂൾ തലത്തിൽ 1735 ലഹരി വിരുദ്ധ ക്ലബ്ബുകളും കോളേജ് തലത്തിൽ 258 ലഹരിവരുദ്ധ ക്ലബ്ബുകളും രൂപീകരിച്ച് ഫലപ്രദമായി പ്രവർത്തിച്ചുവരുന്നു.

(ബി) ഉണ്ട്. ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെയും, ബോധവത്കരണത്തിന്റെയും ഫലമായി സംസ്ഥാനത്ത് വ്യാജമദ്യത്തിന്റെ വ്യാപനത്തിൽ കുറവ് ഉണ്ടായത് മദ്യത്തിന്റെ ഉപഭോഗ തോത് വർദ്ധിക്കുന്നതിന് കാരണമായിട്ടുണ്ടെങ്കിലും 2015-ൽ മദ്യ ഉപഭോഗത്തിന്റെ തോത് കുറഞ്ഞിട്ടുണ്ട്. എന്നാൽ 2016-ൽ നേരിയ തോതിലുള്ള വർദ്ധനവ് മദ്യഉപഭോഗത്തിൽ ഉണ്ടായിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ ഏപ്രിൽ മുതൽ ആഗസ്റ്റ് വരെയുള്ള മദ്യവില്പന നടപ്പ് സാമ്പത്തിക വർഷത്തിൽ ഇതേ കാലയളവുമായി താരതമ്യം ചെയ്താൽ വിദേശമദ്യത്തിൽ 4%ത്തിന്റേയും ബിയറിൽ2%- ത്തിന്റേയും വർദ്ധനവ് ഉണ്ടായിട്ടുള്ളതായി കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ കണക്കുകൾ വ്യക്തമാക്കുന്നു.

(സി) കഴിഞ്ഞ ഓണക്കാലത്ത് കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ ചില്ലറ വിൽപ്പനശാലകൾ വഴി 10 ദിവസംകൊണ്ട് ലഭിച്ച വിറ്റ് വരവ് 494.12 കോടി രൂപയും കൺസ്യൂമർ ഫെഡ് ചില്ലറ വിൽപ്പനശാല വഴി ലഭിച്ച വിറ്റുവരവ് 22.1386 കോടി രൂപയുമാണ്.

**ഉത്സവകാലത്തും ആഘോഷവേളകളിലും വർദ്ധിക്കുന്ന മദ്യ വിൽപ്പന**

248 (2060) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉത്സവകാലത്തും ആഘോഷ വേളകളിലും മദ്യത്തിന്റെ വിൽപ്പന വൻതോതിൽ വർദ്ധിക്കുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സ്ഥിതിവിശേഷം സാമൂഹികമായി ആരോഗ്യകരമായ പ്രവണത യല്ലെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണ് ഇത്തരം സന്ദർഭങ്ങളിൽ മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാത്തതെന്ന് വിശദമാക്കുമോ;

(സി) ഇത്തരം സീസണുകളിൽ വിൽപ്പന നടത്തുന്ന മദ്യത്തിന്റെ അളവ് കുറയ്ക്കുന്നതിനോ ഉപഭോഗം കുറയ്ക്കുന്നതിനോ ആവശ്യമായ പ്രത്യേക പദ്ധതി എന്തെങ്കിലും നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇത്തരമൊരു പദ്ധതി ആസൂത്രണം ചെയ്യുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ഉത്സവകാലത്തും ആഘോഷവേളകളിലും മദ്യത്തിന്റെ വില്പന വർഷങ്ങളായി വർദ്ധിച്ചു വരുന്ന സാഹചര്യം നിലവിലുണ്ട്.

(ബി) മദ്യത്തിന്റെ ഉപഭോഗം വർദ്ധിപ്പിക്കുക എന്നത് സർക്കാർ നയമല്ല. എന്നാൽ ഉത്സവകാലങ്ങളിൽ സ്വാഭാവികമായി മദ്യത്തിന്റെ ഉപഭോഗം വർദ്ധിക്കാറുണ്ട്. ടി കാലയളവിൽ മദ്യ ഉപഭോഗത്തിന് നിയന്ത്രണം ഏർപ്പെടുത്തുന്നത് വ്യാജമദ്യത്തിന്റെ വ്യാപനം വർദ്ധിക്കുന്നതിനും അതുമൂലം വ്യാജമദ്യദുരന്തങ്ങൾ ഉണ്ടാകാനുമുള്ള സാധ്യത മുന്നിൽ കണ്ടുകൊണ്ടാണ് പ്രത്യേക നിയന്ത്രണങ്ങൾ ഏർപ്പെടുത്താത്തത്. എന്നാൽ മദ്യത്തിന്റെ ഉപഭോഗ ത്തിനെതിരെ എല്ലാക്കാലത്തും ശക്തമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

(സി) സംസ്ഥാനത്ത് മദ്യത്തിനും മയക്കുമരുന്നുകൾക്കുമെതിരെ ശക്തമായ ബോധവത്ക്കരണ പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. ഉത്സവകാലങ്ങളിൽ ഇത്തരം പ്രവർത്തനങ്ങൾ വ്യാപകവും ശക്തവുമാക്കാറുണ്ട്. മദ്യവർജ്ജനത്തിന് പ്രാധാന്യം നൽകി കേരളത്തിൽ വർദ്ധിച്ചുവരുന്ന മദ്യാസക്തിയും, അതിൽ നിന്നും ഉടലെടുക്കുന്ന ആരോഗ്യ-സാമൂഹിക പ്രശ്നങ്ങളും സർക്കാർ വളരെ ഗൗരവത്തോടെയാണ് വീക്ഷിക്കുന്നത്. സംസ്ഥാനത്ത് മയക്കുമരുന്ന് വ്യാപനത്തിനെതിരെ എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും വ്യാപകമായ ബോധവത്ക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു. ലഹരിവസ്തുക്കൾ മൂലമുള്ള ആരോഗ്യ പ്രശ്നങ്ങളെ സംബന്ധിച്ച് പൊതുജനങ്ങളിൽ പ്രത്യേകിച്ച് വിദ്യാർത്ഥി യുവജനങ്ങൾക്കിടയിൽ വമ്പിച്ച ബോധവത്ക്കരണ പ്രവർത്തനങ്ങളാണ് സംസ്ഥാനതലത്തിൽ എക്സൈസ് വകുപ്പ് നടപ്പിലാക്കി വരുന്നത്.

## പട്ടാമ്പിയിൽ എക്സൈസ് ഓഫീസിനു കെട്ടിടം

249 (2061) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താലൂക്ക് ആസ്ഥാനമായ പട്ടാമ്പിയിൽ എക്സൈസ് ഓഫീസിനു മതിയായ സൗകര്യങ്ങളോടുകൂടിയ കെട്ടിടം ഉണ്ടോ; ഇല്ലെങ്കിൽ സ്വന്തമായ കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) മദ്യനിരോധനം ഈ മേഖലയിൽ കഞ്ചാവ് പോലുള്ള ലഹരി വസ്തുക്കളുടെ അമിത ഉപയോഗത്തിനു കാരണമായി എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് നടക്കുന്ന ഇത്തരം ലഹരി വസ്തുക്കളുടെ ഉപയോഗം നിയന്ത്രിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ;

(സി) പട്ടാമ്പിയിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസ് ആരംഭിക്കാനുള്ള നടപടികൾ ഈ സർക്കാർ ആലോചിക്കുന്നുണ്ടോ?

ഉത്തരം

(എ) പട്ടാമ്പി മിനി സിവിൽ സ്റ്റേഷനിലാണ് പട്ടാമ്പി എക്സൈസ് റെയ്ഞ്ച് ഓഫീസ് പ്രവർത്തിക്കുന്നത്. ഇവിടത്തെ സൗകര്യങ്ങൾ പര്യാപ്തമാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പട്ടാമ്പി മേഖലയിൽ വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് നടക്കുന്ന ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിന് എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനം നടത്തി വരുന്നുണ്ട്. സ്കൂൾ-കോളേജ് വിദ്യാർത്ഥികളെ ലഹരിവസ്തുക്കളുടെ ദൂഷ്യവശങ്ങളെക്കുറിച്ച് ബോധവത്ക്കരിക്കുന്നതിനായി എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തൊട്ടാകെ 1993 സ്കൂൾ-കോളേജുകളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രചാരണം നടത്തിവരുന്നു. അതോടൊപ്പം ലഹരിവിരുദ്ധ ആശയങ്ങൾ അടങ്ങിയ ഹ്രസ്വചിത്രങ്ങൾ എല്ലാ സ്കൂൾ-കോളേജുകളിലും പ്രദർശനം നടത്തിയും, ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചും വരുന്നു. വിദ്യാർത്ഥികൾ, അധ്യാപകർ, രക്ഷിതാക്കൾ എന്നിവർക്ക് പേരോ മറ്റ് വിവരങ്ങളോ വെളിപ്പെടുത്താതെ മദ്യ-ലഹരി വസ്തുക്കളുടെ ഉപയോഗം, വിപണനം, സൂക്ഷിപ്പ് എന്നിവ സംബന്ധിക്കുന്ന പരാതികൾ അറിയിക്കുന്നതിനു വേണ്ടി ലഹരിവിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിക്കുന്ന സ്കൂൾ-കോളേജുകളിൽ പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ മറ്റ് സ്കൂൾ-കോളേജുകളിൽ

ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും പരാതിപ്പെട്ടികൾ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ പ്രോത്സാഹനാർത്ഥം സംസ്ഥാനതലത്തിൽ മികച്ച ലഹരിവിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുന്ന സ്കൂൾ/കോളേജ് ലഹരിവിരുദ്ധ ക്ലബ്ബ്, ക്ലബ്ബ് അംഗം, ലഹരിവിരുദ്ധ ക്ലബ്ബുകളുടെ മികച്ച മാസികകൾ, മികച്ച സൃഷ്ടികൾ എന്നിവയ്ക്ക് ക്യാഷ് അവാർഡുകളും, സർട്ടിഫിക്കറ്റുകളും നൽകിവരുന്നു.

(സി) പാലക്കാട് ജില്ലയിലെ പുതിയ താലൂക്ക് ആണ് പട്ടാമ്പി. നിലവിൽ ടി മേഖല ഒറ്റപ്പാലം എക്സൈസ് സർക്കിൾ ആഫീസിന്റെ അധികാര പരിധിയിലാണ് ഉൾപ്പെട്ടിട്ടുള്ളത്. ഒറ്റപ്പാലം എക്സൈസ് സർക്കിൾ ഓഫീസ് പരിധിയിൽ നിലവിൽ 4 എക്സൈസ് റെയ്ഞ്ച് ഓഫീസുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. ആയതിനാൽ സംസ്ഥാനത്ത് പുതുതായി രൂപീകരിച്ച പട്ടാമ്പി താലൂക്കും ഉൾപ്പെടെ 12 താലൂക്കുകളിൽ 12 എക്സൈസ് സർക്കിൾ ഓഫീസുകൾ രൂപീകരിക്കുന്നത് സംബന്ധിച്ച് വിഷയം പരിശോധിച്ചുവരുന്നുണ്ട്.

### മദ്യവർജ്ജനത്തിനായി കർമ്മപരിപാടി

250 (2062) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യവർജ്ജന നടപടികളുടെ ഭാഗമായി എന്തെല്ലാം കർമ്മ പരിപാടികളാണ് സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നത്? വിശദവിവരം നൽകുമോ?

(ബി) സ്കൂൾതലത്തിൽ പാഠ്യപദ്ധതിയുടെ ഭാഗമായി ഈ വിഷയം ഉൾപ്പെടുത്തുന്നത് ഗുണകരമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ?

(സി) സ്റ്റുഡന്റ് പോലിസ് കേഡറ്റുകളെക്കൂടി ഇക്കാര്യത്തിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരളത്തിൽ വർദ്ധിച്ചുവരുന്ന മദ്യ-ലഹരി ഉപഭോഗവും അതിൽ നിന്നും ഉടലെടുക്കുന്ന ആരോഗ്യ സാമൂഹിക പ്രശ്നങ്ങളിൽ നിന്നും മുഴുവൻ ജനങ്ങളെയും ബോധവൽക്കരിക്കുന്നതിനായി ഒരു ബോധവൽക്കരണ മിഷൻ രൂപീകരിച്ച് കുടുംബശ്രീ, റസിഡൻസ് അസോസിയേഷനുകൾ, നാഷണൽ സർവ്വീസ് സ്കീം,

സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതി, വിദ്യാർത്ഥി-യുവജന മഹിളാസംഘടനകൾ, വിവിധ എൻ.ജി.ഒ.കൾ എന്നിവരുടെ കൂട്ടായ്മയോടെ വ്യാപകമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു.

റെയിൽവേ സ്റ്റേഷനുകളിലെയും, കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിലെയും സി.സി.റ്റി.വി. വഴിയും, കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ സൈഡ് പാനലുകളിലൂടെയും, എഫ്.എം. റേഡിയോ വഴിയും, സോഷ്യൽ മീഡിയകൾ വഴിയും മദ്യ-ലഹരിവിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ എക്സൈസ് വകുപ്പിലെ ലാന്റ് ഫോണുകൾ വഴിയും, മൊബൈൽ ഫോണുകൾ വഴിയും റിംഗ്ടോണായി ലഹരിവിരുദ്ധ ആശയങ്ങൾ പ്രചരിപ്പിച്ചുവരുന്നു.

യുവജനങ്ങളിലും വിദ്യാർത്ഥികളിലും മയക്കുമരുന്നിന്റെ ഉപയോഗംമൂലം ഉണ്ടാകുന്ന ഗുരുതര സാമൂഹ്യ പ്രശ്നത്തിന് പരിഹാരമുണ്ടാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് എക്സൈസ് വകുപ്പിന്റെ സഹകരണത്തോടെ സ്കൂൾ-കോളേജ് തലങ്ങളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. മയക്കുമരുന്നിന്റെ ഉപയോഗംമൂലമുണ്ടാകുന്ന കുറ്റകൃത്യങ്ങൾ സംബന്ധിച്ച വിവരങ്ങളും പരാതികളും പൊതുജനങ്ങളിൽനിന്നും സ്വീകരിക്കുന്നതിന് 9061178000 വാട്ട്സ്-അപ്പ് സംവിധാനം ആരംഭിക്കുകയും 155358 എന്ന ടോൾ ഫ്രീ നമ്പർ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) എക്സൈസ് വകുപ്പ് എസ്.പി.സി.-യുമായി ചേർന്ന് ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

(നക്ഷത്രചിഹ്നമിടാത്ത 1871-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)